www.malankaralibrary.com

# സി. എം. ഐ. സഭയുടെ ചരിത്രസംക്ഷേപം

## 1829 – 1969.

ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ്

2022

www.malankaralibrary.com

*Malayalam*
***CMI Sabayude Charithrasamkshepam 1829-1969***

*First Edition: 1970*
*Second Edition : 2022*

*Published by*
*Chavara Central Secretariat*
*Chavara Hills, Kakkanad*

*Copy right*
*Chavara Central Secretariat*

*Cover photo courtesy*
*KE Archives, Mannanam*

*Cover Design*
*Fr . Jebin Attokaran CMI*

*Editing & Printing:*
*Viani Printings, Kochi-682 018*
*Ph: 0484-2401635*

*Price: 250/-*

*No of Copies: 1500*

*Distribution:*
*Chavara Central Secretariat*
*CMI Prior General's House*
*Chavara Hills, Thengode P.O*
*Kakkanad, Kochi – 682 030*

www.malankaralibrary.com



Dedicated to
Saint Kuriakose Elias Chavara
on the occasion of his Death Centenary 1871-1971

www.malankaralibrary.com

www.malankaralibrary.com

# അവതാരിക

സത്യത്തെ മുറുകെപിടിച്ചുകൊണ്ട് കടന്നു പോയകാലത്തെ അടുക്കും ചിട്ടയോടുകൂടി രേഖാമൂലമായ തെളിവുകളോടെയാണ് സി. എം.ഐ. സഭയുടെ ചരിത്രസംക്ഷേപം 1829 -1969 എന്ന പുസ്തകത്തിൽ ബ. ഗ്രിഗറി നീരാക്കൽ CMI അച്ചൻ വസ്തുതകൾ നിരത്തിയിരിക്കുന്നത്. ഒരു ചരിത്രഗ്രന്ഥം എഴുതണമെങ്കിൽ എഴുതുന്നയാൾ ഒരു ചരിത്രകാരനായി ഭാഷയോടും ആശയത്തോടും കൂടി വിവിധ മേഖലകളിൽ രംഗപ്രവേശം ചെയ്തിട്ടുണ്ടാകണം. ആദ്യമായിട്ടല്ല അദ്ദേഹം ഭാഷാപ്രയോഗം നടത്തിയിരിക്കുന്നത്. ഒരു ധ്യാനപ്രസംഗകനെന്ന നിലയിൽ മലയാളികൾക്ക് സുപരിചിതനായിരുന്നു ഗ്രിഗറി നീരാക്കലച്ചൻ. വിജ്ഞാനസമ്പത്തുള്ള ഒരു വ്യക്തിയുമായിരുന്നു അദ്ദേഹം. 300ലധികം പേജുകളുള്ള സി.എം.ഐ. സഭയുടെ ചരിത്രസംക്ഷേപത്തിൽ വ്യക്തികളെയും സ്ഥലങ്ങളെയും സ്ഥാപനങ്ങളെയും സ്വദേശത്തെയും വിദേശത്തെയും ബന്ധപ്പെടുത്തി സഭയെയും പ്രവിശ്യകളെയും പറ്റി നല്ലതുപോലെ പ്രതിപാദിച്ചിട്ടുണ്ട്. ഭാരതത്തിൽ സ്വാതന്ത്ര്യം കണികാണാൻ പറ്റാത്ത കാലത്ത് കേരളത്തിൽ തിരുവിതാംകൂർ, മലബാർ, കൊച്ചി എന്നിങ്ങനെ മൂന്നായി തിരിഞ്ഞു മൂന്നു രാജ്യങ്ങളായി കഴിഞ്ഞിരുന്ന കാലത്ത് നമ്മുടെ സഭ ശക്തമായ മുന്നേറ്റത്തോടെ കേരളസഭയ്ക്ക് താങ്ങുനിന്ന് അതിനെ വളർത്തിയെന്നത് ഈ പുസ്തകം സാക്ഷ്യ പ്പെടുത്തുന്നുണ്ട്. ഇതിന്റെ ഉള്ളിലേക്ക് കടന്നാൽ കാണാം നമ്മുടെ ചരിത്രം റോമിലെ പരിശുദ്ധ സിംഹാസനവുമായി നല്ലതുപോലെ സഹകരിച്ച് പ്രവർത്തിച്ചിരുന്നു എന്ന്. ഇറാക്കും ഇറാനും ആവശ്യസമയത്ത് പ്രവർത്തനമേഖലയായി നാം തിരഞ്ഞെടുത്തതും പ്രസ്താവ്യമാണ്. കേരളസഭയ്ക്ക് നേരിടേണ്ടി വന്ന കടുത്ത പ്രതിസന്ധികളിൽ നമ്മുടെ സഭാംഗങ്ങൾക്കു ധീരമായി പ്രവർത്തിച്ച് വിജയം വരിക്കാൻ നേതൃത്വം നൽകിയത് ചാവറ കുര്യാക്കോസച്ചനായിരുന്നു. ഇദ്ദേഹം പ്രഥമമായി സന്യാസവ്രതങ്ങളനുഷ്ഠിച്ച ഭാരതീയകത്തോലിക്ക വൈദികനാണ്. കർമ്മകുശലനും ധ്യാനയോഗിയുമായിരുന്ന അദ്ദേഹം സി.എം.ഐ. സഭയുടെ വളർച്ചയിൽ പ്രമുഖസ്ഥാനം വഹിച്ചു. ഇദ്ദേഹത്തെ 2014 നവംബർ 23 ന്

www.malankaralibrary.com

വിശുദ്ധനെന്ന് റോമിൽവച്ച് പ. പിതാവ് ഫ്രാൻസിസ് മാർപാപ്പ നാമ കരണം ചെയ്തു.

സുറിയാനിക്കാരുടെ സഭാജീവിതത്തിന് ഈ പുസ്തകം വ്യക്തമായ സാക്ഷ്യമാണ്. രണ്ടു നൂറ്റാണ്ടുകളിലെ വസ്തുനിഷ്ടമായ കാര്യങ്ങൾ കണ്ടെത്താൻ, ക്ലേശിച്ചാൽ ഒരു ചരിത്രകാരന് സാധിച്ചു വെന്ന് വരാം. എന്നാൽ ഈ പുസ്തകത്തിൽ നാം കാണുന്ന പൂർവ്വ കാലചരിത്രത്തിലെ സംഭവബഹുലമായ കാര്യങ്ങൾ ക്രമപ്രധാന്യ ത്തോടെ ആവിഷ്ക്കരിച്ചു ഇതുപോലെ ഒരു പുസ്തകമാക്കി തീർക്കുക യെന്നത് ബൃഹത്തായ ഒരു യത്നമാണ്. അച്ചടിമേഖല അധികമൊന്നും വികസിക്കാത്ത കാലത്ത് പുസ്തക നിർമ്മിതി നടത്തുകയെന്നത് അത്ര എളുപ്പമായിരുന്നില്ല. എന്നാൽ നീരാക്കലച്ചന്റെ കർമ്മനിഷ്ഠയും വിവരാന്വേഷണവും ഈ ചരിത്രഗ്രന്ഥത്തെ ഏറെ സമ്പുഷ്ടമാക്കി യിരിക്കുന്നു.

1829 മുതൽ 1969 വരെയുള്ള സി.എം.ഐ. സഭയുടെ ചരിത്ര ത്തിൽ, അന്നത്തെ പ്രവർത്തനങ്ങളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഈ ചരിത്രത്തിന്റെ ഭാഗമാക്കിത്തീർത്തിട്ടുണ്ട്. കേരളസഭ യിലെ പ്രത്യേക ഭക്തിക്രമങ്ങളും ആഘോഷങ്ങളും ഈ ഗ്രന്ഥത്തിൽ ഉൾചേർത്തിട്ടുണ്ട്.

ത്യാഗപൂർണ്ണവും ശ്രമകരവുമായ സഭാ ശുശ്രൂഷയാണ് ഗ്രിഗറി നീരാക്കലച്ചനെ വിജയകരമായ ഈ ഗ്രന്ഥ രചനയിൽ സമുന്നതനാക്കി യിരിക്കുന്നത്. ഇത്രയും ചരിത്രപ്രാധാന്യമുള്ള പുസ്തകം സഭാംഗ ങ്ങൾക്കായി പുനഃപ്രസിദ്ധീകരണം നടത്തുകയാണ്. ആഗോളസഭയെ യും സി.എം.ഐ. സഭയെയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തുകൊണ്ട് ആഴമായ സഭാ സ്നേഹവും സഭാപരമ്പര്യങ്ങളോ ടുള്ള വിശ്വസ്തതയും കാത്തുസൂക്ഷിക്കാൻ സി.എം.ഐ. സഭാംഗ ങ്ങൾക്ക് ഈ പുസ്തകം ഒരു പ്രേരകശക്തിയാകട്ടെയെന്ന് ആശംസി ക്കുന്നു.

**ഫാ. തോമസ് ചാത്തംപറമ്പിൽ സി. എം. ഐ.**
പ്രിയോർ ജനറാൾ

പൊതുശ്രേഷ്ഠഭവനം
ചാവറ ഹിൽസ്, കാക്കനാട്
19-03-2022

www.malankaralibrary.com

# മുൻപതിപ്പിന്റെ അവതാരിക

ചരിത്രകാരനായ ബ. ബെർണാർദച്ചന്റെ കേരളകർമലസഭാ ചരിത്രം 1908 വരെയുള്ള കാലഘട്ടം മാത്രമേ പരാമർശിക്കുന്നുള്ളൂ. അതിനുശേഷം സഭയിൽ വന്നിട്ടുള്ള പരിവർത്തനങ്ങളും വികസനങ്ങളും ഉൾക്കൊള്ളിച്ച് വർത്തമാനകാലംവരെ എത്തുന്ന ഒരു പൂർണ ചരിത്രം സഭാംഗങ്ങളുടെ അറിവിനായി നല്കുകയാണ് ഈ ഗ്രന്ഥത്തിന്റെ ഉദ്ദേശ്യം.

സഭാനവീകരണവും അധുനാതനീകരണവും മുൻനിറുത്തി, അതിപ്രധാനമായ പഠനവും ചർച്ചകളും നടക്കുന്ന ഈ കാലഘട്ടത്തിൽ, ഇത്തരമൊരു ചരിത്രം അവശ്യാവശ്യമാണെന്ന അവബോധമാണ് പൊതുശ്രേഷ്ഠന്മാരുടെ ശ്രദ്ധ ഈ കാര്യത്തിൽ സവിശേഷമായി പതിയുന്നതിന് ഇടയാക്കിയത്.

ശ്രമകരമായ വസ്തുതാശേഖരണത്തിൽ, എല്ലാവരുടെയും, പ്രത്യേകിച്ച് ശ്രേഷ്ഠന്മാരുടെയും, ആത്മാർഥമായ സഹകരണം ഉണ്ടായിട്ടുണ്ട് എന്നകാര്യം കൃതജ്ഞതാപൂർവം അനുസ്മരിക്കുന്നു.

വസ്തുതകൾ ശേഖരിച്ച്, വിട്ടുപോയവ അന്വേഷിച്ചു പിടിച്ച്, ക്രമവത്കരിക്കുന്ന കാര്യത്തിൽ ബ. അൻസേൽമൂസച്ചൻ നിർവഹിച്ച നിസ്തുല സേവനത്തെപ്പറ്റി ഗ്രന്ഥകാരൻതന്നെ തന്റെ പ്രസ്താവനയിൽ എടുത്തുപറയുന്നുണ്ട്. അദ്ദേഹത്തിന്റെ ക്ലേശപൂർണമായ പ്രയത്നം നന്ദിപൂർവ്വം സ്മരിക്കുന്നു.

ബ. ഗ്രിഗോരിയൂസച്ചൻ, ഓർമശക്തിക്കും വസ്തുതകൾ ക്രമവത്കരിച്ച് അവതരിപ്പിക്കുന്നതിലുള്ള അതീവ പാടവത്തിനും കീർത്തിനേടിയ ഗ്രന്ഥകാരനും ധ്യാനപ്രസംഗകനുമാണെന്ന് ഏവർക്കും അറിയാവുന്നതാണ്. വാർധക്യദശയിലെത്തിക്കഴിഞ്ഞിരിക്കുന്ന അദ്ദേഹം അധ്വാനപൂർണമായ ഈ ജോലി ഏറ്റെടുത്തത് അനുകരണീയമായ വിനയത്തോടും വിധേയത്വത്തോടും സേവനസന്നദ്ധതയോടുംകൂടെയാണ്. എൺപത്തിനാലുകാരനായ ഈ വൃദ്ധസന്ന്യാസി, അക്ഷീണം, ഉന്മേഷപൂർവം, ക്രമവത്കൃതമായ രീതിയിൽ, ഗ്രന്ഥരചനയിൽ വ്യാപൃതനായിരുന്ന കാഴ്ച ഏവരെയും വിസ്മയിപ്പിക്കുന്നതായിരുന്നു. സഭയ്ക്കും സമുദായത്തിനും അദ്ദേഹം സമർപ്പിക്കുന്ന ഈ ഉപഹാരത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട്, ഇത് പൊതുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

എറണാകുളം
26-7-70

ഫാദർ കനീഷ്യസ്
പ്രിയോർ ജനറാൾ.

www.malankaralibrary.com

# പ്രസ്താവന

നമ്മുടെ സഭയുടെ ചരിത്രം 1908 വരെയുള്ളത് പരേതനായ ആലഞ്ചേരിൽ നമ്മുടെ ബ. ബെർണാർദച്ചനെക്കൊണ്ട് എഴുതിച്ച് സഭയിൽനിന്നു പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിനുശേഷമുള്ള സഭാചരിത്രം കൂടെ പ്രസിദ്ധീകരിക്കുന്നതിനായി എന്നെ 16-5-1970-ലെ 3604/50-ാം നമ്പർ കല്പനപ്രകാരം സഭയിൽനിന്നു നിശ്ചയിക്കുകയും പ്രസ്തുത ജോലിയുടെ നിർവഹണത്തിൽ എനിക്കുവേണ്ട സഹായം ചെയ്തു തരുന്നതിന് 17-5-1950-ലെ 3605/50-ാം നമ്പർ സർക്കുലർവഴി ആശ്രമാധിപന്മാരോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ, പ്രസ്തുത ജോലി വളരെ സാവകാശത്തിൽ മാത്രം നടന്നിരുന്നതിനാലും നമ്മുടെ സഭയുടെ 1955-ലെ ശതാബ്ദി ജൂബിലിയവസരത്തിൽ ചരിത്രം പ്രസിദ്ധീകരിച്ചാൽ കൊള്ളാമെന്ന ഉദ്ദേശ്യത്തോടെയും എന്റെ സഹായത്തിനായി പെരുമാലിൽ ന.ബ. ആൻസേൽമൂസച്ചനെ 12-4-1955-ലെ 1248/55-ാം നമ്പർ കല്പനപ്രകാരം നിയമിക്കുകയുണ്ടായി. നിശ്ചിതസമയം പുസ്തകം പുറത്താക്കാൻ സാധിച്ചില്ലെങ്കിലും ചുരുങ്ങിയ സമയംകൊണ്ട് ഊർജസ്വലതയോടെ ബ. ആൻസേൽമൂസച്ചൻ നാനാഭാഗങ്ങളിലും സഞ്ചരിച്ച് വേണ്ടവ ശേഖരിച്ച് അന്ന് (1955) വരെയുള്ള ചരിത്രം എഴുതിത്തീർത്തു. അതിനെയും നമ്മുടെ വിവിധ സ്ഥാപനങ്ങളിൽനിന്നു കിട്ടിയ മറ്റു രേഖകളെയും ആസ്പദമാക്കിയാണ് സഭയുടെ ആരംഭകാലം മുതൽ 1968-ന്റെ അവസാനംവരെയുള്ള ഈ ചരിത്രം, രണ്ട് അനുബന്ധങ്ങളോടെ, രണ്ടുഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നത്.

ഒന്നാം ഭാഗത്തിൽ സഭയുടെ പൊതുചരിത്രവും സഭയുടെ പ്രവർത്തനങ്ങളും സേവനങ്ങളും സംബന്ധിച്ചുള്ള വിവരങ്ങളും; രണ്ടാം ഭാഗത്തിൽ പ്രവിശ്യാശ്രേഷ്ഠഭവനങ്ങളുടെയും അവയുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെയും ചരിത്രവുമാണ് അടങ്ങിയിരിക്കുന്നത്. ഓരോരോ സ്ഥാപനങ്ങളുടെ വിവരണത്തിൽ കൂടുതൽ കുറവുകൾ കാണുന്നത് തത്തൽ സ്ഥലങ്ങളിൽനിന്നു ലഭിച്ച വിവരങ്ങളുടെ വ്യത്യാസംമൂലമാണെന്ന് പറയേണ്ടിയിരിക്കുന്നു. ഒരു മൂന്നാംഭാഗമായി സഭയിൽ ജീവിച്ച് മരിച്ചിട്ടുള്ള സഭാംഗങ്ങളുടെ പേരുവിവരവും ചുരുങ്ങിയ ചരിത്രവുംകൂടെ ഉദ്ദേശിച്ചിരുന്നു. എന്നാൽ, ആ മൂന്നാംഭാഗം 'മരണഓർമ' എന്നപേരിൽ ഒരു പുസ്തകമായി ഇതിനകം പ്രസിദ്ധീ

www.malankaralibrary.com

കൃതമായതിനാൽ ഈ പുസ്തകത്തിൽ കൊള്ളിച്ചിട്ടില്ല. ഒന്നാം അനുബന്ധത്തിൽ സാഹിത്യസേവനം നിർവഹിച്ച നമ്മുടെ സഭാംഗങ്ങളുടെ പേരുകൾ ഇംഗ്ലീഷ് അക്ഷരമാലക്രമത്തിൽ ഓരോരുത്തരുടെയും കൃതികളുടെ ലിസ്റ്റോടുകൂടെയും രണ്ടാം അനുബന്ധത്തിൽ ഈ ചരിത്രപുസ്തകരചനയ്ക്ക് ഉപയോഗിച്ചിട്ടുള്ള പുസ്തകങ്ങൾ, രേഖകൾ, റിക്കാർഡുകൾ മുതലായവയുടെ പേരുവിവരവുമാണ് കൊടുത്തിരിക്കുന്നത്.

ഒരുകാര്യംകൂടി: ഈ സഭാചരിത്രത്തിന്റെ ആദ്യഭാഗം പ്രിയോർ ജനറാൾ പെ. ബ. കനീസിയൂസച്ചനും രണ്ടാംഭാഗത്തിലെ ദക്ഷിണ-മദ്ധ്യ-ഉത്തര-പ്രവിശ്യകൾ സംബന്ധിച്ചുള്ള ഭാഗങ്ങൾ യഥാക്രമം മുൻ പ്രി. ജ. ബ. മാവൂരൂസച്ചനും, ദഫ്നി. ജ. റോമുളൂസച്ചനും മുൻ പ്രി. ജ. ബ. ജോൺ ബെർക്കുമാൻസച്ചനും ബ. പത്രീസിയച്ചനും മുൻ പ്രി. ജ. ബ. വിൻസെന്റച്ചനും മുൻ ദഫ്നി. ജ. ബ. ജരാർദച്ചനും വായിച്ചുകേട്ട് സസ്നേഹം ചില നിർദേശങ്ങൾ തന്നിട്ടുണ്ടെന്ന വസ്തുത കൂടിയും ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഈ സംരംഭത്തിൽ അഭിവന്ദ്യരായ മേല്പറഞ്ഞ പിതാക്കന്മാരും മറ്റു പല സഭാംഗങ്ങളും എന്നെ സഹായിച്ചിട്ടുണ്ട്. അവരേവരോടും എനിക്കുള്ള അപാരമായ കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

എറണാകുളം, **ഫാദർ ഗ്രിഗറി നീരാക്കൽ**
1-1-1969. സി.എം.ഐ.

www.malankaralibrary.com

## വിഷയവിവരണിക

**ഒന്നാംഭാഗം.**

സഭയുടെ പൊതുചരിത്രം.......................... ` 19-166

**അധ്യായം ഒന്ന്**

പ്രാരംഭ നടപടികൾ........... 19–37

സന്ന്യാസത്തിനു പൂർവകാല ശ്രമങ്ങൾ 19

വരാപ്പുഴയുടെ മൗറീലിയോസ് മെത്രാനും സഭാ

സംസ്ഥാപനത്തിനുണ്ടായ അനുകൂല സാഹചര്യവും 20

മാതൃഭവനത്തിനു സ്ഥലാന്വേഷണം 21

മാന്നാനം കുന്നിന്റെ തിരഞ്ഞെടുപ്പ്. 22

മാതൃഭവനസംസ്ഥാപനം. 24

ആശ്രമത്തിനു കല്ലിടൽ 26

പുതിയ മെത്രാനും സഭാസ്ഥാപകരുടെ സ്ഥലംമാറ്റവും 26

സെമിനാരി സംസ്ഥാപനം 27

കുടക്കച്ചിറ ശെമ്മാശന്റെ വിയോജിപ്പ് 28

ചാവറയച്ചന്റെ കിഴക്കൻ യാത്ര – പാലയ്ക്കലച്ചന്റെ ചരമം

കാഞ്ഞിരപ്പള്ളീലച്ചന്റെ വരവ് 30

നെല്ലിപ്പുഴയുടെ ദാനം – പോരൂക്കരയച്ചന്റെ ചരമം 31

പുതിയ സെമിനാരിക്കാരും ആദ്യ പട്ടംകൊടുക്കലും

പ്രഥമാശ്രമവും ആദ്യപിതാക്കന്മാരും 32

ആദ്യകാലത്തെ ജീവിതക്രമവും പ്രവർത്തനങ്ങളും 33

റോമിലേക്കുള്ള അപേക്ഷയും മറുപടിയും അനന്തര

നടപടികളും 35

നോമ്പുകാലത്തിലെ പ്രതിദിനോപവാസത്തിൽനിന്നുള്ള

ഒഴിവ് 37

**അധ്യായം രണ്ട്**

സഭയുടെ കാനോനിക സംസ്ഥാപനവും വളർച്ചയും 38–56

ആദ്യത്തെ വ്രതാനുഷ്ഠാനങ്ങൾ 38

വല്യാറയച്ചന്റെ ചരമം – മാന്നാനത്തെ മണി വെഞ്ചരിപ്പ് 40

കൂനമ്മാവു നൊവിഷ്യേറ്റ് കണിയാരകത്തച്ചന്റെ സഭാ ബഹി

ഷ്കരണം – ആദ്യത്തെ രണ്ട് അർഥികളുടെ വ്രതവാഗ്ദാനം 42

www.malankaralibrary.com

തട്ടാശ്ശേരിലച്ചനുള്ള വികാരിപത്തോന്തി 43
കൂനമ്മാവ് ഏകനൊവിഷ്യേറ്റും, പഠനഗൃഹവും 43
സഭാവസ്ത്രമാറ്റം - ഔദ്യോഗിക സന്ദർശനവും
മൂന്നാംസഭയും 44
സഭയുടെ പുതിയ ഡെലെഗറ്റ് ഫാദർ ലെയൊപ്പോൾദ് 46
ചാവറയച്ചൻ കൂനമ്മാവിൽ, നാല്പതുമണിയാരാധന,
പ്ലാശനാൽ ആശ്രമം 47
ലെയൊപ്പോൾദ് മിഷണറി, കന്യകാലയ സംസ്ഥാപനം 48
ലെയൊപ്പോൾദ് ജെരാർദ് സഹോദര മിഷണറിമാർ 50
മഞ്ഞുമ്മേൽ ആശ്രമം, കപ്പൂസ്ധാരണം, ബെർണർദീൻ
മെത്രാന്റെ ചരമം 51
മദാമ്മയും കൂനമ്മാവു മുദ്രണാലയവും 53
ചാവറ പ്രിയോരച്ചന്റെ ചരമം 54

**അധ്യായം മൂന്ന്**
സഭയുടെ പ്രതിസന്ധിഘട്ടം 57–84
റോക്കോസ് ശീശ്മ 57
ചാവറയച്ചനു വികാരിജനറാൾ സ്ഥാനം, റോക്കോസ്
മെത്രാനെപ്പറ്റി റോമിൽനിന്ന് അറിയിപ്പ് 61
കാപ്പിലച്ചൻ റോക്കോസ് മെത്രാനു മഹറോൻ കല്പന
നല്കുന്നു 62
റോക്കോസ് മെത്രാന്റെ മടക്കയാത്ര, സാബാ കമ്മീസറി 63
മേലൂസ് ശീശ്മ, സുറിയാനി മെത്രാനുവേണ്ടിയുള്ള ശ്രമം,
മേലൂസ് മെത്രാന്റെ ആഗമനം, ഒല്ലൂർനിന്ന് റോമായ്ക്കുള്ള
കത്തും മറുപടിയും 64
റൊട്ടിപ്പള്ളി, സ്വജാതി മെത്രാനുവേണ്ടിയുള്ള ശ്രമവും
ഏഴു സഭാംഗങ്ങളുടെ ബഹിഷ്കരണവും 66
ബഹിഷ്കരണ മുടക്ക്, വിസിറ്റർ മെവുറിൻ
മെത്രാന്റെ ആഗമനം 67
പെർസിക്കോ മെത്രാന്റെ സന്ദർശനം, മർസലീനോസ്
മെത്രാന്റെ നിയമനം 68
യാക്കോബു മെത്രാന്റെ മാനസാന്തരം, ഇൻഡ്യൻ
ഹയരാർക്കിയുടെയും, രണ്ടു സുറിയാനി വികാരിയാത്തു
കളുടെയും സംസ്ഥാപനം 69

www.malankaralibrary.com

അയൂത്തി ഡെലെഗറ്റ് പ്രിയോർ ജനറാൾ,
കൂനമ്മാവാശ്രമത്തിന് അവകാശവാദം, കൂനമ്മാവു പള്ളിക്ക്
ഇന്റർഡിക്ട്, കൂനമ്മാവു കൊവേന്ത വിട്ടുകൊടുത്തത് 70
അമ്പഴക്കാട്ടു പുതിയ നവസന്ന്യാസഭവനം,
കൂനമ്മാവിൽനിന്നുള്ള വേർപാട് 73
ചാവറയച്ചന്റെ അവശിഷ്ട മാറ്റം 74
കൂനമ്മാവിലെ വസ്തുതർക്കം 75
1889-ലെ പൊതുസംഘം 77
സെമിനാരി പരിഷ്കരണം, കൂനമ്മാവിലെ
പുതിയ സ്ഥാപനം 77
കൂനമ്മാവുമഠത്തെ സംബന്ധിച്ചുള്ള തർക്കവും തീരുമാനവും,
കോട്ടയം നല്ലിടയൻ പള്ളി 78
ഇടക്കാല പ്രിയോർ ജനറാളന്മാർ, പോരൂക്കര
കുറിയാക്കോസച്ചന്റെ ചരമം 80
ബെർണാർദ് മിഷണറി പ്രിയോർ ജനറാൾ 82
ലവീഞ്ഞുമെത്രാനും യോഗാർഥി പ്രസ്ഥാനവും, പഠനഗൃഹ
സ്ഥാപനവും, മൂന്നു നാട്ടുമെത്രാന്മാരുടെ നിയമനം 82
1897-ലെ പൊതുസംഘം, മെത്രാന്മാരുടെ റോമായാത്ര 83

**അധ്യായം നാല്**

നിയമാവലിയുടെ അംഗീകരണവും പരിഷ്കരണങ്ങളും 85-94
പ്രാരംഭനടപടികൾ 85
സലേസ്കി നിർദേശങ്ങൾ 89
നിയമാവലി പരിഷ്കരണം 90
പുതിയ നിർദേശങ്ങൾ 91
സഭയുടെ നാമമാറ്റങ്ങൾ 94

**അധ്യായം അഞ്ച്**

ഏതദ്ദേശീയ പ്രിയോർ ജനറാൾ ഭരണം 95-102
വലിയ ചാണ്ടിയച്ചന്റെ ഗുരുപട്ട കനകജൂബിലി 95
മാന്നാനത്തു വൈദികപഠനത്തിനു പ്രത്യേകാനുമതി,
നിധിയിരിക്കൽ മാണിയച്ചന്റെ ചരമം 96
അയൂത്തി കർദിനാളിന്റെ മരണം, സഭയുടെ കാനോനിക
സംസ്ഥാപന കനക ജൂബിലി, പൊതുശ്രേഷ്ഠന്മാർ 97

www.malankaralibrary.com

അപ്പൊസ്തോലിക്ക് ഡെലെഗേറ്റുമാരുടെ സന്ദർശനങ്ങൾ, സഭയുടെ പ്രതിഷ്ഠ തിരുഹൃദയത്തിനും യൗസേപ്പിതാവിനും 97
ഹൈരാർക്കി സംസ്ഥാപനം, ലെപ്പീസ്യേ സന്ദർശനം, മിഷൻ പ്രദർശനം 99
മുത്തോലി രണ്ടാം നൊവിഷ്യേറ്റ്, പുതിയ ഒരു നിർദേശം, പുനരൈക്യപ്രസ്ഥാനം, സഭയുടെ ശതാബ്ദിജൂബിലി 100
മദ്രാസിൽ ആശ്രമസ്ഥാപനാലോചന, അബാദാൻ മിഷൻ 101

**അധ്യായം ആറ്**

പൊതുശ്രേഷ്ഠ ഭവന സംസ്ഥാപനവും അനന്തര പ്രവർത്തനങ്ങളും..... 103–134
പ്രാരംഭ പരിശ്രമങ്ങൾ 103
പൊതുശ്രേഷ്ഠ ഭവന സംസ്ഥാപനം 106
അതിന്റെ ഉദ്ഘാടനം 107
കൊച്ചി മഹാരാജാവിന്റെ ഔദാര്യം, ബെർത്തുൽമാച്ചന്റെ പെട്ടെന്നുള്ള നിര്യാണം 109
1942-ലെ പൊതുസംഘം 110
രൂപതാധ്യക്ഷന്മാരുടെ ജൂബിലി, വിദ്യാഭ്യാസ പ്രക്ഷോഭണം 110
പ്രത്യേകാനുകൂല്യങ്ങൾ, ഫാദർ കാർമെൽ, വിസിറ്റർ 112
പുതിയ ദെഫ്നിത്തോരി സംഘം, റോമിൽ ഉപരിപഠനം, മലബാർ മിഷൻ 113
ഫെറോക്കു സ്ഥാപനങ്ങൾ, കാളാശ്ശേരി മെത്രാന്റെ ചരമം, ബാംഗ്ലൂർ സൂനഹദോസ് 115
ഉത്തരീയ ശതാബ്ദിജൂബിലി 115
അൽഫോൻസാ നാമകരണ പരിപാടിയിൽ നമ്മുടെ സഹകരണം, പീരുമേട്ടിലേക്കും ആലപ്പുഴയ്ക്കും നമ്മുടെ അച്ചന്മാർ 116
മാർത്തോമ്മാ ശ്ലീഹായുടെ ശതാബ്ദിജൂബിലി 117
ഭാരതത്തിലെ പ്രഥമ കാർഡിനൽ, വിസിറ്റർ ബൊനവെന്തുരാ മെത്രാൻ, 1953-ലെ പൊതുസംഘം 119
പൊതു പ്രൊക്കുറേറ്റർ 121
ഡോക്ടർ സി.എൽ. ജോസഫ്, മാർ ഈവാനിയോസ്, ടിസറാങ് കാർഡിനൽ 122
കൊടുങ്ങല്ലൂർ മാർത്തോമ്മാ ഷ്റൈൻ, ബാലസദന സംസ്ഥാപനം 123

www.malankaralibrary.com

ഫാദർ പ്ലാസിഡ് റോമിലേക്ക്, സഭയുടെ കാനോനിക
സംസ്ഥാപന ശതാബ്ദി ജൂബിലി 124
തേവരത്തെ സന്ന്യാസവാരം, കേന്ദ്രഭവനത്തിലെ
വിവിധ ചെയ്തികൾ 126
ലൂർദു ഗ്രോട്ടോയുടെ വെഞ്ചരിപ്പ്, വനവാസ
കൊവേന്തയുടെ ഉദ്ഘാടനം 128
രാഷ്ട്രീയ തിരഞ്ഞെടുപ്പിനു പ്രാർഥന, പഴയ പ്രി. ജനറാളിനു
യാത്രയയപ്പ്, ഇന്റർനുൻഷ്യോയുടെ സന്ദർശനം,
പ്രിയോർ ജനറാളിന്റെ റോമായാത്ര 131
'എക്സ്ലെംഷൻ' പദവി സഭയ്ക്ക്, പൊതുശ്രേഷ്ഠഭവന
നവീകരണം, കേന്ദ്ര ലൈബ്രറി, സഭാചരിത്ര രചന 131
പൗരസ്ത്യ തിരുസംഘാധ്യക്ഷന്റെ സന്ദർശനം, അസാധാരണ
പൊതുസംഘം പുതിയ സാഗാർ എക്സാർക്കറ്റ് 132
പുതിയ എക്സാർക്കറ്റ്മാർക്ക് അനുമോദനം, സാഗാർ
മിഷനിലേക്കുള്ള യാത്രയയപ്പു, പ്രൊനുൻഷ്യോ
പൊതുസംഘത്തോടു 134

**അധ്യായം ഏഴ്**

സഭയുടെ പരിശീലനകേന്ദ്രങ്ങൾ............. 135–150
(a). നവസന്ന്യാസ ഭവനങ്ങൾ : പ്രരംഭ നടപടികൾ,
അമ്പഴക്കാട്, ചെത്തിപ്പുഴ, കറുകുറ്റി. 135
(b) സഹായസഹോദരന്മാരും അവരുടെ പരിശീലനവും 138
(c) പഠനഗൃഹങ്ങൾ : മംഗലാപുരം, മുത്തോലി, ചെത്തിപ്പുഴ,
പൂനാ, ബാംഗ്ളൂർ 140

**അധ്യായം എട്ട്**

സഭയുടെ വിവിധ പ്രവർത്തനങ്ങൾ............ 151–163
(ധ്യാനയോഗങ്ങൾ 151
മതപ്രബോധനം 152
മുദ്രണാലയ പ്രേഷിതത്വം 152
കത്തോലിക്കാ സംഘടനകൾ 155
സെമിനാരി 156
മിഷൻ പ്രവർത്തനം 157
ശീശ്മോച്ചാടനം 160
ഇടവക ഭരണം 161

www.malankaralibrary.com

സ്വജാതി മെത്രാനുവേണ്ടിയുള്ള ശ്രമം 161
പുനരൈക്യ പ്രസ്ഥാനം 162

**അധ്യായം ഒൻപത്**

ദൈവദാസനായ ചാവറ കുരിയാക്കോസ് ഏലിയാസ്
അച്ചന്റെ നാമകരണ നടപടികൾ ........ 164–166

**രണ്ടാം ഭാഗം**

**പ്രാവിശ്യകളും വിവിധ സ്ഥാപനങ്ങളും** 167

**അധ്യായം ഒന്ന്**

സഭയുടെ പ്രവിശ്യാവിഭജനം. 167–171
വിഭജനശ്രമങ്ങൾ 167
ഫാദർ ലൊംബാർഡിയുടെ നിയമനം, ആഗമനം,
പ്രവർത്തനം 169
നോവിസ് ഗുരുക്കന്മാരുടെ പഠനയാത്ര,
ഇന്റർനൂൻഷ്യോയുടെ സന്ദർശനം, പഠനഗൃഹത്തെപ്പറ്റിയുള്ള
തീരുമാനം, പ്രവിശ്യകളുടെയും പ്രവിശ്യാ മിഷനുകളുടെയും
അതിർത്തി നിർണ്ണയം 170

**അധ്യായം രണ്ട്**

**വി. യൗസേപ്പിന്റെ ദക്ഷിണപ്രവിശ്യ** **172–255**
പ്രാവിശ്യാശ്രേഷ്ഠഭവനം കോട്ടയം പുതുപ്പള്ളി 172
ദേഹവിയോഗങ്ങൾ, പ്രവിശ്യാ ശ്രേഷ്ഠന്മാർ 174
നവസന്ന്യാസഭവനം, യോഗാർഥിഭവനങ്ങൾ 175
മിഷൻപ്രവർത്തനങ്ങൾ 176
പത്രപ്രവർത്തനം ദീപിക 177
ഉപഭവനങ്ങൾ; ഐരുർ, ആലപ്പുഴ, പുന്നപ്ര, കാഞ്ഞിരപ്പള്ളി,
മുഹമ്മ, കുത്താട്ടുകുളം, കൈനുകരി, പുളിയമ്മല 178
കോഴിക്കോട്ടു റീജിയൻ 188
ദേവഗിരികോളേജ്, ദേവഗിരിയാശ്രമം, കൂടത്തായി ആശ്രമം 190
തിരുവനന്തപുരം റീജിയൻ 194
പൊതുവിവരം 195
കാനോനികാശ്രമങ്ങൾ 11:- മാന്നാനം, പുളിംകുന്ന്, മുത്തോലി,
ചെത്തിപ്പുഴ, കുര്യനാട്, ചമ്പക്കുളം, പൂഞ്ഞാർ, മൂട്ടാർ, മണിമല
പാലാ, അമനകര 195–255

www.malankaralibrary.com

**അധ്യായം മൂന്ന്**
**തിരുഹൃദയത്തിന്റെ മദ്ധ്യപ്രവിശ്യാ** **256–309**
പ്രവിശ്യാ ശ്രേഷ്ഠഭവനം, കളമശ്ശേരി 256
പ്രവിശ്യാ ശ്രേഷ്ഠന്മാർ,
നവസന്യാസഭവനം, കറുകുറ്റി; /യോഗാർഥിഭവനങ്ങൾ 257
മിഷൻപ്രവർത്തനം, വിദ്യാപ്രവർത്തനം 258
ഉപഭവനങ്ങൾ: കൊരണ്ടക്കാട്, മാറിക, വൈക്കം, ഇടുക്കി 259
മൈസൂർ റീജിയൻ 261
പൊതുവിവരം. 263
കനോനികാശ്രമങ്ങൾ 9;– വാഴക്കുളം, മണപ്പുറം, തേവര,
കുനമ്മാവ്, ആലുവാ, കറുകുറ്റി, കൊടുവേലി, നീലിശ്വരം,
കോതമംഗലം 263–309
**അധ്യായം നാല്**
**ദേവമാതാവിന്റെ ഉത്തര പ്രവിശ്യ** 310–359
പുതിയ പ്രവിശ്യാശ്രേഷ്ഠ ഭവനം 311
ഉപഭവനങ്ങൾ 314
കോയമ്പത്തൂർ റീജിയൻ 319
പൊതുവിവരം, കാനോനികാശ്രമങ്ങൾ എൽത്തുരുത്ത് –
ശുദ്ധീകരണമാതാ ആശ്രമം 320
അമ്പഴക്കാട് – വിശുദ്ധ അമ്മത്രേസ്യയുടെ ആശ്രമം 330
ദാനക്കാരന്റെ അവസാന യാത്രയും അകാല നിര്യാണവും 331
കൊവേന്തയുടെ ശിലാസ്ഥാപനം, കൊങ്ങണി പെൺകുട്ടിയുടെ
മാനസാന്തരം 333
കൊവേന്തപ്പള്ളിയുടെ ശിലാസ്ഥാപനം 334
പാവറട്ടി– വിശുദ്ധ തോമ്മാശ്ലീഹായുടെ ആശ്രമം 340
കടലുണ്ടി – വിശുദ്ധ പൗലോസിന്റെ ആശ്രമം 346
തലോർ– ഉണ്ണിയീശോയുടെ ആശ്രമം 348
കുന്നംകുളം വിശുദ്ധ ഗീവർഗീസിന്റെ ആശ്രമം 351
വരന്തരപ്പള്ളി – വിമലഹൃദയാശ്രമം 354
ഇരിഞ്ഞാലക്കുട–ക്രൈസ്റ്റാശ്രമം 356
**ഉപസംഹാരം** **360–361**
അനുബന്ധം – ഒന്ന് 363–373
അനുബന്ധം – രണ്ട് 374–375

www.malankaralibrary.com

J.M.J.

# കേരള സുറിയാനി സഭയിലെ അമലോദ്ഭവമറിയത്തിന്റെ കർമലസഭയുടെ ചരിത്രസംക്ഷേപം

## ഒന്നാം ഭാഗം
## സഭയുടെ പൊതുചരിത്രം

### അധ്യായം ഒന്ന്
### പ്രാരംഭ നടപടികൾ

**സന്ന്യാസത്തിനു പൂർവകാലശ്രമങ്ങൾ**

ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെയിടയിൽ ആദ്യ കാലം മുതൽ ചില ഗുഹകളിൽ സന്ന്യാസികളും സന്ന്യാസിനികളും വസിച്ചിരുന്നതായും അവരുടെ ഇടയിൽ ചാരിത്ര്യം വളരെ നിഷ്ഠ യോടെ പാലിച്ചിരുന്നതായും പ്രസിദ്ധ ചരിത്രകാരനായ ഒസ്സോറിയൂസ് രേഖപ്പെടുത്തിയിട്ടുണ്ട്. 16-ാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാർ ഇൻഡ്യയിൽ വന്ന കാലത്ത് മൈലാപ്പൂരിൽ മാർത്തോമ്മാശ്ലീഹായുടെ കബറിടത്തിനുസമീപം ഒരു സന്ന്യാസാശ്രമം ഉണ്ടായിരുന്നതായും ചരി ത്രരേഖകളുണ്ട്. വിശിഷ്യ, 17-ാം ശതകത്തിന്റെ ആരംഭത്തിൽ മാർ ഗീവർഗീസ് അർക്കദിയക്കോൻ ഇടപ്പള്ളിയിൽ സന്ന്യാസസഭ ആരം ഭിച്ചു നടത്തിപ്പോന്നതായി അന്ന് തിരുസഭയെ ഭരിച്ചിരുന്ന 8-ാം ഉർബാ നോസ് മാർപാപ്പായ്ക്ക് അദ്ദേഹം അയച്ച ചില കത്തുകളിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ ഇവയൊന്നും അധികനാൾ നിലനിന്നതായി ചരിത്രം സാക്ഷിക്കുന്നില്ല.

www.malankaralibrary.com

### വരാപ്പുഴയുടെ മൗറീലിയൂസ് മെത്രാൻ

19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ (1828) വരാപ്പുഴയ്ക്ക് ഒരു വികാരി അപ്പസ്തോലിക്ക ഇല്ലാതിരുന്നതിനാൽ ഒരു കർമലീത്തനായിരുന്ന ബോംബേ വികാരി അപ്പസ്തോലിക്ക മൗറീലിയൂസ് സ്തബലീനി മെത്രാനെ 12-ാം ലെയോ മാർപാപ്പ വരാപ്പുഴയുടെ വികാരി അപ്പസ് തോലിക്കയായി നിയമിച്ചു. അക്കാലത്തു പാലക്കൽ ബ. തോമ്മാച്ചൻ പള്ളിപ്പുറം സെമിനാരിയിൽ പഠിപ്പിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ഉറ്റമിത്രമായിരുന്ന ചമ്പക്കുളത്തു പോരൂക്കര ബ. തോമ്മാച്ചൻ അന്ന് കൊല്ലത്തു തങ്കശ്ശേരി പള്ളിയുടെ വികാരിയും ആയിരുന്നു.

### സഭാസ്ഥാപത്തിനുണ്ടായ അനുകൂലസാഹചര്യം

സ്വയ വിശുദ്ധീകരണത്തിനും, തിരുസഭയുടെ ഉന്നമനത്തിനും പരി രക്ഷണത്തിനും പ്രചാരണത്തിനും സന്ന്യാസസഭകൾക്ക് അതിപ്രധാ നമായ ഒരു പങ്കുണ്ടെന്നും, തൻനിമിത്തം മതനിഷ്ഠയിലും സുവിശേഷ പ്രബോധനത്തിലും അത്ര ആശാസ്യമല്ലാത്ത ഒരു നിലയിൽ സ്ഥിതി ചെയ്തിരുന്ന കേരളസഭയെ സമുദ്ധരിക്കാൻ സന്ന്യാസസഭ അത്യന്താ പേക്ഷിതമാണെന്നും ഗ്രഹിച്ചിരുന്ന തപോനിഷ്ഠരും ഭക്തിതീക്ഷ്ണരു മായിരുന്ന ഈ മഹാത്മാക്കളിരുവരും ഇവിടെ ഒരു  ഒരു ഏതദ്ദേശീയ സന്ന്യാസസഭ സ്ഥാപിക്കുന്നതിന് അതീവം ആഗ്രഹിച്ചിരുന്നു. ഈ ആഗ്രഹനിവൃത്തിക്ക് സർവപ്രകാരേണയും അനുകൂലമായ ഒരവ സരവും അവർക്കു സംസിദ്ധമായി.

അഞ്ഞൂറ്റിക്കാരനും മൗറീലിയൂസ് മെത്രാന്റെകൂടെ ബോംബേയിൽ വളരെക്കാലം താമസിച്ചിരുന്ന ആളുമായ ബ. പാസ്കൽപാദ്രി എന്നൊ രു ലത്തീൻ വൈദികൻ ഈ സംരംഭത്തിന് അനുകൂലിയും സഹായി യുമായിരുന്നു. അഞ്ഞൂറ്റിക്കാർക്ക് പട്ടം കൊടുക്കണമെന്ന് മെത്രാന ച്ചൻ നിശ്ചയിച്ചതുമൂലം എഴുന്നുറ്റിക്കാർക്ക് അദ്ദേഹത്തോട് നീരസമാ യി. തൻനിമിത്തം വരാപ്പുഴയിൽ നിന്ന് അദ്ദേഹം അർത്തുങ്കൽപോയി താമസിക്കുകയായിരുന്നു. ഈ സാഹചര്യത്തിൽ കേരളം വിട്ടുപോകു ന്നതിനുപോലും മെത്രാനച്ചൻ നിശ്ചയിച്ചെങ്കിലും, മലയാളത്തിലെ സുറിയാനിക്കാർക്കുവേണ്ടി താൻ പ്രത്യേകം നിയമിതനാണല്ലോ എന്നോർത്തും അവരുടെ നിർബന്ധപൂർണമായ അപേക്ഷമൂലവും ഇവിടെ നിന്നു താൻ പോകുന്നതല്ലെന്ന് അദ്ദേഹം അവർക്കുറപ്പു നല്കി. ഈ അവസരത്തിൽ പോരൂക്കര തോമ്മച്ചനെ മെത്രാന്റെ സെക്രട്ടറി യായി നിയമിച്ചതിനാൽ അദ്ദേഹം തങ്കശ്ശേരിപള്ളിയിൽ നിന്ന് അർത്തു

www.malankaralibrary.com

ങ്കൽ വന്നു മെത്രാന്റെകൂടെ താമസമാക്കി. അടുത്തൊരു ദിവസം അദ്ദേഹവും പാലക്കൽ തോമ്മാച്ചനുംകൂടെ മെത്രാനെ സമീപിച്ച് ഇവിടെ ഒരു സന്ന്യാസസഭ സ്ഥാപിക്കണമെന്ന തങ്ങളുടെ ആഗ്രഹം അദ്ദേഹത്തെ സവിനയം അറിയിച്ചു. അതിൽ മെത്രാനച്ചൻ സന്തുഷ്ട ചിത്തനായി. ഇപ്രകാരമുള്ള ഒരു സന്ന്യാസാശ്രമം പണിയാൻ എല്ലാ പള്ളിക്കാരും പട്ടക്കാരും ജനങ്ങളും സഹായിക്കണമെന്ന നിർദേശ ത്തോടെ 1829 ഏപ്രിൽ 1-ാം നു ഒരു കല്പന പുറപ്പെടുത്തുകയും അദ്ദേഹം തന്നെ ഉടനടി 200ക. അവർക്കു ദാനമായി നല്കുകയും ചെയ്തു. പ്രസ്തുത കല്പനയനുസരിച്ച് 1830-ൽ കല്ലൂർകാട്ടുപള്ളി യിൽനിന്ന് 200 ക.യും എടത്വാപള്ളിയിൽനിന്ന് 350 ക. യും അവർക്കു ലഭിച്ചു.

**മാതൃഭവനത്തിനായുള്ള സ്ഥലാന്വേഷണം**

ഭക്തജീവിതം കഴിക്കണമെന്ന ആഗ്രഹത്തോടുകൂടെ ചമ്പക്കുളം ഇടവക കണിയാന്തറ ചാക്കോ എന്നൊരു യുവാവ് ഈയവസരത്തിൽ പോരുക്കര തോമ്മാച്ചന്റെ കൂടെ വന്ന് താമസമാക്കി. പിന്നിട് സഭ യിൽ ചേർന്ന് ആഹാ -(ബ്രദർ)- യാക്കോബ് എന്നപേരിൽ അദ്ദേഹം അറിയപ്പെട്ടു. ആശ്രമത്തിനുപറ്റിയ ഒരു സ്ഥലം നിശ്ചയിക്കാനായി മെത്രാന്റെ അനുമതിയോടെ രണ്ടു തോമ്മാച്ചന്മാരും കൂടി പലയിടത്തും സഞ്ചാരിച്ചു. സഹായികളായി കോതമംഗലം ഇടവക മുണ്ട ബ. ഇട്ടൂ പ്പച്ചനും പള്ളിപ്പുറം ഇടവക കല്ലുങ്കൽ ഇട്ടിയയ്പ് മാപ്പിളയും അവരെ അനുഗമിച്ചിരുന്നു. ഇപ്പോൾ മുളക്കുളം പള്ളിയിരിക്കുന്ന സ്ഥലം ആശ്ര മത്തിനായി കൊടുക്കാമെന്ന് ആ ഇടവക പെരിയപ്പുറത്തു മാത്തൻ എന്ന സമ്പന്നനും അവിടുത്തെ വികാരിയും മറ്റും ചേർന്ന് സമ്മതി ക്കുകയും പലപ്പോഴും അതിനായി അപേക്ഷിക്കുകയും ചെയ്തിരു ന്നു. അക്കാലത്ത് അവിടെയുള്ള പുത്തൻകുറ്റുകാരും പഴയകുറ്റുകാ രും ഒരേ പള്ളിയിലാണ് ദൈവശുശ്രൂഷ നടത്തിയിരുന്നത്. തന്മൂലം പഴയകുറ്റുകാർക്ക് സ്വന്തമായി പള്ളിവയ്ക്കാൻവേണ്ടി വാങ്ങിയിരുന്ന സ്ഥലമാണ് ആശ്രമസ്ഥാപനത്തിനായി അവരിങ്ങനെ വാഗ്ദാനം ചെയ്തത്.

എന്നാൽ പ്രസ്തുതസ്ഥലം ന. അച്ചന്മാർക്ക് ഇഷ്ടപ്പെടായ്കയാൽ അതിരമ്പുഴയ്ക്കു കിഴക്ക് പുന്നത്തുറക്കു സമീപം പള്ളിക്കുന്ന് എന്ന സ്ഥലവും കോട്ടയത്തു മറ്റൊരു സ്ഥലവും നോക്കിയശേഷം കുടമാ ളൂർ ആറിന് സമീപം കുമാരനല്ലൂർ പുല്ലരിക്കുന്ന് എന്നൊരു കുന്നും

www.malankaralibrary.com

പുറം അവർ കണ്ടു. അത് പണ്ടാരപ്പാട്ടമായി പതിപ്പിക്കുന്നതിനുവേണ്ടി കുടമാളൂർ ഇടവക കരിമ്പുമാലിൽ ബ. വർക്കിയച്ചനെ ഏല്പിച്ചു. അവിടെ പള്ളി വയ്ക്കാൻ ഗവർമെന്റിൽ നിന്നുള്ള അനുവാദത്തിനായി റെസിഡന്റിനുള്ള മെത്രാനച്ചന്റെ ഒരെഴുത്തോടുകൂടെ പോരൂക്കര തോമ്മാച്ചൻ മുൻപറഞ്ഞ ആഹായാക്കാബിനോടുകൂടെ തിരുവനന്ത പുരത്തിന് പുറപ്പെട്ടു. കുമ്പളത്ത് ഒരു പള്ളിയും മനക്കോടത്ത് ഒരു കുരിശുപള്ളിയും സ്ഥാപിക്കാനുള്ള അനുവാദത്തിനായി വേറെ രണ്ട് എഴുത്തുകൾ കൂടിയും മെത്രാനച്ചൻ കൊടുത്തിട്ടുണ്ടായിരുന്നു. പോരൂക്കര തോമ്മാച്ചന്റെ അനുജൻ അന്തോനിക്ക് റസിഡന്റാഫീസിൽ അന്ന് ഗുമസ്തജോലി ഉണ്ടായിരുന്നതിനാൽ റസിഡന്റ് ഉടൻ തന്നെ ദിവാൻജിക്ക് ഉത്തരവയയ്ക്കുകയും അതിൻപ്രകാരം ദിവാൻജി ഏറ്റുമാന്നൂർ തഹസീൽദാർക്കു മുൻപറഞ്ഞസ്ഥലത്തു പള്ളിവയ്ക്കാൻ വിരോധമുണ്ടോ എന്ന് അന്വേഷിച്ചറിയിക്കാൻ ഉത്തരവുകൊടുക്കുകയും ചെയ്തു. ആയിടയ്ക്ക് അവിടെ വന്നിരുന്ന മദ്രാസ് ഗവർണർക്കു ഒരു ഹർജി ഇംഗ്ലീഷിൽ എഴുതി മെത്രാനച്ചന്റെ ഒപ്പുംവച്ച് കൊച്ചിയിൽ കോവിലകത്തുവച്ച് സമർപ്പിക്കുകയുണ്ടായി.

ഇതിനകം കരിമ്പുമാലിൽ വർക്കിയച്ചൻ പുല്ലരിക്കുന്ന് തന്റെ പേരിൽ പതിപ്പിച്ചു. അവിടെ പള്ളിവയ്ക്കാൻ തടസ്സമുണ്ടോ എന്ന് തഹസീൽദാർ എഴുതിച്ചോദിച്ചതിന് ആ സ്ഥലം കുമാരനല്ലൂർ ഭഗവതിയുടെ സങ്കേതസ്ഥാനമാകയാൽ അവിടെ പള്ളിവയ്ക്കാൻ പാടില്ലെന്നു ക്ഷേത്രാധികാരികളും നാട്ടുകാരുംകൂടി തഹസിൽദാരെ അറിയിച്ചു. എന്നാൽ ഇവരുടെ എതിർപ്പു തീർത്തുതരാമെന്ന് ഏറ്റുമാന്നൂക്കാരൻ ഒജനാരുമേത്തർ എന്നൊരു മഹമ്മദീയ വ്യാപരിയും മറ്റു ചിലരും സമ്മതിച്ചെങ്കിലും വഴക്കിടാൻ കഴിയുകയില്ലെന്നു പറഞ്ഞ് നമ്മുടെ ബ. തോമ്മാച്ചൻ ഒഴിയുകയാണുണ്ടായത്.

**മാന്നാനംകുന്നിന്റെ തിരഞ്ഞെടുപ്പ്**

അതിനുശേഷം കുടമാളൂർ ചെറിയ പള്ളിക്കു കിഴക്കായി ഒരുകുന്നുംപുറം വാങ്ങാമെന്നു നിശ്ചയിച്ച് അതിനായി കുടമാളൂർ തെക്കേടത്തു കോരപ്പണിക്കരുടെ മകൻ ഇട്ടിച്ചെറിയയെയും തയ്യിൽ കുര്യൻ തരകനെയും അനുജൻ കൊച്ചുപോത്തൻ മാപ്പിളയെയും നിയോഗിച്ചു. എന്നാൽ പോരൂക്കര തോമ്മാച്ചനും ആഹായാക്കോബുംകൂടെ തഹസീൽദാരെ കാണാൻ അതിരമ്പുഴകൂടെ ഏറ്റുമാനൂർക്കു പോകാൻ പുറപ്പെടുകയിൽ കുര്യൻ തരകനും അനുജനും പള്ളിക്കും ദർശനവീ

www.malankaralibrary.com

ടിനുംവേണ്ടി സ്ഥലം അന്വേഷിച്ച് അച്ചന്മാർ വേറെങ്ങും പോകണ്ടെന്നും, അവർ കൃഷിക്കായി ചവറുവെട്ടിയിരുന്ന മാന്നാനത്തെ ഓലൻകണ്ണാല എന്ന കുന്ന് അതിനുപറ്റിയതാണെന്നും പറഞ്ഞ് അവരെ അവിടെ കയറ്റിക്കാണിച്ചു. സ്ഥലം കയറിക്കണ്ടപ്പോൾ അതുതന്നെ ഉദ്ദേശ്യസാധ്യത്തിനു പറ്റിയസ്ഥലമെന്ന് അച്ചൻ നിശ്ചയിച്ചു. ഇക്കാര്യം മെത്രാനച്ചനെ ബോധിപ്പിച്ചതിൽ അവിടന്നും സമ്മതം നല്കി. പിന്നീട് ആശ്രമവും പള്ളിയും പണിത് മതില്ക്കെട്ടിനകത്താക്കപ്പെട്ട പ്രസ്തുത ഓലൻകണ്ണാലമുകൾ പുരയിടം 1838- (1014 ചിങ്ങം1) -ൽ പോരൂക്കര തോമ്മാച്ചന്റെ പേരിലും, മതിൽക്കെട്ടിനു പുറത്തുള്ള സ്ഥലം 1873-ൽ പോരൂക്കര കുര്യാക്കോസച്ചൻ കൊവേന്തയുടെ പേരിലും പതിച്ചുവാങ്ങി. ഈ സ്ഥലങ്ങൾ സംബന്ധിച്ച് ചില അയൽവാസികൾ അവകാശവാദങ്ങൾ പില്ക്കാലത്തു പുറപ്പെടുവിച്ചെങ്കിലും അധികാരസ്ഥാനങ്ങളിൽനിന്ന് അവ തിരസ്കരിക്കപ്പെടുകയാണുണ്ടായത്. (മാന്നാനം കൊവേന്തയുടെ ആധാരഫയൽ Nos.1&2).

അന്ന് ഏറ്റുമാനൂർ ഖജനാവു സൂക്ഷിപ്പുകാരൻ ആയിരുന്ന ഒളശ്ശയിൽ പറമ്പിൽ കൊച്ചിട്ടിമാപ്പിള എന്നൊരു പുത്തൻകൂറ്റുകാരൻ തേവലക്കര ജഡ്ജിയുടെ ശുപാർശക്കത്തുമൂലവും മറ്റും നമ്മുടെ അച്ചന്മാരുടെ ഒരു സഹായിയും ഗുണകാംക്ഷിയും ആയി വർത്തിച്ചിരുന്നു. പാലക്കലച്ചന്റെ ശിഷ്യനായ കൊച്ചുപുരയ്ക്കൽ യാക്കോബച്ചന്റെ ജ്യേഷ്ഠൻ ഈപ്പൻമാപ്പിളയ്ക്ക് തഹസീൽദാരുമായി നല്ല പരിചയവും അടുപ്പവും ആയിരുന്നു. അതിനാൽ ഇവരിരുവരുടെയും സഹായത്താൽ പുല്ലരിക്കുന്നേൽ പള്ളിവയ്പ്പിന്റെ വിചാരണയ്ക്കുവേണ്ടി അയച്ചിരുന്ന ദിവാൻജിയുടെ ഉത്തരവുതന്നെ മാന്നാനം കുന്നിനായി നിയോഗിച്ചു. അതനുസരിച്ച് മാന്നാനത്തു പള്ളിവയ്ക്കാൻ ആർക്കെങ്കിലും തടസ്സമുണ്ടോ എന്നു തഹസീൽദാർ നാട്ടുകാരോട് എഴുതിച്ചോദിച്ചതിന് നാട്ടുകാർ പൊതുവേ തയ്യിൽ തരകന്റെ സ്വാധീനത്തിലായിരുന്നതിനാൽ, അനുകൂലമായ മറുപടി നല്കി. ഖജനാവു സൂക്ഷിപ്പുകാരന്റെയും മറ്റും സ്വാധീനശക്തിയാൽ തഹസീൽദാരും അനുകൂലമായ റിപ്പോർട്ട് ദിവാൻജിക്കയയ്ക്കുകയും അതനുസരിച്ച് അദ്ദേഹം ഉത്തരവിടുകയുംചെയ്തു. ഈ ഉത്തരവു വാങ്ങാനായി പോരുക്കരയച്ചനും ആഹായാക്കോബും തിരുവനന്തപുരത്തേക്കു പുറപ്പെട്ടു. എന്നാൽ തങ്കശ്ശേരിയിലെത്തിയപ്പോൾ, ചില ശുപാർശക്കത്തുകളോടെ ആഹായാക്കോബിനെ തിരുവനന്തപുരത്തേയ്ക്കു വിട്ടിട്ട് പോരൂ

www.malankaralibrary.com

ക്കരയച്ചൻ അവിടെത്തന്നെ താമസിച്ചുകൊണ്ടു സ്തപസ്സ് കുർബാന, പാട്ടുകുർബാന, ഒറ്റക്കുർബാന എന്നിങ്ങനെ പല കുർബാനകൾ ഇക്കാര്യസാധ്യത്തിനായി തനിച്ചും മറ്റുള്ളവർ മുഖാന്തരവും ദൈവത്തിനു സമർപ്പിച്ചിരുന്നു.

പള്ളിയും ആശ്രമവും സ്ഥാപിക്കാനുള്ള പരിശ്രമത്തിൽ പാലക്കലച്ചനും പോരൂക്കരയച്ചനോടുകൂടെ ബുദ്ധിമുട്ടി യാത്ര കഴിച്ചിരുന്നു. ഈയവസരത്തിൽ അവർ കുർബാന ചൊല്ലിയിരുന്നതു ചിലപ്പോൾ അതിരമ്പുഴയും ചിലപ്പോൾ കുടമാളൂരിലും ആയിരുന്നു. പാലക്കലച്ചന് ഇതിനിടയ്ക്ക് ഒരു രോഗം പിടിപെട്ടതിനാൽ അദ്ദേഹം അതിരമ്പുഴനിന്ന് പള്ളിപ്പുറത്തേക്ക് താമസം മാറ്റി. അതുകൊണ്ട് ദിവാന്റെ ഉത്തരവു വാങ്ങി മടങ്ങിയെത്തിയ പോരുക്കരയച്ചൻ പള്ളിപ്പുറത്തു ചെന്ന് പാലക്കലച്ചനെയും അർത്തുങ്കൽചെന്ന് മെത്രാനച്ചനെയും കണ്ടു വിവരം ധരിപ്പിച്ചു. അനന്തരം പ്രസ്തുത ഉത്തരവ് മുകളിൽപ്പറഞ്ഞ കൊച്ചിട്ടി മാപ്പിളയും ഈപ്പൻമാപ്പിളയുംവഴി തഹസീൽദാർക്ക് കൊടുക്കുകയും, മാന്നാനംകുന്നു പള്ളിപണിക്കുവേണ്ടി വെട്ടിത്തെളിക്കാനുള്ള അനുവാദം കരസ്ഥമാക്കുകയും ചെയ്തു.

ഇങ്ങനെ 1829 മുതൽ രണ്ടു കൊല്ലത്തെ നിരന്തര പരിശ്രമഫലമായി 1831 മാർച്ച് 30-ാംനു വിശുദ്ധവാരത്തിലെ ബുധനാഴ്ച മാന്നാനം കുന്ന് വെട്ടിത്തെളിക്കാൻ ആരംഭിച്ചു. അന്ന് മാന്നാനംകുന്നിനെ “ബേസ് റൗമ്മാ” എന്നാണ് പേരു വിളിച്ചത്. തയ്യിൽ കുര്യൻ തരകൻ, അനുജൻ കൊച്ചുപോത്തൻമാപ്പിള, ഒജനാരുമേത്തർ എന്നിവരുടെയും അതിരമ്പുഴ കൊച്ചുപുര, പീടിയേക്കൽ, വെമ്പേനി, കൈപ്പുഴ തറയിൽ, മലമേൽ എന്നീ വീട്ടുകാരുടെയും സഹായത്തോടെ ഈസ്റ്ററോടുകൂടെ വെട്ടിത്തെളിക്കൽ ഒരുവിധം പൂർത്തിയാക്കി.

പാലക്കൽ തോമ്മാച്ചന്റെ ശിഷ്യനായിരുന്ന ചാവറ കുര്യാക്കോസച്ചനും, പോരുക്കര തോമ്മാച്ചനോടുകൂടെ പുല്ലരിക്കുന്ന് മാന്നാനം മുതലായ കുന്നുകൾ കാണുകയും യാത്രകളിൽ മല്പാനച്ചന്മാരെ സഹായിക്കുകയും ചെയ്തിരുന്നു. എന്നാൽ രോഗംമൂലം പാലക്കലച്ചൻ അതിമ്പുഴനിന്നു പള്ളിപ്പുറത്തേക്കു പോയപ്പോൾ കുര്യാക്കോസച്ചനും അവിടേക്കുപോയി.

**മാതൃഭവനസ്ഥാപനം**

ദിനന്തോറും അതിരമ്പുഴയോ കുടമാളൂരോ പോയി കുർബാന ചൊല്ലുന്നത് വലിയ പ്രയാസമാകയാൽ തല്ക്കാലം മാന്നാനത്തു പര

www.malankaralibrary.com

മ്പുകൊണ്ടു മറച്ചുകെട്ടിയ ഒരു ഷെഡിൽ കുർബാന ചൊല്ലാൻ അനുവാദം വാങ്ങിക്കണമെന്ന് പോരൂക്കരയച്ചൻ പറഞ്ഞതനുസരിച്ച് പാലക്കലച്ചൻ കുടമാളൂർ പോയി അന്ന് ദേഹാസ്വാസ്ഥ്യംമൂലം അർത്തുങ്കൽനിന്ന് അവിടെവന്നു താമസിച്ചിരുന്ന മെത്രാനച്ചനോട് അക്കാര്യം ബോധിപ്പിച്ചു. തത്ക്കാലം പരമ്പുകൊണ്ടു മറച്ചു കുർബാന ചൊല്ലാൻ തുടങ്ങിയാൽ വേറെ നന്നാക്കിപ്പണിയിക്കാൻ ഉദാസീനതയുണ്ടാകുമെന്നും, അതിനാൽ ഏതുവിധത്തിലെങ്കിലും ഒരു കുരിശുപുരകെട്ടി അതിൽ കുർബാന ചൊല്ലുകയാണ് വേണ്ടതെന്നുമാണ് അതിനു മെത്രനച്ചൻ നല്കിയ മറുപടി. ദിവാൻജിയുടെ ഉത്തരവനുസരിച്ചുള്ള ചീട്ട് തഹസീൽദാർ അയച്ചുതരായ്കയാൽ പോരൂക്കരച്ചൻ ആഹായാക്കോബിനെ പ്രസ്തുത കാര്യസാധ്യത്തിനായി ഖജനാവുസൂക്ഷിപ്പുകാരന്റെ അടുക്കലേക്ക് -ഒളശ്ശയിലേക്ക് - ഒരെഴുത്തുമായി അയച്ചു. കുടമാളൂർവച്ച് എഴുതിയ ആ എഴുത്ത് മെത്രാനച്ചൻവാങ്ങി സന്തോഷാധിക്യത്താൽ അതു സ്വന്തം കയ്യക്ഷരത്തിൽ എഴുതിക്കൊടുത്തു.

പാലക്കലച്ചൻ പള്ളിപ്പുറത്തിനും, പോരൂക്കരയച്ചൻ ധർമസമാഹരണത്തിനായി പല സ്ഥലങ്ങളിലേക്കും പോയതിനാൽ ചാവറയച്ചൻ അതിരമ്പുഴ കൊച്ചുപുരക്കൽ യാക്കോബച്ചനോടും മലയാറ്റൂർപള്ളി വികാരി പെരേപ്പാട്ടു പൗലോസച്ചനോടും കൂടെ മാന്നാനത്തുവന്നു താമസിച്ചു. ചിറ്റേഴത്തു ഈശ്വരൻനായർ എന്നയാളുടെ കളപ്പുരയിൽ താമസിച്ചിരുന്ന അവരുടെ ചെലവുകളെല്ലാം പെരുമാലിൽ നിന്നാണ് അന്നു നടത്തിയിരുന്നത്. ചീട്ട് കിട്ടുന്നതിനുവേണ്ട ദൈവാനുഗ്രഹലബ്ധിക്കായി ചാവറയച്ചനും മറ്റച്ചന്മാരും അതിരമ്പുഴച്ചെന്ന് വിശുദ്ധ ഗീവർഗീസിന്റെ തിരുനാളിൽ ഒരു സ്തപസ്സുകുർബാന നടത്തുകയും, ഖജനാവുസൂക്ഷിപ്പുകാരന്റെ നിർദേശപ്രകാരം തഹസീൽദാർക്ക് 100 കലിപ്പണം കൊടുക്കുകയും ചെയ്തു. കാലതാമസമെന്യെ ചീട്ട് പാർവത്യക്കാരൻവഴി നാട്ടുകാർക്കു ലഭിച്ചു.

തഹസീൽദാരുടെ ചീട്ടുവന്ന വിവരം ഉടൻതന്നെ മെത്രാനച്ചനെ അറിയിച്ചു. കാര്യങ്ങളുടെ പുരോഗതിക്ക് തടസ്സവും ഉണ്ടാകാതിരിക്കാൻ വേണ്ടി പള്ളിപണിയാനുള്ള സ്ഥലത്ത് ഉടനേ ഒരു മരക്കുരിശു സ്ഥാപിക്കണമെന്നു കല്പിച്ചു. നാട്ടുകാരുടെ സാന്നിധ്യത്തിൽവച്ചുതന്നെ 1831 ഏപ്രിൽ 8-ാംനു ഓലൻ കണ്ണാലക്കുന്നിൽ പ്രസ്തുത കുരിശു സ്ഥാപിച്ചു. അനന്തരം അവിടെ സമ്മേളിച്ചിരുന്നവരെല്ലാംകുടി സകല വിശുദ്ധരുടെ ലുത്തിനിയാ ജപിച്ചു. തത്സമയം അവിടെയുണ്ടായിരുന്ന പാലാ

www.malankaralibrary.com

ക്കാരൻ ഉള്ളാട്ടുതറ ശെമ്മാശന്റെ അനുജൻ പാമ്പുകടിയേറ്റു മോഹാലസ്യപ്പെടുകയിൽ പോരൂക്കരയച്ചൻ അവന്റെമേൽ ഹന്നാൻവെള്ളം തളിച്ചു എല്ലാവരോടും അവനുവേണ്ടി പ്രാഥിക്കാൻ ആവശ്യപ്പെട്ടു. എല്ലാവരും അപ്രകാരം ചെയ്തു. പിറ്റേദിവസം രാവിലേ ഒരു ചികിത്സയും കുടാതെ വിഷം നീങ്ങി കുട്ടി സുഖംപ്രാപിച്ചു.

**ആശ്രമത്തിനു കല്ലിടൽ**

1831 മെയ് 11-ാംനു ആശ്രമത്തിനു കല്ലിടണമെന്നു നിശ്ചയിച്ച് ബ. അച്ചന്മാർ രണ്ടുപേരും തങ്ങളുടെ സ്നേഹിതന്മാരെയും ശിഷ്യന്മാരായ വൈദികരെയും വിവരം അറിയിച്ചു. കുടമാളൂർ പാർത്തിരുന്ന മെത്രാനച്ചനോട് കല്ലിടണമെന്ന് അപേക്ഷിച്ചതനുസരിച്ച് അദ്ദേഹം മുളകൊണ്ടുനിർമിച്ച ഒരു കെട്ടിടത്തിൽ വന്നുതാമസിച്ചു. ക്ഷണപ്രകാരം ചടങ്ങുകളിൽ സംബന്ധിക്കാൻ വന്നിരുന്ന വൈദികർ അതേ കെട്ടിടത്തിൽ മറ്റൊരു മുറിയിലത്രേ താമസിച്ചത്. പിറ്റേ ദിവസം മെത്രാനച്ചൻതന്നെ ശിലാസ്ഥാപനം നിർവഹിക്കാൻ ആഗ്രഹിച്ചെങ്കിലും ദേഹാസ്വാസ്ഥ്യം നിമിത്തം സാധിക്കാതെവന്നു. തന്മൂലം അദേഹത്തിന്റെ സാന്നിധ്യത്തിൽ പോരൂക്കരയച്ചനെക്കൊണ്ടു പ്രസ്തുത കർമം നിർവഹിപ്പിക്കാനാണ് നിശ്ചയിച്ചത്. അങ്ങനെ പോരൂക്കരയച്ചൻ വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിലുള്ള ആശ്രമത്തിന് അടിക്കല്ലിട്ടു. ആശ്രമം വിശുദ്ധ യോഹന്നാൻ മാംദാനായുടെ നാമത്തിൽ സ്ഥാപിക്കണമെന്ന് മെത്രാനച്ചനും വിശുദ്ധ ഡോമിനിക്കിന്റെ നാമത്തിൽ വേണമെന്ന് പാലക്കലച്ചനും ആഗ്രഹിച്ചെങ്കിലും വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ വേണമെന്ന പോരൂക്കരയച്ചന്റെ അഭിപ്രായത്തോട് അവസാനം അവരും യോജിക്കുകയാണുണ്ടായത്. അടുത്തമാസത്തിൽ പന്തക്കുസ്താതിരുനാളിൽ കപ്പേളയിൽ ആദ്യമായി ദിവ്യബലിയർപ്പിച്ചു. അതിൽ സംബന്ധിക്കുന്നതിനെത്തിയ അച്ചന്മാരെല്ലാം ഓരോ രൂപാവീതം നേർച്ചയിട്ടു ആ വകയിൽ ലഭിച്ച 50-ക. കൊണ്ട് നേരത്തേ തുടങ്ങിവച്ചിരുന്ന ആശ്രമത്തിന്റെ പണി തുടർന്ന് നടത്തിപ്പോന്നു. പോരൂക്കരയച്ചൻ സാമ്പത്തികസഹായത്തിനായി ചുറ്റിസഞ്ചരിച്ചിരുന്നതിനാൽ പണികളുടെ മേല്നോട്ടം വഹിച്ചത് ചാവറകുര്യാക്കോസച്ചനാണ്.

**പുതിയ മെത്രാനും സഭാസ്ഥാപകരുടെ സ്ഥലംമാറ്റവും**

ഈയവസരത്തിൽ മൗറീലിയുസ് മെത്രാൻ അഞ്ഞൂറ്റിക്കാർക്കു പട്ടം കൊടുത്തു. തന്മൂലം എഴുന്നൂറ്റിക്കാർക്ക് അദ്ദേഹത്തിന്റെ നേരേ

www.malankaralibrary.com

വിരോധമായി. പ്രസ്തുത വിരോധം മൂലമോ മെത്രാന്റെതന്നെ അപേക്ഷനിമിത്തമോ എന്തോ, അദ്ദേഹത്തെ റോമിലേക്കു വിളിച്ചു. പകരം ഫ്രാൻസിസ് സേവ്യർ മെത്രാൻ വികാരി അപ്പസ്തോലിക്കയായി 1832-ൽ നിയമിതനായി. പുതിയ മെത്രാൻ മംഗലത്തു ബ. ചാണ്ടിയച്ചനെ തന്റെ സെക്രട്ടറിയായി നിയമിച്ചു.

എഴുന്നൂറ്റിക്കാർക്ക് മൗറീലിയൂസ് മെത്രാനോടെന്നപോലെതന്നെ പാലക്കലച്ചനോടും പോരുക്കരയച്ചനോടും വിരോധമുണ്ടായി. തന്മൂലം അവരും ചില സുറിയാനിക്കാരുംകൂടി ആശ്രമത്തിനും അതിലെ വൈദികർക്കും എതിരായി പുതിയ മെത്രാന്റെ പക്കൽ പലതും പറഞ്ഞു ബോധിപ്പിച്ചു. മൗറീലിയൂസ് മെത്രാന്റെ കല്പനപ്രകാരമുള്ള ആശ്രമസ്ഥാപനവിവരം അറിഞ്ഞിരുന്നെങ്കിലും ഫ്രാൻസിസ് സേവ്യർ മെത്രാൻ ചാവറയച്ചനെ തെക്കൻ പള്ളിപ്പുറത്തു വികാരിയായും പോരുക്കരയച്ചനെ കൊല്ലം മിഷനിലുള്ള കായംകുളം, പിള്ളത്തോപ്പു എന്നീ പള്ളികളുടെ വികാരിയായും നിശ്ചയിച്ചു. ദൈവഹിതമെന്നു കരുതി അവരിരുവരും മെത്രാന്റെ കല്പനയനുസരിച്ച് വികാരിജോലി നിർവ്വഹിച്ചുപോന്നു. ആയിടയ്ക്ക് ഗുരുപട്ടം സ്വീകരിച്ച പാലക്കൽ ബ. വർക്കിയച്ചനെ (പാലക്കൽ മല്പാനച്ചന്റെ അനന്തരവൻ) പള്ളിപ്പുറത്തെ വികാരിജോലി ഏല്പിച്ചുകൊണ്ട് ചാവറയച്ചൻ ഇടയ്ക്കിടെ മാന്നാനത്തു വന്ന് കാര്യങ്ങൾ നടത്തിപ്പോന്നു.

ചാവറയച്ചൻ നടത്തിയ തുടർച്ചയായ അഭ്യർഥനകളുടെ ഫലമായി 1833-ൽ വികാരി ജോലിയിൽനിന്ന് അദ്ദേഹത്തിന് ഒഴിവു ലഭിച്ചു. തന്മൂലം അദ്ദേഹം മാന്നാനത്തുവന്ന് ജോലികളുടെ മേല്നോട്ടം വഹിച്ചുതുടങ്ങി. അന്നുമുതൽ അദ്ദേഹം തന്റെ സമ്പാദ്യവും പ്രയത്നവുമെല്ലാം ആശ്രമത്തിനായി ചെലവഴിച്ചുകൊണ്ട് സന്ന്യസ്തജീവിതം നയിച്ചുപോന്നു. അധികം താമസിയാതെ വികാരിജോലിയിൽ നിന്ന് ഒഴിവു ലഭിച്ച പോരൂക്കരയച്ചനും മാന്നാനത്തുവന്നു താമസമാക്കി. പാലക്കൽ തോമ്മാച്ചന്റെ ശിഷ്യനായിരുന്ന കല്ലൂർക്കാട്ട് കല്ലൂത്തറ ഗീവർഗീസച്ചൻ ചിലപ്പോഴൊക്കെ മാന്നാനത്തുവന്നു താമസിച്ചിരുന്നു. മുകളിൽപറഞ്ഞ പനമ്പു മുറിയിൽതന്നെയാണ് എല്ലാവരും താമസിച്ചിരുന്നത്. 1834-ൽ പള്ളിക്കും, അതിനു വടക്കോട്ടുള്ള ഇരുനിലക്കെട്ടിടത്തിനും അടിസ്ഥാനമിട്ടു പണി നടത്തിത്തുടങ്ങി.

**സെമിനാരിസ്ഥാപനം**

ആശ്രമത്തിന്റെ നന്മയ്ക്കും ദേവാലയശുശ്രൂഷയുടെ ആഘോഷപൂർവകമായ നടത്തിപ്പിനുംവേണ്ടി ഒരു സെമിനാരികൂടെ ഉണ്ടാകു

www.malankaralibrary.com

ന്നതു നന്നായിരിക്കുമെന്ന് പാലക്കലച്ചൻ അഭിപ്രായപ്പെട്ടു. എന്നാൽ അതുണ്ടാകുന്നത് ഭാവിയിൽ ആശ്രമത്തിനു ദോഷകരമായിത്തീരുമെന്നായിരുന്നു പോരൂക്കരയച്ചന്റെ അഭിപ്രായം. എങ്കിലും പോരൂക്കരയച്ചൻ എല്ലാകാര്യങ്ങളിലും പാലക്കലച്ചനെ അനുകൂലിച്ചിരുന്നതിനാൽ സെമിനാരിക്കാര്യത്തിലും അദ്ദേഹത്തോടനുകൂലിച്ചു. അങ്ങനെ 1833 -ൽ മാന്നാനത്തു സെമിനാരി ആരംഭിച്ചു. പാലക്കലച്ചന്റെ ശിഷ്യന്മാരായിരുന്ന അതിരമ്പുഴ ഇടവക ആലഞ്ചേരി, വലിയപറമ്പ് എന്നീ ശെമ്മാശന്മാരായിരുന്നു അതിലെ ആദ്യത്തെ വൈദികാർഥികൾ. 1837 -ൽ പ്രഥമബലിയർപ്പിച്ച പുളിങ്കുന്ന് ഇടവക വെളിയനാട്ട് തോപ്പിൽ ഗീവർഗീസച്ചൻ 1838-ൽ മാന്നാനത്തുവന്ന് ആശ്രമാംഗത്വം സ്വീകരിച്ചു. ഈയിടയ്ക്ക് മലയൻ, പൂതം, പഴുക്കാ (കൈപ്പുഴനിന്ന്), കല്ലൂത്തറ (കല്ലൂർക്കാട്ടുനിന്ന്) എന്നീ കുടുംബങ്ങളിലെ ചില കുട്ടികൾ വൈദികപഠനത്തിനായിവന്നു. ബ. പോരൂക്കരയച്ചന്റെ ആധ്യാത്മിക ശുഷ്കാന്തിയാൽ ദിവസവും മൂന്നു തവണകളായി 153 മണി ജപവും, ഞായറാഴ്ചതോറും പാട്ടുപൂജയും പ്രസംഗവും കാനോന നമസ്കാരവും, വലിയ നോമ്പിന്റെ വെള്ളിയാഴ്ചകളിൽ മൂന്നുമണിക്ക് മലയുടെ അടിമുതൽ മുടിവരെ കുരിശുനാട്ടി സ്ലീവാപ്പാതയും നടത്തിയിരുന്നു. സ്ലീവാപ്പാതയിൽ സംബന്ധിക്കാൻ വിദൂരത്തുനിന്നുപോലും ആളുകൾ വന്നുകൊണ്ടിരുന്നു.

### കുടക്കച്ചിറ ശെമ്മാശന്റെ വിയോജിപ്പ്

ഈയവസരത്തിലാണ് പാലാ ഇടവകയിൽപ്പെട്ട അതിസമർഥനായ കുടക്കച്ചിറ അന്തോനി ശെമ്മാശൻ മാന്നാനത്തു വന്നുചേർന്നത്. അദ്ദേഹം നേരത്തെ സുറിയാനിഭാഷ പഠിച്ചശേഷം ലത്തീൻ, പോർട്ടുഗീസ് എന്നീ ഭാഷകൾ മട്ടാഞ്ചേരി വികാരിയായിരുന്ന തൊറീഞ്ഞു പാതിരിയച്ചനിൽനിന്നു പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു.

ഈ കാലഘട്ടത്തിൽ പോരൂക്കരയച്ചന്റെ ഭക്തിതീക്ഷ്ണതയാൽ എല്ലാവരുംകൂടി ഒരു മുഴുവൻ ധ്യാനം കഴിക്കുകയുണ്ടായി. മൗനമൊഴിച്ച് മറ്റെല്ലാ കൂട്ടക്രമങ്ങളും ഈ ധ്യാനാവസരത്തിൽ കൃത്യമായി അനുഷ്ഠിച്ചു. ഈ ധ്യാനാനന്തരം സന്ന്യാസനിയമങ്ങൾ അനുസരിക്കാൻ മനസ്സുള്ളവർ പുതിയ കെട്ടിടത്തിന്റെ രണ്ടാം നിലയിലും സെമിനാരിയിൽ പഠിക്കാനുള്ളവർ താഴത്തെ നിലയിലുമായി വെവ്വേറെ സ്ഥലങ്ങളിൽ താമസിക്കണമെന്ന് പോരൂക്കരയച്ചൻ നിർദ്ദേശിച്ചു.

www.malankaralibrary.com

കുടക്കച്ചിറ ശെമ്മാശന് താഴത്തെ നിലയിൽ വസിക്കുന്നത് അപമാനകരമായും മുകളിലുള്ള സന്ന്യാസികളുടെകൂടെ വസിക്കുന്നത് സ്വാതന്ത്ര്യഭംഗമായും തോന്നി. പാലക്കലച്ചന്റെ അസാന്നിധ്യത്തിൽ ശെമ്മാശന്മാരെ വെവ്വേറെ താമസിപ്പിച്ചെന്നും അതു സമാധാനഭംഗത്തിനു കാരണമായെന്നും മറ്റും കാണിച്ച് കുടക്കച്ചിറ ശെമ്മാശൻ ശെമ്മാശന്മാരുടേതെന്നു തോന്നത്തക്കവിധത്തിൽ പോരൂക്കരയച്ചന്റെ പേരിൽ സുറിയാനിയിൽ ഒരു ഹർജി എഴുതി പള്ളിപ്പുറത്തിനുപോയിരുന്ന ശെമ്മാശന്മാർവശം പാലക്കലച്ചനു സമർപ്പിച്ചു. അന്തോനി ശെമ്മാശനും പള്ളിപ്പുറത്തിനു പോയിരുന്നെങ്കിലും അദ്ദേഹം ഒന്നും അറിയാത്ത ഭാവം നടിച്ചു. ഹർജി വായിച്ചറിഞ്ഞ പാലക്കലച്ചന്, ശെമ്മാശന്മാരെ രണ്ടു സ്ഥലങ്ങളിലായി താമസിപ്പിച്ച് അവരെ സങ്കടപ്പെടുത്തിയത് ഇഷ്ടമായില്ലെന്ന് തിരുനാളിൽ സംബന്ധിച്ച ചാവറയച്ചന് മനസ്സിലായി. അതിനാൽ തിരുനാൾ കഴിഞ്ഞു മടങ്ങിവന്നപ്പോൾ ശെമ്മാശന്മാർ മുമ്പിലത്തെപ്പോലെ ഒന്നിച്ചു താമസിക്കട്ടെ എന്നു ചാവറയച്ചൻ പറഞ്ഞപ്പോൾ, ധർമപിരിവിനായി പോയിരിക്കുന്ന പോരൂക്കരയച്ചന്റെ നിശ്ചയത്തിനു വിരുദ്ധമായി അദ്ദേഹത്തിന്റെ അസാന്നിധ്യത്തിലുള്ള ചാവറയച്ചന്റെ നിർദേശം ഒട്ടും ചിതമല്ലെന്നു തോപ്പിലച്ചനും മറ്റും അഭിപ്രായപ്പെട്ടു. അതിനാൽ ശെമ്മാശന്മാരുടെ താമസം മുമ്പിലത്തെപ്പോലെ പ്രത്യേക സ്ഥലങ്ങളിലായിത്തന്നെ തുടർന്നു. എന്നാൽ ശെമ്മാശന്മാരിൽ മനസ്സുള്ളവർക്ക് പള്ളിപ്പുറത്തുവന്നു താമസിക്കാമെന്ന പാലക്കലച്ചന്റെ നിർദേശപ്രകാരം ചിലർ മാന്നാനത്തും ചിലർ പള്ളിപ്പുറത്തുമായി താമസിച്ചുപോന്നു. എങ്കിലും രണ്ടു സ്ഥലത്തും പാലക്കലച്ചൻതന്നെയായിരുന്നു മല്പാൻ.

തന്റെ പരാതി സഫലമായില്ലെന്നുകണ്ട കുടക്കച്ചിറ ശെമ്മാശൻ തനിക്കും കൊവേന്തക്കാരനാകണമെന്നും, തന്നെയും മുകളിൽ താമസിപ്പിക്കണമെന്നും പോരൂക്കരയച്ചനോടപേക്ഷിച്ചു. എന്നാൽ അദ്ദേഹം തന്നെ സ്വീകരിക്കുന്നതിൽ സംശയിക്കുന്നതായി മനസ്സിലാക്കിയ ശെമ്മാശൻ ഏതുവിധേനയും ഒരു കൊവേന്ത പണിയിച്ച് അതിൽ വസിക്കുന്നതാണെന്നു പറഞ്ഞുകൊണ്ട് മാന്നാനംവിട്ട് പാലായ്ക്കു പോയി.

മാന്നാനത്തെ ജീവിതക്രമത്തിലും നടപടികളിലും സംതൃപ്തനായ ഫ്രാൻസിസ് സേവ്യർ മെത്രാൻ വരാപ്പുഴ സെമിനാരി മൂന്നുനിലയാക്കി അവിടത്തെ സെമിനാരിക്കാരുടെയും വൈദികാർഥികളുടെയും താമസം

www.malankaralibrary.com

മാന്നാനത്തെപ്പോലെതന്നെ വെവ്വേറെയാക്കി. ആയിടയ്ക്കു വന്നു ചേർന്ന രണ്ടു മിഷണറിമാരിൽ ബെർണർദീൻ എന്നദേഹത്തെ വരാപ്പുഴ സെമിനാരിയുടെ റെക്ടറായി നിയമിച്ചു.

മാന്നാനത്തെ വടക്കോട്ടുള്ള കെട്ടിടത്തിന്റെ പണി മിക്കവാറും തീർന്നതിനാൽ ഉടനേ പള്ളിപണിയണമെന്നുകരുതി അതിന്റെ മേൽനോട്ടം കല്ലൂത്തറയച്ചനെ ഏല്പിച്ചു.

### ചാവറയച്ചന്റെ കിഴക്കൻയാത്ര

കോവേന്തക്കെട്ടിടത്തിന്റെ പണിക്കുള്ള തടികൾ താഴത്തെ കടവിൽ കണ്ടിക്ക് 32 ചക്രം (1 ക. 19 പൈസ) വിലയ്ക്കു കിട്ടിയിരുന്നെങ്കിലും, പിന്നീട് തടിയുടെ വില ക്രമാതീതമായി വർധിച്ചതിനാൽ ആരക്കുഴ മുതലായ സ്ഥലങ്ങളിൽനിന്ന് കുറെ തടി വാങ്ങാൻവേണ്ടി ചാവറയച്ചൻ 1837-ൽ ആഹാ യാക്കോബിനോടുകൂടെ അങ്ങോട്ടുയാത്രയായി. പ്രസ്തുത യാത്രയിൽ ആരക്കുഴ, വാഴക്കുളം, മൈലക്കോമ്പു തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് തടിവെട്ടിക്കുകയും അവിടങ്ങളിൽനിന്ന് കിട്ടിയ ധർമസഹായം അതിനായി ചെലവഴിക്കുകയും ചെയ്തു. ഇങ്ങനെ അധികം താമസിയാതെ കൊവേന്തയുടെ വടക്കോട്ടുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി, തട്ടുമിട്ടു.

### പാലക്കലച്ചന്റെ ചരമം

പാലക്കലച്ചന് മുമ്പുണ്ടായിരുന്ന രോഗം ഈയവസരത്തിൽ വർധിക്കുകയാൽ ചാവറയച്ചൻ പള്ളിപ്പുറത്തും മാന്നാനത്തുമായി മാറിമാറി താമസിച്ചിരുന്നു. 1841 ജനുവരി 16-ാം നു ശനിയാഴ്ച അർധരാത്രിയിൽ പാലക്കലച്ചന്റെ പാവനാത്മാവ് പരലോകം പ്രാപിച്ചു. വിവിധ പള്ളികളിലെ ദർശനസമൂഹങ്ങളുടെ അകമ്പടിയോടും കുരിശ്, കുട മുതലായ ദേവാലയാലങ്കാരങ്ങളോടുംകൂടെ ശവസംസ്കാരം പള്ളിപ്പുറം പള്ളിയിൽ സാഘോഷം നിർവഹിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ശിഷ്യന്മാരും മറ്റച്ചന്മാരും മുടങ്ങാതെ ദിവ്യബലിയും മറ്റു തിരുകർമങ്ങളും, ആഘോഷപൂർവകമായ റാസയും എല്ലാം നടത്തി.

### കാഞ്ഞിരപ്പള്ളീലച്ചന്റെ വരവ്

1842-ൽ കാഞ്ഞിരപ്പള്ളി പുത്തൻപുരക്കൽ കുഞ്ഞാക്കോ അച്ചൻ മാന്നാനത്ത് വന്നുചേരുകയും അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന 150 ക. മാന്നാനത്ത് ഏല്പിക്കുകയുംചെയ്തു. ആ സംഖ്യകൊണ്ടാണ് പള്ളിയുടെ മേച്ചിൽ നടത്തിയത്. അദ്ദേഹത്തിന്റെ സഭാപ്രവേശന

www.malankaralibrary.com

ത്തോടെ പാലക്കലച്ചന്റെ മരണംമൂലം ഏവർക്കും ഉണ്ടായിരുന്ന ദുഃഖം മിക്കവാറും തീർന്നു.

### നെല്ലിപ്പുഴയുടെ ദാനം

ഒരിക്കൽ വേലക്കാർക്ക് കൂലികൊടുത്ത് പണി മുന്നോട്ടു കൊണ്ടുപോകുന്നതിനും കടം വീട്ടുന്നതിനും സാധിക്കാത്തതിൽ ഹൃദയവേദനയോടെ പള്ളിയിൽ പ്രാർഥനാനിമഗ്നനായിരിക്കുകയായിരുന്നു ചാവറയച്ചൻ. അദ്ഭുതമെന്നു പറയട്ടെ, തത്സമയം ചേർപ്പുങ്കൽ നെല്ലിപ്പുഴ ഇട്ടി എന്നൊരു ധർമിഷ്ഠൻ പള്ളിയിൽവന്ന്, താൻ 500 ചക്രം കൊണ്ടുവന്നിട്ടുണ്ട്. ഒരാളെ അയച്ചാൽ വേറെ 500 ചക്രം കൂടി കൊടുത്തയയ്ക്കാം എന്നു പറഞ്ഞു. ഈ വാർത്ത ചാവറയച്ചനെ അതീവസന്തുഷ്ടനാക്കിയെന്ന് പറയേണ്ടല്ലോ.

1944 ഡിസംബറിൽ ചരമമടഞ്ഞ ഫ്രാൻസിസ് സേവ്യർ മെത്രാൻ അദ്ദേഹത്തിന്റെ മരണത്തിന് ഒരു മാസം മുമ്പ് ചാവറയച്ചനെയും പോരൂക്കരയച്ചനെയും മല്പാന്മാരായും ശെമ്മാശന്മാരുടെ പരീക്ഷകരായും നിയമിച്ചുകൊണ്ടുള്ള പത്തേന്തികൾ അവർക്കയിച്ചിരുന്നു.

### പോരൂക്കരയച്ചന്റെ ചരമം

1845-ന്റെ ആരംഭത്തിൽ പോരുക്കരയച്ചന് പ്രമേഹദിനം വർധിക്കുകയാൽ വൈദ്യവിധിപ്രകാരം അദ്ദേഹം ചൊവ്വരപ്പള്ളിയിൽ പോയി കുളിച്ചുതാമസിച്ചിരുന്നു. എന്നാൽ അതുകൊണ്ട് രോഗത്തിന് സാരമായ കുറവൊന്നും കാണാഞ്ഞതിനാൽ മാന്നാനത്തേക്ക് പോന്നു. അവിടെവച്ച് ആദ്യം അല്പം ശമനം ഉണ്ടായെങ്കിലും പിന്നീട് രോഗം വർധിക്കുകയാൽ വീണ്ടും കുളിച്ചുതാമസിക്കുന്നതിനായി ചൊവ്വരയ്ക്കുപോയി. അല്പം ആശ്വാസം കിട്ടിയപ്പോൾ വീണ്ടും മാന്നാനത്തേക്കു മടങ്ങി. എന്നാൽ ഇവിടെവച്ച് വീണ്ടും രോഗം വർധിക്കുകയും 1846 ജനുവരി 8-ാം നു ആ പാവനചരിതന്റെ ആത്മാവ് നിത്യസമ്മാനത്തിനായി പുറപ്പെടുകയും ചെയ്തു. പിറ്റേദിവസം മൃതശരീരം പൂജ്യമായി മാന്നാനം ആശ്രമദേവാലയത്തിൽ ഭൂദാനം ചെയ്യപ്പെട്ടു. ആശ്രമവാസികളും സ്നേഹിതരും അദ്ദേഹത്തിനുവേണ്ടി നാലു റാസകൾ ചൊല്ലിച്ചതിനും പുറമേ അന്നത്തെ നടപ്പനുസരിച്ച് വീട്ടുകാരുടെയും നാട്ടുകാരുടെയും താത്പര്യത്താൽ ഒരു മുപ്പതടിയന്തരം വീട്ടിൽ നടത്തുകയുമുണ്ടായി.

www.malankaralibrary.com

### പുതിയ സെമിനാരിക്കാരും ആദ്യ പട്ടംകൊടയും

അക്കാലത്ത് മുരിക്കൻ ചാണ്ടി, പാലാക്കുന്നേൽ ചാക്കോ, ചാക്കടവിൽ യൗസേപ്പ്, ചെറുകാട്ടുശ്ശേരിൽ തോമ്മാ, ആലപ്പുഴ കാഞ്ഞിരത്തുങ്കൽ കുരുവിള, നീലപ്പന പൗലോസ് എന്നീ ശെമ്മാശന്മാർ സന്ന്യാസജീവിതത്തിനായി മുകളിലത്തെ നിലയിൽ താമസിച്ചു പഠിച്ചു വന്നു. നീലപ്പന പൗലോസ് ശെമ്മാശന്റെ മാതാപിതാക്കന്മാർ അദ്ദേഹത്തിന്റെ കാര്യമെല്ലാം ചാവറയച്ചനെ ഏല്പിച്ചിരുന്നു. എന്നാൽ, മാതാപിതാക്കന്മാരുടെ മരണാന്തരം പ്രസ്തുത ശെമ്മാശൻ സന്ന്യാസജീവിതത്തിൽ നിന്ന് പിന്മാറി. ഇത് ചാവറയച്ചനു വല്ലാത്ത മനോവേദനയ്ക്ക് കാരണമായി. ഈയവസരത്തിൽ താഴത്തെ നിലയിൽ താമസിച്ചിരുന്നവരുടെ കൂട്ടത്തിൽനിന്ന് കുടകശ്ശേരിൽ ദേവസ്യാ കൊവേന്തയിൽ ചേർന്നതിനാൽ ചാവറയച്ചന്റെ ദുഃഖം ഏറക്കുറെ ശമിച്ചു. 1850 സെപ്റ്റംബറിൽ കടുത്തുരുത്തി ഇടവക കടവിൽ ആഗുസ്തീനോസ് ശെമ്മാശൻ വടയാറ്റുനിന്ന് മാന്നാനത്തു പഠിക്കാൻ വന്നു. അധികം താമസിയാതെതന്നെ കൊവേന്തയിൽ ചേരാനാഗ്രഹിച്ചു പഠിക്കുന്നവരുടെ കൂട്ടത്തിൽ അദ്ദേഹവും ചേരുകയുണ്ടായി. പ്രസ്തുതവർഷം ഒക്ടോബറിൽ ലുദുവിക്കോസ് മെത്രാൻ മാന്നാനത്തുവന്നു. അവിടെവച്ച് ചാവറ യൗസേപ്പിനും കാച്ചാംകോടത്ത് പീലപ്പോസിനും മറ്റൊരു വിദ്യാർഥിക്കും അദ്ദേഹം ആസ്ഥപ്പാടുപട്ടം കൊടുത്തു. അദ്ദേഹം മാന്നാനത്ത് ഒരു സെനിനാരി പണിയാൻ നിശ്ചയിക്കുകയും അതിനുള്ള സ്ഥലം തീരുമാനിക്കുകയും മുട്ടാറ്റിൽ ഒരു കുരിശുപള്ളി പണിയാൻ ചാവറയച്ചന് അനുവാദം നല്കുകയും ചെയ്തശേഷം വരാപ്പുഴക്കു മടങ്ങി.

### പ്രഥമാശ്രമവും ആദ്യപിതാക്കന്മാരും

മാന്നാനത്തെ നമ്മുടെ ഭവനം ഒരു ആശ്രമമായും അതിലെ നിവാസികളെ സന്ന്യാസികളായും അംഗീകരിച്ചുകിട്ടാൻ എല്ലാവരുംകൂടി അപേക്ഷിച്ചാൽ അക്കാര്യം സാധിച്ചുകൊടുക്കാമെന്ന് മെത്രാനച്ചൻ അറിയിച്ചിരുന്നു. അതനുസരിച്ച് ചാവറയച്ചന്റെ നേതൃത്വത്തിൽ ഒരപേക്ഷ അദ്ദേഹത്തിന് സമർപ്പിക്കപ്പെട്ടു. പ്രസ്തുത അപേക്ഷയിൽ രണ്ടുപേർ ഒഴിച്ച് ബാക്കിയുള്ളവരെല്ലാം ഒപ്പുവച്ചിരുന്നു.

പോരൂക്കരയച്ചനെയും ചാവറയച്ചനെയും അനുഗമിച്ച് മാന്നാനത്ത് ആദ്യമായി വന്നുചേർന്നത് പുളിങ്കുന്നു തോപ്പിൽ ഗീവർഗീസച്ചനായിരുന്നു. ഇത് 1838-ൽ ആയിരുന്നു. അതിനുശേഷം പ്രാസംഗികനെന്നു പരക്കേ അറിയപ്പെട്ടിരുന്ന കാഞ്ഞിരപ്പള്ളി പുത്തൻപുരക്കൽ

www.malankaralibrary.com

കുഞ്ഞക്കോ അച്ചനും 1842-ൽ പാലാ കളപ്പുരക്കൽ മത്തായി അച്ചനും 1846-ൽ വേറെ പലരും മാന്നാനത്തു വന്നുചേർന്നു. പോരൂക്കരയച്ചന്റെ ഇളയപ്പൻ ഈപ്പനും കോയിക്കര വീട്ടിൽനിന്നും വേറൊരാളും തുണ സഹോദരന്മാരായും വന്നുചേരുകയുണ്ടായി. ക്രമേണ ളാലം പുത്തൻപള്ളി ഇടവക മുഞ്ഞനാട്ടു മത്തായിയച്ചനും, കണിയാരകത്തു മാണിയച്ചനും പള്ളിപ്പുറത്ത് പാലക്കൽ കുര്യാക്കോസച്ചനും പാലാ കട്ടക്കയത്ത് ചാണ്ടിയച്ചനും പുളിംകുന്നുകളത്തിൽ സ്കറിയാശെമ്മാശനും അതിരമ്പുഴ കൊച്ചുപുരക്കൽ കുര്യാക്കോസച്ചനും കൈനകരി വല്യാറ യാക്കോബച്ചനും ഇവർക്കു പുറമേ നവസന്ന്യാസികളായി പല ശെമ്മാശന്മാരും സന്ന്യാസാർഥികളായി പല കുട്ടികളും സന്ന്യാസ ജീവിതം നയിക്കാൻവേണ്ടി മാന്നാനത്തുവന്നുചേർന്നു.

**ആദ്യകാലത്തെ ജീവിതക്രമവും പ്രവർത്തനങ്ങളും**

ഒരു സന്ന്യാസി സമൂഹത്തിനുവേണ്ടത്ര വൈദികരും നവസന്ന്യാസികളും അന്ന് മാന്നാനത്തുണ്ടായിരുന്നെങ്കിലും മേലധികാരികളാൽ അംഗീകൃതമായ ഒരു നിയമസംഹിത അവർക്കുണ്ടായിരുന്നില്ല. മൗറീലിയൂസ് മെത്രാൻ നിർദേശിച്ചുകൊടുത്ത ജീവിതക്രമങ്ങൾക്കനുസരണമായും പുസ്തകങ്ങളിൽ വായിച്ചു മനസ്സിലാക്കിയ ചില ക്രമങ്ങളനുസരിച്ചും അവർ ജീവിച്ചുവന്നു. പോരൂക്കരയച്ചന്റെ മരണശേഷം എല്ലാക്കാര്യങ്ങളിലും അവർ ചാവറയച്ചനെ അനുസരിച്ചുവന്നു. മെത്രാന്മാരെല്ലാം ഈ ജീവിതമുറയ്ക്ക് സമ്മതം നല്കിയിരുന്നു. ജപതപങ്ങൾ ഏകാന്തത മുതലായവയാൽ പ്രോജ്ജ്വലമായ ധ്യാനാത്മകജീവിതവും (contemplative life) ദൈവജനത്തിന്റെ ആത്മരക്ഷയ്ക്കായുള്ള മതപ്രബോധനം, ജ്ഞാനധ്യാനങ്ങൾ, പാപസങ്കീർത്തനം, സെമിനാരിപരിശീലനം എന്നിവ ഉൾക്കൊണ്ട കർമോത്സുക ജീവിതവും (active life) സമഞ്ജസമായി സമ്മേളിച്ചുകൊണ്ടുള്ള ഒരു ജീവിതമാണ് അവർ നയിച്ചിരുന്നത്.

വൈദികാധ്യക്ഷന്മാരുടെ കല്പനയനുസരിച്ച് അന്ന് അതിവിസ്തൃതമായിരുന്ന വരാപ്പുഴ രൂപതയിൽപ്പെട്ട നാനാദിക്കിലെയും പള്ളികളിൽപ്പോയി നാം പ്രസംഗിക്കുകയും ജ്ഞാനധ്യാനം നടത്തിക്കൊടുക്കുകയും ചെയ്തിരുന്നു. അക്കാലത്ത് സ്ത്രീകൾ ധ്യാനയോഗങ്ങളിൽ സംബന്ധിക്കുക പതിവില്ലായിരുന്നു. വിദൂരത്തുള്ളവർ ഭക്ഷണത്തിനുവേണ്ട ഏർപ്പാടുകൾ ചെയ്തുകൊണ്ട് സമീപവീടുകളിൽ താമസിച്ച് ധ്യാനത്തിൽ സംബന്ധിച്ചിരുന്നു. പ്രായശ്ചിത്തത്തിനായും സന്മാർഗ്ഗ

www.malankaralibrary.com

ശാസ്ത്രത്തിന്റെ പരീക്ഷയ്ക്കായും മറ്റും പല സ്ഥലങ്ങളിലുംനിന്ന് വൈദികാധ്യക്ഷന്മാർ ഓരോരോ വൈദികരെ മാന്നാനത്തേക്കയയ്ക്കുകയും നിശ്ചിത കാര്യനിർവഹണത്തിനുശേഷം അവർ മടങ്ങുകയും ചെയ്തിരുന്നു.

പാലക്കലച്ചന്റെ മരണശേഷം മാന്നാനത്തെ മല്പാൻതന്നെയാണ് പള്ളിപ്പുറം സെമിനാരിയിലെയും കാര്യങ്ങൾ നോക്കുകയും ശെമ്മാശന്മാർക്കു പട്ടം കൊടുപ്പിക്കുകയും ചെയ്തിരുന്നത്. എന്നാൽ ഈ സ്ഥിതി അധികനാൾ നീണ്ടുനിന്നില്ല. ക്രമേണ പള്ളിപ്പുറം സെമിനാരി മാന്നാനം സെമിനാരിയിൽ ലയിച്ചു. ഇപ്രകാരം വൈദീകരും ശെമ്മാശന്മാരും മറ്റും സന്ന്യാസജീവിതം കഴിച്ചുകൊണ്ടിരിക്കുമ്പോൾ വരാപ്പുഴ വികാരി അപ്പസ്തോലിക്കായെ റോമിലേക്ക് വിളിക്കുകയും 1853 -ൽ അദ്ദേഹം അങ്ങോട്ടു പോവുകയും ചെയ്തു. വരാപ്പുഴ വികാരിയാത്തിലെ പള്ളികൾ ഭരിക്കാൻ കൊല്ലം വികാരി അപ്പസ്തോലിക്കാ ആയിരുന്ന ബെർണർദീനോസു മെത്രാനെ ആദ്യം അഡ്മിനിസ്ട്രേറ്ററായും പിന്നീട് സ്ഥിരം വികാരി അപ്പസ്തോലിക്കയായും റോമിൽനിന്ന് നിശ്ചയിച്ചു. പുതിയ മെത്രാന്റെ നിർദേശപ്രകാരം ചാവറയച്ചൻ മാന്നാനത്തെ ദിനചര്യ എഴുതി അദ്ദേഹത്തിനു സമർപ്പിച്ചു. തന്റെ മൂന്നു വർഷത്തെ പരിചയവും പരിജ്ഞാനവുംകൊണ്ട് മാന്നാനത്തെ സന്ന്യാസജീവിതത്തെപ്പറ്റിയും അതുവഴി ദൈവജനത്തിനും വൈദികഗണത്തിനും ഉണ്ടായിക്കൊണ്ടിരുന്ന നന്മകളെയും കുറിച്ചും മെത്രാനച്ചന് അത്യധികം മതിപ്പും സ്നേഹവും ഉളവായിരുന്നു.

പ്രാർഥനയുടെയും പഠനത്തിന്റെയും ഫലമായും അവയുടെ അരൂപിയിലും കരുപ്പിടിച്ച അന്നത്തെ ദിനചര്യ ഇതായിരുന്നു: രാവിലേ 5 മണിക്ക് എല്ലാവരും നിദ്രവിട്ടെഴുന്നേല്ക്കുന്നു. ഉദയാരാധനയ്ക്കുശേഷം പട്ടക്കാർ കാനോൻജപം ജപിക്കുന്നു. അനന്തരം എല്ലാവരും കൂടി ജപമാലയുടെ സന്തോഷരഹസ്യങ്ങളും ന. കർത്താവിന്റെ അഞ്ചു തിരുമുറിവിന്റെയും വ്യാകുലമാതാവിന്റെയും പ്രാർഥനകളും കന്യാത്വ സംരക്ഷണത്തിനും, നന്മരണലബ്ധിക്കുമായി വിശുദ്ധ യൗസേപ്പിനോടുള്ള ജപങ്ങളും ചൊല്ലുന്നു. ഉടനേ വൈദികൻ ബലിയർപ്പിക്കുകയും, സകല വിശുദ്ധരോടുള്ള ലുത്തിനിയാ ജപിക്കുകയും പിന്നീട് എല്ലാവരും പഠനത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. 12 മണിക്ക് വൈദികഗണം മുഴുവനും ഏകോപിച്ച് ജപമാലയുടെ ദുഃഖത്തിന്റെ രഹസ്യങ്ങളും തിരുമുറിവിന്റെ പ്രാർഥനയും മാർ യൗസേപ്പ് പിതാവിന്റെ സന്താ

www.malankaralibrary.com

പസന്തോഷജപങ്ങളും മറ്റും നടത്തിയശേഷം സന്ന്യാസികളും സെമിനാരിക്കാരും വെവ്വേറെ ഭക്ഷണത്തിനായി പോകുന്നു. വൈകീട്ട് ഒന്നുരണ്ടു ചെറിയ ജപങ്ങൾ ചൊല്ലിയശേഷം ധ്യാനവും, അനന്തരം മാതാവിന്റെ ലുത്തിനിയായും ജപമാലയുടെ മഹിമരഹസ്യങ്ങളും തിരുമുറിവിന്റെയും ഉത്തരീയ മാതാവിന്റെയും ജപങ്ങളും നടത്തിയിട്ട് കുറെ സമയം പഠനത്തിനായി വിനിയോഗിക്കുന്നു. അമ്പതുനോമ്പുദിവസങ്ങളിൽ അർധരാത്രിവരെയും ഭക്തകൃത്യങ്ങൾക്കായി വിനിയോഗിച്ചിരുന്നു.

മാന്നാനത്തെ ഈ ഭക്തസമൂഹത്തിന് അവരുടെ അപേക്ഷാനുസരണം ഒരു നിയമാവലി നല്കി ഒരു സന്ന്യാസസഭയായി ഉയർത്തുന്നതിനു തീരുമാനിച്ച ബെർണർദീനോസ് മെത്രാൻ, ഇതിലേക്ക് ആശീർവാദവും അംഗീകരവും അഭ്യർഥിച്ചുകൊണ്ട് 1855 സെപ്റ്റംബർ 28-ാം നു മാർപാപ്പായ്ക്ക് ഒരു അപേക്ഷ അയച്ചിരുന്നു. അതിനു പ്രൊപ്പഗാന്ത തിരുസംഘം 1855 ഡിസംബർ 12-ാം ന് ഒരു മറുപടി അയച്ചുകൊടുക്കുയുമുണ്ടായി. പൗരസ്ത്യസഭയ്ക്കുവേണ്ടിയുള്ള ജനറൽ കോൺഗ്രിഗേഷൻവക Scripturae Originali (മൂലലിഖിതങ്ങൾ) എന്ന രേഖാസഞ്ചയത്തിൽ 1877-ൽ കാർഡിനൽ റഫേലെ ഉൾപ്പെടുത്തിയ ഈ കത്തുകളുടെ മലയാള വിവർത്തനം കീഴേ ഉദ്ധരിക്കുന്നു:-

## റോമിലേക്കുള്ള മെത്രാനച്ചന്റെ അപേക്ഷയും അതിനുള്ള മറുപടിയും അനന്തര നടപടികളും

### i. റോമിലേക്കുള്ള മെത്രാനച്ചന്റെ അപേക്ഷ

"ഈ വികാരിയാത്തിൽ പല വർഷങ്ങളായി നിലവിലിരിക്കുന്ന ഒരു കൊവേന്തയിൽ അഥവാ ഏകാന്തതയിൽ വസിച്ചുവരുന്ന കത്തനാർമാർ അതിന് ഒരു നിയമവും ഒരു സന്ന്യാസസഭയുടെ രൂപവും നല്കണമെന്ന് എന്നോട് ആവശ്യപ്പെട്ടിരിക്കുന്നു. അതിനാൽ, ഫാദർ മർസല്ലീനോയുടെ... (*)... സഹായത്തോടുകൂടെ, പാത്രിയാർക്കീസായിരുന്ന വിശുദ്ധ അൽപർത്തോസ് നല്കിയ ഞങ്ങളുടെ റേഗുളയും ആളുകളുടെയും ദേശത്തിന്റെയും സാഹചര്യങ്ങൾക്കുതകുംവിധം കുറക്കേണ്ടവ കുറച്ചും കൂട്ടേണ്ടവ കൂട്ടിയും മിതപ്പെടുത്തേണ്ടവ മിതപ്പെടു

(* വിട്ടുകളഞ്ഞിരിക്കുന്ന ഈ ഭാഗം പില്ക്കാലത്ത് മെത്രാനായിത്തീർന്ന മർസെല്ലീനോസ് മിഷനറിയുടെ വ്യക്തിപരമായ ചില കഴിവുകളെ മാത്രം സ്പർശിക്കുന്നതാണ്).

www.malankaralibrary.com

ത്തിയും ഞങ്ങളുടെ നിയമാവലിയും ഇതിലേക്ക് അവർക്കു നല്കാൻ ഞാൻ ഉദ്ദേശിക്കുന്നു. ഈ സമൂഹത്തിന്റെ ലക്ഷ്യം അവരുടെ മാത്രമല്ല, ക്രൈസ്തവരുടെ അതായത് ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ ആധ്യാത്മികക്ഷേമം ആവശ്യപ്പെടുന്നു. ഡിസംബർ 8-ാംനു ഈ സ്ഥാപനത്തിനു രൂപംനല്കാൻ ഞാനുദ്ദേശിക്കുന്നു. ആ ദിവസം അവർ തങ്ങളുടെ സാമാന്യവ്രതങ്ങൾ വാഗ്ദാനംചെയ്യുന്നതും സന്ന്യാസാനുഷ്ഠാനങ്ങൾ ആരംഭിക്കുന്നതുമാണ്. ഈ സന്ദർഭത്തിൽ ഈ കത്തനാർമാരുടെ നാമത്തിൽക്കൂടെയും അവിടത്തെ പരിശുദ്ധിയിൽനിന്നും തിരുസംഘത്തിൽനിന്നും അംഗീകാരവും ആശീർവാദവും ഞാൻ വിനയപൂർവം അപേക്ഷിച്ചുകൊള്ളുന്നു."

**ii. മെത്രാനുള്ള പ്രൊ. തിരുസംഘത്തിന്റെ മറുപടി.**

"പ്രസ്തുത കൊവേന്തയിലെ കത്തനാർമാരെ പ്രചോദിപ്പിക്കുന്ന ചൈതന്യത്തിലും യഥാർഥവും നിയമനിഷ്ഠവുമായ അനുഷ്ഠാനങ്ങൾക്കു സ്വയം വിധേയരാകുന്നതിനുള്ള അവരുടെ അഭിലാഷത്തിലും ഞാൻ സവിശേഷം സന്തോഷിക്കുന്നു. അവർക്കു ഗുണപ്രദമായ ഒരു നിയമസംഹിത നല്കുന്നതിൽ അവിടന്നു പ്രദർശിപ്പിച്ചിട്ടുള്ള ഔത്സുക്യത്തെ എനിക്കു പ്രശംസിക്കാതിരിക്കാൻ വയ്യാ. ഈ നിയമ സംഹിത പിന്നീടു പരിചിന്തനത്തിനും ഉപരി അംഗീകാരത്തിനും വിധേയമാക്കാവുന്നതാണ്. എന്നാലിപ്പോൾ പ്രശംസനീയമായ ഈ സംരംഭത്തിൽ പരിശുദ്ധപിതാവിനുള്ള സംതൃപ്തിയെയും അതോടു സഹകരിക്കുന്നതിൽ ഈ തിരുസംഘത്തിനുള്ള അതീവ താത്പര്യത്തെയുംപറ്റി ഞാൻ ഈ കത്തനാർമാർക്കും ഉറപ്പുനല്കിക്കൊള്ളുന്നു."

അധികം താമസിയാതെ ബെർണർദീനോസ് മെത്രാനച്ചൻ കർമെലീത്താ ഒന്നാംസഭയുടെ നിയമങ്ങളിൽനിന്നും ക്രമചട്ടങ്ങളിൽനിന്നും പലതെല്ലാം എടുത്തും ചിലതെല്ലാം ഭേദഗതിചെയ്തും ക്രമപ്പെടുത്തിയ ക്രമചട്ടം അന്ന് (1885-ൽ) ലത്തീൻ പഠിക്കാനും പള്ളികളിൽ പ്രസംഗിക്കാനുമായി വരാപ്പുഴ താമസിച്ചിരുന്ന കട്ടക്കയത്തിൽ ചാണ്ടിയച്ചൻ വഴി ചാവറയച്ചന് അയച്ചു. അതോടൊന്നിച്ചു, "ഈ ക്രമചട്ടത്തിൽ എഴുതപ്പെട്ടിട്ടുള്ളതെല്ലാം മാന്നാനത്തു സന്ന്യാസികളാകാൻ ആഗ്രഹിച്ചുപാർക്കുന്ന എല്ലാവരെയും വായിച്ചുകേൾപ്പിക്കണം. അതിന്മേൽ ദീർഘാലോചനകഴിച്ച് ഓരോരുത്തരും സ്വതന്ത്രമനസ്സോടുകൂടെ തിരഞ്ഞെടുക്കേണ്ടതാകയാൽ അതിനിടയുണ്ടാകണം. നല്ലമനസ്സും ഉറപ്പും ഉള്ളവരെമാത്രം സഭയിൽ ചേർത്താൽമതി" എന്നും മറ്റും വിവരിക്കുന്ന

www.malankaralibrary.com

ഒരു കല്പനയും അയച്ചിരുന്നു. കല്പനപ്രകാരം ചാവറയച്ചൻ ഈ ക്രമചട്ടങ്ങൾ മാന്നാനത്തുണ്ടായിരുന്നവരെ പലപ്രാവശ്യം വായിച്ചു കേൾപ്പിച്ചു.

**നോമ്പുകാലത്തെ പ്രതിദിനോപവാസത്തിൽനിന്നുള്ള ഒഴിവ്**

കേട്ടവരിൽ പലരും അതിൽ കല്പിച്ചിരിക്കുന്ന ഉപവാസം, മൗനം, ഏകാന്തത എന്നിവയുടെ അനുഷ്ഠാനങ്ങളെപ്പറ്റി അധൈര്യരായിത്തുടങ്ങി. ഇരുപത്തഞ്ചുനോമ്പിന്റെയും അമ്പതുനോമ്പിന്റെയും എല്ലാ ദിവസങ്ങളിലും ഉപവാസമനുഷ്ഠിക്കണം എന്ന് അതിൽ നിശ്ചയിച്ചിരുന്നു. എന്നാൽ, ആണ്ടിൽ ഒമ്പതു തവണമാത്രമേ ഉപവാസം അനുഷ്ഠിക്കാൻ മലയാളത്തുകാർക്ക് കടമയുള്ളുവെന്നും മറ്റുദിവസങ്ങളിൽനിന്ന് പരിശുദ്ധ സിംഹാസനം ഒഴിവ് നല്കിട്ടുണ്ടെന്നും ചാവറയച്ചൻ ബെർണർദിനോസ് മെത്രാനെ അറിയിച്ചു. അതിനുള്ള രേഖ കാണിക്കണമെന്നും അതുവരെയും ഉദയമ്പേരൂർ സൂനഹദോസിലെ നിയമമനുസരിച്ച് നോമ്പുകാലത്തിലെ എല്ലാദിവസവും ഉപവാസമനുഷ്ഠിക്കണമെന്നും മെത്രാൻ കല്പിച്ചു.

കൊടുങ്ങല്ലൂർ രൂപതാധ്യക്ഷന്മാർ ഈ സംഗതിയിൽ ഒഴിവുവാങ്ങിയിട്ടുണ്ടായിരുന്നു. അതിന്റെ രേഖകൾ പുത്തൻചിറപള്ളിയിൽനിന്നു വാങ്ങി ചാവറയച്ചൻ മെത്രാനെ ഏല്പിച്ചു. പ്രസ്തുത അനുവാദം പോർട്ടുഗീസുമെത്രാന്റെ അധീനതയിലിരുന്ന ഇൻഡ്യയിലെ ലത്തീൻ റീത്തുകാർക്കുവേണ്ടിയുള്ളതോ അല്ലെങ്കിൽ ഇവിടത്തെ സുറിയാനികാർക്കു വേണ്ടിയുള്ളതോ എന്ന കാര്യത്തിൽ സംശയം ഉദിച്ചു. അതിനാൽ മെത്രാൻ റോമിലേയ്ക്ക് എഴുതി വിവരം ചോദിച്ചു. അതിന്, പ്രസ്തുത അനുവാദം ലത്തീൻകാർക്കുവേണ്ടിയാണെന്നും, എന്നാൽ സുറിയാനിക്കാർ അത് തങ്ങൾക്കു ലഭിച്ചതാണെന്ന ഉത്തമ വിശ്വാസത്തിൽ ഉപയോഗിച്ചിരുന്നതിനാൽ 9-ാം പീയൂസ് മാർപാപ്പാ, കേരളത്തിലെ സുറിയാനിക്കാരെയും പ്രസ്തുത അനുവാദപരിധിയിൽ പെടുത്തിയിരിക്കുന്നുവെന്നും കാണിച്ച് 1856-ൽ മറുപടി ലഭിച്ചു. ഈ വിവരം വരാപ്പുഴനിന്ന് വികാരി അപ്പസ്തോലിക്കാ ചാവറയച്ചനെ അറിയിച്ചു. മേല്പറഞ്ഞ ഉപവാസദിവസങ്ങളിൽ, ആവശ്യമുള്ളവർക്ക് പ്രത്യേക ഭക്ഷണം കഴിക്കുന്നതിനും ആവശ്യമെന്നുകണ്ടാൽ രോഗികൾക്കും ക്ഷീണിതർക്കും ഉപവാസത്തിൽനിന്ന് ഒഴിവ് നല്കുന്നതിനും അനുവദിക്കാൻ ചാവറയച്ചന് ശാശ്വതമായ അധികാരം നല്കുന്ന ഒരു കല്പനയും അതോടൊപ്പം അദ്ദേഹത്തിന് അയച്ചിരുന്നു.

www.malankaralibrary.com

# അധ്യായം രണ്ട്

## സഭയുടെ കാനോനിക സ്ഥാപനവും വളർച്ചയും

### ആദ്യവ്രതാനുഷ്ഠാനം

1855 ഡിസംബർ 8-ാംനു അമലോദ്ഭവമാതാവിന്റെ തിരുനാൾദിവസം ഈ സന്ന്യാസസഭയുടെ ഉദ്ഘാടനം ആഘോഷപൂർവം നിർവഹിച്ച് പുതിയ ക്രമച്ചട്ടങ്ങൾ നടപ്പിൽ വരുത്തണമെന്നും സഭയിൽ സ്ഥിരമായി നില്ക്കാൻ മനസ്സുള്ളവർ അന്നുതന്നെ തങ്ങളുടെ സന്ന്യാസവ്രതങ്ങൾ ദൈവത്തിന് സമർപ്പിക്കണമെന്നും നിശ്ചയിച്ചു. അതനുസരിച്ച് കാര്യങ്ങളെല്ലാം ശരിപ്പെടുത്തുന്നതിന് മെത്രാൻ മർസലീനോസ് മിഷനറിയെ മാന്നാനത്തേക്കയച്ചു. ഇദ്ദേഹം മാന്നാനത്തുവന്ന് സന്ന്യാസവ്രതങ്ങളനുഷ്ഠിക്കാനുള്ളവർക്ക് പത്തുദിവസത്തെ ധ്യാനം നടത്തുകയും, നല്ല ഉറപ്പും സ്ഥിരതയുമുള്ളവർമാത്രം സഭയിൽ ചേർന്നാൽ മതിയെന്ന കല്പന ഒരിക്കൽക്കൂടി ആവർത്തിച്ചറിയിക്കുകയും ചെയ്തു.

ധ്യാനാരംഭത്തോടെ ക്രമചട്ടങ്ങളിൽ പ്രധാനമായി നിർദേശിച്ചിരുന്ന മൗനം, ആവൃതി എന്നിവ സംബന്ധിക്കുന്ന നിയമങ്ങൾ കൃത്യമായി അനുഷ്ഠിച്ചുതുടങ്ങി. ആവൃതിനിയമം ഒരു പുതുമയായി പലർക്കും തോന്നി. ധ്യാനശേഷം രണ്ട് അച്ചന്മാരും എട്ട് ശെമ്മാശന്മാരും ഒരു ബാലനും ക്രമചട്ടാനുസരണം ദുർവഹമെന്നുപറഞ്ഞ് അതിൽ നിന്നു പിൻവാങ്ങി. അച്ചന്മാരിൽ ഒരാൾ വീണ്ടും സഭയിൽ പ്രവേശിച്ചെങ്കിലും അധികനാൾ നിലനിന്നില്ല. ദുഃഖവിവശനായ ചാവറയച്ചൻ സഭയിൽനിന്ന് പിരിഞ്ഞുപോയവരുടെകാര്യം മെത്രാനച്ചനെ അറിയിച്ചു. ഇതെപ്പറ്റി ദുഃഖിക്കേണ്ടതില്ലെന്നും ഈ അജഗണത്തിനുവേണ്ടി താൻ പ്രാർഥിക്കുന്നുണ്ടെന്നും മെത്രാനച്ചൻ അതിന് മറുപടി നല്കി.

നിർദിഷ്ഠദിവസം വ്രതാനുഷ്ഠാനം നിർവഹിച്ചവർ താഴെപറയുന്നവരാണ്:- 1. ചാവറ കുര്യാക്കോസച്ചൻ, 2. തോപ്പിൽ ഗീവർഗീസച്ചൻ, 3. പോരൂക്കര കുര്യാക്കോസച്ചൻ, 4. കൊച്ചുപുരക്കൽ കുര്യച്ചൻ, 5. മുഞ്ഞനാട്ടു മത്തായിഅച്ചൻ, 6. കളപ്പുരക്കൽ മത്തായിഅച്ചൻ, 7. വല്യാറ യാക്കോബച്ചൻ, 8. കണിയാരകത്തു മാണിയച്ചൻ, 9. പാലക്കൽ കുര്യച്ചൻ, 10. കട്ടക്കയത്തിൽ ചാണ്ടിയച്ചൻ, 11. കളത്തിൽ സ്കറിയാച്ചൻ. ഇവരുടെ ശ്രേഷ്ഠനായിരുന്ന ചാവറ കുര്യാക്കോസച്ചൻ സഭാനിയമപ്രകാരം കുര്യാക്കോസ് ഏലിയാസ് എന്ന നാമം സ്വീകരിച്ചു.

www.malankaralibrary.com

ഈ പതിനൊന്നു പേരോടൊത്ത് വ്രതമനുഷ്ഠിക്കാനുള്ള ആളായിരുന്നു വലപ്പാട്ട് ഇടവക നെല്ലിശ്ശേരി തോമ്മാച്ചൻ. എന്നാൽ വാതരോഗംമൂലം അദ്ദേഹത്തിനതു സാധിച്ചില്ല. ശെമ്മാശ്ശന്മാരിൽ പാറപ്പുറത്തു വർക്കിയും (ആമ്പല്ലൂർ) തോപ്പിൽ ചാണ്ടപ്പിള്ളയും (പുളിംകുന്ന്), കുട്ടികൾ കാനാട്ടുപൗലോസ് (കോന്തുരുത്തി), പാലാക്കുന്നേൽ ചാക്കോ (നെടുംകുന്നം), കൊടുപാടത്തു മാത്തൻ (പുളിംകുന്ന്), തളിയത്തു വർക്കി (വരാപ്പുഴ), നെല്ലിശ്ശേരി തോമ്മാ (വലപ്പാട്ട്), എന്നിവർ സഭയിൽ സ്ഥിരമായി നില്ക്കാൻ തയ്യാറായി. പുത്തൻപുരക്കൽ കുഞ്ഞാക്കോ അച്ചൻ രണ്ടുവർഷംമുമ്പ് മരണമടഞ്ഞിരുന്നു. ഈ ന്യായപ്രമാണത്താൽതന്നെ ചാവറകുര്യാക്കോസ് ഏലിയാസച്ചനെ സഭയുടെ പ്രിയോർ സ്ഥാനത്തേക്ക് നിയമിക്കുകയും, അദ്ദേഹത്തിനും കീഴുള്ളവർക്കുമായി പ്രസ്തുത ന്യായപ്രമാണം നല്കപ്പെടുകയും ചെയ്തു.

അന്ന് സഹായസഹോദരന്മാരായി ചിലരെല്ലാം ഉണ്ടായിരുന്നെങ്കിലും അവരെ സന്ന്യാസികളായി സ്വീകരിച്ചിരുന്നില്ല.

വ്രതം അനുഷ്ഠിക്കാനുള്ള അച്ചന്മാർ അതിനുള്ള ഒരുക്കങ്ങളെല്ലാം ചെയ്തു തയ്യാറായി. അവർക്കു നല്കപ്പെട്ട സന്ന്യാസ വസ്ത്രങ്ങൾ വൈദികർക്ക് തുകൽ വാറുകൊണ്ടുള്ള അരക്കെട്ടും, ളോവയ്ക്കകത്ത് കപില നിറത്തിലുള്ള ചെറിയ ഉത്തരീയവും നവ സന്ന്യാസികൾക്ക് അരക്കെട്ടില്ലാതെ ളോവയ്ക്കകത്ത് മേല്പറഞ്ഞതരം ഉത്തരീയവും ആയിരുന്നു. സന്ന്യാസാർഥികളുടെ വസ്ത്രം നിലയങ്കിയും.

വ്രതാനുഷ്ഠാനദിവസം സമാഗതമായി. പാട്ടുപൂജയ്ക്കുമുമ്പ് പ്രിയോർ കുര്യാക്കോസ് ഏലിയാസച്ചനും അനന്തരം ശേഷമുള്ളവരും വ്രതം ചെയ്യണമെന്നായിരുന്നു മുൻനിശ്ചയം. അതനുസരിച്ച് എല്ലാവരും പ്രദക്ഷിണമായി പള്ളിയിലേക്കുപോയി. അരക്കെട്ടില്ലാത്ത ളോവ ധരിച്ചും തുകൽവാർ, ചെറിയ ഉത്തരീയം, വ്രതവാചകം എഴുതിയ കടലാസ് എന്നിവ കയ്യിൽപിടിച്ചും വ്രതമനുഷ്ഠിക്കാനുള്ളവർ പ്രദക്ഷിണത്തിൽ പങ്കുകൊണ്ടും പ്രയോരച്ചന്റെ വ്രതം സ്വീകരിക്കാൻ അധികാരപ്പെടുത്തി അയയ്ക്കപ്പെട്ടിരുന്ന മർസ്ലീനോസ് മിഷനറിയുടെ മുമ്പിൽ ചാവറയച്ചൻ മുട്ടുകുത്തി. തത്സമയം കാർമികൻ സന്ന്യാസജീവിതത്തെയും വ്രതങ്ങളെയുംപറ്റി ഒരു പ്രസംഗം പറഞ്ഞു. അതിനുശേഷം ചാവറയച്ചൻ തന്റെ വ്രതങ്ങൾ ദൈവത്തിനു സമർപ്പിച്ചു. അനന്തരം സന്ന്യാസവസ്ത്രങ്ങൾ ക്രമപ്രകാരം സ്വീകരിച്ചിട്ട് വ്രതാനുഷ്ഠായി സാഷ്ടാംഗം പ്രണമിച്ചു കിടക്കുകയിൽ മറ്റുള്ളവർ കൃതജ്ഞ

www.malankaralibrary.com

താസ്തോത്രങ്ങൾ ആലപിച്ചുകൊണ്ടിരുന്നു. അതിനുശേഷം പ്രിയോരച്ചനെ പ്രദക്ഷിണമായി അദ്ദേഹത്തിന്റെ മുറിയിൽ കൊണ്ടുചെന്നാക്കി. പിന്നീടുനടന്ന പാട്ടുപൂജയ്ക്കുശേഷം മറ്റ് പത്തുപേരും മുൻപറഞ്ഞ ക്രമത്തിൽ വ്രതമനുഷ്ഠിച്ചു. അവരുടെ വ്രതം സ്വീകരിച്ചത് ശ്രേഷ്ഠനായ ചാവറയച്ചനായിരുന്നു.

പുതിയ ക്രമചട്ടങ്ങൾ പറഞ്ഞുപഠിപ്പിക്കുന്നതിനും ഭക്ഷണമുറകൾ, ഭക്ഷണശാലയിൽ അഭ്യസിക്കേണ്ട പ്രായശ്ചിത്തങ്ങൾ ഇവ അഭ്യസിപ്പിക്കുന്നതിനുംവേണ്ടി പ്രസ്തുത മിഷനറിയച്ചൻ കുറെനാൾ മാന്നാനത്തു താമസിച്ചു. എല്ലാവരും പത്തുമാസത്തോളം ഏകാന്തതയിൽ കഴിച്ചു. "അമലോദ്ഭവ കർമലമാതാവിന്റെ ശുശ്രൂഷികൾ" എന്ന നാമധേയമാണ് അന്ന് സഭയ്ക്കുണ്ടായിരുന്നത്.

### വല്യാറ അച്ചന്റെ ചരമം

മേല്പറഞ്ഞ അച്ചന്മാർ വ്രതമെടുത്ത് ക്രമങ്ങളനുഷ്ഠിച്ചുതുടങ്ങിയതിനുശേഷം ഡിസംബർ 10-ാംനു വല്യാറ ചാക്കോച്ചന് പനിയും ഛർദിയും തുടങ്ങി. അത് മസൂരിയാണെന്നു കാണുകയാൽ അദ്ദേഹത്തെ മറ്റൊരു സ്ഥലത്തേക്കു മാറ്റിയിട്ട് ശുശ്രൂഷയ്ക്കായി ഒരു വൈദ്യനെ ഏർപ്പെടുത്തി. പല വൈദികരും അദ്ദേഹത്തെ പരിചരിച്ചിരുന്നു. രോഗം വർധിച്ചപ്പോൾ സെമിനാരിക്കാരെയെല്ലാം വീടുകളിലേക്കയച്ചു. ആശ്രമത്തിൽ രോഗശാന്തിക്കായി പ്രത്യേകം പ്രാർഥനകൾ നടത്തി. 23-ാംനു ആയപ്പോഴേക്കും രോഗം വർധിക്കുകയാൽ അന്ത്യകൂദാശകളെല്ലാം നല്കി. 24-ാംനു അദ്ദേഹത്തിനുവേണ്ടി തോപ്പിൽ ഗീവർഗീസച്ചൻ ചൊല്ലിയ കുർബാനയുടെ സമയത്ത് സുബോധത്തോടുകൂടെ ക്രൂശിതരൂപം ചുംബിച്ചുകൊണ്ട് അദ്ദേഹം മരണം പ്രാപിച്ചു. അന്നുതന്നെ മൃതശരീരം സാഘോഷം മാന്നാനത്ത് സംസ്കരിക്കപ്പെട്ടു.

### മാന്നാനത്തെ മണി വെഞ്ചരിപ്പ്

1856-ൽ മെത്രാനച്ചൻ കുറെനാൾ മാന്നാനത്തുവന്നു താമസിച്ചു. അതിനിടയിൽ ചിലർക്കെല്ലാം ചെറിയ പട്ടങ്ങൾ നല്കുകയുണ്ടായി. അദ്ദേഹം മാന്നാനത്തെ മണി കണ്ടപ്പോൾ യൂറോപ്പിലെ രീതിയനുസരിച്ച് പേരിട്ട് അഭിഷേകം ചെയ്യണമെന്നും അങ്ങനെ ചെയ്താൽ അതു ശ്രവിക്കുന്ന ജനങ്ങൾക്ക് വളരെയധികം നന്മയുണ്ടാകുമെന്നും പൈശാചികപീഡകൾ, ഇടി, വസന്ത മുതലായവയിൽനിന്ന് അവർ രക്ഷ പ്രാപിക്കുമെന്നും പാപികൾ അതുവഴി മാനസാന്തരപ്പെടുമെന്നും അറിയി

www.malankaralibrary.com

ക്കുകയുണ്ടായി. അതനുസരിച്ച് ഫെബ്രുവരി 9-ാംനു മണിയുടെ അഭിഷേകം നടന്നു. യൗസേപ്പെന്ന നാമം അതിന് നല്കപ്പെടുകയും പ്രസ്തുതനാമം അതിന്മേൽ കൊത്തിവയ്ക്കുകയും ചെയ്തു.

**കൂനമ്മാവ് നൊവിഷ്യേറ്റ്**

സുറിയാനിക്കാർക്ക് മാന്നാനത്തുള്ളതുപോലെ ലത്തീൻകാരെ ഉദ്ദേശിച്ച് വികാരി അപ്പസ്തോലിക്കാ ഒരു ആശ്രമം കൂനമ്മാവിൽ പണികഴിപ്പിച്ചു. എങ്കിലും അതിലേക്ക് നവസന്ന്യാസികളെ ലഭിക്കുക പ്രയാസമാണെന്നു കാണുകയാൽ പ്രസ്തുതഭവനം മാന്നാനത്തിന്റെ ഒരു ശാഖാഭവനമെന്ന നിലയിൽ 1857 ഓഗസ്റ്റിൽ അദ്ദേഹം ചാവറയച്ചനെ ഏല്പിച്ചു. ഇങ്ങനെ കൂനമ്മാവിലും സഭവക ഒരാശ്രമം ആരംഭിച്ചതോടെ അവിടെയും അർഥികളെ സ്വീകരിച്ചു താമസിപ്പിച്ചുതുടങ്ങി. കുത്തിയതോട് ചിറക്കൽ മണവാളൻ പൗലോസച്ചൻ, കോന്തുരുത്തി കാനാട്ടു യാക്കോബച്ചൻ, മൂഴിക്കുളത്ത് ഇരുമ്പൻ ഗീവർഗീസ്, പുത്തൻവേലിക്കര വാഴപ്പിള്ളി ലോനാ, ഞാറയ്ക്കൽ ശങ്കൂരിക്കൽ പൗലോസ്, കോന്തുരുത്തി കൊടിയൻ ആഗുസ്തി, കാനാട്ടു പൗലോസ്, ഒല്ലൂർ കല്ലൂക്കാരൻ വാറുണ്ണി, എരിഞ്ഞേരി തോമ്മൻ എന്നിവരെല്ലാം കൂനമ്മാവിൽ വന്നു സഭയിൽ ചേർന്നവരിൽപ്പെടുന്നു.

**കണിയാരകത്തച്ചന്റെ സഭാ ബഹിഷ്കരണം**

ആയിടയ്ക്ക് അങ്കമാലിപ്പള്ളിയിലുണ്ടായ കുഴപ്പങ്ങൾ തീർക്കുന്നതിനുവേണ്ടി മാന്നാനത്തെ വ്രതാനുഷ്ഠായികളിൽ ഒരാളായ കണിയാരകത്ത് മാണിയച്ചനെ മെത്രാനച്ചൻ 1857-ൽ അവിടത്തെ വികാരിയായി നിയമിച്ചു. അന്ന് അവിടത്തെ പള്ളിയോഗക്കാർ രണ്ടു കക്ഷികളായി തിരിഞ്ഞിരുന്നു. പഞ്ഞിക്കാരൻ കുഞ്ഞിത്തൊമ്മൻ, പറൂക്കാരൻ യൗസേപ്പ് എന്നിവരായിരുന്നു ഓരോ കക്ഷിയിലെയും നേതാക്കൾ. ജോലിയിൽ പ്രവേശിച്ചു കുറെ കഴിഞ്ഞപ്പോൾ മാണിയച്ചനു മനസ്സിലായി കുഴപ്പങ്ങളുടെയെല്ലാം ഉത്തരവാദി കുഞ്ഞിത്തൊമ്മനാണെന്നും ന്യായങ്ങൾ പറൂക്കാരന്റെ പക്കലാണെന്നും എന്നാൽ പഞ്ഞിക്കാരൻ മെത്രാന്റെ സെക്രട്ടറിയുടെ സഹായത്തോടുകൂടെ തനിക്കനുകൂലമായ ഒരു കല്പന മെത്രാനിൽനിന്നുംവാങ്ങി വികാരിയച്ചനെ ഏല്പിച്ചു. സംഗതികളുടെ സത്യാവസ്ഥ അറിയാതെ നല്കിയ കല്പനയാകയാൽ അത് അനുസരിക്കേണ്ടതില്ലെന്നു കരുതി മാണിയച്ചൻ ആ കല്പന അനുസരിച്ചൊന്നും പ്രവർത്തിച്ചില്ല. ഈ വിവരം പഞ്ഞിക്കാരൻ മെത്രാനെ ധരിപ്പിച്ചു. അദ്ദേഹം മാണിയച്ചനെ വിളിപ്പിച്ച് കല്പന അനു

www.malankaralibrary.com

സരിക്കാത്തകുറ്റം അദ്ദേഹത്തിൽ ആരോപിച്ച് സഭയിൽനിന്നു നിഷ്കാസനം ചെയ്തു. മഞ്ഞപ്ര വികാരിയായി അദ്ദേഹത്തെ സ്ഥലംമാറ്റുകയുമുണ്ടായി. കുറെ കഴിഞ്ഞതിനുശേഷമാണ് സംഗതികളുടെ യാഥാർഥ്യം മെത്രാനച്ചൻ ഗ്രഹിച്ചത്.

**ആദ്യത്തെ രണ്ട് അർഥികളുടെ വ്രതവാഗ്ദാനം**

വൈദികരായി സഭയിൽ പ്രവേശിക്കുന്നവർ നിയമപ്രകാരം ഒരു വർഷത്തെ നൊവിഷ്യേറ്റു കഴിക്കണമെന്നും അതിനുശേഷം യോഗ്യന്മാരെന്നു തോന്നുവരെമാത്രം വ്രതം ചെയ്യിക്കണമെന്നുമായിരുന്നു നിയമം. അതനുസരിച്ച് കൂനമ്മാവിൽവന്ന് സഭയിൽ പ്രവേശിച്ച തട്ടാശ്ശേരിൽ സ്കറിയാച്ചനെ 1859 ജൂലൈമാസത്തിൽ വ്രതാനുഷ്ഠാനത്തിനു സ്വീകരിച്ചു. അദ്ദേഹത്തോടൊത്ത് ചാണ്ടപ്പിള്ളയച്ചനെയും വർക്കിയച്ചനെയും വ്രതാനുഷ്ഠാനത്തിനു സ്വീകരിക്കണമെന്ന് ശ്രേഷ്ഠന്മാർ അഭിപ്രായപ്പെട്ടു. സഭയിൽചേർന്നു പഠിച്ചു പട്ടമേല്ക്കുന്നവരെപ്പോലും പ്രഥമബലിയർപ്പിച്ച ദിവസംമുതൽ ഒരു വർഷം നവസന്ന്യാസത്തിനായി നിയോഗിക്കണമെന്നും അതിനുശേഷംമാത്രം വ്രതാനുഷ്ഠാനത്തിനു സ്വീകരിക്കണമെന്നുമായിരുന്നു അന്നത്തെ നിയമം. ഈ നിയമപ്രകാരം മേല്പറഞ്ഞ രണ്ടച്ചന്മാർക്കും വ്രതാനുഷ്ഠാനത്തിന് ഏതാനുംദിവസങ്ങൾകൂടി വേണ്ടിയിരുന്നു. അവർ ചെറുപ്പം മുതൽ സഭയിൽ പഠിച്ചു വളർന്നവരാകയാൽ ഇക്കാര്യത്തിൽ അവർക്ക് ഒഴിവു നല്കണമെന്നു മർസല്ലീനോസ് മിഷനറി മെത്രാനച്ചനോട് അഭ്യർഥിച്ചു. അദ്ദേഹം സന്തോഷപൂർവം അതിനു സമ്മതിച്ചു.

മുമ്പൊരിക്കൽ അവിടന്ന് അവരെ പരീക്ഷിച്ചപ്പോൾ ഉണ്ടായ തൃപ്തിനിമിത്തമാണ് ഈ ഒഴിവു നല്കിയത്. ഗുരുപട്ട സ്വീകരണത്തിനു മുമ്പ് അവർ വരാപ്പുഴെച്ചെന്ന് മെത്രാനച്ചനെക്കണ്ട് മടങ്ങുന്ന അവസരത്തിൽ അദ്ദേഹം അവരോടു പറഞ്ഞു: 'സഭയിൽ നിലനില്ക്കാൻ നിങ്ങൾക്കു ധൈര്യക്കുറവുണ്ടെങ്കിൽ സഭ വിട്ടു പോകുന്നതാണ് നല്ലത്. അതിൽ നമുക്ക് ഒരു അതൃപ്തിയുമില്ല. നിങ്ങളെ നാം തക്ക പള്ളികളിൽ വികാരിമാരായി നിയമിക്കുന്നതുമാണ്' എന്ന്. സഭയിൽ സ്ഥിരമായി നില്ക്കാനാണ് തങ്ങൾക്കു മനസ്സെന്നും, അതിനു ദൈവം സഹായിക്കുമെന്ന് തങ്ങൾ വിശ്വസിക്കുന്നെന്നുമാണ് അതിന് അവർ മറുപടി പറഞ്ഞതു. ഈ മറുപടി അദ്ദേഹത്തെ സംതൃപ്തചിത്തനാക്കി. അങ്ങനെ ജൂലൈ 1-ാം തീയതി ബ. സ്കറിയാച്ചനോടൊത്ത് അവരും വ്രതാനുഷ്ഠാനം നടത്തി.

www.malankaralibrary.com

## തട്ടാശ്ശേരിലച്ചനുള്ള വികാരിപത്തോന്തി

മുഞ്ഞനാട്ടു മത്തായി അച്ചൻ കൂനമ്മാവിലെ തന്റെ വികാരി ജോലിയിൽനിന്നു വിരമിച്ചതിനാൽ തൽസ്ഥാനത്തേക്ക് 1859-ൽ ബ. തട്ടാശ്ശേരിലച്ചനെ നിയമിച്ചു. അദ്ദേഹത്തിന് സുറിയാനിഭാഷയിൽ പ്രിയൊരച്ചൻ എഴുതിക്കൊടുത്ത അധികാരപത്രത്തിന്റെ പരിഭാഷ ഇപ്രകാരമാണ്:

"ജന്മപാപം കൂടാതെ ഉദ്ഭവിച്ച കർമ്മെലമാതാവിന്റെ ശുശ്രൂഷികളുടെ പ്രിയോർ ചാവറ കുര്യാക്കോസായ ഞാൻ, പ്രസ്തുത സഭക്കാരനായ നമ്മുടെ സഹോദരൻ സ്കറിയ പട്ടക്കാരന് നമ്മുടെ കർത്താവിൽ സ്വസ്ഥതയും സമാധാനവും.

"നമ്മുടെ സഭയുടെ ക്രമാനുഷ്ഠാനത്തിൽ താങ്കൾക്കുള്ള നൻമനസ്സും തന്നത്തന്നെയും തനിക്കു കീഴ്പ്പെട്ടവരെയും മിശിഹായുടെ അനുകരണത്തിൽ നടത്തുന്നതിനുള്ള സ്ഥിരതയും ഇടമുറിയാതുള്ള താത്പര്യവും ഞാൻ കാണുന്നതിനാലും ഇതിൽ എല്ലായ്പൊഴും സ്ഥിരമായി നില്ക്കുമെന്നു കർത്താവിൽ ശരണപ്പെടുന്നതിനാലും കൂനമ്മാവു വിശുദ്ധ പ്ലമേനായുടെ ആശ്രമത്തിലെ ബ. അച്ചന്മാരുടെയും ശെമ്മാശന്മാരുടെയും പൈതങ്ങളുടെയും ശരീരസംബന്ധമായും വിശേഷവിധത്തിൽ ആത്മസംബന്ധമായുമുള്ള എല്ലാകാര്യങ്ങളും അന്വേഷിച്ചു നടത്തുന്നതിന് എന്റെ വികാരിയായി മറ്റൊരു കല്പന ഉണ്ടാകുന്നതുവരെ താങ്കളെ ഞാൻ നിയമിക്കുന്നു. നമ്മുടെ കർത്താവിൽ സുഖമായിരിക്കുക.

എന്ന് പ്രിയോർ<br>
കുര്യാക്കോസ് പട്ടക്കാരൻ<br>
1859 ജൂലൈ 3.

## കൂനമ്മാവ് ഏക നൊവിഷ്യേറ്റും പഠനഗൃഹവും

1859 സെപ്റ്റംബർവരെ സഭാംഗങ്ങളായ ശെമ്മാശ്ശന്മാരും പൈതങ്ങളും മാന്നാനത്തും കൂനമ്മാവിലുമായാണ് വളർത്തപ്പെട്ടിരുന്നത്. ഇവർ ഒരുമിച്ചു വസിക്കുക സഭാചൈതന്യത്തിനും പരസ്പരസ്നേഹത്തിനും ആവശ്യമാണെന്ന് മെത്രാനച്ചൻ അഭിപ്രായപ്പെട്ടുകൊണ്ട് കൂനമ്മാവിനെ അതിനായി തിരഞ്ഞെടുത്തു. അദ്ദേഹത്തിന്റെ കല്പനയനുസരിച്ച് മാന്നാനത്തുണ്ടായിരുന്നവരെ കൂനമ്മാവിലേക്കയച്ചു.

കൂനമ്മാവിലുണ്ടായിരുന്ന അർഥികളുടെയെല്ലാം ആധ്യാത്മിക ശിക്ഷണം നിർവഹിച്ചിരുന്നത് പീലിപ്പോസ് മിഷനറിയായിരുന്നു. നവ

www.malankaralibrary.com

സന്ന്യാസഗുരുവിന്റെ ജോലികൾ നിർവഹിച്ചിരുന്നതും അദ്ദേഹംത ന്നെയാണ്. കൂനമ്മാവിൽ വേണ്ടിടത്തോളം താമസസൗകര്യമില്ലാതി രുന്നതിനാൽ, ഉണ്ടായിരുന്ന കെട്ടിടം മൂന്നുനിലയാക്കി ഉയർത്തി. മൂന്നാം നിലയിൽ അർഥികളും മറ്റുനിലകളിൽ അച്ചന്മാരും സഹോദ രന്മാരും താമസിച്ചു.

കൂനമ്മാവിൽ ആശ്രമാംഗങ്ങളുടെ സംഖ്യ ക്രമപ്രവൃദ്ധമായിരുന്നെ ങ്കിലും അവർക്കു ശ്രേഷ്ഠനായി ആരെയും നിശ്ചയിച്ചിരുന്നില്ല. തന്മൂലം മർസ്ലീനോസ് മിഷനറി ശ്രേഷ്ഠന്റെ ജോലിയും തത്ക്കാലത്തേയ്ക്കു നിർവഹിച്ചുവന്നു. മെത്രാനച്ചൻ, പ്രിയോർ ചാവറയച്ചനെ കൂനമ്മാ വിൽവരുത്തി അദ്ദേഹത്തെ ആ ആശ്രമത്തിന്റെയും പ്രിയോരായി നിയ മിക്കുകയും വേറൊരാളെ കൂനമ്മാവിൽ വികാരിയായി നിയമിക്കണ മെന്നു നിർദേശിക്കുകയും ചെയ്തു. തദനുസാരമാണ് മുഞ്ഞനാട്ടു ബ. മത്തായിയച്ചനെ കൂനമ്മാവിൽ തന്റെ വികാരിയായി നിയമിച്ചുകൊ ണ്ടുള്ള അധികാരപത്രം പ്രിയോരച്ചൻ അദ്ദേഹത്തിനു നല്കിയത്.

പല ആശ്രമങ്ങളുണ്ടായിരുന്നാലും അവയ്ക്ക് പൊതുവായ ഭരണ വും ശ്രേഷ്ഠനും ഉണ്ടാകുന്നത് സഭയുടെ ഗുണത്തിനും ആശ്രമങ്ങൾ തമ്മിലുള്ള സുഹൃദ്ബന്ധത്തിനും ആവശ്യകമാണെന്നും സുറിയാനി ക്കാർ ഒരു വ്യത്യസ്ത റീത്തുകാരാകയാൽ അവർക്കു തനിച്ച് ഒരു ശ്രേഷ്ഠൻ ഉണ്ടാകുന്നതു കൂടുതൽ ഗുണകരമാണെന്നും അതു കത്തോ ലിക്കാസഭയുടെ പാവനമായ പാരമ്പര്യത്തിനും അരൂപിക്കും സർവദാ യോജിക്കുന്നതാണെന്നും മനസ്സിലാക്കിയതുകൊണ്ടാണ് മെത്രാനച്ചൻ പ്രിയോരച്ചൻവഴി ഇപ്രകാരം ഒരു നിയമനം നടത്തിയത്.

മൂഞ്ഞനാട്ടു മത്തായി അച്ചനെ വികാരിയായി നിയമിച്ച ഉടനേ, ഗുരുവായിരുന്ന പീലിപ്പോസു മിഷനറിയെ വികാരി അപ്പസ്തോലിക്കാ തന്റെ പ്രതിനിധിയെന്ന നിലയിൽ ആശ്രമങ്ങളുടെ ഡെലെഗറ്റായി നിയ മിച്ചു. അദ്ദേഹം കൂനമ്മാവിൽ താമസിച്ചുകൊണ്ട് ഭരണവിഷയത്തിൽ വികാരിയച്ചനെയും പ്രിയോരച്ചനെയും സഹായിച്ചിരുന്നു. ഏതാനും ദിവസങ്ങൾക്കുശേഷം പ്രിയോരച്ചൻ മാന്നാനത്തെക്കു മടങ്ങി. പീലി പ്പോസ് മിഷനറിയുടെ മേല്നോട്ടത്തിൽ കൂനമ്മാവിൽ സന്ന്യാസക്രമ ങ്ങൾ കൃത്യമായും ഭംഗിയായും അനുഷ്ഠിച്ചുവന്നു.

### സഭാവസ്ത്രമാറ്റം

1859 ഡിസംബർവരെ വസ്ത്രധാരണത്തിൽ സഭാംഗങ്ങളുടെ ബാഹ്യചിഹ്നം, തുകൽവാറുകൊണ്ടുള്ള അരക്കെട്ടുമാത്രമായിരുന്നു.

www.malankaralibrary.com

പ്രസ്തുത മാസത്തിൽ വെള്ളനിറത്തിൽ മുട്ടിനു താഴെവരെ നീണ്ടു കിടക്കുന്ന ഉത്തരീയം സന്ന്യാസികൾ ധരിക്കണമെന്നു മെത്രാനച്ചൻ നിശ്ചയിച്ചു. അതിനായി ഒരു കുത്തു വക്കുതുണി വാങ്ങി ഡെലെഗേറ്റ് പീലിപ്പോസ് മിഷനറിയെ ഏല്പിച്ചു. അദ്ദേഹം എല്ലാ സന്ന്യാസികൾക്കും ഓരോ ഉത്തരീയവും മാന്നാനം പ്രിയോരച്ചന് രണ്ടെണ്ണവും തയ്പ്പിച്ചു നല്കി. ഇനിമേൽ എല്ലാവരും ഇപ്രകാരം തയ്പ്പിച്ചു ധരിച്ചുകൊള്ളാൻ അറിയിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരീയം ധരിച്ചു തുടങ്ങിയത് 1859-ലെ പിറവിത്തിരുനാളിലായിരുന്നു. പാലാ, ഭരണങ്ങാനം, പ്രവിത്താനം മുതലായ പള്ളികളിൽ ധ്യാനം നടത്താൻ പോയിരുന്ന പല അച്ചന്മാർക്കും ഈ ഉത്തരീയം അയച്ചുകൊടുത്തു. അവരെല്ലാവരും പാലാപ്പള്ളിയിൽവച്ച് ക്രിസ്മസ്സ് ദിവസം അതു ധരിച്ചു.

**ഔദ്യോഗിക സന്ദർശനം; മൂന്നാം സഭ:**

1860 മാർച്ച് അവസാനം മർസ്ലീനോസ് മിഷനറിയച്ചൻ ബെർണർദീനോസ് മെത്രാന്റെ പ്രതിനിധിയായി ആശ്രമങ്ങളെല്ലാം സന്ദർശിച്ചു. ന്യായപ്രമാണത്തിന്റെ അനുഷ്ഠാനം സംബന്ധിച്ച വിവരങ്ങളെല്ലാം അധികാരമുറയ്ക്കുള്ള കല്പനപ്രകാരം എല്ലാവരും അദ്ദേഹത്തെ അറിയിച്ചു. അവസാനം അദ്ദേഹം എല്ലാവർക്കും മാർപാപ്പായ്ക്കടുത്ത ആശീർവാദം നല്കിയിട്ട് നമ്മുടെ സഭയെ കർമലീത്താ ഒന്നാംസഭയോടു യോജിപ്പിച്ച്, അതിന്റെ മൂന്നാംസഭയായി സ്വീകരിക്കുന്നതാണെന്നും അതനുസരിച്ചുള്ള സന്ദർശനമാണ് താൻ കഴിക്കുന്നതെന്നും പ്രസ്താവിച്ചു. പിറ്റേവർഷം ഫെബ്രുവരി 27-ാംനു ബെർണർദീനോസ് മെത്രാൻ ആമ്പല്ലൂർപള്ളിയിൽ സ്ഥാനസന്ദർശനം നടത്തിക്കൊണ്ടിരിക്കുമ്പോൾ അവിടെനിന്ന് കൂനമ്മാവിലേക്ക് ഒരു കല്പന കൊടുത്തയച്ചു. 1860 ഒക്ടോബർ 1-ാം നു റോമിൽ സമ്മേളിച്ച കർമലീത്താ ഒന്നാം സഭയുടെ പൊതുശ്രേഷ്ഠസംഘം ന. സഭയെ ഒന്നാംസഭയോടു ചേർത്ത് അതിന്റെ മൂന്നാംസഭയായി സ്വീകരിച്ചിരിക്കുന്നെന്നും ഒന്നാംസഭയുടെ ജനറാൾ, വികാരി അപ്പസ്തോലിക്കായെ തന്റെ പ്രതിനിധി എന്ന നിലയിൽ ഈ സഭയുടെ ശ്രേഷ്ഠനായി നിയമിച്ചിരിക്കുന്നെന്നും ഇതിന്റെ ശാഖകളായി മറ്റ് ആശ്രമങ്ങൾ സ്ഥാപിക്കാൻ അധികാരപൂർവം തന്നെ ചുമതലപ്പെടുത്തിയിരിക്കുന്നെന്നും അതിൽ കാണിച്ചിരുന്നു. കൂടാതെ, മാർപാപ്പാമാർ ഒന്നാം സഭയ്ക്കു കൊടുത്തിരിക്കുന്ന പ്രത്യേക അനുവാദങ്ങൾക്കും ദണ്ഡവിമോചനങ്ങൾക്കും നന്മപ്രവൃത്തികൾക്കും നമ്മുടെ സഭാംഗങ്ങൾ ഓഹരിക്കാരായിരിക്കു

www.malankaralibrary.com

മെന്നും അതിൽ പറഞ്ഞിരുന്നു. ഈ കല്പനതന്നെ മാന്നാനത്തേക്കു പ്രിയോരച്ചന്റെപേർക്കും അയച്ചുകൊടുത്തു. പ്രസ്തുത കല്പനയുടെ പ്രസക്തഭാഗം ഇവിടെ ഉദ്ധരിക്കാം:

"കർമലീത്താസഭയുടെ തലവൻ 1860 ഒക്ടോബർ ഒന്നാംതീയതി റോമിൽ തന്റെ ആലോചനായോഗം വിളിച്ചുകൂട്ടുകയും നാം മലയാളത്തിൽ 'അമലോദ്ഭവമാതാവിന്റെ ശുശ്രൂഷികൾ' എന്ന നാമത്തിൽ സ്ഥാപിച്ചിരിക്കുന്ന കൊവേന്തകളെയും ആശ്രമവാസികളെയും കർമലീത്താസഭയുടെ മൂന്നാംസഭക്കാരായി കൈക്കൊണ്ടുറപ്പിക്കുകയും, ഇനിയും കൊവേന്തകൾ സ്ഥാപിച്ച് അതിൻവണ്ണം കൈക്കൊണ്ടു നടത്തുന്നതിന് നമുക്ക് മുഷ്കരത്വം തരുകയും ചെയ്തിരിക്കുന്നു."

വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ നിർദേശപ്രകാരമാണ് ഇപ്രകാരം ഒരു നിശ്ചയം റോമിൽ നടത്തിയതെന്ന് ഊഹിക്കപ്പെടുന്നു. തൻമൂലം ക.നി.മൂ.സ. (T.O.C.D.) എന്ന പേര് നടപ്പിലാകാനും ആ പേരിൽ സഭ 1959 വരെ അറിയപ്പെടാനും ഇടയായി.

**സഭയുടെ പുതിയ ഡെലെഗേറ്റ് ഫാദർ ലെയൊപ്പോൾദ്**

വരാപ്പുഴ വികാരിയാത്തു സംബന്ധമായ വിവിധ ജോലികളിൽ വ്യാപൃതനായിരുന്ന പീലിപ്പോസ് മിഷനറി വികാരിജനറാളായി ഉയർത്തപ്പെട്ടതിനാൽ, അദ്ദേഹത്തിനുപകരം സഭയുടെ ഡെലെഗേറ്റായി 1863-ൽ, അന്നു കൂനമ്മാവുങ്കൽ നവസന്ന്യാസ ഗുരുവിന്റെ ജോലി നിർവഹിച്ചുകൊണ്ടിരുന്ന ലെയോപ്പോൾദ് മിഷനറി നിയമിതനായി.

മാന്നാനത്തിനുപുറമേ, 1857-ൽ കൂനമ്മാവിലും 1859-ൽ വാഴക്കുളത്തും 1864-ൽ എൽത്തുരുത്തിലും 1866-ൽ പുളിങ്കുന്നിലും മുറപ്രകാരമുള്ള ആശ്രമജീവിതം സമാരംഭിച്ചതിനാൽ ആണ്ടുതോറും വിശുദ്ധ യൗസേപ്പിതാവിന്റെ മധ്യസ്ഥതിരുനാളിനുശേഷം ആശ്രമശ്രേഷ്ഠന്മാർ സമ്മേളിച്ച് സഭയുടെ പൊതുകാര്യങ്ങൾ സംബന്ധിച്ച് ആലോചിക്കണമെന്നും മുമ്മൂന്നുവർഷങ്ങൾക്കുശേഷം പുതിയ ശ്രേഷ്ഠന്മാർ നിയമിക്കപ്പെടണമെന്നും പുതിയ ഡെലെഗേറ്റ് നിയമമുണ്ടാക്കി. ഇതനുസരിച്ച് 1864 മുതൽ മൂന്നാംവർഷംതോറും പുതിയ ശ്രേഷ്ഠന്മാർ നിശ്ചയിക്കപ്പെട്ടുതുടങ്ങി. വികാരിമാർക്ക് പ്രിയോർ കൊടുത്തുവന്ന അധികാരപത്രം ഇനിമേൽ വികാരി അപ്പസ്തോലിക്കാതന്നെ നല്കണമെന്നും തീരുമാനിച്ചു.

www.malankaralibrary.com

**ചാവറയച്ചൻ കൂനമ്മാവുങ്കൽ**

ആശ്രമങ്ങളുടെ പൊതുനന്മ ഉദ്ദേശിച്ച് പല കാര്യങ്ങളും ആലോചിച്ചു ശരിപ്പെടുത്താൻ പ്രിയോരും ഡെലെഗേറ്റും ഒന്നിച്ചു വസിക്കുന്നതു നല്ലതാണെന്ന കാര്യത്തിൽ പുതിയ ഡെലെഗേറ്റും മെത്രാനച്ചനും ഏകാഭിപ്രായമായിരുന്നു. തൽഫലമായി 1864 മുതൽ ചാവറയച്ചൻ തന്റെ സ്ഥിരവാസം കൂനമ്മാവിലാക്കി.

കൂനമ്മാവിലെ സന്ന്യാസികളുടെ സംഖ്യ അതിശീഘ്രം വർധിച്ചതിനാൽ അവിടെ വീണ്ടും താമസസൗകര്യം കുറവായിത്തീർന്നു. അതുകൊണ്ട് മുമ്പുണ്ടായിരുന്ന കെട്ടിടത്തിനു വടക്കും തെക്കുമായി രണ്ടു പുതിയ കെട്ടിടങ്ങൾ ഡെലെഗേറ്റിന്റെ നിർദേശമനുസരിച്ച് പണികഴിപ്പിച്ചു.

**40 മണിയാരാധന**

1866-ൽ വിഭൂതിതിരുനാളിനുശേഷമുള്ള മൂന്നുദിവസങ്ങളിൽ കൂനമ്മാവിൽ നാല്പതുമണിയാരാധന ഇദംപ്രഥമമായി നടത്തി. 1867-ൽ ഉയിർപ്പുകഴിഞ്ഞുള്ള രണ്ടാമാഴ്ചയിൽ വാഴക്കുളത്തും മൂന്നാം ആഴ്ചയിൽ മാന്നാനത്തും 1868-ൽ എൽത്തുരുത്തിലും ഈ ഭക്തകൃത്യം ആരംഭിച്ചു. പിന്നീട് വർഷംതോറും ഈ കർമം നടത്തിപ്പോരുന്നു. 1904 മുതൽ അമ്പഴക്കാട്ടും പിന്നീടു പാവറട്ടി, മുത്തോലി, തേവര, ചെത്തിപ്പുഴ, പൂഞ്ഞാർ എന്നീ സ്ഥലങ്ങളിലും ഈ ഭക്തകൃത്യം ആരംഭിച്ചു നടത്തിവരുന്നു.

**പ്ലാശനാൽ ആശ്രമവും കുടക്കച്ചിറയച്ചനും**

1840-മാണ്ടോടുകൂടെ കുടക്കച്ചിറ അന്തോനി ശെമ്മാശൻ പോരുക്കര തോമ്മാച്ചനുമായി വിയോജിച്ച് മാന്നാനത്തുനിന്നു തിരിച്ചുപോയ വിവരം മുമ്പു വിവരിച്ചിട്ടുണ്ടല്ലോ. അതിസമർഥനായിരുന്ന അദ്ദേഹം പിന്നീടു പാലായിൽച്ചെന്ന്, കട്ടക്കയത്തിൽ യൗസേപ്പു മല്പാനച്ചന്റെ പക്കൽ പഠിച്ച് പട്ടം സ്വീകരിച്ചു. "ഞാൻ മടലൊടിച്ചു കെട്ടിയെങ്കിലും ഒരു കൊവേന്തയുണ്ടാക്കി പാർക്കും" എന്നു പറഞ്ഞുകൊണ്ട് മാന്നാനത്തുനിന്നിറങ്ങിയ ഇദ്ദേഹം, അരുവിത്തുറപ്പള്ളി വികാരിയായിരിക്കയിൽ ലുദവിക്കോസ് മെത്രാന്റെ അനുമതിയോടെ പ്ലാശനാൽ ഒരാശ്രമം ആരംഭിച്ചു. "മാന്നാനത്ത് ഒരു പുണ്യവാൻ മുളയ്ക്കുന്നതിനു മുമ്പ് പ്ലാശനാൽ ആശ്രമത്തിൽ മുളയ്ക്കും" എന്ന് അദ്ദേഹം പറഞ്ഞുവന്നു. അന്തോനിയച്ചന്റെ ക്ഷണപ്രകാരം ചാവറയച്ചൻ ഒരിക്കൽ പ്ലാശ

www.malankaralibrary.com

നാൽ കൊവേന്ത സന്ദർശിച്ചു. അവിടെ നടന്നുവന്ന തപശ്ചര്യകളെപ്പറ്റി മാന്നാനത്തു മടങ്ങിയെത്തിയശേഷം പ്രിയോരച്ചൻ വളരെ പ്രശംസിച്ചു സംസാരിക്കയുണ്ടായി.

സുറിയാനി മെത്രാനെ ലഭിക്കാൻ അത്യധികം പ്രയത്നിച്ചിരുന്ന അന്തോനിയച്ചൻ അക്കാര്യസാധ്യത്തിനായി 1854-ലും 1857-ലും ബാബേലിലേക്ക് ഓരോ യാത്ര കഴിച്ചു. രണ്ടാമത്തെ യാത്രാമധ്യേ ബസ്രായിൽവച്ച് അവിടുത്തെ പ്രീഫെക്ട് അപ്പസ്തോലിക്കായിൽനിന്ന് അന്തിമ ശുശ്രൂഷകൾ സ്വീകരിച്ചുകൊണ്ട് അദ്ദേഹം ഭാഗ്യമരണം പ്രാപിച്ചു. അന്തോനിയച്ചന്റെ മരണശേഷം പ്ലാശനാൽ കൊവേന്തയുടെ പുരോഗതിക്കു മാർഗമില്ലെന്നു കാണുകയാൽ മെത്രാനച്ചൻ പ്രസ്തുത സ്ഥാപനം 1858-ൽ ചാവറയച്ചനെ ഏല്പിച്ചു. പ്ലാശനാൽ ആശ്രമജീവിതത്തിനു പറ്റിയ ഒരു സ്ഥലമല്ലെന്നു പ്രിയോരച്ചനു നേരത്തേ മുതൽ അഭിപ്രായമുണ്ടായിരുന്നെങ്കിലും മേലധികാരികളുടെ അഭീഷ്ടാനുസരണം നാലുപേരെ അങ്ങോട്ടയച്ചു. താമസംവിനാ ആശ്രമവാസികൾക്ക് മലമ്പനി പിടിപെടുകയും അവരിൽ ഒരാളായിരുന്ന കളപ്പുരക്കൽ ബ. മത്തായിയച്ചൻ 1960 ജൂൺ 22-ാംനു നിര്യാതനാവുകയും ചെയ്തു. അതോടെ, പ്ലാശനാലേക്ക് സന്ന്യാസികളെ അയയ്ക്കണമെന്ന നിർബന്ധം മെത്രാനച്ചൻ ഉപേക്ഷിച്ചു. തന്മൂലം ആ കൊവേന്ത നിർത്തലാക്കി, പള്ളിയും സ്ഥലങ്ങളും നേരത്തേ ഉണ്ടായിരുന്ന ഉടമ്പടിപ്രകാരം അരുവിത്തുറപ്പള്ളിയുടെ വികാരിയെ ഏല്പിച്ചു.

**ലെയോപ്പോൾദ് മിഷനറി**

നമ്മുടെ സഭയുടെ കാനോനിക സ്ഥാപനത്തിനുശേഷം അതിന്റെ ഉന്നമനത്തിനും സഭാംഗങ്ങളുടെ പുണ്യാഭിവൃദ്ധിക്കും ശാസ്ത്രാഭ്യസനത്തിനുമായി ദീർഘകാലം അശ്രാന്തപരിശ്രമം നടത്തിയിട്ടുള്ള ഒരു മിഷനറിയാണ് ഫാദർ ലെയോപ്പോൾദ് ബെക്കാറോ. ജനോവായിലെ ബെക്കാറോ കുടുംബത്തിൽ ജാതനായ ഫാ. ലെയോപ്പോൾദ് 18-ാമത്തെ വയസ്സിൽ കർമലീത്താ നിഷ്പാദുക സഭയുടെ ജനോവാ പ്രോവിൻസിൽ പ്രവേശിച്ചു. നാലുവർഷങ്ങൾക്കുശേഷം 1859 സെപ്റ്റംബർ 8-ാം നു നിത്യവ്രതമനുഷ്ഠിച്ചു. അധികം താമസിയാതെ കേരളത്തിലെ വരാപ്പുഴ മിഷ്യനിലേക്ക് അയയ്ക്കപ്പെട്ടു. ഇവിടെ വരുമ്പോൾ ഒരു അഞ്ചാംപട്ടക്കാരനായിരുന്ന ഇദ്ദേഹം, അധികം താമസിയാതെ പുരോഹിതപദത്തിലേക്കുയർത്തപ്പെട്ട്, കൂനമ്മാവിൽ പുത്തൻ കുർബാന ചൊല്ലി. ആധ്യാത്മികകാര്യങ്ങളിൽ അസാധാരണമായ

www.malankaralibrary.com

വ്യുത്പത്തി ഉണ്ടായിരുന്നതിനാൽ ഇദ്ദേഹത്തെ മേലധികാരികൾ കൂനമ്മാവിലെ നവസന്ന്യാസിമാരുടെ ഗുരുനാഥനായി നിയമിച്ചു. പ്രസ്തുത ജോലി വളരെ നാളത്തേക്ക് സ്തുത്യർഹമായ രീതിയിൽ ഇദ്ദേഹം നിർവഹിച്ചുപോന്നു.

**കന്യകാലയ സ്ഥാപനം**

ഫാദർ ലെയോപ്പോൾദും ചാവറയച്ചനും കൂനമ്മാവിൽ ഒന്നിച്ചു സഭാകാര്യങ്ങൾ നിർവഹിച്ചുകൊണ്ടുപോരുമ്പോൾ പുരുഷന്മാർക്കുള്ളതുപോലെ സ്ത്രീകൾക്കുവേണ്ടിയും ഒരു സന്ന്യാസിനീസഭ സ്ഥാപിക്കണമെന്ന് അവർക്കാഗ്രഹമുണ്ടായി. ഇവർ തങ്ങളുടെ ആഗ്രഹം ബെർണർദീനോസ് മെത്രാനെ അറിയിച്ചു. അതിന് പ്രോത്സാഹജനകമായ മറുപടിയാണ് അവർക്കു ലഭിച്ചത്. തത്ഫലമായി ആശ്രമത്തിനു സമീപമുള്ള ഒരു പറമ്പിൽ പരമ്പുകൊണ്ടു മറച്ച് തത്ക്കാലത്തേക്ക് അഞ്ചുമുറികളുള്ള ഒരു വീടുണ്ടാക്കി. നേരത്തേമുതൽ മാതൃകായോഗ്യമായ ഭക്തജീവിതം കഴിച്ചുവന്ന ലത്തീൻ റീത്തുകാരായ വാകയിൽ ഏലീശ്വ എന്ന വിധവയും അവരുടെ ഏകപുത്രി അന്നയും ഇളയ സഹോദരി വൈപ്പിശ്ശേരി ത്രേസ്യയും സുറിയാനി റീത്തുകാരിയായ വൈക്കത്തു പുത്തനങ്ങാടി കൊച്ചുവർക്കി വൈദ്യന്റെ മകൾ ഏലീശ്വയും അവിടെ താമസിപ്പിക്കപ്പെട്ടു. 1866 ഫെബ്രുവരി 13-ാം നു ഇവർ നാലുപേരും ലെയോപ്പോൾദു മിഷനറിയിൽനിന്ന് കർമല സഭാവസ്ത്രം സ്വീകരിച്ചതോടെ സ്ത്രീകൾക്കായുള്ള പ്രഥമ ഏതദ്ദേശീയ സന്ന്യാസിനീസഭ കേരളത്തിൽ ഉദയംകൊണ്ടു. കർമലീത്താ മൂന്നാംസഭാ കന്യാസ്ത്രീകൾ എന്ന പേരാണ് അവർക്കു നല്കപ്പെട്ടത്. ഇവരുടെ തത്ക്കാലാവശ്യങ്ങളെല്ലാം ആശ്രമത്തിൽനിന്നു നടത്തിവന്നു.

കന്യകകളുടെ ദീർഘവാസത്തിന്, പരമ്പുകെട്ടിടം അയുക്തമെന്നു തോന്നുകയാൽ കുര്യാക്കോസച്ചനും ലെയോപ്പോൾദു മിഷനറിയും ഒരു പുതിയ കന്യകാലയ നിർമാണത്തിനുള്ള ശ്രമമായി. 1866 ഏപ്രിൽ മാസത്തിൽ ഇവരിരുവരുംകൂടി തെക്കൻ പ്രദേശങ്ങളിലേക്ക് ഒരു യാത്ര കഴിച്ചു. ഈ യാത്രയിൽ പല പള്ളികളില്നിന്നായി കന്യകാലയ നിർമാണത്തിനുവേണ്ടി 1200 ക. യോളം ഇവർ പിരിച്ചു. 1866 ജൂൺ 23-ാം നു കന്യകാലയത്തിന് മെത്രാന്റെ പ്രതിനിധിയെന്ന നിലയിൽ ലെയോപ്പോൾദച്ചൻ അടിസ്ഥാനമിട്ടു.

സെമിനാരികളുടെയും കന്യകാലയങ്ങളുടെയും ആശ്രമങ്ങളുടെയും നടത്തിപ്പിനായി ധനവാന്മാരും ദരിദ്രരുമെല്ലാം പിടിയരി എന്ന

www.malankaralibrary.com

ധർമദാനം ചെയ്യണമെന്നു കാണിച്ച് വികാരി അപ്പസ്തോലിക്കാ ഒരു കല്പന പ്രസിദ്ധം ചെയ്തിരുന്നു. എന്നാൽ പിടിയരിധർമംകൊണ്ടുള്ള കന്യകാലയ സ്ഥാപനം വളരെ സാവകാശമാകുമെന്നു മനസ്സിലാക്കിയ ചാവറയച്ചൻ, തന്റെ ശിഷ്യരും പരിചിതരുമായിരുന്ന പലർക്കും എഴുതുകയും അവരിൽനിന്ന് ഇക്കാര്യത്തിനായി അദ്ദേഹത്തിന് 8000 രൂപാ ലഭിക്കുകയും ചെയ്തു. അതുകൊണ്ട് പത്തുമാസത്തിനകം കന്യകാലയത്തിന്റെ പണിപൂർത്തിയാക്കി. വിശുദ്ധ അമ്മത്രേസ്യയുടെ നാമത്തിൽ സ്ഥാപിതമായ ഈ കന്യകാലയം 1867 മാർച്ചുമാസത്തിൽ വെഞ്ചരിക്കുകയും മേല്പറഞ്ഞ കന്യാസ്ത്രീകൾ ഇതിലേക്കു താമസം മാറ്റുകയും ചെയ്തു. ഇതിന്റെ ശാഖകളാണ് ഇന്നു കേരളത്തിലുടനീളം കാണുന്ന കർമലീത്താ മൂന്നാംസഭവക കന്യകാലയങ്ങളെല്ലാം.

**ലെയോപ്പോൾട് - ജെരാർദ് സഹോദര മിഷനറിമാർ**

നവസന്ന്യാസഗുരുവിന്റെ ജോലിക്കുപുറമേ, സഭാംഗങ്ങളുടെയെല്ലാം ആത്മനിയന്താവ്, കന്യകാലയത്തിന്റെ കപ്പോൻ എന്നീ ജോലികളും ലെയോപ്പോൾദച്ചൻ നിർവഹിച്ചുവന്നു. വൈദികവിദ്യാർഥികളെ ലത്തീൻഭാഷ പഠിപ്പിച്ചിരുന്നതും ഇദ്ദേഹംതന്നെയായിരുന്നു. ഇതിനുവേണ്ടി ഒരു പുസ്തകം ഇദ്ദേഹം രചിച്ചിട്ടുണ്ട്. വൈദികർക്കും സന്ന്യാസികൾക്കുമായി വിശുദ്ധ അൽഫോൻസ് ലിഗോരിയുടെയും മറ്റും കൃതികളിൽനിന്നു സമാഹരിച്ച "പട്ടക്കാരുടെ മുഴുവൻ ധ്യാനം" "സന്ന്യാസ മുഴുവൻ ധ്യാനം" എന്നിവ ഇദ്ദേഹത്തിന്റെ കൃതികൾതന്നെയാണ്. ഇവ രണ്ടും പില്ക്കാലത്ത് ഏൽത്തുരുത്തിൽനിന്നും മാന്നാനത്തുനിന്നും പുസ്തകരൂപേണ പ്രസിദ്ധീകൃതമായിട്ടുണ്ട്.

1870-ൽ നടന്ന വത്തിക്കാൻ സൂനഹദോസിൽ മെത്രാന്റെ സെക്രട്ടറിയായി ഇദ്ദേഹം സംബന്ധിച്ചു. അവിടെനിന്നു മടങ്ങിയെത്തിയ ശേഷവും സഭയുടെ നന്മയ്ക്കായി ഇവിടെ പലതും പ്രവർത്തിച്ചു. സുറിയാനിക്കാർ സ്വജാതിമെത്രാന്മാരെ ലഭിക്കുന്നതിനുവേണ്ടി തുടർച്ചയായി പരിശുദ്ധ സിംഹാസനത്തിലേക്ക് അപേക്ഷകൾ അയച്ചുകൊണ്ടിരുന്ന കാലഘട്ടമായിരുന്നു അത്. സുറിയാനിക്കാരോടും അവരുടെ അവകാശങ്ങളോടും ഇദ്ദേഹം കാണിച്ചിരുന്ന അനുകൂല മനോഭാവം നിമിത്തമായിരിക്കാം, 1875-ന്റെ അവസാനത്തിൽ ഇദ്ദേഹം തന്റെ പ്രോവിൻസായ ജനോവായിലേക്കു തിരികെ വിളിക്കപ്പെട്ടു. തദനുസരണം 1876 ജനുവരി 1-ാംനു അദ്ദേഹം അവിടെക്കു കപ്പൽ കയറുകയും ചെയ്തു. അനന്തരം 38 കൊല്ലത്തെ ജനോവായിലെ ആശ്രമ

www.malankaralibrary.com

ജീവിതത്തിനുശേഷം 1914 ഏപ്രിൽ 22-ൽ ആണ് അവിടെവച്ചു ദിവംഗതനായി. എന്നാൽ ഇതിനിടയിൽ അദ്ദേഹത്തിന്റെ ഒരു വത്സലശിഷ്യനും, സന്ന്യാസസഭയിൽനിന്നു ബഹിഷ്കരിക്കപ്പെട്ട 'ഏഴു വ്യാകുല'ങ്ങളിൽ ഒരാളും നവമായി സ്ഥാപിതമായ എറണാകുളം വികാരിയാത്തിന്റെ പ്രഥമ സഭാധ്യക്ഷനായിത്തീർന്ന ദേഹവുമായ അഭിവന്ദ്യ ളൂയിസ് മെത്രാനച്ചനെ മെത്രാനെന്ന നിലയിൽ ജനോവാ ആശ്രമത്തിൽവച്ച് ഒരവസരത്തിൽ കാണാനും അവിടെ അദ്ദേഹത്തോടൊന്നിച്ചു കുറെ ദിവസം വസിക്കാനുമുള്ള ഭാഗ്യം ഈ വന്ദ്യദേഹത്തിനു ലഭിച്ചു എന്നത് പ്രസ്താവ്യമാണ്. ഇദ്ദേഹത്തിന്റെ ആത്മാനുകൂലാർഥം നമ്മുടെ ആശ്രമങ്ങളിൽ പ്രത്യേക ശേഷക്രിയകൾ നടത്തുകയുണ്ടായി.

നമ്മുടെ സഭയെയും സഭാംഗങ്ങളെയും ആത്മാർഥമായി സ്നേഹിച്ച് നമുക്കുവേണ്ടി യഥാശക്തി വളരെയൊക്കെ പ്രയത്നിച്ച മറ്റൊരു മിഷനറിയാണ് ഫാദർ ജരാർദ് ബെക്കാറൊ. ലെയോപ്പോൾദു മിഷനറിയുടെ ഇളയ സഹോദരനായിരുന്ന ഇദ്ദേഹം 1862-ൽ കർമലീത്താ സഭയിൽ വ്രതമനുഷ്ഠിച്ചശേഷം 1869-ൽ കേരളത്തിൽവന്നു. അധികം താമസിയാതെ കുർബാനപ്പട്ടം സ്വീകരിച്ച ഇദ്ദേഹം കൂനമ്മാവിൽ താമസമാക്കി. നവസന്ന്യാസികളെയും വൈദികാർഥികളെയും ലത്തീൻഭാഷയും തത്ത്വശാസ്ത്രവും പഠിപ്പിക്കുക, പുതുതായി സ്ഥാപിക്കപ്പെട്ട അച്ചടിശാലയുടെ മേല്നോട്ടം വഹിക്കുക ഇതൊക്കെയായിരുന്നു അദ്ദേഹത്തിന്റെ ജോലികൾ. സുറിയാനി കാനോന നമസ്കാര പുസ്തകം അച്ചടിപ്പിക്കുന്നതിനുവേണ്ടി ചാവറയച്ചനോടൊത്ത് ഇദ്ദേഹവും അക്ഷീണയത്നം ചെയ്തിട്ടുണ്ട്. സ്വദേശത്തേക്കു തിരിച്ചുവിളിക്കപ്പെട്ട ഇദ്ദേഹം ജ്യേഷ്ഠസഹോദരനോടൊന്നിച്ച് 1876 ജനുവരി 1-ാം നു യൂറോപ്പിലേക്കു മടങ്ങി. 1912 ഡിസംബർ 28-ാം നു റോമിൽവച്ചാണ് ഈ മഹാത്മാവ് നിര്യാതനായത്.

**മഞ്ഞുമ്മേൽ ആശ്രമം**

കൂനമ്മാവിൽ നമ്മുടെ സന്ന്യാസികളുടെ കൂട്ടത്തിൽ ലത്തീൻകാരായ രണ്ടു വൈദികരെയുംചേർത്തു പഠിപ്പിക്കുന്നുണ്ടായിരുന്നു, ലത്തീൻകാർക്കായി മഞ്ഞുമ്മേൽ പണിതിരുന്ന ആശ്രമത്തിൽ താമസിക്കാൻ ആളുകൾ ഉണ്ടാകുന്നതിനുവേണ്ടി, 1866-ൽ മഞ്ഞുമ്മേൽ ആശ്രമത്തിന്റെ പണിയാരംഭിച്ചു. ലത്തീൻപള്ളികളിൽനിന്നു പിരിഞ്ഞു കിട്ടിയ പിടിയരിധർമംകൊണ്ടാണ് ഈ ആശ്രമത്തിന്റെ പണികൾ പൂർത്തിയാക്കിയത്. കൂനമ്മാവിലുണ്ടായിരുന്ന ലത്തീൻ വൈദികരിൽ

www.malankaralibrary.com

ഒരാൾ ഇതിനകം സഭ ഉപേക്ഷിച്ചുപോയതുകൊണ്ട് ശേഷിച്ച ഒരാൾ മാത്രമാണ് പണിതീർന്ന പുതിയ ആശ്രമത്തിലേക്കു താമസിക്കാൻ പോയത്.

**കപ്പൂസ് ധാരണം**

1868 മെയ്മാസത്തിൽ, സഭാംഗങ്ങളെല്ലാവരും കപ്പൂസ് ധരിക്കണമെന്ന് മെത്രാനച്ചൻ കല്പിച്ചു. എല്ലാവരും അതനുസരിച്ചു. കപ്പൂസിന്റെ ആവിർഭാവത്തോടെ അന്നുവരെ ഉപയോഗത്തിലിരുന്ന കഴുത്താരവും മുക്കോണൻ തൊപ്പിയും നിറുത്തലാക്കപ്പെട്ടു.

**ബെർണർദീനോസ് മെത്രാന്റെ ചരമം**

1868 സെപ്റ്റംബർ 5-ാംനു ബെർണർദീനോസ് മെത്രാൻ ദിവംഗതനായി. മരണസമയം ഡെലെഗേറ്റ് ലെയോപ്പോൾദച്ചനും ചാവറയച്ചനും സമീപത്തുണ്ടായിരുന്നു. ഡെലെഗേറ്റ് നമ്മുടെ സഭാംഗങ്ങൾക്കെല്ലാംവേണ്ടി അന്ത്യാശിസ്സപേക്ഷിച്ചു. തദവസരത്തിൽ ആ വന്ദ്യതാതൻ കല്പിച്ചരുളിയ വാക്കുകൾ ശ്രദ്ധേയമാണ്. "അവർ ഈശോമിശിഹായെ സ്നേഹിക്കയും, അഗതിത്വം, കീഴ്വഴക്കം എന്നീ പുണ്യങ്ങൾ അനുസരിച്ചാചരിക്കയും ചെയ്യട്ടെ. അപ്പോൾ ദൈവം അവർക്കു തന്റെ ആശീർവ്വാദം കൊടുക്കുകയും അവരുടെ കൊവേന്തകളെ വർധിപ്പിക്കുകയും ചെയ്യും." എന്നാണ് അവിടന്ന് നല്കിയ സാരോപദേശം.

നാനാജാതിമതസ്ഥർക്കും പ്രിയങ്കരനായിരുന്ന ബെർണർദീനോസു മെത്രാൻ കേരള കത്തോലിക്കാസഭയുടെ ഉന്നമനത്തിനായി പ്രവർത്തിച്ചിട്ടുള്ള കാര്യങ്ങൾ നിരവധിയാണ്. നമ്മുടെ സഭയെ ക്രമാനുസൃതമായ ഒരു സന്ന്യാസസഭയായി സ്ഥാപിച്ചതും അംഗീകൃതമായ ഒരു നിയമാവലി അതിനു പ്രദാനം ചെയ്തതും സ്ത്രീകൾക്കായി ഒരു സന്യാസസഭയും പ്രഥമ കന്യകാലയവും സ്ഥാപിക്കുന്നതിന് അനുവാദം നല്കിയതും ആദർശശുദ്ധിയും വിജ്ഞാനസമ്പത്തുമുള്ള വൈദികരെ ലഭിക്കാൻ വേണ്ടി സെമിനാരികൾ ഏർപ്പെടുത്തിയതും, വൈദികർക്കും അല്മായർക്കും വാർഷികധ്യാനങ്ങൾ നടത്താനും, വേദപാഠം എല്ലാ ഇടവകകളിലും ആരംഭിക്കാനും ഏർപ്പാടുചെയ്തതും അദ്ദേഹത്തിന്റെ മഹിതകൃത്യങ്ങളിൽ ചിലതുമാത്രമാണ്. കുറെ സന്ന്യാസിവൈദികരെ ഏതാനും ഇടവകപ്പള്ളികളിലെ തന്റെ സ്ഥാനപതികളായി നിശ്ചയിച്ചു. തങ്ങളുടെ കീഴുള്ള പ്രസ്തുത പള്ളികൾ സന്ദർശിച്ച് അവിടത്തെ വിദ്യാപ്രവർത്തനം, കുട്ടികളുടെ മതപഠനം, ജനങ്ങളുടെ നല്ല വ്യാപാരം എന്നിവയെപ്പറ്റി അന്വേഷിച്ച് തനിക്കു റിപ്പോർട്ട് സമർപ്പി

www.malankaralibrary.com

ക്കുകയെന്നതായിരുന്നു ഈ സ്ഥാനപതികളുടെ നിർദിഷ്ടദൗത്യം. ജന ങ്ങളുടെ നടപടികൾ ഗുണീകരിക്കുന്നതിനുവേണ്ട പല നല്ല ഏർപ്പാടു കളും ആരംഭിച്ചതും ഇദ്ദേഹത്തിന്റെ നാമം അനശ്വരമാക്കാൻ പോരു ന്നവയാണ്. ഇദ്ദേഹത്തിന്റെ മരണവിവരം അറിഞ്ഞയുടനേ എല്ലാ ആശ്ര മങ്ങളിലും ആഘോഷപൂർവം ശേഷക്രിയകൾ നടത്തി. കൂടാതെ, പ്രിയോരച്ചനും മറ്റു കുറെ അച്ചന്മാരുംകൂടി വരാപ്പുഴ ചെന്ന് അവി ടെയും ഒപ്പീസ് മുതലായ തിരുകർമങ്ങൾ നടത്തുകയുണ്ടായി. ഇദ്ദേ ഹത്തിന്റെ അനുഗാമിയായി വരാപ്പുഴ വികാരി അപ്പസ്തോലിക്കയായി ലെയോനാർദു മിഷനറി 1868 നവംബർ 15-ാംനു അഭിഷേചിക്കപ്പെട്ടു. ഇദ്ദേഹം 1868-ൽ വത്തിക്കാൻ സൂനഹദോസിൽ സംബന്ധിക്കാൻ റോമി ലേക്കുപോയപ്പോൾ 'പത്രോസിന്റെ കാശ്' എന്ന അഭിധാനത്തിൽ ഒരു തുക മലയാളത്തിൽനിന്നു പിരിച്ചുകൊണ്ടുപോയിരുന്നു. അതിൽ 32000 ക. സുറിയാനിപ്പള്ളികളിൽനിന്നുള്ള പിരിവായിരുന്നു.

### 'മദാമ്മയും' കൂനമ്മാവിലെ മുദ്രണാലയവും

1868-ൽ അമലോദ്ഭവമാതാവിന്റെ നാമത്തിൽ കൂനമ്മാവിൽ ഒരു മുദ്രണാലയം ആരംഭിച്ചു. ഇതിന്റെ സ്ഥാപനത്തിന് ബ. ലെയൊപ്പോൾദ് മിഷനറിയുടെ സാരമായ പ്രേരണയും സഹായവും ഉണ്ടായിട്ടുണ്ടെ ങ്കിലും, പ്രസ്തുതവർഷം ഒന്നാം വത്തിക്കാൻ സൂനഹദോസിൽ സംബ ന്ധിക്കാൻ പോയിരുന്ന ലെയോനാർദ് മെത്രാനോടുകൂടെ അദ്ദേഹം യൂറോപ്പിലായിരുന്നതുകൊണ്ട് അക്കൊല്ലം സ്ഥാപിതമായ മുദ്രണാ ലയത്തിന്റെ മുഴുവൻ ചുമതലയും 1846-ൽ മാന്നാനത്ത് ഒരു മുദ്രണാ ലയം സ്ഥാപിച്ചു നടത്തിവന്നിരുന്ന ചാവറയച്ചൻതന്നെയാണ് നിർവ ഹിച്ചത്.

ആയിടെ, ബോംബെയിൽ വിവാഹിതയായി ജീവിച്ചുവരവേ സന്താ നലാഭം കൂടാതെ വിധവയായിത്തീർന്ന ഒരു സ്ത്രീ, ശേഷിച്ച തന്റെ ജീവിതകാലം ഒരു ഭക്തജീവിതം നയിക്കണം എന്ന ഉദ്ദേശ്യത്തോടെ, മുൻകൂട്ടി നടത്തിയിരുന്ന എഴുത്തുകുത്തുകളനുസരിച്ച്, 1869-ൽ കൂന മ്മാവുങ്കൽ വന്നുചേർന്നു. ആലപ്പുഴ മാർസ്ലീവാപള്ളി ഇടവകയിലെ ഒരു സുറിയാനിക്കാരിയായിരുന്ന ഇവരാകട്ടെ, ബോംബെയിൽ വസി ച്ചിരുന്ന ഒരു മദാമ്മയുടെ 'ആയ' ആയി ജോലി നിർവഹിക്കുകയായി രുന്നു. അവൾ ബോംബെയിൽനിന്നു പോരുമ്പോൾ ആയിരം റുപ്പിക യ്ക്കുള്ള ആഭരണങ്ങളും മേശ, കസേര, വേദക്കുസ്താ കദ്മ്പാൾ ആദി യായ ഒട്ടുവളരെ സാമാനങ്ങൾക്കുംപുറമേ, ബ. ചാവറയച്ചന്റെ ആഗ്ര

www.malankaralibrary.com

ഹമനുസരിച്ച് രണ്ട് ഇരുമ്പു പ്രസുകൂടെ കൊണ്ടുവന്ന് കൂനമ്മാവിലെ മുദ്രണാലയത്തിനു സംഭാവനചെയ്തു. ഈ മുദ്രണാലയത്തിൽനിന്ന് ആദ്യമായി മുദ്രണംചെയ്ത പുസ്തകം ബ. ചാവറയച്ചൻ എഴുതി ക്രമപ്പെടുത്തിയ സുറിയാനികാനോൻ ജപപുസ്തകമാണ്. ഇവിടെനിന്നു വേറെയും ചില പുസ്തകങ്ങൾ പ്രസാധനം ചെയ്തിട്ടുണ്ട്. കൂനമ്മാവിൽനിന്ന് ഈ പ്രസ് 1880-ൽ വരാപ്പുഴയ്ക്കു മാറ്റി. പിന്നീട് അതു എറണാകുളത്തേക്കു കൊണ്ടുപോയി അവിടത്തെ അനാഥശാലയിൽ ഉപയോഗിച്ചുതുടങ്ങി.

1873 ഏപ്രിൽമാസത്തിൽ മേല്പറഞ്ഞ മഹതി ചരമംപ്രാപിച്ചു കൂനമ്മാവ് ആശ്രമദേവാലയത്തിൽ ഭൂദാനം ചെയ്യപ്പെട്ടു. മരണത്തിനുമുമ്പ് അവർ എഴുതിവച്ചിരുന്ന മരണപത്രികയിൽ, സ്വന്തം ശേഷക്രിയകൾക്കുള്ള ചെലവുകഴിച്ച് ബാക്കിവരുന്ന പണം കൂനമ്മാവ് ആശ്രമദേവാലയം വിസ്തൃതമാക്കുന്നതിനായി വിനിയോഗിക്കണമെന്നാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ, ഇങ്ങനെ ലഭിച്ച 2000 റുപ്പികകൊണ്ട് പള്ളി വിസ്തൃതമാക്കി പണിയാൻ കഴിയാതെ വന്നതിനാൽ അവർ തന്നെ പള്ളിക്കു ദാനം ചെയ്തിരുന്ന ഒരു പുരയിടം വിറ്റുകിട്ടിയ പണവും കൂടി വിനിയോഗിച്ച് പള്ളി വിസ്തൃതമാക്കിത്തീർത്തു.

**ചാവറ പ്രിയോരച്ചന്റെ ചരമം**

ലെയൊനാർദ് മെത്രാൻ റോമിൽനിന്ന് 1870-ൽ തിരിച്ചെത്തിയപ്പോൾ പ്രിയോരച്ചൻ രോഗബാധിതനായിരുന്നു. മൂന്നുമാസം രോഗശയ്യയിൽ കിടന്നശേഷം 1871 ജനുവരി 3-ാം നു കാലത്ത് 7.30ന് 66-ാമത്തെ വയസ്സിൽ അദ്ദേഹം ഭാഗ്യമരണം പ്രാപിച്ചു.

മരണശേഷം ആത്മാനുകൂലാർഥം ആഘോഷപൂർവകമായ ദിവ്യബലികൾ പലത് അർപ്പിക്കപ്പെട്ടു. മൃതദേഹത്തെ കുർബാനക്കുപ്പായവും മറ്റും ധരിപ്പിക്കുന്നതുകണ്ടപ്പോൾ, വികാരി ജനറാളായ പീലിപ്പോസ് മിഷനറി പറഞ്ഞു, പ്രിയോരച്ചൻ ഒരു സന്ന്യാസിയാകയാൽ സന്ന്യാസോചിതമായ വസ്ത്രങ്ങൾ ധരിപ്പിക്കുന്നതാണ് ഉചിതവും പിൻഗാമികൾക്ക് അനുകരണീയവും എന്ന്. ഫാ. ലെയോപ്പോൾദും മറ്റു വൈദികരും ഈ നിർദേശം സ്വീകരിച്ചുകൊണ്ട് കുർബാനക്കുപ്പായവും മറ്റും മാറ്റി സൂർപ്ലേസും ഊറാറയും ധരിപ്പിച്ചു. അക്കാലത്ത് കാപ്പ ഇല്ലായിരുന്നു.

മരണവാർത്തയറിഞ്ഞ് പല ഇടവകകളിൽനിന്നും വൈദികരും ജനങ്ങളും പള്ളിസാമാനങ്ങളുമായി വന്നെത്തി. നാലാംതീയതി രാവിലേ

www.malankaralibrary.com

മുതൽ റാസ, ഒപ്പീസ് മുതലായ തിരുകർമങ്ങൾ തുടർച്ചയായി നടന്നു കൊണ്ടിരുന്നു. പോരൂക്കര കുര്യക്കോസച്ചന്റെയും, ചാവറ യൗസേപ്പച്ചന്റെയും നേതൃത്വത്തിൽ ശവസംസ്കാരകർമങ്ങൾ നടന്നു. പള്ളി സന്ദർശനത്തിലായിരുന്നതിനാൽ മെത്രാനച്ചന് സന്നിഹിതനാകാൻ സാധിച്ചില്ല. പള്ളിയുടെ പരിസരങ്ങളിൽപ്പോലും ഒതുങ്ങാത്തവിധം അത്രയധികം ജനങ്ങൾ ആദ്യന്തം സന്നിഹിതരായിരുന്നു. ചരമപ്രഭാഷകൻ കാപ്പിൽ മത്തായി മറിയം അച്ചനായിരുന്നു. "ഇന്നു മലയാളത്തിന്റെ കൊടി വീണിരിക്കുന്നു'' എന്ന ആമുഖത്തോടെയാണ് അദ്ദേഹം പ്രസംഗം ആരംഭിച്ചത്. പ്രസംഗവും അതോടൊപ്പം മുഴങ്ങിയിരുന്ന ദുഃഖസൂചകമായ മണിനാദവും ജനഹൃദയങ്ങളെ സന്താപവിവശരാക്കി. ദുഃഖവിവശരായ ജനക്കൂട്ടം വാവിട്ടു നിലവിളിച്ചു. സുദീർഘമായ ആ പ്രസംഗത്തിനുശേഷം നഗരികാണിക്കൽ മുതലായ ക്രമങ്ങൾ നടന്നു. ഏകദേശം ഉച്ചയോടുകൂടെ കൂനമ്മാവ് വി. ഫിലോമിനായുടെ ദേവാലയത്തിൽ മദ്ബഹായ്ക്കുതാഴെ അഴിയോട്ചേർന്ന് പള്ളിമധ്യത്തിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു. 1889-ൽ അവശിഷ്ടങ്ങൾ ഇവിടെനിന്നെടുത്ത് മാന്നാനത്തുകൊണ്ടുചെന്ന് സംസ്കരിച്ചു.

ചാവറയച്ചനുശേഷം പ്രിയോരായിരുന്ന പോരൂക്കര കുര്യാക്കോസ് ഏലീശാച്ചന്റെ കൈയൊപ്പോടുകൂടെ താഴെപ്പറയുന്ന സ്മാരകവാചകം ഈയത്തകിടിൽ എഴുതി ശവപ്പെട്ടിയിൽ നിക്ഷേപിച്ചു:- "ഈ കബറിടത്തിൽ അടക്കപ്പെട്ടിരിക്കുന്ന ചേന്നങ്കരിപ്പള്ളി ഇടവകക്കാരൻ കുറിയാക്കോസ് ദ്തൂഹ്മാ കന്തീശാ എന്ന മലയാളത്തിൽ സ്ഥാപിക്കപ്പെട്ട കർമലീത്താ ദി സഭയുടെ അടിസ്ഥാനക്കാരനും പ്രിയോരും ആയ ഇദ്ദേഹം 1805-ാം കാലം കുംഭമാസം 8-ാം തീയതി പിറന്നു. 1832-ൽ മാന്നാനത്തു കൊവേന്തയിൽ കൂടി. മല്പാനായി പഠിപ്പിച്ചതിന്റെശേഷം 1855-ാം കാലം ധനു 8-ാം നു പറഞ്ഞൊപ്പുചെയ്ത് ഒന്നാമത്തെ പ്രിയോരായി നിയമിക്കപ്പെട്ടു. ഏറിയ അധ്വാനങ്ങളും ചെയ്തുവരുമ്പോൾ റോക്കോസിന്റെ ശപിക്കപ്പെട്ട ശീശ്മയുടെ കാലത്തിൽ സുറിയാനി ക്രിസ്ത്യാനികളുടെ വികാരി ജനറാളിന്റെ സ്ഥാനത്തോടുകൂടെ ആത്മാവുകളുടെ രക്ഷയ്ക്കായി വളരെ പ്രയാസങ്ങൾ കഴിച്ച് 1871-ാം കാലം മകരമാസം 3-ാം നു കാലത്ത് ഏഴരമണിക്ക് കൂനമ്മാവു കൊവേന്തയിൽ തന്റെ മക്കളുടെ കണ്ണുനീരുകളുടെ ഇടയിൽ കൂദാശകളൊക്കയും വിശേഷ ഭക്തിയോടുകൂടെ കൈക്കൊണ്ടു സാമാന്യമല്ലാത്ത ദൈവഭക്തിയുടെ അടയാളങ്ങളോടുകൂടെ തന്റെ അഴകുള്ള ആത്മാവിനെ താൻ

www.malankaralibrary.com

ജീവിതകാലമൊക്കെയിലും സ്നേഹിച്ച നാഥന്റെ തൃക്കൈകളിൽ കയ്യാളിക്കുകയും ചെയ്തു എന്ന ഈ വാചകം ഒരു ഈയത്തകിടിൽ എഴുതിവയ്ക്കുകയും ചെയ്തു. ദൈവമനോഗുണത്തിന്റെ അറിവിനും സ്തുതിക്കുമായി ആഹാകുര്യാക്കോസു ഏലീശാ”.

ആരാധനക്രമസംബന്ധമായും ചാവറയച്ചൻ വളരെക്കാര്യങ്ങൾ ചെയ്തിട്ടുണ്ട്. സുറിയാനികുർബാനയുടെ ക്രമങ്ങളടങ്ങിയ ‘തൂക്കാസാ’ എന്ന പുസ്തകം വൈദികരുടെ ഉപയോഗത്തിനായി പ്രസിദ്ധീകരിച്ചു. അതിലുള്ളവയെല്ലാം പരാമ്പരാഗതമായി അനുഷ്ഠിക്കപ്പെട്ടുപോന്ന ക്രമങ്ങളാണ്. കുർബാനയിലെ തിരുവസ്ത്രങ്ങൾ ലത്തീൻ ക്രമപ്രകാരം വിവിധ വർണങ്ങളിലുള്ളവയായിരിക്കണമെന്ന് വൈദിക മേലധ്യക്ഷൻ കല്പിച്ചതിനാൽ, തദനുസൃതമായ അറിവിനായി ആണ്ടുതോറും പഞ്ചാംഗം മലയാളത്തിൽ അടിക്കുന്ന ഏർപ്പാട് നടപ്പിൽ വരുത്തി. സ്തപസ്സു കുർബാന, പാട്ടുറംശ, അന്നീദാ എന്നീ ക്രമങ്ങൾ ഉണ്ടാക്കി. വലിയ ശനിയാഴ്ചക്രമം ലത്തീനിൽനിന്നു തർജിമ ചെയ്ത് അനുവാദപ്രകാരം ആശ്രമങ്ങളിൽ നടത്തി. സഭയിൽ പ്രത്യേകമായി ഘോഷിക്കുന്ന അമ്മത്രസ്യ, യോഹന്നാൻക്രൂസ് എന്നിവരുടെ തിരുനാൾ വായനകൾ അനുവാദപ്രകാരം ലത്തീൻ തക്സായിൽനിന്ന് സുറിയാനികുർബാനയിൽ ചേർത്തു. കയ്യെഴുത്തായി മാത്രമുണ്ടായിരുന്ന സുദീർഘമായ കാനോന നമസ്കാരപുസ്തകം പല മല്പാന്മാരോടും ആലോചിച്ച്, ചുരുക്കിയും പുതിയതായി ചിലതു കൂട്ടിച്ചേർത്തും ഒരു ക്രമം ഉണ്ടാക്കി റോമിലേക്കയച്ചു. പക്ഷേ, അതിനു മറുപടിയൊന്നും ലഭിക്കായ്കയാൽ വിവരം സൂനഹദോസിനുപോയിരുന്ന ലെയൊനാർദ് മെത്രാൻവഴി മാർപാപ്പായെ അറിയിച്ചപ്പോൾ, ഇവിടെ ക്രമപ്പെടുത്തിയതുപോലെ ഉപയോഗിച്ചുകൊള്ളാൻ അവിടന്നു അനുവദിച്ചതനുസരിച്ച് പ്രസ്തുത പുസ്തകം അച്ചടിച്ചു പ്രസിദ്ധീകരിച്ചു.

www.malankaralibrary.com

# അധ്യായം മൂന്ന്

## സഭയുടെ പ്രതിസന്ധിഘട്ടം

**റോക്കോസ് ശീശ്മ.**

സുറിയാനിക്കാർ തങ്ങൾക്കു സ്വന്തം റീത്തിൽപ്പെട്ട മെത്രാന്മാരെ ലഭിക്കണമെന്ന് എന്നെന്നും അപേക്ഷിച്ചിരുന്നു. 1599-ലെ ഉദയംപേരൂർ സൂനഹദോസുമുതൽ, സഭയിലുണ്ടായ ശീശ്മകളുടെയെല്ലാം നിദാനം ഇതുതന്നെയായിരുന്നു. 1852-ൽ പദ്രവാദോ* ഭരണത്തിൽ ഉൾപ്പെട്ടിരുന്ന സുറിയാനിക്കാരുടെ അപേക്ഷപ്രകാരം 'ദെനഹാ ബർ യോനാ' എന്നൊരു കല്ദായ വൈദികൻ കൊച്ചിയിൽ വന്നിറങ്ങുകയും അതിനുശേഷം കുറവിലങ്ങാട്ടു വന്നു താമസിക്കുകയും ചെയ്തു. അന്ന് ഇടവകക്കാരിൽ ഒരു വിഭാഗം പദ്രുവാദോ ഭരണത്തിലും മറ്റൊരു വിഭാഗം വരാപ്പുഴ വികാരിയപ്പസ്തോലിക്കായുടെ ഭരണത്തിലും ആയിരുന്നു.

ദനഹാ ബർ യോനാ ഒരു മെത്രാനാണെന്നും ലത്തീൻകാരെ ഭയന്ന് ഒരു സാധാരണ വൈദികനെപ്പോലെ നടക്കുകയാണെന്നും പദ്രുവാദോ ഭരണത്തിൽപ്പെട്ട ചിലർ പറഞ്ഞുപരത്തി. ഇദ്ദേഹത്തിന്റെ വരവിനു മുമ്പുതന്നെ പദ്രുവാദോ വിഭാഗത്തിൽപ്പെട്ട പനങ്കുഴക്കൽ കുര്യേപ്പച്ചനും മറ്റും ഒരു സുറിയാനിമെത്രാനെ അയച്ചുതരാനായി, അന്നു ബാബേൽ പാത്രിയാർക്കീസായിരുന്ന നിക്ലാവോസ് ഏശയ്യായ്ക്ക്

---

* പദ്രുവാദോ ഭരണം:-

ഇൻഡ്യയിൽ പോർട്ടുഗീസ് ഗവർമ്മെണ്ടിന്റെ ശക്തി പ്രാബല്യത്തിലിരുന്ന കാലമായിരുന്നു 1, 17 നൂറ്റാണ്ടുകൾ പരിശുദ്ധ സിംഹാസനം ഗോവ, കൊച്ചി, മൈലാപൂർ എന്നീ മെത്രാസനങ്ങൾ സ്ഥാപിച്ച് അവയിൽ പദ്രുവാദോ എന്നുപറയുന്ന രാജസംരക്ഷണാവകാശം (Royal Patronage) പോർട്ടുഗീസു രാജാക്കന്മാർക്കു നല്കിയിരുന്നു. ഈ അവകാശപ്രകാരം പോർട്ടുഗീസ് രാജാക്കന്മാർ നാമനിർദേശം ചെയ്യുന്നവരെ മെത്രാന്മാരായി പരിശുദ്ധ സിംഹാസനം അംഗീകരിച്ചിരുന്നു. ഉദയംപേരൂർ സൂനഹദോസുമൂലം സുറിയാനിക്കാരുടെ അങ്കമാലി മെത്രാസനത്തിന്മേൽ പോർട്ടുഗീസു രാജാക്കന്മാർക്കു പദ്രുവാദോ അവകാശം ലഭിച്ചു. അതോടെ അതിരൂപതയുടെ ആസ്ഥാനം കൊടുങ്ങല്ലൂർക്കു മാറ്റപ്പെട്ടു. രാജ്യകലഹംമൂലം ചില അവസരങ്ങളിൽ പോർട്ടുഗീസ് ഗവർമെന്റും പരിശുദ്ധ സിംഹാസനവുമായുള്ള ബന്ധം വിട്ടുപോകയാൽ ചിലപ്പോഴെല്ലാം രൂപതകളിൽ മെത്രാന്മാർ ഇല്ലാതെയും വന്നിട്ടുണ്ട്. 1832-ൽ 16-ാം ഗ്രിഗോരിയോസ് പാപ്പാ പദ്രുവാദോ അധികാരം നിറുത്തലാക്കി. അതിനുശേഷവും ചില രാജാക്കന്മാർ മാർപാപ്പയുടെ നിർദേശത്തിനു വിരുദ്ധമായി തങ്ങളുടെ പൂർവാധികാരം പ്രയോഗിച്ചുവന്നു. ഈ ഭരണത്തിൽ ചില സുറിയാനിപ്പള്ളികളും ഉൾപ്പെട്ടിരുന്നു.

www.malankaralibrary.com

ഒരപേക്ഷ അയച്ചിരുന്നു. മലയാളത്തിലേക്കു മെത്രാനെ അയയ്ക്കാൻ പരിശുദ്ധ സിംഹാസനത്തിന്റെ അനുമതി വേണമെന്നും അതിനായി താൻ റോമിലേക്ക് എഴുതാമെന്നും മലയാളത്തുനിന്ന് അപേക്ഷകൾ അയച്ചാൽ കാര്യം വേഗം നടക്കുമെന്നും അദ്ദേഹം മറുപടി നല്കി.

ദനഹാ കുറവിലങ്ങാട്ടിരുന്നുകൊണ്ട് സുറിയാനി മെത്രാനെ കിട്ടുന്നതിനുവേണ്ടി പലരെക്കൊണ്ട് ഒപ്പിടുവിച്ച് റോമിലേക്കും പാത്രിയർക്കീസിനും ഹർജികൾ അയച്ചു. ഇല്ലിക്കൽ ദേവസ്യാ അച്ചനുമൊത്ത് ദനഹാ പല പള്ളികളിലും ചുറ്റിസഞ്ചരിച്ചു. ഇവർ കോട്ടയത്ത് ഇടയ്ക്കാട്ടുപള്ളിയിൽ എത്തിയപ്പോൾ പുത്തൻകൂറ്റുകാരായ ഇടവഴിക്കൽ പീലിപ്പോസ് കത്തനാരും മകൻ കൊച്ചുകത്തനാരും വന്ന് അവരെ കണ്ട്, പഴയകൂറ്റുകാർക്ക് മെത്രാനെ നല്കാൻ ചെയ്യുന്ന പരിശ്രമത്തിന് ദനഹായെ പുകഴ്ത്തിസ്തുതിച്ചു. അവിടെനിന്ന് അവർ മന്നാനത്തുവന്ന്, സുറിയാനിമെത്രാനെ ലഭിക്കാനുള്ള അപേക്ഷയ്ക്ക് പ്രിയോരച്ചനും മറ്റച്ചന്മാരും ഒപ്പുവയ്ക്കണമെന്ന് ആവശ്യപ്പെട്ടു. അവർ അതിനു സമ്മതിച്ചില്ല. വരാപ്പുഴനിന്നുള്ള അനുമതികൂടാതെ പിറ്റേദിവസം കുർബാന ചൊല്ലാൻ പാടില്ലെന്നു പ്രിയോരച്ചൻ പറഞ്ഞതിനാൽ കുപിതനായ ദനഹാ അതിരമ്പുഴച്ചെന്ന് കുർബാന ചൊല്ലുകയും അവിടെനിന്നു മടങ്ങി കുറവിലങ്ങാട്ടുപോയി താമസിക്കയും ചെയ്തു.

ഈയവസരത്തിൽ, ദനഹാ മലയാളത്തു വന്നത് ബാബേൽ പാത്രിയാർക്കീസിന്റെ ആഗ്രഹാനുസരണമല്ലെന്ന എഴുത്ത് ബോംബേ വികാരി അപ്പസ്തോലിക്കാ വഴി വരാപ്പുഴ ലഭിച്ചു. അതു പള്ളികളിൽ പ്രസിദ്ധം ചെയ്തതോടെ അദ്ദേഹം മലയാളം വിട്ടുപോയി. അനന്തരം കുടക്കച്ചിറ അന്തോനിച്ചൻ സുറിയാനിമെത്രാനെ കിട്ടാനായി ബാബേലിലേക്കു പോയി. അവിടെവച്ച് അദ്ദേഹം മരണംപ്രാപിച്ചു. പിന്നീട് തൊണ്ടനാട്ടു അന്തോനിയച്ചൻ മൂസലിൽപോയി താമസിച്ചുകൊണ്ട് ഇതിനായി പരിശ്രമിച്ചിരുന്നു. 'പദ്രുവാദോ' ഭരണത്തിൽപ്പെട്ടിരുന്ന കുന്നേലച്ചനും പൂണ്ടിക്കുളത്തു ശെമ്മാശ്ശനും പലരുടെയും ഒപ്പുകളോടുകൂടെ സുറിയാനി മെത്രാനെ കിട്ടാൻ ഹർജികളയച്ചുകൊണ്ടിരുന്നു. എങ്കിലും അനുകൂലമായ ഒരു മറുപടിയും റോമിൽനിന്നു ലഭിച്ചില്ല. ഇങ്ങനെയിരിക്കേ, മൂസലിലെ ജനങ്ങളുടെയും ചില മെത്രാന്മാരുടെയും പ്രേരണയാലും, നെസ്തോറിയൻ പാത്രിയാർക്കീസിന്റെ പക്കലേക്കു മലയാളത്തുകാർ സഹായാഭ്യർഥനയുമായി തിരിഞ്ഞേക്കുമോ എന്ന ഭയത്താലും, യൗസേപ്പ് അവുദോ പാത്രിയർക്കീസ് മാർതോമ്മാ

www.malankaralibrary.com

റോക്കോസ് മെത്രാനെ പാത്രിയാർക്കൽ വികാരിയായി മലയാളത്തിലേക്കയച്ചു. ഇദ്ദേഹത്തിന്റെ ഇങ്ങോട്ടുള്ള യാത്രയുടെ ചെലവിനായി, മൂസലിൽനിന്നു അന്തോനിയച്ചന്റെയും മറ്റും നിർദേശപ്രകാരം ഇവിടെനിന്ന് രണ്ടായിരംരൂപാ പിരിച്ച് ബോംബെയിൽ ഒരു കച്ചവടക്കാരനെ ഏല്പിക്കുകയും അയാൾ അതു കൈപ്പറ്റി അതിനുള്ള രസീതു നല്കുകയും ചെയ്തു.

റോക്കോസിനെ മലയാളത്തിലേക്കയയ്ക്കുന്ന വിവരം മെസോപ്പട്ടോമിയായിലെ ഡെലെഗേറ്റ് അപ്പസ്തോലിക്കാ വരാപ്പുഴ അറിയിച്ചു. 1860 ഡിസംബർ 19-ാംന് അതു പരസ്യപ്പെടുത്തി. ഇക്കാര്യത്തെപ്പറ്റി പ്രൊപ്പഗന്താ തിരുസംഘത്തിന്റെ അധ്യക്ഷൻ 1860 നവം. 16-ാംനു വരാപ്പുഴ വികാരിയപ്പസ്തോലിക്കയ്ക്ക് ഒരെഴുത്തയച്ചു. ഇതും പള്ളികളിൽ പ്രസിദ്ധം ചെയ്തു. അതിൽനിന്നുള്ള അറിവനുസരിച്ച്, റോക്കോസ് മെത്രാൻ റോമിലെ സമ്മതം കൂടാതെയാണ് വന്നതെന്ന് എല്ലാവർക്കും ബോധ്യപ്പെട്ടു. ഇങ്ങനെയിരിക്കേ, 1861 മെയ് 9-ാംന് അദ്ദേഹം കൊച്ചിയിൽ വന്നിറങ്ങി.

മാർപാപ്പായുടെ സമ്മതത്തോടുകൂടെയാണ് റോക്കോസ് മെത്രാൻ വന്നിരിക്കുന്നതെന്നു കാണിച്ച് തൊണ്ടനാട്ട് അന്തോനിയച്ചൻ മല്പാന്മാർക്കും പള്ളിക്കാർക്കും എഴുത്തുകളയച്ചു. ഒരെഴുത്ത് മാന്നാനത്തു പ്രിയോരച്ചനും ലഭിച്ചു. പല പള്ളിക്കാരും മെത്രാനെ ചെന്നുകണ്ട് വണക്കം കാണിച്ചു. പുതിയ മെത്രാനു വണക്കം കാണിച്ചുകൂടെന്ന് ഒരു പരസ്യം വഴി ചാവറയച്ചൻ മുൻകൂട്ടി 1861 ഫെബ്രുവരി മാസത്തിൽ എല്ലാവരെയും അറിയിച്ചിരുന്നു. കൂടാതെ, റോക്കോസ് ന്യായമായ അനുവാദത്തോടെയല്ല വരുന്നതെന്ന ഒരു പരസ്യം 1861 മെയ് മാസത്തിലും മാർപാപ്പായുടെ രണ്ടു തിരുവെഴുത്തുകളും പാത്രിയാർക്കീസിന്റെ കല്പനയും 1861 നവംബറിലും മാന്നാനത്തുനിന്നു തന്നെ അടിപ്പിച്ച് എല്ലാപള്ളികളിലേക്കും അയയ്ക്കുകയുണ്ടായി. അതുവഴി കാര്യങ്ങളുടെ സത്യാവസ്ഥ ഗ്രഹിച്ച പലരും റോക്കോസ്ഭാഗം ഉപേക്ഷിച്ച് വരാപ്പുഴ ഭാഗത്തു ചേരാനിടയായി. റോക്കോസിനോട് എതിർത്തുനിന്നതിനാൽ നമ്മുടെ അച്ചന്മാർക്ക് അദ്ദേഹത്തിന്റെ പാർശ്വവർത്തികളിൽനിന്ന് വളരെ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നു. അരണാട്ടുകര ആശ്രമപണിക്കു സഹായിയായി അയയ്ക്കപ്പെട്ടിരുന്ന പുല്ലാട്ട് ഇട്ടിയവിരാച്ചൻ റോക്കോസ് ഭാഗത്തുചേർന്നു. മാത്രമല്ല, മറ്റു പലരും അതിൽ ചേരാൻ അദ്ദേഹം കാരണക്കാരനുമായി.

www.malankaralibrary.com

ഇദ്ദേഹത്തോടൊപ്പം ഒല്ലൂർ, തൃശൂർ, പാലയൂർ മുതലായ പള്ളികളിൽനിന്ന് വൈദികരും ജനങ്ങളും റോക്കോസ് പക്ഷത്തു ചേർന്നു. അദ്ദേഹം തന്റെ സ്നേഹിതന്മാരോടുംകൂടെ, നവമായി വന്നിരിക്കുന്ന സുറിയാനി മെത്രാനെ എല്ലാവരും അനുസരിക്കണെന്നും വരാപ്പുഴ വികാരിയപ്പസ്തോലിക്കയുടെ കല്പനകൾ വിശ്വാസയോഗ്യമല്ലെന്നും കൊവേന്ത വൈദികർ ഇക്കാര്യത്തെപ്പറ്റി പറയുന്നതൊന്നും വിശ്വസിക്കരുതെന്നു മറ്റും ഉൾക്കൊള്ളിച്ച് വടക്കുള്ള പള്ളികളിലേക്ക് എഴുത്തുകളയച്ചു. ഇതെല്ലാം വളരെ രഹസ്യമായി നടത്തിയിരുന്നതിനാൽ നമ്മുടെ അച്ചന്മാർ ഇതൊന്നും അറിഞ്ഞില്ല. പിന്നീട് ഇവർ ഇതറിഞ്ഞപ്പോൾ ചില തടസ്സങ്ങളൊക്കെ ചെയ്തെങ്കിലും വലിയ ഫലമുണ്ടായില്ല.

അരണാട്ടുകര ചിറമ്മെൽ തരകന്മാരും മറ്റേതാനും വീട്ടുകാരും ഒല്ലൂർ കല്ലൂക്കാരന്മാരും മേച്ചേരി, എരിഞ്ഞേരി മുതലായ ചില വീട്ടുകാരും, വലപ്പാട്ട്, എടത്തുരുത്തി, മുല്ലശ്ശേരി എന്നീ ഇടവകക്കാരും തോപ്പിലച്ചന്റെയും മറ്റും വാക്കുകളനുസരിച്ച് റോക്കോസ് പക്ഷം ചേരാതെ നിന്നു. റോക്കോസ് പക്ഷക്കാർ ശക്തിപ്പെട്ടതോടെ ആശ്രമപ്പിരിവ് മിക്കവാറും അവസാനിച്ചു. അതിനാൽ എൽതുരുത്തിലെ കൊവേന്തപ്പണി മുഴുമിപ്പിക്കാൻ സാധിച്ചില്ല. അന്നുണ്ടായിരുന്ന ബംഗ്ലാവിൽ താമസിച്ചുകൊണ്ടാണ് അവർ റോക്കോസിനെ എതിർത്തത്.

ചിറമ്മെൽ തരകൻ പണികഴിപ്പിച്ച, കപ്പേളയും പറപ്പൂരെയും ഒല്ലൂരെയും പള്ളികളുമായിരുന്നു നമ്മുടെ അച്ചന്മാരുടെ സേവനകേന്ദ്രങ്ങൾ. നമ്മുടെ ആദ്യത്തെ പതിനൊന്നു പിതാക്കന്മാരിൽ ഒരാളായ കട്ടക്കയത്തിൻ ചാണ്ടിയച്ചനാണ് തരകന്റെ കപ്പേളയിൽ കുർബാന ചൊല്ലുകയും അവിടെ കൂടിയിരുന്നവരുടെ ആധ്യാത്മിക കാര്യങ്ങൾ നടത്തിക്കൊടുക്കുകയും ചെയ്തിരുന്നത്. അതിനാൽ അദ്ദേഹത്തിന് വളരെയേറെ ക്ലേശങ്ങൾ സഹിക്കേണ്ടതായിവന്നു. പറപ്പൂരെ കപ്പേളയിൽ അദ്ദേഹം രണ്ടാം കുർബാന ചൊല്ലിയിരുന്നു. പുതുക്കാട്ട് കോനിക്കരെ ഫ്രാൻസിസ് അച്ചൻ ഒല്ലൂർ വികാരിയും ചിറ്റാട്ടുകര വൈശ്യക്കാരൻ ഫ്രാൻസിസച്ചൻ അദ്ദേഹത്തിന്റെ സഹായിയും ആയിരുന്നു. ന. അച്ചന്മാർ ചിലപ്പോഴൊക്കെ അവരെ സഹായിക്കാൻ പോയിരുന്നു. റോക്കോസ് പക്ഷക്കാരിൽനിന്നും അവർ അനുഭവിച്ചിരുന്ന ഉപദ്രവങ്ങളിൽനിന്നും രക്ഷകിട്ടാനായി തോപ്പിലച്ചൻ, ചാണ്ടിയച്ചൻ എന്നിവർ കൊച്ചി ദിവാനായിരുന്ന ശങ്കുണ്ണിമേനോന്റെ പക്കൽ ഹർജി

www.malankaralibrary.com

സമർപ്പിച്ചു. അവർക്ക് അനുകൂലമായ മറുപടി ലഭിച്ചു. പക്ഷേ, റോക്കോസ് പക്ഷക്കാർ വീണ്ടും ഉപദ്രവം തുടർന്നുകൊണ്ടിരുന്നു. പുല്ലാട്ടച്ചനാണ് ഇവർക്കെല്ലാം കാരണമെന്നു ചാണ്ടിയച്ചനും ചിറമ്മേൽ തരകനുംകൂടി തൃശൂർ പേഷ്ക്കാരെ അറിയിച്ചു. പേഷ്ക്കാർ പുല്ലാട്ടച്ചനെയും ഈയാക്കു എന്ന അദ്ദേഹത്തിന്റെ സ്നേഹിതനെയും ശാസിക്കുകയും 500 രൂപ ജാമ്യത്തിൽ പുല്ലാട്ടച്ചനെ വിടുകയും ചെയ്തു. ഇങ്ങനെ റോക്കോസ് പക്ഷക്കാരുടെ ശല്യം അല്പം കുറഞ്ഞു.

**ചാവറയച്ചന് വികാരിജനറാൾ സ്ഥാനം**

ഈ സന്ദർഭത്തിൽ മലയാളത്തിലുള്ള സകല സുറിയാനിപ്പള്ളികളുടെയും വികാരിജനറാളായി പ്രിയോരച്ചനെ മെത്രാനച്ചൻ നിശ്ചയിക്കുകയും വികാരിജനറാളന്മാർക്കു പൊതുവേയുള്ള അധികാരങ്ങൾക്കു പുറമേ ചില പ്രത്യേകാധികാരങ്ങൾ കൂടിയും അദ്ദേഹത്തിനു കൊടുക്കുകയും ചെയ്തു. വരാപ്പുഴനിന്ന് 1861 ജൂൺ 8-ാംനു അദ്ദേഹം ചാവറയച്ചന് തത്സംബന്ധമായി അയച്ച നിയമനപത്രോന്തിയിൽ, 'എനിക്കു പ്രായാധിക്യവും ക്ഷീണവും അസുഖവും ആകയാലും, എന്റെ ഭരണംമൂലം ഭരണീയരിൽ വേണ്ടത്ര ആത്മീയഗുണം ഉണ്ടായിക്കാണാത്തതിനാലും താങ്കളിൽ വേണ്ടുന്ന സ്ഥൈര്യവും മിടുക്കും, ബോധജ്ഞാനവും പുണ്യവ്യാപാരവും ഉണ്ടെന്ന് എനിക്ക് ബോധ്യമുള്ളതിനാലും എന്റെ ഭരണസീമയിലുള്ള സുറിയാനിപ്പള്ളികളിലെ പട്ടക്കാരുടെയും ജനങ്ങളുടെയും ആത്മപരിപാലനം നടത്തി അവരെ ഭരിക്കുന്നതിനായി താങ്കളെ എന്റെ വികാരിജനറാളായി നിയമിക്കുന്നു' എന്നാണ് പ്രസ്താവിച്ചിരുന്നത്.

**റോക്കോസ് മെത്രാനെപ്പറ്റി റോമിൽനിന്നുള്ള അറിയിപ്പ്**

റോക്കോസ് മെത്രാൻ ഏത് അധികാരത്തോടുകൂടെ ഇവിടെ വന്നിരിക്കുന്നു, എങ്ങനെ അദ്ദേഹത്തോടു പെരുമാറണം എന്നെല്ലാം ചോദിച്ചുകൊണ്ട്, പ്രിയോരച്ചനും മറ്റച്ചന്മാരുംകൂടി 1861 ജൂൺ 19-ാംനു 9-ാം പീയൂസ് പാപ്പായ്ക്ക് ഒരു കത്തയച്ചു. അതിനു മറുപടിയായി അതേ വർഷം സെപ്തംബർ 5-ാംനു മാർപാപ്പാ സ്വന്തം കയ്യൊപ്പോടുകൂടിയ ഒരു തിരുവെഴുത്ത് അയച്ചു. റോക്കോസ് മെത്രാൻ മാർപാപ്പായുടെ കല്പനയ്ക്കു വിരോധമായാണ് വന്നിരിക്കുന്നതെന്നും, അദ്ദേഹത്തെ മലയാളത്തുനിന്നു തിരികെ വിളിക്കാൻ പാത്രിയാർക്കീസിനോടു കല്പിച്ചിട്ടുണ്ടെന്നും അതിൽ പറഞ്ഞിരുന്നു.

www.malankaralibrary.com

പാത്രിയാർക്കീസ് റോമിലേക്കു വിളിക്കപ്പെട്ടു. അദ്ദേഹം സെപ്തംബർ 7-ാംനു റോക്കോസ് മെത്രാന് ഒരു കത്തെഴുതി. ബസ്രായിലേക്കു വേഗം മടങ്ങിക്കൊള്ളണമെന്നായിരുന്നു അതിലെ സാരം. അതനുസരിച്ച് റോക്കോസ് മലയാളത്തുനിന്നു പോകാത്തപക്ഷം അദ്ദേഹത്തെ മഹറോൻ ചൊല്ലാനുള്ള കല്പന മാർപാപ്പാ ബെർണർദീനോസു മെത്രാന് അയച്ചിട്ടുണ്ടായിരുന്നു. ഇത് ഒക്ടോബർ മാസത്തിലാണ് വരാപ്പുഴ കിട്ടിയത്.

ഓഗസ്റ്റുമാസത്തിൽ പല പള്ളിക്കാർകൂടി റോക്കോസ്മെത്രാനെ തൈക്കാട്ടുശ്ശേരിയിൽ കൊണ്ടുവന്നു താമസിപ്പിച്ചു. വടക്ക് എൽത്തുരുത്തിലും തെക്കു മാന്നാനത്തും മാറിമാറി മെത്രാനെ താമസിപ്പിക്കണമെന്നും അദ്ദേഹത്തിന്റെ ചെലവുകൾക്ക് ഈ കൊവേന്തകളുടെ പേരിൽ വസ്തു കാണമായി നല്കണമെന്നും അതിനായി സകല പള്ളികളിലെയും ഒരാണ്ടത്തെ വരവ് പാറായിൽ അയ്യനാട്ടു അവിരാതരകനെ ഏല്പിക്കണമെന്നും അവർ നിശ്ചയിച്ചു.

പ്രിയോരച്ചനും മറ്റച്ചന്മാരും റോക്കോസിനു വിരോധമായി പ്രസംഗിച്ചിരുന്നതിനാൽ, അദ്ദേഹത്തിന്റെ പക്ഷക്കാരിൽനിന്ന് വളരെയധികം സഹിക്കേണ്ടതായി വന്നു. പാത്രിയാർക്കീസിന്റെ കല്പന കിട്ടിയിട്ടും റോക്കോസ്മെത്രാൻ മലയാളത്തുനിന്നു മടങ്ങിയില്ല. അതിനാൽ 1861 നവംബർ 30-ാംനു വരാപ്പുഴ പള്ളിയിൽവച്ച് ബെർണാർദീനോസ് മെത്രാൻ മാർപാപ്പായുടെ നാമത്തിൽ മഹറോൻ ചൊല്ലി.

### കാപ്പിലച്ചൻ റോക്കോസ് മെത്രാന് മഹറോൻ കല്പന നല്കുന്നു

ബെർണാർദീനോസു മെത്രാൻ കൂനമ്മാവു കൊവേന്തയുടെ വികാരിയായിരുന്ന കാപ്പിൽ മത്തായി മറിയം അച്ചനെ മഹറോൻ അറിയിപ്പുമായി ഞാറക്കലേക്കയച്ചു. അന്നവിടെ താമസിച്ചിരുന്ന റോക്കോസിന്റെ പക്കലേക്ക്. അദ്ദേഹം അവിടെച്ചെന്ന് മെത്രാന്റെ മുറിയുടെ വാതുക്കൽവെച്ച് മേല്പറഞ്ഞ അറിയിപ്പു കൊടുത്തപ്പോൾ, അവിടെയുണ്ടായിരുന്ന ജനങ്ങൾ ബഹളംകൂട്ടി. തന്മൂലം കാപ്പിലച്ചൻ അവിടെനിന്ന് വിശ്വസ്തനും കത്തോലിക്കാവിശ്വാസത്തിൽ സ്ഥിരമായി നിന്നിരുന്നവനുമായ പാറേക്കാടൻ കുഞ്ഞിപ്പൈലോയുടെ വീട്ടിൽ അഭയം പ്രാപിച്ചു. ലഹള ശമിച്ചപ്പോൾ വാടയിൽ പള്ളിയിലെ ക്രിസ്ത്യാനികളുടെ സഹായത്താൽ മത്തായി മറിയമച്ചൻ കൂനമ്മാവുങ്കൽ ചെന്നുചേർന്നു. പാത്രിയാർക്കീസിന്റെ എഴുത്തിനെപ്പറ്റി സംശയമുണ്ടെന്നും

www.malankaralibrary.com

മലയാളം വിട്ടുപോകാൻ പള്ളിക്കാർ സമ്മതിക്കുന്നില്ലെന്നും താൻ വിവരത്തിനു റോമിലേക്കെഴുതിയിട്ടുണ്ടെന്നും അതിനാൽ, തന്നെ മഹറോൻ ചൊല്ലരുതെന്നും റോക്കോസ് മെത്രാൻ വരാപ്പുഴ വികാരി അപ്പസ്തോലിക്കായ്ക്ക് എഴുതി.

റോക്കോസ്മെത്രാനെ മലയാളത്തിൽ സ്ഥിരപ്പെടുത്തിക്കിട്ടാനായി പ്രയത്നിക്കാൻവേണ്ടി, പാറായിൽ അവിരാതരകന്റെയും കള്ളിയത്തു ചാക്കൂരിന്റെയും നേതൃത്വത്തിൽ ഒരു പള്ളിയോഗം ഞാറയ്ക്കൽ കൂടി. വൈദികരിൽനിന്നും അല്മായരിൽനിന്നും പ്രതിനിധികളായി 12 പേരെ ഈ യോഗത്തിൽ തിരഞ്ഞെടുത്ത് ഈ വിവരം വരാപ്പുഴ അറിയിച്ചു. 1862-ൽ ബാഗ്ദാദിൽനിന്നു വന്ന പാത്രിയാർക്കീസിന്റെ ഒരെഴുത്ത് മലയാറ്റൂർവച്ച് റോക്കോസ് മെത്രാനു കിട്ടി. അതിനുശേഷം അദ്ദേഹം ബലിയർപ്പിച്ചില്ല. ഉടനേ അദ്ദേഹം കൊച്ചിയിൽ വന്ന് കെറുബിൻ മിഷനറി വഴി ഒരെഴുത്ത് വരാപ്പുഴയ്ക്കു കൊടുത്തുവിട്ടു. ഉടനേ മെത്രാനച്ചൻ പള്ളിപ്പുറത്തുനിന്ന് പ്രിയോരച്ചനെ കൊച്ചിയിലേക്കയച്ചു. മാർപാപ്പായുടെ അനുമതികൂടാതെ ഇവിടെ വന്ന് ചെയ്ത കുറ്റങ്ങൾ ഏറ്റുപറഞ്ഞ് പരസ്യം ചെയ്യുന്നതായാൽ മഹറോൻ പോക്കാമെന്ന് മെത്രാന്റെ നാമത്തിൽ അദ്ദേഹം റോക്കോസിനെ അറിയിച്ചു. മഹറോൻ അറിയിപ്പു കിട്ടിയ ഉടൻ താൻ പോകാൻ നിശ്ചയിച്ചിരുന്നതാണെന്നും നിവൃത്തിയില്ലാതെ വന്നതുകൊണ്ടുമാത്രം താമസിച്ചുപോയതാണെന്നും അതിനാൽ മഹറോൻ ശിക്ഷയിൽ താൻ ഉൾപ്പെടുകയില്ലെന്നും മാർപാപ്പായുടെ കല്പനപ്രകാരമല്ല, പാത്രിയാർക്കീസിന്റെ കല്പനപ്രകാരം ഇവിടത്തെ കാര്യങ്ങൾ അന്വേഷിക്കാനായി താൻ വന്നതാണെന്ന് എഴുതിത്തരാമെന്നും യാത്രച്ചെലവു കിട്ടിയാൽ തിരിച്ചുപൊയ്ക്കൊള്ളാമെന്നും റോക്കോസ് മെത്രാൻ മറുപടി പറഞ്ഞു.

**റോക്കോസ് മെത്രാന്റെ മടക്കയാത്ര**

പ്രിയോരച്ചൻ ഈ വിവരം മെത്രാനച്ചനെ അറിയിച്ചു. അദ്ദേഹം അതു സമ്മതിച്ച്, മെത്രാൻ പോകുന്നതുവരെ പ്രിയോരച്ചനോട് കൊച്ചിയിൽ താമസിക്കാൻ കല്പിച്ചു. സ്വപക്ഷക്കാർ ചില തടസ്സങ്ങൾ ചെയ്തെങ്കിലും 1862 മാർച്ചുമാസത്തിൽ റോക്കോസ് മെത്രാൻ ബാഗ്ദാദിലേക്ക് കപ്പൽകയറി.

റോക്കോസിന്റെ ഭാഗത്തു ചേരാത്തതായി അന്നു ചുരുക്കം പള്ളികളേ ഉണ്ടായിരുന്നുള്ളു. അവിടവിടെ ചില പള്ളികളും വീട്ടുകാരും

www.malankaralibrary.com

വൈദികരും അവരോടു ചോരാതെനിന്നു. മുട്ടം, പള്ളിപ്പുറം, വൈക്കം, പറവൂർ, ആമ്പല്ലൂർ, കുമ്പളം, കൊടവെച്ചൂർ, മുഹമ്മ, തത്തമ്പള്ളി, ചേന്ന ങ്കരി, കല്ലൂർക്കാട്, എടത്വാ, പുളിങ്കുന്ന്, തുരുത്തി, തോട്ടയ്ക്കാട്, വായ്പ്പൂർ, മണിമല, നെടുംകുന്നം, കാഞ്ഞിരപ്പള്ളി, അരുവിത്തുറ, കുറു മ്പനാടം, കുടമാളൂർ, കൈപ്പുഴ എന്നീ പള്ളികൾ റോക്കോസ് പക്ഷത്തു ചേർന്നില്ല. റോക്കോസുമെത്രാൻ ന്യായമായ അധികാരത്തോടുകൂടെ വന്നതാണെന്ന് വിശ്വസിച്ചതിനാലാണ് പലരും അദ്ദേഹത്തിന്റെ പക്ഷത്തു ചേരാനിടയായത്. സുറിയാനി മെത്രാനെ കിട്ടാനുള്ള ആഗ്ര ഹത്താൽ പലരും വരാപ്പുഴനിന്നുള്ള അറിയിപ്പുകൾ വിശ്വസിച്ചില്ല. ഏതായാലും, അന്നു കേരളത്തിലുണ്ടായിരുന്ന 154 സുറിയാനിപ്പള്ളി കളിൽ 86 പള്ളികൾ പൂർണമായും 30-ഓളം പള്ളികൾ ഭാഗികമായും റോക്കോസിനു കീഴ്പെട്ടിരുന്നു.

### സാബാ കമ്മിസറി

1863-ൽ സാബാ മെത്രാപ്പോലീത്ത കമ്മിസറി അപ്പസ്തോലിക്ക യായി- മാർപാപ്പായുടെ വിസ്തീർണാധികാരമുള്ള ഒരു സ്ഥാനപതി യായി- ഇൻഡ്യയിലേക്ക് അയയ്ക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ വരവോടു കൂടെ റോക്കോസ് ഛിദ്രം അവസാനിച്ചു. ഓരോരോ പള്ളിക്കാർ അവ രുടെ ഇഷ്ടാനുസരണം വരാപ്പുഴ അധികാരത്തിലോ പദ്രുവാദോ അധി കാരത്തിലോ നിലനിന്നു. ഈ കമ്മിസറിയെ പ്രിയോരച്ചൻ വരാപ്പുഴ പോയി കണ്ടു. അദ്ദേഹം കൂനമ്മാവിലും വരുകയുണ്ടായി.

## മേലൂസ് ശീശ്മ

### സുറിയാനി മെത്രാനുവേണ്ടിയുള്ള ശ്രമം

1872-ൽ പദ്രുവാദോ അധികാരത്തിൽപ്പെട്ട സുറിയാനിപ്പള്ളിക്കാർ, സുറിയാനിക്കാർക്ക് ഒരു മെത്രാനെ അയച്ചുതരണമെന്നും അദ്ദേഹ ത്തിനുവേണ്ട സഹായം ചെയ്തുകൊള്ളാമെന്നും പോർട്ടുഗൽ രാജാവും ഇതിൽ വേണ്ടപോലെ സഹായിക്കുമെന്നും കാണിച്ച് കല്ദായ പാത്രിയർക്കീസിന് ഒരു കത്തയച്ചു. സുറിയാനി മെത്രാന്മാർ ഇല്ലാത്തതിനാൽ സുറിയാനി റീത്തിനും പള്ളിക്രമങ്ങൾക്കും വലിയ ദൂഷ്യങ്ങൾ നേരിടുന്നുണ്ടെന്നും അതിൽ വിവരിച്ചിരുന്നു. ആയിടയ്ക്ക് ബോംബേയിൽനിന്ന് പീലിപ്പോസ് അസൈ എന്നൊരു കല്ദായ പട്ട ക്കാരൻ ധർമത്തിനായി മലയാളത്തിൽ വന്നിരുന്നു. പാത്രിയാർക്കീ സിൽനിന്ന് ഒരു സാക്ഷിപത്രവും ഇല്ലാതിരുന്നിട്ടും അതുണ്ടെന്നുപറ

www.malankaralibrary.com

ഞ്ഞ്, വരാപ്പുഴനിന്ന് ധർമത്തിനായുള്ള കല്പന വാങ്ങി. എന്നാൽ ബോംബേ വികാരിയപ്പസ്തോലിക്കാവഴി സത്യാവസ്ഥ ഗ്രഹിച്ച ലെയൊനാർദുമെത്രാൻ, താൻ നല്കിയിരുന്ന കല്പന തിരിച്ചുവാങ്ങുകയും അയാൾക്ക് ആരും ധർമം കൊടുക്കരുതെന്നു മുടക്കുകയും ചെയ്തു. കുപിതനായിത്തീർന്ന പീലിപ്പോസുപട്ടക്കാരൻ ചില സുറിയാനി വൈദികരോടുചേർന്ന്, ഒരു സുറിയാനി മെത്രാനെ വരുത്താനുള്ള ശ്രമങ്ങൾ തുടങ്ങി. അന്ന് പദ്രുവാദോ പക്ഷത്തുനിന്നിരുന്ന തൃശൂർ പള്ളി വികാരി ഉാലം പള്ളിയിടവക പൂത്തേട്ട് ഇഗ്നേഷ്യസച്ചനും അരണാട്ടുകര ഇടവക തേറാട്ടു കൂനൻ യാക്കോബച്ചനും ആയിരുന്നു ഇക്കാര്യത്തിൽ മുൻകൈയെടുത്തത്.

**മേലൂസ് മെത്രാന്റെ ആഗമനം**

ഇവരുടെ എഴുത്തുകളുടെ ഫലമായി, 1874 ഒക്ടോബർ 2-ാംനു ഏലിയാ മേലൂസ് എന്ന മെത്രാൻ മലയാളത്തിൽ വന്നിറങ്ങി. മലയാളം വിട്ടുപോകണമെന്ന് മാർപാപ്പായുടെ അധികാരപ്രകാരം വരാപ്പുഴ നിന്ന് അദ്ദേഹത്തെ അറിയിച്ചെങ്കിലും മേലൂസ് പോകാതിരുന്നതിനാൽ ഒക്ടോബർ 25-ാംനു ലെയൊനാർദു മെത്രാൻ അദ്ദേഹത്തെ മഹറോൻ ചൊല്ലി. മുമ്പ് റോക്കോസിനോടു ചേർന്നതിന്റെ ദുരന്തഫലങ്ങൾ അറിഞ്ഞിരുന്ന ജനങ്ങളിൽ അധികമാരും ഇദ്ദേഹത്തോടു ചേരാൻ ധൈര്യപ്പെട്ടില്ല. തൃശൂർ ഉൾപ്പെട്ട ചില പള്ളിക്കാരും അവരെ അനുകരിച്ച് പദ്രുവാദോ പക്ഷത്തു നിന്നിരുന്ന ചിലരും മാത്രം ചേരുകയുണ്ടായി.

**ഒല്ലൂർനിന്ന് മാർപാപ്പായ്ക്കു കത്തും അതിനു മറുപടിയും**

മേലൂസ് മെത്രാൻ മലയാളത്തിൽ വന്നത് മാർപാപ്പായുടെ അനുവാദത്തോടെയാണെന്നു സ്വപക്ഷക്കാർ പറഞ്ഞുപരത്തി പലരെയും കബളിപ്പിച്ചതിനാൽ, ഒല്ലൂർ പള്ളി വികാരിയായിരുന്ന കുടുവാടത്തിൽ ന. ബ. മത്തായി ഗ്രിഗോരിയാസച്ചനും ഒല്ലൂർ ഇടവകക്കാരുംകൂടി ഇക്കാര്യത്തിന്റെ വാസ്തവം അറിയാനായി പ്രൊപ്പഗാന്താ തിരുസംഘത്തിലേക്കും മാർപാപ്പായ്ക്കും എഴുത്തുകളയച്ചു. അതിന് 1875 മെയ് 1-ാംനു മാർപാപ്പായുടെയും മെയ് 7-ാംനു തിരുസംഘത്തിന്റെയും എഴുത്തുകൾ അച്ചനു ലഭിച്ചു. മാർപാപ്പായുടെ അനുവാദം കൂടാതെയും അവിടത്തെ വിലക്കിനുവിരോധമായാണ് മേലൂസ് മെത്രാൻ വന്നിരിക്കുന്നതെന്ന് ആ എഴുത്തുകളിൽ വ്യക്തമായി പ്രസ്താവിച്ചിരുന്നു. ഈ വിവരങ്ങൾ കാണിച്ച് ഒരു കത്ത് പ്രൊപ്പഗാന്താ തിരുസംഘാധിപനായ

www.malankaralibrary.com

കർദിനാൾ, അന്നത്തെ കൊച്ചി ദിവാന്റെ പേർക്കും അയച്ചിരുന്നു. ഇതിനു മുമ്പുതന്നെ 1875 ജനുവരി 27-ാംനു 9-ാം പീയൂസ് പാപ്പാ നമ്മുടെ പട്ടക്കാർക്കും ശമ്മാശ്ശന്മാർക്കുമായി അയച്ചിരുന്ന ഒരു തിരുവെഴുത്തിൽ, മേലൂസ് മെത്രാന്റെ വരവ് റോമിലെ അനുമതികൂടാതെയാണെന്ന് അറിയിച്ചിരുന്നു.

**'റൊട്ടിപ്പള്ളി'**

മേലൂസ് മെത്രാൻ മലയാളത്തിൽ വന്നിറങ്ങിയപ്പോൾ, ലെയൊനാർദു മെത്രാൻ കണ്ടശ്ശാംകടവു പള്ളിയിൽ സന്ദർശനം നടത്തുകയായിരുന്നു. അവിടെ ധ്യാനം നടത്തിക്കൊണ്ടിരുന്ന കട്ടക്കയത്തു ചാണ്ടിയച്ചനോട് അദ്ദേഹം ഇക്കാര്യത്തെപ്പറ്റി പറയുകയിൽ റോക്കോസ് ശീശ്മയോടു യുദ്ധംചെയ്തതുപോലെ മേലൂസിനെതിരായും പ്രവർത്തിക്കണമെന്നും അതിനായി എൽത്തുരുത്ത് ആശ്രമത്തിൽ താമസിക്കണമെന്നും കല്പിച്ചു. കാപ്പിൽ മത്തായിമറിയമച്ചനും തൃശൂർ ആലങ്ങാടൻ ആട്ടോക്കാരൻ മുതലായ ചില മാന്യന്മാരും കൂടി റൊട്ടിക്കാരൻ കുഞ്ഞിപ്പാപ്പുവിന്റെ വീടിന്റെ ഒരു മുറി ഒരു കപ്പേളയാക്കി അവിടെ തിരുകർമങ്ങൾ നടത്താൻ തുടങ്ങി. കാപ്പിലച്ചനും ചാണ്ടിയച്ചനും പാലാക്കുന്നേൽ ചാക്കോച്ചനുംകൂടി ആ കപ്പേള നടത്തിവന്നു. മേലൂസ് ശീശ്മക്കാർ അതിനെ 'റൊട്ടിപ്പള്ളി' എന്നും കത്തോലിക്കർ 'ബേസ്ലഹം കപ്പേള' എന്നും വിളിച്ചിരുന്നു.

**സ്വജാതി മെത്രാനുവേണ്ടിയുള്ള പരിശ്രമവും ഏഴുപേരുടെ സഭാബഹിഷ്കരണവും**

ഈ ശീശ്മകൾ ഉച്ചാടനം ചെയ്യുന്നതിനും, സ്വജാതി മെത്രാന്മാരെ ലഭിക്കുന്നതിനുംവേണ്ടി അന്നു പലരും പരിശ്രമിച്ചിരുന്നു. പ്രസ്തുത പരിശ്രമത്തിൽ ന. ചില സഭാംഗങ്ങളും ഏർപ്പെട്ടതിനാൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കായ്ക്ക് സഭയോടു പൊതുവിലും ചില അംഗങ്ങളോടു പ്രത്യേകിച്ചും നീരസം ജനിച്ചു. തൽഫലമായി അദ്ദേഹം ഏഴു പ്രമുഖാംഗങ്ങളെ 1876 ജനുവരി 23-ാംനു സഭയിൽനിന്നു ബഹിഷ്കരിക്കുകയും, സഭയിൽ പുതുതായി ആരെയും സ്വീകരിക്കരുതെന്നു കല്പിക്കുകയും, പാണാപള്ളിയിൽ വിശുദ്ധ ഫിലിപ്പു നേരിയുടെ നാമത്തിൽ പുതിയൊരു സന്ന്യാസസഭ ആരംഭിക്കുകയും ചെയ്തു. മാത്രമല്ല, സുറിയാനിക്കാരെയും ന. സഭയെയും ആത്മാർഥമായി സ്നേഹിച്ചിരുന്ന ലെയോപ്പോൾദ് ജരാർദ് മിഷനറിമാർ യൂറോപ്പിലേക്കു വിളിക്കപ്പെട്ടു. ഇതിനുള്ള കാരണം, അവർ സുറിയാനിക്കാരുടെ സ്വജാതി

www.malankaralibrary.com

മെത്രാൻ പ്രസ്ഥാനത്തോട് അനുഭാവം പ്രകടിപ്പിച്ചു എന്നതായിരുന്നു വത്രേ.

അന്ന് സഭയിൽനിന്ന് ബഹിഷ്കൃതരായ 'ഏഴു വ്യാകുലങ്ങൾ' എന്ന അപരനാമത്താൽ അറിയപ്പെടുന്ന ആ ഏഴംഗങ്ങൾ താഴെപ്പറയുന്നവരാണ്: 1. പൂവത്തുശ്ശേരി ഇരുമ്പൻ ഗീവർഗീസച്ചൻ, 2. ഭരണങ്ങാനത്ത് മീനാട്ടൂർ മാണിയച്ചൻ, 3. ആരക്കുഴ മാതേക്കൽ മത്തായിയച്ചൻ, 4. ഞാറക്കൽ ശങ്കൂരിക്കൽ പൗലോസച്ചൻ, 5. ഭരണങ്ങാനത്ത് തറവട്ടത്തിൽ ഹില്ലാരിയോസച്ചൻ, 6. കൈനകരി ചാവറ യൗസേപ്പച്ചൻ, 7. പുളിങ്കുന്ന് പഴയപറമ്പിൽ ലൂയിസച്ചൻ.

**ബഹിഷ്കരണ മുടക്ക്**

തുടർന്ന് കുറെപ്പേരെക്കൂടി സഭയിൽനിന്ന് ബഹിഷ്കരിക്കാൻ തീർച്ചയാക്കിയിരുന്നു. എന്നാൽ സ്വയംഭരണസിദ്ധിക്കായി ശ്രമിച്ചു എന്ന കാരണത്താൽ, ഇനിമേൽ ആരെയും സഭയിൽനിന്നു ബഹിഷ്ക്കരികരുതെന്ന് റോമിൽനിന്ന് അറിയിക്കുകയാൽ ഈ ശ്രമം വിഫലമായി. മാത്രമല്ല, നിഷ്കാസിതരായവർക്ക് ആഗ്രഹമുള്ളപക്ഷം, വീണ്ടും സഭയിൽ ചേരാനുള്ള അനുവാദവും നല്കപ്പെട്ടു. എന്നാൽ അവരിലാരും സഭയിൽ പ്രവേശിച്ചില്ല. ബഹിഷ്കൃതരായ ഏഴുപേരിൽ, പഴയപറമ്പിൽ ലൂയീസച്ചൻ നവമായി സ്ഥാപിതമായ എറണാകുളം വികാരിയാത്തിന്റെ പ്രഥമ വികാരി അപ്പസ്തോലിക്കയായും മറ്റുള്ളവർ രൂപതാ കൗൺസിലറന്മാരായും വലിയ പള്ളികളുടെ വികാരിമാരായും നിയമിതരായി.

സ്വജാതിമെത്രാന്മാരെ ലഭിക്കാൻവേണ്ടി സഭയിൽനിന്നു ചെയ്തിരുന്ന യത്നങ്ങളെ അപലപിച്ചുകൊണ്ട് വരാപ്പുഴ മിഷനറിമാർ പല പരാതികളും റോമിലേക്കയച്ചിരുന്നെങ്കിലും റോമൻ അധികാരികൾക്ക് സഭയെപ്പറ്റിയുള്ള മതിപ്പിന് ഒരു കുറവും ഉണ്ടായില്ല. ബഹിഷ്കൃതരായ സന്ന്യാസികൾ, കൂടുതൽ സ്വാതന്ത്ര്യത്തോടെ ഇവിടത്തെ സ്ഥിതിഗതികൾ റോമിലേക്ക് അറിയിച്ചുകൊണ്ടിരുന്നു. അതിനു പുറമേ, ഇവിടെനിന്നു തിരിച്ചുവിളിക്കപ്പെട്ട ലെയോപ്പോൾദ് ജെരാർദു മിഷനറിമാരിൽനിന്നും പല വസ്തുതകളും അവിടെ അറിഞ്ഞിരിക്കണം.

**വിസിറ്റർ മെവുറിൻ മെത്രാന്റെ ആഗമനം**

തൽഫലമായി, ഇക്കാര്യങ്ങളെപ്പറ്റി റോമിൽ നന്നായി പര്യാലോചിച്ചതിൽ, സുറിയാനിക്കാരുടെ ഹർജികളിൽ പറഞ്ഞിരിക്കുന്ന സംഗ

www.malankaralibrary.com

തികൾ സാരമേറിയവയാണെന്നു മനസ്സിലാക്കിക്കൊണ്ട് ഇവിടത്തെ കാര്യങ്ങളെല്ലാം നേരിട്ടന്വേഷിച്ച് റിപ്പോർട്ടുചെയ്യാനായി അന്നു ബോംബേ വികാരിയപ്പസ്തോലിക്കയായിരുന്ന ഈശോസഭാംഗം ലിയോ മെവുറിൻ മെത്രാനെ 1876 മാർച്ച് 24-ാംനു അപ്പസ്തോലിക് വിസിറ്ററായി നിശ്ചയിച്ചു. 1876 മെയ് ആരംഭത്തിൽ കൊച്ചിയിൽ വന്നിറങ്ങിയ അദ്ദേഹത്തെ സ്വീകരിക്കാൻ ആരും ഉണ്ടായിരുന്നില്ല. അദ്ദേഹം മഞ്ഞുമ്മെൽ ചെന്ന് മെത്രാനെ സന്ദർശിച്ചശേഷം തൈക്കാട്ടുശ്ശേരിയിലെത്തി. മെയ് 22-ാംനു തെക്കും വടക്കുമുള്ള സുറിയാനിപ്പള്ളിക്കാർ ഒരുമിച്ച് അത്യാഡംബരപൂർവം അദ്ദേഹത്തെ മാന്നാനത്തേക്ക് എതിരേറ്റു കൊണ്ടുപോയി. "I have never seen anything so grand" എന്നാണ് പ്രസ്തുത എതിരേല്പിനെപ്പറ്റി അദ്ദേഹം പറയുകയുണ്ടായത്. ഒരു മാസത്തോളം മാന്നാനത്തു താമസിച്ചതിനിടയിൽ മെയ് 23 മുതൽ 26 വരെ തീയതികളിൽ വൈദികരുടെയും ജനങ്ങളുടെയും ഒരു യോഗം അദ്ദേഹം വിളിച്ചുകൂട്ടി. അതിലെ അഭിപ്രായങ്ങൾ ഉടനടി കമ്പിമൂലം റോമിലറിയിച്ചു. വടക്കൻപ്രദേശത്തുള്ളവർക്കായി ഇപ്രകാരം ഒരു യോഗം ഒല്ലൂർവച്ചും നടത്തി. അന്നത്തെ ശീശ്മക്കാരോട് പോരാടിക്കൊണ്ട് 16 മാസത്തോളം അദ്ദേഹം കേരളത്തിൽ കഴിച്ചുകൂട്ടി. ഇതിൽ അധികകാലവും എൽത്തുരുത്തിലാണ് അദ്ദേഹം താമസിച്ചത്.

1876 ഒക്ടോബർ 8-ാംനു ശീശ്മപ്രധാനികൾ എൽത്തുരുത്തിൽ വന്ന് അദ്ദേഹത്തെ കണ്ട് മലയാളത്തിന് ഒരു സുറിയാനി മെത്രാനെ നല്കാത്തതിന്റെ കാരണം ആരാഞ്ഞു. അതിന് "നിങ്ങൾ റോമിൽ ആവലാതി ബോധിപ്പിക്കാത്തതാണ് കാരണം" എന്നത്രേ അദ്ദേഹം മറുപടി നല്കിയത്.

**പേർസിക്കോ മെത്രാന്റെ സന്ദർശനം**

മെവുറിൻ മെത്രാന്റെ റിപ്പോർട്ട് റോമിൽ എത്തിയശേഷം, അവിടെനിന്ന് കപ്പുച്ചിൻ സഭക്കാരനായ ഇഗ്നേഷ്യസ് പേർസിക്കോ എന്ന മെത്രാനെ ഇവിടേക്കയച്ചു. അദ്ദേഹം 1877 ഫെബ്രുവരി 28-ാംനു ഇവിടെ എത്തി. സുറിയാനി മെത്രാനെ കിട്ടണമെന്ന് സുറിയാനിക്കാരും അതു പാടില്ലെന്ന് അന്നത്തെ ഭരണകർത്താക്കളും വാദിച്ച് എഴുത്തുകുത്തുകൾ റോമിലേക്ക് അയച്ചിരുന്നതിനാൽ ഈ സംഗതിയെപ്പറ്റി എന്തു തീർച്ച ചെയ്യണമെന്ന് നിശ്ചയിക്കാനാണ് ഇദ്ദേഹത്തെ റോമിൽനിന്നു വിട്ടത്. എൽത്തുരുത്ത് താമസിച്ചിരുന്ന മെവുറിൻ മെത്രാനെ ഇദ്ദേഹം ചെന്നു കാണുകയും അതിനുശേഷം വരാപ്പുഴയെത്തി വികാരി അപ്പ

www.malankaralibrary.com

സ്തോലിക്കായെ സന്ദർശിക്കയും ചെയ്തശേഷം റോമിലെത്തി കാര്യങ്ങൾ അവിടെ ബോധിപ്പിച്ചു.

**മർസലീനോസ് മെത്രാന്റെ നിയമനം**

റോമിൽ കാര്യങ്ങളെല്ലാം വേണ്ടതുപോലെ ആലോചിച്ചശേഷം, തൽക്കാലത്തേക്ക് സുറിയാനിക്കാരെ തനിച്ചുഭരിക്കാനായി വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ സഹായിയായി ഒരു മെത്രാനെ വാഴിക്കണമെന്നു തീരുമാനിച്ചു. ഇതനുസരിച്ച് പുത്തൻപള്ളി സെമിനാരിയുടെ റെക്ടറായിരുന്ന മർസീലനോസ് മിഷനറിയച്ചനെ 1887 ഒക്ടോബർ മാസത്തിൽ സഹായമെത്രാനായി വാഴിച്ചു. ഇദ്ദേഹത്തെ സഹായമെത്രാനായി വാഴിക്കുന്നതിനുള്ള ബൂള വന്നയുടനേ മെവുറിൻ മെത്രാൻ ബോംബേയിലേക്ക് മടങ്ങി.

**യാക്കോബ് മെത്രാന്റെ മാനസാന്തരം**

മേലൂസ് മെത്രാനും അദ്ദേഹത്തിന്റെ സഹായിയായി വന്നിരുന്ന യാക്കോബ് മെത്രാനും മലയാളത്തുനിന്നു പിരിയണമെന്ന് 1877 ജൂലൈ മാസത്തിൽ ബാബേൽ പാത്രിയർക്കീസ് കല്പിച്ചു. ഈ കല്പനയനുസരിച്ച് യാക്കോബ് മെത്രാൻ ശീശ്മയുപേക്ഷിച്ച് ഒല്ലൂർ പള്ളിയിൽ വരുകയും അവിടെനിന്ന് എൽത്തുരുത്ത് ആശ്രമത്തിൽവന്നു താമസിക്കുകയും സെപ്റ്റംബർ 28-ാംനു മെവുറിൻ മെത്രാന്റെ കൂടെ ബോംബേയിലേക്കു പോവുകയും ചെയ്തു. മാർ യാക്കോബിന്റെ മനസ്സുതിരിവിൽ തൃശൂരുള്ള മേലൂസ് പക്ഷക്കാർ ലജ്ജാഭരിതരായി. മേലൂസ് വന്നിരിക്കുന്നത് പാത്രിയാർക്കീസ് ബാവായുടെ കല്പനപ്രകാരമാണെന്ന് അവർ പറഞ്ഞുപരത്തി. മെവുറിൻ മെത്രാന്റെ ദ്വിഭാഷിയായി അന്ന് അദ്ദേഹത്തിന്റെ കൂടെ താമസിച്ചിരുന്ന പ്രസിദ്ധനായ നിധിയിരിക്കൽ മാണിയച്ചനാണ് മാർ യാക്കോബ് മെത്രാന്റെ മാനസാന്തരത്തിനു പ്രധാന കാരണക്കാരൻ. മാർ യാക്കോബ് ബോംബേയിൽ കുറെനാൾ താമസിച്ചശേഷം റോമിലെ കല്പനപ്രകാരം ബാബേലിലേക്കുപോയി അവിടെ പാത്രിയാർക്കീസ് കല്പിച്ചുകൊടുത്ത ഒരു രൂപതയുടെ ഭരണം ഏറ്റ് നടത്തി.

**ഇന്ത്യൻ ഹയരാർക്കിയുടെയും രണ്ടു സുറിയാനി വികാരിയാത്തുകളുടേയും സ്ഥാപനം**

1886 സെപ്റ്റംബർ 1-ാം നു പതിമൂന്നാം ലെയോൻ മാർപാപ്പാ ഇന്ത്യയിൽ വൈദികമേലധികാരക്രമം (ഹയരാർക്കി) സ്ഥാപിച്ചു. ഇത

www.malankaralibrary.com

നുസരിച്ച് ഇൻഡ്യയെ ഏഴ് അതിമെത്രാസനങ്ങളായി തിരിച്ചു. ഗോവാ അതിരൂപതയ്ക്ക് പാത്രിയർക്കീസ് സ്ഥാനവും നല്കി. വരാപ്പുഴ അതിമെത്രാസനമായിത്തീർന്നു. 1887 മെയ് 20-ാംനു സുറിയാനിക്കാരെ വരാപ്പുഴ അധികാരത്തിൽനിന്ന് വിടർത്തി അവർക്കായി തൃശൂർ, കോട്ടയം എന്ന രണ്ടു വികാരിയാത്തുകൾ സ്ഥാപിച്ചു. പരിശുദ്ധ സിംഹാസനത്തിന്റെ ഈ തിരുവെഴുത്തും നിശ്ചയവും ഊട്ടിയിൽനിന്നു ഡെലെഗേറ്റ് അപ്പസ്തോലിക്കാ അയൂത്തി കൊടുത്തുവിട്ടു. തൃശൂർ വികാരിയാത്തിലെ പള്ളികൾക്കുള്ളത് എൽത്തുരുത്തു പ്രിയോരച്ചനും കോട്ടയം വികാരിയാത്തിലെ പള്ളികൾക്കുള്ളതു മാന്നാനം പ്രിയോരച്ചനുമാണ് അയച്ചുകൊടുത്തത്. അവർ അതതു പള്ളികളിൽ അവ എത്തിച്ചുകൊടുത്തു. പുതിയ മെത്രാന്മാരെ സ്വീകരിക്കാൻ വേണ്ടിവരുന്ന പണച്ചെലവിനെപ്പറ്റി ആലോചിക്കാൻ മാന്നാനത്തും എൽത്തുരുത്തിലും ജനങ്ങളുടെയും വൈദികരുടെയും ഓരോ യോഗം വിളിച്ചുകൂട്ടി. യോഗനിശ്ചയപ്രകാരം പിരിഞ്ഞതിൽ അധികംവന്ന ചെലവ് കൊവേന്തകൾതന്നെ വഹിക്കേണ്ടിവന്നു. തൃശൂർ വികാരിയപ്പസ്തോലിക്കയായി മെഡ്‌ലിക്കോട്ട് മെത്രാനച്ചനെയും കോട്ടയം വികാരിയപ്പസ്തോലിക്കയായി ഈശോസഭാംഗമായ ചാൾസ് ലവീഞ്ഞ് മെത്രാനച്ചനെയും നിശ്ചയിച്ചു. മെഡ്‌ലിക്കോട്ട് മെത്രാൻ 1887 ഡിസംബർ മാസത്തിലും ലവീഞ്ഞുമെത്രാൻ 1888 മെയ് മാസത്തിലും സ്വന്തം വികാരിയാത്തുകളിൽ വന്ന് ഭരണമേറ്റു.

**അയൂത്തി ഡെലെഗേറ്റ് പ്രിയോർ ജനറാൾ**

ഈയവസരത്തിൽ പരിശുദ്ധ സിംഹാസനം നമ്മുടെ സഭയെ അതിന്റെ ഏകത്വം നിലനിർത്തുന്നതിനുവേണ്ടി മെത്രാന്മാരുടെ അധികാരത്തിൽനിന്നു മാറ്റി ഒരു പ്രത്യേക ശ്രേഷ്ഠന്റെ അധികാരത്തിലാക്കിക്കൊണ്ട് ഇൻഡ്യയുടെ ഡെലെഗേറ്റ് അപ്പസ്തോലിക്കയായ അയൂത്തി മെത്രാപ്പോലീത്തയെ ഒരു ഡിക്രിമൂലം തത്ക്കാലം നമ്മുടെ പ്രിയോർ ജനറാളായി നിയമിച്ചു.

**കൂനമ്മാവാശ്രമത്തിന് അവകാശവാദം**

സുറിയാനിക്കാർക്കായി ഇങ്ങനെ രണ്ടു വികാരി അപ്പസ്തോലിക്കമാരെ നിശ്ചയിച്ചയുടനേ അന്നുവരെ സഭയുടെ നവസന്ന്യാസാശ്രമമായും നമ്മുടെ അധീനത്തിലും ഇരുന്നിരുന്ന കൂനമ്മാവു കൊവേന്തയും പള്ളിയും വരാപ്പുഴ ഭരണത്തിലിരിക്കേണ്ടതാണെന്നും, വരാപ്പുഴ മിഷൻ പണംകൊണ്ട് പണിയിച്ചിട്ടുള്ളതാണെന്നും ലെയൊനാർദു

www.malankaralibrary.com

മെത്രാപ്പോലീത്ത റോമിൽ ബോധിപ്പിച്ചു. കൂനമ്മാവിനുപകരം പുത്തൻപള്ളി സെമിനാരിയും കപ്പേളയും നമ്മുടെ സഭയ്ക്കു വിട്ടുതരാമെന്ന് അദ്ദേഹം ആഗ്രഹിച്ചെങ്കിലും ആലോചന ശക്തിപ്പെടാഞ്ഞതിനാൽ സാധിച്ചില്ല.

**കൂനമ്മാവു പള്ളിക്ക് ഇന്റർഡിക്റ്റ്**

ഇങ്ങനെയിരിക്കേ, 1888 ജൂൺമാസത്തിൽ വരാപ്പുഴ വന്നിരുന്ന തൃശൂർ വികാരിയപ്പസ്തോലിക്ക മെഡ്ലിക്കോട്ട് മെത്രാനച്ചനെ നമ്മുടെ അച്ചന്മാർ കൂനമ്മാവിലെ വിശുദ്ധ കുർബാനയുടെ തിരുനാളിനു ക്ഷണിച്ചു. ക്ഷണം സ്വീകരിച്ച് മർസലീനോസു മെത്രാനോടുകൂടെ അദ്ദേഹം കൂനമ്മാവിൽ വന്നു. എന്നാൽ മെത്രാന്മാരെ പള്ളിയിൽ കയറ്റാതിരിക്കാൻ വേണ്ടി ജനങ്ങൾ ബഹളം കൂട്ടുകയാൽ അവർ പള്ളിയിൽ കയറാതെ വരാപ്പുഴയ്ക്കു മടങ്ങി. ജനങ്ങൾ ചെയ്ത ഈ കുറ്റത്തിനു ശിക്ഷയായി വരാപ്പുഴ മെത്രാപ്പോലീത്ത കൂനമ്മാവു പള്ളിക്ക് ഇന്റർഡികറ്റ് എന്ന ശിക്ഷ നല്കി. തൻനിമിത്തം പള്ളിയിൽ തിരുകർമങ്ങൾ നടത്താൻ പാടില്ലാതിരുന്നതിനാൽ നമ്മുടെ അച്ചന്മാർ കൊവേന്തയിൽ ഒരു കപ്പേളയിൽ അവ നടത്തിവന്നു.

**കൂനമ്മാവ് കൊവേന്ത വിട്ടുകൊടുത്തത്**

ഏറെത്താമസിയാതെ സഭയുടെ പ്രിയോർ ജനറാളായിരുന്ന ഇൻഡ്യയുടെ ഡെലെഗേറ്റപ്പസ്തോലിക്കാ കൂനമ്മാവു കൊവേന്തയെപ്പറ്റിയുള്ള സഭയിലെ ശ്രേഷ്ഠന്മാരുടെ അഭിപ്രായം, തന്നെ അറിയിക്കണമെന്ന് കല്പിച്ചതനുസരിച്ച് ശ്രേഷ്ഠന്മാരുടെ ഒരു ആലോചനാസംഘം അമ്പഴക്കാട്ടു കൊവേന്തയിൽ കൂടുകയും അവരുടെ അഭിപ്രായം ഡെലെഗേറ്റിനെ അറിയിക്കുകയും ചെയ്തു. ഇതിനുശേഷം ഡെലെഗേറ്റപ്പസ്തോലിക്കയുടെ നിശ്ചയാനുസരണം തൃശൂർ, കോട്ടയം വികാരിയപ്പസ്തോലിക്കാമാർ മഞ്ഞുമ്മേൽകൂടി കൂനമ്മാവു കൊവേന്തയെപ്പറ്റി വരാപ്പുഴ മെത്രാപ്പോലീത്തയുമായി ആലോചന നടത്തി വിവരം ഡെലെഗേറ്റിനെ അറിയിച്ചു. ഈ കാര്യങ്ങളെല്ലാം ഡെലെഗേറ്റപ്പസ്തോലിക്കാ റോമിൽ അറിയിച്ചു. 1889 ആരംഭത്തിൽ ഇക്കാര്യങ്ങളുടെ അവസാനതീരുമാനം റോമിൽനിന്നു ലഭിക്കുകയുണ്ടായി. അക്കാര്യത്തിന്റെ നടത്തിപ്പിനും ന. കൊവേന്തകളിലെ കാനോനികസന്ദർശനത്തിനുമായി 1889 ജനുവരിയിൽ ഡെലെഗേറ്റ് എൽത്തുരുത്താശ്രമത്തിലെത്തി.

തന്റെ വരവു പ്രമാണിച്ച് അവിടെ കൂടിയിരുന്ന ആശ്രമശ്രേഷ്ഠന്മാരെ ഡെലെഗേറ്റു കാണുകയും കൂനമ്മാവു കൊവേന്ത വരാപ്പുഴ

www.malankaralibrary.com

മെത്രാപ്പോലീത്തായ്ക്കു വിട്ടുകൊടുക്കണമെന്നതാണ് റോമിലെ അന്ത്യ തീരുമാനമെന്നറിയിക്കുകയും ആ വിവരം തൽക്കാലം രഹസ്യമായിരിക്കണമെന്നു കല്പിക്കുകയും ചെയ്തു. ആ ആശ്രമത്തിന്റെ കാര്യങ്ങൾ അന്വേഷിച്ചു നടത്താൻ അവിടത്തെ പ്രിയോർ യൗസേപ്പു യോഹന്നാനച്ചനെയും യൗസേപ്പ് ആഗുസ്തീനോസച്ചനെയും ചെത്തിപ്പുഴ ആശ്രമത്തിന്റെ വികാരിയായിരുന്ന യോഹന്നാൻ മാംദാനാ അച്ചനെയും ഡെലെഗേറ്റു നിശ്ചയിച്ചു.

ഡെലെഗേറ്റ് എൽത്തുരുത്തു നിന്ന് അമ്പഴക്കാട്ട് ആശ്രമത്തിൽ വന്നു വിസീത്ത കഴിച്ചശേഷം വരാപ്പുഴയ്ക്കും മഞ്ഞുമ്മേലേക്കും പോയി. കൂനമ്മാവിൽനിന്ന് അച്ചന്മാരെയും സഹോദരന്മാരെയും മഞ്ഞുമ്മേൽ വരുത്തിയാണ് വിസീത്ത നടത്തിയത്. വിസീത്തയുടെ അവസാനത്തിൽ മേല്പറഞ്ഞ മൂന്നച്ചന്മാർ മർസലീനോസ് മെത്രാനച്ചനോടും പീലിപ്പോസ് മിഷനറിയച്ചനോടും കൂനമ്മാവ് ആശ്രമത്തെ സംബന്ധിച്ച കാര്യങ്ങൾ ആലോചിച്ചശേഷം മാന്നാനത്തേക്കു ചെല്ലാൻ അവരോടു ഡെലെഗേറ്റു കല്പിച്ചു. പ്രിയോർ ജനറാളായ ഡെലെഗേറ്റ് അപ്പസ്തോലിക്കാ 1889 ഫെബ്രുവരിമാസത്തിൽ സഭയുടെ ഒരസാധാരണ സംഘം മാന്നാനത്തു വിളിച്ചുകൂട്ടി. എല്ലാ കൊവേന്തകളുടെയും ശ്രേഷ്ഠന്മാരും അവരുടെ ആലോചനക്കാരായി ഈരണ്ടച്ചന്മാരും ഈ സംഘത്തിൽ സന്നിഹിതരായിരുന്നു. കൂനമ്മാവു കൊവേന്തയും പള്ളിയും വരാപ്പുഴ മെത്രാപ്പോലീത്തായ്ക്കു വിട്ടുകൊടുക്കണമെന്ന ഡെലെഗേറ്റിന്റെ കല്പനയ്ക്ക് ദുഃഖത്തോടെയെങ്കിലും അനുസരണയോടെ എല്ലാവരും സമ്മതിച്ചു.

മാന്നാനത്തു സുറിയാനിക്കാർ സന്ന്യാസജീവിതം ആരംഭിച്ചു നടത്തുന്നതുപോലെ, ലത്തീൻകാരുടെ ഇടയിലും സന്ന്യാസജീവിതം ഏർപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടെ ലത്തീൻകാരിൽനിന്നു കുറെപ്പേരെ ചേർത്ത് വന്ദ്യനായ ബെർണർദീനോസ് മെത്രാൻ കൂനമ്മാവുങ്കൽ ഒരു സ്ഥാപനം തുടങ്ങിയെങ്കിലും അവരെല്ലാവരുംതന്നെ പിരിഞ്ഞുപോവുകയാൽ ദുഃഖിതനായ അദ്ദേഹം 1857-ൽ മാന്നാനത്തുനിന്ന് ആവശ്യമുള്ള സന്ന്യാസികളെ വിളിച്ചുവരുത്തി ഇവിടെ താമസിപ്പിച്ചു. അന്നുമുതൽ 1889-വരെ കൂനമ്മാവ് നമ്മുടെ സന്ന്യാസഭവനമായാണ് ഇരുന്നത്. മാന്നാനത്തേക്ക് ചാവറപ്രിയോരച്ചന്റെപേർക്ക് ഈ കല്പന എഴുതിയത് അന്നൊരു മിഷനറിയായിരുന്ന മർസലീനോസ് മെത്രാനച്ചനായിരുന്നു. പ്രസ്തുത കല്പനയിൽ "കൂനമ്മാവു നിങ്ങ

www.malankaralibrary.com

ളുടെ കൊവേന്തയായി തന്നിരിക്കുന്നതിനാൽ അവിടേക്ക് ആളുകളെ അയയ്ക്കണം" എന്നും മറ്റുമായിരുന്നു മെത്രാനച്ചൻ എഴുതിയിരുന്നത്. എന്നാൽ കൂനമ്മാവു നമുക്കായി ഒഴിഞ്ഞുതന്നിരിക്കുന്നതിന്റെ സാക്ഷ്യം ഉണ്ടെങ്കിലേ സാധൂകരിക്കയുള്ളൂ എന്നും, അങ്ങനെ കൊടുത്തിട്ടില്ലെന്നുമായിരുന്നു എതിർഭാഗത്തെ വാദം. നമുക്കു കിട്ടിയിരുന്ന കല്പന ഉടനടി ഹാജരാക്കാൻ സാധിക്കാതെ വന്നതുകൊണ്ടാണത്രേ റോമിൽനിന്ന് മേല്പറഞ്ഞ തീരുമാനമുണ്ടായത്.

### അമ്പഴക്കാട് പുതിയ നവസന്ന്യാസ ഭവനം

മുൻപറഞ്ഞ, 1889 ഫെബ്രുവരിയിലെ പൊതുസംഘം കൂനമ്മാവിനു പകരം അമ്പഴക്കാടു നവസന്ന്യാസഭവനമായി നിശ്ചയിക്കുകയും കൂനമ്മാവു പ്രിയോരെ അമ്പഴക്കാട്ടു പ്രിയോരായി മാറ്റുകയും ചെയ്തു. കൂടാതെ, വികാരിയാത്തായിരുന്ന പുളിംകുന്ന് ആശ്രമം പ്രിയോരാത്തു കൊവേന്തയായി ഉയർത്തി. അമ്പഴക്കാട്ടു പ്രിയോരെ പുളിംകുന്നു പ്രിയോരായും മാറ്റി. റോമിൽ നിശ്ചയിച്ച ക്രമചട്ടങ്ങളിൽ വല്ലതും ഭേദഗതി ചെയ്യാനുണ്ടെങ്കിൽ അതു ചെയ്യുന്നതിനായി സഭയിൽ ഏറ്റം പൂർവന്മാരായ നാലുപേരെ നിയമിച്ചു. കട്ടക്കയത്തു ചാണ്ടിയച്ചൻ, പാലയ്ക്കൽ കുര്യച്ചൻ, കളത്തിൽ സ്കറിയാ അപ്രേമച്ചൻ, പാറപ്പുറത്ത് വർക്കിയച്ചൻ എന്നിവരായിരുന്നു പ്രസ്തുത അംഗങ്ങൾ, പൊതുസംഘത്തിനുശേഷം ഡെലെഗേറ്റ് വാഴക്കുളം, മുത്തോലി, പുളിംകുന്ന്, ചെത്തിപ്പുഴ എന്നീ കൊവേന്തകൾ ഔദ്യോഗികമായി സന്ദർശിച്ചു.

### കൂനമ്മാവിൽനിന്നുള്ള വേർപാട്

കൂനമ്മാവിൽനിന്നു നമ്മുടെ അച്ചന്മാരും വിദ്യാർഥികളും എട്ടു ദിവസത്തിനകം മാറണമെന്ന നിശ്ചയപ്രകാരം അതിനുള്ള ഒരുക്കങ്ങൾ നടത്തി. വടക്കൻ പറവൂർ പള്ളി വികാരിയായിരുന്ന തറവട്ടത്തിൽ ബ. ഹില്ലാര്യോസച്ചനും അറയ്ക്കൽ മുതലാളി എന്നൊരു കൊങ്ങണി ബ്രാഹ്മണനും തളിയത്ത് യൗസേപ്പും ഈ സംഗതിയിൽ വളരെ സഹായം ചെയ്തു. കൂനമ്മാവിലെ കാര്യങ്ങൾ നടത്തുവാൻ നിശ്ചയിക്കപ്പെട്ടിരുന്ന അച്ചന്മാർ ഡെലെഗേറ്റിന്റെ നിശ്ചയം കൂനമ്മാവിൽ അറിയിച്ചു. സാമാനങ്ങൾ അമ്പഴക്കാട്ടേക്കു കൊണ്ടുപോകാനായി കൊച്ചിയിൽനിന്ന് ആറേഴു വള്ളങ്ങൾ വരുത്തി. ഇങ്ങനെ സാമാനങ്ങൾ കൊണ്ടുപോകുന്നതിന് കൂനമ്മാവു നിവാസികൾ പല തടസ്സങ്ങളും ചെയ്തു. എങ്കിലും ഫലമൊന്നുമുണ്ടായില്ല. എന്നാൽ കൂനമ്മാവു നിവാസികളിൽ മുണ്ടഞ്ചേരി തൊമ്മൻ, മകൻ വറിയത്, വാകയിൽ ചാക്കോ

www.malankaralibrary.com

ശൗരി, അനുജൻ വർക്കി, കല്ലൂർ തൊമ്മൻ കുഞ്ഞുവർക്കി എന്നിങ്ങനെ ഏതാനുംപേർ നമ്മെ വളരെ സഹായിച്ചവരും നമ്മോടു വളരെ അനുകമ്പയുള്ളവരുമായിരുന്നു എന്നതു പ്രസ്താവ്യമാണ്. ബഞ്ച്, മേശ തുടങ്ങിയ ചില സാധനങ്ങൾ കന്യകാമഠത്തിനു സമീപെ പാർത്തിരുന്ന സമർത്ഥനായ പത്രോസു മൂപ്പൻ എന്നയാളുടെ വീട്ടിലും മറ്റു ചിലത് മാനമ്പാടി പുത്തൻപള്ളിയുടെ മുറിയിലും സൂക്ഷിച്ചശേഷം ബാക്കിയുള്ളവ അമ്പഴക്കാട്ടേക്കു കൊണ്ടുപോയി.

എട്ടുദിവസമെന്ന അവധി കുറെക്കൂടി നീട്ടിക്കിട്ടണമെന്ന് അപേക്ഷിക്കാനായി ഗീവർഗീസ് യോഹന്നാൻ മാംദാനാച്ചനും ക്രിസോസ്തോമസച്ചനും, ലവീഞ്ഞു മെത്രാനച്ചനോടുകൂടെ ബ്രഹ്മംഗലത്തു താമസിച്ചിരുന്ന ഡെലെഗേറ്റിന്റെ പക്കലേക്കു പോയി. ഡെലെഗേറ്റ് ഒരുദിവസംകൂടി അവർക്ക് അവധി കൊടുത്തു. കൂനമ്മാവ് ആശ്രമത്തെ സംബന്ധിച്ചുള്ള ചില സംശയങ്ങൾ തീർക്കാനായി അവരോടു പിറ്റേ ദിവസം കൊച്ചിയിൽ ചെല്ലണമെന്നും മർസലീനോസുമെത്രാനച്ചനും പീലിപ്പോസുമിഷനറിയച്ചനും ഇക്കാര്യത്തിനുവേണ്ടിത്തന്നെ അവിടെ വരുന്നതാണെന്നും അറിയിച്ചു. കല്പനപ്രകാരം, മുമ്പുനിശ്ചയിച്ചിരുന്ന മൂന്നച്ചന്മാരും അവർക്കുപുറമേ ക്രിസോസ്തോമസച്ചനും ഗീവർഗീസ് യൗസേപ്പച്ചനും 1889 മാർച്ച് 8-ാംനു കൊച്ചിയിലെത്തി ഡെലെഗേറ്റിനെ കണ്ടു. കാര്യങ്ങൾ തീരുമാനിച്ചശേഷം കൊച്ചി മെത്രാന്റെ ക്ഷണപ്രകാരം നമ്മുടെ അച്ചന്മാർ ഡെലെഗേറ്റപ്പസ്തോലിക്കായോടൊന്നിച്ച് ഉച്ചഭക്ഷണത്തിൽ പങ്കെടുത്തു.

### ചാവറയച്ചന്റെ അവശിഷ്ടമാറ്റം

തിരിച്ചു കൂനമ്മാവിൽ വന്നശേഷം നമ്മുടെ അച്ചന്മാർ ചാവറയച്ചന്റെ അവശിഷ്ടങ്ങൾ മാന്നാനത്തു കൊണ്ടുപോയി സ്ഥാപിക്കണമെന്ന ആഗ്രഹത്തോടെ ശവകുടീരം തുറന്നു. ഈ വിവരമറിഞ്ഞ കൂനമ്മാവിലെ ജനങ്ങൾ പള്ളിമുറ്റത്തുവന്നു ബഹളംകൂട്ടുകയും അവിടെ ഉണ്ടായിരുന്ന പള്ളിവികാരി ഹില്ലാര്യോസച്ചനെയും തളിയത്തു ബസേലിയൂസച്ചനെയും അവർക്ക് ഏല്പിച്ചുകൊടുക്കണമെന്നു വിളിച്ചുപറയുകയും ചെയ്തു. ഹില്ലാര്യോസച്ചൻ ജനങ്ങളുടെ പക്കൽച്ചെന്ന് കാര്യം പറഞ്ഞപ്പോൾ ബഹളം കുറഞ്ഞു. ഈ സമയത്ത് ചില കുബുദ്ധികളുടെ പ്രേരണയാൽ മദ്യപനായ ഒരു അരയൻ അവിടെ വന്ന് പലതും വിളിച്ചുപറയാൻ തുടങ്ങി. സന്ന്യാസികളെക്കൊണ്ടു കുറ്റംപറയാൻ അയാൾ നിയോഗിക്കപ്പെട്ടിരുന്നെങ്കിലും അയാൾ പറഞ്ഞതെല്ലാം

www.malankaralibrary.com

സന്ന്യാസികൾകൾക്കനുകൂലമായിരുന്നു. അതായത്, ഇത് ആരു ചെയ്യുന്ന പ്രവൃത്തിയാണ്? ഇങ്ങനെ ചെയ്യാമോ? ഇരിക്കുന്ന കൊമ്പു വെട്ടാമോ? എന്നിങ്ങനെ പലതും. പുറപ്പെടുന്ന ദിവസം സന്ധ്യയോടെ വരാപ്പുഴ നിന്ന് അയയ്ക്കപ്പെട്ട പീലിപ്പോസു മിഷനറിയച്ചനെ പള്ളിയും കൊവേന്തയും ചില സാധനങ്ങളും ഏല്പിച്ചശേഷം ഒടുക്കത്തെ അത്താഴമായി കൂനമ്മാവിൽ രാത്രി ഭക്ഷണം കഴിച്ച്, എല്ലാവരും അമ്പ ഴക്കാട്ടേക്കു പുറപ്പെട്ടു. അവിടെ കൂടിയിരുന്ന ജനങ്ങളോട് പറവൂർ വികാരി തറവട്ടത്തിൽ ബ. ഹില്ലാര്യോസച്ചൻ ഒരു പ്രസംഗം പറഞ്ഞു യാത്രചൊല്ലി. ഈ 'സന്ന്യാസികൾ കൂനമ്മാവു വിട്ടുപോകുന്നത് തിരു സിംഹാസനത്തിന്റെ കല്പനയാലാണ്. 30-ൽപരം വർഷത്തെ താമ സത്തിൽ തങ്ങൾക്കു ലഭിച്ച സകല അവകാശങ്ങളും വിട്ടുപേക്ഷിച്ചു പോകുന്നതിനാൽ അവർ ഏവരുടെയും സ്തുതിക്കും അനുകരണീയ മായ ദൃഷ്ടാന്തത്തിനും അർഹരാണ്' എന്നും മറ്റും ആ പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നു. വള്ളക്കടവിൽ എത്തിയശേഷം രണ്ടച്ചന്മാരും ഒരു സഹോദരനും കൂനമ്മാവിലെ നമ്മുടെ പത്രമേനി പറമ്പുകളും വസ്തു ക്കളും സൂക്ഷിക്കാനായി കല്പനപ്രകാരം നിന്നശേഷം ബാക്കിയുള്ള വർ അമ്പഴക്കാട്ടേക്ക് യാത്ര തരിച്ചു. ആ രണ്ടച്ചന്മാരും മഠത്തിനു സമീപം ഉണ്ടായിരുന്ന ബംഗ്ലാവിൽ താമസിച്ചു. മെഡ്ലിക്കോട്ട് മെത്രാ നച്ചന്റെ അനുമതിപ്രകാരം അച്ചന്മാർ അവിടെ കുർബാനയും ചൊല്ലി യിരുന്നു.

### കൂനമ്മാവിലെ വസ്തുക്കൾ സംബന്ധിച്ചുള്ള തർക്കം

കൂനമ്മാവിലെ സ്ഥാവരവസ്തുക്കളിൽ ചിലത് ബെർണർദീനോസ് മെത്രാന്റെ പേരിലും മറ്റുചിലതു സഭയുടെ ഡെലെഗേറ്റായിരുന്ന ലെയോപ്പോൾദു മിഷനറിയുടെ പേരിലുമായിരുന്നു. കൊച്ചിയിൽവച്ച് ഡെലെഗേറ്റപ്പസ്തോലിക്കാ തീർച്ചയാക്കിയ ഒരു കാര്യം ലെയൊ നാർദു മെത്രാപ്പോലീത്താ നമ്മുടെ സ്ഥാവരവസ്തുക്കൾക്ക് ഒരു ഒഴി മുറി വയ്ക്കണമെന്നായിരുന്നു. ബെർണർദീനോസുമെത്രാനും ലെയൊ പ്പോൾദു മിഷനറിയും സഭയുടെ ശ്രേഷ്ഠന്മാർ ആയിരുന്നതിനാൽ ആ നിലയിൽ അവരുടെ പേരിൽ കൂനമ്മാവിലുള്ള സ്ഥാവരവസ്തുക്കൾ വാങ്ങിപ്പോന്നിരുന്നെങ്കിലും ടി വസ്തുക്കൾ സഭയുടേതുതന്നെ ആയി രിക്കുന്നതിനാലും, വരാപ്പുഴയുടെ അധികാരത്തിൽനിന്നു സഭക്കാർ വിടർത്തപ്പെട്ടതിനാലും മേല്പറഞ്ഞ ഒഴിമുറി ആവശ്യമായിരുന്നു. കൂന മ്മാവ് ആശ്രമദൈവാലയം വിസ്തൃതമാക്കിപ്പണിയാൻ മദാമ്മ നല്കിയ

www.malankaralibrary.com

പണംകൊണ്ട് ആദ്യം ആട്ടേപ്പറമ്പു വാങ്ങി. പിന്നീട് അവരുടെ നിശ്ച യപ്രകാരം ആ പണം പുരയിടത്തിൽനിന്നെടുത്ത് പള്ളിപണിക്കു ചെല വിട്ടു. അതിനുപകരം ചില അച്ചന്മാരുടെ പത്രിമേനിപ്പണം വസ്തു വിൽ ചെലവിട്ടു. ഇക്കാര്യം മനസ്സിലാക്കാതിരുന്ന ജെരാർദു മിഷനറി, ലെയൊനാർദു മെത്രാപ്പോലീത്തായ്ക്കു കൊടുത്ത വസ്തുക്കളുടെ പട്ടികയിൽ ആട്ടേപ്പറമ്പു മദാമ്മയുടെ പണംകൊണ്ടു വാങ്ങിയതാ ണെന്നു കാണിച്ചിരുന്നു. ആട്ടേപ്പറമ്പു വരാപ്പുഴ രൂപത വകയാണെന്നും അതിന് ഒഴിമുറിവയ്ക്കാൻ പാടില്ലെന്നും തർക്കമുണ്ടായി. ഇക്കാര്യം കാന്തിദോസ്, കമീല്ലോസ് എന്ന മിഷനറിമാർ നമ്മുടെ അച്ചന്മാരെ അറിയിച്ചു.

പറവൂർ നിന്ന് രജിസ്ട്രാരെ പുത്തൻപള്ളി സെമിനാരിയിൽ വരുത്തി അവിടെവച്ച് ലെയൊനാർദ് മെത്രാപ്പോലീത്താ രജിസ്ട്രാ റിന്റെ മുമ്പാകെ ഒഴിവുമുറി വയ്ക്കാതെ തന്റെ നാമത്തിൽ ഒഴുമുറി യിൽ ഒപ്പുവയ്ക്കുന്നതിന് മുക്യത്യാർനാമാവു പാപ്പു എന്നൊരാൾക്കു കൊടുത്തു. ഒഴിമുറി വയ്ക്കുന്നതിനുണ്ടായ തർക്കങ്ങൾ അപ്പോൾ തീരാ ഞ്ഞതിനാലാണ് പാപ്പുവിന് മുക്ത്യാർനാമാവു കൊടുക്കാനിടയായ ത്. എന്നാൽ, ഇങ്ങനെ ഒഴിമുറി വയ്ക്കുന്നതിൽ വന്ന താമസവും ബുദ്ധിമുട്ടും അച്ചന്മാർ ഡെലെഗേറ്റിനെ ധരിപ്പിക്കുകയും ഇക്കാര്യം തീരുമാനിക്കാൻ അവിടന്നു കോട്ടയം വികാരി അപ്പസ്തോലിക്കാ ലവീഞ്ഞു മെത്രാനച്ചനെ നിയമിക്കുകയും ചെയ്തു. നമ്മുടെ അച്ച ന്മാർ വരാപ്പുഴച്ചെന്ന് കാര്യങ്ങളെല്ലാം മർസലീനോസ് മെത്രാനച്ച നെയും പീലിപ്പോസു മിഷനറിയേയും അറിയിക്കുകയും ആട്ടേപ്പറമ്പ് സഭവക പത്രിമേനി വസ്തുവാണെന്ന് സമ്മതിച്ച് ലവീഞ്ഞുമെത്രാന ച്ചന്റെ ആഗ്രഹപ്രകാരം അത് എഴുത്താലേ സാക്ഷ്യപ്പെടുത്തുകയും ചെയ്തു. ഈ സാക്ഷ്യം കണ്ട മെത്രാപ്പോലീത്താ ഒഴിമുറിവയ്ക്കാൻ സമ്മതം നല്കി.

ഇതിനിടയിൽ, കൂനമ്മാവിലെ ജനങ്ങൾ അവിടെ താമസിച്ചിരുന്ന നമ്മുടെ അച്ചന്മാരെ പലവിധത്തിൽ ശല്യപ്പെടുത്തിയിരുന്നു. ഇതെല്ലാം അറിഞ്ഞിരുന്ന തളിയത്ത് യൗസേപ്പ് തന്നാൽ കഴിവുള്ള സഹായ ങ്ങൾ അച്ചന്മാർക്കു ചെയ്യാമെന്ന് അറിയിച്ചു. മർസലീനോസു മെത്രാ നച്ചനും ഈ വിവരമറിഞ്ഞ് സഹതാപാർദ്രമായ ഒരു കത്തെഴുതിയയ ച്ചു. അതിന് സ്നേഹവും നന്ദിയും പ്രകടിപ്പിച്ചുകൊണ്ടുള്ള ഒരു മറു പടി അച്ചന്മാർ മെത്രാനച്ചന് അയച്ചു.

www.malankaralibrary.com

കൂനമ്മാവു കൊവേന്ത 30 വർഷത്തിലധികം നമ്മുടെ സഭവകയായിരുന്നതിനാൽ നമുക്കു ലഭിച്ചിരുന്ന കാലഹരണ അവകാശത്തിന് ഒരു ഒഴിമുറി വയ്ക്കണമെന്ന് കാന്തിദോസ്, കമീല്ലോസ് എന്നീ മിഷനറിമാർ ആവശ്യപ്പെട്ടു. ലവീഞ്ഞു മെത്രാനച്ചന്റെ ആലോചനയോടെ അക്കാര്യം ചെയ്യാമെന്നു നമ്മുടെ അച്ചന്മാർ പറഞ്ഞു. കൂനമ്മാവു കൊവേന്തയെയും പള്ളിയെയും സംബന്ധിച്ച് തങ്ങൾക്കുള്ള പത്തു വർഷത്തെ കാലഹരണബാധ്യത തങ്ങൾ ഉപേക്ഷിച്ചിരിക്കുന്നുവെന്ന് മിഷനറിയച്ചന്മാർ എഴുതിക്കൊണ്ടുവന്നിരുന്ന വെള്ളക്കടലാസിൽ ന. അച്ചന്മാർ ഒപ്പിട്ടുകൊടുത്തു. എന്നാൽ കാര്യസ്ഥന്മാരായി നിശ്ചയിക്കപ്പെട്ടിരുന്ന മൂന്നച്ചന്മാരിൽ യൗസേപ്പു യോഹന്നാനച്ചൻ സുഖക്കേടു നിമിത്തം മഞ്ഞുമ്മേൽ പോവുകയോ ഒഴിമുറിയിൽ ഒപ്പുവയ്ക്കയോ ചെയ്തില്ല. ഒഴിമുറി വയ്ക്കാനുള്ള വസ്തുക്കൾക്ക് അഞ്ചുരൂപാ വിലയുള്ള ഒരു മുദ്രപ്പത്രം മതിയെന്ന കോട്ടയം പേഷ്ക്കാരുടെ നിശ്ചയപ്രകാരം ആ തർക്കവും തീർന്നു. ഉടൻതന്നെ 1889 ഏപ്രിലിൽ മെത്രാപ്പോലീത്താ സാക്ഷികളുടെ മുമ്പാകെവച്ച് ഒഴിമുറിയിൽ ഒപ്പുവച്ചു. അതു മുക്ത്യാർ നാമാവു ലഭിച്ചിരുന്ന പാപ്പു കച്ചേരിയിൽ സാക്ഷ്യപ്പെടുത്തി രജിസ്റ്ററാക്കി വാങ്ങിത്തന്നു.

### 1889–ലെ പൊതുസംഘം

യൗസേപ്പിതാവിന്റെ തിരുനാളിനുശേഷം നിശ്ചയിച്ചിരുന്ന ശ്രേഷ്ഠന്മാരുടെ തിരഞ്ഞെടുപ്പിനുള്ള കല്പന ഡെലെഗേറ്റ് എല്ലാ ആശ്രമങ്ങളിലേക്കും അയച്ചു. സഭയുടെ പൊതുസംഘത്തിൽവച്ചു നടത്തേണ്ട ഈ തിരഞ്ഞെടുപ്പിന്റെ അധ്യക്ഷനാകേണ്ട തനിക്കുപകരം, അദ്ദേഹം ലവീഞ്ഞുമെത്രാനെ നിയമിച്ചു. 1889 മെയ്മാസത്തിൽ ലവീഞ്ഞുമെത്രാൻ മാന്നാനത്തുവച്ച് ഈ തിരഞ്ഞെടുപ്പു നടത്തി. ഓരോ ആശ്രമത്തിൽ നിന്നും ശ്രേഷ്ഠനും മറ്റൊരച്ചനും തിരഞ്ഞെടുപ്പിനു വന്നു. പൊതുസംഘത്തിനുവന്ന അച്ചന്മാർക്ക് ഒരു ഈശോസഭക്കാരനച്ചൻ ധ്യാനം നടത്തി. അതിനുശേഷമാണ് തിരഞ്ഞെടുപ്പു നടന്നത്. 1889 സെപ്റ്റംബർ മാസത്തിൽ അപ്പസ്തോലിക്ക് ഡെലെഗേറ്റായ അയൂത്തി മെത്രാപ്പോലീത്താ, തന്റെ ഡെലെഗേറ്റായി കൊവേന്തകളെ ഭരിക്കാനുള്ള അധികാരങ്ങളോടുകൂടെ തയ്യിൽ ബ. യൗസേപ്പുയോഹന്നാനച്ചനെ നിശ്ചയിച്ചു.

### സെമിനാരി പരിഷ്കരണം

തൃശൂർ വികാരി അപ്പസ്തോലിക്കാ ഭരണമേറ്റശേഷം ആദ്യം എൽത്തുരുത്തു കൊവേന്തയിലും, കോട്ടയം വികാരി അപ്പസ്തോലിക്ക

www.malankaralibrary.com

മാന്നാനം കൊവേന്തയിലും വന്നു. ഈ സ്ഥലങ്ങളിൽവച്ചാണ് അവർക്ക് എതിരേല്പ് നല്കിയത്. ഭരണം ഏറ്റശേഷം ഇവർ സെമിനാരികളിൽ ചില വ്യതിയാനങ്ങൾ വരുത്തി. ഒന്നിച്ചു താമസിച്ചിരുന്ന ശെമ്മാശ്ശന്മാരെയും കുട്ടികളെയും വെവേറെയാക്കി. കുട്ടികളുടെ നിലയങ്കി മാറ്റി അതിനുപകരം മുണ്ടും കോട്ടും മതിയെന്നു നിശ്ചയിച്ചു. കൂടാതെ, ഡിസംബറിൽ എല്ലാവരെയും ആശ്വാസത്തിനായി വീടുകളിൽ വിട്ടു. എൽത്തുരുത്ത് സെമിനാരി ഒരു സ്കൂളായി മാറ്റി. മുൻനടപ്പു മാറ്റി മധ്യവേനല്ക്കാലത്ത് ശെമ്മാശ്ശന്മാരെ ആശ്വാസത്തിനായി വീടുകളിലേക്കയയ്ക്കുന്ന രീതി ആരംഭിച്ചു. 1894-ൽ മാന്നാനം സെമിനാരിയും നിർത്തലാക്കപ്പെട്ടു. ശെമ്മാശ്ശന്മാർ ചങ്ങനാശ്ശേരിയിൽ പോയി താമസിച്ചു.

**കൂനമ്മാവിലെ പുതിയ സ്ഥാപനം**

കൂനമ്മാവിലെ സ്ഥാവരവസ്തുക്കളുടെ ഒഴിമുറി കൊടുത്തത് അമ്പഴക്കാട്ടു കൊവേന്തയുടെ പേരിലായിരുന്നു. ഈ വസ്തുക്കളുടെ അന്വേഷണം അമ്പഴക്കാട്ടുനിന്നുതന്നെ നടത്തണമെന്നാണ് ഡെലെഗേറ്റു നിശ്ചയിച്ചത്. അമ്പഴക്കാട്ടു പ്രിയോരായ യൗസേപ്പ് ആഗുസ്തീനോസച്ചന് ഓരോ പ്രാവശ്യവും അവിടെപോയി കാര്യങ്ങൾ നടത്തുക പ്രയാസമായതിനാൽ യൗസേപ്പു യോഹന്നാനച്ചനെ അവിടെ താമസിപ്പിച്ചു. ഫ്രാൻസിസ്, മർക്കോസ് എന്നീ സഹോദരന്മാരും അവിടെ താമസിച്ച് അദ്ദേഹത്തെ സഹായിച്ചു. വസ്തുക്കൾ വരാപ്പുഴവകയാണെന്നു പറഞ്ഞ് പാട്ടക്കാർ പാട്ടം തരാതിരുന്നതിനാൽ കോടതി മുഖാന്തരം അവയെല്ലാം തീർത്തു. കോർട്ടുവിധികൾ കൊവേന്തയ്ക്കനുകൂലമായി പരിണമിച്ചു.

മഠംവക ബംഗ്ലാവിൽ താമസിച്ചിരുന്ന അച്ചന്മാർക്ക് സ്ഥിരമായ ഒരു ഭവനം കൂനമ്മാവിൽ ഉണ്ടാകണമെന്നാഗ്രഹിച്ച്, ആട്ടേപ്പറമ്പിൽ ഒരു ബംഗ്ലാവു പണിയാനുള്ള അനുവാദം പ്രിയോർ ജനറാളായ ഡെലെഗേറ്റിനോട് അപേക്ഷിച്ചു വാങ്ങുകയും അതനുസരിച്ച് കെട്ടിടം പണിതീർത്ത് നമ്മുടെ അച്ചന്മാർ അതിൽ താമസം തുടങ്ങുകയും ചെയ്തു.

**കൂനമ്മാവു മഠം സംബന്ധിച്ചുള്ള തർക്കവും തീരുമാനവും**

തൃശൂർ, കോട്ടയം, വരാപ്പുഴ എന്നീ രൂപതകളിൽപ്പെട്ട കന്യാസ്ത്രീകൾ കൂനമ്മാവിൽ ഉണ്ടായിരുന്നതിനാൽ ആരുടെ അധികാരത്തിൻകീഴ് പ്രസ്തുത മഠം ഇരിക്കണമെന്നതിനെപ്പറ്റി സംശയമുണ്ടായി. മൂന്നു

www.malankaralibrary.com

മെത്രാന്മാരും വിവരം റോമിൽ അറിയിക്കുകയും 1890 മെയ് 21-ാം നു റോമിൽനിന്നു ലഭിച്ച കല്പനപ്രകാരം കൂനമ്മാവുമഠം തൃശൂർ വികാരി അപ്പസ്തോലിക്കയുടെ അധീനത്തിലാവുകയും ചെയ്തു. ഈ മഠം സംബന്ധിച്ച് ഹാജരാക്കിയ തെളിവുകളിൽ, സുറിയാനിപ്പള്ളികളിൽനിന്നും ജനങ്ങളിൽനിന്നും പിരിഞ്ഞുകിട്ടിയ പണംകൊണ്ടാണ് ഇതു പണിതതെന്ന്, പണികഴിപ്പിച്ച ലെയൊപ്പോൾദു മിഷനറിതന്നെ സാക്ഷിച്ചിരുന്നു. മഠം സുറിയാനിക്കാർക്കാണെന്നു ഗ്രഹിച്ച ജനങ്ങൾ ചില ബഹളങ്ങൾ ഉണ്ടാക്കി. മഠത്തിന്റെ പടിക്കൽ ജനങ്ങൾ കൂടിനിന്നതുമൂലം ഏതാനും ദിവസത്തേക്ക് അവിടെപ്പോയി കുർബാന ചൊല്ലാൻപോലും അച്ചന്മാർക്ക് കഴിഞ്ഞില്ല. ലഹളയുടെ വിവരം മഞ്ഞുമ്മേൽ മെത്രാപ്പോലീത്താച്ചനെ അറിയിക്കണമെന്ന് അച്ചന്മാർ നിശ്ചയിച്ചെങ്കിലും കൂനമ്മാവുങ്കൽനിന്ന് മെത്രാപ്പോലീത്തായ്ക്കു കൊടുത്തുവിടുന്ന എഴുത്തു തടയാൻ ജനങ്ങൾ കാവല്ക്കാരെ ഏർപ്പെടുത്തി. എങ്കിലും ലഹളയുടെ വിവരങ്ങളെല്ലാം കാണിച്ച് എഴുതിയ ഒരെഴുത്ത് അതിസമർഥനായ നൈച്ചേരിൽ ഉതുപ്പു വറീതുവഴി മെത്രാപ്പോലീത്തായ്ക്കു ലഭിച്ചു. ഇനിമേൽ കൂനമ്മാവിലെ ജനങ്ങൾ ലഹള ഉണ്ടാക്കിയാൽ അവരെ കഠിനമായി ശിക്ഷിക്കുന്നതാണെന്നു കാണിച്ചുള്ള കല്പന കൂനമ്മാവു പള്ളിവികാരിക്ക് മെത്രാപ്പോലീത്താ അയച്ചു. അതോടെ ബഹളങ്ങൾ അവസാനിച്ചു.

**കോട്ടയം നല്ലയിടയൻപള്ളി**

ബെർണർദീനോസു മെത്രാൻ ലത്തീൻ റീത്തിൽപ്പെട്ടവർക്കുവേണ്ടി ഒരു സന്ന്യാസസഭ സ്ഥാപിക്കുന്നതിനു ചെയ്ത ശ്രമം വിഫലമായതിനെ ത്തുടർന്ന് കൂനമ്മാവു വിശുദ്ധ ഫിലോമിനായുടെ ആശ്രമം സുറിയാനി കർമലീത്തർക്കും പിന്നീടു മഞ്ഞുമ്മേലുള്ള തന്റെ അരമന ലത്തീൻ കർമലീത്താ സന്ന്യാസികൾക്കുമായി നല്കി. എങ്കിലും ചില ലത്തീൻ സന്ന്യാസികൾ സുറിയാനി കർമലീത്താ ആശ്രമങ്ങളിൽ വസിച്ചിരുന്നു. അവരിലൊരാളാണ് മാന്നാനത്തുണ്ടായിരുന്ന ബ്രദർ റോക്കി. നല്ലയിടയന്റെ നാമത്തിൽ ഒരു സംഘടനയുണ്ടാക്കണമെന്ന ഉദ്ദേശ്യത്തോടെ 1882-ൽ ഇദ്ദേഹം വേണ്ട അനുമതിയോടെ കോട്ടയത്തു നല്ല ഇടയന്റെ നാമത്തിൽ ഒരു പള്ളി പണിയാൻ ആരംഭിച്ചു. സുറിയാനിക്കാരിൽനിന്നും ഇദ്ദേഹം അതിനായി ധർമപ്പിരിവു നടത്തി. ദീർഘനാളത്തേക്ക്, സുറിയാനിക്കാരനും പുണ്യവാനുമായിരുന്ന കോതനല്ലൂർ മൈലപ്പറമ്പിൽ ബ. കുര്യാക്കോസച്ചനും അദ്ദേഹത്തിനുശേഷം

www.malankaralibrary.com

മാന്നാനം പ്രിയോരുമായിരുന്നു ഈ പള്ളിയുടെ അധികാരി. ലത്തീൻ-സുറിയാനി വാദങ്ങളെത്തുടർന്ന് ഈ പള്ളിയുടെ ഉടമസ്ഥതയെപ്പറ്റിയും തർക്കമുണ്ടാവുകയിൽ, പള്ളി വരാപ്പുഴ മെത്രാപ്പോലീത്തായുടെ അധികാരത്തിൽ ഇരിക്കേണ്ടതാണെന്നാണ് പരിശുദ്ധ സിംഹാസനം തീരുമാനിച്ചത്. അതിനുപകരമായി, കുര്യാളശ്ശേരി തോമസ് എന്ന യുവാവിനെ റോമിൽ പ്രൊപ്പഗാന്താ കോളെജിൽ അയച്ചു പഠിപ്പിക്കാൻ പരിശുദ്ധ സിംഹാസനം കോട്ടയം വികാരിയപ്പസ്തോലിക്കായ്ക്ക് അനുമതിയും നല്കി. ഇദ്ദേഹമാണ് പിന്നീട് ചങ്ങനാശ്ശേരി രൂപതാധ്യക്ഷനായി ഉയർത്തപ്പെട്ടത്.

### ഇടക്കാല പ്രിയോർ ജനറാളന്മാർ

അയൂത്തി മെത്രാപ്പോലീത്താ റോമിലെ നിർദേശാനുസരണം 1891-ൽ മടങ്ങിപ്പോവുകയും പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ കീഴിൽ പൗരസ്ത്യസഭാവിഭാഗത്തിന്റെ സെക്രട്ടറിയായി നിയമിതനാവുകയും ചെയ്തെങ്കിലും കുറെക്കാലത്തേക്കുകൂടി അദ്ദേഹം സഭയുടെ പ്രിയോർ ജനറാൾ സ്ഥാനം നിർവഹിച്ചു. 1892 വരെ ഇൻന്ത്യയിലേക്ക് അപ്പസ്തോലിക്ക് ഡെലെഗേറ്റായി ആരും നിയമിതരാകാതിരുന്നതിനാൽ, പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ പ്രീഫെക്ടായ കർദിനാൾ സിമയോണി തന്നെ കുറെക്കാലത്തേക്ക് പ്രിയോർജനറാൾ സ്ഥാനം വഹിക്കുകയുണ്ടായി. 1892 മാർച്ചിൽ ഡെലെഗേറ്റപ്പസ്തോലിക്കയായി നിയമിതനായ മോൺ. സലേസ്കി സഭയുടെ പ്രിയോർ ജനറാളുമായി.

### പോരുക്കര കുര്യാക്കോസച്ചന്റെ മരണം

1871-ൽ പൊതു പ്രിയോർ ചാവറകുര്യാക്കോസ് ഏലിയാസച്ചൻ ദിവംഗതനായപ്പോൾ, പോരുക്കര മല്പാനച്ചന്റെ കനിഷ്ഠ സഹോദരനായ കുര്യാക്കോസ് ഏലീശാ അച്ചൻ രണ്ടാമത്തെ പൊതു പ്രിയോരായി നിയമിക്കപ്പെട്ടു. ഇദ്ദേഹം 1814 ഓഗസ്റ്റ് 18-ാംനു ഭൂജാതനായി. 12-ാമത്തെ വയസ്സിൽ വൈദികപഠനത്തിനായി മാന്നാനത്തു വരുകയും പള്ളിപ്പുറം സെമിനാരിയിൽ പഠനം പൂർത്തിയാക്കി 1839 മാർച്ചിൽ ഗുരുപട്ടം സ്വീകരിക്കുകയും ചെയ്തു. ഒരു ശെമ്മാശനായിരിക്കുമ്പോൾ ബെർണർദീനോസ് മിഷനറിയോടൊന്നിച്ച് കൊല്ലം മുതൽ കന്യാകുമാരിവരെ ചുറ്റിസഞ്ചരിച്ച് പദ്രുവാദൊ അധികാരം നിറുത്തലാക്കിയ 16-ാം ഗ്രിഗോരിയോസ് മാർപാപ്പായുടെ കല്പനക്ക് വിരോധിച്ചുനിന്ന അനേകം പള്ളികളെ ശീശ്മയിൽനിന്ന് വീണ്ടെടുത്തിട്ടുണ്ട്. 1840 മുതൽ 44 വരെ കൊല്ലം മിഷനിൽ ജോലിചെയ്തു. 1855-ൽ മറ്റു പിതാക്കന്മാ

www.malankaralibrary.com

രോടൊപ്പം മാന്നാനത്തുവച്ച് സന്ന്യാസവ്രതങ്ങൾ അനുഷ്ഠിച്ചു. ഇദ്ദേഹത്തിന്റെ വിവേകവും സുകൃതവും നന്നായി അറിഞ്ഞിരുന്ന ബെർണർദീനോസ് മെത്രാൻ ഇദ്ദേഹത്തെ പല പള്ളികളുടെയുംമേൽ തന്റെ പ്രതിനിധിയായി നിയമിച്ചു. 1862-ൽ ചാവറയച്ചൻ തന്റെ വികാരിയായി മാന്നാനം കൊവേന്തയിലെ കാര്യങ്ങൾ നടത്താൻ ഇദ്ദേഹത്തെ നിയമിച്ചാക്കി. 1867 മുതൽ 71 വരെ സെമിനാരി റെക്ടറായും ജോലി നോക്കീട്ടുണ്ട്. സഭയുടെ പൊതുപ്രിയോരായി നിയമിക്കപ്പെട്ടതോടുകൂടെ തെക്കൻ ദിക്കിലുള്ള പള്ളികളുടെ വികാരി ജനറാൾ സ്ഥാനവും ഇദ്ദേഹത്തിനു നല്കപ്പെട്ടു. 13-ാം ലെയോൻ മാർപാപ്പായുടെ സ്ഥാനാരോഹണാവസരത്തിൽ ഇദ്ദേഹം പരിശുദ്ധ പിതാവിനയച്ച മംഗളപത്രത്തിന് പരിശുദ്ധ പിതാവ് സ്വ ഹസ്തലിഖിതമായ ഒരു മറുപടി അയച്ചുകൊടുക്കുകയുണ്ടായി.

വേദപുസ്തകത്തെപ്പറ്റിയുള്ള അറിവ് പൊതുജനങ്ങൾക്കുണ്ടാകുന്നതിനുവേണ്ടി വലിയ സാമ്പത്തികനഷ്ടം സഹിച്ചും ഗൗറിയേൽ പശ്ശേക്കു എന്ന ഗ്രന്ഥകാരന്റെ ഒരു തമിഴുഗ്രന്ഥം അച്ചടിപ്പിച്ച് വിതരണം ചെയ്യിച്ചത് ഇദ്ദേഹത്തിന്റെ നേട്ടങ്ങളിൽ പ്രധാനപ്പെട്ടതാണ്. തിരുഹൃദയഭക്തിയുടെ പ്രചാരണത്തിന് അത്യധ്വാനം ചെയ്തിട്ടുണ്ട്. പ്രചുരപ്രചാരണത്തിലിരിക്കുന്ന നിത്യാരാധന എന്ന പ്രാർഥനപുസ്തകവും, ശവസംസ്കാരക്രമങ്ങളും ജപങ്ങളും അടങ്ങിയ ഒപ്പീസു പുസ്തകം അച്ചടിപ്പിച്ച് പ്രസിദ്ധപ്പെടുത്തിയതും ഈ വന്ദ്യദേഹമാണ്.

1885-ൽ അംഗീകരിച്ച ന്യായപ്രമാണപ്രകാരം എല്ലാ കൊവേന്തകൾക്കും പ്രിയോരന്മാർ ഉണ്ടാവുകയാൽ ഇദ്ദേഹം പൊതു പ്രിയോർ സ്ഥാനത്തുനിന്ന് ഒഴിവാക്കപ്പെട്ടു. 1885-ൽ മർസലീനോസ് മെത്രാൻ പ്രിയോർ ജനറാളായപ്പോൾ ഇദ്ദേഹത്തെ തന്റെ ഡെലെഗേറ്റായി നിയമിച്ചെങ്കിലും വാർധക്യം നിമിത്തം ആ ജോലിയിൽനിന്നു പിന്മാറി.

മുത്തോലി കൊവേന്തയ്ക്കു സമീപം വളരെയേറെ ബുദ്ധിമുട്ടുകൾ സഹിച്ച് ഒരു കന്യകാലയം പണികഴിപ്പിച്ചതും 1888 ജൂലൈ മാസത്തിൽ കൂനമ്മാവിൽനിന്നു മൂന്നു കന്യാസ്ത്രീകളെ വരുത്തി അവിടെ കന്യകാലയജീവിതം ആരംഭിക്കാൻ ഇടയാക്കിയതും ഇദ്ദേഹമാണ്.

1889 ഏപ്രിൽ 29-ാംനു ഇദ്ദേഹത്തിന്റെ ഗുരുപട്ടത്തിന്റെ സുവർണ ജൂബിലി ആഘോഷിച്ചു. 1890 ജനുവരി 7-ാംനു അന്ത്യകൂദാശകളെല്ലാം ചോദിച്ചു സ്വീകരിച്ചശേഷം അരമണിക്കൂറോളം മാത്രം ദീർഘിച്ച ഒരു അസുഖത്തെത്തുടർന്ന് ചരമം പ്രാപിച്ചു. 8-ാംനു 60-ൽപരം വൈദിക

www.malankaralibrary.com

രുടെയും ഒട്ടേറെ ജനങ്ങളുടെയും സാന്നിധ്യത്തിൽ ശവസംസ്കാരം നടന്നു. അദ്ദേഹത്തിന്റെ അനന്തരവൻ പോരൂക്കര അന്തോനിയച്ചൻ റാസ പാടുകയും കോട്ടയം വികാരി ജനറാൾ നിധിയിരിക്കൽ മാണി യച്ചൻ ചരമപ്രഭാഷണം നടത്തുകയുമുണ്ടായി.

**ബെർണാർദു മിഷനറി പ്രിയോർ ജനറാൾ**

പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകരണത്തിനായി 1890-ൽ അയച്ചിരുന്ന നിയമാവലി സാരമായ ചില ഭേദഗതികളോടുകൂടെ 1893 ജൂൺ 1-ാംനു അംഗീകരിച്ചു കിട്ടി. അതിലെ ഒരു പ്രധാന ഭേദഗതി, സഭയെ ഭരിക്കാൻ സഭയിൽനിന്നുതന്നെ പ്രിയോർ ജനറാൾ ഉണ്ടാ കണം എന്നതായിരുന്നു. എങ്കിലും തദനുസരണം സഭയിൽനിന്ന് ഉടനേ പ്രിയോർ ജനറാളിനെ തിരഞ്ഞെടുക്കുകയുണ്ടായില്ല. പകരം, സഭയുടെ തത്ക്കാല സാഹചര്യങ്ങൾ നിമിത്തം ഒന്നാം സഭയിൽനിന്ന് ഒരാളെ പ്രിയോർ ജനറാളായി നിയമിച്ചുതരണമെന്ന് സഭയിൽനിന്ന് ഒരു പൊതു അപേക്ഷ 1891 ഡിസംബർ മാസത്തിൽ തിരുസംഘത്തിനയ ച്ചു. അതനുസരിച്ച് ബ. ബെർണാർദു മിഷനറിയച്ചനെ സഭയുടെ പ്രിയോർ ജനറാളായി തിരുസംഘം 1893 ജൂലൈ 1-ാം നു നിശ്ചയിച്ചു.

പുതിയ പ്രിയോർ ജനറാൾ തന്റെ നിയമന വിവരം എല്ലാ കൊവേ ന്തകളെയും അറിയിച്ചശേഷം എല്ലായിടത്തും ഔദ്യോഗികസന്ദർശനം നടത്തി. 1894 ജനുവരി 25-ാം തീയതി പുതിയ പ്രിയോർ ജനറാളിന്റെ അധ്യക്ഷതയിൽ അമ്പഴക്കാട്ടുവച്ച് പൊതുസംഘം സമ്മേളിച്ച്, ദെഫ്നി ത്തോരന്മാരെയും, ആശ്രമശ്രേഷ്ഠന്മാരെയും തിരഞ്ഞെടുത്തു. ഇദ്ദേഹം 1896-ൽ വരാപ്പുഴ മെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കപ്പെട്ടതുവരെ നേരിട്ടും തദനന്തരം, 1902 വരെ ഒരു ഡെലെഗേറ്റു വഴിയായും സഭയെ ഭരിച്ചിരുന്നു.

**ലവീഞ്ഞുമെത്രാനും യോഗാർഥിപ്രസ്ഥാനവും പഠനഗൃഹ സ്ഥാ പനവും**

നമ്മുടെ സഭയെ ആത്മാർഥമായി സ്നേഹിക്കുകയും അതിന്റെ അഭിവൃദ്ധിക്കായി നിരവധി സേവനങ്ങൾ ചെയ്യുകയും ചെയ്തിട്ടുള്ള കോട്ടയം വികാരി അപ്പസ്തോലിക്കാ ചാൾസ് ലവീഞ്ഞുമെത്രാന്റെ നിർദേശപ്രകാരമാണ് സഭയിൽ യോഗാർഥിസ്കൂൾ സമാരംഭിച്ചത്. 1894-ൽ കൂനമ്മാവിലാണ് ആദ്യത്തെ യോഗാർഥിസ്കൂൾ സ്ഥാപിച്ച ത്. കൂടാതെ മാറിയ പരിതസ്ഥിതിക്കൊത്ത് കേരളസഭയെ സേവിക്കാൻ പ്രാപ്തമാകത്തക്കവണ്ണം വൈദികവിദ്യാഭ്യാസത്തിന്റെ നിലവാരം

www.malankaralibrary.com

ഉയർത്തണമെന്നും ലവീഞ്ഞു മെത്രാനച്ചൻ അഭിപ്രായപ്പെട്ടു. അതിനായി സഭാംഗങ്ങളായ വൈദികാർഥികളെ മംഗലാപുരത്ത് ഈശോസഭാവൈദികർ നടത്തുന്ന സെമിനാരിയിലയച്ചു പഠിപ്പിക്കണമെന്ന് അദ്ദേഹം നിർദേശിച്ചു. അതനുസരിച്ച് 1890-ൽ മംഗലാപുരം സെമിനാരിക്കു സമീപം സഭവകയായി ഒരു പഠനഗൃഹവും സ്ഥാപിതമായി.

**മൂന്നു നാട്ടുമെത്രാന്മാരുടെ നിയമനം**

1896-ൽ 13-ാം ലെയോൻ മാർപാപ്പാ കേരളത്തിൽ സുറിയാനിക്കാർക്കായി തൃശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നീ വികാരിയാത്തുകൾ സ്ഥാപിക്കുകയും അവയെ ഭരിക്കാൻ മേനാശ്ശേരി യോഹന്നാൻ, പഴേപറമ്പിൽ ളൂയീസ്, മാക്കിൽ മത്തായി എന്നീ വൈദികരെ യഥാക്രമം മെത്രാന്മാരായി നിയമിക്കുകയും ചെയ്തു. ഇവരുടെ മെത്രാൻസ്ഥാനാഭിഷേകകർമം 1896 ഒക്ടോബർ 25-ാംനു കാണ്ടിയിൽവച്ച് അപ്പസ്തോലിക്ക് ഡെലെഗേറ്റായ സലേസ്കി നിർവഹിച്ചു.

**1897-ലെ പൊതുസംഘം**

1897 ഫെബ്രുവരി 24-ാം തീയതി സഭയുടെ പൊതുസംഘം മാന്നാനത്തു സമ്മേളിച്ചു. പുഞ്ചേക്കുന്നേൽ ബ. ഫ്രെഡറിക്കച്ചൻ ഒന്നാം ദെഫിനിത്തോരായി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം പ്രിയോർ ജനറാളിന്റെ പ്രതിനിധിയായി സഭാഭരണം നടത്തി. ആശ്രമങ്ങളിലെ നാൾവഴി, പേരേട്, കുർബാനക്കണക്ക് ഇവ എഴുതുന്ന രീതിയിൽ ഐകരൂപ്യമില്ലാതിരുന്നതിനാൽ തൽപരിഹാരാർഥം വേണ്ട നിർദേശങ്ങൾ നല്കാനായി കോയിപ്പള്ളി ബ. പീലിപ്പോസച്ചനെയും തയ്യിൽ ബ. എസ്തപ്പാനോസച്ചനെയും ഒരു കമ്മിറ്റിയായി പ്രിയോർ ജനറാൾ നിശ്ചയിച്ചു. ഇവർ കൊവേന്തകൾ സന്ദർശിച്ച് ഏകരീതിയിൽ കണക്കെഴുതുന്നതിന് സഹായകമായ ഒരു രീതി നിർദേശിച്ചു. പ്രിയോർ ജനറാൾ ഈ നിർദേശം സ്വീകരിച്ചു നടപ്പിലാക്കി. ആശ്രമങ്ങളിലെ സ്ഥാവരജംഗമവസ്തുക്കളുടെ പട്ടിക തയ്യാറാക്കുന്നതിനായി മേല്പറഞ്ഞ ബ. അച്ചന്മാരെത്തന്നെ പ്രിയോർ ജനറാൾ നിശ്ചയിച്ചു. അതും അവർ തയ്യാറാക്കി സമർപ്പിച്ചു.

ബ. ഫ്രെഡറിക്കച്ചന്റെ ഉദ്യോഗകാലാവധി അവസാനിച്ചപ്പോൾ തയ്യിൽ ബ. യൗസേപ്പു യോഹന്നാനച്ചനെ തന്റെ പ്രതിനിധിയായി സഭയെ ഭരിക്കാൻ പ്രിയോർ ജനറാൾ ബെർണാർദു മെത്രാപ്പോലീത്താ 1899-ൽ നിയമിച്ചു. 1902-ലെ തന്റെ മരണംവരെ അദ്ദേഹം ആ ജോലി നിർവഹിച്ചു. ഇദ്ദേഹത്തിന്റെ മരണശേഷം ഒന്നാം ദഫ്നീത്തോർ കല്ലൂ

www.malankaralibrary.com

ക്കാരൻ ബ. ഗീവർഗീസച്ചൻ (വാറുണ്ണിയച്ചൻ) ഡെലെഗേറ്റായി നിയമിതനായെങ്കിലും ഉദ്യോഗസ്വീകരണത്തിനു മുമ്പുതന്നെ മരണം പ്രാപിക്കുകയാൽ പാറപ്പുറത്തു ബ. വർക്കിയച്ചൻ തൽസ്ഥാനത്തു നിയമിതനായി.

ബർണാർദുമെത്രാപ്പോലീത്താ തിരുസിംഹാസനത്തിന്റെ അനുമതിയോടെ പ്രിയോർജനറാൾ സ്ഥാനം രാജിവച്ചുകൊണ്ട് റോമിലേക്കയച്ച കത്തിൽ, കേരളത്തിലെ സുറിയാനി കർമലീത്തർ സ്വയംഭരണത്തിനു തികച്ചും അർഹരാണെന്നും യോഗ്യന്മാരായ ഭരണകർത്താക്കൾ സഭയിലുണ്ടെന്നും അദ്ദേഹം പ്രത്യേകം പ്രസ്താവിച്ചിരുന്നു. തദനുസരണം, സഭയിൽനിന്നുതന്നെ ഒരാളെ പ്രിയോർ ജനറാളായി തിരഞ്ഞെടുക്കാൻ തിരുസംഘം സഭയ്ക്ക് അനുമതി നല്കി.

**റോമായാത്ര**

പ്രിയോർ ജനറാളായ ബെർണാർദു മെത്രാപ്പോലീത്താ 1902 സെപ്റ്റംബറിൽ കൊല്ലം സഹായമെത്രാൻ ബെൻസിഗറുമൊത്ത് റോമിലേക്കു യാത്ര തിരിച്ചു. യാത്രയ്ക്കു മുമ്പ് അദ്ദേഹം എല്ലാ ആശ്രമങ്ങളിലേക്കും ഒരു സർക്കുലർ അയച്ചിരുന്നു. അതിൽ, സന്ന്യാസാരൂപി സഭയിൽ വളർന്നുവരാൻ എല്ലാവരും താത്പര്യപ്പെടണമെന്നും ജപധ്യാനങ്ങളാലും മറ്റുമാണ് ഇതു സാധിക്കേണ്ടതെന്നും പ്രത്യേകം കാണിച്ചിരുന്നു. കൂടാതെ, സഭയിൽനിന്നുതന്നെ പ്രിയോർ ജനറാൾ ഉണ്ടാകണമെന്നുള്ള ആഗ്രഹപ്രകാരം അടുത്ത പൊതുസംഘത്തിൽ പ്രിയോർ ജനറാളിനെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം റോമിൽനിന്ന് സഭയ്ക്കു ലഭിച്ചിട്ടുണ്ടെന്നും പൊതുസംഘം നടത്താനുള്ള സകല അധികാരവും മിഷനറി അപ്പസ്തോലിക്ക് ആയ കട്ടക്കയത്തിൽ അലക്സാണ്ടർ യൗസേപ്പച്ചന് താൻ നല്കിയിട്ടുണ്ടെന്നും പ്രത്യേകം അറിയിച്ചിരുന്നു.

മെത്രാപ്പോലീത്തായും മറ്റും മദ്രാസിൽനിന്ന് ബോംബെയിലേക്കു സഞ്ചരിച്ചിരുന്ന തീവണ്ടി മാങ്ങാപട്ടണത്തിൽവച്ച് പാളം തെറ്റി. യാത്രക്കാരിൽ പലരും വെള്ളത്തിൽവീണു മരണം പ്രാപിച്ചെങ്കിലും മെത്രാപ്പോലീത്തായും ബെൻസിഗർ മെത്രാനും അദ്ഭുതകരമായി രക്ഷപ്പെട്ടു. ഈ വിവരം നമ്മുടെ ആശ്രമങ്ങളിൽ അറിഞ്ഞപ്പോൾ എല്ലാവരും പ്രത്യേകതരത്തിൽ ദൈവത്തിനു കൃതജ്ഞതാസ്തോത്രങ്ങൾ അർപ്പിക്കുകയുണ്ടായി.

www.malankaralibrary.com

# അധ്യായം നാല്

## നിയമാവലിയുടെ അംഗീകരണവും പരിഷ്കരണങ്ങളും

മർസിലീനോസു മെത്രാനച്ചൻ 1877 ഡിസംബറിൽ സഭയുടെ ഒരു അസാധാരണ പൊതുസംഘം കൂനമ്മാവിൽ വിളിച്ചുകൂട്ടി. സഭയുടെ ന്യായപ്രമാണം റോമിലേക്കയച്ച് അംഗീകരണം വാങ്ങുന്നതിനും ന്യായപ്രമാണത്തിൽ ചില ഭേദഗതികൾ വരുത്തുന്നതിനുമായി ഈ സംഘം പല ആലോചനകളും നടത്തി. ന്യായപ്രമാണം മലയാളത്തിൽനിന്ന് ലത്തീനിലേക്ക് ഭാഷാന്തരം ചെയ്യാനായി ചില അച്ചന്മാരെ തിരഞ്ഞെടുത്തു. താമസിയാതെ മർസ്ലീനോസ് മെത്രാനച്ചൻ ന്യായപ്രമാണം റോമിലേക്കയച്ചു. ഈ ന്യായപ്രമാണം റോമിൽ സ്വീകരിച്ച്, 1885 ജനവരി 1-ാം നു 6 വർഷത്തേക്ക് പരീക്ഷണാർഥം അനുവദിച്ചു. ഇതിൽ വരുത്തിയ ചില ഭേദഗതികൾ സംബന്ധിച്ച് പല ആവലാതികളും റോമിൽ ബോധിപ്പിച്ചു. സഭയുടെ ആരംഭംമുതലുണ്ടായിരുന്ന പൊതുപ്രിയോരിന്റെ അധികാരവും നിയമനവും നീക്കപ്പെട്ടു എന്നതായിരുന്നു ആവലാതിയുടെ മുഖ്യകാരണം. പുതിയ ന്യായപ്രമാണമനുസരിച്ച് ആറംഗങ്ങളിൽ അധികമുള്ള ആശ്രമങ്ങൾക്ക് ഒരു പ്രിയോരെ നിശ്ചയിക്കുകയും പൊതുപ്രിയോരിന്റെ സ്ഥാനം നിറുത്തലാക്കുകയും ചെയ്തിരുന്നു. സഭയ്ക്കു പ്രയോജനകരമായ ഈ ഉദ്യോഗം ഇല്ലാതെ വന്നതിൽ സഭാംഗങ്ങൾ പൊതുവേ ദുഃഖാർത്തരായിരുന്നു.

ഇപ്രകാരമുള്ള ഒരു പ്രതിസന്ധിഘട്ടമായിരുന്നതിനാൽ 1885 ഏപ്രിൽ മാസത്തിൽ കൂടേണ്ടിയിരുന്ന സഭയുടെ പൊതുസംഘം നടന്നില്ല. 1885 സെപ്റ്റംബർ 18-ാം നു പൗരസ്ത്യസഭകളുടെ കാര്യം നടത്തിയിരുന്ന കർദിനാൾ സിമയോനി, മർസ്ലീനോസ് മെത്രാന് ഒരു കത്തയച്ചു. ഈ കത്തിലെ നിർദേശപ്രകാരം ന്യായപ്രമാണത്തെപ്പറ്റി പര്യാലോചിക്കാനും പുതിയ ന്യായപ്രമാണമനുസരിച്ചുള്ള ശ്രേഷ്ഠന്മാരുടെ തിരഞ്ഞെടുപ്പു നടത്താനുമായി അടുത്തമാസത്തിൽ (ഒക്ടോബറിൽ) പൊതുസംഘം കൂനമ്മാവിൽ സമ്മേളിച്ചു. ഈ പൊതുസംഘത്തിലേക്ക് സഭയിലെ എല്ലാവരുടെയും വകയായുള്ള ഒരെഴുത്തയച്ചു. ന്യായപ്രമാണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ പൂർവന്മാരായ എട്ടോ അഥവാ നാലോ പേരുടെ ഒപ്പോടുകൂടെ തിരുസിംഹാസനത്തിലേക്കയയ്ക്കണമെന്ന കല്പന അനുസരിച്ചതായി അറിവില്ലെന്നും പൊതുപ്രിയോരെ മാറ്റാനുള്ള കാരണമെന്തെന്ന് മനസ്സിലാകുന്നില്ലെന്നും അതിൽ

www.malankaralibrary.com

പറഞ്ഞിരുന്നു. മേല്പറഞ്ഞ ഭേദഗതികൾ സഭയിൽ ആരുമറിയാതെ ഉണ്ടായിട്ടുള്ളതാണെന്നും അവ സഭയ്ക്കു പൊതുവേ ദോഷകരമാണെന്നും കാണിച്ച് പല എഴുത്തുകൾ തിരുസിംഹാസനത്തിലേക്കും അയയ്ക്കുകയുണ്ടായി.

തിരഞ്ഞെടുപ്പിനുശേഷം പൊതുസംഘാംഗങ്ങൾ പ്രൊപ്പഗാന്താ സംഘത്തിലേക്ക് ഒരു കത്തയച്ചു. ഈ കത്തിൽ ഉയിർപ്പുതിരുനാളിനുശേഷം കൂടേണ്ടിയിരുന്ന സഭയുടെ പൊതുസംഘം നടക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുകയും സഭയിൽനിന്നുതന്നെ ഒരു പൊതുശ്രേഷ്ഠൻ വേണമെന്ന അപേക്ഷ പുതുക്കുകയും, പ്രസ്തുത അപേക്ഷ ന്യായാനുസൃതമാണെന്ന് മർസ്ലീനോസു മെത്രാൻ സാക്ഷ്യപ്പെടുത്തുകയും ചെയ്തിരുന്നു.

അന്നുവരെയും ആശ്രമങ്ങളുടെ ശ്രേഷ്ഠന്മാർ "വികാരി" എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പുതിയ ന്യായപ്രമാണമനുസരിച്ച് ആറിലധികം അംഗങ്ങളുള്ള ആശ്രമങ്ങളുടെ ശ്രേഷ്ഠന്മാർ 'പ്രിയോർ' എന്നും അതിൽകുറവുള്ള ആശ്രമങ്ങളുടെ ശ്രേഷ്ഠന്മാർ 'വികാരി' എന്നും വിളിക്കപ്പെടണമെന്നും പ്രിയോരന്മാർക്ക് പെ. ബ. പ്രിയോർ എന്നും വികാരിമാർക്ക് ബ. വികാരിയെന്നും എഴുതണമെന്നും നിശ്ചയിക്കപ്പെട്ടിരുന്നു. ഇക്കാലംവരെയും ആശ്രമാധിപന്മാരെ നിശ്ചയിക്കുന്നതിനും മാറ്റുന്നതിനുമുള്ള അധികാരം വികാരിയപ്പസ്തോലിക്കായിലാണ് നിക്ഷിപ്തമായിരുന്നത്. പുതിയ നിയമമനുസരിച്ച് അത് സഭയുടേതായിത്തീർന്നു. അതനുസരിച്ച്, തിരഞ്ഞെടുപ്പു നടത്തിയിരുന്നത് താഴെ പറയുംപ്രകാരമാണ്. മൂന്നാംവർഷംതോറും ആശ്രമശ്രേഷ്ഠന്മാർ നിശ്ചിതസ്ഥലത്ത് ഒന്നിച്ചുകൂടുന്നു. കൊവേന്തകളിൽനിന്നു തിരഞ്ഞെടുക്കുന്ന ഒരച്ചനും ശ്രേഷ്ഠനോടുകൂടെ വരുന്നു. എല്ലാവരുംകൂടി ഓരോ ആശ്രമത്തിനുമുള്ള ശ്രേഷ്ഠനെ കുറിയിട്ട് നിശ്ചയിക്കുന്നു. പകുതിയിലധികം കുറി കിട്ടുന്നയാൾ തിരഞ്ഞെടുക്കപ്പെടുന്നു.

പുതിയ ന്യായപ്രമാണത്തിലെ ഭേദഗതികളുടെ യഥാർഥ സ്ഥിതികൾ പ്രൊപ്പഗാന്താതിരുസംഘം അറിഞ്ഞ്, അവിടെനിന്ന് 1886 ജൂൺ 1-ാം നു നമ്മുടെ സഭയ്ക്ക് ഒരെഴുത്തയച്ചു. ന്യായപ്രമാണത്തിൽ കൂട്ടേണ്ടതും കുറയ്ക്കേണ്ടതുമായ സംഗതികൾ അംഗീകരണത്തിന്റെ അവധികഴിയുമ്പോൾ, പ്രൊപ്പഗാന്താസംഘത്തിലേക്കയയ്ക്കാനുള്ള സ്വാതന്ത്ര്യം ഈ എഴുത്തു മുഖേന സഭയ്ക്ക് നല്കിയിരുന്നു. കൂടാ

www.malankaralibrary.com

തെ, 1887-ൽ ന. സഭയെ Juris Pontificii എന്ന പദവിയിലേക്ക് ഉയർത്തിയിരിക്കുന്നതായും കല്പന ലഭിച്ചു.

1887 ഡിസംബറിൽ നമ്മുടെ സഭയുടെ പ്രിയോർ ജനറാളായി നിയമിതനായ അയൂത്തി മെത്രാപ്പോലീത്താ 1889 ഫെബ്രുവരിയിൽ വിളിച്ചുകൂട്ടിയ പൊതുസംഘത്തിൽവച്ച് സഭാനിയമങ്ങളിൽ കൂട്ടുകയോ കുറയ്ക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യേണ്ട കാര്യങ്ങൾ എഴുതിക്രമപ്പെടുത്തുന്നതിന് പൂർവന്മാരായ നാലുപേരെ നിയമിച്ചു. കട്ടക്കയത്ത് ചാണ്ടിയച്ചൻ, പാലയ്ക്കൽ കുര്യച്ചൻ, കളത്തിൽ സ്കറിയാ അപ്രേമച്ചൻ, പാറപ്പുറത്ത് വർക്കിയച്ചൻ എന്നിവരാണ് ആ നാലുപേർ. കാര്യങ്ങൾ എഴുതി ക്രമപ്പെടുത്താൻ തയ്യിൽ യൗസേപ്പ് യോഹന്നാനച്ചൻ ഇവരെ സഹായിച്ചിരുന്നു. ഇവർ യഥാകാലം തങ്ങളുടെ ജോലി നിറവേറ്റി, അപ്പസ്തോലിക്ക് ഡെലെഗേറ്റിന് അയച്ചുകൊടുത്തു. ഇവർ എഴുതി ക്രമപ്പെടുത്തിയ സംഗതികൾ സഭയുടെ പൊതുസംഘംകൂടി വായിച്ചുകേൾക്കണമെന്ന് സഭയിൽ പൊതുവേ ഉണ്ടായ അപേക്ഷ പ്രിയോർ ജനറാൾ സ്വീകരിച്ചു. അദ്ദേഹത്തിന്റെ നിർദേശപ്രകാരം 1890 ഓഗസ്റ്റുമാസത്തിൽ യൗസേപ്പു യോഹന്നാനച്ചൻ അമ്പഴക്കാട്ട് കൊവേന്തയിൽ പൊതുസംഘം വിളിച്ചുകൂട്ടി. ഭേദഗതിവരുത്തിയ സംഗതികൾ സ്വല്പ വ്യത്യാസങ്ങളോടെ ഈ സംഘം അംഗീകരിച്ചു. അപ്പസ്തോലിക്ക് ഡെലെഗേറ്റുവഴി അത് പ്രൊപ്പഗാന്താ തിരുസംഘത്തിലേക്ക് അയയ്ക്കുകയും ചെയ്തു.

പ്രസ്തുത ന്യായപ്രമാണം 1893 ജൂൺ 1-ാം തീയതി ആറു വർഷത്തേക്ക് അംഗീകരിച്ചുനല്കി. അതിൽ പരിശുദ്ധ സിംഹാസനം ചില ഭേദഗതികൾ വരുത്തി. സഭയെ ഭരിക്കാൻ സഭയിൽനിന്നുതന്നെ പ്രിയോർ ജനറാൾ ഉണ്ടാകണം. അദ്ദേഹത്തിന് നാല് ആലോചനക്കാർ ഉണ്ടായിരിക്കണം; അവരുടെ ഉദ്യോഗ കാലാവധി മൂന്നുവർഷമായിരിക്കണം; സഭാംഗങ്ങളെല്ലാം കപിലനിറമുള്ള രോമ ഉടുപ്പു ധരിക്കണം എന്നിവയായിരുന്നു പ്രധാനപ്പെട്ട ഭേദഗതികൾ.

1893-ൽ ആറുവർഷത്തേക്ക് അംഗീകരിച്ചുകിട്ടിയ പ്രസ്തുത നിയമാവലിയിൽ വേണ്ട ഭേദഗതികൾ ചെയ്യുന്നതിനായി 1898 ഫെബ്രുവരിയിൽ പ്രിയോർ ജനറാളിന്റെ ഡെലെഗേറ്റായിരുന്ന ബ. ഫ്രെഡറിക്കച്ചൻ മാന്നാനത്ത് ഒരു അസാധാരണ പൊതുസംഘം വിളിച്ചുകൂട്ടി. മൂന്നാഴ്ചത്തെ സമ്മേളനങ്ങൾക്കു ശേഷം ഈ പൊതുസംഘം, വേണ്ട

www.malankaralibrary.com

ഭേദഗതികൾ നിർദേശിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിശ്ചയിച്ചു കൊണ്ട് പിരിഞ്ഞും പ്രസ്തുത കമ്മിറ്റി അതിന്റെ ജോലി പൂർത്തിയാക്കിയശേഷം വീണ്ടും മേല്പറഞ്ഞ പൊതുസംഘം മാന്നാനത്തു സമ്മേളിച്ച് കമ്മിറ്റിനിർദ്ദേശങ്ങളിൽ ഒപ്പുവച്ച് ദഫ്നിത്തോരിസംഘം വഴി അംഗീകരണത്തിനായി റോമിലേക്കയച്ചു. എന്നാൽ പരിശുദ്ധ സിംഹാസനം പൊതുസംഘം നിർദേശിച്ച ഭേദഗതികൾ സ്വീകരിക്കാതെ മുമ്പാചരിച്ചുവന്ന നിയമാവലിതന്നെ ആറുവർഷത്തേക്കുകൂടി അനുസരിച്ചു കൊള്ളാൻ കല്പിക്കുകയാണുണ്ടായത്.

ബെർണാർദു മെത്രാപ്പോലീത്താ പ്രിയോർ ജനറാൾ സ്ഥാനം രാജിവെച്ചതോടുകൂടെ സഭയിൽനിന്നുതന്നെ ഒരു പ്രിയോർ ജനറാളിനെ തിരഞ്ഞെടുത്തുകൊള്ളാൻ തിരുസംഘം അനുവദിച്ചിരുന്നപ്രകാരം 1902 ഡിസംബർ 12-ാംനു മാന്നാനത്തുവച്ച് പൊതുസംഘംകൂടി കട്ടക്കയത്തിൽ ബ. അലക്സാണ്ടർ യൗസേപ്പച്ചനെ (വലിയ ചാണ്ടിയച്ചനെ) പ്രിയോർ ജനറാളായി തിരഞ്ഞെടുത്തു.

സംഘം കഴിഞ്ഞ് ഉടനേ സംഘാംഗങ്ങൾ എല്ലാവരുംകൂടി തങ്ങൾ അയയ്ക്കുന്ന ചില ഭേദഗതികളോടുകൂടെ ഇപ്പോൾ അനുസരിച്ചുവരുന്ന ന്യായപ്രമാണം ഉറപ്പിച്ചുതരണമെന്നു കാണിച്ച് പ്രൊപ്പഗാന്താ സംഘാധ്യക്ഷനായിരുന്ന കർദിനാൾ ഗോത്തിക്ക് ഒരു കത്തയച്ചു. നൂതനമായ പല സംഗതികൾ ചേർത്ത് എഴുതിയുണ്ടാക്കിയ മറ്റൊരു ന്യായപ്രമാണവും ഇതോടൊന്നിച്ച് അയയ്ക്കുകയുണ്ടായി. ഇതു റോമിൽ സ്വീകരിച്ചേക്കുമോ എന്നു സംശയിച്ചതിനാലാണ് മേല്പറഞ്ഞ പൊതു എഴുത്ത് അയയ്ക്കാൻ ഇടയായത്. പുതിയ പ്രിയോർ ജനറാളിന്റെ തിരഞ്ഞെടുപ്പു വിവരവും ഇതോടുകൂടെ അറിയിച്ചിരുന്നു.

1905 മാർച്ചു മാസത്തിൽ എറണാകുളം വികാരിയപ്പസ്തോലിക്കയായ ളൂയീസ് മെത്രാനച്ചനോടൊന്നിച്ച് മാന്നാനം പ്രിയോർ കട്ടക്കയത്തിൽ യൗസേപ്പ് അലക്സാണ്ടറച്ചൻ (കൊച്ചു ചാണ്ടിയച്ചൻ) റോമിലേക്കു പോയി. 1898-ൽ അയച്ച ന്യായപ്രമാണം ശാശ്വതമായി ഉറപ്പിച്ചു നല്കാൻ അദ്ദേഹം പത്താംപീയൂസ് മാർപാപ്പായോടും പ്രൊപ്പഗാന്താധ്യക്ഷനായ കർദിനാൾ ഗോത്തിയോടും വാക്കാലും എഴുത്താലും അപേക്ഷിച്ചു. 1905 ഏപ്രിൽ 11-ാം നു മാർപാപ്പായിൽനിന്നും സ്വകരങ്ങളാൽ എഴുതിയ ശ്ലൈഹികാശീർവാദവും സഭാംഗങ്ങൾക്കായി അദ്ദേഹം വാങ്ങി.

www.malankaralibrary.com

1906 മാർച്ച് 12-ാംനു പ്രൊപ്പഗാന്താസംഘത്തിലെ പൗരസ്ത്യ റീത്തുകളുടെ കാര്യം നടത്തുന്ന കർദിനാളന്മാർ ചേർന്ന നമ്മുടെ സഭയുടെ ന്യായപ്രമാണം ശാശ്വതമായി അംഗീകരിച്ചുറപ്പിക്കണമെന്നു നിശ്ചയിക്കുകയും ഈ തീരുമാനം പത്താംപീയൂസ് മാർപാപ്പാ അംഗീകരിക്കുകയും ചെയ്തു. അതറിയിച്ചുകൊണ്ടുള്ള ഡിക്രി 1906 ജൂലൈ 16-ാം തീയതി പ്രിയോർ ജനറാളിനു ലഭിച്ചു. 1907-ൽ മേല്പറഞ്ഞ ന്യായപ്രമാണത്തിന്റെ അനേകം ലത്തീൻ കോപ്പികൾ റോമിൽനിന്ന് പ്രിയോർ ജനറാളച്ചനു ലഭിച്ചു. അദ്ദേഹം അത് സഭാംഗങ്ങൾക്കെല്ലാം നല്കി.

**സലേസ്കി നിർദേശങ്ങൾ:**

ഡെലെഗേറ്റപ്പസ്തോലിക്കാ മോൺ. സലേസ്കി 1913-ൽ കൊവേന്തകളെല്ലാം ഔദ്യോഗികമായി സന്ദർശിച്ചു. ഇതിനുശേഷം സഭയെ സംബന്ധിച്ച് സുദീർഘമായൊരു റിപ്പോർട്ട് അദ്ദേഹം റോമിൽ സമർപ്പിച്ചു. അതിന്റെ കോപ്പികൾ ദഫ്നിത്തോരിയിലേക്കും എല്ലാ കൊവേന്തകളിലേക്കും അയച്ചു.

സഭയെ പ്രവിശ്യകളായി വിഭജിക്കണമെന്ന് ചിലർക്കുണ്ടായിരുന്ന ആഗ്രഹപ്രകാരം ചില അപേക്ഷകൾ റോമിലേക്കയച്ചിരുന്നു. ഈ വിഭജനം സലേസ്കി ശക്തിയുക്തം എതിർത്തു. സഭയിൽ വിഭാഗീയ ചിന്തയും മറ്റു പല ദൂഷ്യങ്ങളും ഏതന്മൂലം ഉണ്ടാകുമെന്നാണ് അദ്ദേഹം ഉന്നയിച്ച കാരണം. സഭയിൽ വരുത്തേണ്ട ചില പരിഷ്കാരങ്ങളെപ്പറ്റിയും അദ്ദേഹം റിപ്പോർട്ടിൽ നിർദേശിച്ചിരുന്നു. സന്ന്യാസാനുഷ്ഠാനങ്ങൾ അഭംഗുരം പാലിച്ചുകൊണ്ടുപോകാൻ സാധിക്കുന്നില്ല എന്ന കാരണത്താൽ തേവര, പാണാപള്ളി, ചെത്തിപ്പുഴ എന്നീ ആശ്രമങ്ങൾ നിറുത്തലാക്കാൻ അദ്ദേഹം നിർദേശിച്ചു. സഭയിൽനിന്നുള്ള എതിർപ്പുനിമിത്തം ഈ നിർദേശം നടപ്പിലായില്ല. കൂടാതെ, താഴെ പറയുന്ന നിർദേശങ്ങളും അദ്ദേഹം ഉന്നയിച്ചിരുന്നു:

1) പൊതുശ്രേഷ്ഠഭവനം ഉണ്ടാക്കണം. 2) കൂനമ്മാവ് ആശ്രമത്തിന്റെ സ്വത്തിൽ സഭാംഗങ്ങളുടെ പത്രിമേനികൊണ്ടു വാങ്ങിയിട്ടുള്ളത് പൊതുസ്വത്തായിരിക്കണം. 3) നവസന്ന്യാസികളുടെയും, വൈദികാർഥികളുടെയും ചെലവിനുവേണ്ടി കൊടുത്തുവരുന്ന അഞ്ചുരൂപാ മതിയാകാത്തതിനാൽ അവർക്കു പ്രതിമാസം എട്ടുരൂപ വീതം കൊടുക്കണം. 4) വൈദികവിദ്യാർത്ഥികളെല്ലാം മംഗലാപുരം സെമിനാരിയിൽത്തന്നെ അധ്യയനം നടത്തണം.

www.malankaralibrary.com

ഈ നിർദേശങ്ങൾ സ്വീകരിച്ചു നടപ്പാക്കാനുള്ള വിഷമതകൾ ദഫ്നിത്തോരിസംഘം റോമിലറിയിച്ചു. ഈ നിർദേശങ്ങൾ 1914 ഡിസംബറിൽ സമ്മേളിക്കുന്ന പൊതുസംഘത്തിൽ ചർച്ചചെയ്ത്, സ്വീകരിക്കപ്പെടുന്നവ മാത്രം നടപ്പിലാക്കിയാൽ മതിയെന്നായിരുന്നു റോമിൽനിന്നു ലഭിച്ച മറുപടി.

1914 ഡിസംബറിൽ സമ്മേളിച്ച പൊതുസംഘം പ്രസ്തുത നിർദേശങ്ങളെപ്പറ്റി ചർച്ചചെയ്തു. അതനുസരിച്ച് നിയമാവലിയിൽ ചില ഭേദഗതികൾ ചെയ്ത് തിരുസിംഹാസനത്തിലേക്കയച്ചു. 15-ാം ബെനെദിക്തോസ് മാർപാപ്പായുടെ അംഗീകരണത്തോടെ ഒരു ഡിക്രിമൂലം തിരുസംഘം ഈ ഭേദഗതികൾ സ്വീകരിച്ചു.

ഭക്ഷണരീതി, നോമ്പ് ഇവ സംബന്ധിച്ച ചില ആനുകൂല്യങ്ങളും, വെള്ളക്കാപ്പയും തുണി ളോവയും ഉപയോഗിക്കുന്നതിനുള്ള അനുമതിയുമാണ് ഈ ഭേദഗതികൾ. കൊവേന്തകൾ കാനോനികമായി സ്ഥാപിക്കുന്നതിനു പരിശുദ്ധ സിംഹാസനത്തിന്റെ അനുമതി ആവശ്യമാണെന്ന് ഈ ഡിക്രിയിൽ ആജ്ഞാപിച്ചിരുന്നു.

**നിയമാവലി പരിഷ്കരണം:**

ലത്തീൻ കാനൻ നിയമം 1918-ൽ പുറത്തുവന്നതോടുകൂടെ സഭയുടെ നിയമാവലി ഈ കാനൻ നിയമത്തിനനുസരണമായി ഭേദഗതി ചെയ്യുന്നതിന് പല പരിശ്രമങ്ങളും നടക്കുകയുണ്ടായി. 1920-ൽ സമ്മേളിച്ച പൊതുസംഘം ഇപ്രകാരം ഭേദഗതി ചെയ്യണമെന്ന് തീരുമാനിച്ച്, തദനുസരണമുള്ള അനുവാദവും പരിശുദ്ധ സിംഹാസനത്തിൽനിന്ന് ചോദിച്ചു; ലഭിച്ചു. ഈ തീരുമാനമനുസരിച്ച്, ബ. സിൽവെസ്റ്റർ അച്ചൻ, ബ. ജോൺ ബർക്കുമാൻസച്ചൻ, ബ. ഹയസിന്തച്ചൻ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കുകയും ആശ്രമസംഘംകൂടി കാനൻ നിയമത്തിന്റെ വെളിച്ചത്തിൽ നിയമാവലി പരിശോധിച്ച് ഭേദഗതികൾ നിർദേശിക്കണമെന്ന് ഓരോ ആശ്രമത്തിലും അറിയിക്കുകയും ചെയ്തു. കമ്മിറ്റിയുടെ ഭേദഗതികൾ പ്രസ്തുത വത്സരം ഡി. 12-ാം തീയതി പൊതുസംഘത്തിന് സമർപ്പിച്ചു. എങ്കിലും കമ്മിറ്റിയുടെ ജോലികൾ പൂർത്തിയാകാഞ്ഞതിനാൽ പൊതുശ്രേഷ്ഠസംഘം മറ്റൊരു കമ്മിറ്റിയെ നിയമിച്ചു.

ബ. ജോൺ ബർക്കുമാൻസച്ചൻ പ്രിയോർ ജനറാളായിരിക്കുമ്പോൾ നിയമാവലി മുഴുവൻ പരിശോധിച്ച് കാനൻ നിയമങ്ങൾക്കനുസൃത

www.malankaralibrary.com

മുള്ള ഭേദഗതികളോടെ ഒരു നക്കൽ ഉണ്ടാക്കി അപ്പസ്തോലിക്ക് ഡെലെഗേറ്റിന് അയച്ചുകൊടുത്തു. ഈ നക്കൽ റോമിലറിയിച്ചപ്പോൾ പൊതുസംഘത്തിൽ ചർച്ച ചെയ്തശേഷം അംഗീകാരത്തിന് പരിശുദ്ധ സിംഹാസനത്തിലേക്കയയ്ക്കാനാണ് മറുപടി ലഭിച്ചത്.

1932 ഡിസംബറിലെ പൊതുസംഘനിശ്ചയപ്രകാരം 1933 ജൂലൈ 27-ാംനു ഒരു അസാധാരണ പൊതുസംഘംകൂടി, ലത്തീൻ കാനൻ നിയമമനുസരിച്ചു ഭേദഗതി ചെയ്ത നിയമാവലിയുടെ നക്കൽ പരിശോധിച്ചു. നക്കൽ പൊതുസംഘത്തിന്റെ അംഗീകരണത്തോടെ പരിശുദ്ധ സിംഹാസനത്തിന്റെ സ്ഥിരീകരണത്തിനു സമർപ്പിക്കണമെന്ന് തിരുസംഘം നിർദേശിച്ചിരുന്നതിനാലാണ് ഈ പൊതുസംഘം കൂടിയത്. ഈ പൊതുസംഘം അംഗീകരിച്ച നിയമാവലി പരിശുദ്ധ സിംഹാസനത്തിലേക്ക് അയച്ചുകൊടുത്തു. ഇതെത്തുടർന്ന് തിരുസംഘത്തിന്റെ നിർദേശാനുസരണം അപ്പസ്തോലിക്ക് ഡെലെഗേറ്റായ പീറ്റർ കിയർക്കൽസ് 1934-ൽ സഭയിലെ ചില ആശ്രമങ്ങൾ ഔദ്യോഗികമായി സന്ദർശിച്ച്, റോമിലേക്കയച്ചിരുന്ന നിയമാവലി സംബന്ധിച്ച് സഭാംഗങ്ങളുടെ അഭിപ്രായം നേരിട്ടറിഞ്ഞ് റോമിലേക്കു റിപ്പോർട്ട് സമർപ്പിച്ചു. എങ്കിലും, പൗരസ്ത്യസഭകളെ സംബന്ധിക്കുന്ന കാനൻനിയമങ്ങൾ ക്രോഡീകരിച്ചുവരുന്നതിനാൽ, അവ പ്രഖ്യാപനം ചെയ്യപ്പെട്ടശേഷം മാത്രം സഭയുടെ നിയമാവലി ഭേദഗതി ചെയ്താൽ മതിയെന്ന് 1936 ജൂലൈ 29-ാംനു തിരുസംഘം സഭയെ അറിയിച്ചു.

### പുതിയ നിർദേശങ്ങൾ

പുതിയ അധികാരികളെ തിരഞ്ഞെടുക്കുന്നതിനുള്ള പൊതുസംഘം സമ്മേളിക്കേണ്ടിയിരുന്നത് 1935 ഡിസംബറിലായിരുന്നു. എന്നാൽ നിയമാവലി ഭേദഗതി ചെയ്യുന്നതിന് കുറെക്കൂടി സാവകാശം കിട്ടാനും പുതിയ നിയമാവലിയനുസരിച്ച് തിരഞ്ഞെടുപ്പു നടത്താനും വേണ്ടി തിരുസംഘത്തിന്റെ 1935 നവംബറിലെ കല്പനയനുസരിച്ച് പൊതുസംഘം ഒരുകൊല്ലത്തേക്കു നീട്ടിവച്ചു.

ഇതിനിടയിൽ, 1936 സെപ്റ്റംബർ 8-ാംനു സുറിയാനി രൂപതാതിർത്തിക്കു വെളിയിലായി കോഴിക്കോട്ടു രൂപതാതിർത്തിയിൽ കടലുണ്ടിയിൽ ഒരാശ്രമം കാനോനികമായി സ്ഥാപിക്കപ്പെട്ടു. സുറിയാനി രൂപതകളുടെ അതിർത്തിക്കു വെളിയിൽ സ്ഥാപിതമായ ഒന്നാമത്തെ കാനോനിക സ്ഥാപനമാണിത്.

www.malankaralibrary.com

1936 ഒക്ടോബർ 28-ാം തീയതിയിലെ തിരുസംഘത്തിന്റെ നിർദേശാനുസരണം ആ വർഷം ഡിസംബർ മാസത്തിൽ സഭയുടെ പൊതുസംഘം മാന്നാനത്തു സമ്മേളിച്ചു. ഈ പൊതുസംഘം മുതൽ പ്രാബല്യത്തിൽ വരുത്തേണ്ട മൂന്നു ഭേദഗതികളും തിരുസംഘത്തിന്റെ, 1936 ജൂലൈ 29-ലെ ഡിക്രിയിൽ നിർദേശിച്ചിരുന്നു. അവ (1) പൊതുശ്രേഷ്ഠസംഘത്തിന്റെ കാലാവധി മൂന്നുകൊല്ലമല്ല, ആറു കൊല്ലമായിരിക്കണം. (2) ആശ്രമശ്രേഷ്ഠന്മാരെയും നവസന്ന്യാസഗുരുവിനെയും പൊതുശ്രേഷ്ഠസംഘം തിരഞ്ഞെടുക്കണം. എന്നാൽ, അവരുടെ കാലാവധി മുമ്പിലത്തെപ്പോലെ മൂന്നു കൊല്ലം ആയിരിക്കണം. (3) സഭയുടെ പത്രിമേനി വക പണവും സ്വത്തുക്കളും ഒരു പൊതുഫണ്ടായി പൊതുശ്രേഷ്ഠസംഘത്തിന്റെ നേരിട്ടുള്ള അധികാരത്തിലും ഭരണത്തിലുമായിരിക്കണം.

പൊതുസംഘം പ്രസ്പഷ്ടമാക്കിയ അഭിലാഷവും തിരുസംഘത്തിൽനിന്നു നല്കിയിരുന്ന നിർദേശവുമനുസരിച്ച്, ശ്രേഷ്ഠന്മാർക്കും മറ്റു സന്ന്യാസികൾക്കും രൂപതാതിർത്തികൾ പരിഗണിക്കാതെയാണ് പൊതു ശ്രേഷ്ഠസംഘം ആശ്രമീയത്വം നിശ്ചയിച്ചുകൊടുത്തത്. സഭ പ്രവിശ്യകളായി വിഭജിക്കാനിടയാകരുത് എന്ന ഉദ്ദേശ്യമാണത്രേ ഈ നടപടി സ്വീകരിക്കാൻ പ്രേരകമായിരുന്നത്.

1952 ഫെബ്രുവരി 24-ാം തീയതി സന്ന്യാസികൾക്കായുള്ള പൗരസ്ത്യ കാനൻ നിയമം പ്രസിദ്ധീകൃതമായി. തദനുസരണം നിയമാവലി പരിഷ്കരിക്കാൻ പ്രിയോർ ജനറാൾ ബ. വിൻസെന്റച്ചൻ ഒൻപതംഗങ്ങളടങ്ങിയ ഒരു കമ്മിറ്റിയെ നിയമിച്ചു. ഈയവസരത്തിൽ ബൊനവന്തൂരാ മെത്രാൻ സഭയുടെ വിസിറ്ററായി നിയമിതനാകുകയും സന്ദർശനാനന്തരം മാത്രം നിയമാവലി പരിഷ്കരിച്ചാൽ മതിയെന്ന് അദ്ദേഹം അഭിപ്രായപ്പെടുകയും ചെയ്കയാൽ, പ്രസ്തുത കമ്മിറ്റി പിരിച്ചുവിട്ടു.

അപ്പസ്തോലിക്ക് വിസിറ്ററുടെ റിപ്പോർട്ടു സ്വീകരിച്ചശേഷം, പിന്നീടുള്ള പൊതുസംഘത്തിൽവച്ച് മൂന്നിൽ കുറയാതെയും ആറിൽ കൂടാതെയുമുള്ള ഒരു കമ്മിറ്റിയെ നിയമാവലി പരിഷ്കരിക്കുന്നതിന് നിശ്ചയിക്കണമെന്ന് തിരുസംഘം നിർദേശിച്ചു. ഇതനുസരിച്ച് ബ. പ്ലാസിഡച്ചൻ പ്രസിഡണ്ടായും ബ. ജോൺ ബെർക്കുമാൻസച്ചൻ, ബ. ക്ലെമെൻസച്ചൻ, ബ. വില്യമച്ചൻ, ബ. കനീസിയൂസച്ചൻ, ബ. ജോനാസച്ചൻ ഇവർ അംഗങ്ങളായും ഒരു കമ്മിറ്റിയെ പൊതുശ്രേഷ്ഠസംഘം തിരഞ്ഞെടുത്തു. അധികം താമസിയാതെ ബ. പ്ലാസിഡച്ചൻ റോമി

www.malankaralibrary.com

ലേക്കു പോകയാലും ബ. വില്യമച്ചനും ബ. ജോനാസച്ചനും അനാരോഗ്യം നിമിത്തം തങ്ങളുടെ കമ്മിറ്റി അംഗത്വം രാജിവച്ചതിനാലും ബ. മൗറേലിയൂസച്ചൻ പ്രസിഡണ്ടായും ബ. ജോൺ ബെർക്കമാൻസച്ചൻ, ബ. ക്ലെമെന്റ് അച്ചൻ, ബ. കനീസിയൂസച്ചൻ, ബ. ജനുവാരിയൂസച്ചൻ, ബ. റോമുളൂസച്ചൻ ഇവർ അംഗങ്ങളായും മറ്റൊരു കമ്മിറ്റി പുനഃസംഘടിപ്പിക്കപ്പെട്ടു.

ഇവിടെ തയ്യാറാക്കിയിരുന്ന നിയമാവലിയുടെ നക്കൽ 1953-ൽ കേരളപര്യടനം നടത്തികൊണ്ടിരുന്ന കാർഡിനൻ ടിസ്സറങ്ങിന്റെ അനുമതിയോടെ, വ്രതാനുഷ്ഠാനം ചെയ്ത വൈദികരായ സഭാംഗങ്ങൾക്ക് വിതരണം ചെയ്യപ്പെട്ടു. സഭാംഗങ്ങളിൽനിന്നു ലഭിച്ച നിർദേശങ്ങളും നിയമാവലിയുടെ നക്കലും പരിശോധിച്ചശേഷം, നിയമാവലി പരിഷ്കരണക്കമ്മിറ്റി 1954 ഒക്ടോബർ 6-ാം തീയതി അതിന്റെ പ്രസിഡണ്ടായിരുന്ന ബ. മൗറേലിയൂസച്ചന്റെ അധ്യക്ഷതയിൽ സമ്മേളിച്ചു. പ്രിയോർ ജനറാൾ അർപ്പിച്ച ദിവ്യബലിയിൽ എല്ലാവരും സംബന്ധിച്ചശേഷം കമ്മിറ്റി അംഗങ്ങൾ അവരുടെ ജോലി ആരംഭിച്ചു. സഭാംഗങ്ങളിൽ നിന്നു കിട്ടിയ നിർദേശങ്ങൾ പരിഗണിച്ചുകൊണ്ട് നിയമാവലിയുടെ നക്കലിലെ ഓരോ വകുപ്പും വായിച്ച് ചർച്ച ചെയ്യുകയുണ്ടായി. 1955 മാർച്ച് 22-ാം തീയതി കമ്മിറ്റി അവരുടെ ജോലി പൂർത്തിയാക്കി നിയമാവലിയുടെ പുതിയ നക്കൽ പൊതുശ്രേഷ്ഠസംഘത്തെ ഏല്പിച്ചു. പൊതുശ്രേഷ്ഠസംഘം അതു പരിശോധിച്ചശേഷം അംഗീകരണത്തിനായി 1955 സെപ്റ്റംബറിൽ റോമിലെ തിരുസംഘത്തിന് സമർപ്പിക്കുകയും ചെയ്തു. റാഞ്ചിയിലെ വൈസ് പ്രൊവിൻഷ്യൽ ഫാ. മൊയേർസൺ എസ്.ജെ. ഏതാനും ദിവസം പൊതുശ്രേഷ്ഠഭവനത്തിൽ താമസിച്ച് കമ്മിറ്റിക്കാർക്ക് വേണ്ട നിർദേശം നല്കിയിരുന്നു.

പരിശുദ്ധ സിംഹാസനം 1958-ൽ പ്രസ്തുത നിയമാവലി "Religiosa haec Societas" എന്ന ഒരു ഡിക്രി മൂലം, പരീക്ഷണാർത്ഥം 7 കൊല്ലത്തേക്ക് അനുവദിച്ചു നല്കി. ഇതിനിടയിൽ സഭാംഗങ്ങളുടെ അഭിപ്രായം ആരാഞ്ഞശേഷം പൊതുശ്രേഷ്ഠസംഘം നിയമിച്ച കമ്മീഷൻ പുതിയൊരു നിയമാവലി തയ്യാറാക്കി. ഈ നിയമാവലി പൊതുസംഘം ആവശ്യമായ ഭേദഗതികളോടെ അംഗീകരിച്ച്, 1965-ൽ പൗരസ്ത്യ തിരുസംഘത്തിനയച്ചു.

വത്തിക്കാൻ കൗൺസിൽ ഡിക്രികളുടെയും 'എക്ലേസിയേ സാംക്തേ' എന്ന പ്രമാണരേഖയുടെയും മാനദണ്ഡംവെച്ച് യഥാകാലം

www.malankaralibrary.com

പുനഃസംവിധാനം ചെയ്യുന്നതുവരേക്കും നടപ്പിലാക്കാനായി, പ്രസ്തുത നിയമാവലി 1967 ജൂലൈ 29-ാം തീയതി പൗരസ്ത്യതിരുസംഘം താത്ക്കാലികമായി അംഗീകരിച്ചു നല്കി.

**സഭയുടെ നാമമാറ്റങ്ങൾ**

സഭയുടെ ആദ്യനാമം "അമലോദ്ഭവയായ ഭാഗ്യപ്പെട്ട കർമല മാതാവിന്റെ ദാസന്മാർ" എന്നായിരുന്നു. എന്നാൽ 1860-ൽ സഭ കർമലീത്താ ഒന്നാം സഭയോടു സംയോജിപ്പിക്കപ്പെട്ടപ്പോൾ അതിൽനിന്ന് "അമലോദ്ഭവ" എന്ന പദം വിട്ടുപോയി. സഭാംഗങ്ങളുടെ ആഗ്രഹപ്രകാരവും അപ്പസ്തോലിക്ക് ഡെലെഗേറ്റ് അയൂത്തി മെത്രാപ്പോലീത്താ നിർദേശിച്ചതനുസരിച്ചും ആ പദംകൂടി രണ്ടാംപ്രാവശ്യം റോമിലേക്കയച്ച നിയമാവലിയിൽ ഉൾപ്പെടുത്തി. 1893-ൽ തിരുസിംഹാസനം സ്വീകരിച്ച പല ഭേദഗതികളിൽ ഇതും ഉൾപ്പെട്ടു. 1906-ൽ സഭയുടെ നിയമാവലി ശാശ്വതമായി അംഗീകരിച്ചപ്പോൾ സഭ താഴെപ്പറയുംപ്രകാരമാണ് നാമകരണം ചെയ്യപ്പെട്ടത്: "കർമലമലയിലെ അമലോദ്ഭവയായ എത്രയും ഭാഗ്യപ്പെട്ട കന്യകമറിയത്തിന്റെ നിഷ്പാദുക മൂന്നാം സഭയിലെ മലയാളത്തിലുള്ള സഹോദരന്മാരുടെ സമൂഹം" (Sodalitas Fratrum Excalceatorum Tertii Ordinis B. V.M. Immaculatae De Monte Carmelo in Malabari Existens.)

പൗരസ്ത്യ കാനൻ നിയമങ്ങൾക്കനുസൃതമായി 1958 ഡിസംബറിൽ സഭാനിയമം അംഗീകരിച്ചപ്പോൾ സഭയുടെ പേര് "എത്രയും ഭാഗ്യപ്പെട്ട അമലോത്ഭവ കന്യകാമറിയത്തിന്റെ കർമ്മെലസഹോദരന്മാരുടെ സഭ" (Congregatio Fratrum Carmelitarum Beatissimae Virginis Mariae Immaculatae-C.M.I.) എന്നാക്കി. പ്രസ്തുത നിയമാവലി ചില ഭേദഗതികളോടെ 1965-ൽ റോമിലേയ്ക്ക് അയച്ചു. അതാകട്ടെ 'അമലോത്ഭവ മറിയത്തിന്റെ കർമ്മെല സഭ' (Congregatio Carmelitarum Mariae Immaculatae) എന്ന പേരിൽ 1967 ജൂലൈ 29-ാം തിയതി, രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകൾക്കനുസൃതം പുനഃസംവിധാനം ചെയ്യപ്പെടുന്നതുവരെക്കും, അംഗീകരിക്കപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

# അധ്യായം അഞ്ച്

## ഏതദേശീയ പ്രിയോർ ജനറാൾ ഭരണം

### വലിയ ചാണ്ടിയച്ചന്റെ ഗുരുപട്ട കനക ജൂബിലി

1902 ഡിസംബറിൽ സഭയുടെ പ്രിയോർ ജനറാളായി തിരഞ്ഞെടുക്കപ്പെട്ട അലക്സാണ്ടർ യൗസേപ്പച്ചൻ, വലിയ ചാണ്ടിയച്ചൻ, വൈദികപട്ടമേറ്റിട്ട് 50 കൊല്ലം പൂർത്തിയായത് 1903 മെയ് മാസത്തിലായിരുന്നു. അതിന്റെ സുവർണജൂബിലി മെയ് 2, 3 തീയതികളിൽ മാന്നാനത്തുവച്ച് ആഘോഷിക്കപ്പെട്ടു. പ്രസ്തുത ദിവസങ്ങൾ നാല്പതുമണിയാരാധനയുടെ ഒടുവിലത്തെ ദിവസവും യൗസേപ്പുപിതാവിന്റെ മധ്യസ്ഥതിരുനാൾ ദിനവും ആയിരുന്നതിനാൽ ധാരാളം വൈദികരും ജനങ്ങളും ആശ്രമശ്രേഷ്ഠന്മാരും അവിടെ വന്നിരുന്നു. ചങ്ങനാശ്ശേരി വികാരിയപ്പസ്തോലിക്കായും തദവസരത്തിൽ സന്നിഹിതനായിരുന്നു. പാറായിത്തരകന്മാർ ഓരോ പൊൻകാസായും വൈദികർ ഒരു പൊൻകാസായും പല പള്ളിക്കാരുടെ വകയായി നിരവധി സമ്മാനങ്ങളും അദ്ദേഹത്തിനു നല്കപ്പെട്ടു. വെള്ളികൊണ്ടുള്ള ഒരു കീർത്തിമുദ്ര മാർപ്പാപ്പ റോമിൽനിന്ന് അയച്ചുകൊടുത്തു. മാർപാപ്പയ്ക്കടുത്ത പൂർണദണ്ഡവിമോചനമുള്ള ആശീർവാദാധികാരവും ലഭിച്ചിരുന്നതിനാൽ അവിടെ കൂടിയിരുന്നവർക്കെല്ലാം പ്രിയോർ ജനറാൾ അതു നല്കി.

### മാന്നാനത്ത് വൈദികപഠനത്തിന് പ്രത്യേകാനുമതി

1903 നവംബറിൽ ഇൻഡ്യയുടെ ഡെലെഗേറ്റ് അപ്പസ്തോലിക്കാ തെക്കെ ഇൻഡ്യയിലെ രൂപതകൾ സന്ദർശിക്കാൻ വന്ന അവസരത്തിൽ മാന്നാനത്തുവന്ന് ഒരു ദിവസം താമസിച്ചു. നമ്മുടെ ശെമ്മാശ്ശന്മാർ തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കാൻ മംഗലാപുരത്തിനു പോകണമെന്ന നിർബന്ധനിയമം, സുഖക്കേടുകാർക്കും മറ്റും പ്രയാസമായിരുന്നതിനാൽ, അവർക്ക് ഇതിൽനിന്ന് ഒഴിവ് നല്കണമെന്ന് മാന്നാനം പ്രിയോർ യൗസേപ്പ് അലക്സാണ്ടറച്ചൻ സാധ്യപ്പെട്ട് അപേക്ഷിക്കുകയും അപ്രകാരം ഡെലെഗേറ്റ് അപ്പസ്തോലിക്കാ അനുവാദം നല്കുകയും ചെയ്തു. ഈ അനുവാദപ്രകാരം 1904-ൽ മാന്നാനത്തു തത്ത്വശാസ്ത്രത്തിനും ദൈവശാസ്ത്രത്തിനും ക്ലാസ്സുകൾ ആരംഭിച്ചു.

1903 ജൂലൈ 20-ാം തീയതി 13-ാം ലെയോൻ മാർപാപ്പാ ദിവംഗതനായി. അവിടത്തെ ആത്മശാന്തിയ്ക്കുവേണ്ടി ആശ്രമങ്ങളിലെല്ലാം ശേഷക്രിയകൾ നടത്തി.

www.malankaralibrary.com

### നിധിയിരിക്കൽ മാണിയച്ചന്റെ ചരമം

നമ്മുടെ സഭയുടെ ഒരു മിത്രമായിരുന്ന കുറവിലങ്ങാട്ടുപള്ളി വികാരി നിധിയിരിക്കൽ മാണിയച്ചൻ 1904 ജൂൺ 20-ാം തീയതി ഈ ലോകവാസം വെടിഞ്ഞു. മാന്നാനം മുതലായ പ്രധാന കൊവേന്തക ളിൽ ഇദ്ദേഹത്തിന്റെ ആത്മാനുകൂലാർഥം ശേഷക്രിയകൾ നടത്തി. മാന്നാനം പ്രിയോർ ബ. യൗസേപ്പ് അലക്സാണ്ടറച്ചൻ ശവസംസ്കാ രത്തിൽ പങ്കെടുക്കുകയും ചരമപ്രഭാഷണം നടത്തുകയും ചെയ്തു. മേലൂസ് ശീശ്മയുടെ കാലത്ത് ശീശ്മയിലേക്കു പോകാൻ ആരംഭിച്ച പല പള്ളിക്കാരെയും ബ. മാണിയച്ചൻ അതിൽനിന്നു പിൻതിരിപ്പിക്കു കയും അതിനായി ചില കേസുകൾ വിജയപ്രദമായി നടത്തുകയും ചെയ്തിട്ടുണ്ട്. സുറിയാനിക്കാർക്കു സ്വജാതിമെത്രാനെ ലഭിക്കാനായി ബ. മാണിയച്ചനും വളരെയേറെ ബുദ്ധിമുട്ടുകൾ സഹിച്ചിട്ടുണ്ട്. അധി കാരികളുടെ തെറ്റിധാരണകൾമൂലം പല ക്ലേശങ്ങളും സഹിക്കേണ്ടി വന്നെങ്കിലും ഭഗ്നാശനാകാതെ, ആരംഭിച്ച ജോലി അദ്ദേഹം ധീരത യോടെ തുടർന്നു നടത്തിപ്പോന്നു. പുത്തൻകൂറ്റുകാർക്കും പഴയകൂറ്റു കാർക്കുംവേണ്ടി കോട്ടയത്ത് ഒരു കോളെജു സ്ഥാപിക്കുന്നത് പുത്തൻകൂറ്റുകാരെ കത്തോലിക്കാഭാഗത്തേക്ക് കൊണ്ടുവരാനുള്ള ഒരു മാർഗമാണെന്നു കരുതിയിരുന്ന ഇദ്ദേഹം അതിനുവേണ്ടി 'ഡ്ഡാറാ' സായിപ്പിൽനിന്ന് 'മനോരമ' ഇരിക്കുന്ന സ്ഥലവും ബംഗ്ലാവും വാങ്ങു കയും അതിന്റെ വിലയിൽ ഭൂരിഭാഗവും വരാപ്പുഴ വികാരിഅപ്പസ്തോ ലിക്കായുടെ കല്പനപ്രകാരം പഴയകൂറ്റുപള്ളികളിൽനിന്നു പിരിക്കു കയും ചെയ്തു. ഇതിലേക്കായി ഡ്ഡാറാ സായിപ്പിനെക്കൊണ്ട് ഇരുപ തിനായിരത്തിൽപ്പരം രൂപാ പുത്തൻകൂർ മെത്രാൻ മാർ ദിവന്യാസോ സിനു കൊടുപ്പിച്ചിട്ടുമുണ്ട്. എന്നാൽ രണ്ടുകൂട്ടർക്കും അവകാശമുള്ള ഒരു കോളെജുണ്ടാക്കാൻ അധികാരികൾ അതൃപ്തി പ്രകടിപ്പിച്ചതി നാൽ മേല്പറഞ്ഞ സ്ഥലം പുത്തൻകൂറ്റുകാരുടെ കൈവശത്തിലായി. 1887-ൽ മാന്നാനത്ത് ആരംഭിച്ച "നസ്രാണി ദീപിക'യുടെ ഹേതുഭൂ തനും നിധിയിരിക്കൽ മാണിയച്ചനാണ്.

### ആയുത്തി കർദിനാളിന്റെ മരണം

1905 ഏപ്രിൽ 23-ാം നു ആയൂത്തി കർദിനാൾ മരണംപ്രാപിച്ചു. ഈ വാർത്ത അറിഞ്ഞയുടനേ പ്രധാന ആശ്രമങ്ങളിലെല്ലാം പാട്ടു പൂജ മുതലായ ശേഷക്രിയകൾ നടത്തി. നമ്മുടെ ന്യായപ്രമാണം ഒരു നല്ലനിലയിൽ ഉറപ്പിച്ചുകിട്ടിയത്, റീത്തുകളുടെ കാര്യങ്ങൾക്കായുള്ള

www.malankaralibrary.com

പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ സെക്രട്ടറിയായിരുന്ന ഇദ്ദേഹത്തിന്റെ പരിശ്രമഫലമായാണ്.

**സഭയുടെ കാനോനിക സ്ഥാപനത്തിന്റെ കനക ജൂബിലി**

സഭ ആരംഭിച്ചിട്ട് അമ്പതുവർഷം പൂർത്തിയായത് 1905 ഡിസംബർ 8-ാം തീയതി ആയിരുന്നു. ഈ അവസരത്തിൽ റോമിലായിരുന്ന യൗസേപ്പ് അലക്സാണ്ടറച്ചൻ മൂലം ചില ദണ്ഡവിമോചനങ്ങൾ സഭയ്ക്കു ലഭിച്ചു. ഈ ജൂബിലിയുടെ നിത്യസ്മാരകമായി മാന്നാനത്ത് 1831-ൽ ആദ്യം കപ്പേള സ്ഥാപിച്ച സ്ഥലത്ത് ഒരു പുതിയ കപ്പേള പണികഴിപ്പിക്കുകയും ജൂബിലിദിവസം അതിന്റെ പ്രതിഷ്ഠ നടത്തുകയും ചെയ്തു. ജൂബിലിയിൽ സംബന്ധിക്കാനായി വരാപ്പുഴ ബെർണാർദു മെത്രാപ്പോലീത്തായും മാക്കീൽ മത്തായി മെത്രാനും വന്നിരുന്നു. സഭാസ്ഥാപകന്മാരായ പാലയ്ക്കൽ തോമ്മാച്ചന്റെയും പോരൂക്കരെ തോമ്മാച്ചന്റെയും ചാവറ കുര്യാക്കോസച്ചന്റെയും സംക്ഷേപ ജീവചരിത്രം അച്ചടിച്ചത് ജൂബിലിദിവസം എല്ലാവർക്കും വിതരണം ചെയ്തു.

**പൊതുശ്രേഷ്ഠന്മാർ**

ജൂബിലിയുടെ പിറ്റേ ദിവസം മൂന്നാമാണ്ടുതോറുമുള്ള ശ്രേഷ്ഠന്മാരുടെ തിരഞ്ഞെടുപ്പു നടത്തി. അലക്സാണ്ടർ യൗസേപ്പച്ചൻ വീണ്ടും പ്രിയോർ ജനറാളായി തിരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ കാലാവധി കഴിഞ്ഞ 1908 മുതൽ 1914 വരെ തളിയത്തു ബ. ബസേലിയോസച്ചനും 1814 മുതൽ 1917 വരെ കട്ടക്കയത്തിൽ ബ. കൊച്ചു ചാണ്ടിയച്ചനും 1917 മുതൽ 1920 വരെ പുതുക്കാട്ടു പുളിക്കൽ ബ. ഗൗറിയേലച്ചനും 1920 മുതൽ 1923 വരെ കട്ടക്കയത്തിൽ ബ. കൊച്ചു ചാണ്ടിയച്ചനും 1923 മുതൽ 1926 വരെ നേര്യമ്പറമ്പിൽ ബ. ളൂയീസച്ചനും, 1926 മുതൽ 1932 വരെ കോയിത്തറ ബ. യോഹന്നാൻ ബെർക്കുമാൻസച്ചനും 1932 മുതൽ 1936 വരെ തട്ടിൽ ബ. സിൽവെസ്ത്രോസച്ചനും 1936 മുതൽ 1942 വരെ പെരുമാലിൽ ബ. ബെർത്തുൽമാച്ചനും പ്രിയോർ ജനറാളന്മാരായി സഭാ ഭരണം നടത്തി.

**അപ്പസ്തോലിക്ക് ഡെലെഗേറ്റുമാരുടെ സന്ദർശനങ്ങൾ**

1918-ൽ അപ്പസ്തോലിക്ക് ഡെലെഗേറ്റായ ഫുമസോണി ബിയോണ്ടി ചില ആശ്രമങ്ങൾ ഔദ്യോഗികമായി സന്ദർശിച്ചു. 1918 നവംബർ 3-ാം തീയതി അദ്ദേഹം മാന്നാനത്തുവന്നു. അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ സഭാധികാരികളുടെ ഒരു കോൺഫറൻസ് നടത്ത

www.malankaralibrary.com

ണമെന്ന വിജ്ഞാപനമനുസരിച്ച് എല്ലാ ആശ്രമശ്രേഷ്ഠന്മാരും അവിടെ സമ്മേളിച്ചു.

1920 നവംബറിൽ പുതിയ അപ്പസ്തോലിക്ക ഡെലെഗേറ്റ് പീറ്റർ പിസാനിയും സഭയുടെ ചില ആശ്രമങ്ങൾ സന്ദർശിച്ചു. സഭാധികാരികളുമായി സഭാസംബന്ധമായ പല കാര്യങ്ങളെയുംപറ്റി പര്യാലോചിച്ച് പല നിർദേശങ്ങളും നല്കിയതിനുപുറമേ, അദ്ദേഹം ആശ്രമസന്ദർശനാവസരത്തിൽ നടത്തിയ ചർച്ചകളുടെ വെളിച്ചത്തിൽ തയ്യാറാക്കിയ സുദീർഘമായ ഒരു ലേഖനം 1920 ഡിസംബറിലെ പൊതുസംഘത്തിലേക്കയച്ചിരുന്നു. വിഭാഗീയ മനോഭാവവും സ്വജനപക്ഷപാതവും സഭാംഗങ്ങളിൽ ഉണ്ടാകാതിരിക്കാനായി, ആശ്രമശ്രേഷ്ഠന്മാരായി തിരഞ്ഞെടുക്കപ്പെടുന്നവർ അന്യരൂപതകളിൽപ്പെട്ടവരായിരിക്കണമെന്ന് പ്രസ്തുത ലേഖനത്തിൽ നിർബന്ധമായി ആവശ്യപ്പെട്ടിരുന്നു. ഈ നിർദേശമനുസരിച്ചാണ് അന്ന് തിരഞ്ഞെടുപ്പുകൾ നടന്നത്.

ചമ്പക്കുളം ആശ്രമസ്ഥാപനത്തിനുവേണ്ടി വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന ദാനം സ്വീകരിക്കുക, പൊതുശ്രേഷ്ഠ ഭവനവും കൊല്ലം ആശ്രമവും സ്ഥാപിക്കുക എന്നിവ അദ്ദേഹത്തിന്റെ നിർദേശങ്ങളിൽ ചിലതായിരുന്നു. ചമ്പക്കുളം ആശ്രമസ്ഥാപനത്തിനുള്ള ദാനം ചില വ്യവസ്ഥകളോടുകൂടെ സ്വീകരിക്കാൻ പൊതുസംഘം തീരുമാനിച്ചു. നവസന്ന്യാസികൾ, വൈദികാർഥികൾ ഇവരുടെ പഠനം, സംരക്ഷണം, പൊതുചെലവിനുള്ള ധനാഗമമാർഗങ്ങൾ തുടങ്ങിയവയെല്ലാം പൊതുസംഘത്തിന്റെ ചർച്ചയ്ക്കു വിഷയീഭവിക്കുകയും കാലോചിതമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. കൂടാതെ, സഭയുടെ പൊതുഗുണവും ഉൽകർഷവും സാധിക്കാൻവേണ്ടി കാര്യങ്ങൾ സാവകാശത്തിലും ഗാഢമായും പരിചിന്തിച്ച് ഉചിതമായ തീരുമാനങ്ങൾ ചെയ്യാനായി സഭയുടെ ഒരു അസാധാരണ പൊതുസംഘം അധികം താമസിയാതെ കൂടേണ്ടതാണെന്നും നിശ്ചയിച്ചു.

### സഭയുടെ പ്രതിഷ്ഠ, തിരുഹൃദയത്തിനും യൗസേപ്പിതാവിനും

ഏപ്രിൽ 4-ാം നു മാന്നാനത്തു സമ്മേളിച്ച സഭയുടെ അസാധാരണ പൊതുസംഘത്തിലെ തീരുമാനമനുസരിച്ച് സഭ മുഴുവനെയും നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തിനും വിശുദ്ധ യൗസേപ്പിനും പ്രതിഷ്ഠിക്കുകയുണ്ടായി. 1921 ഏപ്രിൽ 10-ാം നു തിരുഹൃദയത്തിനുള്ള പ്രതിഷ്ഠ നടത്തി. എല്ലാ ആശ്രമങ്ങളിലും ആ ദിവസം തിരു

www.malankaralibrary.com

ഹൃദയപ്രതിഷ്ഠ നടത്തി. പ്രതിഷ്ഠയുടെ ശാശ്വതസ്മരണയ്ക്കായി രാത്രി ആത്മശോധനയ്ക്കു ശേഷം നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തോടുള്ള പ്രാർഥനകൂടി എല്ലാ ആശ്രമങ്ങളിലും നടത്തണമെന്നും നിശ്ചയിച്ചു. പൊതുസംഘസമ്മേളനാവസരങ്ങളിൽ ഈ പ്രതിഷ്ഠ സാഘോഷം നവീകരിക്കുകയും ചെയ്യുന്നു.

1921-ൽ വിശുദ്ധ യൗസേപ്പുപിതാവിന്റെ മധ്യസ്ഥതിരുനാൾ ദിവസമാണ് സഭയെ വിശുദ്ധ യൗസേപ്പിതാവിനു പ്രതിഷ്ഠിച്ചത്. അന്നു മാന്നാനത്തെ പ്രധാന തിരുനാൾ കൂടിയായിരുന്നു. പൊതുസംഘത്തിൽ സംബന്ധിച്ച പിതാക്കന്മാരും മാന്നാനത്തുണ്ടായിരുന്ന സഭാംഗങ്ങളും പള്ളിയിൽക്കൂടി പ്രതിഷ്ഠാകർമം നടത്തി. അതിനെത്തുടർന്ന് പരിശുദ്ധ കുർബാനയുടെ വാഴ്‌വിന്റെ സമയത്ത് 'ലാക് ആലാഹാ' എന്ന സ്തോത്രഗീതവും പാടി.

1921-ൽ നമ്മുടെ സഭയിൽ വൈദികരുടെ എണ്ണം ആദ്യമായി നൂറു തികഞ്ഞു. ഇതിന്റെ കൃതജ്ഞതാസൂചകമായി പ്രിയോർ ജനറാളിന്റെ നിർദേശപ്രകാരം എല്ലാ ആശ്രമങ്ങളിലും 'ലാക് ആലാഹാ' പാടി.

### ഹയരാർക്കി സ്ഥാപനം

1923 ഡിസംബർ 21-ാംനു കേരളത്തിലെ കല്ദായ സുറിയാനിക്കാർക്കായി, എറണാകുളം കേന്ദ്രമാക്കി പരിശുദ്ധ സിംഹാസനം ഹയരാർക്കി സ്ഥാപിച്ചു. സ്വജാതി മെത്രാനെ ലഭിക്കാൻവേണ്ടി പരിശ്രമിച്ച നമ്മുടെ സഭയ്ക്ക് അതിന്റെ പൂർണതതന്നെ കൈവരുത്തുന്ന ഹയരാർക്കി സ്ഥാപനവാർത്ത ആനന്ദസന്ദായകമായിരുന്നു.

### ലെപ്പീസ്യേയുടെ സന്ദർശനം

ഹയരാർക്കിയുടെ ഉദ്ഘാടനത്തിനും എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗുസ്തീനോസിന് പാല്യം നല്കുന്നതിനുമായി 1924 നവംബർ 15-ാംനു കേരളത്തിൽ ആഗതനായ അപ്പസ്തോലിക്ക് വിസിറ്റർ ലെപ്പീസിയേ സഭവക ആശ്രമങ്ങൾ ഔദ്യോഗികമായി സന്ദർശിച്ചു. മാന്നാനത്തുവച്ച് ഇദ്ദേഹം പൊതുശ്രേഷ്ഠാലോചനക്കാരെ കണ്ട് സഭാകാര്യങ്ങളെപ്പറ്റി സംസാരിച്ചു. എല്ലാ കാര്യങ്ങളും അനുകമ്പാപൂർവം ശ്രവിച്ചശേഷം, റോമിലേക്കു റിപ്പോർട്ടു ചെയ്യാമെന്ന് അദ്ദേഹം പറഞ്ഞു. സഭയിൽനിന്ന് നടത്തുന്ന അപ്പസ്തോലിക പ്രവർത്തനങ്ങൾ അദ്ദേഹം പരിശോധിച്ചറിയുകയും അതിൽ അതീവ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ശുപാർശ

www.malankaralibrary.com

നിമിത്തം, അന്നു മുതൽ റോമിൽനിന്ന് പ്രതിവർഷം സഭയ്ക്ക് മിഷൻ പ്രവർത്തനത്തിനായി സഹായം ലഭിച്ചുതുടങ്ങി.

### മിഷൻ പ്രദർശനം

1925-ൽ റോമിലെ ലാറ്ററൻ കൊട്ടാരത്തിൽ ഒരു മിഷൻ പ്രദർശനം നടത്തപ്പെട്ടു. തദവസരത്തിൽ സഭ വകയായി നടത്തുന്ന മിഷൻ പ്രവർത്തനങ്ങൾ പ്രസ്പഷ്ടമാക്കുന്ന പ്രദർശനവസ്തുക്കൾ സഭയിൽനിന്ന് അയച്ചുകൊടുത്തു.

### മുത്തോലി 2-ാം നൊവിഷ്യേറ്റ്

സഭയിലേക്കുള്ള ദൈവവിളികളുടെ എണ്ണം വർധിക്കുകയും അമ്പഴക്കാട്ടു നൊവിഷ്യേറ്റിൽ സ്ഥലം മതിയാകാതെ വരുകയും ചെയ്തതിനാൽ മുത്തോലി ആശ്രമം, ആദ്യവ്രതമനുഷ്ഠിച്ച നവസന്ന്യാസികൾക്കുള്ള രണ്ടാം നൊവിഷ്യേറ്റായി ഡെലെഗേറ്റ് അപ്പസ്തോലിക്കാ അംഗീകരിച്ചു. മേനാമ്പറമ്പിൽ ബ. ഗർവാസീസച്ചൻ അവിടത്തെ ഒന്നാമത്തെ നൊവിഷ്യേറ്റ് ഗുരുവായി നിയമിക്കപ്പെട്ടു.

പരിശുദ്ധ പിതാവ് 11-ാം പീയൂസിന്റെ ഗുരുപട്ട സുവർണജൂബിലി 1929-ൽ ആഘോഷിച്ചപ്പോൾ, ദന്തനിർമിതമായ ഒരു കാസ്കറ്റിലടച്ച് ഒരു മംഗളപത്രം അവിടത്തേക്ക് നമ്മുടെ സഭയിൽനിന്ന് സമർപ്പിക്കുകയുണ്ടായി.

### പുതിയൊരു നിർദേശം

പൗരസ്ത്യതിരുസംഘത്തിൽനിന്ന് 1928 നവംബർ 20-ാം നു ലഭിച്ച ഒരെഴുത്തനുസരിച്ച് പൊതുശ്രേഷ്ഠസംഘത്തിന്റെ കാലാവധി മൂന്നു കൊല്ലത്തേക്കുകൂടി നീട്ടുകയും ആശ്രമശ്രേഷ്ഠന്മാരെയും നവസന്ന്യാസഗുരുവിനെയും തിരഞ്ഞെടുക്കേണ്ട ചുമതല പൊതുശ്രേഷ്ഠസംഘത്തെ ഏല്പിക്കുകയും ചെയ്തു.

### പുനരൈക്യപ്രസ്ഥാനം

1930 സെപ്റ്റംബർ 20-ാം നു യാക്കോബായ സഭയിൽനിന്ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും മാർ തിയോഫിലസ് മെത്രാനും ഏതാനും വൈദികരും സന്ന്യാസികളും അല്മായരും കൊല്ലം മെത്രാൻ ബെൻസിഗറിന്റെ സാന്നിധ്യത്തിൽ കൊല്ലം മെത്രാസന കപ്പേളയിൽവച്ച് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. ഈ പ്രസ്ഥാനത്തിന് വഴിതെളിക്കുന്നതിനും അതിനെ പുരോഗമിപ്പിക്കുന്നതിനും സഭയിൽനിന്ന് പലതും ചെയ്തിട്ടുണ്ട്.

www.malankaralibrary.com

**സഭയുടെ ശതാബ്ദജൂബിലി**

കേരളത്തിലെ സുറിയാനി കർമലീത്താസഭ ആരംഭിച്ചതിന്റെ ഒന്നാം ശതാബ്ദപൂർത്തി മാതൃഭവനമായ മാന്നാനത്തുവച്ച് അന്ന് അവിടത്തെ പ്രിയോരായിരുന്ന കുന്നുങ്കൽ ബ. ഹയസിന്തച്ചന്റെ അത്യുത്സാഹ ത്താൽ 1931 ഏപ്രിൽ 26-ാംനു സാഘോഷം കൊണ്ടാടി. ഈയവസര ത്തിൽ ബ്ലോക്കുകളോടുകൂടിയ സഭയുടെ ഒരു ചരിത്രം ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തുകയും ഒരു സ്മാരകമെഡൽ ജെർമനിയിൽ അടി പ്പിച്ച് വിതരണം ചെയ്യുകയും ചെയ്തു. പരിശുദ്ധ പിതാവ് 11-ാം പീയൂ സിൽനിന്ന് സ്വഹസ്തലിഖിതമായ ആശംസകളും അനുമോദന കേബിൾ സന്ദേശവും ആഘോഷദിവസം സഭാംഗങ്ങൾക്കു ലഭിച്ചു. സുറിയാനി ഹയരാർക്കിയിലെ എല്ലാ മെത്രാന്മാരും വിജയപുരം രൂപ തയുടെ നിയുക്ത മെത്രാനും മലങ്കര റീത്തിലെ രണ്ടു രൂപതാധ്യ ക്ഷന്മാരും ഈ ആഘോഷങ്ങളിൽ സന്നിഹിതരായിരുന്നു.

ഈ ശതാബ്ദജൂബിലിയുടെ ശാശ്വതസ്മരണയ്ക്കായി മാന്നാനം ദേവാലയാങ്കണത്തിൽ പശ്ചിമാഭിമുഖമായി നല്ലൊരു ഗെയിറ്റു പണിയു കയും അവിടെ നമ്മുടെ കർത്താവിന്റെ വലിയൊരു രൂപം സ്ഥാപിക്കു കയും ചെയ്തു. പ്രസ്തുതാവസരത്തിൽ ചങ്ങനാശ്ശേരി മെത്രാൻ ജയിംസ് കാളാശ്ശേരി പൊന്തിഫിക്കൽ കുർബാന അർപ്പിക്കുകയും എറണാകുളം മെത്രാപ്പോലീത്താ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരു ഹൃദയരൂപം വെഞ്ചരിച്ച് മാന്നാനം കര മുഴുവനും നമ്മുടെ കർത്താ വിന്റെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുകയും ചെയ്തു. ഈ ആഘോ ഷങ്ങളെത്തുടർന്ന് അമ്പഴക്കാട്, ചെത്തിപ്പുഴ, തേവര എന്നീ ആശ്രമ ങ്ങളിലും ജൂബിലി സാഘോഷം കൊണ്ടാടി. എല്ലാ ആശ്രമങ്ങളിലും പാട്ടുകുർബാന, വാഴ്വ്, ലാക് ആലാഹ എന്നീ തിരുകർമങ്ങൾ കൃത ജ്ഞതാസൂചകമായി നടത്തി.

1932 ജൂലൈ 19-ാം തീയതി കാനോനിക നവസന്ന്യാസം കഴിഞ്ഞ നവസന്ന്യാസികളെ മുത്തോലിയിൽനിന്ന് കൂനമ്മാവു വിശുദ്ധ യൗസേ പ്പിന്റെ ആശ്രമത്തിലേക്കു മാറ്റി. മുത്തോലി ആശ്രമം തത്ത്വശാസ്ത്രാ ഭ്യാസനത്തിനുള്ള പഠനഗൃഹമായിത്തീർന്നു.

**മദ്രാസിൽ ആശ്രമസ്ഥാപനശ്രമം**

1938-ൽ മദ്രാസ് മെത്രാപ്പോലീത്താ ഡോ. എൽ.മത്തിയാസ് എസ്. ഡി.ബി. മദ്രാസിൽ മധവാരം എന്ന സ്ഥലത്ത് നമ്മുടെ സഭ വക ഒരാ ശ്രമം സ്ഥാപിക്കാൻ സഭാധികാരികളെ സ്വാഗതംചെയ്തു. തദനുസര

www.malankaralibrary.com

ണം, സ്ഥലം പരിശോധിച്ച് വേണ്ട ആലോചനകൾ നടത്തിയശേഷം സഭയിൽനിന്ന് ആശ്രമസ്ഥാപനത്തിന് അനുവാദം നല്കി. വിശാല ഹൃദയനായിരുന്ന മെത്രാപ്പോലീത്താ ആശ്രമസ്ഥാപനത്തിനുവേണ്ട സഹായങ്ങൾ വാഗ്ദാനവും ചെയ്തു. അപ്പസ്തോലിക്ക് ഡെലെഗേറ്റും ഇക്കാര്യത്തിൽ അനുഭാവം പ്രകടിപ്പിച്ചു. എന്നാൽ പ്രൊപ്പഗാന്താ തിരുസംഘവും പൗരസ്ത്യ തിരുസംഘവും തമ്മിലുണ്ടായ അഭിപ്രായവ്യത്യാസംമൂലം റോമിലെ അനുവാദത്തിനായി മെത്രാപ്പോലീത്താ അയച്ച അപേക്ഷ അംഗീകരിക്കപ്പെട്ടില്ല.

**അബാദാൻ മിഷൻ**

ഈ അവസരത്തിൽത്തന്നെ പേർഷ്യൻ ഉൾക്കടലിനു സമീപം അബാദാൻ എന്ന സ്ഥലത്ത് ഫ്രഞ്ചുകർമലീത്താ മിഷനറിമാർ നടത്തിവന്നിരുന്ന പ്രേഷിതപ്രവർത്തനങ്ങൾ കേരള സുറിയാനി കർമലീത്തർ ഏറ്റു നടത്തണമെന്ന് പൗരസ്ത്യതിരുസംഘം അഭിലഷിക്കുന്നതായി അപ്പസ്തോലിക്ക് ഡെലെഗേറ്റ് സഭാധികാരികളെ അറിയിച്ചു. ഈ പ്രദേശം നവമായി പൗരസ്ത്യ തിരുസംഘത്തിന്റെ അധികാരസീമയിൽ ഉൾപ്പെടുത്തപ്പെട്ടിരുന്നതിനാലാണ് ഈ നിർദേശമുണ്ടായത്. തിരുസംഘത്തിന്റെ അഭിലാഷമനുസരിച്ചു പ്രവർത്തിക്കാൻ സന്നദ്ധമാണെന്ന് സഭാധികാരികൾ മറുപടി കൊടുത്തു. ഈ പുതിയ മിഷൻസ്ഥലത്തേക്കു നിയുക്തരായ ബ്രഹ്മകുളം ബ. മരിയാനച്ചനും തുരുത്തുമാലിൽ ബ. ആഞ്ചലൂസച്ചനും യാത്രയ്ക്കുവേണ്ട സകല ഏർപ്പാടും ചെയ്തുകഴിഞ്ഞപ്പോൾ റോമിൽനിന്ന് യാത്ര നിരോധിക്കുന്നതായുള്ള ഒരു നിർദേശം പ്രിയോർ ജനറാളിനു ലഭിച്ചു. പ്രസ്തുത സ്ഥലത്തുള്ള ബ്രിട്ടീഷ് എണ്ണക്കമ്പനിയിലെ ഇംഗ്ലീഷുകാരായ ജോലിക്കാർ, വെസ്റ്റ് മിനിസ്റ്റർ മെത്രാപ്പോലീത്താ കർദിനാൾ ഹിൻസ്ലി വഴി നടത്തിയ പരിശ്രമഫലമായാണ് മേല്പറഞ്ഞ നിരോധനാജ്ഞ ഉണ്ടായത്. സ്വജാതീയനായ ഒരു വൈദികനെ ചാപ്ലെനായി ലഭിക്കണമെന്നാണ് അവർ ആഗ്രഹിച്ചത്. ഈ വിഷയത്തിൽ സഭയിൽനിന്നു പ്രകടിപ്പിച്ച പ്രേഷിത തീക്ഷ്ണത തിരുസംഘം വളരെ പ്രശംസിക്കുകയും, സഭയ്ക്കുളവായ ഇച്ഛാഭംഗത്തിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു.

www.malankaralibrary.com

# അധ്യായം ആറ്
## പൊതുശ്രേഷ്ഠഭവനസ്ഥാപനവും അനന്തര പ്രവർത്തനങ്ങളും

നമ്മുടെ സഭയുടെ ചരിത്രത്തിലെ സുസ്മരണീയമായ ഒരു സംഭവമാണ് പൊതുശ്രേഷ്ഠ ഭവനത്തിന്റെ സ്ഥാപനം. സഭയുടെ കേന്ദ്രഭരണസമിതിയുടെ അധിവാസത്തിനും പ്രവർത്തനങ്ങൾക്കും പര്യാപ്തമായ ഒരു ഭവനം സ്ഥാപിക്കാൻ, സ്വയംഭരണം സിദ്ധിച്ച നാൾമുതൽ സഭ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തുവന്നിരുന്നു.

സഭയുടെ കാനോനിക സ്ഥാപനം മുതൽ 1902 ഡിസംബർവരെ പൊതുശ്രേഷ്ഠന്റെ ആസ്ഥാനം മിക്കവാറും മാതൃഭവനമായ മാന്നാനമായിരുന്നു. 1902 ഡിസംബർ മുതൽ 1909 ജൂൺവരെയും പിന്നീട് 1926 മുതൽ 1941 വരെയും തേവര ആശ്രമവും 1909 മുതൽ 1926 വരെ സൗകര്യംപോലെ കൂനമ്മാവും മാന്നാനവും മറ്റുചില ആശ്രമങ്ങളും പൊതുശ്രേഷ്ഠന്റെ വാസസ്ഥലമായിരുന്നു. എന്നാൽ ഇതിനിടയിൽ ഒരു സ്ഥിരം പൊതുശ്രേഷ്ഠഭവനസ്ഥാപനത്തിന് ചില പരിശ്രമങ്ങൾ നടന്നിട്ടുണ്ട്.

### പൊതുശ്രേഷ്ഠഭവനത്തിനുള്ള പരിശ്രമങ്ങൾ

ആലുവാ പുഴവക്കത്തുള്ള വിസ്തൃതവും മനോഹരവുമായ തുടലിക്കുന്ന് എന്ന സ്ഥലം പൊതുശ്രേഷ്ഠഭവനത്തിനായി വാങ്ങാൻ 1908 ഓഗസ്റ്റ് 22-ാം തീയതി കൂടിയ അസാധാരണ പൊതുശ്രേഷ്ഠസംഘം തീരുമാനിച്ചു. തുടർന്ന് ഈ സ്ഥലം വാങ്ങാൻ ചില പരിശ്രമങ്ങൾ നടന്നെങ്കിലും അതു നടപ്പിൽ വന്നില്ല. ഒരു പൊതുശ്രേഷ്ഠഭവനം ഉണ്ടാകണമെന്ന് എല്ലാവരും ആഗ്രഹിച്ചിരുന്നെങ്കിലും അതിന്റെ സ്ഥാനനിർണയം സംബന്ധിച്ചുള്ള വിവാദങ്ങളും ഉദ്ദേശിച്ച സ്ഥലങ്ങൾ ലഭിക്കുന്നതിലുള്ള പ്രതിബന്ധങ്ങളും മൂലം കാര്യം നടക്കാതെ കാലം മുന്നോട്ടുപൊയ്ക്കൊണ്ടിരുന്നു.

### കേന്ദ്രഭവനത്തിനുള്ള പ്രാരംഭ ശ്രമങ്ങൾ

ആലുവായിൽ ഇപ്പോൾ മംഗലപ്പുഴ സെമിനാരി ഇരിക്കുന്ന സ്ഥലം കൈവശപ്പെടുത്തി അവിടെ പൊതുശ്രേഷ്ഠഭവനം സ്ഥാപിക്കണമെന്ന് 1917 ഡിസംബറിൽ സമ്മേളിച്ച പൊതുസംഘം നിശ്ചയിച്ചു. ഈ സ്ഥലം കിട്ടാതെവന്നാൽ എറണാകുളത്തോ ആലുവായിലോ ഇതിനായി സ്ഥലം വാങ്ങണമെന്നും അതും സാധിക്കാതെ വന്നാൽ കറുകുറ്റി

www.malankaralibrary.com

യിൽ ദഫ്നിത്തോരിയിൽനിന്നു വാങ്ങിയ സ്ഥലത്ത് പൊതുശ്രേഷ്ഠഭവനം സ്ഥാപിക്കണമെന്നും ഈ പൊതുസംഘം തീരുമാനിച്ചു. ഈ കാലഘട്ടത്തിൽ കറുകുറ്റിയിൽ സഭവക ഒരു പൊതുസ്ഥാപനം ഉണ്ടാക്കാൻ പൈനാടത്തു ബ. എലിസേവൂസച്ചനും പാലാ തയ്യിൽ ബ. എസ്തപ്പാനോസച്ചനും ശ്രീ. പൈനാടത്തു ദേവസ്സിയും പരിശ്രമിച്ചിരുന്നു.

മോൺസ് ഫൊർമോസാ (Mons Formosa) എന്നു വിളിക്കപ്പെട്ടിരുന്ന 40 ഏക്കർ വിസ്താരമുള്ള മംഗലപ്പുഴയിലെ സ്ഥലവും ബംഗ്ലാവും വാങ്ങാൻ ബ. ഗബ്രിയേലച്ചൻ പരിശ്രമിച്ചു. ഈ സ്ഥലം 1866-ൽ ഷെഡ്ലർ സായിപ്പിൽനിന്ന് കൊടുങ്ങല്ലൂർ രൂപതയിലെ സുറിയാനിക്കാരുടെ സെമിനാരിക്കായി എഴുപുന്ന പാറായിൽ അവിരാ വർക്കി തരകന്റെ പേരിൽ തീറു വാങ്ങിയതാണ്. ഇദ്ദേഹം ഇത് ഗോവാ മെത്രാപ്പോലീത്തായുടെ പേരിൽ ഈ കാര്യത്തിനായി തീറെഴുതി. എന്നാൽ സുറിയാനിക്കാർ ചങ്ങനാശ്ശേരി, എറണാകുളം, തൃശൂർ എന്നീ സുറിയാനി മെത്രാന്മാരുടെ കീഴിലായപ്പോൾ പ്രസ്തുത സ്ഥലം ഈ മൂന്നു മെത്രാന്മാരുടെ കീഴിലായി. ഈ വസ്തു ലഭിക്കാനായി ഈ മൂന്നു വൈദികമേലധ്യക്ഷന്മാരെയും സമീപിച്ചു. ചങ്ങനാശ്ശേരി, തൃശൂർ മെത്രാന്മാർ ഈ സ്ഥലം നല്കുവാൻ സമ്മതിച്ചെങ്കിലുംഎറണാകുളം വികാരിയപ്പസ്തോലിക്കായുടെ എതിർപ്പുമൂലം സഭാംഗങ്ങൾ ഈ സ്ഥലത്തിന്റെ കാര്യം പൂർണമായും ഉപേക്ഷിക്കുകയാണുണ്ടായത്.

1918 നവംബർ മാസത്തിൽ അപ്പസ്തോലിക്ക ഡെലെഗേറ്റായ ഫുമസോണി ബിയോണ്ടി സന്ദർശനാർഥം മാന്നാനത്തു വന്ന അവസരത്തിൽ വിളിച്ചുകൂട്ടിയ സഭാശ്രേഷ്ഠന്മാരുടെ ഒരു കോൺഫറൻസ് പൊതുശ്രേഷ്ഠഭവനം ആലുവായിൽ സ്ഥാപിക്കണമെന്ന തീരുമാനമെടുത്തു. പ്രസ്തുത സ്ഥാപനത്തിനുവേണ്ടി എല്ലാ ആശ്രമങ്ങളിലുംനിന്ന് 500 രൂപായുടെ പത്രിമേനിയോ അതു സാധിക്കാത്തവർ അതിന്റെ പലിശ പ്രതിവർഷം 42 രൂപാ വീതമോ അല്ലെങ്കിൽ നിത്യക്കുർബാനക്ക് 500 രൂപായോ കൊടുക്കണമെന്നും തീരുമാനിച്ചു. തദനുസരണം ആലുവായിൽ തീവണ്ടിപ്പാലത്തിനു സമീപം ഒരു സായിപ്പിന്റെ ബംഗ്ലാവും ഒരേക്കർ സ്ഥലവും വിലയ്ക്കു വാങ്ങി.

ഇതിനിടയിൽ പൊതുശ്രേഷ്ഠഭവനസ്ഥാപനത്തിനുള്ള അനുവാദത്തിനുവേണ്ടി ഒരപേക്ഷ അപ്പസ്തോലിക്ക് ഡെലെഗേറ്റുവഴി റോമിലേക്കയച്ചു. 1918 ഡിസംബർ 24-ാം തീയതി ഇതിനു മറുപടി ലഭിച്ചു. തത്ക്കാലം പുതിയ സ്ഥാപനങ്ങളൊന്നും ആരംഭിക്കേണ്ടതില്ലെന്നും

www.malankaralibrary.com

ഇപ്പോഴുള്ളവയിൽ അനുയുക്തമായ ഒരാശ്രമം പൊതുശ്രേഷ്ഠഭവനമായി ഉപയോഗിച്ചാൽ മതിയെന്നും അതിൽ നിർദേശിക്കപ്പെട്ടിരുന്നു.

1920 നവംബർ 23-ാം തീയതി അപ്പസ്തോലിക്ക് ഡെലെഗേറ്റായ പീറ്റർ പിസാനി മാന്നാനത്തുവന്ന അവസരത്തിൽ സഭയ്ക്ക് ഒരു പൊതുശ്രേഷ്ഠഭവനം ആവശ്യമാണെന്ന് അദ്ദേഹം സമ്മതിച്ചു. തന്മൂലം 1921 ഏപ്രിൽ 7-ാം തീയതി നടന്ന അസാധാരണ പൊതുസംഘം, പൊതുശ്രേഷ്ഠഭവനസ്ഥാപനത്തെപ്പറ്റി ഗൗരവമായി പര്യാലോചിച്ച് താഴെപ്പറയുന്ന നിശ്ചയങ്ങൾ ചെയ്തു. (1) റോമിൽനിന്ന് അനുവാദം കിട്ടുന്ന കാലത്ത് ആലുവായിൽ ഒരു പൊതുശ്രേഷ്ഠഭവനം സ്ഥാപിക്കണം. (2) ആലുവാസ്ഥാപനം ഉറപ്പിക്കപ്പെട്ടിരിക്കയാൽ കറുകുറ്റി സ്ഥാപനം പിൻവലിക്കുകയും അതു ദെഫിനിത്തോരിയുടെ ഫണ്ടായി സ്ഥിരീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

പൊതുസംഘത്തിന്റെ ഈ തീരുമാനത്തിന് റോമിൽനിന്ന് അനുവാദം ലഭിക്കാനായി പ്രിയോർ ജനറാൾ കൊച്ചുചാണ്ടിയച്ചൻ അപ്പസ്തോലിക്ക് ഡെലെഗേറ്റ് പീറ്റർ പിസാനിയുമായി കത്തിടപാടുകൾ നടത്തി. 1923 ജനുവരി 26-ാംനു അദ്ദേഹം നല്കിയ മറുപടിയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "പ്രിയോർ ജനറാൾ പൊതുശ്രേഷ്ഠാലോചനക്കാരോടുകൂടെ ഒരു പൊതുഭവനത്തിൽ വസിക്കണം. മാന്നാനത്തുനിന്ന് അതു മാറ്റാൻ റോമിൽനിന്ന് അനുവാദം ലഭിച്ചാൽ, അതിന് അനുയുക്തമായ സ്ഥലം തേവരയാണ്. കരമാർഗവും ജലമാർഗവും അവിടെ യാത്രാസൗകര്യങ്ങളുണ്ട്. കൂടാതെ നിശ്ചയിക്കപ്പെട്ടിരിക്കുന്ന രണ്ടു പ്രോവിൻസുകളുടെയും മധ്യസ്ഥിതവുമാണത്. ഇക്കാര്യം പൊതുശ്രേഷ്ഠാലോചനക്കാരുമായി ചർച്ചചെയ്യുക. ആലുവാ ഇക്കാരണത്താൽ അതിനനുയോജിച്ചതല്ലെന്ന് അവരെ മനസ്സിലാക്കുകയും ചെയ്യുക."

ആലുവായിൽ നേരത്തേ വാങ്ങിയ സ്ഥലത്തിനു പുറമേ പുഴയ്ക്കു വടക്ക് മറ്റൊരു സ്ഥലംകൂടെ വാങ്ങി. എങ്കിലും 1923-ലെ പൊതുസംഘം കറുകുറ്റിയാണ് അനുയുക്തമായ സ്ഥലമെന്നു നിശ്ചയിച്ചത്. അവിടെ പൊതുശ്രേഷ്ഠ ഭവനം സ്ഥാപിക്കണമെന്നും തീരുമാനമെടുത്തു.

ആലുവായിലെ വസ്തുക്കളും ബംഗ്ലാവും പൊതുശ്രേഷ്ഠസംഘത്തിന്റെ അധീനത്തിലായിരിക്കണമെന്നും അവിടെ ഒരു പൊതുഭവനം സ്ഥാപിക്കണമെന്നും പൊതുസംഘം ഐകകണ്ഠ്യേന തീരുമാനിച്ചു. 1926 ഡിസംബറിൽ സമ്മേളിച്ച പൊതുസംഘവും പൊതുശ്രേഷ്ഠ ഭവനം കറുകുറ്റിയിൽ സ്ഥാപിക്കണമെന്ന അഭിപ്രായം സ്വീകരിച്ചു. ഈ

www.malankaralibrary.com

തീരുമാനമനുസരിച്ച് പ്രിയോർ ജനറാൾ ബ. ളൂയീസച്ചൻ, പൊതുശ്രേഷ്ഠാലോചനക്കാരോടും ബ. എസ്തപ്പാനോസച്ചൻ, ബ: എലിസേവൂസച്ചൻ, ബ: പത്രീസിയൂസച്ചൻ തുടങ്ങി കറുകുറ്റിയോടു ബന്ധപ്പെട്ട മറ്റച്ചന്മാരോടുംകൂടെ കറുകുറ്റിയിൽ പോയി കെട്ടിടത്തിനുള്ള സ്ഥാനം നിർണയിക്കുകയും പ്ലാൻ തയ്യാറാക്കാൻ ബ: അനസ്താസിയൂസച്ചനെ നിയമിക്കുകയും ചെയ്തു. ദഫ്നിത്തോരി അംഗീകരിച്ച പ്ലാനനുസരിച്ച് കറുകുറ്റിപ്പള്ളിയുടെ വികാരി പ്രസ്തുത കെട്ടിടത്തിനു കല്ലിട്ടു. കെട്ടിടപ്പണിക്കായി കറുകുറ്റി കർമലീത്താ മഠത്തിൽനിന്നു 500 ക. കടംവാങ്ങി പ്രാരംഭ പണികൾ നടത്തിയെങ്കിലും കെട്ടിടപ്പണി പുരോഗമിച്ചില്ല.

1927 മുതൽ 1937 വരെ പൊതുശ്രേഷ്ഠഭവനത്തിനായുള്ള പണികളൊന്നും നടന്നില്ല. 1928 ഏപ്രിൽ 30-ാംനു തിരുസംഘത്തിൽനിന്നു ലഭിച്ച അനുവാദപ്രകാരം ആലുവാ ഭവനം ഒരു കാനോനികാശ്രമമായിത്തീർന്നു. പൊതുശ്രേഷ്ഠഭവനം കറുകുറ്റിയിൽ സ്ഥാപിക്കണമെന്ന് 1923-ലെയും 1926-ലെയും പൊതുസംഘങ്ങളിൽ തീരുമാനിച്ചെങ്കിലും അതൊരു കാനോനികാശ്രമമായി സ്ഥാപിക്കുന്നതിന് 1932 ഡിസംബർ 5-ാംനു തിരുസംഘം അനുവദിക്കുകയും എന്നാൽ കറുകുറ്റി ഒരു പൊതുസ്ഥാപനമായി ആരംഭിച്ചതാകയാൽ ആ ചുമതല നിറവേറ്റാൻ വേണ്ടിയുള്ള ചില വ്യവസ്ഥകളോടെ 1933 ജനുവരിയിൽ ചേർന്ന പൊതുശ്രേഷ്ഠസംഘം അതിനെ ഒരു കാനോനികാശ്രമമായി പ്രഖ്യാപിക്കുകയും ചെയ്തു. പ്രസ്തുത ചുമതലകളിൽ നിന്നാകട്ടെ, 1942 സെപ്തംബർ 29-ാംനു ചേർന്ന പൊതുശ്രേഷ്ഠസംഘം കറുകുറ്റി ആശ്രമത്തെ ഒഴിവാക്കുകയുമുണ്ടായി.

**പൊതുശ്രേഷ്ഠഭവനസ്ഥാപനം**

1936 ഡിസംബറിൽ പ്രിയോർ ജനറാളായി തിരഞ്ഞെടുക്കപ്പെട്ട ബ. ബെർത്തലൂമാച്ചന്റെ ശ്രദ്ധ ഒന്നാമതായി പതിഞ്ഞത് പൊതുശ്രേഷ്ഠഭവനം സ്ഥാപിക്കുന്ന കാര്യത്തിലായിരുന്നു. 1937 ജൂൺമാസത്തിൽ സമ്മേളിച്ച പൊതുശ്രേഷ്ഠസംഘം ഇതെപ്പറ്റി അവധാനപൂർവം ചിന്തിച്ചു. എറണാകുളത്തു വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ പൊതുശ്രേഷ്ഠഭവനം സ്ഥാപിക്കണമെന്ന തീരുമാനത്തിലാണ് അവസാനം എത്തിയത്. എറണാകുളം മെത്രാപ്പോലീത്ത അഗസ്റ്റിൻ കണ്ടത്തിൽ 1937 ജൂൺ 23-ാംനു ഇതിനുവേണ്ട അനുമതിയും നല്കി. എറണാകുളം സൗത്ത് റെയിൽവെസ്റ്റേഷനു സമീപം ശ്രീമാൻ നടുവത്തുശ്ശേരി ജോസഫിൽനിന്ന് 90 സെന്റു സ്ഥലം തീറുവാങ്ങി. പിന്നീടു മുൻവാ

www.malankaralibrary.com

ങ്ങിയ വസ്തുവിനോടു തൊട്ടു വടക്കുവശത്ത് 46 സെന്റു സ്ഥലം ശ്രീ വെമ്പിളാശ്ശേരി നാരായണൻകുട്ടി മേനോനിൽനിന്നും തീറുവാങ്ങി. തുടർന്ന് സഭാംഗങ്ങളുടെ പത്രമേനി സംഖ്യ സ്ഥാപിക്കാൻവേണ്ടി കലൂർ റോഡിനോടു ചേർന്ന് ഒരേക്കർ 62 സെന്റു സ്ഥലവും ഒരു കെട്ടിടവും വിലയ്ക്കു വാങ്ങി.

പരിശുദ്ധ സിംഹാസനത്തിന്റെ അനുമതി ലഭിക്കുവാൻവേണ്ടി അപ്പസ്തോലിക്ക് ഡെലെഗേറ്റുവഴി ഒരപേക്ഷ റോമിലേക്കയച്ചു. പ്രതീക്ഷയിൽ കവിഞ്ഞ വേഗത്തിൽ പൊതുശ്രേഷ്ഠഭവനത്തിന് അനുമതി നല്കിക്കൊണ്ട് അവിടെനിന്നും 1937 ഒക്ടോബർ 6-ാംനു മറുപടിയും ലഭിച്ചു. പയ്യപ്പിള്ളി ബ. അത്തനാസിയൂസച്ചനും അരിമ്പൂർ ബ. സെറാഫിയോനച്ചനുംകൂടി തയ്യാറാക്കിയ കെട്ടിടത്തിന്റെയും കപ്പേളയുടെയും പ്ലാൻ പൊതുശ്രേഷ്ഠസംഘം പരിശോധിച്ച് അംഗീകരിച്ചു. 1938 ഏപ്രിൽ 17-ാം നു നമ്മുടെ കർത്താവിന്റെ ഉയിർപ്പുതിരുനാൾ ദിവസം പ്രിയോർ ജനറാൾ അച്ചൻ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചു. ബ. സെറാഫിയോനച്ചന്റെ നേതൃത്വത്തിൽ കെട്ടിടപ്പണികൾ അതിവേഗം പുരോഗമിച്ചു. കെട്ടിടപ്പണിയിലും കപ്പേളനിർമാണത്തിലും ആദ്യന്തം ഉദ്യുക്തനായിരുന്ന അദ്ദേഹം അതിനുവേണ്ടി അവർണ്ണനീയമായ ക്ലേശങ്ങൾ സഹിക്കേണ്ടി വന്നിട്ടുണ്ട്.

1941-ൽ പണികളെല്ലാം ഏകദേശം പൂർത്തിയായി. ഇതിന് ചെലവായ തുക വിദേശ സഹായത്താലും കുർബാനധർമം വഴിയും ലഭിച്ചതാണ്. പൊതുശ്രേഷ്ഠസംഘനിശ്ചയപ്രകാരം സഭയിലെ എല്ലാ വൈദികരും പ്രതിമാസം 5 കുർബാനകൾവീതം ഒരുവർഷത്തേക്ക് ഈ കെട്ടിടത്തിന്റെ സഹായാർഥം അർപ്പിച്ചിട്ടുണ്ട്. റോമിൽനിന്നുള്ള അനുമതിയോടെ ബ. അത്തനാസിയൂസച്ചൻ സിംഗപ്പൂർ, മലയാ മുതലായ സ്ഥലങ്ങളിൽപോയി കെട്ടിടനിർമാണത്തിന് ഒരു സംഖ്യ പിരിച്ചു. ഈശോസഭാ ജനറാൾ ഫാ. എം. ലെദ്ക്കൊവ്സ്കി തുടങ്ങി വിവിധ സന്ന്യാസ സഭാശ്രേഷ്ഠന്മാരും മറ്റംഗങ്ങളും ഓരോരോ സഹായങ്ങൾ ചെയ്തിട്ടുണ്ട്.

**പൊതുശ്രേഷ്ഠഭവനത്തിന്റെ ഉദ്ഘാടനം**

1941 ജൂലൈ 26-ാംനു അപ്പസ്തോലിക്ക് ഡെലെഗേറ്റ് പീറ്റർ കീയർക്കസ് കെട്ടിടത്തിന്റെ ആശീർവാദകർമം നടത്തി. എറണാകുളം, വരാപ്പുഴ മെത്രാപ്പോലീത്താമാരും എറണാകുളത്തെ വൈദികരും വളരെയേറെ സഭാംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു.

www.malankaralibrary.com

1941 സെപ്റ്റംബർ 8-ാം തീയതി കപ്പേളയുടെ വെഞ്ചരിപ്പും പൊതു ശ്രേഷ്ഠഭവനത്തിന്റെ ഉദ്ഘാടനവും സാഘോഷം നിർവഹിക്കപ്പെട്ടു. എറണാകുളം മെത്രാപ്പോലീത്താ വെഞ്ചരിപ്പുകർമം നിർവഹിച്ചശേഷം പ്രധാന ബലിപീഠത്തിൽ ബലിയർപ്പിച്ചു. അനന്തരം വരാപ്പുഴ മെത്രാപ്പോലീത്താ ജോസഫ് അട്ടിപ്പേറ്റി പരിശുദ്ധ കുർബാനയുടെ ആശീർവാദവും ലാക് ആലാഹാ എന്ന കൃതജ്ഞതാസ്തോത്രവും നടത്തി. തുടർന്ന്, മോൺ. ജേക്കബ് നടുവത്തുശ്ശേരി ഉജ്ജ്വലത്തായ ഒരു പ്രസംഗം പറഞ്ഞു. വൈകുന്നേരം അഞ്ചുമണിക്കു നടത്തിയ ഉദ്യാന വിരുന്നിൽ കേരളത്തിലെ വിവിധ രൂപതാധ്യക്ഷന്മാരെക്കൂടാതെ വൈദികർ, സന്ന്യാസസഭാശ്രേഷ്ഠന്മാർ, തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങളിൽനിന്നുള്ള നിയമസഭാ മെമ്പറന്മാർ, മുൻസിപ്പാലിറ്റി അംഗങ്ങൾ, ഗവൺമെന്റുദ്യോഗസ്ഥന്മാർ, ഡോക്ടർമാർ, വക്കീലന്മാർ തുടങ്ങി ഇരുന്നൂറോളം പ്രശസ്താതിഥികൾ സംബന്ധിച്ചു.

പൊതുശ്രേഷ്ഠഭവനത്തിന്റെ ഉദ്ഘാടനത്തെ തുടർന്ന് പ്രിയോർ ജനറാൾ, സെക്രട്ടറിസമേതം അവിടെ താമസമാക്കി. രണ്ടാം ലോകമഹായുദ്ധം കൊടുമ്പിരിക്കൊണ്ടിരുന്ന സമയമായിരുന്നതുകൊണ്ട് ഈ കെട്ടിടം യുദ്ധാവശ്യത്തിലേക്ക് എടുത്തേക്കുമോ എന്ന ഭയം ഉണ്ടായിരുന്നതിനാൽ ഏതാനും അച്ചന്മാർ ഇവിടെ നേരത്തേ താമസം ആരംഭിച്ചിട്ടുണ്ടായിരുന്നു.

**കൊച്ചി മഹാരാജാവിന്റെ ഔദാര്യം**

പൊതുശ്രേഷ്ഠഭവനത്തിനു മുൻസിപ്പാലിറ്റിയിൽനിന്ന് ചുമത്തിയിരുന്ന വമ്പിച്ച കരത്തിൽനിന്ന് ഒഴിവു ലഭിക്കാനായി പ്രിയോർ ജനറാളച്ചൻ കൊടുത്ത അപേക്ഷ ആദ്യം സ്വീകരിക്കപ്പെട്ടെങ്കിലും ഹിന്ദുക്കളുടെ എതിർവാദംമൂലം പിന്നീട് കൊച്ചി ഗവൺമെന്റ് അത് റദ്ദ്ചെയ്തു. എന്നാൽ കരം കുറച്ചുതരാനായി സഭാധികാരികൾ മറ്റൊരപേക്ഷ കൊടുത്തു. ഈ ഘട്ടത്തിൽ ഗവൺമേന്റനുമതികൂടാതെ പള്ളി പണിയിച്ചു എന്ന് പറഞ്ഞ് ഹിന്ദുക്കൾ സംഘടിതമായ ഒരു പ്രക്ഷോഭണം ആരംഭിച്ചു. എന്നാൽ 1942 നവംബർ 21-ാംനു കൊച്ചീമഹാരാജാവ് തൽസംബന്ധമായി ഹിന്ദുക്കൾ സമർപ്പിച്ചിരുന്ന ഹർജികളെല്ലാം തള്ളി ഉത്തരവിടുകയാണുണ്ടായത്. ഇക്കാര്യത്തിൽ ശ്രീ അപ്പൻ തമ്പുരാന്റെ ശുപാർശകൾ സഭാധികാരികൾക്കനുകൂലമായി ലഭിച്ചിരുന്നു. സഭയെ പ്രത്യേകം സ്നേഹിച്ചിരുന്ന ഇദ്ദേഹം അച്ചന്മാർക്കു മുട്ടുകുത്താൻ വിശേഷരീതിയിലുള്ള ഒരു പീഠം പണിയിച്ച് പൊതുശ്രേഷ്ഠഭവനത്തിനു സമ്മാനിച്ചിട്ടുണ്ട്.

www.malankaralibrary.com

**ബ. ബർത്തലുമാച്ചന്റെ പെട്ടെന്നുള്ള നിര്യാണം-**

പ്രിയോർ ജനറാൾ ബ. ബർത്തലൂമാ അച്ചൻ അമ്പഴക്കാട്ട് ആശ്രമത്തിൽ കാനോനിക സന്ദർശനം നടത്തിക്കൊണ്ടിരിക്കവേ രക്തസമ്മർദംമൂലം 1942 മാർച്ച് 1-ാംനു നിര്യാതനായി. സന്ദർശനാവസാനത്തിൽ നല്കാറുള്ള ഉപദേശസമയം, രോഗം വർധിച്ചതിനാൽ അവസാനച്ചടങ്ങുകൾ തിടുക്കത്തിൽ കഴിച്ച് ശ്ലൈഹീകാശീർവാദവും നല്കിയശേഷം മുറിയിൽ വന്നു കിടന്നു. രോഗം അപകടകരമെന്നു തോന്നുകയാൽ അന്ത്യകൂദാശകൾ നല്കി. അന്ത്യശുശ്രൂഷകൾ കഴിഞ്ഞതോടെ ആ പാവനാത്മാവ് ദൈവസന്നിധിയിലേക്ക് പറന്നു. തൃശൂർ മെത്രാന്റെ പ്രധാന കാർമികത്വത്തിലും 200-ൽപരം വൈദികരുടെ സാന്നിധ്യത്തിലും മൃതശരീരം അമ്പഴക്കാട്ട് ആശ്രമദേവാലയത്തിൽ മാർച്ച് 3-ാംനു യഥാവിധി സംസ്കരിക്കപ്പെട്ടു.

പരേതനെപ്പറ്റി പൊതുശ്രേഷ്ഠഭവനത്തിന്റെ നാളാഗമത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ഇദ്ദേഹം മാതൃകായോഗ്യനായ ഒരു സന്ന്യാസിയും വൈദികനുമായിരുന്നു. ദൈവഭക്തി, സഹോദരസ്നേഹം, വിനയം ആദിയായ സുകൃതങ്ങളാൽ പ്രശോഭിതനായിരുന്നു. നിസ്വാർഥമായും സമഭവനയോടെയും സഭാസേവനം നടത്തി. മംഗലാപുരത്തെ പുതിയ പഠനഗൃഹവും, എറണാകുളത്തെ പൊതുശ്രേഷ്ഠഭവനവും ഇദ്ദേഹമാണ് പണികഴിപ്പിച്ചത്."

ചാവറ പ്രിയോരച്ചനു ശേഷം ഏതദ്ദേശീയ പ്രിയോർ ജനറാൾമാരിൽ പ്രസ്തുതസ്ഥാനം അലങ്കരിക്കവേ, ആദ്യമായി മൃതിയടഞ്ഞത് ഇദ്ദേഹമാണ്. പ്രൊപ്പഗാന്താ സംഘത്തിന്റെ പ്രീഫെക്ടായിരുന്ന സിമയോനി കർദ്ദിനാൾ 1892 ജനുവരിയിൽ മരിച്ചപ്പോൾ അദ്ദേഹം സഭയുടെ പ്രിയോർ ജനറാൾ കൂടിയായിരുന്നു. തദവസരത്തിൽ അദ്ദേഹത്തിന്റെ ഡെലെഗേറ്റായിരുന്ന തയ്യിൽ യൗസേപ്പു യോഹന്നാനച്ചന്റെ നിർദേശപ്രകാരം പ്രിയോർ ജനറാളിനുവേണ്ടിയുള്ള ശേഷക്രിയകൾ എല്ലാ ആശ്രമങ്ങളിലും നടത്തി, പ്രിയോർ ജനറാളിന്റെ ഡെലെഗേറ്റായി പല പ്രാവശ്യം സഭാഭരണം നടത്തിയിട്ടുള്ള തയ്യിൽ യൗസേപ്പു യോഹന്നാനച്ചനും പ്രസ്തുത ഉദ്യോഗത്തിലിരിക്കവേയാണ് 1902-ൽ മരണംപ്രാപിച്ചത്.

ബ. ബർത്തലൂമാ അച്ചന്റെ മരണശേഷം നിയമപ്രകാരം അടുത്ത ഡിസംബറിലെ പൊതുസംഘംവരെ ഒന്നാം പൊതുശ്രേഷ്ഠാലോചനക്കാരനായ ബ. സിൽവെസ്ത്രോസച്ചൻ വികാരിജനറാളായി സഭാ

www.malankaralibrary.com

ഭരണം നിർവഹിച്ചു. രണ്ടാം ലോകമഹായുദ്ധത്തിന്റെ ഭീകരവിനകൾക്ക് ഒരു തുറമുഖപട്ടണമായ എറണാകുളവും വിധേയമാകുമോ എന്നു ഭയപ്പെട്ടിരുന്നതിനാൽ വികാരിജനറാൾ തുടങ്ങി പലരും പൊതുശ്രേഷ്ഠഭവനത്തിൽനിന്ന് തത്ക്കാലം മാറിത്താമസിച്ചു.

**1942-ലെ പൊതുസംഘം**

1942 ഡിസംബർ 12-ാംനു സഭയുടെ സാധാരണ പൊതുസംഘം മാന്നാനത്തു സമ്മേളിച്ചു. ഈ പൊതുസംഘത്തിൽ സംബന്ധിച്ച പിതാക്കന്മാരെല്ലാവരും ഏറ്റം യോഗ്യനെന്നു തനിക്കു മനസ്സാക്ഷിയിൽ പൂർണബോധ്യമുള്ള ആളിനു മാത്രമേ വോട്ടു ചെയ്യുകയുള്ളൂ എന്നും സംഘ നടപടികളിൽ രഹസ്യം കാക്കേണ്ടവയെന്നു സംഘം തീരുമാനിക്കുന്ന കാര്യങ്ങളിൽ രഹസ്യം പാലിച്ചുകൊള്ളാമെന്നും ക്രൂശിതരൂപത്തിൻ മുമ്പാകെ സംഘാരംഭത്തിൽ, മേലാവിന്റെ നിർദേശാനുസരണം, സത്യപ്രതിജ്ഞ ചെയ്തു. ലത്തീൻ കാനൻ നിയമമനുസരിച്ചുള്ള ഈ വ്യവസ്ഥ അപ്പസ്തോലിക്ക് ഡെലെഗേറ്റിന്റെ നിർദേശപ്രകാരം നിയമാവലിയിൽ നവമായി ചേർക്കുകയുമുണ്ടായി.

പ്രിയോർ ജനറാൾ സ്ഥാനത്തേക്കു നടത്തിയ വോട്ടെടുപ്പിൽ മൂന്നാം പ്രാവശ്യവും ആർക്കും കേവലഭൂരിപക്ഷം കിട്ടിയില്ല. തന്മൂലം അപ്പസ്തോലിക്ക് ഡെലെഗേറ്റിന്റെ തീരുമാനം വരുന്നതുവരെ സംഘനടപടികൾ നിറുത്തിവച്ചു. മൂന്നാംപ്രാവശ്യം ബ. ജോൺ ബെർക്കുമാൻസച്ചനും, ബ. പ്ലാസിഡച്ചനും തുല്യവോട്ടുകൾ ലഭിച്ചു. അപ്പസ്തോലിക്ക് ഡെലെഗേറ്റിന്റെ നിശ്ചയപ്രകാരം വ്രതാനുഷ്ഠാനത്തിൽ മുമ്പനായിരുന്ന ബ. ജോൺ ബെർക്കുമാൻസച്ചൻ പ്രിയോർ ജനറാളായി തിരഞ്ഞെടുക്കപ്പെടുകയും സംഘനടപടികൾ സാധാരണരീതിയിൽ തുടരുകയും ചെയ്തു. സംഘത്തിന്റെ അവസാനദിവസം അതിനുമുമ്പു കഴിഞ്ഞുപോയ ആറുകൊല്ലത്തിനുള്ളിൽ മരിച്ചുപോയ സഭാംഗങ്ങൾക്കുവേണ്ടി സംഘാംഗങ്ങൾ ബലിയർപ്പിച്ചു. ബ. പ്രിയോർ ജനറാളച്ചൻ മരിച്ചവരുടെ പാട്ടുകുർബാനയും എല്ലാവരുംകൂടി, മരിച്ചവരുടെ ഒപ്പീസും നടത്തി.

1944 ഓഗസ്റ്റ് 14-ാം തീയതി തിരുഹൃദയത്തിന്റെ നാമത്തിൽ തേവര ഒരു കോളജ് ഉദ്ഘാടനം ചെയ്യപ്പെട്ടു.

**രൂപതാധ്യക്ഷന്മാരുടെ ജൂബിലി**

1944 സെപ്റ്റംബർ 4-ാം തീയതി ചങ്ങനാശ്ശേരി മെത്രാൻ ജയിംസ് കാളാശ്ശേരിയുടെ ഗുരുപട്ട രജതജൂബിലി ആഘോഷിച്ചു. പ്രിയോർ

www.malankaralibrary.com

ജനറാൾ, ആശ്രമാധിപന്മാർ തുടങ്ങി അനേകം സഭാംഗങ്ങൾ ഈ ആഘോഷത്തിൽ പങ്കുകൊണ്ടു. ഈ രൂപതയിൽപ്പെട്ട ആശ്രമങ്ങളുടെ വകയായി ഒരു രജതവടിയും മുടിയും ഈ അവസരത്തിൽ അദ്ദേഹത്തിനു സമ്മാനിച്ചു. പ്രസ്തുതവർഷം ഡിസംബർ 10-ാം തീയതി എറണാകുളം മെത്രാപ്പോലീത്താ രൂപതാഭരണം ഏറ്റെടുത്തതിന്റെ രജത ജൂബിലിയും ആഘോഷിച്ചു. തദവസരത്തിൽ ഈ അതിരൂപതയിലെ ആശ്രമങ്ങളുടെ വകയായി ഒരു കാസായും സുകൃതമഞ്ജരിയും അദ്ദേഹത്തിനു സമർപ്പിച്ചു.

1945 ഫെബ്രുവരി 3-ാം നു തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളജിന്റെ ഒന്നാം ശതവത്സരാഘോഷങ്ങൾ നടത്തി. തദവസരത്തിൽ ജൂബിലി പ്രമാണിച്ച് നമ്മുടെ ആശ്രമങ്ങളിൽനിന്നു പിരിച്ചെടുത്ത 1000 രൂപ പ്രിയോർ ജനറാൾ കോളജ് അധികൃതർക്കു നല്കുകയുണ്ടായി.

**വിദ്യാഭ്യാസ പ്രക്ഷോഭണം**

1945 ഓഗസ്റ്റ് 15-ാംനു ചങ്ങനാശ്ശേരി മെത്രാൻ ജയിംസ് കാളാശ്ശേരി, വിദ്യാഭ്യാസത്തെയും നിരീശ്വര കമ്മ്യൂണിസത്തെയും പുരസ്കരിച്ച് ഒരു ഇടയലേഖനം പുറപ്പെടുവിച്ചു. പ്രസ്തുത ലേഖനം തിരുവിതാംകൂർ ദിവാൻ സി.പി. രാമസ്വാമി അയ്യരുടെ രോഷാഗ്നിയെ കത്തിക്കുകയും മെത്രാനെ അറസ്റ്റുചെയ്യാൻ ഉത്തരവിടുകയും ചെയ്തു. അതിരൂക്ഷമായ ഒരു പ്രക്ഷോഭണം പൊട്ടിപ്പുറപ്പെട്ടു. നായന്മാർ ഗവൺമെന്റിനു പിന്തുണ നല്കി. ക്രിസ്ത്യാനികൾ ഒന്നടങ്കം ഗവൺമെന്റിനെതിരായി അണിനിരന്നു. കോട്ടയത്തുവച്ചു നടന്ന തറയിൽ മെത്രാനച്ചന്റെ മെത്രാഭിഷേകാവസരത്തിൽ ക്രൈസ്തവമേലധ്യക്ഷന്മാരെല്ലാവും അവിടെ സമ്മേളിച്ചു. ഈ സമ്മേളനം ക്രൈസ്തവരുടെ ഐക്യത്തെ ദൃഢതരമാക്കി.

പ്രക്ഷോഭണം അടിച്ചമർത്താൻ ഗവൺമെന്റ് സകല ശ്രമങ്ങളും നടത്തി. ചങ്ങനാശ്ശേരി എസ്.ബി. കോളജിനെ നശിപ്പിക്കാനുള്ള ഉദ്ദേശ്യത്തോടെ ചങ്ങനാശ്ശേരിയിൽ നായന്മാർക്ക് ഒരു കോളജ് അനുവദിച്ചു. അതിനായി സാധുക്കളായ ചില കത്തോലിക്കരുടെ വീടും പറമ്പും ഗവൺമെന്റെടുത്ത് നായന്മാർക്കു കൊടുത്തു. ചങ്ങനാശ്ശേരി കോളജിലെ സ്റ്റാഫിൽപ്പെട്ട പ്രമാണികളായ ചില സവർണഹിന്ദുക്കളെ ജോലിയിൽനിന്നും രാജിവയ്പിച്ചു. അല്മായ പ്രമുഖരിൽ പലരും ജയിലിലടയ്ക്കപ്പെട്ടു. പ്രതികാര നടപടികൾ പലതും നടത്തി. അവസാനം സി.പി. സർക്കാർ ക്രിസ്ത്യാനികളുടെ ശക്തിഗ്രഹിച്ച്, പുറപ്പെടുവിച്ച

www.malankaralibrary.com

ഉത്തരവുകളെല്ലാം പിൻവലിച്ചു. ബ. അത്തനാസിയൂസച്ചൻ ബ. ക്ലെമെന്റ ച്ചൻ ആദിയായി ന. സഭാംഗങ്ങളായ ചിലരും ഈ പ്രക്ഷോഭണത്തിൽ മുൻകൈയെടുത്തു പ്രവർത്തിച്ചിട്ടുണ്ട്. ദീപിക പത്രവും സമുദായത്തിന് അവസരോചിതമായ നേതൃത്വവും മാർഗവും നല്കിയിരുന്നു. പ്രസ്തുത പത്രത്തിന്റെ നേരേയും സി.പി. പ്രതികാരവാൾ ഓങ്ങി. ദീപിക കല ണ്ടറിന്റെ തൂക്കം അരഔൺസു കൂടുതലാകയാൽ, നിലവിലിരുന്ന പേപ്പർ കൺട്രോൾ നിയമം ലംഘിച്ചിരിക്കുന്നു എന്ന കുറ്റം ചുമത്തി ദീപികാ മാനേജിംഗ് എഡിറ്റർ ബ. ഫേലിക്ക്സച്ചൻ അറസ്റ്റു ചെയ്യപ്പെ ട്ടു. ക്രമേണ എല്ലാം ശാന്തമായി.

**പ്രത്യേകാനുകൂല്യങ്ങൾ**

1945 ഡിസംബർ 8-ാംനു സഭ കാനോനികമായി സ്ഥാപിച്ചിട്ട് 90 വർഷം പൂർത്തിയായി. ഈ സുദിനത്തിൽ നമ്മുടെ സഭയെ മാതാ വിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചു. ഈയവസരത്തിൽത്തന്നെ കർമലീത്താ ഒന്നാംസഭയ്ക്കു നല്കപ്പെട്ടിട്ടുള്ള എല്ലാ ദണ്ഡവിമോച നങ്ങളും ആനുകൂല്യങ്ങളും ന. സഭയ്ക്കും നല്കിയിരിക്കുന്നതായി പൗരസ്ത്യസംഘം 1946 ജാനുവരി 3-ാംനു പ്രഖ്യാപിച്ചു. വ്രതവാഗ്ദാനം അസാധുവാക്കുന്ന കാരണങ്ങൾ വല്ലതും സഭാംഗങ്ങളിൽ ആർക്കെ ങ്കിലുമുണ്ടെങ്കിൽ അതു പരിഹരിച്ച് വ്രതാനുഷ്ഠാനം സാധുവാക്കുന്നു എന്നും പ്രസ്തുത ഡിക്രിയിൽ പ്രസ്താവിച്ചിരുന്നു.

**ഫാദർ കാർമൽ വിസിറ്റർ**

1946-ൽ നടക്കേണ്ടിയിരുന്ന ആശ്രമശ്രേഷ്ഠന്മാരുടെ തിരഞ്ഞെ ടുപ്പ് പരിശുദ്ധ സിംഹാസനത്തിൽനിന്നുള്ള നിർദേശപ്രകാരം ഒരു വർഷത്തേക്കു നീട്ടിവച്ചു. 1942-ലെ പൊതുസംഘത്തെത്തുടർന്ന് ചില സഭാംഗങ്ങൾ തിരുസംഘത്തിലേക്കും അപ്പസ്തോലിക്ക് ഡെലെഗേ റ്റിനും ചില പരാതികൾ അയച്ചിരുന്നു. തൻനിമിത്തം തിരുസംഘത്തിന്റെ നിർദേശപ്രകാരം അപ്പസ്തോലിക്ക് ഡെലെഗേറ്റ് വിജയപുരം വികാരി ജനറാളായിരുന്ന ഫാദർ കാർമൽ ഒ.സി.ഡി.യെ 1946 ഫെബ്രുവരി 18-ാംനു സഭയുടെ ഔദ്യോഗിക വിസിറ്ററായി നിശ്ചയിച്ചു. അദ്ദേഹം പൊതുശ്രേഷ്ഠഭവനവും തുടർന്ന് മറ്റ് ആശ്രമങ്ങളും സന്ദർശിച്ചു. സന്ദർശനശേഷം അദ്ദേഹം അപ്പസ്തോലിക്ക് ഡെലെഗേറ്റിനു റിപ്പോർട്ടു സമർപ്പിച്ചു. ഇതെതുടർന്ന് അന്നത്തെ ദഫ്നിത്തോരി സംഘം 1947 മാർച്ച് 4-ൽ രാജിവച്ചു.

www.malankaralibrary.com

**പുതിയ ദെഫ്നിത്തോരിസംഘം**

അപ്പസ്തോലിക്ക് ഡെലെഗേറ്റിന്റെയും സന്ദർശകന്റെയും നിർദേശങ്ങൾക്കനുസൃതമായി തിരുസംഘം പുതിയ ദെഫ്നിത്തോരിസംഘത്തെ അനിശ്ചിതകാലത്തേക്ക് നിശ്ചയിച്ചതനുസരിച്ച് ആലപ്പാട്ട് ബ. വിൻസെന്റച്ചൻ പ്രിയോർ ജനറാളും ബ. അർസേനിയൂസച്ചൻ, ബ. ക്രിസോസ്തോമസച്ചൻ, ബ. ഫേലിക്സ് അച്ചൻ, ബ. മൗറീലിയൂസച്ചൻ എന്നിവർ ദഫ്നിത്തോരന്മാരുമായി 1947 മാർച്ച് 9-ാം നു വിസിറ്റർ ഫാ. കാർമലിന്റെ സാന്നിധ്യത്തിൽ ചാർജെടുത്തു. അപ്പസ്തോലിക്ക് ഡെലെഗേറ്റിൽനിന്നുള്ള കല്പന വിസിറ്റർ ഔദ്യോഗികമായി പ്രഖ്യാപിച്ചതോടെ എല്ലാവരും പുതിയ ജനറാളിനു വഴക്കം കാണിച്ചു. പ്രഖ്യാപനമനുസരിച്ച് വിസിറ്റർ ജോലി തുടരുകയും പൊതുശ്രേഷ്ഠസംഘം ആശ്രമശ്രേഷ്ഠന്മാരെ തിരഞ്ഞെടുത്ത് അപ്പസ്തോലിക്ക് ഡെലെഗേറ്റിന്റേയും വിസിറ്ററിന്റെയും അംഗീകാരത്തോടെ പരസ്യപ്പെടുത്തുകയും ചെയ്തു.

1947 ഓഗസ്റ്റ് 15-ാംനു ഭാരതം വിദേശാധിപത്യത്തിൽനിന്നു സ്വതന്ത്രയായി. അന്നു പാതിരാവിൽ സന്തോഷസൂചകമായി നമ്മുടെ ആശ്രമങ്ങളിൽ മണിനാദം മുഴക്കുകയും ത്രിവർണപതാക ഉയർത്തുകയും ചെയ്തു.

**റോമിൽ ഉപരിപഠനം**

പൗരസ്ത്യസഭയിലെ വൈദികർക്ക് ഉപരിപഠനം നടത്താനുള്ള സൗകര്യാർഥം സ്ഥാപിച്ചിട്ടുള്ള റോമിലെ ''കോള്ളേജിയോ ദമഷേനോ"യിൽ നമ്മുടെ സഭാംഗങ്ങൾക്കും പ്രവേശനം ലഭിച്ചതിനാൽ ബ. കനീസിയൂസച്ചനും ബ. ജോനാസച്ചനും 1948 സെപ്റ്റംബർ 21-ാം തീയതി റോമിലേക്കു പോയി.

**മലബാർ മിഷൻ**

തിരുവിതാംകൂർകാരായ സുറിയാനി കത്തോലിക്കർ കൃഷിഭൂമികളന്വേഷിച്ച് മലബാർപ്രദേശത്തേക്കു കുടിയേറിപ്പാർത്തുവന്നിരുന്നു. കുടിയേറ്റക്കാരുടെ സംഖ്യ അനുദിനം വർധിച്ചുവന്നു. ഈ സ്ഥലം സുറിയാനി രൂപതാതിർത്തിക്കു പുറമേ ആയിരുന്നതിനാൽ കുടിയേറ്റക്കാരുടെ ആധ്യാത്മിക കാര്യങ്ങൾ നടത്താൻ ഉത്തരവാദിത്വമുള്ള വൈദികർ ഉണ്ടായിരുന്നില്ല. സുറിയാനി വൈദികരെ അയച്ച് ആധ്യാത്മിക കാര്യങ്ങൾ നടത്തിക്കൊടുക്കണമെന്ന് കുടിയേറ്റക്കാർ പരിശുദ്ധ

www.malankaralibrary.com

സിംഹാസനത്തോടും സുറിയാനിമെത്രാന്മാരോടും അപേക്ഷിച്ചു. അവ ഗാഢമായ പരിചിന്തനത്തിനുശേഷം കുടിയേറ്റക്കാരുടെ ആത്മപാലനത്തിനായി സുറിയാനി വൈദികരെ നല്കണമെന്ന് 1949 ഓഗസ്റ്റ് 2-ാം തീയതി പരിശുദ്ധ സിംഹാസനം പ്രഖ്യാപിച്ചു. അപ്പസ്തോലിക്ക് ഡെലെഗേറ്റിന്റെ നിർദേശാനുസരണം 1948-ൽ പൊരിയത്ത് ബ. കെറുബിനച്ചൻ തറിയോട്ടിലേക്ക് അയയ്ക്കപ്പെട്ടിരുന്നു.

### ഫെറോക്ക് സ്ഥാപനങ്ങൾ

ഇതിനു മുമ്പുതന്നെ ബ. അത്തനാസിയൂസച്ചൻ കോഴിക്കോട്ടു രൂപതയിൽ ഫറോക്കിൽ ജോലിചെയ്യുന്നുണ്ടായിരുന്നു. അവിടെ രണ്ട് അനാഥശാലകൾ, എലിമെന്ററി സ്കൂൾ, ഇംഗ്ലീഷ് സ്കൂൾ തുടങ്ങിയ പല സ്ഥാപനങ്ങളും അദ്ദേഹം സ്ഥാപിച്ചു നടത്തിപ്പോന്നു. പലരോടും ചോദിച്ചു വാങ്ങിയ ദാനംകൊണ്ടാണ് അദ്ദേഹം ഇതെല്ലാം നിർവഹിച്ചത്. 1948-ൽ ഫെറോക്കിലെ സ്ഥാപനങ്ങളെല്ലാം കോഴിക്കോട്ടു രൂപതയ്ക്കു വിട്ടുകൊടുത്തുകൊണ്ട് തിരുവാമ്പാടിയിലെ സുറിയാനിക്കാരുടെ ആത്മപാലനത്തിനായി ബ. അത്തനാസിയൂസച്ചൻ അങ്ങോട്ടു പോയി. സ്ഥലംമാറിപ്പോയ അവസരത്തിൽ അദ്ദേഹത്തിന്റെ സേവനങ്ങളെ പ്രശംസിച്ചുകൊണ്ട് കോഴിക്കോട്ടു മെത്രാനച്ചൻ ബ. പ്രിയോർ ജനറാളച്ചന് ഒരു കത്തയയ്ക്കുകയും അദ്ദേഹത്തിന്റെ സേവനങ്ങൾക്കെല്ലാം പ്രതിഫലമായി 10000 ക. സഭയ്ക്കു നല്കുകയും ചെയ്തു. ഇതിൽ 5000 ക. പൊതുശ്രേഷ്ഠഭവനത്തിലെ കപ്പേളയുടെ പണികൾക്കായി വിനിയോഗിച്ചു.

1949 ഒക്ടോബർ 5-ാംനു സഭയുടെ വിസിറ്ററായിരുന്ന ബ. കാർമലച്ചൻ സ്പെയിനിൽവച്ച് മരണം പ്രാപിച്ചു. ഇദ്ദേഹത്തിന്റെ ആത്മശാന്തിക്കായി ന. എല്ലാ ആശ്രമങ്ങളിലും ശേഷക്രിയകൾ നടത്തുകയുണ്ടായി.

### കാളാശ്ശേരി മെത്രാന്റെ ചരമം

1949 ഒക്ടോബർ 27-ാം നു ചങ്ങനാശ്ശേരി മെത്രാൻ ജയിംസ് കാളാശ്ശേരി നിര്യാതനായി. ചാവറയച്ചന്റെ അനന്തരവനായ ഇദ്ദേഹം സഭയെ പിതൃസഹജമായി സ്നേഹിച്ചിരുന്നു. തേവര കോളജിന് നിസ്സാരപലിശയ്ക്ക് ഒരു ലക്ഷം ക. ഇദ്ദേഹം കടമായി നല്കിയിട്ടുണ്ട്. മിക്ക ആശ്രമങ്ങളിലും രൂപതകളിലെ മേലധ്യക്ഷന്മാർ മരിക്കുമ്പോൾ പൊതുശ്രേഷ്ഠഭവനത്തിൽ ഒരു പാട്ടുകുർബാനയും ഒപ്പീസും നടത്തേണ്ടതാ

www.malankaralibrary.com

ണെന്ന് ഈ അവസരത്തിൽ പൊതുശ്രേഷ്ഠസംഘം നിശ്ചയിക്കുകയും ചെയ്തു.

1949 ന്റെ അവസാനത്തിൽ "തീർഥാടക കന്യക" എന്നറിയപ്പെടുന്ന ഫാത്തിമാ നാഥയുടെ തിരുസ്വരൂപത്തിന് ഭാരതസഭ സ്വീകരണം നല്കി. നമ്മുടെ മിക്ക ആശ്രമങ്ങളിലും പ്രതിമയ്ക്ക് ഉജ്ജ്വലത്തായ സ്വീകരണം നല്കുകയുണ്ടായി.

**ബാംഗ്ളൂരിലെ പ്രഥമ ദേശീയ സൂനഹദോസ്**

1950 ജാനുവരി 6 മുതൽ 18 വരെ ഇൻഡ്യയിലെ ഒന്നാമത്തെ ദേശീയ സൂനഹദോസ് (Plenary Council) ബാംഗ്ളൂരിൽ സമ്മേളിച്ചു. പേപ്പൽ പ്രതിനിധിയായി സിഡ്നി മെത്രാപ്പോലീത്താ കാർഡിനൽ ഗിൽറോയി ആധ്യക്ഷ്യംവഹിച്ച പ്രസ്തുത സൂനഹദോസിൽ പ്രിയോർ ജനറാൾ ബ. വിൻസെന്റച്ചനും ദൈവശാസ്ത്രജ്ഞനെന്ന നിലയിൽ ബ. പ്ലാസിഡച്ചനും ക്ഷണപ്രകാരം സംബന്ധിച്ചു.

**ഉത്തരീയ ശതാബ്ദ ജൂബിലി**

പരിശുദ്ധ കന്യകാമറിയം ഉത്തരീയം നല്കിയതിന്റെ ഏഴാം ശതവത്സരാഘോഷങ്ങൾ 1950 ജൂലൈ 16-ാം തീയതിയാണ് ആഘോഷിക്കപ്പെട്ടത്. നമ്മുടെ എല്ലാ ആശ്രമദേവാലയങ്ങളിലും ഈ ആഘോഷം നടത്തുകയുണ്ടായി. ഇതുപ്രമാണിച്ച് റോമിൽ സമ്മേളിച്ച കർമലീത്തർ സഭവകയായി പരിശുദ്ധ പിതാവ് 12-ാം പീയൂസ് മാർപാപ്പായ്ക്കു സമർപ്പിച്ച സുകൃതമഞ്ജരിയിൽ നമ്മുടെ സഭയും യഥാശക്തി സഹകരിച്ചു. ഇതു സംബന്ധിച്ച് കേരളത്തിലെ പള്ളികളിൽ നടന്ന പ്രസംഗങ്ങളിൽ ഭൂരിഭാഗവും നമ്മുടെ സഭാംഗങ്ങളാണ് നടത്തിയത്. തദവസരത്തിൽ ഒരു ലക്ഷത്തിലധികം ഉത്തരീയങ്ങൾ വിതരണം ചെയ്യുകയും അത്രയുംപേരെ ഉത്തരീയ സഖ്യത്തിൽ ചേർക്കുകയും ചെയ്തു.

1950 ഡിസംബർ 29, 30, 31 എന്നീ തീയതികളിൽ ഈ ജൂബിലി സംബന്ധിച്ച് ഒരു മരിയൻ കോൺഗ്രസ് എറണാകുളത്തുവച്ച് സാഘോഷം കൊണ്ടാടി. ഇന്റർനുൺഷിയോ, കേരളത്തിലെ വൈദിക മേലധ്യക്ഷന്മാർ എന്നിവർ തദവസരത്തിൽ സന്നിഹിതരായിരുന്നു. അവസാനദിവസം കൊച്ചി മഹാരാജാവ് ഇന്റർനുൺഷിയോയുടെ ബഹുമാനാർഥം ഒരു വിരുന്നുസത്കാരം നടത്തി. ഈ ജൂബിലി പ്രമാണിച്ച് രൂപവത്കരിക്കപ്പെട്ട കമ്മിറ്റിയുടെ ഖജാൻജി നമ്മുടെ ബ. ക്രിസോസ്തോമസച്ചനായിരുന്നു.

www.malankaralibrary.com

പൊതുശ്രേഷ്ഠഭവനത്തിനു സ്ഥലം നല്കിയ ശ്രീ. ജോസഫ് നടുവത്തുശ്ശേരി 1950 മെയ് 2-ാം നു നിര്യാതനായി. അദ്ദേഹത്തിന്റെ അന്തിമ നിമിഷങ്ങളിൽ ന. അച്ചന്മാർ അദ്ദേഹത്തെ സന്ദർശിച്ചാശ്വസിപ്പിക്കുകയും അന്ത്യകൂദാശകൾ നല്കുകയും മരണാനന്തരം ബ. ജനറാളച്ചൻ പരേതനുവേണ്ടി വീട്ടിൽവച്ച് ഒഫീസു നടത്തുകയും ചെയ്തു. ശവസംസ്കാരത്തിലും ന. അച്ചന്മാർ പങ്കുകൊണ്ടു.

1957 ജനുവരി 18-ാംനു കോട്ടയം രൂപതാധ്യക്ഷൻ ചൂളപ്പറമ്പിൽ അലക്സാണ്ടർ മെത്രാനച്ചൻ ചരമം പ്രാപിച്ചു.

പരിശുദ്ധ കന്യകമറിയത്തിന്റെ സ്വർഗാരോപണം വിശ്വാസ സത്യമായി പ്രഖ്യാപനംചെയ്ത 1950 നവംബർ 1-ാംനു ന. എല്ലാ ആശ്രമങ്ങളിലും സന്തോഷസൂചകമായി പാട്ടുകുർബാന, വാഴ്വ്, ലാക് ആലാഹാ, പ്രദക്ഷിണം തുടങ്ങിയ ചടങ്ങുകൾ നടത്തി.

ഇതിനിടയിൽ തിരു-കൊച്ചിയിൽ വിദ്യാഭ്യാസ സംബന്ധമായി നിർദേശിക്കപ്പെട്ട പുതിയ പദ്ധതി കത്തോലിക്കാ സ്കൂളുകളുടെ നിലനില്പിന് ഹാനികരമാണെന്നു കാണുകയാൽ, കത്തോലിക്കാ മെത്രാന്മാർ ഒറ്റക്കെട്ടായിനിന്ന് അതിനെ എതിർത്തു. തുടർന്ന് ഒരു വലിയ പ്രക്ഷോഭണം ആരംഭിച്ചു. അധ്യാപകർ ഗവ. പക്ഷത്തു ചേർന്നുനിന്നുകൊണ്ട് പണിമുടക്കും എതിർപ്രക്ഷോഭണവും നടത്തി. തിരുസഭയുടെ അവകാശസംരക്ഷണങ്ങൾക്കായുള്ള ഈ പ്രക്ഷോഭണത്തിൽ നമ്മുടെ സഭാംഗങ്ങൾ സജീവമായി പങ്കെടുത്തു.

പരിശുദ്ധ പിതാവ് പന്ത്രണ്ടാം പീയൂസ്, 1952 ഫെബ്രുവരി 24-ാം നു ഒരു "മോത്തു പ്രോപ്രിയോ" വഴി പൗരസ്ത്യസഭകളിലെ സന്ന്യാസികളെ സംബന്ധിച്ചുള്ള കാനൻ നിയമം പ്രസിദ്ധീകരിച്ചു. പ്രസ്തുവർഷം നവംബർ 21 മുതൽ അതു പ്രാബല്യത്തിൽ വരുകയും ചെയ്തു.

**അൽഫോൻസാ നാമകരണ പരിപാടിയിൽ നമ്മുടെ സഹകരണം**

ഭരണങ്ങാനം ക്ലാരമഠത്തിൽവച്ചു നിര്യാതയായ അൽഫോൻസാ എന്ന കന്യകയെ പുണ്യവതിയെന്ന് നാമകരണം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കാൻ തിരുസംഘം അനുമതി നല്കി അതിനെത്തുടർന്ന്, പാലാമെത്രാനച്ചൻ രൂപവത്കരിച്ച സഭാകോടതിയിലേക്ക് അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം 1953-ൽ മണ്ണനാൽ ബ. റോമയോതോമാസച്ചനും 1955-ൽ പെരുമാലിൽ ബ. നിക്ലാവോസച്ചനും നിയമിതരായി. 1962 ഓഗസ്റ്റ് 15-ാം തീയതിയോടെ അവരുടെ ജോലി അവർ പൂർത്തിയാക്കി.

www.malankaralibrary.com

### പീരുമേട്ടിനും ആലപ്പുഴയ്ക്കും നമ്മുടെ അച്ചന്മാർ

പീരുമേടു താലൂക്കിന്റെ വിവിധ ഭാഗങ്ങളിലായി കുടിയേറിപ്പാർക്കുന്ന സുറിയാനി കത്തോലിക്കരുടെ ആത്മീയാവശ്യങ്ങൾ അന്വേഷിക്കാനായി, സഭയിൽനിന്ന് രണ്ടച്ചന്മാരെ ലഭിക്കണമെന്ന് ചങ്ങനാശ്ശേരി മെത്രാൻ താത്പര്യപ്പെട്ടതനുസരിച്ച് പുല്പറമ്പിൽ ബ. ശവരിയാരച്ചനും വാണിയപ്പുര ബ. ഹൊണോരിയൂസച്ചനും 1950-ൽ അവിടേക്കു നിയുക്തരായി. ആലപ്പുഴ പട്ടണത്തിലും അതിന്റെ പ്രാന്തപ്രദേശങ്ങളിലും കമ്യൂണിസം ശക്തിപ്പെട്ടുവന്നിരുന്നതിനെ ചെറുക്കാനായി സഭാംഗങ്ങളിൽനിന്ന് ഏതാനും വൈദികരെ നല്കണമെന്ന് കൊച്ചി അഡ്മിനിസ്ട്രേറ്റർ ആവശ്യപ്പെട്ടതനുസരിച്ച് ബ. മൗറേലിയൂസ് അച്ചന്റെ നേതൃത്വത്തിൽ സഭാംഗങ്ങളായ മൂന്ന് വൈദികർ മൂന്ന് മാസത്തേക്ക് നിയുക്തരായി. എന്നാൽ ഇവരുടെ കാലാവധി വീണ്ടും നീട്ടിക്കൊടുക്കുകയുണ്ടായി.

സഭയുടെ പഠനഗൃഹം കോട്ടഗിരിയിൽ സ്ഥാപിക്കണമെന്ന ഉദ്ദേശ്യത്തോടെ, ശ്രീ. ഏ.സി.എം. അന്ത്രപ്പേരിൽനിന്ന് അഞ്ചേക്കർ സ്ഥലവും ഒരു കെട്ടിടവും 1952 സെപ്റ്റംബർ 4-ാംനു വിലയ്ക്കുവാങ്ങി.

1952-ൽ ത്തന്നെ കരിപ്പാപ്പറമ്പിൽ ബ. തെയോഡോസിയൂസ് അച്ചൻ അമേരിക്കയിലെ നോട്ടർഡാം സർവകലാശാലയിലേക്ക് പോയി. സഭയിൽനിന്ന് അമേരിക്കയിലേക്കുപോയ ആദ്യത്തെ വൈദികൻ ഇദ്ദേഹമാണ്. കൃഷ്ണനഗർ മെത്രാനായ മോൺ. മോറോയുടെ ശുപാർശമൂലം, ഇദ്ദേഹത്തിന്റെ പഠനച്ചെലവുകളെല്ലാം അമേരിക്കൻ ഗവൺമെന്റാണ് വഹിച്ചത്.

### മാർത്തോമ്മാശ്ലീഹായുടെ ശതാബ്ദ ജൂബിലി

1952-ാം സംവത്സരം, നമ്മുടെ പി. വിശുദ്ധ തോമ്മാശ്ലീഹാ ഭാരതത്തിൽ വന്നതിന്റെ 19-ാം ശതാബ്ദപൂർത്തിയും വിശുദ്ധ ഫ്രാൻസിസ് സേവ്യർ ചരമമടഞ്ഞതിന്റെ നാലാം ശതവത്സരപൂർത്തിയും പ്രമാണിച്ച്, പ്രത്യേകവിധ ആഘോഷങ്ങൾ നടത്തണമെന്നത് കേരളത്തിലെ കത്തോലിക്കരുടെ, വിശിഷ്യ സുറിയാനികത്തോലിക്കരുടെ ഒരു വലിയ ആഗ്രഹമായിരുന്നു. തൽസംബന്ധമായ ഒരുക്കങ്ങൾ കേരളത്തിൽ പല ഭാഗത്തും നടന്നുകൊണ്ടിരുന്നു. ജൂബിലിസമാപ്തി, എറണാകുളത്തു വച്ച് ഭാരതത്തിലെ എല്ലാ മെത്രാന്മാരുടെയും സാന്നിധ്യത്തിൽ, പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറിയായ കാർഡിനൽ ടിസ്സറാങിന്റെ

www.malankaralibrary.com

അധ്യക്ഷതയിൽ നടത്തണമെന്ന ആഗ്രഹപ്രകാരം അതിനുള്ള സജ്ജീകരണങ്ങൾ നടത്തിക്കൊണ്ടിരുന്നു.

എന്നാൽ, 1952 നവം. 20-ാം തീയതി, വത്തിക്കാനിൽനിന്ന്, സിഡ്നി മെത്രാപ്പോലീത്താ കാർഡിനൽ ഗിൽറോയിയെ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ ചരമത്തിന്റെ നാലാം ശതവത്സരപൂർത്തി സംബന്ധിച്ചുള്ള ആഘോഷങ്ങളുടെ പേപ്പൽ ഡെലെഗേറ്റായി നിയമിച്ചിരിക്കുന്നു എന്ന പ്രഖ്യാപനമുണ്ടായി. സുറിയാനികാർക്ക് വലുതായ സങ്കടത്തിനും അമർഷത്തിനും ഇതു കാരണമായി. ഫലമോ? ആകപ്പാടെ ഒരു വലിയ സ്തംഭനാവസ്ഥ. പണപ്പിരിവ് മന്ദഗതിയിലായി. ഒരുക്കങ്ങൾക്ക് ഉണർവില്ലാതായി. ജൂബിലി ആഘോഷങ്ങൾതന്നെ നടക്കുമോ എന്ന സംശയഘട്ടത്തിലായി.- ഉടൻ മംഗലപ്പുഴ സെമിനാരി പ്രഫസർ ഫാ. സക്കറിയാസ് ഒ.സി.ഡി. റോമിലേക്കു പറന്നു. അവിടെച്ചെന്ന് കാര്യങ്ങൾ യഥാസ്ഥാനങ്ങളിൽ ഉണർത്തിച്ചു. എന്നാൽ, വിഷമാവസ്ഥകളെല്ലാം അറിഞ്ഞ് റോമിലുണ്ടായിരുന്ന നമ്മുടെ സഭാംഗങ്ങൾ, ചില ഈശോസഭാ വൈദികർ വഴി, വേണ്ട സ്ഥാനങ്ങളിൽ വേണ്ടവിധം പ്രവർത്തിക്കുകയാൽ കാര്യങ്ങളെല്ലാം ഇതിനകം ശുഭമായിത്തീർന്നിരുന്നു. കാർഡിനൽ ഗിൽറോയി നിയമിതനായത് മാർത്തോമാശ്ലീഹായുടെ കേരളപ്രവേശനത്തിന്റെ 19-ാം ശതാബ്ദപൂർത്തി സംബന്ധിച്ച് എറണാകുളത്തു നടക്കുന്ന ആഘോഷങ്ങളിൽ പേപ്പൽ പ്രതിനിധിയായി ആധ്യക്ഷം വഹിക്കുവാനാണെന്ന് വത്തിക്കാനിൽനിന്ന് പ്രഖ്യാപനമുണ്ടായി.

ഉരുണ്ടുകൂടിയ കാർമേഘപടലങ്ങൾ ഓടിമാറി. പ്രവർത്തനങ്ങൾ ഊർജസ്വലങ്ങളായി. പരിപാടിയനുസരിച്ച്, 1952 ഡിസം. 29, 30, 31 തീയതികളിൽ ആഘോഷങ്ങൾ മോടിയായി നടന്നു. ജൂബിലിയുടെ അവസാനദിവസം ഏറ്റം അച്ചടക്കത്തോടും ഭക്തിനിർഭരമായും പ്രദക്ഷിണവും പരിശുദ്ധ കുർബാനയുടെ ആശീർവാദവും നടന്നു. വൈകീട്ടു 7 മണിക്ക് പരിശുദ്ധ പിതാവിന്റെ സ്വരം കേൾക്കാൻ എല്ലാവരും ആകാംക്ഷയോടെ കാത്തുനിന്നു. പരിശുദ്ധ പിതാവു 12-ാം പീയൂസ് പാപ്പാ കേരളത്തിലെ തന്റെ വാത്സല്യമക്കളോടു സംഭാഷിക്കുന്നത് റേഡിയോ വഴി എല്ലാവർക്കും സുവ്യക്തമായി കേൾക്കാൻ സാധിച്ചു. ജൂബിലി ആഘോഷക്കമ്മിറ്റിയുടെ പ്രസിഡന്റായ ചങ്ങനാശ്ശേരി മെത്രാൻ മാർ മാത്യു കാവുകാട്ടു പരിശുദ്ധ പിതാവിന്റെ

www.malankaralibrary.com

പ്രസംഗം മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്തുകൊടുത്തു. മാർതോമ്മാശ്ലീഹായുടെ ആഗമനം, 19 നൂറ്റാണ്ടുകളായി കേരളത്തിലുള്ള ക്രിസ്തീയ പാരമ്പര്യം എന്നിവയെല്ലാം പരിശുദ്ധ പിതാവിന്റെ പ്രസംഗത്തിൽ വിശദമാക്കിയിരുന്നു. ഈ ജൂബിലിയാഘോഷങ്ങൾ വിജയപ്രദമാക്കുന്നതിന് നമ്മുടെ സഭാംഗങ്ങൾ ത്യാഗപൂർവം ബുദ്ധിമുട്ടിയിട്ടുണ്ട്. 2-ാം ദെഫ്നിത്തോരായിരുന്ന ബ. ക്രിസോസ്തോമസച്ചനായിരുന്നു ഈ ആഘോഷക്കമ്മിറ്റിയുടെയും ഖജാൻജി.

**ഭാരതത്തിലെ ആദ്യത്തെ കാർഡിനൽ**

ഈ ശുഭാവസരത്തിൽ ഡിസംബർ 29-ാംനു ഈ ജൂബിലിയാഘോഷങ്ങളിൽ ഭാഗഭാക്കായി ഇവിടെ സന്നിഹിതനായിരുന്ന ബോംബേ മെത്രാപ്പോലീത്താ വലേരിയൻ ഗ്രേഷ്യസിനെ കർദിനാളായി നിയമിച്ചിരിക്കുന്നുവെന്ന കേബിൾ സന്ദേശം ലഭിച്ചു. ഇൻഡ്യയിലെ ഒന്നാമത്തെ കാർഡിനൽ എന്ന പദവി ഇദ്ദേഹത്തിനു ലഭിച്ചത് ഏവർക്കും ആഹ്ലാദകാരണമായിരുന്നുവെന്നു  പറയേണ്ടല്ലോ.

**വിസിറ്റർ ബൊനവെന്തുരാ മെത്രാൻ**

സഭാംഗങ്ങളിൽ ചിലർക്കെല്ലാം ഉണ്ടായിരുന്ന അസ്വസ്ഥതയുടെ കാരണങ്ങൾ ആരായുന്നതിനും നിവാരണമാർഗങ്ങൾ നിർദേശിക്കുന്നതിനും സഭയുടെ ഭാവി പ്രവർത്തനങ്ങൾക്കു രൂപം നല്കുന്നതിനും പുതിയ കാനൻ നിയമങ്ങൾക്കനുസരണം സഭയുടെ നിയമാവലി പരിഷ്കരണത്തിനുള്ള നിർദേശങ്ങൾ നല്കുന്നതിനുമായി 1952 ഏപ്രിൽ 17-ാം തീയതി വിജയപുരത്തെ ബൊനവെന്തുരാ മെത്രാനെ നമ്മുടെ സഭയുടെ അപ്പസ്തോലിക വിസിറ്റർ ആയി തിരുസംഘം നിയമിച്ചാക്കി. പ്രസ്തുത വത്സരം ജൂൺ 4 മുതൽ അദ്ദേഹം നമ്മുടെ ആശ്രമങ്ങൾ സന്ദർശിച്ച് സഭാംഗങ്ങളുമായി നേരിട്ടു സംഭാഷണം നടത്തി. ഒരു നിശ്ചിത തീയതിക്കകം പൂരിപ്പിച്ചു നല്കാനായി ഒരു പ്രശ്നാവലി അച്ചടിപ്പിച്ച് അദ്ദേഹം എല്ലാ വൈദികർക്കും നല്കുകയുമുണ്ടായി. അങ്ങനെ സഭാംഗങ്ങളുടെ അഭിപ്രായങ്ങൾ വാക്കാലും രേഖാമൂലവും സ്വീകരിച്ചുകൊണ്ട് ജൂലൈ 30-ാം തീയതി അദ്ദേഹം ആശ്രമസന്ദർശനങ്ങൾ അവസാനിപ്പിച്ചു. സന്ദർശനാനന്തരം വൈദികർക്കും സഹായ സഹോദരന്മാർക്കും വെവ്വേറെ ഓരോ ഉപദേശം അച്ചടിച്ച് എല്ലാവർക്കും നല്കിയതിനുശേഷം സമഗ്രമായ ഒരു റിപ്പോർട്ട് റോമിലേക്ക് അയച്ചുകൊടുത്തു.

www.malankaralibrary.com

**1953 ലെ പൊതുസംഘവും തിരഞ്ഞെടുപ്പും**

ഈ റിപ്പോർട്ട് അവഗാഢം പഠിച്ചതിനുശേഷം തിരുസംഘം ചെയ്ത തീരുമാനങ്ങൾ വിസിറ്ററെ അറിയിച്ചു. അദ്ദേഹം പ്രസ്തുത തീരുമാനം പൊതുശ്രേഷ്ഠസംഘത്തെ രഹസ്യമായി അറിയിച്ചശേഷം സഭയുടെ ഒരു പൊതുസംഘം താമസിയാതെ സമ്മേളിക്കുന്നതാണെന്ന് സഭാംഗങ്ങൾക്ക് അറിവു നല്കി.

പൊതുസംഘത്തിൽ സംബന്ധിക്കാൻ ഔദ്യോഗികാവകാശമുള്ളവർ അഞ്ചു പൊതുശ്രേഷ്ഠസംഘാംഗങ്ങൾ മാത്രമാണെന്നും ശേഷിച്ചിരിക്കുന്ന വൈദികരായ സഭാംഗങ്ങൾ പത്തുപേർക്ക് ഒരു പ്രതിനിധിയെ വീതം തിരഞ്ഞെടുക്കേണ്ടതാണെന്നും വിസിറ്റർ പ്രഖ്യാപിച്ചു. പ്രതിനിധിയെ തിരഞ്ഞെടുക്കുന്നതിനുള്ള ബാലറ്റുപേപ്പർ ലഭിച്ച് 24 മണിക്കൂറിനകം, പ്രതിനിധിയെ നിർദേശിച്ച് അയച്ചുകൊടുക്കണമെന്നായിരുന്നു നിർദേശം. പൊതുസംഘത്തിലേക്കുള്ള ഈ പുതിയ തിരഞ്ഞെടുപ്പുരീതി പൊതുവേ സ്വീകാര്യമായിരുന്നു. വിവിധകാര്യങ്ങൾക്കായി ആശ്രമത്തിനുവെളിയിൽ താമസിച്ചിരുന്നവർക്കും ഈ തിരഞ്ഞെടുപ്പിൽ സംബന്ധിക്കുന്നതിന് ഇതുമൂലം സൗകര്യം ലഭിച്ചു.

പൊതുസംഘത്തിനുമുമ്പായി വിസിറ്റർ ചില ഭക്തകൃത്യങ്ങൾ നിർദേശിക്കുകയും പൊതുസംഘാംഗങ്ങൾ മാത്രമാണെന്നും ശേഷിച്ചിരിക്കുന്ന വൈദികരായ സഭംഗങ്ങൾ പത്തുപേർക്ക് ഒരു പ്രതിനിധിയെ വീതം തിരഞ്ഞെടുക്കേണ്ടതാണെന്നും വിസിറ്റർ പ്രഖ്യാപിച്ചു. പ്രതിനിധിയെ തിരഞ്ഞെടുക്കുന്നതിനുള്ള ബാലറ്റുപേപ്പർ ലഭിച്ച് 24 മണിക്കൂറിനകം, പ്രതിനിധിയെ നിർദേശിച്ച് അയച്ചുകൊടുക്കണമെന്നായിരുന്നു നിർദേശം. പൊതുസംഘത്തിലേക്കുള്ള ഈ പുതിയ തിരഞ്ഞെടുപ്പുരീതി പൊതുവേ സ്വീകാര്യമായിരുന്നു. വിവിധ കാര്യങ്ങൾക്കായി ആശ്രമത്തിനുവെളിയിൽ താമസിച്ചിരുന്നവർക്കും ഈ തിരഞ്ഞെടുപ്പിൽ സംബന്ധിക്കുന്നതിന് ഇതുമൂലം സൗകര്യം ലഭിച്ചു.

പൊതുസംഘത്തിനുമുമ്പായി വിസിറ്റർ ചില ഭക്തകൃത്യങ്ങൾ നിർദേശിക്കുകയും പൊതുസംഘാംഗങ്ങളുടെ പേരുവിവരവും സംഘം കൂടേണ്ട തീയതിയും അറിയിക്കുകയും ചെയ്തു. 1953 ഫെബ്രു. 22-ാം തീയതി സന്ധ്യമുതൽ 23-ാം തീയതി ഉച്ചവരെ എല്ലാവരും പ്രാർഥനയിലും മൗനത്തിലും മാന്നാനത്തു ചെലവഴിച്ചു. 23-ാം തീയതി ഉച്ചകഴിഞ്ഞ് വിസിറ്റർ പൊതുസംഘാംഗങ്ങളോട് ഒരു ഉപദേശം പറഞ്ഞു. അതിനുശേഷം തിരഞ്ഞെടുപ്പിനെപ്പറ്റി ചില വിശദീകരണങ്ങളും

www.malankaralibrary.com

നല്കി. സഭയെ മൂന്നു പ്രോവിൻസുകളായി തിരിക്കുമെന്നും, പ്രസ്തുത പ്രോവിൻസുകളുടെ അതിർത്തി ഏകദേശം എന്തായിരിക്കുമെന്നും സംഘാംഗങ്ങളെ അറിയിച്ചു.

ഫെബ്രു. 24-ാം തീയതി അപ്പസ്തോലിക വിസിറ്ററിന്റെ അധ്യക്ഷതയിൽ പൊതുസംഘം സമ്മേളിച്ചു. വ്യാകുലമാതാവിന്റെ ബ. മാവുരൂസച്ചൻ പ്രിയോർ ജനറാളായി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം സ്ഥലത്തില്ലായിരുന്നതിനാൽ അദ്ദേഹത്തെ കൂനമ്മാവു കൊവേന്തയിൽനിന്നു കൂട്ടിക്കൊണ്ടുവരുകയും സാധാരണക്രമമനുസരിച്ച് അദ്ദേഹം സ്ഥാനാരോഹണം ചെയ്യുകയും ചെയ്തു. വീണ്ടും സംഘം കൂടി വിതയത്തിൽ ബ. ഗെരയോനച്ചൻ, പയ്യപ്പിള്ളി ബ. അത്തനാസിയൂസച്ചൻ, ചിറ്റിലപ്പള്ളി ബ. കൊർണേലിയൂസച്ചൻ, വടക്കേക്കുടി ബ. ദൊരത്തേവൂസച്ചൻ എന്നീ നാലുപേരെ പൊതുശ്രേഷ്ഠാലോചനക്കാരായി തിരഞ്ഞെടുത്തു.

**പൊതുപ്രൊക്കുറേറ്റർ**

പൊതുശ്രേഷ്ഠാലോചനക്കാരോടൊപ്പം സ്ഥാനമുള്ള ഒരു പൊതുപ്രൊക്കുറേറ്ററും ഉണ്ടായിരിക്കണമെന്നും ഏതെങ്കിലും ഒരു പൊതുശ്രേഷ്ഠാലോചനക്കാരന്റെ അസാന്നിധ്യത്തിൽ പൊതുശ്രേഷ്ഠസംഘത്തിൽ സംബന്ധിക്കുന്നതിന് അദ്ദേഹത്തിന് അവകാശമുണ്ടായിരിക്കുന്നതാണെന്നും വിസിറ്റർ അപ്പസ്തോലിക്കാ പ്രഖ്യാപിച്ചു. തദനുസരണം കാക്കനാട്ടു ബ. മൗറേലിയൂസച്ചൻ പൊതുപ്രൊക്കുറേറ്ററായി തിരഞ്ഞെടുക്കപ്പെട്ടു.

1917 മുതൽ സഭയിൽ പൊതുപ്രൊക്കുറേറ്റർ എന്ന ജോലിയിൽ ഒരാൾ നിയമിതനായിരുന്നെങ്കിലും 1937 വരെ ദഫ്നിത്തോരന്മാരിൽ ഒരാളാണ് ആ ജോലി നിർവഹിച്ചിരുന്നത്. 1936-ൽ ഗ്രൂപ്പ് പ്രൊക്കുറേറ്റന്മാരുടെ ജോലി നിറുത്തലാക്കി. പകരം പൊതുപ്രൊക്കുറേറ്ററായി ഒരാളെ നിയമിച്ചിരുന്നെങ്കിലും 1953 വരെ ഈ ആളിന് കാനോനികമായ സ്ഥാനമോ അധികാരമോ ഒന്നും ഇല്ലായിരുന്നു.

പൊതുശ്രേഷ്ഠഭവനത്തിന്റെയും അതിനു നേരിട്ട് കീഴിലുള്ള സ്ഥാപനങ്ങൾ, പ്രസ്ഥാനങ്ങൾ എന്നിവയുടെയും അന്വേഷണവും വരവുചെലവുകളും പൊതുപ്രൊക്കുറേറ്റർ നടത്തുന്നു. ഇതിനുള്ള പണം അതതു കാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കനുസരിച്ചു ആശ്രമങ്ങളിൽനിന്ന് പ്രവിശ്യാ പ്രൊക്കുറേറ്റർമാർ പിരിച്ചുനല്കുന്നു.

www.malankaralibrary.com

നിയമാവലി പരിഷ്കരണം, പൊതുപഠനഗൃഹത്തിനുള്ള സ്ഥാന നിർണയം എന്നിതുകൾക്ക് ഓരോ കമ്മിറ്റിയെ തിരഞ്ഞെടുത്തശേഷം പൊതുസംഘം സാധാരണഗതിയിൽ സമാപിച്ചു.

**ഡോക്ടർ സി.എൽ. ജോസഫ്**

1953 ഏപ്രിലിൽ പ്രസിദ്ധനായ ഡോക്ടർ സി.എൽ. ജോസഫ് ഹൃദ്രോഗംമൂലം നിര്യാതനായി. ന. സഭാംഗങ്ങളിൽ പലർക്കും സൗജന്യമായി ചികിത്സിച്ച് രോഗവിമുക്തി നല്കിയിട്ടുള്ള ഇദ്ദേഹത്തിന്റെ നിര്യാണത്തിൽ സഭാംഗങ്ങൾ അനുശോചനം രേഖപ്പെടുത്തുകയുണ്ടായി.

**മാർ ഈവാനിയോസ്**

പുനരൈക്യപ്രസ്ഥാനത്തിന്റെ ജനയിതാവും, തിരുവനന്തപുരം മെത്രാപ്പോലീത്തയുമായിരുന്ന മാർ ഈവാനിയോസ് 1953 ജൂലൈ 15-ാംനു ദിവംഗതനായി. കരൾരോഗബാധിതനായി ഒരുകൊല്ലത്തിലധികം കിടപ്പിലായിരുന്ന ഇദ്ദേഹം തന്റെ സഹായമെത്രാനായ ബെനെഡിക്ട് മാർ ഗ്രീഗോറിയോസിന്റെ മെത്രാഭിഷേകം ഇതിനിടയിൽ നിർവഹിച്ചു എന്നത് പ്രസ്താവ്യമാണ്.

**തിസറാങ് കർദിനാൾ**

പൗരസ്ത്യതിരുസംഘത്തിന്റെ സെക്രട്ടറിയായ കാർഡിനൽ തിസറാങ് കേരള സന്ദർശനാർഥം 1953 നവം. 11-ാം തീയതി വിമാനമാർഗം എറണാകുളത്തെത്തി. അതിഗംഭീരമായ ഒരു സ്വീകരണമാണ് തദവസരത്തിൽ നല്കപ്പെട്ടത്. ഒർത്തോനായിൽനിന്ന് നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹായുടെ 'കയ്യുടെ ഒരസ്ഥി' അതിവിശിഷ്ടമായ ഒരു പേടകത്തിൽ അടക്കംചെയ്ത് കേരളത്തിലെ സുറിയാനി സഭയ്ക്കു സമ്മാനിക്കാനായി, അദ്ദേഹം കൊണ്ടുവന്നിരുന്നു. എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയങ്കണത്തിൽവച്ചു നടത്തപ്പെട്ട സ്വീകരണ മഹായോഗത്തിൽ, താൻ കൊണ്ടുവന്നിട്ടുള്ള വിശുദ്ധ തോമ്മാശ്ലീഹായുടെ തിരുശേഷിപ്പ്, ഈ ശ്ലീഹാ ആദ്യം കാല്കുത്തിയ കൊടുങ്ങല്ലൂരിൽ സ്ഥാപിക്കുന്നതാണെന്നും അവിടത്തെ കപ്പേള ഒരു പൊന്തിഫിക്കൽ ഷ്റൈൻ ആയിരിക്കുമെന്നും അത് കേരളത്തിലെ സുറിയാനി കർമലീത്താ വൈദികരുടെ സൂക്ഷത്തിനേല്പിക്കപ്പെടുന്നതാണെന്നും കർദിനാൾ ഔദ്യോഗികമായി പ്രഖ്യാപിച്ചതുകൂടാതെ 'സത്യദീപം' പത്രാധിപരായ ഫാ. ജോസഫ് പാറേക്കാട്ടിലിനെ എറണാകുളം സഹായ മെത്രാനായി നിയമിച്ചിരിക്കുന്നുവെന്നും പ്രസ്താവിച്ചു. 1953 നവംബർ

www.malankaralibrary.com

30-ാം തീയതി അദ്ദേഹത്തിന്റെ മെത്രാഭിഷേകവും കാർഡിനൽതന്നെ നടത്തി. കാർഡിനൽ ഇൻഡ്യയിലായിരുന്ന കാലത്ത് സെക്രട്ടറിയായിരുന്ന നമ്മുടെ ബ. പ്ലാസിഡച്ചൻ അദ്ദേഹം ഇൻഡ്യ വിടുന്നതുവരെയും അദ്ദേഹത്തോടുകൂടെ യാത്രചെയ്തിരുന്നു.

1953 നവംബർ 12-ാം തീയതി പൊതുശ്രേഷ്ഠഭവനം സന്ദർശിച്ച അത്യുന്നത കർദിനാളിന് സഭയുടെ നാമത്തിൽ ഔദ്യോഗികമായ ഒരു സ്വീകരണം നല്കപ്പെട്ടു. തദവസരത്തിൽ, ദന്തനിർമിതമായ കർമല രാജ്ഞിയുടെ ഒരു സ്വരൂപം ബ. പ്രിയോർ ജനറാൾ അദ്ദേഹത്തിനു സമ്മാനിച്ചു. അതിനുശേഷം കാർഡിനലിന്റെ അധ്യക്ഷതയിൽ പൊതുശ്രേഷ്ഠസംഘം സമ്മേളിച്ച് സുപ്രധാനങ്ങളായ പല പ്രശ്നങ്ങളും ചർച്ചചെയ്തു തീരുമാനിക്കുകയുണ്ടായി. മാന്നാനം, ചെത്തിപ്പുഴ, ആലപ്പുഴ, തിരുവനന്തപുരം, തേവര, എൽത്തുരുത്ത്, അമ്പഴക്കാട് എന്നീ സ്ഥലങ്ങളിലുള്ള ന. ഭവനങ്ങളും അദ്ദേഹത്തിന്റെ സന്ദർശനപരിപാടിയിൽപ്പെട്ടു.

**കൊടുങ്ങല്ലൂർ മാർത്തോമ്മാ ഷ്റൈൻ**

1953 ഡിസം 6-ാം തീയതി വി. തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുമായി കാർഡിനൽ കൊടുങ്ങല്ലൂരിൽ ആഗതനാവുകയും അവിടത്തെ കപ്പേളവെഞ്ചരിച്ച് ഉജ്ജ്വലമായ ഒരു പ്രസംഗാനന്തരം, തിരുശേഷിപ്പ് അവിടെ സ്ഥാപിക്കുകയും ഷ്റൈനിന്റെ താക്കോലും തിരുശേഷിപ്പിന്റെ പത്തേന്തിയും ബ. പ്രിയോർ ജനറാളച്ചനെ ഏല്പിക്കുകയും ചെയ്തു. ദേവമാതാപ്രവിശ്യയുടെ ചെലവിൽ നിർമിക്കപ്പെട്ട ഈ ഷ്റൈൻ ആ പ്രവിശ്യയിൽനിന്നുതന്നെ സൂക്ഷിച്ചുവരുന്നു.

1953 ഡിസംബർ 31-ാം തീയതി തലശ്ശേരി രൂപതയുടെ സ്ഥാപനവും ഫാദർ വള്ളോപ്പള്ളിയുടെ അഡ്മിനിസ്റ്റർ അപ്പൊസ്തൊലിക്കായുള്ള നിയമനവും പ്രഖ്യാപിക്കപ്പെട്ടു.

**ബാലസദനസ്ഥാപനം**

1954 ജനു. 3-ാം തീയതി വന്ദ്യപിതാവായ ചാവറയച്ചന്റെ ചരമവാർഷികദിനത്തിൽ അനാഥരായിക്കഴിയുന്ന കുട്ടികളെ ഉദ്ദേശിച്ച് പൊതുശ്രേഷ്ഠഭവനത്തോടനുബന്ധിച്ച് ഒരു ബാലസദനം പണിയാനുള്ള ആദ്യനടപടികൾ ആരംഭിച്ചു. സാന്മാർഗികമായും സാമ്പത്തികമായും ഉയർത്തിയെടുത്ത് ഒരു നല്ല പരിശീലനം നല്കി അവരെ പറഞ്ഞയയ്ക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. ഇക്കാര്യത്തിൽ തത്പ

www.malankaralibrary.com

രരായിരുന്ന മി. കുരുവിള ചൂളക്കൽ, മി. ജോൺ വളവി, മി.എ.എൽ. ദേവസ്സി, പ്രൊഫസർ ആന്റണി കാട്ടുമാൻ എന്നിവർ ഈയവസരത്തിൽ പൊതുശ്രേഷ്ഠഭവനത്തിൽ സന്നിഹിതരായിരുന്നു.

**ഫാദർ പ്ലാസിഡ് റോമിലേക്ക്**

കേരളത്തിലെ റീത്തുപരിഷ്കരണം സംബന്ധിച്ച കാര്യങ്ങൾക്കായി പൗരസ്ത്യതിരുസംഘത്തിന്റെ ഉപദേഷ്ടാവായി നിയമിതനായിരുന്ന ബ. പ്ലാസിഡച്ചൻ കാർഡിനൽ തിസറാങ്ങിന്റെ നിർദേശപ്രകാരം 1954 ഫെബ്രു. 6-ാം തീയതി റോമിലേക്കു പുറപ്പെട്ടു. ഇതേ അവസരത്തിൽ സോഷ്യോളജി സംബന്ധമായ ഉപരിപഠനത്തിന് ബ. ഫ്രാൻസിസ് സാലസച്ചൻ അമേരിക്കയിലേക്കും പോയി.

**സാവ്യോഹാൾ**

പൊതുശ്രേഷ്ഠഭവനത്തിന്റെ ചുറ്റുമുള്ള കത്തോലിക്കാ കുട്ടികൾക്കു മതാധ്യയനം നടത്താൻവേണ്ടി പണിതുകൊണ്ടിരുന്ന 'സാവ്യോഹാൾ' 1954 ജൂൺ 25-ാംനു വെഞ്ചരിച്ച് അവിടെ സൺഡേ സ്കൂൾ ആരംഭിച്ചു.

**സഭയുടെ കാനോനിക സ്ഥാപനത്തിന്റെ ശതാബ്ദ ജൂബിലിയാഘോഷങ്ങൾ**

നമ്മുടെ സഭാപിതാക്കന്മാർ വ്രതാനുഷ്ഠാനംചെയ്ത് കാനോനികമായി സഭ സ്ഥാപിച്ചിട്ട് നൂറു കൊല്ലം പൂർത്തിയായത് 1955 ഡിസംബർ 8-ാംനു ആയിരുന്നു. തന്നിമിത്തം, 1954 ഡിസംബർ 8 മുതലുള്ള ഒരു വർഷം ജൂബിലിവത്സരമായി ആചരിക്കണമെന്ന് പൊതുശ്രേഷ്ഠസംഘം പ്രഖ്യാപനംചെയ്തു. ഇതനുസരിച്ച് 1954 ഡിസംബർ 8-ാം തീയതി എല്ലാ ആശ്രമദേവാലയങ്ങളിലും പ്രത്യേക തിരുകർമങ്ങളോടെ ജൂബിലി ഉദ്ഘാടനം ചെയ്യപ്പെട്ടു.

ഒന്നാമത്തെ ആഘോഷച്ചടങ്ങുകൾ 1954 ഡിസംബർ 16-മുതൽ 28-വരെ തീയതികളിൽ പൊതുശ്രേഷ്ഠഭവനത്തിൽവച്ച് നടത്തി. ബ. കനീസിയൂസച്ചന്റെ നേതൃത്വത്തിൽ കലാവൈഭവത്തോടെ സജ്ജമാക്കിയിരുന്ന വിജ്ഞാനസമ്പുഷ്ടമായ ഒരു പ്രദർശനം 1954 ഡിസംബർ 24-ാം തീയതി ആരംഭിച്ചു. സന്ന്യാസജീവിതത്തിന്റെ വളർച്ച, പ്രവർത്തനങ്ങൾ, വിവിധ സന്ന്യാസസഭകൾ ഇവ സംബന്ധമായി കാണികളെ വിജ്ഞരാക്കുന്നതിന് പര്യാപ്തമായിരുന്ന പ്രസ്തുത പ്രദർശനം പൊതുജനങ്ങളുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭൂതമായി.

www.malankaralibrary.com

26-ാം തീയതി 13 മണി ആരാധനയും പരിശുദ്ധ കുർബാനയുടെ പ്രദക്ഷിണവും നടത്തപ്പെട്ടു. തൃശൂർ, വരാപ്പുഴ, വിജയപുരം, ആലപ്പുഴ രൂപതാധ്യക്ഷന്മാരും എറണാകുളം സഹായമെത്രാൻ, തലശ്ശേരി അഡ്മിനിസ്ട്രേറ്റർ എന്നിവരും 27-ാം തീയതിയിലെ പരിപാടികളിൽ സന്നിഹിതരായിരുന്നു. തൃശൂർ മെത്രാൻ പൊന്തിഫിക്കൽ കുർബാന പാടി. എറണാകുളം സഹായമെത്രാൻ ഉജ്ജ്വലത്തായ ഒരു പ്രസംഗം പറഞ്ഞു. എല്ലാവരും ലഞ്ചിലും വൈകുന്നേരത്തെ ചായസത്കാരത്തിലും പങ്കെടുക്കുകയുണ്ടായി. ഹൈക്കോടതി ജഡ്ജി മി. ജോസഫ് വിതയത്തിൽ സഭയുടെ നേട്ടങ്ങളെ പ്രശംസിച്ചും ഭാവുകമാശംസിച്ചുംചെയ്ത പാനോപചാരപ്രസംഗത്തിന് ബ. പ്രിയോർ ജനറാൾ സമുചിതമായ മറുപടി പറഞ്ഞു. മരിച്ച സഭാംഗങ്ങൾ, സഭയുടെ ഉപകാരികൾ എന്നിവർക്കായി 28-ാം തീയതി റാസയും മറ്റു തിരുകർമങ്ങളും നടത്തി. തദവസരത്തിൽ 2000-ത്തോളം സാധുക്കൾക്ക് അരി ദാനമായി നല്കപ്പെട്ടു. പൊതുശ്രേഷ്ഠഭവനത്തിലെ ആഘോഷങ്ങളെത്തുടർന്ന് മറ്റ് ആശ്രമങ്ങളിലും വിവിധ പരിപാടികളോടെ ജൂബിലി ആഘോഷിച്ചു.

ജൂബിലി സമാപനച്ചടങ്ങുകൾ 1955 നവംബർ 29 മുതൽ ഡിസംബർ 8-ാം തീയതിവരെ മാന്നാനത്തുവെച്ചു നടത്തപ്പെട്ടു. 8-ാം തീയതി രാവിലേ ചങ്ങനാശ്ശേരി മെത്രാൻ മാർ മാത്യു കാവുകാട്ട് പൊന്തിഫിക്കൽ ബലിയർപ്പിച്ചു. പരിശുദ്ധ സിംഹാസനത്തിൽനിന്നു ലഭിച്ച പ്രത്യേക അനുവാദപ്രകാരം വൈദികാർഥികളുടെ പട്ടം, വ്രതാനുഷ്ഠാനം, സഭാവസ്ത്രദാനം മുതലായവ ആ ദിവസം നടത്തി.

ഇന്റർനുൺഷിയോ മാർട്ടിൻ ലൂക്കാസിന്റെ പ്രധാന കാർമികത്വത്തിലും പത്തു മെത്രാന്മാരുടെയും, അനേകം വൈദികരുടെയും, കന്യാസ്ത്രീകളുടെയും, ബഹുശ്ശതം വിശ്വാസികളുടെയും സാന്നിധ്യസഹകരണത്തിലും നടത്തപ്പെട്ട ദിവ്യകാരുണ്യ പ്രദക്ഷിണം ആഘോഷങ്ങൾക്കെല്ലാം മകുടം ചാർത്തി.

തദനന്തരം കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ മന്ത്രി ഏ.ജെ. ജോണിന്റെ ആധ്യക്ഷ്യത്തിൽ ഒരു അനുമോദനമഹായോഗവും നടന്നു. അതിൽ ഉൽഘാടനപ്രസംഗം ഇന്റർനുൺഷ്യോ മാർട്ടിൻ ലൂക്കാസത്രേ നിർവഹിച്ചത്.

ജൂബിലി ആഘോഷങ്ങളിൽ ഇന്റർനുൺഷ്യോയും, കേരളത്തിലെ മിക്ക വൈദികമേലധ്യക്ഷന്മാരും, മൈസൂർ മെത്രാൻ, മന്ത്രി. മി. ഏ. ജെ. ജോൺ, ഏ.കെ.സി.സി. പ്രസിഡണ്ടും മറ്റു ഭാരവാഹികളും,

www.malankaralibrary.com

അനേകം ഉദ്യോഗസ്ഥന്മാർ സഭയുടെ ഉപകാരികളായ വൈദികരും അത്മായപ്രമുഖരും ഒട്ടുവളരെ ജനങ്ങളും സന്നിഹിതരായിരുന്നു.

ജൂബിലിപ്രമാണിച്ച് 12-ാം പീയൂസ് പാപ്പാ സ്വന്തം കൈയാൽ ഒപ്പിട്ടിട്ടുള്ള ഒരാശിസ്സും എഴുന്നൂറ്റിഅമ്പതിൽപരം വാക്കുകളുള്ള ഒരു അപ്പസ്തോലിക ലേഖനവും സഭാംഗങ്ങൾക്കായി പ്രിയോർ ജനറാളച്ചന് അയച്ചുകൊടുത്തു. ജൂബിലിദിവസം മാന്നാനം ആശ്രമദേവാലയം സന്ദർശിച്ച് അപേക്ഷിക്കുന്നവർക്ക് പൂർണദണ്ഡവിമോചനവും സഭാംഗങ്ങൾക്ക് അനവധി ദണ്ഡവിമോചനങ്ങളും കരുണാപൂർവം അനുവദിച്ചു.

കർദിനാളന്മാരായ ടിസറാങ് ഫുമോസോണിബിയോണ്ടി, വലേരിയൻ ഗ്രേഷ്യസ് എന്നിവരും ഇൻഡ്യയിലെ വൈദികമേലധ്യക്ഷന്മാരെല്ലാവരും സന്ന്യാസസഭാശ്രേഷ്ഠന്മാരും, പല അല്മായനേതാക്കളും ഭാവുകങ്ങൾ നേർന്നുകൊണ്ട് തദവസരത്തിൽ സന്ദേശങ്ങൾ അയച്ചിരുന്നു.

ജൂബിലിയുടെ പിറ്റേദിവസം, പരേതരായ സഭാംഗങ്ങൾക്കും സഭയുടെ ഉപകാരികൾക്കുംവേണ്ടി, മരിച്ചവർക്കുള്ള ശേഷക്രിയകൾ നടത്തി. സഭാസ്ഥാപകരായ പാലയ്ക്കൽ തോമ്മാ മല്പാൻ, പോരൂക്കര തോമ്മാ മല്പാൻ, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്നിവരുടെ ചരമദിനങ്ങളായ ജനുവരി 8, 16, 3 എന്നീ തീയതികളിൽ അവരുടെ പൂജ്യാവശിഷ്ടങ്ങൾ വിശ്രമംകൊള്ളുന്ന പള്ളിപ്പുറം ഫൊറോനാപ്പള്ളിയിലും മാന്നാനത്തും ജൂബിലി പ്രമാണിച്ച് റാസ, ഒപ്പീസ് മുതലായ ചടങ്ങുകൾ പ്രിയോർ ജനറാളച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**തേവരയിലെ സന്ന്യാസവാരം**

ജൂബിലി ആഘോഷങ്ങളുടെ മറ്റൊരു ചടങ്ങ് ഡിസംബർ 27 മുതൽ 30 വരെ തീയതികളിൽ തേവരവച്ചു നടന്ന "സന്ന്യാസവാരം" (Religious Week) ആയിരുന്നു. കേരളത്തിൽ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന അറുപതു സന്ന്യാസസഭകളെ പ്രതിനിധാനം ചെയ്ത് നാനൂറോളം സന്ന്യാസിനീസന്ന്യാസികൾ ഇതിൽ സംബന്ധിച്ചു. തദവസരത്തിൽ സന്ന്യാസജീവിതത്തിന്റെ വിവിധ വശങ്ങൾ പുരസ്കരിച്ച് 14 പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. അവയെപ്പറ്റി പണ്ഡിതോചിതവും പ്രായോഗികവുമായ ചർച്ചകളും നടത്തി. ഈ സംരംഭം ഏറ്റം പ്രയോ

www.malankaralibrary.com

ജനകരമെന്നു തോന്നുകയാൽ, ആണ്ടുതോറും ഇപ്രകാരമുള്ള സന്ന്യാസവാരം നടത്തേണ്ടതാണെന്നും തീരുമാനിച്ചു. അങ്ങനെ, 1954 ഡിസംബർ 8-ാം തീയതി സമംഗളം അത് പര്യവസാനിച്ചു.

1956 ജനുവരി 8-ാം തീയതി ഫാദർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തലശ്ശേരി മെത്രാനായി റോമിൽവച്ച് അഭിഷിക്തനായി.

1956 ജനുവരി 10-ാം തീയതി എറണാകുളം മെത്രാപ്പോലീത്താ മാർ അഗസ്റ്റിൻ കണ്ടത്തിൽ നിര്യാതനായി.

1956 ജൂലൈ 29-ാംനു ചങ്ങനാശ്ശേരി രൂപത, അതിരൂപതയായി ഉയർത്തപ്പെട്ടു. അന്നുതന്നെ നവമായി സ്ഥാപിതമായ കോതമംഗലം രൂപതയുടെ അധ്യക്ഷനായി നിയമിതനായ മോൺ. മാത്യു പോത്തനാമുഴി '56 നവം. 18-ന് റോമിൽവച്ച് മെത്രാനായി അഭിഷേചിക്കപ്പെട്ടു.

**കേന്ദ്രഭവനത്തിലെ വിവിധ ചെയ്തികൾ**

ഇവിടത്തെ ക്ലാരമഠക്കാർക്ക് ഒരു സഹായംകൂടിയാകട്ടെ എന്ന ഉദ്ദേശ്യത്തോടെ, സർക്കാർ അനുമതിയോടുകൂടെ 1957 ജൂൺ 27ന് ഇവിടെ കിഴക്കെ പുരയിടത്തിൽ ഒരു പ്രൈമറിസ്കൂൾ ആരംഭിച്ചു.

നമ്മുടെ സഭയുടെ ഒരു വിസിറ്റർ അപ്പൊസ്തോലിക്ക് ആയിരുന്ന വിജയപുരത്തേ ബൊനവെന്തൂരാമെത്രാനച്ചൻ 1958 മാർച്ച് 26ന് മരണം പ്രാപിച്ച വിവരമറിഞ്ഞ് ഇവിടെ ശേഷക്രിയകൾ നടത്തിയതുകൂടാതെ, ഇവിടെനിന്ന് കുറെ അച്ചന്മാർ കോട്ടയത്തിനുപോയി ശവസംസ്കാരത്തിൽ സംബന്ധിച്ചു.

കെ.സി.എം. ബോയ്സ് ഹോമിനുവേണ്ടി ഇവിടെ പണി തീർത്ത പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം 1958 ജൂൺ 13ന് നിർവഹിക്കപ്പെട്ടു.

1958 ഏപ്രിൽ 10ന് ശീമയാത്രയ്ക്കു പുറപ്പെട്ട പ്രിയോർ ജനറാൾ ബ. മാവുരൂസച്ചൻ റോമാ, ലൂർദ്, ലണ്ടൻ, ജെർമനി, പാലസ്തീനാ, ഇറാക്ക് ആദിയായ സ്ഥലങ്ങൾ സന്ദർശിച്ചശേഷം 1958 ജൂലൈ 24-ാംന് ഇവിടെ സസുഖം വന്നുചേർന്നു.

പ്രോവിൻസതിർത്തികൾ നിർണയിക്കുന്നതിനുവേണ്ടി തിരുസംഘത്തിൽനിന്നുണ്ടായ നിർദേശമനുസരിച്ച് കഴിഞ്ഞ പൊതുസംഘത്തിലെ 33 സംഘാംഗങ്ങൾ ചേർന്നുള്ള ഒരു അസാധാരണസംഘം 1958 നവംബർ 25-ൽ ഇവിടെ സമ്മേളിച്ചു.

www.malankaralibrary.com

**ലൂർദ് ഗ്രോട്ടോയുടെ വെഞ്ചരിപ്പ്**

ബോംബേ മെത്രാപ്പോലീത്ത അത്യുന്നത ഗ്രേഷ്യസ് കർദിനാളിന് 1959 ഫെബ്രുവരി 14ന് ഇവിടെ കേമമായ ഒരു സ്വീകരണം നല്കപ്പെട്ടു. ഇവിടെ പുതുതായി പണിതീർത്ത ലൂർദ് ഗ്രോട്ടോയുടെ വെഞ്ചരിപ്പ്, എറണാകുളം വരാപ്പുഴ മെത്രാപ്പോലീത്താമാരുടെയും തൃശൂർ മെത്രാനച്ചന്റെയും ഒട്ടുവളരെ വൈദികരുടെയും ജനങ്ങളുടെയും സാന്നിധ്യത്തിൽ അവിടന്നു നിർവഹിക്കുകയുണ്ടായി. പിറ്റേദിവസം വൈകുന്നേരം ആഘോഷപൂർവകമായ ഒരു ഭക്തപ്രദക്ഷിണത്തിനുശേഷം അഞ്ചുമണിക്ക് എറണാകുളം മെത്രാപ്പോലീത്താ ഗ്രോട്ടോയിൽ ആദ്യത്തെ ദിവ്യബലി അർപ്പിച്ചു. സുദീർഘമായ ഒരു പ്രസംഗവും പറഞ്ഞു. അനന്തരം, വരാപ്പുഴ മെത്രാപ്പോലീത്താ 'തെദേവും' എന്ന സ്തോത്രഗീതത്തോടെ പരിശുദ്ധ കുർബാനയുടെ വാഴ്വും നല്കി.

നമ്മുടെ സഭയുടെ സാധാരണ പൊതുസംഘം 1959 നവംബർ 20ന് മാന്നാനത്തു സമ്മേളിച്ച് പ്രിയോർ ജനറാളായി ബ. മാവുരൂസച്ചനെത്തന്നെ വീണ്ടും തിരഞ്ഞെടുത്തു.

ഇവിടത്തെ കരകൗശലശാലയ്ക്കായി 1959 ഡിസംബർ 1-ന് ഒരു പ്രിന്റിംഗുപ്രസ് സകല സാമഗ്രികളോടുംകൂടെ ഏറ്റുമാനൂർനിന്ന് 7000 ക. യ്ക്ക് വാങ്ങിച്ച് ഇവിടെ കൊണ്ടുവന്നു സ്ഥാപിച്ചു.

**വനവാസ കൊവേന്തയുടെ ഉദ്ഘാടനം**

നമ്മുടെ സഭയുടെ ഒരു വനവാസ കൊവേന്തയായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന നിരവപ്പുഴ നിർമലഗിരി അരണ്യാശ്രമത്തിന്റെ ഉദ്ഘാടനം 1962 മേയ് 1-ാം തീയതി ന.മ്മുടെ ബ. പ്രിയോർ ജനറാളച്ചൻ നിർവഹിച്ചു. ഇതിനോടനുബന്ധിച്ച് സഭാംഗങ്ങളുടെ പത്രിമേനി സ്ഥാപിച്ചിരിക്കുന്ന ഒരു എസ്റ്റേറ്റുമുണ്ട്. ഇവ കേന്ദ്രസമിതിയുടെ നേരിട്ടുള്ള ഭരണത്തിലാണ്. ഇവിടത്തെ ആദ്യ അന്തേവാസികൾ കരിപ്പാശ്ശേരി ബ. ജോസഫ് ആഗസ്റ്റിനച്ചനും മുരിക്കൻ ബ. ബെഞ്ചമിൻ സഹോദരനുമായിരുന്നു.

സ്ഥലം സ്കൂൾ ഗ്രൗണ്ടിൽ 1962 മേയ് 31-ന് പരിശുദ്ധ ദൈവമാതാവിന്റെ ഫാത്തിമാരൂപം ഒരു താമരപീഠത്തിൽ സാഘോഷം സ്ഥാപിച്ചു.

നമ്മുടെ പരിഷ്കരിച്ച കുർബാനക്രമമനുസരിച്ച്, 1962-ലെ ദുക്റാനതിരുനാൾദിനം, ജൂലൈ 3-ന്, നമ്മുടെ ദേവാലയത്തിൽ മലയാളത്തിൽ ആദ്യമായി ദിവ്യബലി അർപ്പിക്കപ്പെട്ടു.

www.malankaralibrary.com

ക്ലാരമഠത്തിനടുത്തു പുതുതായി മഠക്കാർ ഒരു സ്കൂൾ കെട്ടിടം പണിതീർത്തതിനാൽ ഇവിടെ നടത്തിയിരുന്ന പ്രൈമറി സ്കൂൾ 1962 ജൂലൈ 6-ന് അവിടേക്കു മാറ്റപ്പെട്ടു.

തേവരവച്ചു നടന്ന കേരള സന്ന്യാസസഭാ ശ്രേഷ്ഠന്മാരുടെ പ്രാദേശിക കോൺഫറൻസിൽ 1963 ജനുവരി 2-ന് നമ്മുടെ സഭാശ്രേഷ്ഠന്മാരെല്ലാം സംബന്ധിച്ചു.

കെ.സി.എം. പ്രസിനുവേണ്ടി പണിതീർത്ത പുതിയ കെട്ടിടം 1963 ജൂലൈ 16-ന് വെഞ്ചരിക്കുകയും പ്രസ്സ് സാമാനങ്ങളെല്ലാം അവിടേക്കു മാറ്റിയിട്ട് പഴയകെട്ടിടം കുട്ടികളുടെ താമസത്തിനായി വിട്ടുകൊടുക്കുകയും ചെയ്തു.

പൂനായിൽ പഠനം പൂർത്തിയാക്കിയ നമ്മുടെ അഞ്ചു ശെമ്മാശ്ശന്മാർക്ക് കോതമംഗലം മെത്രാനച്ചൻ ഇവിടത്തെ നമ്മുടെ പള്ളിയിൽ വച്ച് 1964 ഏപ്രിൽ 6-ന് കുർബാനപട്ടം നല്കുകയുണ്ടായി. 8-ാം തീയതിമുതൽ 10-ാം തീയതിവരെ ഇവിടെവച്ച് നമ്മുടെ സമ്മർ കോൺഫറൻസും നടത്തപ്പെട്ടു.

കോതമംഗലം മെത്രാനച്ചന്റെ ആഗ്രഹാനുസരണം, തൊടുപുഴയിലെ പുതിയ കോളജിന്റെ പ്രിൻസിപ്പാളായി ജോലി നിർവഹിക്കാൻ നമ്മുടെ ബ. തെയൊബാൾദച്ചൻ 1964 ജൂൺ 20-ന് അവിടേക്കുപോയി ജോലി ഭരമേറ്റു.

എറണാകുളം മെത്രാപ്പോലീത്താ ഡോക്ടർ പാറേക്കാട്ടിലിന്റെ പൗരോഹിത്യ രജത ജൂബിലി പ്രമാണിച്ച് 1964 ഓഗസ്റ്റ് 24-ന് അരമനയിൽനടന്ന ചടങ്ങുകളിൽ നമ്മുടെ പ്രിയോർ ജനറാളച്ചൻ സംബന്ധിക്കുകയും, അവിടത്തെ ഭവനനിർമാണ പദ്ധതിക്കായി 1000 ക. സംഭാവന നല്കുകയും ചെയ്തു.

ബോംബെയിൽ നടന്ന 38-ാം സാർവദേശീയ ദിവ്യകാരുണ്യ കോൺഗ്രസ്സിൽ സംബന്ധിക്കാനായി 1964 നവംബർ അവസാനത്തിൽ നമ്മുടെ സഭാംഗങ്ങളിൽ വളരെപ്പേർ പോകുകയുണ്ടായി. ഡിസംബർ 1-ാം തീയതി നമ്മുടെ റീത്തിൽപ്പെട്ട 130 ശെമ്മാശ്ശന്മാർക്ക് അവിടെ നമ്മുടെ ഏഴു മെത്രാന്മാർ പട്ടംകൊടുത്തു. അവരിൽ 45 പേർ നമ്മുടെ സഭാംഗങ്ങളായിരുന്നു. അന്നു രാത്രി 9-30 ന് ദൈവദാസനായ നമ്മുടെ ചാവറയച്ചൻ ഉൾപ്പെടെ നാലു ദൈവദാസരുടെ അനുസ്മരണയും ഉണ്ടായിരുന്നു.

www.malankaralibrary.com

രണ്ടാം വത്തിക്കാൻ സൂനഹദോസിലെ പിതാക്കന്മാരുടെ ഗണത്തിൽ നമ്മുടെ പ്രിയോർ ജനറാളച്ചനെയും ഉൾപ്പെടുത്തിയിരിക്കുന്നതായി ക്ഷണം ലഭിച്ചതനുസരിച്ച് അതിൽ സംബന്ധിക്കുന്നതിനായി ബ. മാവുരൂസച്ചൻ 1965 സെപ്റ്റംബർ 2-ാം തീയതി വിമാനമാർഗം റോമിലേക്ക് പുറപ്പെട്ടു. സൂനഹദോസ് കഴിഞ്ഞശേഷം 1965 ഡിസംബർ 27-ന് അദ്ദേഹം സസുഖം തിരിച്ചെത്തി. ജനറാളച്ചന്റെ അസാന്നിധ്യത്തിൽ അദ്ദേഹത്തിനുപകരം വികാരിജനറാളായി 1-ാം ദെഫ്നിത്തോർ ബ. അബ്രാഹമച്ചൻ നിയമിതനായി ജോലിനിർവഹിച്ചിരുന്നു.

1966 ജനുവരി 10-മുതൽ 16-വരെ ഇവിടെവച്ച് നടത്തപ്പെട്ട നമ്മുടെ പൊതുസംഘത്തിൽ പ്രിയോർ ജനറാളായി തെക്കേക്കര ബ. കനീസിയൂസച്ചനും പൊതുശ്രേഷ്ഠാലോചനക്കാരായി മാമ്പുഴക്കൽ ബ. റോമുളൂസച്ചനും വടക്കേക്കുടി ബ. ദൊരോത്തേവൂസച്ചനും കുനിയന്തോടൻ ബ. റുഫീനോസച്ചനും ജീരകത്തു ബ. പൗളീനോസച്ചനും പൊതുപ്രൊക്കുറേറ്ററായി വിതയത്തിൽ ബ. ഫ്ളവ്യാനച്ചനും തിരഞ്ഞെടുക്കപ്പെട്ടു.

**രാഷ്ട്രീയ തിരഞ്ഞെടുപ്പിനു പ്രാർഥന**

1967 ഫെബ്രുവരി 20 ലെ രാഷ്ട്രീയ തിരഞ്ഞെടുപ്പിനു മുമ്പ് പ്രത്യേക പ്രാർഥനകൾ നടത്തണമെന്ന് അതിരൂപതാധ്യക്ഷൻ നിർദേശിച്ചതനുസരിച്ച് ഒരു പഞ്ചദിനപ്രാർഥന വിവിധ പരിപാടികളോടെ ഇവിടെ നടത്തപ്പെട്ടു.

**പഴയ പ്രിയോർജനറാളച്ചന് യാത്രയയപ്പ്**

പ്രിയോർ ജനറാൾ ജോലിയിൽനിന്നൊഴിഞ്ഞ് ദക്ഷിണപ്രവിശ്യാശ്രേഷ്ഠനായി ജോലി ഏറ്റെടുത്തിരിക്കുന്ന ബ. മാവുരൂസച്ചന് പൊതുജനങ്ങളുടെ വകയായി ഒരു യാത്രയയപ്പ് ഇവിടത്തെ ബാലഭവൻ ഗ്രൗണ്ടിൽവച്ച് 1966 ഫെബ്രുവരി 20-ാം തീയതി നല്കപ്പെട്ടു.

**ഇന്റർനൻഷ്യോയുടെ സന്ദർശനം**

ഇൻഡ്യയുടെ അപ്പൊസ്തോലിക്ക് ഇന്റർനൻഷ്യോ മൊൺ. ജയിംസ് നോക്സ് നമ്മുടെ ഈ ഭവനം 1966 ഫെബ്രുവരി 28-നു സന്ദർശിക്കുകയും നമ്മുടെ സത്കാരം സ്വീകരിക്കുകയും ചെയ്തു. തദവസരത്തിൽ എറണാകുളം വരാപ്പുഴ അതിരൂപതാധ്യക്ഷന്മാരും ക്ഷണപ്രകാരം സന്നിഹിതരായിരുന്നു.

www.malankaralibrary.com

**പ്രിയോർ ജനറാളച്ചന്റെ റോമായാത്ര**

'Union of the Superiors General' എന്നതിന്റെ 1966 ജൂൺ 13 ലെ പ്രത്യേക സമ്മേളനത്തിൽ പങ്കെടുക്കാൻ ക്ഷണപ്രകാരം ഇവിടെ നിന്ന് ജൂൺ 8 നു റോമിലേക്കു പുറപ്പെട്ട ബ. പ്രിയോർ ജനറാളച്ചൻ അതിൽ സംബന്ധിച്ചശേഷം ജൂലൈ 1-ന് ന. ബ. പ്ലാസിഡച്ചനോടുകൂടെ ഇവിടെ തിരിച്ചെത്തി.

**നമ്മുടെ സഭയ്ക്ക് 'എക്സെംഷ്യൻ' പദവി-**

1967 ജൂലൈ 29-ന് നമ്മുടെ സഭാ നിയമസംഹിത അംഗീകരിച്ച തോടൊപ്പം സഭയുടെ 'പ്രവർത്തനങ്ങൾക്കും നേട്ടങ്ങൾക്കും അനുയുക്തമായ ഒരു സമ്മാനം നല്കുന്നതിനും സഭാഭരണം കൂടുതൽ ബലിഷ്ഠമാക്കുന്നതിനു'മായി നമ്മുടെ സഭയെ എക്സെംപ്റ്റ് (Exempt) എന്ന പദവിയിലേക്ക് ഉയർത്തുകയുണ്ടായി.

**പൊതുശ്രേഷ്ഠഭവന നവീകരണം**

ഇവിടെത്തന്നെ പൊതുസംഘം കൂടുന്നതിനും സഭയുടെ ഒരു കേന്ദ്രലൈബ്രറി ആരംഭിക്കുന്നതിനും ആവശ്യമായ സൗകര്യം പ്രമാണിച്ച് ഊട്ടുമുറി, കുശിനി, സമ്മേളനഹാൾ, ഭവനലൈബ്രറി എന്നിവയ്ക്കുവേണ്ടി വക്കുവശത്തെ കെട്ടിടം പടിഞ്ഞാറോട്ടു നീട്ടിപ്പണിതു. അതോടെ പഴയ കുശിനി, കലവറ മുതലായവ കേന്ദ്രലൈബ്രറിക്കു വേണ്ടി ഉപയോഗിക്കത്തക്കവിധം സൗകര്യപ്പെടുത്തി. പഴയ ഊട്ടുമുറിയും സമ്മേളനഹാളും താമസമുറികളാക്കിത്തിരിച്ചു. ഈ പുതിയ കെട്ടിടം 1968 ഡിസംബർ അവസാനത്തോടെ ഉപയോഗിക്കാനും തുടങ്ങി. താമസിയാതെ മണിമുറി വടക്കുവശത്തെ കെട്ടിടത്തിന്റെ കിഴക്കേ അറ്റത്തേക്ക്, വേണ്ട സജ്ജീകരണങ്ങൾ ചെയ്തശേഷം, മാറ്റി സ്ഥാപിച്ചു.

**കേന്ദ്രലൈബ്രറി**

പൊതുജനങ്ങൾക്ക് ഉപകരിക്കത്തക്കവിധം ഒരു കേന്ദ്രലൈബ്രറി നമ്മുടെ സഭയ്ക്കുണ്ടാകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 1966-ലെ പൊതുസംഘം പൊതുശ്രേഷ്ഠസംഘത്തെ ചുമതലപ്പെടുത്തിയതനുസരിച്ച് അതിനുള്ള ആദ്യപടിയായി പൊതുശ്രേഷ്ഠ ഭവനത്തിന്റെ പഴയ കുശിനി, സ്റ്റോർ മുതലായവ ലൈബ്രറിക്ക് ഉപകരിക്കുമാറ് പരിഷ്കരിച്ച് സൗകര്യപ്പെടുത്തിയിരിക്കുന്നു.

www.malankaralibrary.com

### സഭാചരിത്രരചന

നമ്മുടെ സന്ന്യാസസഭയുടെ പൂർണമായ ഒരു ചരിത്രത്തിന്റെ ആവശ്യകത ശരിയായി മനസ്സിലാക്കിക്കൊണ്ട് സഭാധികാരികൾ നിർദേശിച്ചപ്രകാരം നമ്മുടെ ബ. ഗ്രിഗോരിയോസച്ചനും ബ. അൻസേൽമൂസച്ചനും ഇതിനകം ചെയ്തുവച്ചിട്ടുള്ള ജോലി കഴിയുന്നത്രവേഗം പൂർത്തിയാക്കുന്നതിനുവേണ്ടി ബ. പ്രിയോർ ജനറാളച്ചന്റെ നിർദേശമനുസരിച്ച് 1968 ജനുവരി മധ്യംമുതൽ ബ. ഗ്രിഗോറിയോസച്ചൻ ഈ കേന്ദ്രഭവനത്തിൽ താമസിച്ചുകൊണ്ട് നമ്മുടെ യുവവൈദികരായ എടപ്പാടിക്കരോട്ട് ബ. തോമ്മസച്ചന്റെയും ഈട്ടിക്കൽ ബ. ആന്റണിയച്ചന്റെയും വാടപ്പറമ്പിൽ ബ. തോമ്മാച്ചന്റെയും സഹായത്തോടെ തുടർച്ചയായി ജോലി ചെയ്ത് 1968 ഡിസംബർ അവസാനത്തോടെ കയ്യെഴുത്തുപ്രതി പൂർത്തിയാക്കി.

### പൗരസ്ത്യതിരുസംഘാധ്യക്ഷന്റെ സന്ദർശനം

പൗരസ്ത്യതിരുസംഘത്തിന്റെ പ്രീഫെക്ടായ മക്സിമീലിയൻ ഡെ ഫുർസ്റ്റൻബർഗ് കർദിനാളും ഇൻഡ്യയുടെ അപ്പൊസ്തോലിക്ക് പ്രോനുൻഷ്യോ ജോസഫ് കാപ്രിയോയും പാർട്ടിയും കേരളസന്ദർശനത്തിനിടയിൽ 1968 ഫെബ്രുവരി 13-ാം തീയതി ഉച്ചയ്ക്ക് ഈ ഭവനം സന്ദർശിച്ച് നമ്മുടെ സത്കാരം സ്വീകരിച്ചു. തദവസരത്തിൽ എറണാകുളം, വരാപ്പുഴ മെത്രാപ്പോലീത്താമാരും ക്ഷണപ്രകാരം സന്നിഹിതരായിരുന്നു. ടോസ്റ്റിനുള്ള മറുപടിയിൽ സഭയുടെ മിഷൻ പ്രവർത്തനത്തെ ശ്ലാഘിച്ചും ഇനിയും മിഷൻപ്രവർത്തനം ഏറ്റെടുക്കാൻ ആഹ്വാനംചെയ്തും കർദിനാൾ സംസാരിച്ചു.

### അസാധാരണ പൊതുസംഘം

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ Perfectae Caritatis എന്ന ഡിക്രിയും 6-ാം പൗലോസ് മാർപാപ്പായുടെ Ecclesia Sanctae എന്ന തിരുവെഴുത്തും അനുസരിച്ച് സഭയുടെ നവീകരണവും അധുനാതനീകരണവും ഉദ്ദേശിച്ചുള്ള അസാധാരണപൊതുസംഘം 1968 ഏപ്രിൽ 17-ന് ആരംഭിച്ചു. പ്രതിനിധികളിൽ പലരും വിദ്യാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരായതുകൊണ്ട് തുടർച്ചയായി ചർച്ചകൾ നടത്താനുള്ള അസൗകര്യം മൂലം ഏപ്രിൽ 17 മുതൽ മെയ് 1 വരെയും, മേയ് 22 മുതൽ 29 വരെയും, ഓഗസ്റ്റ് 24 മുതൽ സെപ്റ്റംബർ 7 വരെയും ഡിസംബർ 9 മുതൽ 21 വരെയും നാലു ഘട്ടങ്ങളിലായാണ് സമ്മേള

www.malankaralibrary.com

നങ്ങൾ നടത്തിയത്. അടുത്ത സമ്മേളനം ഏപ്രിൽ മാസത്തിലായിരിക്കും.

**പുതിയ സാഗാർ എക്സാർക്കേറ്റ്**

മധ്യപ്രദേശിൽ ഭോപ്പാൽ അതിരൂപതയുടെ ഭാഗമായിരുന്ന മൂന്നു ഡിസ്ട്രിക്റ്റുകൾ തിരിച്ച് സാഗാർ എക്സാർക്കേറ്റ് എന്നൊരു മിഷൻ രൂപത നവമായി സ്ഥാപിച്ചിരിക്കുന്നുവെന്നും അതിന്റെ നിയുക്ത എക്സാർക്കായി നമ്മുടെ ബ. ക്ലെമെൻസച്ചനെ നാമനിർദേശം ചെയ്തുകൊണ്ട് പ്രസ്തുത എക്സാർക്കേറ്റിനെ നമ്മുടെ സഭയെ ഭരമേല്പിച്ചിരിക്കുന്നുവെന്നുമുള്ള വാർത്ത 1968 ഓഗസ്റ്റ് 15-ന് പരസ്യപ്പെടുത്തി. ഇതു പ്രമാണിച്ച് പ്രസ്തുത ദിവസം വൈകീട്ട് ദെഫിനിത്തോരി അംഗങ്ങളുടെയും പ്രവിശ്യാശ്രേഷ്ഠന്മാരുടെയും ഒരു യോഗം ഇവിടെ കൂടി നിയുക്ത എക്സാർക്കിനെ സഭയുടെ പേരിൽ അനുമോദിക്കുകയുണ്ടായി.

**പുതിയ എക്സാർക്കന്മാർക്ക് പൊതു അനുമോദനം**

ഭോപ്പാലിലെ എവുജിൻ ഡിസൂസാമെത്രാപ്പോലീത്താ, മോൺസിഞ്ഞോർമാരായ ജനുവാരിയൂസ് (ചാന്ദാ), ക്ലെമെന്റ് (സാഗാർ), ഏബ്രാഹം മറ്റം (സാറ്റ്നാ), ജോൺ പെരുമറ്റം (ഉജ്ജെൻ) എന്നിവരെ 1968 സെപറ്റംബർ 13-ന് ഇവിടെ സ്വീകരിച്ച് അനുമോദിക്കുകയുണ്ടായി. തദവസരത്തിൽ അഭിവന്ദ്യ എറണാകുളം മെത്രാപ്പോലീത്തായും സന്നിഹിതനായിരുന്നു. മലബാർ റീത്തിന് വടക്കേ ഇൻഡ്യയിലേക്കുള്ള പ്രവേശനത്തിന്റെ ചരിത്രവും ശോഭനമായ ഭാവിയും സംബന്ധിച്ച് അദ്ദേഹം സുദീർഘമായി പ്രസംഗിച്ചു. ടോസ്റ്റിൽ എവുജിൻ മെത്രാപ്പോലീത്തായുടെ മഹാമനസ്കതയെ പ്രത്യേകം എടുത്തുപറഞ്ഞുകൊണ്ട് ബ. പ്രിയോർ ജനറാളച്ചൻ സംസാരിച്ചു. എക്സാർക്കുമാരുടെ പേർക്ക് മോൺസിഞ്ഞോർ ജനുവാരിയൂസ് മറുപടി പറഞ്ഞു. പൊതുസംഘം നടന്നുകൊണ്ടിരുന്ന അവസരമായിരുന്നതിനാൽ സംഘാംഗങ്ങൾ ഏവരും അനുമോദനസമ്മേളനത്തിൽ സംബന്ധിച്ചു.

**സാഗാർ മിഷ്യനിലേയ്ക്കുള്ള യാത്ര അയപ്പ്**

കൂറിയാ അംഗങ്ങളും പ്രവിശ്യശ്രേഷ്ഠന്മാരും കൂടിയുള്ള ഒരു യോഗത്തിനുശേഷം സാഗാർ എക്സാർക്കേറ്റിലേക്കു മോൺ. ക്ലെമെന്റും, മാമ്പ ബ. പപ്പിയാസച്ചൻ, പാലാത്ര ബ. ശെമോൻസ്തോക്കച്ചൻ, ഈട്ടിക്കൻ ബ. ആന്റണിയച്ചൻ, കോഴിപ്പാട്ടു ബ. പൗലോസ

www.malankaralibrary.com

ച്ചൻ എന്നിവരടങ്ങിയ ആദ്യത്തെ മിഷ്യനറിസംഘത്തെ ചില പ്രത്യേക ചടങ്ങുകൾക്കുശേഷം 1968 ഒക്ടോബർ 18-ാംനു ഔദ്യോഗികമായി യാത്രയാക്കി.

**പ്രോനുൻഷ്യോ പൊതുസംഘങ്ങളോട്**

നമ്മുടെ പൊതുസംഘത്തിന്റെ നാലാമത്തെ സമ്മേളനത്തിന്റെ അവസാനദിവസമായ 1968 ഡിസംബർ 21-ന് അപ്പൊസ്തോലിക്ക് പ്രോനുൻഷ്യോ മോൺ. ജോസഫ് കാപ്രിയോ, അദ്ദേഹത്തിന്റെ കേരള സന്ദർശനപരിപാടിയുടെ അവസാനത്തെ ചടങ്ങായി നമ്മുടെ പൊതു സംഘം പിതാക്കന്മാരോട് രാവിലേ 9 മുതൽ 9-45 വരെ സംസാരിച്ചു. ഭാരതത്തിലെ ഏറ്റം വലിയ സന്ന്യാസസഭയായ സി.എം.ഐ. സഭ യിൽനിന്ന് ഭാരതത്തിന് ന്യായമായി പ്രതീക്ഷിക്കാവുന്നത് എന്തൊ ക്കെയാണെന്നും ഇതഃപര്യന്തം ഈ സഭയിൽനിന്നു ലഭിച്ചുകൊണ്ടി രിക്കുന്ന സേവനത്തെപ്പറ്റി തിരുസഭ എന്തുമാത്രം അഭിമാനിക്കുന്നു വെന്നും ഇനി കൂടുതലായി ശ്രദ്ധിക്കേണ്ടത് ഏതെല്ലാം കാര്യങ്ങളി ലാണെന്നും അദ്ദേഹം തെളിവായി പ്രസ്താവിക്കുകയുണ്ടായി.

www.malankaralibrary.com

# അധ്യായം ഏഴ്
## സഭയുടെ പരിശീലന കേന്ദ്രങ്ങൾ
## A. നവസന്ന്യാസ ഭവനങ്ങൾ (Novitiates)

നമ്മുടെ സഭയുടെ ആരംഭകാലത്ത് സന്ന്യാസാർഥികളെ സ്വീകരിച്ച് പരിശീലനം നല്കിയിരുന്നത് മാന്നാനം ആശ്രമത്തിലായിരുന്നു. പൊതു സെമിനാരി അവിടെയായിരുന്നതിനാൽ സന്ന്യാസാർഥികളും മറ്റു വൈദികാർഥികളോടൊപ്പം അവിടെയാണ് പഠനം നടത്തിയിരുന്നത്. എന്നാൽ 1838-ൽ പോരൂക്കരയച്ചൻ സന്ന്യാസാർഥികളെ മറ്റുള്ളവരിൽനിന്നു വേർതിരിച്ച് ഇരുകൂട്ടർക്കും വ്യത്യസ്ത വാസസ്ഥലങ്ങൾ നിശ്ചയിച്ചു.

1857 വരെ മാന്നാനം മാത്രമായിരുന്നു സഭയുടെ നവസന്ന്യാസ ഭവനവും പഠനഗൃഹവും ലത്തീൻ റീത്തുകാർക്കായി സമാരംഭിച്ച കൂനമ്മാവ് ആശ്രമം, 1857-ൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ നമ്മുടെ സഭയ്ക്ക് വിട്ടുതന്നതുമുതൽ അവിടെയും സന്ന്യാസാർഥികളെ സ്വീകരിച്ചുവന്നു.

1859-ൽ കൂനമ്മാവ് ആശ്രമം, സഭയുടെ നവസന്ന്യാസ ഭവനമായി വികാരി അപ്പസ്തോലിക്കാ പ്രഖ്യാപിക്കുകയാൽ അന്ന് മാന്നാനത്തുണ്ടായിരുന്ന സന്ന്യാസാർഥികളെയും നവസന്ന്യാസികളെയും വൈദികാർഥികളെയും അങ്ങോട്ടു മാറ്റി. നവസന്ന്യാസഗുരുവായി പീലിപ്പോസ് മിഷനറി നിയമിതനാവുകയും ചെയ്തു.

**അമ്പഴക്കാട് പൊതു നവസന്ന്യാസ ഭവനം, 1889-1956**

1889-ൽ കൂനമ്മാവ് ആശ്രമം വരാപ്പുഴ മിഷനു വിട്ടുകൊടുത്തുപോരേണ്ടിവന്നതിനാൽ അതിനു പകരം അയൂത്തി ഡെലെഗേറ്റ് അപ്പസ്തോലിക്കായുടെ 1889 ഫെബ്രു. 24-ലെ ഡിക്രിയനുസരിച്ച് അമ്പഴക്കാട് ആശ്രമം സഭയുടെ നവസന്ന്യാസ ഭവനവും പഠനഗൃഹവുമായി പ്രഖ്യാപിക്കപ്പെട്ടു. കൂനമ്മാവിൽനിന്നു വന്ന വൈദികരും നവസന്ന്യാസികളും സഹോദരന്മാരും അംഗസംഖ്യയിൽ കൂടുതലായിരുന്നതിനാൽ, സ്ഥല സൗകര്യങ്ങൾ മതിയാകാതെവന്നു. അതിനാൽ താത്കാലികമായി പനമ്പുകൊണ്ടു മറച്ച് ഒരു ഭക്ഷണശാല ഉണ്ടാക്കി. കൂനമ്മാവു കൊവേന്തയ്ക്കു പ്രതിഫലമായി ലഭിച്ച 2000 ക. ഉപയോഗിച്ച് ഒരു രണ്ടുനിലക്കെട്ടിടത്തിന്റെ പണി ആരംഭിച്ചെങ്കിലും 1911-ലാണ് അതിന്റെ പണി പൂർത്തിയാക്കാൻ സാധിച്ചത്.

www.malankaralibrary.com

വേനല്ക്കാലത്ത് പുഴയിൽ കുളിക്കാനുള്ള സൗകര്യത്തിനായി ചാലക്കുടിപ്പുഴയുടെ തീരത്ത് സമ്പാളൂരിൽ കുറെസ്ഥലം വാങ്ങുകയും അവിടെ പോകുന്നവർക്ക് താമസിക്കാനായി ഒരു കെട്ടിടം പണിയിക്കുകയും ചെയ്തു. അന്നുമുതൽ വേനല്കാലങ്ങളിൽ നവസന്ന്യാസികൾ, കാലത്ത് ആശ്രമത്തിൽ നിന്നുപോയി കുളിച്ചുതാമസിച്ചശേഷം സായാഹ്നത്തിൽ ആശ്രമത്തിലേക്കു മടങ്ങുന്നു.

നവസന്ന്യാസികളുടെ താമസത്തിന് ചില സൗകര്യങ്ങളെല്ലാം ഉണ്ടായെങ്കിലും പ്രതിവർഷം സന്ന്യാസാർഥികളുടെ എണ്ണം വർധിച്ചുവരികയാൽ, നവസന്ന്യാസത്തിനു ശേഷമുള്ള വ്രതാനുഷ്ഠായികളെ 1909-മുതൽ മംഗലംപുരം പഠനഗൃഹത്തിലേക്കും വാഴക്കുളം ആശ്രമത്തിലേക്കും അയച്ചുതുടങ്ങി. വാഴക്കുളത്തു നിന്നാകട്ടെ നിത്യവ്രതം അനുഷ്ഠിച്ചവരെ ആദ്യം മാന്നാനത്തേക്കും പിന്നീട് മുത്തോലിക്കും അയച്ചുവന്നിരുന്നു. എന്നാൽ അമ്പഴക്കാട്ട് പുതിയൊരു കെട്ടിടം തീർന്നതിനാൽ 1912 മുതൽ നിത്യപറഞ്ഞൊപ്പുവരെ അവരെ അമ്പഴക്കാട്ടുതന്നെ താമസിപ്പിക്കുകയും അതിനുശേഷം മുത്തോലിക്ക് അയയ്ക്കുകയുമാണ് ചെയ്തിരുന്നത്.

അമ്പഴക്കാട്ടെ സ്ഥലസൗകര്യക്കുറവുമൂലമുള്ള പ്രശ്നങ്ങൾ വീണ്ടും ഉയർന്നുവന്നു. തൻമൂലം 1929-ൽ പ്രാർഥനമുറി, ഭക്ഷണമുറി, ആശ്വാസമുറി മുതലായവയ്ക്കായി മൂന്നുനിലയിൽ ഒരു കെട്ടിടം നിർമിച്ചു. പയ്യപ്പള്ളി ബ. അത്തനാസിയൂസച്ചൻ പ്രിയോർ ആയിരിക്കുകയിൽ.

1855 മുതൽ സന്ന്യാസാർഥികൾ വൈദികപട്ടംവരെ നവസന്ന്യാസികളായി തുടരുകയും പട്ടംസ്വീകരിച്ചശേഷം ഒരു കൊല്ലത്തെ കാനോനിക നവസന്ന്യാസം കഴിച്ച് നിത്യവ്രതം അനുഷ്ഠിക്കുകയായിരുന്നു പതിവ്. 1886 മുതൽ നിത്യവ്രതാനുഷ്ഠാനത്തിനു മുമ്പ് പരീക്ഷണാർഥം അനിത്യവ്രതങ്ങൾ ചെയ്തുതുടങ്ങി. എന്നാൽ സഭയുടെ നിയമാവലി പരിശുദ്ധ സിംഹാസനം 1906-ൽ ശാശ്വതമായി അംഗീകരിച്ചപ്പോൾ ഇതിലും ചില മാറ്റങ്ങൾ ചെയ്തു. ഇതനുസരിച്ച് യോഗാർഥികൾ നവസന്ന്യാസഭവനത്തിൽ പ്രവേശിച്ചാലുടൻ മൂന്നുദിവസത്തെ പൂർണധ്യാനം കഴിച്ചശേഷം മൂന്നുമാസം സന്ന്യാസാർഥികൾ എന്ന നിലയിൽ ജീവിക്കുകയും അനന്തരം സഭാവസ്ത്രം സ്വീകരിക്കുകയും അന്നുമുതൽ ഒരുവർഷത്തെ നവസന്ന്യാസകാലത്തിനുശേഷം ഒരു വർഷത്തേക്ക് വ്രതം അനുഷ്ഠിക്കുകയുമാണ് ചെയ്തിരുന്നത്.

www.malankaralibrary.com

ഈ വ്രതാനുഷ്ഠാനം രണ്ടുപ്രാവശ്യം ഓരോ വർഷത്തേക്കുകൂടി നവീകരിച്ചശേഷം ആദ്യവ്രതം ചെയ്തിട്ട് മൂന്നുവർഷം തികയുമ്പോൾ നിത്യവ്രതത്തിനായി നവസന്ന്യാസികൾ സ്വീകരിക്കപ്പെട്ടിരുന്നു. ഇങ്ങനെ നിത്യവ്രതംവരെ നവസന്യാസികൾ നൊവിഷ്യേറ്റിൽ താമസിച്ചുവന്നു.

എന്നാൽ 1916-ൽ നിയമാവലിയിൽ വരുത്തിയ ഭേദഗതികളനുസരിച്ച് കാനോനിക നവസന്ന്യാസത്തിനുശേഷം ഒരു വർഷം അവിടെക്കഴിച്ച നവസന്ന്യാസികളെ പഠനഗൃഹത്തിലേക്കയച്ചു തുടങ്ങി. 1926-ൽ ആദ്യവ്രതം അനുഷ്ഠിച്ചവരെ, രണ്ടാം നൊവിഷ്യേറ്റായി നിശ്ചയിക്കപ്പെട്ടു മുത്തോലിക്ക് അയച്ചുവന്നു. എന്നാൽ 1932-ൽ കൂനമ്മാവ് ആശ്രമം രണ്ടാം നൊവിഷ്യേറ്റായി നിശ്ചയിക്കപ്പെട്ടതിനാൽ അവിടേക്കാണ് അവരെ അയച്ചിരുന്നത്.

1952-ൽ പ്രാബല്യത്തിൽവന്ന പൗരസ്ത്യറീത്തുകളിൽപ്പെട്ട സന്ന്യാസികൾക്കുള്ള കാനൻ നിയമമനുസരിച്ച് സന്ന്യാസഭവനത്തിൽ പ്രവേശിച്ചാലുടൻ സന്ന്യാസാർഥി സഭാവസ്ത്രം സ്വീകരിച്ച് നൊവിഷ്യേറ്റു തുടങ്ങുന്നു. അതിന്റെ അവസാനം അനിത്യവ്രതം അനുഷ്ഠിച്ചുകൊണ്ട് ശാസ്ത്രപഠനം ആരംഭിക്കുകയായി. മുമ്പ് നിത്യവ്രതംവരെയുള്ള കാലത്ത് ഭാഷാപഠനം നടത്തിയിരുന്നു. ഇപ്പോഴാകട്ടെ, അർഥികളെ യോഗാർഥി ഭവനങ്ങളിൽ പ്രവേശിപ്പിച്ച് കോളജു പഠനവും ഭാഷാപഠനവും നടത്തിവരുന്നു.

1939 മാർച്ച് 11-ാം തീയതിയായിരുന്നു അമ്പഴക്കാട്ടു നവസന്ന്യാസഭവനം സ്ഥാപിച്ചതിന്റെ സുവർണജൂബിലിദിനം. അന്നുമുതൽ ഒരു വർഷത്തേക്ക് ജൂബിലിവത്സരമായി കൊണ്ടാടി. ജൂബിലിപ്രമാണിച്ച് അന്നത്തെ ആശ്രമശ്രേഷ്ഠനായിരുന്ന പെരുമാലിൽ ബ. ളൂയീസച്ചന്റെ പ്രത്യേകോത്സാഹത്താൽ ദേവാലയത്തിന്റെ ഉൾഭാഗവും മദ്ബഹായും അൾത്താരകളും പുതുക്കി പണിതു. 1939 ഒക്ടോ. 22-ാം തീയതി പരിശുദ്ധ കുർബാനയുടെ ഒരു പ്രദക്ഷിണവും, ജൂബിലിയുടെ ശാശ്വതസ്മാരകമായി ക്രിസ്തുരാജന്റെ ഒരു പ്രതിമ, നവസന്ന്യാസഗൃഹത്തിലെ പ്രധാനഹാളിൽ സ്ഥാപിച്ച് ഒരു പ്രതിഷ്ഠയും നടത്തുകയുണ്ടായി.

### പുതിയ നവസന്ന്യാസ ഭവനങ്ങൾ

1953-ൽ സഭ പ്രവിശ്യകളായി വിഭജിക്കപ്പെട്ടപ്പോൾ ഓരോ പ്രവിശ്യയ്ക്കും പ്രത്യേകം പ്രത്യേകം നവസന്ന്യാസഭവനങ്ങൾ സ്ഥാപി

www.malankaralibrary.com

ക്കാൻ പൗരസ്ത്യ തിരുസംഘം 1953 സെപ്റ്റംബർ 21-ാംനു അനുവാദം നല്കി. എന്നാൽ ഈ നൊവിഷ്യേറ്റ് ഭവനങ്ങളുടെ സജ്ജീകരണത്തിന് കുറച്ചുതാമസം നേരിടുമെന്നു കാണുകയാൽ അതുവരേക്കും മുത്തോലി ആശ്രമംകൂടി നവസന്ന്യാസഭവനമായി 1954-ൽ പൗരസ്ത്യ തിരുസംഘം പ്രഖ്യാപിച്ചെങ്കിലും അവിടെ സഹായ സഹോദരന്മാരുടെ പരിശീലനം മാത്രമേ നടന്നുള്ളൂ. 1954 ജൂൺ മാസത്തിൽ കറുകുറ്റി, ചെത്തിപ്പുഴ ആശ്രമങ്ങൾ നൊവിഷ്യേറ്റുഭവനങ്ങളായി തിരുസംഘം പ്രഖ്യാപിച്ചതനുസരിച്ച്, 1956 മെയ് 15-ാം തീയതി കറുകുറ്റി നവസന്ന്യാസ ഭവനമായി ഉൽഘാടനം ചെയ്യപ്പെട്ടു. ബാങ്കളൂർ പഠനഗൃഹത്തിലെ സജ്ജീകരണങ്ങൾ പൂർത്തിയാകാഞ്ഞതിനാൽ, ചെത്തിപ്പുഴ പഠനഗൃഹമായി ഒരുവർഷംകൂടി തുടരുകയും 1957 ഏപ്രിൽ 13-ാം തീയതി അത് നവസന്ന്യാസഭവനമായി ഉദ്ഘാടനം ചെയ്യപ്പെടുകയും ചെയ്തു.

### B. സഹായ സഹോദരന്മാരും അവരുടെ പരിശീലനവും

സഭാസ്ഥാപനംമുതൽതന്നെ നമ്മുടെ സഭയിൽ സഹോദരന്മാർ സ്വീകരിക്കപ്പെട്ടിരുന്നു. വൈദികസഹോദരങ്ങൾ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്ന മിശിഹായെ തങ്ങളുടെ പരസ്യജീവിതത്തിൽ അനുകരിക്കുമ്പോൾ, സഹായസഹോദരന്മാർ നസ്രസ്സിലെ എളിയഭവനത്തിൽ ജോലിചെയ്തിരുന്ന മിശിഹായെ തങ്ങളുടെ രഹസ്യജീവിതത്തിൽ അനുകരിച്ചുവരുന്നു.

ആദ്യത്തെ ആശ്രമസ്ഥാപനത്തിനുള്ള സ്ഥലം അന്വേഷിക്കുന്നതിനായി പോരൂക്കരയച്ചൻ പുറപ്പെടുന്നതുതന്നെ ചമ്പക്കുളം ഇടവക കണിയാന്തറ ആഹാ യാക്കോബിനോടുകൂടെയാണ്. എന്നാൽ സഹായ സഹോദരന്മാർക്ക് ആദ്യകാലങ്ങളിൽ പ്രത്യേകം സഭാവസ്ത്രം ഇല്ലായിരുന്നു. ഒരു നിലയങ്കിയായിരുന്നു അവരുടെ വസ്ത്രം. അതുപോലെതന്നെ അവർ വ്രതങ്ങളും അനുഷ്ഠിച്ചിരുന്നില്ല. 1865 ജനുവരിമാസത്തിൽ കുരിയാക്കോസ് ഏലിയാസച്ചൻ ഉൾപ്പെടെ അഞ്ചുപിതാക്കന്മാർ ചേർന്ന ആശ്രമ സമ്മേളനത്തിൽവച്ച് സഹായസഹോദരന്മാരെയും വ്രതാനുഷ്ഠാനത്തിനു സ്വീകരിക്കണമെന്നു നിശ്ചയിക്കുകയും ആദ്യമായി ആഹാ യാക്കോബിനെ വ്രതവാഗ്ദാനം ചെയ്യിക്കുകയും ചെയ്തു.

പിന്നീട് സന്ന്യാസവൈദികരുടേതുപോലെ ളോവയും സ്കാപ്പുലറും തുണികൊണ്ടുള്ള ഇടക്കെട്ടും അവർ ഉപയോഗിച്ചുവന്നു. 1916

www.malankaralibrary.com

മുതൽ നിത്യവ്രതമനുഷ്ഠിച്ച സഹോദരന്മാർക്ക് തുകൽവാറും 1952 മുതൽ കഫൂസും നല്കി. 1959 മുതൽ വൈദികരും സഹായ സഹോദര ന്മാരും തമ്മിൽ വസ്ത്രധാരണത്തിൽ ഒരു വ്യത്യാസവുമില്ലാതെയായി.

1927 വരെ സഹായസഹോദരന്മാരാകാൻ ആഗ്രഹിക്കുന്നവരെ പ്രിയോർ ജനറാളിന്റെ സമ്മതത്തോടെ ഓരോരോ ആശ്രമങ്ങളിൽ സ്വീകരിച്ച് അവിടെ പരിശീലിപ്പിച്ചുവന്നു. ആശ്രമസംഘത്തിന്റെ അഭി പ്രായപ്രകാരം, പ്രിയോർജനറാളിന്റെ അനുമതിയോടെ സഭാവസ്ത്രം നല്കപ്പെടുകയും അതതാശ്രമങ്ങളിൽത്തന്നെ ഒരു വൈദികന്റെ കീഴിൽ നവസന്ന്യാസകാലം കഴിച്ചശേഷം വ്രതാനുഷ്ഠാനം നടത്തുകയും ചെയ്തിരുന്നു.

1926-ൽ സമ്മേളിച്ച പൊതുസംഘനിശ്ചയമനുസരിച്ച് സഹായസ ഹോദരന്മാരാകാൻ ആഗ്രഹിക്കുന്ന യോഗാർഥികൾ എല്ലാവരും ഒരു മിച്ചു താമസിച്ച് ഒരു കൊല്ലത്തിൽ കുറയാതെ ഒരു ഗുരുവിന്റെ കീഴിൽ അവരെ പരിശീലിപ്പിക്കുകയും സ്വീകാര്യരായവർക്ക് സഭാവസ്ത്രം നല്കി കൂട്ടമായി അവിടെത്തന്നെ നവസന്ന്യാസകാലം കഴിച്ചശേഷം വ്രതമനുഷ്ഠിപ്പിക്കുകയും ചെയ്തിരുന്നു. എൽത്തുരുത്താശ്രമം സഹാ യസഹോദരന്മാരുടെ നൊവിഷ്യേറ്റ് ആയി അന്നു പ്രഖ്യാപിക്കുകയു മുണ്ടായി.

സഭയുടെ ആരംഭംമുതൽ സങ്കീർത്തി, മണിമുറി, കലവറ, കുശിനി, കൃഷി തുടങ്ങി ആശ്രമസംബന്ധമായ ജോലികളെല്ലാം സഹായസ ഹോദരന്മാരാണ് നടത്തിവരുന്നത്.

സഭ പ്രവിശ്യകളായി വിഭജിക്കപ്പെട്ടപ്പോൾ ഓരോ പ്രവിശ്യയ്ക്കും പ്രത്യേകം നവസന്യാസ ഭവനം ഉണ്ടാകാമെന്നു നിശ്ചയമുണ്ടായി. ഈ നവസന്ന്യാസഭവനങ്ങളിലെ സജ്ജീകരണങ്ങൾ പൂർത്തിയാകുന്നതു വരെ നോവിഷ്യേറ്റുഭവനമായി പ്രഖ്യാപിക്കപ്പെട്ട മുത്തോലി ആശ്രമം സഹായസഹോദരന്മാരുടെ നവസന്ന്യാസ ഭവനമായി തിരഞ്ഞെടുക്ക പ്പെട്ടു. ഇതോടെ എൽത്തുരുത്തു നൊവിഷ്യേറ്റു ഭവനം നിർത്തലാക്കി.

1956 മെയ് 15 മുതൽ സഹായസഹോദരന്മാരാകാനുള്ള നവസന്ന്യാ സികളെ വൈദികസന്ന്യാസികളുടെ കൂട്ടത്തിൽത്തന്നെ പരിശീലിപ്പി ച്ചുവരുന്നു. 1957-ൽ എല്ലാ പ്രവിശ്യകളിലും നൊവിഷ്യേറ്റു ഭവനങ്ങൾ സ്ഥാപിതമായതോടെ സഹായസഹോദരന്മാരുടെ നൊവിഷ്യേറ്റും അതതു പ്രവിശ്യയുടെ നവസന്ന്യാസഭവനത്തിൽ തുടർന്നുവരുന്നു.

www.malankaralibrary.com

നിത്യവ്രതമനുഷ്ഠിച്ചവരും പഠനം പൂർത്തിയായവരുമായ എല്ലാ സഹായ സഹോദരന്മാർക്കും ആശ്രമസംഘത്തിൽ കൂടാനും വൈദിക ജീവിതത്തെ സംബന്ധിക്കാത്ത ആലോചനകളിൽ വോട്ടുചെയ്യാനുമുള്ള അവകാശവും, യോഗ്യരെന്നു കാണുന്ന സഹായസഹോദരന്മാരെ, പ്രത്യേകിച്ചും മിഷൻസ്ഥലങ്ങളിൽ, ഡീക്കൻപദവിയിലേക്ക് ഉയർത്തുന്നതിനുമുള്ള അനുവാദവും തിരുസംഘത്തിന്റെ 29-7-'68ലെ കല്പനമൂലം നല്കപ്പെട്ടിരിക്കുന്നു.

ആദ്യവ്രതമനുഷ്ഠിച്ച സഹായസഹോദരന്മാർക്കും സഹോദരാർഥികൾക്കുമായി ഒരു ഇൻസ്റ്റിറ്റ്യൂട്ട് കൂനമ്മാവ് ആശ്രമത്തിൽ 1968 ജൂലൈ 1-ന് ഉദ്ഘാടനം ചെയ്ത് പഠനം ആരംഭിച്ചിരിക്കുന്നു.

## C. പഠനഗൃഹങ്ങൾ

### 1. മംഗലാപുരം പഠനഗൃഹം

1889 മുതൽ അമ്പഴക്കാട് ആശ്രമം സഭയുടെ നവസന്ന്യാസഭവനവും പഠനഗൃഹവും ആയിരുന്നെങ്കിലും ആ നില അധികനാൾ തുടർന്നില്ല. നമ്മുടെ സഭമൂലം കേരളത്തിലെ ക്രിസ്തീയ സഭയ്ക്ക് കൂടുതൽ ആധ്യാത്മിക പ്രബുദ്ധത കൈവരാൻവേണ്ടി സഭാംഗങ്ങളുടെ വൈദികവിദ്യാഭ്യാസം കാലോചിതമായി പരിഷ്കരിക്കണമെന്നും അതിനുവേണ്ടി തത്കാലം അവരെ ഈശോസഭക്കാർ നടത്തുന്ന മംഗലാപുരം സെമിനാരിയിലേക്കയയ്ക്കണമെന്നും ഈശോസഭാംഗമായിരുന്ന കോട്ടയം വികാരി അപ്പൊസ്തോലിക്കാ ലവീഞ്ഞ് മെത്രാനച്ചൻ നിർദേശിച്ചു. അതിനുവേണ്ട അനുമതികൾ അപ്പൊസ്തോലിക്ക് ഡെലെഗേറ്റു വഴി റോമിൽനിന്ന് ഇദ്ദേഹം വാങ്ങിക്കുകയുമുണ്ടായി. തദനുസരണം വ്രതാനുഷ്ഠാനം ചെയ്ത വൈദികാർഥികളിൽ ആറുപേരെ ഡെലെഗേറ്റപ്പസ്തോലിക്കയുടെ കല്പനപ്രകാരം, 1890-ൽ പ്രസ്തുത സെമിനാരിയിലേയ്ക്കയച്ചു.

ഇപ്രകാരം അയയ്ക്കപ്പെട്ട ആറു വൈദികാർഥികൾ പുഞ്ചക്കുന്നേൽ ബ. ഫ്രെഡറിക്ക് അച്ചനോടും തളിയത്ത് ബ. കാർളോസ് അച്ചനോടുംകൂടെ 1890 മെയ് 9-ാം തീയതി കപ്പൽമാർഗം മംഗലാപുരത്തെത്തിച്ചേർന്നു. ലത്തീൻഭാഷ സംബന്ധിച്ചൊരു പരീക്ഷയുടെ ശേഷം അവർ അലങ്കാരശാസ്ത്രക്ലാസ്സിൽ ചേർക്കപ്പെട്ടു. ഇങ്ങനെ മംഗലാപുരത്തേക്കു പുറപ്പെട്ട ആദ്യത്തെ 6 വൈദികാർഥികൾ തുരുത്തിയിടവക നേര്യമ്പറമ്പിൽ യോഹന്നാൻ, ടി ളൂയീസ്, കൈനകരി കളിപ്പറ

www.malankaralibrary.com

മ്പിൽ അപ്രേം, പുതുക്കാട്ടു പുളിക്കൽ ഗബ്രിയേൽ, മുട്ടത്തു കണ്ടത്തിപ്പറമ്പിൽ അന്തോനി, കാഞ്ഞിരപ്പള്ളി പള്ളിവാതുക്കൽ ബ്രൊക്കാർദ് എന്നിവരായിരുന്നു.

ഈശോസഭക്കാർ നമുക്കുവേണ്ടി ഒരുക്കിയിരുന്ന സ്ഥലത്താണ് നമ്മുടെ വൈദികാർഥികൾ 1914 വരെ താമസിച്ചിരുന്നത്. ഇക്കാലഘട്ടത്തിൽ ഈശോസഭക്കാരിൽനിന്ന് സാമ്പത്തികമായും മറ്റും പല സഹായങ്ങളും നമുക്കു ലഭിച്ചിട്ടുണ്ട്.

പഠനഗൃഹത്തിലെ ചെലവുകൾ നടത്താനായി നമ്മുടെ എല്ലാ ഭവനങ്ങളിലുംനിന്ന് പൊതുശ്രേഷ്ഠന്റെ നിർദേശാനുസരണം മംഗലാപുരത്തെ ശ്രേഷ്ഠന്റെ നിയോഗപ്രകാരം നിശ്ചിത കുർബാനകൾ അർപ്പിച്ചിരുന്നു. എന്നാൽ 1894-ൽ വൈദികാർഥികളുടെ എണ്ണം വർധിക്കുകയാൽ ഇതിനും പുറമേ മാന്നാനം, എൽത്തുരുത്ത്, പുളിങ്കുന്ന് എന്നീ ആശ്രമങ്ങളിലുംനിന്ന് പ്രത്യേകം ധനസഹായം ചെയ്യണമെന്നും നിശ്ചയിക്കുകയുണ്ടായി.

1895 ഡിസം. മാസത്തിൽ പ്രഥമ ബാച്ച് പഠനം പൂർത്തിയാക്കി. ക്രമങ്ങൾ തഴങ്ങി പട്ടമേല്ക്കുന്നതിനായി അവരെ അമ്പഴക്കാട്ടു കൊവേന്തയിലേക്ക് അയച്ചു. ഇതിനെത്തുടർന്ന്, അമ്പഴക്കാട്ടുനിന്ന് വ്രതാനുഷ്ഠായികൾ ക്രമമായി മംഗലാപുരത്തേക്ക് അയയ്ക്കപ്പെട്ടിരുന്നു. വിദ്യാർഥികളുടെ എണ്ണം വർധിച്ചതോടെ സഭ വകയായി അവിടെ ഒരു കെട്ടിടം പണിയാൻ അധികാരികൾ പരിശ്രമിച്ചുകൊണ്ടിരുന്നു. 1910 മുതൽ ആറുകൊല്ലം പഠനഗൃഹത്തിന്റെ ശ്രേഷ്ഠനായിരുന്ന ആലപ്പാട്ട് ബ. ശെമോൻ സ്തോക്കച്ചൻ, അന്നത്തെ മംഗലാപുരം മെത്രാനായിരുന്ന ഡോക്ടർ പെറീനിയുടെ ശുപാർശക്കത്തുമൂലം, യൂറോപ്പിൽനിന്നും അമേരിക്കയിൽനിന്നുമായി ഇതിനുവേണ്ടി 15,000 റുപ്പികയോളം ശേഖരിച്ചു. സലേസ്കി ഡെലെഗേറ്റപ്പൊസ്തോലിക്കയും ഇൻഡ്യയിലെ പല മെത്രാന്മാരും മറ്റു പല ഉദാരമതികളും ഇതിലേക്കു ധനസഹായം നല്കിയിട്ടുണ്ട്. നമ്മുടെ പഠനഗൃഹം പണിക്കായി ആദ്യം വാങ്ങിയ സ്ഥലം കുറെ അകലെയായിരുന്നതിനാൽ യാത്രയ്ക്കുള്ള അസൗകര്യം മൂലം അത് ഉപേക്ഷിക്കേണ്ടിവന്നു. പിന്നീടു വാങ്ങിയ സ്ഥലത്ത് 1917 ജൂൺമാസത്തിൽ പുതിയാപറമ്പിൽ ബ. ഫ്രാൻസിസച്ചൻ, അവിടത്തെ ശ്രേഷ്ഠനായിരിക്കയിൽ, മംഗലാപുരം മെത്രാൻ ഡോ. പോൾ പെറീനി കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചു.

www.malankaralibrary.com

കെട്ടിടം പണിക്കായി പെറീനി മെത്രാനച്ചനും ഏ.ജെ. പിരസ് എന്ന മാന്യനും ഓരോ തുക പലിശ കൂടാതെ നല്കിയിട്ടുണ്ട്.

ഇപ്രകാരം പല ഉദാരമതികളുടെയും കൈതുറന്നുള്ള സംഭാവനകൾ ഉണ്ടായിട്ടും പണം മതിയാകാതെ വന്നതിനാൽ, മേലധികാരികളുടെ അനുമതിയോടെ അന്ന് അവിടത്തെ നമ്മുടെ വിദ്യാർഥികളുടെ ആത്മഗുരുവായിരുന്ന പെരുമാലിൽ ബ. ബെർത്തുൽമാച്ചൻ, മംഗലാപുരത്തും ബോംബെയിലുമുള്ള പല ഉദാരമതികളെയും സമീപിച്ച് ഗണ്യമായൊരു തുക പിരിച്ചെടുത്തുകൊണ്ട് കെട്ടിടം പണി പൂർത്തിയാക്കുകയും, അതിന്റെ വെഞ്ചരിപ്പുകർമം 1919 ഏപ്രിൽ 20-ാം തീയതി പെറീനി മെത്രാനച്ചൻ നിർവഹിക്കുകയും ചെയ്തു. ഇദ്ദേഹം നമ്മുടെ സഭയെ അത്യധികം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തിട്ടുണ്ട്. ഒരു കാലത്ത് നാം മംഗലാപുരം പഠനഗൃഹം ഉപേക്ഷിക്കുന്നതായാൽ, സഭയിൽനിന്നു പണിയിക്കുന്ന കെട്ടിടവും സ്ഥലവുംകൂടി രൂപതയിലേക്ക് വിട്ടുകൊടുക്കണമെന്നും അതിനുള്ള പ്രതിഫലം അന്നു നിശ്ചയിക്കുന്ന മൂന്നംഗക്കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് ആയിരിക്കണമെന്നുമുള്ള ഒരു ഉടമ്പടി 1918 ഓഗസ്റ്റ് 9-ാം തീയതി മെത്രാനച്ചനും പഠനഗൃഹത്തിന്റെ ശ്രേഷ്ഠനുംകൂടി എഴുതി ഒപ്പിട്ട് പരസ്പരം കൈമാറിയിരുന്നു. 1919 ഏപ്രിൽ 21 മുതൽ നമ്മുടെ ഈ പഠനഗൃഹം 1951 ഡിസംബർ 25-നു നിറുത്തലാക്കുന്നതുവരെ വൈദികാർഥികൾ ഈ കെട്ടിടത്തിൽ താമസിച്ചാണ് പഠനം നടത്തിയിരുന്നത്.

1918 ഓഗസ്റ്റ് മാസത്തിലെ ഉടമ്പടിയനുസരിച്ച് കെട്ടിടത്തിനുള്ള പ്രതിഫലം നിശ്ചയിക്കാൻ ഒരു മൂന്നംഗ കമ്മിറ്റിയെ നിശ്ചയിച്ചു. മെത്രാനച്ചൻ അമ്പതിനായിരം രൂപാ സഭയ്ക്കു നല്കണമെന്ന് ഈ കമ്മിറ്റി ഭൂരിപക്ഷാഭിപ്രായപ്രകാരം തീരുമാനിച്ചെങ്കിലും അതംഗീകരിക്കാതെ രൂപതാധ്യക്ഷനായിരുന്ന വിക്ടർ ഫെർനാണ്ടസ് മെത്രാനച്ചൻ റോമിൽ അപ്പീൽ ബോധിപ്പിച്ചു. പ്രൊപ്പഗാന്ത സംഘത്തിന്റെയും അസാധാരണ കാര്യങ്ങൾക്കായുള്ള തിരുസംഘത്തിന്റെയും തീരുമാനമനുസരിച്ച് അദ്ദേഹത്തിന്റെ പിൻഗാമിയായി വന്ന പീറസ് മെത്രാനച്ചൻ 1955 ജൂണിൽ കമ്മിറ്റി നിശ്ചയിച്ച മുഴുവൻ തുകയും സഭയ്ക്കു നല്കിക്കൊണ്ട് കാര്യങ്ങൾ അവസാനിപ്പിക്കുകയാണുണ്ടായത്. എന്നാൽ ഇങ്ങനെ നല്കപ്പെട്ട 50,000 ക. യിൽ 5000 ക. മംഗലാപുരം രൂപതയോട് നമുക്കുള്ള നന്ദിസൂചകമായി തിരികെ കൊടുക്കുകയുണ്ടായി.

www.malankaralibrary.com

60-ൽപരം കൊല്ലങ്ങൾ നമ്മുടെ വൈദികാർഥികളെ അവിടെ പഠിപ്പിച്ചതിനുവേണ്ടി പ്രൊപ്പഗാന്ത തിരുസംഘം ഈശോസഭക്കാർക്ക് പ്രത്യേകമായ പണസഹായം നല്കിയിട്ടുണ്ട്.

**ദേഹവിയോഗങ്ങൾ–**

1897 മാർച്ച് 1-ന് ഭരണങ്ങാനം ഇടവക ഓലിക്കൽ ബ. ഹെൻറിക്കോസ്ശമ്മാശ്ശൻ 32-ാം വയസ്സിലും 1904 ഡിസംബർ 23-ന് എടത്തുരുത്തി ഇടവക ആലപ്പാട്ട് ബ. ഹെൻറിക്കോസ്ശമ്മാശ്ശൻ 26-ാം വയസ്സിലും വൈദികപഠനകാലത്തു മരണംപ്രാപിച്ച് മംഗലാപുരത്ത് ജപ്പുവിലുള്ള ഈശോസഭക്കാരുടെ സെമിറ്ററിയിൽ സംസ്കരിക്കപ്പെട്ടു.

**2. മുത്തോലി പഠനഗൃഹം**

മംഗലാപുരത്തെ കാലാവസ്ഥയും വെള്ളവും പലർക്കും അനാരോഗ്യകരവും അവിടത്തെ ചെലവുകൾ സഭയ്ക്കു ദുർവഹമായിത്തീരുകയും ചെയ്കയാൽ, കേരളത്തിൽത്തന്നെ ഒരു പഠനഗൃഹം ഉണ്ടാകണമെന്ന ആശയം ശക്തിപ്രാപിച്ചു. തൽഫലമായി 1914-ലെ പൊതുസംഘത്തിൽവച്ച് സഭയുടെ പഠനഗൃഹമായി മുത്തോലി ആശ്രമം തിരഞ്ഞെടുത്തു. ആദ്യത്തെ ലോകമഹായുദ്ധം ആരംഭിച്ചിരുന്ന കാലഘട്ടമായിരുന്നതിനാൽ സുഖക്കേടുകാരായും മറ്റും ഉണ്ടായിരുന്ന കുറെപ്പേരെ മംഗാലാപുരത്തുനിന്ന് മുത്തോലിയിലേക്കയച്ചു. മുത്തോലിയിൽ ആരംഭിച്ച ഈ പഠനഗൃഹം 1918 ഡിസം. മാസത്തിൽ ചെത്തിപ്പുഴയ്ക്കു മാറ്റി. ഇതിനിടയിൽ വൈദികാർഥികൾ മാന്നാനത്തും വാഴക്കുളത്തും താമസിച്ചുപഠിച്ചിട്ടുണ്ട്. ചെത്തിപ്പുഴയിലേക്കു പഠനഗൃഹം മാറ്റിയതിനുശേഷം 1922-വരെ മാന്നാനം ദൈവശാസ്ത്രപഠനഗൃഹമായി തുടർന്നുവന്നു. 1916 മുതൽ ചുരുക്കം ചിലരെ മാത്രമേ മംഗലാപുരത്തിന് അയച്ചിരുന്നുള്ളൂ.

മുത്തോലി ആശ്രമം സഭയുടെ രണ്ടാമത്തെ നവസന്ന്യാസഗൃഹവും പഠനഗൃഹവുമായി 1926-ൽ നിശ്ചയിക്കപ്പെടുകയാൽ അന്നുമുതൽ 1944-ൽ അവ നിറുത്തലാക്കപ്പെടുന്നതുവരെ ആവിധം അവിടെ നടന്നുപോന്നു.

**3. ചെത്തിപ്പുഴ പഠനഗൃഹം**

1918-ൽ ആശ്രമ കെട്ടിടങ്ങൾ പൂർത്തിയായതോടെ ചെത്തിപ്പുഴ ഒരു പ്രിയോരാത്തു കൊവേന്തയായി ഉയർത്തപ്പെടുകയും പഠനഗൃഹം മുത്തോലിയിൽനിന്ന് അങ്ങോട്ടു മാറ്റുകയും ചെയ്തു.

www.malankaralibrary.com

നവസന്ന്യാസത്തിനുശേഷം ഒരു വർഷം ലത്തീൻ, സുറിയാനി ഭാഷകൾ പഠിക്കുകയും അതിനുശേഷം ചെത്തിപ്പുഴ വരുന്ന വൈദികാർഥികൾ ഒരുവർഷം കൂടി ഭാഷാപഠനത്തിനു ചെലവാക്കുകയും, തുടർന്ന്, ഒരു കൊല്ലം അലങ്കാരശാസ്ത്രവും രണ്ടുകൊല്ലം തത്ത്വശാസ്ത്രവും മൂന്നുകൊല്ലം ദൈവശാസ്ത്രവും പഠിച്ചശേഷം നാലാം വർഷം വൈദികപട്ടം സ്വീകരിക്കുകയും, തദനന്തരം മൂന്നുമാസം പഠനഗൃഹത്തിൽത്തന്നെ താമസിച്ച് കൂദാശകളുടെ പരികർമം, ആത്മപരിപാലനം, പ്രസംഗം, ധ്യാനം എന്നിവയിൽ പരിശീലനം നേടുകയുമാണ് ചെയ്തിരുന്നത്.

വിദ്യാർഥികളുടെ എണ്ണം കുറഞ്ഞുവരുകയാൽ 1944-ൽ മുത്തോലിയിലെ പഠനഗൃഹം നിറുത്തലാക്കപ്പെടുകയും കൂനമ്മാവും ചെത്തിപ്പുഴയും തുടരുകയുമാണുണ്ടായത്.

വൈദികാർഥികളെ പഠിപ്പിക്കാൻ സമർഥരായ അധ്യാപകർ ആവശ്യമാണെന്നു കണ്ടുകൊണ്ട്, 1923-ലെ പൊതുസംഘത്തിൽ വച്ചുതന്നെ ഏതാനുംപേരെ റോമിലും, കാണ്ടിയിലും അയച്ച് പഠിപ്പിക്കണമെന്നു തീരുമാനിച്ചിരുന്നു. അതനുസരിച്ച്, 1928-ൽ പൊടിപാറ ബ. പ്ലാസിഡച്ചൻ റോമിലേക്കയയ്ക്കപ്പെട്ടു. ഫിലോസഫി, തിയോളജി, കാനൻലോ എന്നീ വിഷയങ്ങളിൽ ഡോക്ടറേറ്റു ബിരുദം നേടിയശേഷം മടങ്ങിയെത്തിയ അദ്ദേഹം 1930 മുതൽ ചെത്തിപ്പുഴ പഠിപ്പിച്ചുതുടങ്ങി. 1954-ൽ റോമിലേക്കു പോകുന്നതുവരെ അദ്ദേഹം ഈ ജോലി തുടർന്നു. ഇതിനെത്തുടർന്ന് ഏതാനും സഭാംഗങ്ങളെ ഉപരിപഠനത്തിനായി കാണ്ടിയിലും പൂനായിലും അയച്ചിട്ടുണ്ട്. തൽസംബന്ധമായ കത്തിടപാടുകളുടെ ഫലമായി 1951-ൽ പൂനായിൽ സഭവകയായി ഒരു വൈദികാർഥിമന്ദിരം സ്ഥാപിക്കുന്നതിനും സാധിച്ചു.

### 4. പൂനാ പഠനഗൃഹം

രൂപതാ വൈദികർക്കായി നിർദേശിക്കപ്പെട്ടിട്ടുള്ള കാണ്ടി സെമിനാരിയിൽ പഠിക്കുന്നതിനെക്കാൾ നല്ലത് ഈശോസഭക്കാർക്കായി മാത്രം നിർദേശിക്കപ്പെട്ടിട്ടുള്ള ഒരു സെമിനാരിയിൽ പഠിക്കുന്നതാണെന്നും പൂനായിൽ അങ്ങനെയുള്ള ഒന്ന് സജ്ജീകരിച്ചു വരുകയാണെന്നും അതു ശരിപ്പെടുമ്പോൾ നമ്മുടെ സഭാംഗങ്ങൾക്ക് അവിടെ പഠിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യാമെന്നും ഈശോസഭയുടെ അന്നത്തെ ജനറൽ ഫാദർ ലെഡ്കോവ്സ്കി വിശാലമനസ്കതയോടെ നമ്മുടെ പ്രിയോർ ജനറാളച്ചനെ അറിയിച്ചു.

www.malankaralibrary.com

ഈശോസഭക്കാർ പൂനായിൽ ഡിനോബിലി കോളജ് പണി പൂർത്തിയാക്കി അധ്യയനമാരംഭിച്ചതോടെ നമ്മുടെ സഭാംഗങ്ങളെയും അവിടെ അയച്ചു പഠിപ്പിക്കാൻ അനുവാദം ലഭിച്ചു. ആ അനുവാദപ്രകാരം 1943 ജൂൺമാസത്തിൽ 5 വൈദികാർഥികൾ മംഗലാപുരത്തുനിന്ന് പൂനായിലേക്കു പോയി. മാഞ്ഞൂരാൻ ബ. എവുജിൻ അച്ചൻ ശ്രേഷ്ഠനായും, വടക്കേക്കുടി ബ. ആൽഫ്രഡച്ചൻ ആത്മനിയന്താവായും നിയമിതരായി. സഭയ്ക്ക് സ്വന്തമായി സ്ഥലമോ കെട്ടിടമോ അവിടെ ഇല്ലായിരുന്നു. സന്താനരഹിതരായിരുന്ന മി.ഏ.ഡി. കൊയിലിയോയും അയാളുടെ പത്നിയും പാർത്തിരുന്ന Deldon House എന്ന വിസ്തൃതമായ ഭവനത്തിന്റെ ഒരു ഭാഗം നമ്മുടെ വൈദികാർഥികളുടെ താമസത്തിനായി അവർ ഒഴിഞ്ഞുതന്നു. അധികം താമസിയാതെ നമ്മുടെ സഭയുടെ ഒരു ഭവനം പണിയാനായി De Nobili College-നു സമീപം പത്തേക്കർ സ്ഥലം നാം വാങ്ങിക്കുകയുണ്ടായി. 1945-ൽ ഡിനോബിലി കോളജ് പട്ടാളാവശ്യങ്ങൾക്ക് എടുക്കുകയാൽ നമ്മുടെ സഭാംഗങ്ങൾ കാണ്ടിയിലേക്കു പോയി.

1948-ൽ ഡിനോബിലി കോളജിൽ വീണ്ടും പഠനമാരംഭിച്ചു. സഭയിൽനിന്ന് വാങ്ങിയ സ്ഥലത്ത് കെട്ടിടം പണിയാൻ ബ. എവുജിനച്ചൻ നിയുക്തനായി. മുമ്പു വാങ്ങിയിരുന്ന സ്ഥലം ഡിനോബിലി കോളജിൽ നിന്ന് കുറെ അകലെയായിരുന്നതിനാൽ, നമ്മുടെ വിഷമത മനസ്സിലാക്കിക്കൊണ്ട് ഈശോസഭക്കാർ സെമിനാരിയോടു തൊട്ടുള്ള അഞ്ചേക്കർ സ്ഥലം നമുക്കു തരുകയും പകരം നമ്മുടെ സ്ഥലത്തുനിന്നും അഞ്ചേക്കർ സ്വീകരിക്കയുമാണുണ്ടായത്. ഈ കൈമാറ്റംമൂലം ഈശോസഭക്കാർക്കു വളരെ അസൗകര്യങ്ങൾ ഉണ്ടായിരുന്നു. സഭ ഈ സ്ഥലം ഉപേക്ഷിക്കുന്നകാലത്ത് അതു വാങ്ങാൻ ഈശോസഭക്കാർക്ക് മുൻഗണന ഉണ്ടായിരിക്കണം എന്നൊരു വ്യവസ്ഥയിലാണ് അവർ ഈ സ്ഥലം നല്കിയിരിക്കുന്നത്.

1949-ൽ പുതിയ സ്ഥലത്ത് കെട്ടിടംപണി ആരംഭിച്ചു. Dehu Road എന്ന സ്ഥലത്തുള്ള പട്ടാളക്കാരുടെ ചാപ്ലെൻ ജോലിയും ബ. എവുജീനച്ചൻ നിർവഹിച്ചിരുന്നു. 1951 ജനുവരി 21-ാം തീയതി പെട്ടെന്നുള്ള അസ്വാസ്ഥ്യംമൂലം അദ്ദേഹം മരണമടയുകയും മൃതശരീരം യഥാവിധി അവിടെ സംസ്കരിക്കപ്പെടുകയും പിന്നീട് അവശിഷ്ടങ്ങൾ തേവരയിലേക്കു മാറ്റുകയുമുണ്ടായി. കളത്തിൽ ബ. ഫബിയാനച്ചനാണ് ബ. എവുജിനച്ചനു പകരം നിയുക്തനായത്.

www.malankaralibrary.com

1951 മെയ് 14-ാം തീയതി പ്രിയോർ ജനറൽ ആലപ്പാട്ടു പാലത്തുങ്കൽ ബ. വിൻസെന്റച്ചൻ നാല് വൈദികാർഥികളോടുകൂടെ മംഗലാപുരത്തുനിന്ന് പൂനായിലെത്തി. S.H. Carmel House എന്ന പേരിൽ അവിടത്തെ ഭവനത്തിന്റെ പ്രതിഷ്ഠ നടത്തിയശേഷം വിദ്യാർഥികൾ അവിടെ വസിച്ച് പഠനമാരംഭിച്ചു. 1952 ഡിസംബറിൽ ഇത് സഭയുടെ ഒരു കാനോനിക പഠനഗൃഹമായി പരിശുദ്ധ സിംഹാസനം അംഗീകരിച്ചു. അവിടെ ഇന്നും നമ്മുടെ വിദ്യാർഥികൾ താമസിച്ചുകൊണ്ട് പൊതു സെമിനാരിയിൽ പഠിച്ചുവരുന്നു.

1948-മുതൽ നമ്മുടെ പല വൈദികരും ഉപരിപഠനാർഥം റോമിലേക്ക് അയയ്ക്കപ്പെടുകയും ഡിഗ്രി സമ്പാദിച്ചു മടങ്ങുകയും ചെയ്തുവരുന്നു. ഇവർ പൗരസ്ത്യ തിരുസംഘത്തിന്റെ വകയായുള്ള ദമഷേനോ കോളജിൽ താമസിക്കുന്നു. ഇവരുടെ സാധാരണ ചെലവുകളെല്ലാം പൗരസ്ത്യ തിരുസംഘത്തിൽ നിന്നാണ് വഹിക്കുന്നത്.

### 5. ബാംഗ്ളൂർ, ധർമാരാം കോളജ്

1953-ൽ സഭ മൂന്നു പ്രവിശ്യകളായി വിഭജിക്കപ്പെട്ടെങ്കിലും സഭയിലെ വൈദികാർഥികൾ ഒരു കേന്ദ്ര വിദ്യാമന്ദിരത്തിൽ പരിശീലിപ്പിക്കപ്പെടണമെന്ന പരിശുദ്ധ സിംഹാസനത്തിന്റെ നിർദേശാനുസരണം 1953 ഫെബ്രുവരിയിൽ സമ്മേളിച്ച പൊതുശ്രേഷ്ഠസംഘം പഠനഗൃഹത്തിന്റെ സ്ഥാന നിർണയത്തിന് ഒരു കമ്മിറ്റിയെ നിശ്ചയിച്ചു. ബ. വില്യമച്ചൻ, ബ. അത്തനാസിയൂസച്ചൻ, ബ. ഗെരയോനച്ചൻ, ബ. ജോനാസച്ചൻ എന്നിവരടങ്ങിയ കമ്മറ്റി പല സ്ഥലങ്ങളും പരിശോധിച്ചശേഷം പഠനഗൃഹം ബാംഗ്ലൂർ സ്ഥാപിക്കണമെന്ന് തീരുമാനിക്കുകയും പരിശുദ്ധ സിംഹാസനത്തിന്റെ അനുമതി അപേക്ഷിച്ച് ലഭിക്കുകയും ചെയ്തു. തദനുസരണം ബാംഗ്ളൂരിൽ അടഗോഡി എന്ന സ്ഥലത്തിനടുത്ത് 32 ഏക്കർ സ്ഥലം കൈവശപ്പെടുത്തി.

പ്രസിദ്ധ ശില്പകലാവിദഗ്ധനും പല കത്തോലിക്കസ്ഥാപനങ്ങളുടെ നിർമാതാവുമായ മി. ഫെർണാണ്ടസും ടി. ഗജേന്ദ്രരാജ് എന്ന എഞ്ചനീയറുമാണ് കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കിയത്. പ്രസ്തുത പ്ലാൻ പൊതുശ്രേഷ്ഠ സംഘം അംഗീകരിച്ചതിനെത്തുടർന്ന് 1955 ജൂലൈ 16-ാം തീയതി ബാംഗ്ളൂർ മെത്രാപ്പോലീത്താ അഭിവന്ദ്യ തോമസ് പോത്തക്കാമുറി കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമം നിർവഹിച്ചു. ഇതിലേക്കുവേണ്ട അടിസ്ഥാനശില 8-12'53-ൽ കാർഡിനൽ ട്രിസരാങ് തേവര വച്ച് വെഞ്ചരിച്ചതാണ്. വടക്കേത്തല ബ. ദീസ് മാസ

www.malankaralibrary.com

ച്ചൻ, പാലക്കൽ ബ. കുര്യച്ചൻ, തളിയത്ത് ബ. ജോനാസച്ചൻ എന്നിവരുടെ മേല്നോട്ടത്തിൽ പണികൾ അതിവേഗം പുരോഗമിച്ചു.

ബാംഗ്ളൂർ പണിതുവന്നിരുന്ന ഈ കോളജിനെപ്പറ്റി പരിശുദ്ധ സിംഹാസനം അത്യധികം ആനന്ദം പ്രകടിപ്പിക്കുകയുണ്ടായി. മാത്രമല്ല, ഇതിന്റെ നടത്തിപ്പിനായി പരിശുദ്ധ സിംഹാസനത്തിന്റെ, പ്രത്യേകിച്ചും പൗരസ്ത്യതിരുസംഘത്തിന്റെയും അതിന്റെ അന്നത്തെ കാര്യദർശിയായിരുന്ന കാർഡിനൽ തിസറാങ്ങിന്റെയും പൈതൃകമായ പരിലാളനവും പ്രോത്സാഹനവും നിർലോപമായ പണസഹായവും നമുക്ക് ലഭിക്കുന്നതിനും ഇടയായിട്ടുണ്ട്.

ചെത്തിപ്പുഴനിന്ന് വൈദികാർഥികൾ ബാംഗ്ളൂർക്ക് പോകുന്നതിനു മുൻപായി തേവര വന്നു കുറെ ദിവസങ്ങൾ താമസിച്ച ശേഷം, 1957 മെയ് 25-ാം തീയതി കേരളത്തിലുണ്ടായിരുന്ന നമ്മുടെ പഠനഗൃഹങ്ങളുടെമേൽ ദൈവം പൊഴിഞ്ഞിട്ടുള്ള അനുഗ്രഹങ്ങൾക്കു കൃതജ്ഞത പ്രകാശിപ്പിക്കാനുള്ള പ്രാർഥനാദിനമായി ആചരിച്ചു. മെയ് 25-ാം തീയതി ശെമ്മാശ്ശന്മാരുടെ 'ഫെയർ വെൽ ഡേ' ആയിരുന്നു. മേല്ശ്രേഷ്ഠന്മാരും ആശ്രമ ശ്രേഷ്ഠന്മാരുമായി പലരും അന്നു തേവര സമ്മേളിച്ച് പ്രസംഗിക്കുകയും വിദ്യാർഥികൾ കലാപ്രകടനങ്ങൾ നടത്തുകയും ചെയ്തു. 26-ാം തീയതി ബാംഗ്ളൂർക്ക് തീവണ്ടി കയറി.

അത്യാവശ്യത്തിനുവേണ്ട കെട്ടിടങ്ങളുടെ പണിതീരുകയാൽ 1957 ജൂൺ 1-ാം തീയതി ധർമാരാം കോളജ് എന്ന അഭിധാനത്തിൽ കെട്ടിടത്തിന്റെ അനൗപചാരിക ഉദ്ഘാടനം നടന്നു. ബാംഗ്ളൂർ മെത്രാപ്പോലീത്താ ഡോ. തോമസ് പോത്തക്കാമുറി കെട്ടിടങ്ങൾ വെഞ്ചരിച്ച് ദിവ്യബലിയർപ്പിച്ചു. പ്രഭാതഭക്ഷണസമയത്ത് പ്രിയോർ ജനറാൾ ബ. മാവുരൂസച്ചൻ ചെയ്ത പ്രസംഗത്തിനു മറുപടിയായി "നവമായി രൂപംകൊള്ളുന്ന ഈ സ്ഥാപനം ഇന്ത്യയിലെ കത്തോലിക്കാസഭയുടെ ഭാസുരമായ ഭാവി വിളിച്ചറിയിക്കുന്ന ഒരു കൈചൂണ്ടിയത്രേ. ഇതിൽനിന്നു പുറത്തുവരുന്ന യുവവൈദികർ അക്ഷീണമായ അധ്വാനശീലവും ആഴവും പരപ്പുമാർന്ന വിജ്ഞാനവും, ശ്ലൈഹികമായ തീക്ഷ്ണതയും നിറഞ്ഞവരായിരിക്കണം" എന്ന് മെത്രാപ്പോലീത്ത ഉൽബോധിപ്പിക്കുകയുണ്ടായി.

ഭവനം മുഴുവൻ ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിച്ച ശേഷം പഠനവത്സരം ആരംഭിച്ചതായി പ്രഖ്യാപിച്ചുകൊണ്ട് പ്രിയോർ ജനറാളച്ചൻ ഉദ്ഘാടനപ്രസംഗം നടത്തി. തദവസരത്തിൽ അത്യുന്നത

www.malankaralibrary.com

കർദിനാൾ ടിസറാങ്ങുവഴി പരിശുദ്ധ പിതാവ് 12-ാം പീയൂസ് മാർപാപ്പായിൽനിന്ന് ഒരു ആശീർവാദലേഖനവും ലഭിച്ചു.

1958 ഫെബ്രു. 13-ന് ഇന്റർനുൻഷ്യോ റോബർട്ട് നോക്സ് 'ജീവിക്കട്ടെ, വളരട്ടെ, വിളയട്ടെ' എന്നീ മൂന്നു വാക്കുകളിൽ തന്റെ ആശംസകൾ സമാഹരിച്ചുകൊണ്ട് ഈ പഠനഗൃഹം ധർമാരാം എന്ന പേരിൽ ഔപചാരികമായി ഉദ്ഘാടനം ചെയ്തു. Seminarium എന്ന ലത്തീൻ പദത്തിന്റെ ഭാരതീയ വിവർത്തനമാണ് ധർമാരാം. അതിന്റെ അർഥം സുകൃതകുസുമങ്ങളുടെ പൂന്തോട്ടം എന്നത്രേ. ഈ സ്ഥാപനത്തിന്റെ മുദ്രാവാക്യം 'ഈശ ഭക്തി പരം ജ്ഞാനം' എന്നതാണ്.

ധർമാരാം കോളജിന്റെ പ്രഥമ റെക്ടറായി പൊന്നിൻപുരയിടം ബ. ക്രിസോസ്തോമസച്ചനും, ആത്മനിയന്താവായി തെക്കേക്കര ബ. കനീസിയൂസച്ചനും, അധ്യയന പ്രീഫെക്ടായി (Prefect of Studies) തളിയത്ത് ബ. ജോനാസച്ചനും സെക്ഷൻ പ്രീഫെക്ട്മാരായി പാലാത്തുരുത്തി ബ. ജനുവാരിയൂസച്ചനും വിത്തുവട്ടിക്കൽ ബ. ലൂക്കാച്ചനും നിയമിതരായി.

9 പ്രൊഫസറന്മാരോടും 87 വൈദികാർഥികളോടുംകൂടെ പഠനമാരംഭിച്ച ഈ സ്ഥാപനം പൊതുശ്രേഷ്ഠ സംഘത്തിന്റെ നേരിട്ടുള്ള ഭരണത്തിലാണ്. ഭരണസൗകര്യത്തിനായി വിദ്യാർഥികളുടെ എണ്ണത്തിനാനുപാതികമായി അവരെ വിഭാഗങ്ങളായി തിരിച്ച് റെക്ടറെ സഹായിക്കാൻ ഓരോ വിഭാഗത്തിനും ഓരോ പ്രീഫെക്ടിനെ നിശ്ചയിക്കുന്നു.

മൂന്നു നിലകളിലായി 75 മുറികൾവീതമുള്ള 6 ബ്ലോക്കുകൾ, ക്ലാസ്സുമുറികൾ, ഓഡിറ്റോറിയം, ലൈബ്രറി, ഭക്ഷണശാല ഇവയുടെ പണികളെല്ലാം പൂർത്തിയായി. അങ്ങനെ 450 വൈദികാർഥികൾക്കുവേണ്ട എല്ലാവിധ സജ്ജീകരണങ്ങളും ഇന്നു ധർമാരാമിലുണ്ട്. ഇരുപതിൽപരം സ്റ്റാഫംഗങ്ങളും 280-ഓളം വൈദികാർഥികളും ഇപ്പോൾ ഇവിടെയുണ്ട്. ഈ ദശവർഷങ്ങൾക്കിടയിൽ 280 വൈദികരെ തിരുസഭയ്ക്കു സമർപ്പിക്കാനും ഇതിനു കഴിഞ്ഞിട്ടുണ്ട്. റോം, അമേരിക്ക, ജെർമനി എന്നിവിടങ്ങളിൽ തത്ത്വശാസ്ത്രം, ദൈവശാസ്ത്രം, വേദഗ്രന്ഥം, കാനൻനിയമം, സഭാചരിത്രം, ധർമശാസ്ത്രം, പൗരസ്ത്യശാസ്ത്രങ്ങൾ എന്നിവയിൽ വ്യുൽപത്തി നേടിയവരാണ് അധ്യാപകർ. 1965-ൽ ഇവിടത്തെ ദൈവശാസ്ത്രവിഭാഗം, റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയോട് സംഘടിപ്പിക്കപ്പെട്ടതും (affiliated), ഇവിടത്തെ

www.malankaralibrary.com

തത്ത്വശാസ്ത്രകോഴ്സ് ധാർവാർ യൂണിവേഴ്സിറ്റി രണ്ടാംവർഷം ബി.എ.യ്ക്കു തുല്യമായി അംഗീകരിച്ചതും ധർമാരാമിന്റെ പുരോഗതിയുടെ നാഴികകല്ലുകളാണ്. ജൂൺ ആദ്യം മുതൽ മാർച്ച് മധ്യം വരെയാണ് ഇവിടത്തെ സ്കൂൾവർഷം. മൂന്നുവർഷത്തെ തത്ത്വശാസ്ത്രവും 4 വർഷത്തെ ദൈവശാസ്ത്രവും ഉൾപ്പെടുന്ന ഇവിടത്തെ പാഠ്യപദ്ധതിയിൽ സഭാസംബന്ധമായ വിഷയങ്ങൾക്കു പുറമേ ആധുനികശാസ്ത്രങ്ങളും വിദേശഭാഷകളും ഉൾപ്പെടുന്നു. ഓരോരോ പ്രത്യേക വിഷയങ്ങളിൽ പ്രാവീണ്യം നേടിയവരുടെ പ്രസംഗപരമ്പരകളും ഇടയ്ക്കിടെ ഉണ്ടാകാറുണ്ട്. ദൈവശാസ്ത്രവിദ്യാർഥികളും തത്ത്വശാസ്ത്രവിദ്യാർഥികളും വർഷത്തിൽ രണ്ടുപ്രാവശ്യം ഓരോ പഠനവിഷയങ്ങൾ ആസ്പദിച്ച് ചർച്ചകൾ (Disputations) നടത്താറുണ്ട്.

ഇവിടത്തെ ആദ്യത്തെ റെക്ടറായ ബ. ക്രിസോസ്തോമാസച്ചനും (1957–'60) തുടർന്നുള്ള റെക്ടർമാരായ ബ. കനീസിയൂസച്ചനും (1960––'66) ബ. ജോനാസച്ചനുമാണ് ഈ പഠനഗൃഹത്തിന്റെ ആന്തരിക ക്രമവത്കരണത്തിൽ രൂപരേഖ വരച്ചവരിൽ പ്രമുഖർ. 1966-ൽ ബ. കനീസിയൂസച്ചൻ സഭാജനറാളായി തിരഞ്ഞെടുക്കപ്പെട്ടതിനെത്തുടർന്ന് ബ. ജോനാസച്ചൻ റെക്ടറായി നിയമിതനായി.

ഈ റെക്ടർമാർക്കു പുറമേ, ധർമാരാമിന്റെ വളർച്ചയ്ക്കു താങ്ങും തണലുമായി വർത്തിച്ചിട്ടുള്ളവരാണ് ശ്രീമാന്മാരായ ജോസഫ് തരകൻ, കസ്തൂർ രാജ് ചെട്ടി, ജെ.വി. സിറിൽ, കോരചാണ്ടി, വി.എം. മസ്കരേഞ്ഞാസ്, ജോസഫ് കാവാലം, ജോർജ് തെക്കേക്കര, കെ. ശങ്കരൻ നായർ, ജോനാസ് മേസ്തിരി എന്നിവർ.

## വിവിധ പ്രവർത്തനങ്ങൾ

### മത പ്രബോധനം

ഇതിനടുത്തുള്ള Sacred Heart Parish-ൽ കുട്ടികളുടെ മതപഠനം ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത് ഇവിടുത്തെ വൈദികാർഥികളാണ്. ഫിലിം പ്രദർശനം, കായികവും കലാപരവുമായ മത്സരപരിപാടികൾ മുതലായവവഴി കുട്ടികളുടെ മതപഠനം ആകർഷകമാക്കാൻ ശ്രമിച്ചുവരുന്നു.

### ആതുര സേവനം

ഇക്കാര്യത്തിൽ ധർമാരാം ആദ്യം മുതല്ക്കേ, ശ്രദ്ധിച്ചിരുന്നു. ഇവിടെ പ്രവർത്തിക്കുന്ന ധർമാരാം സോഷ്യൽ സർവീസിന്റെ നേതൃ

www.malankaralibrary.com

ത്വത്തിൽ അടുത്തുള്ള ഗ്രാമങ്ങളിൽ രോഗീപരിചരണം നിർവഹിക്കുന്നു. 'ശുദ്ധഗുണ്ട പാളയ' 'ധ്വരശാണി പാളയ' എന്നീ സമീപസ്ഥ ഗ്രാമങ്ങളുടെ സർവതോമുഖമായ അഭിവൃദ്ധി ഊന്നിക്കൊണ്ട് ധർമാരാം സോഷ്യൽ സർവീസ് ഡിപ്പാർട്ട്മെന്റ് പ്രവർത്തിച്ചുവരുന്നു. ദരിദ്രരായ നൂറിലധികം കുട്ടികൾക്ക് ദിവസവും ഒരുനേരം ഭക്ഷണവും നല്കുന്നുണ്ട്.

**സാഹിത്യ സേവനം**

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഡിക്രികളുടെ മലയാള വിവർത്തനം ഇവിടത്തെ അധ്യാപകാധ്യേതാക്കളുടെ പരിശ്രമഫലമാണ്. കേരളത്തിനകത്തും പുറത്തുമുള്ള പത്രമാസികകളിലേക്ക് ഇവിടെനിന്ന് ലേഖനങ്ങളും ചെറുകഥകളും ധാരാളമായി നല്കുന്നുണ്ട്. കൂടാതെ, ഏതാനും പുസ്തകങ്ങൾ അധ്യാപകരും വിദ്യാർഥികളും പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

**രണ്ടു പ്രധാന സംഭവങ്ങൾ**

അഖില ഭാരത സന്ന്യാസ പരിഷത്തിന്റെ (C.R.I) പ്ലനറി കൗൺസിൽ 1962 ഡിസംബർ 17 മുതൽ 19 വരെ തീയതികളിലും C.B.C.I യുടെ ഒരു അസാധാരണയോഗം 1967 ജൂലൈ 1 മുതൽ 4 വരെ തീയതികളിലും ഇവിടെ വച്ചു നടന്നു.

**ദേഹവിയോഗങ്ങൾ**

1962 മെയ് 21-ാം നു ആലപ്പുഴ കുന്നുകൽ ബ. ഹയസിന്തച്ചനും (74) 1867 മെയ് 21-ാംനു പൂഞ്ഞാർ കാട്ടറാത്തു ബ. റോജറച്ചനും (39) ചരമഗതി പ്രാപിച്ചു.

www.malankaralibrary.com

# അധ്യായം എട്ട്

## സഭയുടെ വിവിധ പ്രവർത്തനങ്ങൾ

### A. ധ്യാന യോഗങ്ങൾ

ക്രിസ്തുമതത്തിന്റെ ആരംഭകാലത്തുതന്നെ ക്രിസ്തുശിഷ്യനായ മാർതോമാശ്ലീഹായിൽനിന്ന് ക്രിസ്തീയ വിശ്വാസം സ്വീകരിക്കുന്നതിനുള്ള ഭാഗധേയം കേരളത്തിനു സിദ്ധിച്ചെങ്കിലും 19-ാം നൂറ്റാണ്ടുവരെ ആധ്യാത്മികത ഇവിടെ വേണ്ടത്ര അലതല്ലിയിരുന്നില്ല.

ഋഷിപുംഗവന്മാരുടെ നാടായ ഭാരതത്തിലെ ക്രൈസ്തവസഭയുടെ ചരിത്രത്തിൽ 19-ാം നൂറ്റാണ്ട് ഒരു സുവർണദശയാണ്. ഭാരതത്തിന്റെ മണ്ണിൽ സ്വന്തമായൊരു സന്ന്യാസസഭ മുളയെടുത്തത് അന്നാണ്. അതേ, അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും, മിഥ്യയിൽനിന്നു യാഥാർഥ്യത്തിലേക്കും, മർത്ത്യതയിൽനിന്ന് അമർത്ത്യതയിലേക്കും കടക്കാനുള്ള ഹൈന്ദവ ഭൂമിയുടെ അന്തർദാഹം ശമിപ്പിക്കാൻ ഇന്നത്തെ കേരളകർമലീത്താ സഭ അന്നു രൂപംകൊണ്ടു. ദുരാലോചനകൾ, ഭിന്നത, മതവിഷയകമായ അജ്ഞത, വിദ്യാവിഹീനത മുതലായ വ്രണങ്ങൾ കേരളസഭാഗാത്രം ദ്രവിപ്പിച്ചുകൊണ്ടിരുന്ന അവസരത്തിൽ, അവ നിവാരണം ചെയ്ത് സഭാശരീരത്തിന് സുഖവും സൗഷ്ഠവവും നല്കുന്നതിന് ദൈവപരിപാലനം ഈ സഭയ്ക്കു ജന്മം നല്കി. സഭയിലെ ആദ്യപിതാക്കന്മാർ അനുഷ്ഠിച്ചുപോന്ന ദീർഘവും നിരന്തരവുമായ ജപധ്യാനങ്ങളും താപസകൃത്യങ്ങളും പരസ്നേഹപ്രവൃത്തികളും അവരിൽ വിളങ്ങിയിരുന്ന വിനയം, ക്ഷമ, അനുസരണം, ദാരിദ്ര്യം, ശുദ്ധത മുതലായ സുകൃതങ്ങളും വൈദികരടക്കമുള്ള ഇവിടത്തെ ബഹുജനങ്ങളിൽ അസാധാരാണമായ ആധ്യാത്മികപ്രബുദ്ധത ഉളവാക്കുകയും ഭക്തജീവിതത്തിനു പ്രചോദനം നല്കുകയും ചെയ്തു.

ജപധ്യാനസമേതമായ ആന്തരിക ജീവിതത്തോട് ഇതരരുടെ ആത്മരക്ഷയും ലക്ഷീകരിച്ചുകൊണ്ടുള്ള പ്രേഷിതവേലകളും ആരംഭകാലം മുതൽ ഈ സഭാംഗങ്ങൾ യോജിപ്പിച്ചിരുന്നു. അംഗസംഖ്യ വളരെ പരിമിതമായിരുന്ന കാലത്തുപോലും സാധാരണ വൈദികവൃത്തികൾക്കു പുറമേ, കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെയുള്ള പള്ളികളിൽ അവർ ധ്യാനപ്രസംഗങ്ങൾ നടത്തിയിരുന്നു. ഈ സഭയുടെ സ്ഥാപനത്തോടുകൂടെയാണ് വൈദികർക്കു വർഷംതോറും ജനങ്ങൾക്ക് ആവശ്യംപോലെയും ധ്യാനങ്ങൾ നടത്തുന്ന പതിവ് കേരള

www.malankaralibrary.com

ത്തിൽ ആരംഭിച്ചത്. സുകൃതചരിതരായ ആദ്യപിതാക്കന്മാരുടെ ധ്യാന പ്രസംഗങ്ങൾ അദ്ഭുതകരമായ നവോത്ഥാനം സംജാതമാക്കി. അവരുടെ ധ്യാനപ്രസംഗങ്ങളുടെ ഗുണത്തെയും ഫലത്തെയുംപറ്റി പൊതുജനങ്ങളും ഗവൺമെന്റധികാരികളും ഒപ്പം ബോധവാന്മാരായിരുന്നു.

ആദ്യപിതാക്കന്മാരെ അനുകരിച്ച് അവരുടെ പിൻഗാമികളും കേരളത്തിലും വെളിയിലുമുള്ള അനേകം ദൈവാലയങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതുജനധ്യാനങ്ങളും ഏകാന്തധ്യാനങ്ങളും ഇന്നും നടത്തിപ്പോരുന്നു.

**B. മതപ്രബോധനം**

വിശ്വാസികൾക്ക് ആധ്യാത്മിക പ്രബുദ്ധത ഉണ്ടാകണമെങ്കിൽ മതപരമായ വിജ്ഞാനം അവർക്കു വേണ്ടുവോളം ഉണ്ടായിരിക്കണമല്ലോ. കേരളകത്തോലിക്കരുടെ ആധ്യാത്മിക പാപ്പരത്തത്തിന്റെ കാരണം മതകാര്യങ്ങളിലുള്ള അവരുടെ അജ്ഞതയാണെന്നു മനസ്സിലാക്കിയ ബുദ്ധികൂർമയും നിരീക്ഷണപാടവവുമുള്ള വന്ദ്യചാവറയച്ചൻ 1861–ൽ, പുണ്യശ്ലോകനായ ബെർണദീനോസ് മെത്രാനാൽ വരാപ്പുഴ വികാരിയാത്തിലെ സുറിയാനിക്കാരുടെ വികാരി ജനറാളായി നിയമിതനായപ്പോൾ, അദ്ദേഹത്തിന്റെ ശ്രദ്ധ പ്രധാനമായി പതിഞ്ഞത് മതപഠനം ഊർജിതപ്പെടുത്തുന്നതിലായിരുന്നു. അതിന് അദ്ദേഹം എല്ലാ ഇടവകപ്പള്ളികളും സന്ദർശിച്ച് ഓരോ പള്ളിയോടും അനുബന്ധിച്ച് വേദപഠനശാലകൾ സ്ഥാപിക്കുന്നതിനും അവിടെ മതാധ്യാപനം കാര്യമായി നടത്തുന്നതിനും ശുപാർശചെയ്തു. മാത്രമല്ല, വരാപ്പുഴ വികാരിയാത്തിലെ മതപഠനം സഭാംഗങ്ങളായ വൈദികരുടെ മേല്നോട്ടത്തിലാക്കി. അങ്ങനെ മതസംബന്ധമായ അറിവ് ജനങ്ങളിൽ വർധിച്ചുവന്നു. അതോടെ, മതതീക്ഷ്ണതയും കേരളസഭയിൽ ഉജ്ജ്വലിച്ചു. ഇന്ന് സഭയിലെ എല്ലാ ആശ്രമങ്ങളോടും അനുബന്ധിച്ച് സണ്ടേസ്കൂളുകളും പഠനക്കളരികളും ആധ്യാത്മികചൈതന്യ സംവർധകങ്ങളായ പല ഭക്തസഖ്യങ്ങളും നടത്തിപ്പോരുന്നുണ്ട്. യുവതീയുവാക്കന്മാരും ബാലികാബാലന്മാരും മതജ്ഞാനികളും ആദർശനിഷ്ഠരും, സുകൃതികളുമായി വളർന്നുവരുന്നതിന് ഇവ സഹായിക്കുന്നു.

**C. മുദ്രണാലയ പ്രേഷിതത്വം**

ക്രിസ്തീയ ആശയങ്ങളുടെ പ്രചാരണത്തിനും നമ്മുടെ സഭാംഗങ്ങൾ ആദ്യന്തം ശ്രദ്ധിച്ചിരുന്നു. സ്വന്തമായൊരു മുദ്രണാലയം ഉണ്ടാ

www.malankaralibrary.com

യെങ്കിലേ അക്കാര്യം സുസാധ്യമാകു എന്നു ഗ്രഹിച്ച ചാവറയച്ചൻ, 1844 മുതൽ അതിനായി ശ്രമംതുടങ്ങി. അന്നു കോട്ടയത്തും തിരുവനന്തപുരത്തും മാത്രമേ തിരുവിതാംകൂറിൽ മുദ്രണാലയങ്ങൾ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് പ്രസ്സ് സംബന്ധമായ കാര്യങ്ങൾ പഠിക്കുന്നതിനായി ചാവറയച്ചൻ കോട്ടയത്തു ചെന്നെങ്കിലും പ്രസ്സധികാരികൾ അതിനു സമ്മതിച്ചില്ല. തന്മൂലം ശില്പകലയിലും കൗശലപ്പണികളിലും അതിസമർഥനായിരുന്ന മുട്ടുചിറ പറമ്പിൽ ബ. പൗലോസച്ചനെയും കൂട്ടി ചാവറയച്ചൻ തിരുവനന്തപുരത്തേക്കു പോയി, ഗവൺമെന്റു പ്രസ്സിൽച്ചെന്ന് അവിടത്തെ കത്തോലിക്കരായ ചില ജോലിക്കാരുടെ സഹായത്താൽ എല്ലാ പണികളും യഥേഷ്ടം കണ്ടുഗ്രഹിച്ചു. മടങ്ങി മാന്നാനത്തു വന്നപ്പോൾ, അവിടെ കണ്ട പ്രസ്സിന്റെ ഒരു മാതൃക മേല്പറഞ്ഞ പൗലോസച്ചൻ, വാഴപ്പിണ്ടികൊണ്ടുണ്ടാക്കി ഒരാശാരിയെ കാണിച്ചു. അയാൾ പ്രസ്തുത മാതൃകയനുസരിച്ച് തടികൊണ്ട് ഒരു പ്രസ്സുണ്ടാക്കുകയും അതിന്റെ അടിത്തട്ടു കരിങ്കല്ലുകൊണ്ട് പണിതുചേർത്തു ക്രമപ്പെടുത്തുകയും ചെയ്തു. ആ പ്രസ്സ് മാന്നാനത്ത് ഇന്നും ഭദ്രമായി സൂക്ഷിക്കപ്പെടുന്നു.

ഇത്രയുമായപ്പോൾ മുദ്രണം ആരംഭിക്കുന്നതിനുള്ള ഗവൺമെന്റനുമതിക്ക് അപേക്ഷിച്ചു. എന്നാൽ അതു സ്വാധീനശക്തിയുള്ള ചിലരുടെ പ്രാതികൂല്യത്താൽ നിഷേധിക്കപ്പെടുകയാണുണ്ടായതു. അക്കാലത്ത് കേരളത്തിന്റെ വികാരി അപ്പസ്തോലിക്കാ ആയിരുന്ന ലുദുവിക്കോസ് മെത്രാൻ, ബ്രിട്ടീഷ് റസിഡണ്ടിനോടു ചെയ്ത നിവേദനഫലമായി ഈ കാര്യത്തിൽ അദ്ദേഹം ഇടപെടുകയും മുദ്രണം ആരംഭിക്കുന്നതിനു രാജകീയാനുമതി ലഭിക്കുകയും ചെയ്തു. അങ്ങനെ 1846-ൽ ഇവിടെ മുദ്രണം ആരംഭിച്ചു. അതെത്തുടർന്ന്, ഇപ്പോൾ സഭവകയായി തേവര, കോട്ടയം, എറണാകുളം, പുല്ലൂർ, ആലപ്പുഴ, മേരിക്കുന്ന്, തൃശൂർ എന്നിവിടങ്ങളിൽ മുദ്രണാലയങ്ങൾ നടത്തിവരുന്നു.

മതസംബന്ധമായ അറിവ് ജനങ്ങളിൽ വർധിപ്പിക്കുന്നതിനും ഭക്തിയ്ക്കുപയുക്തങ്ങളായ പുസ്തകങ്ങൾ ജനങ്ങൾക്കുണ്ടാക്കികൊടുക്കുന്നതിനുമാണ് മാന്നാനത്തെ പ്രസ്സിന് ചാവറയച്ചൻ രൂപം നല്കിയത്. ആ ലക്ഷ്യം മുൻനിറുത്തി ജ്ഞാനപീയൂഷം, നിത്യാരാധന, കൃപാനിധി, പീയൂഷസംഗ്രഹം ആദിയായ പ്രാർഥനപുസ്തകങ്ങളും വണക്കമാസങ്ങൾ, വ്യാകുലപ്രസംഗം, പാന മുതലായ ഭക്തഗ്രന്ഥങ്ങളുമാണ് ഇവിടെനിന്നു പ്രസിദ്ധീകരിച്ച ആദ്യഗ്രന്ഥങ്ങളിൽ മുഖ്യമായവ. ഇന്ന് പ്രചുര

www.malankaralibrary.com

പ്രചാരം സിദ്ധിച്ചിട്ടുള്ളതും സഭാംഗമായ ആണ്ടുമൂലി ബ. മാണിക്കത്തനാർ സുറിയാനി പ്ശീത്തായിൽ നിന്നു വിവർത്തനം ചെയ്തതുമായ പുതിയ നിയമം മുഴുവന്റെയും ഏതാനും പഴയനിയമപുസ്തകങ്ങളുടെയും പ്രസാധനം നിർവഹിച്ചിട്ടുള്ളതും ഇവിടെ നിന്നാണെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. 1887 ഏപ്രിലിൽ 'നസ്രാണി ദീപിക' എന്ന പേരിൽ മാന്നാനത്ത് ആരംഭിച്ചതും ഇന്നു കോട്ടയത്തുനിന്ന് 'ദീപിക' എന്നപേരിൽ പുറപ്പെടുന്നതുമായ പ്രതിദിനപത്രം കത്തോലിക്കരുടെ മതാത്മകവും, രാഷ്ട്രീയവുമായ സംരക്ഷണത്തിനായി മുൻകൈയെടുത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

1903–ൽ കട്ടക്കയത്തിൽ ബ. കൊച്ചുചാണ്ടിയച്ചൻ ആരംഭിച്ച 'കർമല കുസുമം' മാസികയും മാന്നാനം പ്രസ്സിൽ നിന്നാണ് പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നത്. മലങ്കരസഭാചരിത്രകാരൻ എന്ന അനശ്വരകീർത്തി സമ്പാദിച്ച ആലഞ്ചേരി ബ. ബെർണാദച്ചന്റെ 'മാർത്തോമ്മാക്രിസ്ത്യാനികൾ' എന്ന ചരിത്രഗ്രന്ഥവും കട്ടക്കയത്തിൽ ബ. കൊച്ചു ചാണ്ടിയച്ചന്റെ 'തിരുസിംഹാസനാദരവും' ബ. ലാസറച്ചന്റെ 'മത തത്വബോധിനി' എന്ന വേദപാഠ ഗ്രന്ഥാവലിയും ബ. പ്ലാസിഡച്ചൻ, ബ. റൊമയോ തോമസച്ചൻ മുതലായവരുടെ കൃതികളും ലേഖനങ്ങളും പാട്ടശ്ശേരി ബ. സൈമണച്ചന്റെ മേല്നോട്ടത്തിൽ സമാരംഭിച്ച "കർമല കുസുമം ഗ്രന്ഥാവലിയും", ഐക്കര ബ. വിൽഫ്രഡച്ചന്റെ താത്പര്യപ്രകാരം പ്രസിദ്ധീകൃതമായ 'കുസുമങ്ങൾ', 'അധ്യയനമണ്ഡലം ഗ്രന്ഥാവലി', 'ജനാധിപത്യ പ്രസിദ്ധീകരണം', 'കിരണങ്ങൾ', 'താരങ്ങൾ' മുതലായവയും കത്തോലിക്കാ ആദർശങ്ങൾ പ്രചരിപ്പിക്കുന്നതിലും കത്തോലിക്കാസഭയെപ്പറ്റി അകത്തോലിക്കരിൽ മതിപ്പും ബഹുമാനവും ഉളവാക്കുന്നതിലും സാരമായി സഹായിച്ചിട്ടുണ്ട്. കോഴിക്കോട്ടെ അമലാ പ്രസ്സിൽനിന്ന് "പ്രകാശം" എന്നൊരു വാരികയും 'ക്രിസ്റ്റഫർ' എന്നൊരു മാസികയും, എൽത്തുരുത്ത് പ്രസ്സിൽനിന്ന് "പ്രാചീന താരക" എന്ന ഒരു പത്രവും കുറെ നാളത്തേക്കു പ്രസിദ്ധീകരിച്ചിരുന്നു. തേവര പ്രസ്സിൽ നിന്ന് പ്രസിദ്ധംചെയ്യുന്ന 'കുടുംബദീപം' എന്ന മതസാംസ്കാരിക മാസികയും കോട്ടയത്തുനിന്നും പുറപ്പെടുന്ന 'കുട്ടികളുടെ ദീപിക'യും കണ്ണനായ്ക്കൽ ബ. മലാക്കിയാസച്ചന്റെ മേല്നോട്ടത്തിൽ എൽത്തുരുത്തിൽനിന്നു പുറപ്പെടുന്ന 'സമർപ്പിത'യും ആലപ്പുഴയിലെ 'പ്രകാശം പബ്ലിക്കേഷൻസും' കത്തോലിക്കാ സാഹിത്യപ്രചാരണത്തിനും പ്രോത്സാഹനത്തിനുമുള്ള ആധുനികോപാധികളാണ്.

www.malankaralibrary.com

ഭക്തഗ്രന്ഥങ്ങൾപോലെ ശാസ്ത്രീയവും ചരിത്രപരവും സാഹിത്യപരവുമായ നിരവധി ഗ്രന്ഥങ്ങളും സഭവക പ്രസ്സുകളിൽനിന്നു പ്രസിദ്ധം ചെയ്തുവരുന്നു. ഇംഗ്ലീഷ്, ലത്തീൻ, തമിഴ്, സുറിയാനി, ഹിന്ദി എന്നീ ഭാഷകളിലും ഇപ്പോൾ സഭവക പ്രസ്സുകളിൽ മുദ്രണസാധ്യതയുണ്ട്.

സൽഗ്രന്ഥ പ്രചാരണത്തിനുവേണ്ടി, മാന്നാനം, കോട്ടയം, തേവര, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ ഓരോ ബുക്ക് സ്റ്റാളുകളും സഭവകയായി ഉണ്ട്.

ഇതിനു പുറമേ, പത്രമാസികകളിൽ ലേഖനങ്ങളെഴുതിയും സദ്ഗ്രന്ഥങ്ങൾ ഭാഷാന്തരം ചെയ്തും രചിച്ചും സഭാംഗങ്ങൾ ക്രൈസ്തവാദർശങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു.

**D. കത്തോലിക്കാ സംഘടനകൾ**

'കർമലകുസുമം' മാസികയിൽ 'കർമലനാഥയുടെ കുഞ്ഞുമക്കൾക്ക്' എന്നൊരു ലേഖന പരമ്പര 'സ്വന്തം കൊച്ചച്ചൻ' എന്നപേരിൽ പാട്ടശ്ശേരി ബ. സൈമണച്ചൻ പ്രസിദ്ധീകരിച്ചുവന്നു. കേരളത്തിലെ പത്രമാസികകളിൽ ഒരു ബാലപംക്തി നടത്തുന്നത് അന്ന് ആദ്യമായിരുന്നു. സുകൃതജീവിതം സംബന്ധിച്ച അറിവ് കേരളത്തിൽ വേണ്ടിടത്തോളമില്ലായിരുന്ന കുറവു പരിഹരിക്കുന്നതിന് ഈ പംക്തി വളരെയധികം ഉപകരിച്ചു. തന്നെയല്ല, അനേകം യുവാക്കളെ വൈദികാന്തസ്സിലേക്കും യുവതീയുവാക്കന്മാരെ സന്ന്യാസാന്തസ്സിലേക്കും ആനയിക്കുന്നതിന് അതു സഹായകമായി ഭവിച്ചു. ഇതിലുപരി, ക്രിസ്തീയാദർശങ്ങളിലടിയുറച്ച ജീവിതം നയിക്കുന്നതിന് അനേകം യുവദമ്പതികൾക്ക് ഈ പംക്തി മാർഗദർശനം നല്കുകയും ചെയ്തു. 1925 ജൂൺമാസത്തിൽ കേരളത്തിലെ വൈദികാധ്യക്ഷന്മാരുടെ ആശിസ്സോടുകൂടെ ആരംഭിച്ച പ്രസ്തുത സഖ്യം 5 കൊല്ലംകൊണ്ട് കേരളമാകെ വ്യാപിച്ചു വളരെ ഫലം പുറപ്പെടുവിച്ചിട്ടുണ്ട്.

ഫാദർ ഒണോരെ എസ്.ജെ. യാൽ സ്ഥാപിതമായ എം.സി.എസ്.എൽ. നു താങ്ങും തണലുമായി വർത്തിച്ചത് ന. സഭാംഗങ്ങളാണ്. ഈ സംഘടനയുടെ ആധ്യാത്മിക നിയന്താവെന്ന നിലയിൽ ബ. വില്യമച്ചൻ വളരെക്കാലം ഇതിനെ പരിരക്ഷിച്ചിട്ടുണ്ട്. ഇപ്പോൾ കെ.സി.എസ്.എൽ. എന്നറിയപ്പെടുന്ന ഈ സംഘടനയ്ക്ക് ആധ്യാത്മിക നേതൃത്വം നല്കുന്നത് നമ്മുടെ മുണ്ടാടൻ ബ. ഗ്രേഷ്യൻ അച്ചനാണ്.

www.malankaralibrary.com

സൊഡാലിറ്റി, മിഷൻ ലീഗ്, ലീജൻ ഓഫ് മേരി, വിൻസെന്റ് ഡി പോൾ സഖ്യം, കത്തോലിക്കാപ്രവർത്തനം തുടങ്ങി മതപരവും സാമൂഹികവുമായി ഇന്നു കേരളത്തിൽ നിലവിലിരിക്കുന്ന എല്ലാ സംഘടനകൾക്കും ഊറ്റമായ പിൻതുണ മാത്രമല്ല ആവശ്യംപോലെ നേതൃത്വവും മറ്റു സഹായസഹകരണങ്ങളും ന. സഭാംഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. സ്ഥലകാല സാഹചര്യമനുസരിച്ച് വേറെയും പല സംഘടനകളും നമ്മുടെ വിവിധ ആശ്രമങ്ങളുടെ മേല്നോട്ടത്തിൽ സ്ഥാപിച്ചു പ്രവർത്തിക്കുന്നുണ്ട്.

**E. സെമിനാരി**

വിശ്വാസികളുടെ ആധ്യാത്മികോന്നമനത്തിന് അനുപേക്ഷണീയമായിരിക്കുന്നത് ദൈവഭക്തരും തീക്ഷ്ണമതികളും ജ്ഞാനസമ്പന്നരുമായ വൈദികരാണെന്ന് സൂക്ഷ്മദൃക്കുകളായിരുന്ന നമ്മുടെ സഭാസ്ഥാപകന്മാർ ഗ്രഹിച്ചിരുന്നു. തദ്ഫലമായി, 1833-ൽ ഒരു സെമിനാരി അവർ മാന്നാനത്തു തുടങ്ങി. അതോടെ അന്നുവരെ മല്പാന്മാർ നടത്തിയിരുന്ന സെമിനാരികളെല്ലാംതന്നെ നിന്നുപോവുകയും മാന്നാനം സെമിനാരി കേരളത്തിന്റെ കേന്ദ്രസെമിനാരിയാവുകയും ചെയ്തു. സെമിനാരിക്കാരുടെ എണ്ണം വർധിക്കുകയാൽ പള്ളിക്കു തെക്കുവശം കിഴക്കുപടിഞ്ഞാറായി 200 അടി നീളവും 22½ അടി വീതിയുമുള്ള ഒരു മൂന്നുനിലക്കെട്ടിടം സെമിനാരിക്കായി പണികഴിപ്പിച്ചു.

മാന്നാനം സെമിനാരിയിലെ ശിക്ഷണത്തിന്റെയും ബോധനരീതിയുടെയും വൈശിഷ്ട്യം കണ്ടുകൊണ്ട് അന്നത്തെ വൈദികാധികാരികൾ മറ്റു കൊവേന്തകളും സെമിനാരി നടത്തണമെന്ന് അഭിപ്രായപ്പെട്ടു. അതനുസരിച്ച്, 1866-ൽ വാഴക്കുളത്തും 1868-ൽ എൽത്തുരുത്തിലും പിന്നീടു പുളിങ്കുന്നിലും ഓരോ സെമിനാരി സ്ഥാപിതമായി. പദ്രുവാദോ വകയായി ആലുവായിലുണ്ടായിരുന്ന സെമിനാരി 1874-ൽ നിറുത്തലാക്കി. അവിടെ പഠിച്ചിരുന്ന വൈദികാർഥികളെ വാഴക്കുളം സെമിനാരിയിലേക്കയച്ചു. 1874 മുതൽ ഇംഗ്ലീഷും 1889 മുതൽ ലത്തീനും സെമിനാരികളിൽ പഠിപ്പിച്ചുതുടങ്ങി.

ഇങ്ങനെ സഭ ആരംഭിച്ച് അരനൂറ്റാണ്ടു കാലത്തേക്ക് കേരളത്തിലെ വൈദികാർഥികളുടെ ശിക്ഷണവും ബോധനവും നമ്മുടെ സഭാംഗങ്ങൾ തന്നെയാണു നടത്തിയിരുന്നത്. അതുവഴി വിജ്ഞാനത്തിലും വിശുദ്ധിയിലും അടിയുറച്ച നല്ല വൈദികരെ കേരളസഭയ്ക്കു പ്രദാനം ചെയ്യാനും അവൾക്കു സാധിച്ചിട്ടുണ്ട്.

www.malankaralibrary.com

1767 മുതൽ വരാപ്പുഴ നടത്തിവന്നിരുന്ന സെമിനാരി ബെർണർദീനോസു മെത്രാന്റെ ഭരണകാലത്ത്, 1866-ൽ, പുത്തൻപള്ളിയിലേക്കു മാറ്റുകയും 1890-ൽ അതു പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ കീഴിൽ കേരളത്തിലെ കേന്ദ്രസെമിനാരിയാക്കുകയും ചെയ്തതോടെ, എൽത്തുരുത്ത്, വാഴക്കുളം, മാന്നാനം എന്നീ സെമിനാരികൾ നിറുത്തലാക്കപ്പെട്ടു. അതിനുശേഷം, സഭാംഗങ്ങളായ യോഗാർഥികൾ, നവസന്ന്യാസികൾ, വൈദികാർഥികൾ ഇവരുടെ പരിശീലനവും ശിക്ഷണവും മാത്രം സഭ തുടർന്നു നടത്തിവരുന്നു.

**F. മിഷൻ പ്രവർത്തനം**

നമ്മുടെ സഭ അതിന്റെ ആരംഭകാലത്തുതന്നെ മിഷൻപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. കേരളത്തിലെ സുറിയാനി കത്തോലിക്കർ വിജാതികളുടെ ഇടയിൽ വേദപ്രചാരണം തുടങ്ങിയിട്ടില്ലായിരുന്ന അക്കാലത്ത് വന്ദ്യ ചാവറയച്ചൻ അതിരമ്പുഴ, ആർപ്പൂക്കര, എടത്വാ എന്നീ സ്ഥലങ്ങളിൽ ഓരോ വേദപ്രചാരകേന്ദ്രം തുറന്നുപ്രവർത്തനം നടത്തിപ്പോന്നു. അചിരേണ, സഭയിലെ മിക്ക ആശ്രമങ്ങളോടും അനുബന്ധിച്ച് താദൃശകേന്ദ്രങ്ങൾ ആരംഭിച്ചുപ്രവർത്തിച്ചുതുടങ്ങി. അന്നത്തെ പ്രവർത്തനങ്ങൾ മിക്കവാറും പുലയർ, പറയർ തുടങ്ങിയ അവശ സമുദായങ്ങളുടെ ഇടയിലായിരുന്നു. അവരുടെ ഇടയിൽ നിന്ന് വളരെയധികം ആളുകൾ ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുണ്ട്. അവശ ക്രൈസ്തവരുടെ ആത്മപരിപാലനം ആശ്രമങ്ങളുടെ കീഴിൽതന്നെ നിർവഹിച്ചുപോരുന്നു. നായർ, ബ്രാഹ്മണർ തുടങ്ങിയ ഹിന്ദുക്കളിൽനിന്നും ഈഴവർ, ഉള്ളാടർ തുടങ്ങിയ അവർണഹിന്ദുക്കളിൽനിന്നും ചിലരുടെ മാനസാന്തരത്തിനും സഭ മാർഗദീപമായി വർത്തിച്ചിട്ടുണ്ട്.

നമ്മുടെ സഭയുടെ മിഷൻ പ്രവർത്തനം സുറിയാനി രൂപതകളിൽ മാത്രം ഒതുങ്ങി നില്ക്കാതെ ലത്തീൻ രൂപതകളിലേക്കും വ്യാപിച്ചുതുടങ്ങി. ലത്തീൻ റീത്തു സ്വീകരിച്ചുകൊണ്ടാണ് അന്നു സഭാംഗങ്ങൾ അവിടങ്ങളിൽ പ്രവർത്തനങ്ങൾ നടത്തിയത്. കോഴിക്കോട്ടു രൂപതയിൽ ഇടവകവികാരിമാരായും ജബൽപ്പൂർ, ഹൈദരാബാദ്, തൂത്തുക്കുടി, കൊളമ്പ് എന്നീ രൂപതകളിൽ സൈനിക കപ്ലോന്മാരായും നമ്മുടെ സഭാംഗങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. തിരുവനന്തപുരം അതിരൂപതയിലും നമ്മുടെ സഭാംഗങ്ങൾ പ്രേഷിതപ്രവർത്തനം നിർവഹിച്ചിട്ടുണ്ട്.

www.malankaralibrary.com

### റെയിഗാർ - അംബികപ്പൂർ

റെയിഗാർ - അംബികപ്പൂർ രൂപതയുടെ മെത്രാൻ ഓസ്കാർ സെവരിൻ എസ്.ജെ. 1952-ൽ നമ്മുടെ സഭാംഗങ്ങളെ മിഷൻപ്രവർത്തനത്തിനായി അദ്ദേഹത്തിന്റെ രൂപതയിലേക്കു ക്ഷണിച്ചു. അതനുസരിച്ച് താണിക്കൽ ബ. ദിയാഗോ അച്ചനും ചാമക്കാല ബ. കാസിയൂസച്ചനും കാടങ്കാവിൽ ബ. വിയാനി അച്ചനും 1955 ജനുവരിയിൽ അംബികപ്പൂരിലെത്തി. 1956-ൽ ചക്കുങ്കൽ ബ. റൊമുവാൾദച്ചനും പ്ലാക്കാട്ടു ബ. ക്രിസ്ത്യനച്ചനുംകൂടെ അവിടെ ചെന്നുചേർന്നു. അവർ ഒരു താത്കാലിക ഷെഡിൽ താമസിച്ചുകൊണ്ട് മിഷൻ പ്രവർത്തനം നടത്തിവന്നു.

അങ്ങനെയിരിക്കയിൽ, സെവരിൻ മെത്രാനച്ചന്റെ അപേക്ഷയനുസരിച്ച് അംബികപ്പൂരിൽ നമ്മുടെ ഒരാശ്രമം പണിയുന്നതിനായി ഒരു നല്ല തുക പൗരസ്ത്യ തിരുസംഘം അനുവദിച്ചു തന്നു. താമസിയാതെ അവിടെ 15 ഏക്കർ സ്ഥലം പ്രിയോർ ജനറാളച്ചന്റെ പേരിൽ വാങ്ങി. ആ സ്ഥലത്ത് 1958 ജൂണിൽ ആശ്രമത്തിനുള്ള പണിയുമാരംഭിച്ചു. ബ. റൊമുവാൾദച്ചന്റെ നേതൃത്വത്തിൽ അതിന്റെ പണി പൂർത്തിയാക്കി 1960 മെയ് 1-ന് വെഞ്ചരിപ്പുകർമം സാഘോഷം നിർവഹിക്കപ്പെട്ടു.

ഇവിടെ ഒരു അപ്പസ്തോലിക്ക് സ്കൂൾ ആരംഭിക്കുന്നതിനുവേണ്ടി 1964-ൽ ആശ്രമക്കെട്ടിടം നീട്ടിപ്പണിതു. യോഗാർഥികൾ അവിടെ താമസിച്ചുകൊണ്ട് അടുത്തുള്ള സെന്റ് സേവ്യേഴ്സ് ഹൈസ്കൂളിൽ പഠിച്ചുവരുന്നു. 1965-ൽ ഇവിടെ ഒരു ചാപ്പലും പണിതീർത്തിട്ടുണ്ട്. ഇവിടെ ഇപ്പോൾ നമ്മുടെ 13 അച്ചന്മാർ താമസിച്ചുകൊണ്ട് രൂപതയുടെ വിവിധ ഭാഗങ്ങളിൽ മിഷൻപ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇവിടെ 15 യോഗാർഥികളും ഇപ്പോഴുണ്ട്.

### ചാന്ദായും സാഗാറും

നമ്മുടെ സഭയുടെയെന്നല്ല, കേരള സുറിയാനി സഭയുടെ തന്നെ ചരിത്രത്തിൽ ഒരു നൂതനാധ്യായം ആരംഭിച്ചത് 1961-ലായിരുന്നു. അന്നുവരെ കൊച്ചു കേരളത്തിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞിരുന്ന കേരളസഭയ്ക്ക് സ്വതന്ത്രമായി ഉത്തരേൻഡ്യയിൽ മിഷൻ പ്രവർത്തനം നടത്താൻ അനുമതി ലഭിച്ചത് അന്നാണ്. അന്ന് നാഗപ്പൂർ അതിരൂപതാധ്യക്ഷനായിരുന്ന അഭിവന്ദ്യ എവുജിൻ ഡിസൂസായുടെ താത്പര്യമനുസരിച്ച് പരിശുദ്ധ സിംഹാസനത്തിൽ നിന്ന് നാഗപ്പൂർ അതിരൂപതയിൽപ്പെട്ടിരുന്ന വാർധാ, ചാന്ദാ, അദിലബാദ് എന്നീ ഡിസ്ട്രിക്റ്റുകൾ വേർപെ

www.malankaralibrary.com

ടുത്തി ചാന്ദാ ഓർഡിനറിയേറ്റ് സ്ഥാപിച്ച് കേരളസഭയ്ക്കു നല്കുകയുണ്ടായി. പ്രസ്തുത ഓർഡനറിയേറ്റിന്റെ ചുമതല ന. സഭയെയാണ് പരിശുദ്ധ സിംഹാസനം ഭരമേല്പിച്ചത്. പാലാത്തുരുത്തി ന. ബ. ജനുവാരീയൂസച്ചൻ അവിടത്തെ ഓർഡനറിയായും നിയമിതനായി. 1961 ജൂലൈ 3 മുതൽ ന. ബ. അച്ചന്മാർ അവിടെ പ്രേഷിതപ്രവർത്തനം നടത്തിവരുന്നു.

ഭോപ്പാൽ അതിരൂപതയിൽ നിന്ന് സാഗാർ, വിദിഷ, റെയിസൺ എന്നീ ഡിസ്ട്രിക്റ്റുകൾ വേർതിരിച്ച് രൂപംകൊടുത്ത സാഗാർ എസ്രാർക്കേറ്റും നമ്മുടെ സഭയ്ക്ക് നല്കപ്പെടുകയും അതിന്റെ ഏക്സാർക്കായി തോട്ടുങ്കൽ ബ. ക്ലെമെന്റ് അച്ചൻ 15-8-'68-ൽ നിയമിതനാവുകയും ചെയ്തു. ഈ അവസരത്തിൽ ചാന്ദാ ഓർഡിനറിയേറ്റിനെ എക്സാർക്കേറ്റായും അവിടുത്തെ മേലധ്യക്ഷനായ മോൺ. ജനുവാരിയൂസിനെ എക്സാർക്കായും ഉയർത്തിയിരിക്കുന്നു.

**ഇറാക്ക് - ഇറാൻമിഷൻ**

ബാബേൽ കല്ദായ പാത്രിയാർക്കീസിന്റെ അപേക്ഷാനുസരണം 1960 ഫെബ്രുവരിയിൽ നമ്മുടെ സഭാംഗങ്ങളായ കളത്തിൻ ബ. ഫബിയാനച്ചനും, പുല്പറമ്പിൽ ബ. മാർസലച്ചനും കാളിയാടൻ ബ. വേർജിലച്ചനും മിഷൻ പ്രവർത്തനാർഥം കപ്പൽമാർഗം ബാഗ്ദാദിൽ എത്തി. ബ. വേർജിലച്ചനെ ഉടൻതന്നെ ബസ്രായിലേക്കയച്ചു. മറ്റിരുവരും പാത്രിയർക്കാ അരമനയിൽ തത്കാലം വസിച്ചു. 1865 മുതൽ മൂസലിൽ നടത്തിപ്പോന്നിരുന്ന വൈദിക സെമിനാരി 1960 സെപ്തംബറോടെ ബാഗ്ദാദിൻ ഒരു വാടകക്കെട്ടിടത്തിലേക്കു മാറ്റിയിട്ട് അതിന്റെ റെക്ടറായി ബ. മാർസലച്ചനും പ്രൊഫസറായി ബ. ഫബിയാനാച്ചനും നിയമിതരായി. 16 മേജർ സെമിനാരിക്കാരും, 22 മൈനർ സെമിനാരിക്കാരുമായി 1960 ഒക്ടോബർ 14-ന് പുതിയ സെമിനാരിയിൽ പഠനവും ആരംഭിച്ചു.

ഇറാക്കിൽ ദൈവവിളി കുറവാണെന്നും സെമിനാരിയിൽ ചേരുന്നവരിൽ അധികംപേരും വൈദികജീവിതം ഉപേക്ഷിച്ചു പോവുകയാണെന്നുമായിരുന്നു വന്ദ്യനായ പാത്രിയാർക്കീസുൾപ്പെടെ ഏവരുടെയും പരാതി. എന്നാൽ, ഇക്കഴിഞ്ഞ എട്ടുകൊല്ലങ്ങൾക്കിടയിൽ 24 പേർ ഗുരുപട്ടം സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനിടയിൽ ആരുംതന്നെ സ്വമനസ്സാ സെമിനാരി വിട്ടുപോയിട്ടില്ലെന്നും ഇപ്പോഴും അവിടെ ദൈവവിളി വർധിച്ചുകൊണ്ടാണിരിക്കുന്നതെന്നുമുള്ളത് പ്രസ്താവ്യമാണ്.

www.malankaralibrary.com

വിശിഷ്യാ, 1968 ജൂണിൽ 10 നവവൈദികരാണുണ്ടായത്. 103 കൊല്ലത്തെ പഴക്കമുള്ള ഈ സെമിനാരിയിൽനിന്ന് മുമ്പൊരിക്കലും ഇത്രയുംപേർ ഒന്നിച്ച് ഗുരുപട്ടം സ്വീകരിച്ചിട്ടില്ല.

ബ. ഫബിയാനച്ചൻ മാന്നാനം പ്രിയോരായി തിരഞ്ഞെടുക്കപ്പെട്ട തിനാൽ '63 ജനുവരിയിലും അദ്ദേഹത്തിനു പകരം നിയമിതനായ തെള്ളിയിൽ ബ. എമ്മാനുവേലച്ചൻ '63 സെപ്തംബർ മുതൽ രണ്ടിൽ പരം കൊല്ലം അവിടെ ജോലി ചെയ്ത ശേഷം '65 ഡിസംബറിലും ബ. വേർജിലച്ചൻ '63 മുതൽ അഞ്ചുകൊല്ലം ഇറാന്റെ (പേർഷ്യയുടെ) തലസ്ഥാനമായ ടെഹറാനിലും ബ. മാർസലച്ചൻ '66-ൽ സെമിനാരി ജോലി അമേരിക്കൻ ഈശോസഭക്കാരെ ഏല്പിച്ചുകൊണ്ട് രണ്ടുകൊല്ലംകൂടി ഇറാനിലെ ഉർമിയായിലും സേവനമനുഷ്ഠിച്ച ശേഷം '68 ഒക്ടോബറിലും കേരളത്തിലേക്കു മടങ്ങി.

കല്ദായക്കാർ ഏറ്റം കൂടുതലുള്ളത് ഇറാക്കിലാണ്. അവരുടെ സംഖ്യ ഒരു ലക്ഷത്തോളം വരും. അവർക്കിന്ന് വൈദികർ ആവശ്യത്തിനു മാത്രമുണ്ട്. ഇറാക്കിനെയപേക്ഷിച്ച് ഇറാനിൽ കല്ദായ സഭ അധോഗതിയിലാണ്. വൈദികർ വളരെക്കുറവും ക്രിസ്തീയ ജീവിതം മന്ദഗതിയിലുമാണ് അവിടെ. ഇറാൻ, സിറിയാ, ലെബനോൺ, ഈജിപ്റ്റ്, ജോർദനാൻ എന്നീ പൗരസ്ത്യ പ്രദേശങ്ങളിലും കല്ദായക്കാരുണ്ട്, എണ്ണത്തിൽ കുറവാണങ്കിലും. മൂവായിരത്തിൽ പരം പേർ അമേരിക്കൻ ഐക്യനാടുകളിലും കുറെപ്പേർ ഫ്രാൻസ്, ഇംഗ്ലണ്ട്, കാനഡാ, ഓസ്ട്രേല്യാ, തെക്കെ അമേരിക്ക എന്നിവിടങ്ങളിലും കുടിയേറിപ്പാർത്തിട്ടുണ്ട്.

ഇങ്ങനെയിരിക്കേ, പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറിയായിരുന്ന പരേതനായ കാർഡിനൽ കൂസായെ ബ. മാർസലച്ചൻ 1962 -ൽ സന്ദർശിച്ച അവസരത്തിൽ, "കല്ദായ സഭയുടെ ഭാവി കേരള സുറിയാനി സഭയുടെ കരങ്ങളിലാണ്" എന്ന് ആ വന്ദ്യദേഹം പറഞ്ഞ വാക്കുകൾ നാം എന്നും ഓർത്തിരിക്കേണ്ടതാണ്.

### G. ശീശ്മോച്ചാടനം

നമ്മുടെ സഭ പ്രവർത്തന നിരതമാകുന്നതുതന്നെ ശീശ്മോച്ചാടനവുമായാണ്. അവൾക്കു ആദ്യമായി ഏറ്റുമുട്ടേണ്ടി വന്നത് പദ്രുവാദോ ശീശ്മയോടത്രേ. അതിനായി നിയുക്തനായത് പോരൂക്കര തോമ്മാ മല്പാനായിരുന്നു. തെക്കൻ പ്രദേശങ്ങളിൽ ഏതൽക്കാര്യാർഥം അദ്ദേഹം നടത്തിയ പരിശ്രമങ്ങൾ വിജയശ്രീലാളിതങ്ങളായി.

www.malankaralibrary.com

**റോക്കോസ് ശീശ്മ**

കേരളത്തിലെ സുറിയാനികത്തോലിക്കർ സ്വജാതി മെത്രാനെ കിട്ടുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരുന്നകാലത്ത് തൊണ്ടനാട്ട് അന്തോനിയച്ചന്റെയും മറ്റും നിർബന്ധംമൂലം ബാബേലിലെ ആവുദോ പാത്രിയാർക്കീസ് തോമസ് റോക്കോസ് എന്ന മെത്രാനെ തന്റെ വികാരിയായി അഭിഷേചിച്ച് കേരളത്തിലേക്കയച്ചു. റോമായുടെ അറിവോ അംഗീകാരമോ കൂടാതെയാണ് അദ്ദേഹം ഇതെല്ലാം ചെയ്തത്. 1861-ൽ കേരളത്തിൽ വന്നിറങ്ങിയ റോക്കോസിന് അനുയായികൾ ധാരാളം ഉണ്ടായി. തുടർന്ന് ഭയങ്കരമായ ഒരു ശീശ്മ ശക്തിപ്പെട്ടു.

അതിന്റെ മുന്നേറ്റം തടഞ്ഞുനിർത്തുന്നതിനുവേണ്ടി രംഗത്തുവന്നത് നമ്മുടെ സഭാംഗങ്ങളാണ്. ചാവറയച്ചന്റെ നേതൃത്വത്തിൽ ഈ ശീശ്മക്കെതിരായി ന. സഭാംഗങ്ങൾ പോരാടി വിജയംവരിച്ചു.

**മേലൂസ് ശീശ്മ**

1874-ലുണ്ടായ മേലൂസ്ശീശ്മയെ പരാജയപ്പെടുത്തിയതും നമ്മുടെ സഭാംഗങ്ങളായിരുന്നു. അന്നത്തെ പ്രവർത്തനങ്ങളെപ്പറ്റി മുമ്പു പ്രതിപാദിച്ചിട്ടുണ്ടല്ലോ.

**H. ഇടവകഭരണം**

സഭയുടെ ആരംഭം മുതല്ക്കേ ഇടവകഭരണത്തിലും സഭാംഗങ്ങൾ രൂപതാധ്യക്ഷന്മാരെ സഹായിച്ചുപോന്നു. പരസ്പര മാത്സര്യവും ദുർവാശിയും നിമിത്തം ശോചനീയമായ നിലയിലേക്ക് അധഃപതിച്ച പല ഇടവകകളെയും സമുദ്ധരിക്കുന്നതിനുവേണ്ടി അന്നത്തെ വരാപ്പുഴ രൂപതാധികാരികൾ നമ്മുടെ സഭാംഗങ്ങളെയാണ് പ്രസ്തുത ഇടവകകളിലേക്ക് വികാരിമാരായി നിയമിച്ചിരുന്നത്. അധികാരികളുടെ പ്രതീക്ഷപോലെതന്നെ സഭാംഗങ്ങളുടെ ഇടവകഭരണം വിജയകരമായിരുന്നു. ഇപ്പോഴും തലശ്ശേരി, തിരുവനന്തപുരം, കോതമംഗലം എന്നീ രൂപതകളിലെ ചില പള്ളികളിൽ വികാരിമാരായി സഭാംഗങ്ങൾ ആത്മപരിപാലനം നടത്തിപ്പോരുന്നു. കൂടാതെ, ഐരൂർ, ചെത്തിപ്പുഴ, പുതുപ്പള്ളി എന്നീ ആശ്രമദൈവാലയങ്ങൾ ഇടവകപ്പള്ളികളായും വർത്തിച്ചുവരുന്നു.

**I. സ്വജാതിമെത്രാനുവേണ്ടി ശ്രമം**

വിദേശമെത്രാന്മാരുടെ ഭരണത്തിൽനിന്ന് കേരളസഭയെ സ്വതന്ത്രമാക്കാനുള്ള ശ്രമത്തിലാണ് പല ശീശ്മകളും ഇവിടെ ഉദ്ഭവിച്ചത്.

www.malankaralibrary.com

രോഗനിവാരണത്തെക്കാൾ മെച്ചം, രോഗനിരോധനമാണെന്ന ചൊല്ല നുസരിച്ച് ശീശ്മകളുടെ കാരണങ്ങൾ തന്നെ നീക്കുന്നതാണ് നല്ല തെന്നു മനസ്സിലാക്കിയ നമ്മുടെ സഭാംഗങ്ങൾ സ്വജാതിമെത്രാന്മാരെ കിട്ടുന്നതിനുള്ള പരിശ്രമത്തിൽ സാരമായി സഹകരിച്ചു. ഇതിന്റെ പേരിൽ വരാപ്പുഴ അധികാരികൾക്ക് നമ്മുടെ സഭയുടെ നേരേയുണ്ടായ അമർഷവും അതുവഴി സഭയ്ക്കനുഭവപ്പെട്ട വിഷമതകളും ഏഴു സഭാം ഗങ്ങളുടെ ബഹിഷ്കരണവും എല്ലാം മുകളിൽ പ്രസ്താവിച്ചിട്ടുണ്ട ല്ലോ. 1896-ൽ 13-ാം ലെയോൻ മാർപാപ്പാ തൃശൂർ, എറണാകുളം, ചങ്ങ നാശ്ശേരി എന്നീ വികാരിയാത്തുകൾ സ്ഥാപിച്ച്, അവയിൽ സ്വജാതി മെത്രാന്മാരെ നിശ്ചയിച്ചതോടുകൂടെ സ്വജാതി മെത്രാനുവേണ്ടിയുള്ള ശ്രമങ്ങൾ വിജയംചൂടി. ഈ മൂന്നു വികാരിയാത്തുകളിൽ എറണാകു ളത്തിന്റെ അധ്യക്ഷനായി നിശ്ചയിക്കപ്പെട്ടത്, സ്വജാതിമെത്രാനെ ലഭി ക്കുന്നതിനുവേണ്ടി പ്രവർത്തിച്ചതുമൂലം വരാപ്പുഴ വികാരി അപ്പസ്തോ ലിക്കാ ന. സഭയിൽ നിന്നു ബഹിഷ്കരിച്ചവരിൽ ഒരാളായ പഴേപറ മ്പിൽ ബ. ളൂയിസച്ചനായിരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

**J. പുനരൈക്യ പ്രസ്ഥാനം**

19-ാം ശതകത്തിന്റെ ആരംഭഘട്ടത്തിൽ പ്രൊട്ടസ്റ്റന്റു മിഷനറിമാർ കേരളത്തിൽ വന്ന് പ്രവർത്തനം ശക്തിപ്പെടുത്തിയതോടുകൂടെരാഷ്ട്രീ യവും സാമ്പത്തികവുമായി ലഭിക്കാവുന്ന ആനുകൂല്യങ്ങളോർത്ത് അവ രോട് ഇവിടത്തെ യാക്കോബായക്കാർ വളരെ അടുക്കുകയും കത്തോ ലിക്കരിൽ നിന്ന് ഏറെ അകലുകയും ചെയ്തു. ഈ പരിതസ്ഥിതിയെ നമ്മുടെ സഭ അഭിമുഖീഭവിച്ചത്, മതപരമായും ചരിത്രപരമായും യാക്കോബായാക്കാർക്കുണ്ടായിരുന്ന അബദ്ധധാരണകൾ നീക്കാൻ ശ്രമിച്ചുകൊണ്ടായിരുന്നു. പുസ്തകങ്ങളും പത്രമാസികകളും ലേഖന ങ്ങളും പ്രസംഗപരമ്പരകളും വഴി ഇതിനായി പ്രഥമതഃ ശ്രമിച്ചു.

ഇതിനുപരിയായി, കൊല്ലം രൂപതാതിർത്തിക്കുള്ളിൽ വസിക്കുന്ന യാക്കോബായക്കാരിൽ പ്രമുഖരായിരുന്ന പന്തളത്ത് അമ്പൂരേത്തു തോപ്പിൽ ചാണ്ടപ്പിള്ള കത്തനാർ, തുമ്പമണ്ണിൽ പുത്തൻവീട്ടിൽ യാക്കോബ് കത്തനാർ ആദിയായി ചിലർ, ദിവംഗതനായ കൊല്ലം മെത്രാൻ ഡോക്ടർ ബെൻസിഗറിനോട് തുടർച്ചയായും നിർബന്ധ മായും അപേക്ഷിച്ചതിന്റെ ഫലമായി, പുണ്യശ്ലോകനായ ആ വന്ദ്യ ദേഹം നമ്മുടെ സഭാധികാരികളോട് ആവശ്യപ്പെട്ടതനുസരിച്ച് ന. സഭാംഗങ്ങൾ ആദ്യം പന്തളത്തു കുളനടയിലും പിന്നീട് തുമ്പമണ്ണി

www.malankaralibrary.com

ലും അനന്തരം കൊട്ടാരക്കരയും ആസ്ഥാനമാക്കിക്കൊണ്ട് 1921-ന്റെ അവസാനത്തിൽ മിഷൻ പ്രവർത്തനം അകത്തോലിക്കരുടെയിടയിൽ ആരംഭിച്ചു. തയ്യിൽ ബ. എസ്തപ്പാനോസച്ചനും നീരാക്കൽ ബ. ഗ്രീഗോറിയോസച്ചനുമായിരുന്നു അന്നത്തെ അവിടത്തെ പ്രധാന പ്രവർത്തകർ. ഇവർ മൂന്നു വർഷത്തോളം പ്രധാനപ്പെട്ട യാക്കോബായ കേന്ദ്രങ്ങളിലെല്ലാം ചുറ്റിസഞ്ചരിച്ച് പലർക്കും കത്തോലിക്കാസഭയോടുണ്ടായിരുന്ന തെറ്റിദ്ധാരണകൾ നീക്കുകയും അങ്ങനെ മാർ ഈവാനിയോസിന്റെ നേതൃത്വത്തിലുണ്ടായ 1930-ലെ ബഥനി പ്രസ്ഥാനത്തിനു കളമൊരുക്കുകയും ചെയ്തു. പ്രസ്തുത മിഷന്റെ ഒരു വിശിഷ്ടഫലമാണ് 1924-ൽ യാക്കോബായ സഭയിൽനിന്നു പുനരൈക്യപ്പെട്ട 1936-ൽ 84-ാമത്തെ വയസ്സിൽ ദിവംഗതനായ 'തുമ്പമൺ വലിയപ്പൻ' അഥവാ ചക്കാലമണ്ണിൽ ഇടയിലെ വീട്ടിൽ തൊമ്മൻ കോരുത് എന്ന മാന്യദേഹം.

ഇതിനും പുറമേ, ചങ്ങനാശ്ശേരി അതിരൂപതയിൽപ്പെട്ട പുതുപ്പള്ളി, അയിരൂർ എന്നീ യാക്കോബായ കേന്ദ്രങ്ങളിൽ സഭവക ആശ്രമങ്ങൾ സ്ഥാപിച്ച പ്രസിദ്ധ വാഗ്മിയായ നൈനാൻ വർഗീസ് തുടങ്ങി പല യാക്കോബായക്കാരെയും കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുത്തി. ബ. പ്ലാസിഡച്ചൻ, ബ. റോമയോ തോമസച്ചൻ തുടങ്ങിയ സഭാംഗങ്ങൾ തിരുവല്ല മുതലായ യാക്കോബായ കേന്ദ്രങ്ങളിൽ നടത്തിയ പ്രസംഗപരമ്പരകളും പുനരൈക്യപ്രസ്ഥാനത്തിന് ആക്കം കൂട്ടിയിട്ടുണ്ട്.

യാക്കോബായ സഭയിൽനിന്ന് പുനരൈക്യപ്പെട്ട വൈദികരെ കത്തോലിക്കാ ദൈവശാസ്ത്രം അഭ്യസിപ്പിക്കുന്നതിനുവേണ്ടി ചെത്തിപ്പുഴ ആശ്രമത്തോടനുബന്ധിച്ച് ഒരു താത്കാലിക സെമിനാരി തുറന്നു. ഇവിടെ നിന്നു നല്കിയ പരിശീലനവും ഇതര സഹായങ്ങളും പുനരൈക്യപ്രസ്ഥാനത്തെ ദൃഢീകരിച്ചു; ബലവത്താക്കിത്തീർത്തു.

1930 മുതൽ അടുത്തകാലംവരെ തിരുവനന്തപുരം, തിരുവല്ല എന്നീ രൂപതകളിൽ ന. സഭാംഗങ്ങൾ പ്രേഷിതപ്രവർത്തനം നടത്തിയിട്ടുണ്ട്. കൂടാതെ, പുനരൈക്യപ്പെട്ട ബഥനി സന്ന്യാസികളുടെ ആശ്രമഭരണം താത്കാലികമായി നടത്തിയതും അവരുടെ ആദ്യ നവ സന്ന്യാസികളുടെ പരിശീലനം നിർവഹിച്ചുകൊടുത്തതും നമ്മുടെ സഭാംഗങ്ങൾ തന്നെയാണ്.

www.malankaralibrary.com

## അധ്യായം ഒൻപത്

### ദൈവദാസനായ ചാവറ കുറിയാക്കോസ് ഏലിയാസച്ചന്റെ നാമകരണ നടപടികൾ

കൂനമ്മാവ് വി. ഫിലോമിനായുടെ ആശ്രമത്തിൽവച്ച് 1871 ജനുവരി 3-ാം തീയതി ഭാഗ്യമരണം പ്രാപിച്ച വന്ദ്യനായ ചാവറ കുറിയാക്കോസച്ചൻ, ഒരു പുണ്യവാനായിരുന്നുവെന്ന് അദ്ദേഹത്തിന്റെ സമകാലീകർ ആത്മാർഥമായി വിശ്വസിച്ചിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവസാന കാലങ്ങളിൽ അദ്ദേഹത്തോടൊന്നിച്ചു വസിച്ചും സഭാകാര്യങ്ങളിൽ സഹകരിച്ചുംനീങ്ങിയിരുന്നയാളും അദ്ദേഹത്തിന്റെ ആത്മനിയന്താവുമായിരുന്ന കർമലീത്താ ഒന്നാംസഭയിലെ വന്ദ്യമിഷനറി ഫാദർ ലെയോപ്പോൾദ് ബെക്കാറോ എഴുതിയതും ഇന്നും സൂക്ഷിക്കപ്പെടുന്നതുമായ ഡയറിക്കുറിപ്പിലും, കുറിയാക്കോസച്ചന്റെ മരണശേഷം അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുള്ള പരേതന്റെ ഒരു സംക്ഷിപ്ത ജീവചരിത്രത്തിലും കുറിയാക്കോസച്ചൻ ഒരു പുണ്യവാനായിരുന്നു എന്ന ബോധ്യം പ്രസ്പഷ്ടമാക്കിയിട്ടുണ്ട്. "ഇദ്ദേഹത്തിന്റെ വിശേഷമായ ജീവിതം കണ്ടുപഠിക്കാൻ പ്രയാസപ്പെടണം" എന്ന വാക്കുകളിലാണ് പ്രസ്തുത ജീവചരിത്രം സമാപിച്ചിരിക്കുന്നത്.

കുറിയാക്കോസച്ചൻ ഒരു പുണ്യാത്മാവായിരുന്നെന്ന് നമ്മുടെ സഭാംഗങ്ങൾ പരമ്പരാഗതമായി വിശ്വസിച്ചും അദ്ദേഹത്തിന്റെ നാമം ഒരു കാലത്തു വിശുദ്ധരുടെ പട്ടികയിൽ കാണാൻ ഭാഗ്യം സിദ്ധിക്കുമെന്നു പ്രത്യാശിച്ചും അതിനായി പ്രാർഥിച്ചും പോന്നിരുന്നു. സഭാധികാരികളുടെ നിശ്ചയപ്രകാരം ഈ കാര്യസാധ്യത്തിനായി അധികൃതമായ ഒരു പ്രാർഥന സഭയുടെ എല്ലാ ഭവനങ്ങളിലും രണ്ടുമൂന്നു ദശകങ്ങളായി ദിനന്തോറും കൂട്ടമായി ജപിച്ചുപോരുന്നു.

വിശുദ്ധപദവിയിൽ ചേർത്തുകാണാൻ പ്രാർഥിക്കുന്നതോടൊപ്പം, അദ്ദേഹത്തിന്റെ മധ്യസ്ഥസഹായവും സഭാംഗങ്ങളും പുറമേയുള്ളവരും പ്രാർഥിച്ചും വരുന്നു. പലരുടെയും അപേക്ഷകൾക്ക് അനുകൂലമായ ഫലം സിദ്ധിക്കുകയും അങ്ങനെ അദ്ദേഹത്തിന്റെ സുകൃതകീർത്തി നാട്ടിൽ കൂടുതൽ പ്രചരിക്കുകയും ചെയ്യുന്നു. 1936-ൽ ചങ്ങനാശ്ശേരി ക്ലാരമഠത്തിൽ മരണാസന്നയായിക്കിടന്നിരുന്ന ദൈവദാസി സിസ്റ്റർ അല്ഫോൻസായ്ക്കും 1949-ൽ കൂനമ്മാവിൽ ജോസഫ് റൊക്കി എന്ന

www.malankaralibrary.com

യാളിനും പൊടുന്നനേ ലഭിച്ച രോഗശാന്തികൾ പ്രഥമദൃഷ്ടിയിൽ അദ്ഭുതങ്ങളായിരുന്നു. അവ പുറമേ അറിയപ്പെട്ടതോടുകൂടെ കുറിയാക്കോസച്ചനെ 'വാഴ്ത്തപ്പെട്ടവൻ' എന്നു നാമകരണം ചെയ്യിക്കുന്നതിനുള്ള ഔദ്യോഗിക നടപടികൾ ആരംഭിക്കുന്നതിനു വേണ്ട അനുവാദത്തിന് പരിശുദ്ധ സിംഹാസനത്തെ സമീപിക്കണമെന്ന ആശയം പ്രബലപ്പെട്ടു. അതിൻപ്രകാരം നമ്മുടെ പ്രിയോർ ജനറാൾ വ്യാകുല മാതാവിന്റെ ബ. മാവുരൂസച്ചൻ 1954-ൽ പൗരസ്ത്യ തിരുസംഘത്തിലേയ്ക്ക് ഒരു അപേക്ഷ സമർപ്പിച്ചു. താമസിയാതെതന്നെ അവിടെനിന്ന് അനുകൂലമായ മറുപടിയും ലഭിച്ചു. എന്നാൽ, കുറിയാക്കോസച്ചൻ മരണംപ്രാപിച്ചത് വരാപ്പുഴ അതിരൂപതയിൽപ്പെട്ട കൂനമ്മാവു വിശുദ്ധ ഫിലോമിനായുടെ ആശ്രമത്തിൽ (ഇപ്പോൾ ഒരിടവകപ്പള്ളി) വച്ചായിരുന്നതിനാൽ വരാപ്പുഴ മെത്രാപ്പോലീത്തായുടെ ചുമതലയിൽ രൂപതാനടപടികൾ നടത്താനാണ് തിരുസംഘം തീരുമാനിച്ചത്. പക്ഷേ, കഥാനായകന്റെ ജീവിതത്തിൽ ഭൂരിഭാഗവും ചെലവഴിച്ചതും അദ്ദേഹത്തിന്റെ പൂജ്യാവശിഷ്ടങ്ങളും അദ്ദേഹത്തെ സംബന്ധിക്കുന്ന പ്രധാനപ്പെട്ട ചരിത്രരേഖകളും സൂക്ഷിക്കപ്പെടുന്നതും മാന്നാനത്താകയാൽ, നാമകരണ നടപടികൾ മാന്നാനത്തുവച്ചു നടത്തുന്നത് എല്ലാംകൊണ്ടും ഉചിതമായിരിക്കുമെന്ന് തിരുസിംഹാസനത്തെ ബോധിപ്പിക്കുകയും അതനുസരിച്ച് രൂപതാ നടപടികൾ ചങ്ങനാശ്ശേരി മെത്രാപ്പോലീത്തായുടെ ചുമതലയിൽ നടത്താനുള്ള അനുമതി 1955 ഡിസം. 9-ലെ തിരുസംഘത്തിന്റെ കല്പനപ്രകാരം ലഭിക്കുകയുണ്ടായി.

പ്രസ്തുത അനുവാദപ്രകാരം ചങ്ങനാശ്ശേരി അതിരൂപതയുടെ കാവുകാട്ടു മാർ മത്തായി മെത്രാപ്പോലീത്താ ദൈവദാസന്റെ കൃതികളും അദ്ദേഹത്തോടു ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് നാമകരണ നടപടികൾ കോടതിയിൽ സമർപ്പിക്കുന്നതിനായി മൂന്നംഗങ്ങളടങ്ങിയ ഒരു ചരിത്രാന്വേഷണ കമ്മീഷനെ നിയമിച്ചശേഷം 1958 ജനുവരി 3-ന് കമ്മീഷന്റെ ഉദ്ഘാടനം സാഘോഷം ഒമ്പതു വൈദികാധ്യക്ഷന്മാരുടെയും നൂറിൽപരം വൈദികരുടെയും വമ്പിച്ചൊരു ജനക്കൂട്ടത്തിന്റെയും സാന്നിധ്യത്തിൽ മാന്നാനം ആശ്രമദേവാലയത്തിൽവച്ചു നിർവഹിച്ചു. ശ്രമകരമായ തങ്ങളുടെ ജോലി കമ്മീഷനംഗങ്ങൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

കമ്മീഷന്റെ ജോലി ഗണ്യമായി പുരോഗമിച്ചശേഷം നാമകരണ നടപടിക്കോടതികൾ ഉദ്ഘാടനം ചെയ്യാൻ അഭിവന്ദ്യ മെത്രാപ്പോലീ

www.malankaralibrary.com

ത്താച്ചൻ നിശ്ചയിച്ചു. ഈ കോടതികളുടെ ഉദ്ഘാടനത്തിനു മുമ്പു തന്നെ റോമിൽ ഒരു പോസ്റ്റുലേറ്ററെ നിയമിക്കേണ്ടിയിരുന്നു. അതിലേക്ക്, പൗരസ്ത്യ തിരുസംഘത്തിന്റെ ഒരു കൺസൾട്ടറായി റോമിൽ താമസിക്കുന്ന നമ്മുടെ ബ. പ്ലാസിഡച്ചനെ പൊതുശ്രേഷ്ഠ സംഘത്തിന്റെ നിശ്ചയപ്രകാരം നമ്മുടെ ബ. പ്രിയോർ ജനറാളച്ചൻ പോസ്റ്റുലേറ്ററായും പൊതുശ്രേഷ്ഠസംഘത്തിന്റെ ഉപദേശപ്രകാരം ബ. പ്ലാസിഡച്ചൻ നമ്മുടെ ബ. മൗറേലിയൂസച്ചനെ വൈസ് പോസ്റ്റുലേറ്ററായും നിയമിച്ചു.

പിന്നീട്, ദൈവദാസന്റെ സുകൃത കീർത്തി, അദ്ദേഹംവഴി നടന്നിട്ടുള്ള അദ്ഭുതങ്ങൾ എന്നിവയെപ്പറ്റി തെളിവ് ശേഖരിക്കുന്നതിന് ഒന്നും (Tribunal de Fama Sanctitatis et miraculoram) ദൈവദാസന്റെ കൃതികളെയും ബന്ധപ്പെട്ട രേഖകളെയും സംബന്ധിച്ച വേറൊന്നും (Tribunal de Perquisitione Scriptorum) ആയി രണ്ടു കോടതികളുടെ ഉദ്ഘാടനം 1962 ഓഗസ്റ്റ് 15-ാംനു അഭിവന്ദ്യ മെത്രാപ്പോലീത്താച്ചൻ മാന്നാനം ആശ്രമ ദേവാലയത്തിൽവച്ച് പല വൈദികാധ്യക്ഷന്മാരുടെയും അനേകം വൈദികരുടെയും വിശ്വാസികളുടെയും സാന്നിധ്യത്തിൽ നിർവഹിച്ചു. ഓരോ കോടതിയിലും ആറ് അംഗങ്ങൾ വീതമാണുള്ളത്. ഈ രണ്ടു കോടതികളിൽ ആദ്യത്തേതിന്റെ ജോലി മിക്കവാറും പൂർത്തിയായിട്ടുണ്ട്. ചരിത്രാന്വേഷണകമ്മീഷൻ അവരുടെ റിപ്പോർട്ട് സമർപ്പിച്ചതിന്റെ ശേഷം അവരുടെ സാക്ഷിമൊഴി രേഖപ്പെടുത്തുന്നതോടുകൂടെ ആ ജോലി പൂർത്തിയാകുന്നതുമാണ്. അതു കഴിഞ്ഞശേഷമേ, രണ്ടാമത്തെ കോടതിയുടെ പ്രവർത്തനം തുടങ്ങുകയുള്ളൂ.

ദൈവദാസന്റെ മാധ്യസ്ഥ്യം മൂലം ധാരാളം അനുഗ്രഹങ്ങൾ അനേകർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ നാമകരണത്തിനു വേണ്ടിയുള്ള പ്രാർഥന ഇന്നു കേരളത്തിലും പുറമേയുള്ള അനേകം സന്ന്യാസഭവനങ്ങളിലും അനേകായിരം കത്തോലിക്കാ കുടുംബങ്ങളിലും ഭക്തിപൂർവം ജപിച്ചു വരുന്നുമുണ്ട്.

www.malankaralibrary.com

# രണ്ടാം ഭാഗം
# സഭയുടെ പ്രവിശ്യകളും വിവിധ സ്ഥാപനങ്ങളും

## അധ്യായം ഒന്ന്
### സഭയുടെ പ്രവിശ്യാവിഭജനം

സന്ന്യാസസഭകൾ വളർന്നു വികസിക്കുമ്പോൾ, അവ പ്രവിശ്യകളായി വിഭജിക്കപ്പെടുക സാധാരണവും സ്വാഭാവികവുമാണ്. എന്നാൽ 1906-ൽ ന. സഭയുടെ നിയമാവലി പരിശുദ്ധ സിംഹാസനം ശാശ്വതമായി അംഗീകരിക്കുന്നതുവരെ, വിഭജനത്തിനായി ഒരു പരിശ്രമവും നടന്നില്ല. 1913 സെപ്റ്റംബർ 4-ാം തീയതി ഏതാനും സഭാംഗങ്ങൾ സഭയെ പ്രവിശ്യകളായി വിഭജിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു അപേക്ഷ പരിശുദ്ധ സിംഹാസനത്തിലേക്ക് അയയ്ക്കുകയുണ്ടായി. ഗൗരവമായ ഈ സംഗതി സഭയുടെ പൊതുസംഘത്തിൽ ചർച്ച ചെയ്ത് അപേക്ഷിക്കേണ്ടതാണെന്ന് തിരുസംഘം മറുപടി നല്കി. തുടർന്നുള്ള പല പൊതുസംഘങ്ങളിലും ഈ സംഗതി ചർച്ചാവിഷയമായി. എന്നാൽ അന്നു സഭയിലുണ്ടായിരുന്ന അംഗങ്ങളുടെ പരിമിതിയാലും സഭാംഗങ്ങൾ തമ്മിലുള്ള ഐക്യവും യോജിപ്പും നഷ്ടപ്പെട്ടേക്കുമോ എന്നു ഭയപ്പെട്ടിരുന്നതിനാലും സലേസ്കി മുതലായ അപ്പസ്തോലിക്ക് ഡെലെഗേറ്റുമാർ ഈ വിഭജനത്തെ ശക്തമായി എതിർത്തിരുന്നു. സഭ രൂപതാടിസ്ഥാനത്തിൽ വിഭജിക്കപ്പെടാതെ ഒന്നായിരിക്കണമെന്ന് പരിശുദ്ധ സിംഹാസനത്തിനു പ്രത്യേക താത്പര്യമുണ്ടായിരുന്നു. 1888 ഏപ്രിൽ മാസത്തിൽ തിരുസംഘത്തിൽനിന്നയച്ച എഴുത്തിൽ ഈ സംഗതി എടുത്തു പറയുന്നുമുണ്ട്. അന്ന് സുറിയാനിക്കാരെ ലത്തീൻകാരിൽനിന്നു വേർതിരിച്ച് അവർക്കായി രണ്ടു വികാരിയാത്തുകൾ സ്ഥാപിച്ചപ്പോൾ തദനുസരണം സഭ വിഭജിക്കപ്പെടാതിരിക്കാൻ (Unus et indivisibilis remaneat) വേണ്ടിയാണ് സഭയെ മെത്രാന്മാരുടെ അധികാരത്തിൽനിന്നു വേർപെടുത്തി അപ്പസ്തോലിക്ക് ഡെലെഗേറ്റിനെ പ്രിയോർ ജനറാളായി നിയമിച്ചത്. രൂപതാടിസ്ഥാനത്തിലുള്ള വിഭാഗീയ ചിന്തയും മനോഭാവവും സഭയിൽ ഉണ്ടാകരുതെന്ന് പരിശുദ്ധ സിംഹാസനം ആഗ്രഹിക്കുകയും തദനുസാരം പലപ്പോഴും പല നിർദേശങ്ങളും നല്കുകയും ചെയ്തിട്ടുണ്ട്.

**വിഭജനത്തെപ്പറ്റി ഒരു പ്രസ്താവന**

നമ്മുടെ ജനങ്ങളും ഇക്കാര്യം ശരിയായി മനസ്സിലാക്കിയിട്ടുണ്ടെന്ന് പണ്ഡിതനായ മിസ്റ്റർ ഐ.സി. ചാക്കോയുടെ 'മാർ ളൂയീസ്' എന്ന

www.malankaralibrary.com

ഗ്രന്ഥത്തിലെ ഒരു പ്രസ്താവന വിശദമാക്കുന്നു. അദ്ദേഹം പറയുന്നു:

ത്രിശ്ശിവപേരൂർ വികാരിയാത്തുകാർ പുതിയ വികാരി അപ്പൊസ്തോലിക്കായ്ക്കു സമർപ്പിച്ച (1887-XII-18-ലെ) മംഗളപത്രത്തിൽ അതിന്റെ പ്രണേതാക്കൾ ഇങ്ങനെ ശോചിക്കുന്നു. "അതീത ശതാബ്ദങ്ങളിൽ ഒരു ആത്മീയ അധ്യക്ഷന്റെ കീഴിൽ ഒന്നായിരുന്ന ഞങ്ങളുടെ സമുദായത്തെ പ്രത്യേകാധ്യക്ഷന്മാരുടെ കീഴിൽ രണ്ടായി വിഭജിച്ചിരിക്കുന്നത് ഞങ്ങൾക്കു പരിഭ്രമജനകമായ വൃത്താന്തമായിരിക്കുന്നു."

ആചാര മര്യാദകളിൽ ഒന്നായിരിക്കുന്ന സമുദായത്തിന് തുല്യാധികാരികളായി പല അധിപന്മാരുണ്ടായാൽ അവരെയും അവരുടെ വാസദേശങ്ങളെയും അനുസരിച്ചുണ്ടാകാവുന്ന ഹിതവ്യത്യാസങ്ങൾകൊണ്ട് ശൈഥില്യമുണ്ടാകാൻ ഇടയുണ്ട്. വൈദികാധിപത്യസ്ഥാപനത്തിനു ശേഷം, എല്ലാ പഴയകൂറ്റു സുറിയാനിക്കാർക്കും സാധാരണനായ ഒരു മെത്രാപ്പോലീത്താ ഉണ്ടെങ്കിലും അദ്ദേഹത്തിന്റെ അധികാരം അദ്ദേഹത്തിന്റെ അതിരൂപതയുടെ പരിധികൾ കടന്ന് വ്യാപിക്കുന്നതായി സാധാരണന്മാർക്ക് അനുഭവപ്പെടുന്നില്ല. നമ്മുടെ രൂപതകളിൽ മെത്രാന്മാർ മുതലായ അധികാരികളെ നിയമിക്കുന്നതിലും നാം യോഗ്യത മാത്രമല്ല സ്ഥലപരിധികളും ഗണിക്കുന്നു. ഇതെല്ലാം വ്യത്യാസബുദ്ധി ജനിപ്പിക്കുന്ന സംഗതികളാണ്.

സ്ഥലവിഭാഗം കൂടാതെ, സുറിയാനി സമുദായത്തെ ഒന്നായി വ്യാപിക്കുന്നതെന്ന് വിചാരിക്കപ്പെടുന്ന സുറിയാനി കർമലീത്താസഭയിൽപ്പോലും സ്ഥലവ്യത്യാസങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. ഇപ്പോൾ സാധാരണമായി വടക്കർ വടക്കും, തെക്കർ തെക്കുമായാണ് വ്യാപരിക്കുന്നത്. വടക്കരായ സന്ന്യാസികൾ പുളിംകുന്നു കൊവേന്തയിലും തെക്കരായ സന്ന്യാസികൾ എൽത്തുരുത്തു കൊവേന്തയിലും സമമായ മമതയോടുകൂടെ സമുദായസേവനം ചെയ്തിരുന്ന കാലം ചരിത്രത്തിൽ അന്തർധാനം ചെയ്തിരിക്കുന്നു. ത്രിശ്ശിവപേരൂർക്കാർ മെഡ്ലിക്കോട്ടു മെത്രാനു നല്കിയ ആദ്യമംഗളപത്രത്തിൽ ശോചിച്ചത് യഥാർഥമായി പരിണമിക്കുന്നു – 'മാർ ളൂയിസ് പഴേപറമ്പിൽ' (PP.470-71).

1923–ൽ സമ്മേളിച്ച പൊതുസംഘത്തിൽ പ്രവിശ്യാവിഭജനത്തെപ്പറ്റി ഗാഢമായി പരിചിന്തിക്കുകയും ബഹുഭൂരിപക്ഷം അംഗങ്ങളും അക്കാര്യത്തെ അനുകൂലിക്കുകയും ചെയ്തതനുസരിച്ച്, ദെഫിനിത്തോരിയിൽനിന്ന് പല അപേക്ഷകളും പരിശുദ്ധ സിംഹാസനത്തിലേക്ക

www.malankaralibrary.com

യച്ചു. ഈ അപേക്ഷകൾ തിരുസംഘത്തിന്റെ ഗാഢമായ പഠനത്തിനും ചിന്തയ്ക്കും വിഷയമായി. എന്നാൽ 1928-ൽ പൗരസ്ത്യതിരുസംഘം നല്കിയ മറുപടിയിൽ, ഈ സംഗതിയിൽ അനുകൂലമായ ഒരു മറുപടി ഇപ്പോൾ നല്കുന്നത് സമുചിതമല്ല എന്നു പ്രസ്താവിച്ചിരുന്നു. എന്നു വേണ്ടാ, 1938-ൽ ക്കൂടിയും പ്രവിശ്യാവിഭജനത്തെപ്പറ്റി അപലപിച്ചുകൊണ്ട് "ഇടുങ്ങിയ മനഃസ്ഥിതിയോടുകൂടിയ പഴയതും പരിതാപകരവുമായ ദേശീയത്വം സഭയിൽ വീണ്ടും പ്രത്യക്ഷപ്പെടുന്നതിന് പരിശുദ്ധ സിംഹാസനം ഒരിക്കലും അനുവദിക്കുന്നതല്ല. ഈ അരൂപി യഥാർഥമായ പരസ്നേഹത്തിനും സന്ന്യാസചൈതന്യത്തിനും കടകവിരുദ്ധമാണെന്നും അത് ഒരു ക്രിസ്ത്യാനിക്കുതന്നെയും അനുയുക്തമല്ലെന്നും ആർക്കാണ് അറിഞ്ഞുകൂടാത്തത്?" എന്നിങ്ങനെ ശക്തമായ ഭാഷയിൽ പൗരസ്ത്യ തിരുസംഘം സഭാംഗങ്ങളെ അറിയിക്കുകയുണ്ടായി. (Letter of Oriental Cong. 3-9-'38).

**പ്രവിശ്യാവിഭജനം, 1953-ൽ**

അപ്പസ്തോലിക്ക് വിസിറ്റർ ബൊനവെന്തൂരാ അരാനാ മെത്രാൻ തന്റെ സഭാസന്ദർശനാനന്തരം 1952-ൽ പരിശുദ്ധ സിംഹാസനത്തിലേക്കയച്ച കത്തിൽ, പ്രവിശ്യകളായി വിഭജിക്കാൻ തക്കവണ്ണം സഭ വളർന്നുകഴിഞ്ഞെന്നും സഭയുടെ ശോഭനമായ ഭാവിക്ക് വിഭജനം അത്യന്താപേക്ഷിതമാണെന്നും പ്രസ്താവിച്ചിരുന്നു. തന്നിമിത്തം പ്രവിശ്യാവിഭജനത്തിന് പരിശുദ്ധ സിംഹാസനം അനുമതി നല്കി. ഇങ്ങനെ 1953 മാർച്ച് 2-ാം തീയതി വിസിറ്റർ അപ്പസ്തോലിക്കായുടെ അധ്യക്ഷതയിൽ സമ്മേളിച്ച പൊതുശ്രേഷ്ഠസംഘം, സഭയെ മൂന്നു പ്രവിശ്യകളായി വിഭജിച്ചുകൊണ്ടുള്ള പ്രഖ്യാപനം നടത്തി. വിഭജനത്തെത്തുടർന്ന് ഓരോ പ്രോവിൻസിനും പ്രവിശ്യാശ്രേഷ്ഠനും ഈരണ്ട് ആലോചനക്കാരും പ്രവിശ്യാ പ്രൊക്കുറേറ്ററും തിരഞ്ഞെടുക്കപ്പെട്ടു.

**വിസിറ്ററുടെ സഹായത്തിന് ഫാദർ ലൊംബാർഡിയുടെ നിയമനം**

പ്രായാധിക്യവും അനാരോഗ്യവും നിമിത്തം, വിസിറ്റർജോലിയിൽനിന്ന് തന്നെ ഒഴിവാക്കണമെന്ന് ഇതിനു കുറെ മുമ്പ് ബൊനവെന്തൂരാ മെത്രാൻ പരിശുദ്ധ സിംഹാസനത്തോട് അപേക്ഷിച്ചിരുന്നു. പ്രസ്തുത അപേക്ഷ പൂർണമായി സ്വീകരിച്ചില്ലെങ്കിലും അദ്ദേഹത്തിന്റെ ജോലി ലഘുപ്പെടുത്തുന്നതിനുവേണ്ടി പൊതുസംഘത്തിൽ അധ്യക്ഷത വഹിച്ചുകൊണ്ട് പൊതുശ്രേഷ്ഠസംഘത്തിന്റെ തിരഞ്ഞെടുപ്പും മറ്റും നടത്തുന്നതിനായി മിലാൻ വിദേശ മിഷനറി സംഘത്തിൽപ്പെട്ട ഫാദർ

www.malankaralibrary.com

അവുഗുസ്തൊ ലൊംബാർഡിയെ (Augusto Lombardi) നിയമിച്ചിരിക്കുന്നുവെന്നും അദ്ദേഹം ഉടനേ ഇൻഡ്യയിലേക്കു പുറപ്പെടുന്നതാണെന്നും അറിയിച്ചുകൊണ്ടുള്ള ഒരു കത്ത് 1953 ജനു. 28-ന് 325/51 നമ്പറായി പൗരസ്ത്യ തിരുസംഘം അപ്പസ്തോലിക്ക് വിസിറ്റർക്ക് അയച്ചിരുന്നു. എന്നാൽ '53 മാർച്ച് 2-ലെ പൊതുശ്രേഷ്ഠസംഘത്തിനു ശേഷമാണത്രേ പ്രസ്തുത കത്ത് ഇവിടെ കിട്ടിയത്.

**ഫാദർ ലൊംബാർഡിയുടെ ആഗമനവും പ്രവർത്തനങ്ങളും**

ഫാദർ ലൊംബാർഡി ബാംഗ്ളൂരിൽ എത്തിയിട്ടുണ്ടെന്ന വിവരം അറിഞ്ഞയുടനേ വിസിറ്റർ അപ്പസ്തോലിക്കയുടെ സെക്രട്ടറിയായിരുന്ന നമ്മുടെ ബ. ക്ലെമെന്റച്ചൻ ബാംഗ്ളൂർചെന്ന് അദ്ദേഹത്തെ എറണാകുളത്തേക്ക് കൂട്ടിക്കൊണ്ടുപോന്നു. പിന്നീട്, 1953 മാർച്ച് 15-ാം തീയതി ഫാ. ലൊംബാർഡിയുടെ ആധ്യക്ഷ്യത്തിൽ സമ്മേളിച്ച പൊതുശ്രേഷ്ഠസംഘം, ആശ്രമശ്രേഷ്ഠന്മാർ, നവസന്ന്യാസഗുരു, പഠനഗുരുക്കന്മാർ എന്നിവരുടെ തിരഞ്ഞെടുപ്പു നടത്തി. അനന്തരം, പൊതുശ്രേഷ്ഠസംഘത്തിലും പ്രവിശ്യാശ്രേഷ്ഠസംഘത്തിലും ഉൾപ്പെട്ട 18 ഭരണസമിതിയംഗങ്ങളുടെ ഒരുയോഗം ഫാ. ലൊംബാർഡിയുടെ ആധ്യക്ഷത്തിൽചേർന്ന് പുതിയ ആശ്രമശ്രേഷ്ഠന്മാരുടെ പേരുകൾ പ്രഖ്യാപിച്ചു. ഇതിനെത്തുടർന്ന് നിയമാവലി പരിഷ്കരണക്കമ്മിറ്റിയുടെ ഒരു യോഗവും സമ്മേളിക്കുകയുണ്ടായി. തദനന്തരം ഫാ. ലൊംബാർഡി തിരുവനന്തപുരം വഴി ജപ്പാനിലേക്കു പോയി.

**നോവിസ് ഗുരുക്കന്മാരുടെ പഠനയാത്ര**

നവസന്ന്യാസഗുരുവായി തിരഞ്ഞെടുക്കപ്പെട്ട ബ. ക്രിസോസ്തോമസച്ചനും വൈദികാർഥികളുടെ ഗുരുവായി നിശ്ചയിക്കപ്പെട്ട ബ. ബെഞ്ചമിനച്ചനും വിസിറ്റർ അപ്പസ്തോലിക്കയുടെ നിർദേശപ്രകാരം മറ്റു സന്ന്യാസ സഭകളുടെ നോവിസ്യാത്തു രീതി മനസ്സിലാക്കുന്നതിന് സലേഷ്യൻ, കപ്പുച്ചിൻ, ജസ്വീറ്റ്, കർമലീത്താ എന്നീ സന്ന്യാസ സഭകളുടെ നവസന്ന്യാസ ഭവനങ്ങളിൽ പോയി ഏതാനും നാൾ താമസിച്ച് അവരുടെ പരിശീലന രീതികൾ മനസ്സിലാക്കി.

**ഇന്റർ നുൻഷ്യോയുടെ സന്ദർശനവും പൊതുപഠന ഗൃഹത്തെപ്പറ്റിയുള്ള തീരുമാനവും**

ഈ അവസരത്തിൽ ഇൻഡ്യയിലെ അപ്പസ്തോലിക്ക് ഇന്റർ നുൺഷിയോ മോൺ. മാർട്ടിൻ ലൂക്കാസ് കേരളത്തിൽ വരുകയും

www.malankaralibrary.com

നമ്മുടെ പല ആശ്രമങ്ങളും സന്ദർശിക്കുകയുമുണ്ടായി. പൊതുശ്രേഷ്ഠഭവനത്തിൽ വച്ച് പൊതുശ്രേഷ്ഠസംഘത്തെയും പ്രൊവിൻഷ്യൽമാരെയും കണ്ട് സഭയെ സംബന്ധിക്കുന്ന പല പ്രശ്നങ്ങളെയുംപറ്റി ഗാഢമായി പര്യാലോചിച്ചു. സഭയുടെ പഠനഗൃഹം കോട്ടഗിരിയിൽ സ്ഥാപിക്കണമെന്നുണ്ടായിരുന്ന നിശ്ചയം ഈ യോഗത്തിൽ വച്ച് തിരസ്കരിക്കപ്പെടുകയാണുണ്ടായത്. പിന്നീട്, പൊതുപഠനഗൃഹത്തിന്റെ സ്ഥല നിർണയക്കമ്മിറ്റി ഫാ. ലൊംബാർഡിയുടെ അധ്യക്ഷതയിൽ കൂടി, പഠനഗൃഹം ബാംഗ്ളൂർ സ്ഥാപിക്കണമെന്ന് ഐകകണ്ഠ്യേന നിശ്ചയിച്ചു.

**പ്രവിശ്യകളുടെയും പ്രവിശ്യാമിഷനുകളുടെയും അതിർത്തി നിർണയം**

1953–ജൂൺമാസത്തിൽ ജപ്പാനിൽ നിന്നു തിരിച്ചെത്തിയ ഫാ. ലൊംബാർഡിയുടെ അധ്യക്ഷതയിൽ പൊതുശ്രേഷ്ഠഭവനത്തിൽവച്ച് ഭരണസമിതിയംഗങ്ങളുടെ ഒരു സമ്പൂർണയോഗം സമ്മേളിച്ചു. പ്രവിശ്യകളുടെ അതിർത്തി സുറിയാനി രൂപതകളുടെ അതിർത്തികൾ മാത്രമാണെന്ന് ഈ യോഗത്തിൽവച്ചാണ് തീരുമാനിക്കപ്പെട്ടത്.

പമ്പാനദിക്ക് തെക്കുള്ള തിരുവിതാംകൂർ വിഭാഗവും കോഴിക്കോട്ടു രൂപതയിൽ പൊന്നാനി, വള്ളുവനാട്, ഏറനാട് എന്നീ താലൂക്കുകൾ ഒഴിച്ചുള്ള ഭാഗങ്ങളും വിജയപുരം രൂപതയും ദക്ഷിണ പ്രവിശ്യയുടെ മിഷൻ സ്ഥലങ്ങളായും തിരുവല്ല രൂപത മധ്യപ്രവിശ്യയുടെ മിഷൻ സ്ഥലങ്ങളായും കോഴിക്കോട് രൂപതയുടെ പൊന്നാനി, വള്ളുവനാട്, ഏറനാട് എന്നീ താലൂക്കുകൾ ഉത്തരപ്രവിശ്യയുടെ മിഷൻ സ്ഥലങ്ങളായും ഈ യോഗത്തിൽ തീരുമാനിക്കപ്പെട്ടു. പല പൊതുപ്രശ്നങ്ങളും ഈ യോഗത്തിൽ ചർച്ചചെയ്ത് തീരുമാനമെടുത്തു.

www.malankaralibrary.com

# അധ്യായം രണ്ട്

## വിശുദ്ധ യൗസേപ്പിന്റെ ദക്ഷിണ പ്രവിശ്യ
## പ്രവിശ്യാ ശ്രേഷ്ഠഭവനം, കോട്ടയം - പുതുപ്പള്ളി

### A) പ്രവിശ്യാ ശ്രേഷ്ഠഭവനം, കോട്ടയം

വിസിറ്റർ അപ്പസ്തോലിക്കാ ബൊനവെന്തൂരാ അറാനാ മെത്രാനച്ചന്റെ അധ്യക്ഷതയിൽ മാന്നാനം ആശ്രമത്തിൽ വച്ച് പുതിയതായി തിരഞ്ഞെടുക്കപ്പെട്ട പൊതുശ്രേഷ്ഠസംഘത്തിന്റെ പ്രഥമയോഗം 1953 മാർച്ച് 2-നു നടന്നു. ഈ യോഗം ഒന്നാമതായി ചെയ്തത്, സഭയെ മൂന്നു പ്രവിശ്യകളായി വിഭജിക്കുകയായിരുന്നു. തുടർന്ന് പ്രവിശ്യാ ശ്രേഷ്ഠന്മാരുടെയും ആലോചനക്കാരുടെയും തിരഞ്ഞെടുപ്പു നടന്നു.

വിശുദ്ധ യൗസേപ്പിന്റെ ദക്ഷിണ പ്രവിശ്യയുടെ ശ്രേഷ്ഠനായി മൈലാടിയിൽ ബ. ദാനിയേലച്ചനെയും ആലോചനക്കാരായി മണ്ണനാൽ ബ. റൊമെയോ തോമസച്ചനെയും നേര്യമ്പറമ്പിൽ ബ. വില്യമച്ചനെയും പ്രവിശ്യാ പ്രൊക്കുറേറ്ററായി വള്ളോംതറ ബ. ഷാബോറച്ചനെയും തിരഞ്ഞെടുത്തു. ഇവർ താമസംവിനാ നിർദിഷ്ടമായ ഉദ്യോഗങ്ങൾ ചാർജെടുത്തെങ്കിലും പ്രവിശ്യയുടെ ആഘോഷപൂർവകമായ ഉദ്ഘാടനം മാർ യൗസേപ്പിന്റെ മധ്യസ്ഥ തിരുനാളിൽ 1953 ഏപ്രിൽ 23-ാം തീയതിയാണ് നടത്തപ്പെട്ടത്. ആഘോഷപൂർണമായ സ്തപസ്സുകുർബാനയ്ക്കുശേഷം പരിശുദ്ധ കുർബാനയുടെ വാഴ്വിന്റെ സമയത്ത് പ്രവിശ്യയെ മുഴുവനും വിശുദ്ധ യൗസേപ്പിതാവിനു പ്രതിഷ്ഠിക്കുകയും തദനന്തരം ദൈവത്തിനു കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് 'ലാക് ആലാഹാ' എന്ന സ്തോത്രഗീതം പാടുകയുമുണ്ടായി. അന്നു വൈകുന്നേരം മാന്നാനത്തും അയൽപ്രദേശങ്ങളിലുമുള്ള മാന്യന്മാരെ ക്ഷണിച്ചു വരുത്തി സ്കൂൾ ഹാളിൽവച്ച് ഒരു ചായസത്കാരവും നടത്തി. പ്രൊവിൻഷ്യൽ കൂരിയായുടെ തത്കാലവാസം മാതൃഭവനമായ മാന്നാനം ആയിരുന്നു.

എന്നാൽ പ്രോവിൻസിനു പ്രത്യേകമായുള്ള ഒരു പ്രവിശ്യാശ്രേഷ്ഠഭവനം ഉണ്ടാകണം എന്ന നിശ്ചയമനുസരിച്ച് കോട്ടയത്ത് ദീപികാപ്പീസിനു തൊട്ടുപുറകിലുള്ള സ്ഥലത്ത് പ്രസ്തുത ഭവനം പണിയുന്നതിനു തീരുമാനിക്കുകയും 1955 മാർച്ച് 7-ാംനു വിസിറ്റർ അപ്പസ്തോലിക്കാ ബൊനവെന്തൂരാ മെത്രാനച്ചൻ അതിനു ശിലാസ്ഥാപനം നടത്തുകയും ചെയ്തു. ഒരു കൊല്ലംകൊണ്ട് പണി പൂർത്തി

www.malankaralibrary.com

യായ പ്രസ്തുത കെട്ടിടത്തിന്റെ ആശീർവാദം 1956 മാർച്ച് 19-നു നടത്തിയിട്ട് മെയ് 1-ാം നു തൊഴിലാളി മധ്യസ്ഥനായ മാർ യൗസേപ്പിന്റെ തിരുനാളിൽ പ്രൊവിൻഷ്യൽ കൂരിയാ മാന്നാനത്തുനിന്ന് കോട്ടയത്തേക്കു മാറ്റപ്പെട്ടു.

1968-ന്റെ ആരംഭത്തിലാകട്ടെ, പുതുപ്പള്ളിയിലെ ആശ്രമം നിർത്തലാക്കിയിട്ട് പ്രവിശ്യാശ്രേഷ്ഠഭവനം അവിടേക്കു മാറ്റപ്പെടുകയും പ്രവിശ്യാശ്രേഷ്ഠന്റെ സ്ഥിരതാമസം അവിടെയാക്കുകയും ചെയ്തു.

**B) പുതിയ പ്രവിശ്യാശ്രേഷ്ഠഭവനം, പുതുപ്പള്ളി**

**പുതുപ്പള്ളി വിശുദ്ധ അന്തോനീസിന്റെ ആശ്രമം**

**പൂർവചരിത്രം**

പുതുപ്പള്ളിയിലും പരിസരപ്രദേശങ്ങളിലും നിന്ന് മാനസാന്തരപ്പെട്ട അധഃകൃതരുടെ ആധ്യാത്മികാവശ്യങ്ങൾക്കായി നമ്മുടെ സഭാംഗമായിരുന്ന ഓലിക്കൽ (ചെറുശേരി) ബ. ദൊമിനിങ്കോസച്ചന്റെ ശ്രമഫലമായി പുതുപ്പള്ളിയിൽ ഒരു ചെറിയ പള്ളി പണിയിച്ച് അവരുടെ കാര്യങ്ങൾ നടത്തിപ്പോന്നു. കുർബാനയും മറ്റാവശ്യങ്ങളും അവിടെ നിർവഹിച്ചുപോരുകയായിരുന്നു അന്ന്. എന്നാൽ വീണ്ടും കൂടുതൽ ആളുകൾ മാനസാന്തരപ്പെട്ടതോടെ അച്ചന്മാർ അവിടെ സ്ഥിരമായി താമസിക്കേണ്ട ആവശ്യം നേരിട്ടു. അതിനുവേണ്ടി ഒരു കെട്ടിടവും, വേണ്ട സജ്ജീകരണങ്ങളോടുകൂടെ ബ. ദുമ്മിനിങ്കോസച്ചൻ തന്നെ ഇവിടെ പണികഴിപ്പിച്ചു. അധികം താമസിയാതെ ഒരു നല്ല ദേവാലയവും രണ്ടു ക്ലാസ്സുകളോടുകൂടിയ ഒരു പ്രൈമറിസ്കൂളും സാധുക്കളായ ജനങ്ങൾക്കുവേണ്ടി സ്ഥാപിച്ചു. 1930-ൽ ബ. ദുമിനിങ്കോസച്ചൻ സഭയിൽ നിന്ന് പിരിഞ്ഞുപോയതോടെ പുതുപ്പള്ളി സ്തംഭനാവസ്ഥയിലായി. 1950 വരെ ഈ സ്ഥിതിതന്നെ തുടർന്നു.

1950-ൽ പാലാക്കുന്നേൻ ബ. അംബ്രോസീസച്ചൻ ഇവിടത്തെ ഉപശ്രേഷ്ഠനായി നിയമിക്കപ്പെട്ടു. അദ്ദേഹം പലരുടെയും വിശിഷ്യ ബ. ദുമിനിങ്കോസച്ചന്റെയും സഹായവും പറമ്പിലെ ആദായവും കൊണ്ട് പള്ളിയുടെ മുഖവാരപ്പണി പൂർത്തിയാക്കി. അദ്ദേഹത്തിന്റെ അനന്തരഗാമി കളപ്പുരയ്ക്കൽ ബ. അപ്രേമച്ചൻ, മുമ്പുണ്ടായിരുന്ന കെട്ടിടത്തോടു ചേർന്ന് ഒരു പുതിയ കെട്ടിടവും ഊട്ടുമുറി, കുശിനി, കുളിമുറി മുതലായവയും പണികഴിപ്പിച്ചു. ഇങ്ങനെ ഒരാശ്രമത്തിനുവേണ്ട സൗകര്യങ്ങളെല്ലാം ശരിപ്പെട്ടതിനാൽ 1956-ജൂൺ 13-ാംനു മുതൽ 1967 ന്റെ അവ

www.malankaralibrary.com

സാനംവരെ ഈ സ്ഥാപനം വ്യവസ്ഥാപിതമായ ഒരു കാനോനികാ ശ്രമമായി നടന്നുപോന്നു.

**പ്രവിശ്യാശ്രേഷ്ഠഭവനമായുള്ള മാറ്റം**

കോട്ടയത്തുനിന്ന് പ്രവിശ്യാശ്രേഷ്ഠഭവനം ഇങ്ങോട്ടു മാറ്റണമെന്ന് അടുത്തകാലത്ത് നിശ്ചയിക്കുകയാൽ, അതിനുവേണ്ട സൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടി പഴയ കെട്ടിടത്തിന്റെ ഏതാനും ഭാഗങ്ങൾ കൂടുതൽ താമസയോഗ്യമാക്കുകയും പുതിയൊരു കെട്ടിടം പണിതുചേർക്കുകയും 1966 ഒക്ടോബർ 6-ാംനു ഈ ആശ്രമം പ്രവിശ്യാശ്രേഷ്ഠഭവനമായി പ്രഖ്യാപിക്കുകയും 1968 ജനുവരി മുതൽ പ്രവിശ്യാശ്രേഷ്ഠൻ ഇവിടെ സ്ഥിരതാമസമാക്കുകയും ചെയ്തു. അങ്ങനെ ഇപ്പോൾ ഈ ഭവനം ദക്ഷിണപ്രവിശ്യയുടെ പ്രവിശ്യാശ്രേഷ്ഠ ഭവനമായിത്തീർന്നിരിക്കുന്നു

**ഈ പ്രവിശ്യയിലെ പ്രവിശ്യാശ്രേഷ്ഠന്മാർ**

കൊഴുവനാൽ മൈലാടിയിൽ ബ. ദാനിയേലച്ചൻ-1953--59; ചേന്ദങ്കരി കാക്കനാട്ടു ബ. മൗറീലിയൂസച്ചൻ-1959--62; കാഞ്ഞിരപ്പള്ളി പള്ളിവാതുക്കൽ ബ. ജയിംസച്ചൻ-1962-'66 ജനുവരി; ചങ്ങനാശ്ശേരി വലിയപറമ്പിൽ ബ. മാവുരൂസച്ചൻ 1966-ജനുവരി-1969 ജനുവരി.

**ദേഹവിയോഗങ്ങൾ-**

1960 ജനുവരി 18-ന് തലശ്ശേരി രൂപതയിൽ സ്തുത്യർഹമായി മിഷൻ ജോലി ചെയ്തിരുന്ന പൊരിയത്തു ബ. കെറുബിനച്ചനും 1963 ജൂൺ 1-ന് പ്രോവിൻസിന്റെ ഭൗതികാഭിവൃദ്ധിക്കുവേണ്ടി പത്തുകൊല്ലത്തോളം അവിശ്രമം പ്രയത്നിച്ച വള്ളവന്തറ ബ. ഷാബോറച്ചനും 1963 നവംബർ 11-ന് തേവര, ദേവഗിരി കോളജുകളുടെ പ്രിൻസിപ്പാളായി ദീർഘകാലം പ്രശസ്തമായ സേവനം അനുഷ്ഠിച്ചിട്ടുള്ള കരിപ്പാപ്പറമ്പിൽ ബ. തെയൊദോസിയൂസച്ചനും 1963 ഡിസംബർ 15-ന് തെക്കൻ തിരുവിതാംകൂറിൽ മിഷൻപ്രവർത്തനത്തിലേർപ്പെട്ടിരുന്ന പുത്തേത്തു ബ. ഫിലേത്തേവൂസച്ചനും 1964 ഓഗസ്റ്റ് 1-ന് ദീപികയുടെ ജനറൽ മാനേജരായി അതിന്റെ സങ്കീർണങ്ങളായ പ്രശ്നങ്ങളിൽ വിശ്രമമെന്യേ ജോലിചെയ്തിരുന്ന സ്നേഹസമ്പന്നനായ ഐക്കര ബ. വിൽഫ്രെഡച്ചനും 1965 ഓഗസ്റ്റ് 15-ന് കേരളീയരുടെ കണ്ണിലുണ്ണിയും, വലിയൊരു വിദ്യാഭ്യാസ പ്രവർത്തകനും, ദീപികയുടെ ചീഫ് എഡിറ്ററുമായിരുന്ന നേര്യമ്പറമ്പിൽ ബ. വില്യമച്ചനും ഈ പ്രവിശ്യാ ഭവനാംഗങ്ങളായിരിക്കയിൽ നിര്യാതരായി.

www.malankaralibrary.com

## വിവിധ പ്രസ്ഥാനങ്ങൾ

### 1. നവസന്ന്യാസഭവനം

ഓരോ പ്രവിശ്യയ്ക്കും പ്രത്യേകം നവസന്യാസ ഭവനം ഉണ്ടാകാമെന്ന് 1953 സെപ്റ്റംബർ 21-ൽ (Proto.No.325/54ലെ കല്പനപ്രകാരം) തിരുസിംഹാസനം അനുവദിച്ചതനുസരിച്ച് ഈ പ്രവിശ്യയിലെ നവസന്യാസ ഭവനമായി ചെത്തിപ്പുഴ ആശ്രമം തെരഞ്ഞെടുക്കപ്പെട്ടു. 1954 ജൂൺ 14-ൽ പൗരസ്ത്യ തിരുസംഘം (Proto.No.586/49 കല്പനപ്രകാരം) ചെത്തിപ്പുഴ ആശ്രമം നവസന്യാസ ഭവനമായി പ്രഖ്യാപിക്കുകയും ചെയ്തു. അവിടെ വേണ്ട സജ്ജീകരണങ്ങളെല്ലാം പ്രവിശ്യയുടെ ചെലവിൽ നടത്തിയശേഷം 1957 മെയ് 15-ൽ നവസന്ന്യാസ ഭവനം സാഘോഷം അവിടെ ഉദ്ഘാടനം ചെയ്തു. എന്നാൽ ഈ പുതിയ സജ്ജീകരണങ്ങൾക്ക് കുറെ സാവകാശം വേണ്ടിവന്നതിനാൽ. താല്കാലിക നൊവിഷ്യേറ്റായി 1954 ഏപ്രിൽ 7-ലെ ഒരു ദെക്രേത്തു മൂലം തിരുസംഘം പ്രഖ്യാപിച്ച മൂത്തോലി ആശ്രമത്തിൽ സഹായസഹോദരന്മാരുടെ നൊവിഷ്യേറ്റും, അമ്പഴക്കാട്ടും കറുകുറ്റിയിലുമായി മറ്റുള്ളവരുടേതും നടത്തുകയാണുണ്ടായത്.

### 2. യോഗാർഥി ഭവനങ്ങൾ

നമ്മുടെ യോഗാർഥിഭവനങ്ങൾ യൂറോപ്പിലെ സന്യാസസഭകളിൽ നടത്തുന്ന അപ്പസ്തോലിക് സ്കൂളിനെ അനുകരിച്ച് സ്ഥാപിതമായ ഒന്നാണ്. നമ്മുടെ സഭയുടെ ഒരുത്തമ ഗുണകാംക്ഷിയും 1888 മുതൽ കോട്ടയം വികാരി അപ്പസ്തോലിക്കയായി ഭരണം നടത്തിയിരുന്ന ഈശോസഭാംഗവുമായ ലവീഞ്ഞു മെത്രാനച്ചന്റെ നിർദേശാനുസരണമാണ് ഈ പ്രസ്ഥാനം ഇവിടെ അരംഭിച്ചത്. ദൈവവിളിയെ പ്രോത്സാഹിപ്പിക്കുന്നതിനും സഭയിൽ നല്ല അംഗങ്ങളെ ലഭിക്കുന്നതിനുംവേണ്ടി 1894-ൽ കൂനമ്മാവുങ്കൽ സമാരംഭിച്ച ഈ പ്രസ്ഥാനം ഇന്നും ഓരോ പ്രവിശ്യയിലും നിലനിന്നുപോരുന്നു. ഈ പ്രവിശ്യയിലെ യോഗാർഥി ഭവനം 1898-ൽ മാന്നാനത്ത് ആരംഭിച്ചതാണ്. സ്കൂളിൽ പഠിക്കുന്ന യോഗാർഥികൾ ഇവിടെ പഠനം നടത്തിയിരുന്നു. എന്നാൽ, 1965-ജൂണിൽ ഇവിടത്തെ ഭവനം നിർത്തലാക്കിയിട്ട് അങ്ങനെയുള്ളവരെ മൂത്തോലിക്കു വിടുകയുണ്ടായി. പിന്നീടാകട്ടെ അത്തരക്കാർ മണിമല കൊവേന്തയിൽ താമസിച്ച് പഠിച്ചുവരുന്നു. സ്കൂൾ ഫൈനൽ പരീക്ഷ കഴിഞ്ഞ് ലാറ്റിൻ, സുറിയാനി ഭാഷാപ

www.malankaralibrary.com

ഠനം നടത്തുന്ന യോഗാർഥികൾ മൂത്തോലി കൊവേന്തയിലും തുണ സഹോദര യോഗാർഥികൾ (കോട്ടയത്തു) പ്രൊവിൻഷ്യൽ ഭവനത്തിലും പ്രത്യേക മേൽനോട്ടത്തിൽ പാർത്തു പഠിച്ചിരുന്നു. മൂത്തോലിയിലെ ഒരു കൊല്ലത്തെ പഠനശേഷം യോഗാർഥികൾ കോളജ് പഠനം മാന്നാനത്ത് നടത്തിവരുന്നു.

**3. മിഷൻ പ്രവർത്തനങ്ങൾ**

തലശ്ശേരി രൂപതയിൽ കോഴിക്കോട്ടു അമലാപുരി സ്ഥാപനങ്ങളും ദേവഗിരി കോളജും സ്കൂളുകളും നടത്തുന്നതിനും പുറമെ, തിരുവമ്പാടി, കൂടലഞ്ഞി തുടങ്ങി പതിനഞ്ചോളം സ്ഥലങ്ങളിൽ ഈ പ്രവിശ്യയിലെ സഭാംഗങ്ങൾ താമസിച്ചുകൊണ്ട് 1954 മുതൽ കുടിയേറ്റക്കാരായ കത്തോലിക്കരുടെ ഇടവക ഭരണം നടത്തി തുടങ്ങി. പ്രസ്തുത സ്ഥലങ്ങളിലെല്ലാം തന്നെ സ്കൂളുകളും പല സ്ഥലങ്ങളിൽ മഠങ്ങളും ആസ്പത്രികളും ചിലയിടങ്ങളിൽ പള്ളികളും കുരിശുപള്ളികളും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ തലശ്ശേരി രൂപതയിൽ ഇടവക വൈദികരുടെ സംഖ്യ വർധിച്ചതോടെ നമ്മുടെ പ്രവർത്തനരംഗങ്ങൾ അവരെ ഏല്പിച്ചിട്ട് 1968 മെയ് മാസത്തോടെ ഇടവക ഭരണത്തിൽനിന്നും നാം പിന്മാറി. എങ്കിലും ഇന്നും അഞ്ചാറു സ്ഥലങ്ങളിൽ നമ്മുടെ സഭാംഗങ്ങൾ മിഷൻജോലി ചെയ്തുവരുന്നു.

തിരുവനന്തപുരം അതിരൂപതയിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ആവശ്യപ്പെട്ടപ്രകാരം 1942 ജനുവരി മുതൽ നമ്മുടെ സഭാംഗങ്ങളിൽ ചിലർ പരേതനായ പാലാക്കുന്നേൽ ബ. അംബ്രോസീസച്ചന്റെ നേതൃത്വത്തിൽ തെക്കൻ തിരുവിതാംകൂറിൽ നെയ്യാറ്റിങ്കരയ്ക്കു സമീപം നെല്ലിക്കാക്കുഴിയിൽ മിഷൻപ്രവർത്തനം നടത്തിത്തുടങ്ങി. അക്കൊല്ലം തന്നെ ബാലരാമപുരത്തു വേറൊരു കേന്ദ്രം തുറന്ന് ഏതാനും പേർ അങ്ങോട്ടു മാറി. പ്രവിശ്യാ വിഭജനത്തോടെ ഈ മിഷൻ രംഗം ദക്ഷിണ പ്രവിശ്യയുടേതായി.

നെല്ലിക്കാക്കുഴിയിൽ താമസിച്ചിരുന്നവർ ഏഴു പള്ളികൾ, ഒരു കന്യാകമഠം, ഒരു ഗേൾസ് ഹൈസ്കൂൾ, ഒരു പ്രൈമറി സ്കൂൾ എന്നിവയുടെ കാര്യം അന്വേഷിച്ചിരുന്നു. ഇവരുടെ പ്രവർത്തനഫലമായി 1664 പേരെ കത്തോലിക്കാസഭയിൽ ചേർത്തു മാമ്മോദീസാമുക്കിയിട്ടുണ്ട്. ബാലരാമപുരത്തു താമസിച്ചിരുന്നവർ എട്ടു പള്ളികൾ, ഒരു കന്യകാമഠം, ഒരു മിഡിൽസ്കൂൾ, ഒരു പ്രൈമറിസ്കൂൾ എന്നിവയുടെ കാര്യം അന്വേഷിച്ചിരുന്നു. ഇവരുടെ പ്രവർത്തനഫലമായി 2527

www.malankaralibrary.com

പേർ കത്തോലിക്കാസഭയിൽ ചേർന്നിട്ടുണ്ട്. ഈ എട്ടു പള്ളികളിൽ ഒരെണ്ണം പരേതനായ നമ്മുടെ ചക്കാലക്കൽ ബ. തേത്തോസച്ചൻ ചില ഉദാരമതികളിൽനിന്നും പണം പിരിച്ച് പണിയിച്ചിട്ടുള്ളതാണ്.

1942-ൽ കിരാത്തൂറും 1944-ൽ കളയിക്കവിളയിലും ഓരോ മിഷൻ കേന്ദ്രങ്ങൾ തുറക്കുകയുണ്ടായി. രണ്ടു സ്ഥലങ്ങളിൽ നാലു പള്ളികളും ഒരു കന്യകാമഠവും, നമ്മുടെ ശ്രമഫലമായി ഉടലെടുത്ത ഒരു പ്രൈമറി സ്കൂളും നടത്തിയിരുന്നു. ഇരു സ്ഥലങ്ങളിലുംകൂടെ 3000 -ൽ പരം പേരെ നമ്മുടെ സഭാംഗങ്ങൾ മാനസാന്തരപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം അതിരൂപതയിൽ വൈദികരുടെ കുറവു തീർന്നുവരുന്നതിനാൽ ആ മിഷൻ കേന്ദ്രങ്ങളിൽനിന്നെല്ലാം നമ്മുടെ സഭാംഗങ്ങൾ പിന്മാറിയിരിക്കയാണ്.

പ്രവിശ്യാ വിഭജനാനന്തരം ചങ്ങനാശ്ശേരി അതിരൂപതയിൽപ്പെട്ട കാഞ്ഞിരപ്പള്ളി, കൈനകരി, പീരുമേട് വണ്ടന്മേട് എന്നീ സ്ഥലങ്ങളിലും പാലാ രൂപതയിൽപ്പെട്ട അമനകര, വാകക്കാട് എന്നീ സ്ഥലങ്ങളിലും ഓരോ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുകയുണ്ടായി. ആലപ്പുഴ പട്ടണത്തിനു സമീപം പുന്നപ്രയിൽ ഒരു സിവിൽ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടും കാഞ്ഞിരപ്പള്ളിയിൽ 26-ാം മൈലുങ്കൽ ഒരാസ്പത്രിയും കൈനകരിയിൽ ഒരു ഡിസ്പെൻസറിയും പ്രവിശ്യവകയായി നടത്തിവരുന്നു.

### 4. പത്രപ്രവർത്തനം, ദീപിക

സമുദായോന്നമനം ലാക്കാക്കി 1887 ഏപ്രിൽ 15-ന് നസ്രാണി ദീപിക എന്ന പേരിൽ മാന്നാനത്തു സമാരംഭിച്ച ഒരു പത്രമാണ് ദീപിക. കുറവിലങ്ങാട്ടു നിധിയിരിക്കൽ ബ. മാണിയച്ചൻ, പുളിങ്കുന്ന് കുറ്റിക്കൽ ബ. തോമ്മാച്ചൻ, കണ്ടശ്ശാംകടവു തോട്ടുങ്കൽ ബ. അന്തോനിയച്ചൻ, എഴുപുന്ന പാറായിൽ വർക്കിത്തരകൻ, ഒല്ലൂർ കള്ളിയത്ത് പ്രഞ്ചു എന്നിങ്ങനെ ഒട്ടേറെ സമുദായ പ്രമുഖന്മാർ കയ്യൊപ്പു വച്ച്, അക്കാലത്തു സുറിയാനിക്കാരുടെ പ്രത്യേക മെത്രാനായിരുന്ന മർസലീനോസ് മെത്രാനച്ചന്റെ പക്കൽ സമർപ്പിച്ച ഒരപേക്ഷയുടെ ഫലമായാണ് ഇങ്ങനെയൊരു പ്രസിദ്ധീകരണത്തിന് അനുമതി ലഭിച്ചത്. ഇതിന്റെ ആദ്യത്തെ മാനേജിംഗ് എഡിറ്റർ നല്ലൊരു സാഹിത്യകാരനും അന്നു മാന്നാനം അച്ചുകൂടം സൂപ്രണ്ടുമായിരുന്ന പരിയാരത്തു കണ്ണമ്പിള്ളി നമ്മുടെ ബ. ജെരാർദച്ചൻ ആയിരുന്നു.

www.malankaralibrary.com

മാസത്തിൽ രണ്ടായി തുടങ്ങിയ പത്രം പിന്നീടു മൂന്നായും പ്രതിവാരികയായും ത്രൈവാരികയായും 1927-ൽ മാന്നാനത്തു പാട്ടശ്ശേരി ഫാ. സൈമൺ സി.ഡി. മാനേജിംഗ് എഡിറ്ററായിരിക്കയിൽ കേരളത്തിലെ ഏക പ്രതിദിനമായും പ്രസിദ്ധീകരിക്കപ്പെട്ടു. എന്നാൽ വമ്പിച്ച നഷ്ടംമൂലം 1931-ൽ പ്രതിദിനം നിർത്തലാക്കി പ്രതിവാരികയാക്കപ്പെട്ടു. എങ്കിലും 1939-ൽ വീണ്ടും പ്രതിദിനമാക്കി ഉയർത്തിയിട്ട് പ്രചാരണ, വിതരണ സൗകര്യങ്ങൾ ഉദ്ദേശിച്ച് കോട്ടയത്തേയ്ക്കു മാറ്റപ്പെട്ടു. അന്നു മാന്നാനം കൊവേന്തയുടെ പ്രിയോരായിരുന്ന ചക്കരക്കടവു മാഞ്ഞൂരാൻ നമ്മുടെ ബ. എവുജീനച്ചന്റെ പ്രത്യോകോത്സാഹത്തിലും പരിശ്രമത്തിലുമാണ് ഈ മാറ്റം നടന്നത്. അന്നു മുതൽ 'ദീപിക' എന്ന പുതിയ പേരിൽ പഴയതുപോലെ സഭയ്ക്കും സമുദായത്തിനും രാജ്യത്തിനുംവേണ്ടി പലതും പ്രവർത്തിച്ചും സഹിച്ചുംകൊണ്ട് അത് ഇന്നും നടന്നുപോരുന്നു.

ദീപികയും അതിനുവേണ്ടി കോട്ടയത്തുണ്ടായിരുന്ന സ്ഥലങ്ങളും കെട്ടിടങ്ങളും മാന്നാനം ആശ്രമത്തിന്റെ വകയായിരുന്നു. പത്രത്തിന്റെ കൂടുതലായ അഭിവൃദ്ധി ഉദ്ദേശിച്ച് അവയെല്ലാം 1955-ൽ മാന്നാനം ആശ്രമത്തിൽനിന്ന് പ്രോവിൻസിനു വിട്ടുകൊടുത്തു. കൂടാതെ ആശ്രമം വകയായി മാഞ്ഞൂർ ഉണ്ടായിരുന്ന മുപ്പതിൽപരം ഏക്കർ നിലം പുരയിടങ്ങളും, ദീപികയ്ക്ക് അന്നുണ്ടായിരുന്ന ബാധ്യതകളോടുകൂടെ, പ്രോവിൻസിനു നല്കുകയുണ്ടായി. തന്നിമിത്തം അന്നുമുതൽ ദീപികയുടെ മാനേജ്മെന്റ് ദക്ഷിണ പ്രവിശ്യയുടേയായാണിരിക്കുന്നത്.

## ഉപഭവനങ്ങൾ

### 1. ലൂർദുഭവനം, അയിരൂർ

ചെത്തിപ്പുഴയിലെ വൈദികാർഥികൾക്ക് വേനല്ക്കാലത്തു കുളിച്ചു താമസിക്കുന്നതിനുവേണ്ടിയാണ് അയിരൂർ വേലൻപടി എന്ന സ്ഥലത്ത് ചെറിയ തോതിൽ അയിരൂർ സ്ഥാപനം 1925-ൽ ചെത്തിപ്പുഴ ആശ്രമശ്രേഷ്ഠനായിരുന്ന പാട്ടത്തിൽ ബ. കുറിയാക്കോസച്ചന്റെ പ്രത്യേക താത്പര്യത്താലും ഇദ്ദിഗ്വാസിയും ഒരു പ്രസിദ്ധ വാഗ്മിയുമായിരുന്ന പരേതനായ വില്ലോത്തു നൈനാൻ വർഗീസിന്റെ സഹകരണത്തിലും സമാരംഭിച്ചത്. എന്നാൽ ക്രമേണ, ആവശ്യത്തിനുള്ള കെട്ടിടവും മറ്റും പണിയിച്ച് ഇതൊരു മിഷൻ ഭവനമായി സ്ഥാപിക്കുകയാണുണ്ടായത്. യാക്കോബായ-മാർത്തോമ്മാ എന്നീ വിഭാഗങ്ങളിൽപ്പെട്ട നാനൂറിൽപരം ആളുകളെ കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെടു

www.malankaralibrary.com

ത്തുന്നതിന് ആദ്യത്തെ നാലു വർഷംകൊണ്ടു സാധിച്ചു. തദ്ഫലമായി, വിരോധികളിൽനിന്ന് ശക്തമായ എതിർപ്പു ഈ സ്ഥാപനത്തിനു നേരി ടേണ്ടിവന്നിട്ടുണ്ട്. പാട്ടശ്ശേരിൽ ബ. സൈമണച്ചനാണ് മുഖ്യമായും അതിനോടെല്ലാം പോരാടി വിജയം വരിച്ചത്.

കരിക്കമ്പള്ളിൽ ബ. എവുസേബിയൂസച്ചൻ ഇവിടത്തെ സുപ്പീരി യറായിരിക്കുമ്പോൾ 1953-ൽ ആശ്രമക്കെട്ടിടവും പള്ളിയുടെ ഒരു ഭാഗവും പണികഴിപ്പിച്ചു. 1954-ൽ കുശിനി, അറപ്പുര, കലവറ ഇങ്ങനെ പല മുറികളോടുകൂടിയ ഒരു കെട്ടിടം കൂടി അദ്ദേഹം പണിതീർത്തു. ഈ അവസരത്തിൽ ചെത്തിപ്പുഴ കൊവേന്തയിൽ നിന്ന് കുറെ സ്ഥലം ഈ സ്ഥാപനത്തിനു വിട്ടുതന്നു. ഇങ്ങനെ ഒരാശ്രമത്തിനുവേണ്ട സൗക ര്യങ്ങളെല്ലാം ശരിപ്പെട്ടതിനാൽ 1954 - നവംബർ 16-ന് ഈ ഭവനം ഒരു കാനോനികാശ്രമമായി ഉയർത്തി. ബ. എവുസേബിയൂസച്ചൻ ഇവി ടത്തെ പ്രഥമ പ്രിയോരായി നിയമിക്കപ്പെട്ടു.

അകത്തോലിക്കരുടെ ഇടയിലെ ഒരു മിഷൻകേന്ദ്രമായിക്കൂടിയും സമാരംഭിച്ച ഈ ആശ്രമം ഭവനസന്ദർശനങ്ങൾ, ചർച്ചാസമ്മേളനങ്ങൾ, മതസമ്മേളനങ്ങൾ മുതലായ വഴി സത്യസഭയെ മറ്റു ക്രിസ്തീയ വിഭാ ഗങ്ങൾക്ക് കാണിച്ചുകൊടുക്കാൻ ആദ്യന്തം ദത്തശ്രദ്ധയാണ്. തദ്ഫ ലമായി, ഏകദേശം 700 ഓളം ആളുകൾ, പലയവസരങ്ങളിലായി പുന രൈക്യപ്പെട്ടിട്ടുണ്ട്. എഴുമറ്റൂർ, തെള്ളിയൂർ, പെരുനാട് എന്നീ പള്ളി കൾ വളരെക്കാലം ഈ ആശ്രമത്തിൽനിന്നാണ് നടത്തിയിരുന്നത്. ഇപ്പോഴും അയിരൂരിലെ ഇടവകപ്പള്ളിയായിരിക്കുന്നത് ഇവിടത്തെ ആശ്രമ ദൈവാലയമാണ്.

ഇവിടെ സ്ഥാപിതമായ കർമല മഠത്തിന്റെ ആത്മീയാവശ്യങ്ങളും ഇവിടെനിന്നു നടത്തിക്കൊണ്ടിരിക്കുന്നു. 1965-ൽ പമ്പാ ഇറിഗേഷൻ പ്രോജക്ടിന്റെ ആവശ്യത്തിനായുള്ള തോടിനും റോഡിനുമായി ഈ ആശ്രമം വക 50 സെന്റു സ്ഥലം ഗവൺമെന്റ് വിലയ്ക്കെടുത്തതോടെ ഇവിടത്തെ സ്ഥലസൗകര്യങ്ങളും പരിസരവും വളരെ പരിമിതമായി ത്തീർന്നതിനാൽ 1966 ഓഗസ്റ്റ് 1-ാം തീയതി കാനോനികാശ്രമത്തിന്റെ പദവിയിൽനിന്ന് ഈ ആശ്രമം ഒരു ഉപഭവനത്തിന്റെ സ്ഥിതിയിലേക്കു താഴ്ത്തപ്പെട്ടു. എങ്കിലും, ഇന്നും അകത്തോലിക്കാസഹോദരങ്ങളുമായി സമ്പർക്കം പുലർത്തിയും സഹകരിച്ചു നീങ്ങിയുംകൊണ്ടിരിക്കുന്ന ഒരു എക്യുമേനിക്കൽ സെന്ററായും ഇവിടെയുള്ള മുപ്പതു വീട്ടുകാ രുടെ ഇടവകപ്പള്ളിയായും ഈ സ്ഥാപനം സേവനമനുഷ്ഠിക്കുന്നു.

www.malankaralibrary.com

## 2. വിശുദ്ധ സേവ്യറിന്റെ കാർമൽ ഭവനം – ബീച്ച്, ആലപ്പുഴ

ആലപ്പുഴ പട്ടണത്തിൽ നമ്മുടെ സഭവക ഒരാശ്രമം ഉണ്ടാക്കണമെന്ന് തദ്ദേശവാസികൾ ആഗ്രഹിക്കാനും പരിശ്രമിക്കാനും തുടങ്ങിയിട്ട് വളരെയധികം നാളായിരുന്നു. ദൈവദാസനായ കുര്യാക്കോസ് ഏലിയാസച്ചൻ ഇവിടെയുള്ള തത്തമ്പള്ളിയിൽ ഒരു കൊവേന്ത സ്ഥാപിക്കണമെന്ന് തന്റെ മരണപത്രികയിൽ നിർദേശിച്ചിട്ടുമുണ്ടായിരുന്നു. 1932-ലെ പൊതുസംഘത്തിലേക്ക് മലയിൽ യൗസേപ്പു വർക്കി എന്നയാൾ ഒരപേക്ഷ അയച്ചിരുന്നു, ആലപ്പുഴയിൽ ഒരു ആശ്രമം സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട്. പൊതുസംഘം ഒരു കമ്മിറ്റിയെ നിശ്ചയിച്ചു, ഇതെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കാൻ. പക്ഷേ, ഒരു പ്രവർത്തനവും നടക്കാതെ കാലങ്ങൾ മുന്നോട്ടു നീങ്ങി.

ഒരു കമ്മ്യൂണിസ്റ്റു കോട്ടയായി ആലപ്പുഴ മാറിയതോടുകൂടെ അവിടത്തെ തൊഴിലാളികളെ കമ്മ്യൂണിസ്റ്റ് പിടിയിൽപ്പെടുത്താതിരിക്കാൻ എന്തെങ്കിലും ചെയ്യുക ആവശ്യമായി വന്നു. അതോടെ സഭ വക ഒരാശ്രമം അവിടെ ആരംഭിക്കാനുള്ള ശ്രമം ഊർജിതപ്പെട്ടു. പുളിങ്കുന്നു പ്രിയോർ ബ. അന്ത്രയോസച്ചൻ, പുത്തൻപുരയിൽ കുഞ്ചെറിയയുടെ സഹായത്തോടുകൂടെ, ആലപ്പുഴ കടൽത്തീരത്ത്, ഒരു സേട്ടുവിന്റെ വക ഏതാനും സെന്റു സ്ഥലവും ഒരു കെട്ടിടവും തീറു വാങ്ങി. പ്രസ്തുത കെട്ടിടത്തിന്റെ കേടുപാടുകൾ തീർത്ത് 1943 ഡിസംബർ 23-മുതൽ നമ്മുടെ അച്ചന്മാർ അതിൽ താമസം തുടങ്ങി. കെട്ടിടത്തിലുണ്ടായിരുന്ന ഒരു മുറി അപ്പോൾ ചാപ്പലായും രൂപാന്തരപ്പെടുത്തി. കമ്മ്യൂണിസ്റ്റ് കെണി ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുക, സ്വതന്ത്ര തൊഴിലാളി യൂണിയൻ സ്ഥാപിച്ചു നടത്തുക, തൊഴിലാളികളുടെ സാമ്പത്തികോന്നമനത്തിനായി വേണ്ടതു ചെയ്യുക ഇവയായിരുന്നു നമ്മുടെ സഭാംഗങ്ങളുടെ ആദ്യത്തെ പ്രവർത്തനം.

അത്യുന്നത കർദിനാൾ ടിസറാങ്ങ് 1953 നവംബറിൽ ഈ സ്ഥലം സന്ദർശിച്ചു. തദവസരത്തിൽ, ഇവിടത്തെ ആവശ്യങ്ങൾ ബോധ്യമായ അവിടന്ന്, പള്ളിപണിക്കും സാധുജനോദ്ധാരണത്തിനുമായി നല്ലൊരു സംഖ്യ വാഗ്ദാനം ചെയ്യുകയും പല തവണകളായി പ്രസ്തുത തുക നല്കുകയും ചെയ്തു. അതുപയോഗിച്ച് കുറെ സ്ഥലം വാങ്ങുകയും മനോഹരമായ ഒരു പള്ളി പണിതുയർത്തുകയും പള്ളിയോടു ചേർന്ന് രണ്ടു നിലയിലുള്ള ഒരു കൊവേന്തക്കെട്ടിടവും മറ്റ് ഉപഗൃഹങ്ങളും പണികഴിപ്പിക്കുകയും പല സാമൂഹികപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

www.malankaralibrary.com

1962 വരെ പുളിങ്കുന്ന് ആശ്രമത്തിന്റെ കീഴിലായിരുന്ന ഈ സ്ഥാപനം പ്രസ്തുത വർഷം ജനുവരി 2-ാംനു മുതൽ നേരിട്ടുള്ള ഭരണത്തിൻകീഴിലാണ്.

**പ്രകാശം പബ്ലിക്കേഷൻസ് -**

1967 ജനുവരി 2-ാംനു മുതൽ പ്രവിശ്യയുടെ വകയായി 'പ്രകാശം പബ്ലിക്കേഷൻസ്' എന്ന പേരിൽ ഒരു പ്രസിദ്ധീകരണ വകുപ്പ് ഇവിടെ പ്രവർത്തനം ആരംഭിച്ചു. എല്ലാ വീടുകളിലും നല്ല സാഹിത്യഗ്രന്ഥങ്ങൾ എത്തിക്കുക, അങ്ങനെ ജനങ്ങളെ ഗ്രന്ഥപാരായണത്തിൽ അഭിരുചിയുള്ളവരും കത്തോലിക്കാവിശ്വാസവിഷയങ്ങളിൽ അറിവുള്ളവരുമാക്കിത്തീർക്കുക എന്നതാണ് ഈ പ്രസിദ്ധീകരണത്തിന്റെ ലക്ഷ്യം.

**ദൈവശാസ്ത്രപഠന കേന്ദ്രം**

അല്മായർക്കുള്ള ഒരു ദൈവശാസ്ത്രപഠനകേന്ദ്രവും (Laymen's Theology Centre) ഇവിടെ സ്ഥാപിതമായിരിക്കുന്നു. മണലേൽ ബ. കൊൺസ്റ്റന്റൈൻ അച്ചന്റെ നേതൃത്വത്തിൽ ഈ കേന്ദ്രംവഴി കേരളത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ഇടയ്ക്കിടെ ദൈവശാസ്ത്ര പ്രബോധനങ്ങളും പഠനക്കളരികളും, പ്രത്യേകിച്ച് അധ്യാപകർക്കായി, നടത്തിവരുന്നു.

**3. കാർമൽ പോളി ടെക്നിക്ക് - പുന്നപ്ര, ആലപ്പുഴ**

ദക്ഷിണപ്രവിശ്യയുടെ മേല്നോട്ടത്തിൽ ആലപ്പുഴയിൽ ഒരു വാടകക്കെട്ടിടത്തിൽ ഒരു സാങ്കേതിക സ്ഥാപനം (Technical Institute) 1955 ഒക്ടോബർ 19-ാംനു ആരംഭിച്ചു നടത്തിവന്നു. ഗവണ്മെന്റിന്റെ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ, സാങ്കേതിക വിദ്യാഭ്യാസ വികസന സ്കീമിൽ ഉൾപ്പെടുത്തി 1958 മെയ് മാസത്തിൽ ഇത് ഏകദേശം യൂണിവേഴ്സിറ്റി കോളജിന്റെ നിലയിൽ വരുന്ന ഒരു പോളിടെക്ക്നിക്കായി ഉയർത്തി.

ഈ സ്ഥാപനത്തിനുവേണ്ടി ചങ്ങനാശേരി മെത്രാപ്പോലിത്താ അഭിവന്ദ്യ മാത്യു കാവുകാട്ടു പുന്നപ്രയിൽ 6 ഏക്കർ തെങ്ങിൻതോപ്പ് ഉൾപ്പെടെ 10 ഏക്കർ സ്ഥലം ദാനം ചെയ്തു. അതോടുചേർന്ന് നാം വേറെ 8 ഏക്കർ സ്ഥലംകൂടി വാങ്ങി. സംസ്ഥാനത്തെ ചീഫ് എഞ്ചിനീയർ അംഗീകരിച്ച പ്ലാനനുസരിച്ച് 1958 മെയ് മാസത്തിൽ അവിടെ കെട്ടിടംപണി ആരംഭിച്ചു. വർക്ക്ഷോപ്പിനാണ് ആദ്യം പണി തുടങ്ങിയത്. പ്രൊവിൻഷ്യൽ ബ. ദായിയേലച്ചൻ ഇതിനു തറക്കല്ലിട്ടു. 1959 ജനുവരിയോടുകൂടെ മൂന്നു വർക്ക്ഷോപ്പുകളും രണ്ടുതാത്കാലിക

www.malankaralibrary.com

ഷെഡുകളും പണിതീർന്നു. ജനുവരി 19-ാംനു ആലപ്പുഴയിൽനിന്ന് പോളിടെക്നിക്ക് പുന്നപ്രയിലേക്കു മാറ്റി. വർക്ക്ഷോപ്പ് കെട്ടിടങ്ങൾ ക്ലാസ്സിനും ഷെഡുകൾ ഹോസ്റ്റലിനും തത്കാലം ഉപയോഗപ്പെടുത്തി.

1959 നവംബർ 21-ാംന് നമ്മുടെ ബ. ഇഗ്നേഷ്യസച്ചൻ ഇവിടത്തെ അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്കിനു ശിലാസ്ഥാപനം നടത്തി. അധികം താമസിയാതെ, ഹോസ്റ്റലുകളുടെയും പണി ആരംഭിച്ചു. '62 ജനുവരിയിൽ ബ. ഷാബോറച്ചൻ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ് ആശീർവദിച്ചു. പ്രസ്തുത വർഷം ഒക്ടോബറിൽ ഹോസ്റ്റലിന്റെ വെഞ്ചരിപ്പുകർമം പ്രിയോർ ജനറാൾ ബ. മാവുരൂസച്ചൻ നടത്തി. 1965-ൽ വിവിധ ലാബ്രട്ടറികളും പണിതീർന്നു. ഇനിയും പണിതീരേണ്ട N.C.C. ബിൽഡിംഗ്, ഡിസ്പെൻസറി, സ്റ്റാഫ്ക്വാർട്ടേഴ്സ്, സ്റ്റേഡിയം മുതലായവയ്ക്കുവേണ്ടി ഗവണ്മെന്റിൽനിന്നു നല്കിയ 5.39 ഏക്കർ സ്ഥലത്ത് അവയെല്ലാം പണി തുടർന്നുകൊണ്ടിരിക്കുന്നു.

ഇപ്പോൾ ഈ സ്ഥാപനത്തിൽ 500 ഓളം വിദ്യാർഥികളും 58 അധ്യാപകരുമുണ്ട്. സിവിൾ, മെക്കാനിക്ക്, എലക്ട്രിക്ക് എന്നീ വിഭാഗങ്ങളിൽ ഇവിടെ പരിശീലനം നല്കി ഡിപ്ലോമ കൊടുക്കുന്നു. ഗവണ്മെന്റംഗീകരണത്തിനു പുറമേ കേന്ദ്രഗവണ്മെന്റിൽനിന്നും സംസ്ഥാന ഗവണ്മെന്റിൽനിന്നും ഗ്രാന്റായി നല്ലൊരു തുകയും ഈ സ്ഥാപനത്തിനു ലഭിച്ചിട്ടുണ്ട്. ഈ സ്ഥാപനം അതിന്റെ ആരംഭം മുതൽ മുഖ്യമായും പാലാക്കുന്നേൽ ബ. ഗിൽബെർട്ടച്ചന്റെ നിസ്തന്ദ്ര പരിശ്രമത്തിന്റെ ഫലമാണെന്നു പറയാം.

ന. ബ. അച്ചന്മാരുടെ താമസത്തിനുവേണ്ടി വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ ഒരു ഭവനവും ഇവിടെ സ്ഥാപിതമായിട്ടുണ്ട്.

**4. കാഞ്ഞിരപ്പള്ളി സ്ഥാപനങ്ങൾ**

**A. സ്വർഗറാണി ഭവനം -**

1894 മുതൽ തുടങ്ങിയതാണ് കാഞ്ഞിരപ്പള്ളിയിൽ ഒരു ആശ്രമസ്ഥാപനത്തിനുള്ള പരിശ്രമങ്ങൾ. മഹാമനസ്കരായ ചില വ്യക്തികളും ഇടവകക്കാരും ഇക്കാര്യസാധ്യത്തിനായി പലപ്പോഴും മുന്നിട്ടിറങ്ങിയെങ്കിലും അവയെല്ലാം പരാജയമടയുകയാണുണ്ടായത്. ഏതായാലും, ദൈവപരിപാലനക്രമത്തിൽ 1956-ൽ അന്നാട്ടുകാരുടെ ചിരകാലാഭിലാഷം നിവൃത്തിയായെന്നു പറയാം.

1933-ൽ പള്ളിവാതുക്കൽ ഒളക്കാമ്മാക്കൽ ഇട്ടിയവിരാ ദേവസ്യാ എന്നയാൾ സഭയ്ക്കു ദാനംചെയ്തിരുന്ന സ്ഥലത്ത് ഗവ. ആസ്പത്രിക്കു

www.malankaralibrary.com

സമീപം, കരിപ്പാപ്പറമ്പിൽ (പൂവഞ്ചി) ഡോമിനിക്ക് തോമസ് സ്വന്തം ചെലവിൽ പണിയിച്ച് നമ്മെ ഏല്പിച്ചുതന്ന കപ്പേള 1956 മാർച്ച് 18-ന് വെഞ്ചരിച്ച്, അന്നുമുതൽ ശനി, ഞായർ, കടപ്പെട്ട ദിവസങ്ങൾ, ആദ്യ വെള്ളി എന്നീ ദിവസങ്ങളിൽ അവിടെ ക്രമമായി ദിവ്യബലി അർപ്പിച്ചുപോന്നു. 1966-ൽ ഈ സ്ഥാപനം കാഞ്ഞിരപ്പള്ളി ഫൊറോനാപ്പള്ളിക്കു കൊടുക്കുന്നതുവരെയും കോട്ടയം പ്രവിശ്യാഭവനത്തിൽ നിന്ന് പ്രത്യേകിച്ച് പരേതനായ ബ. വില്യമച്ചൻ ആണ് ഇതു നിർവഹിച്ചിരുന്നത്. പ്രസ്തുത സ്ഥാപനം ഇന്ന് കാഞ്ഞിരപ്പള്ളിപ്പള്ളിയുടെ ഒരു കുരിശുപള്ളിയായി നടന്നുപോരുന്നു.

**B. ഗത്സേം ഭവൻ, പാലമ്പ്ര**

സഭവക ഒരാശ്രമം സ്ഥാപിക്കുന്നതിനുവേണ്ടി 1954-ൽ കൊല്ലങ്കുളം ശ്രീ. കെ.വി.തോമസ് ദാനം ചെയ്ത 10 ഏക്കർ സ്ഥലത്ത് പ്രസ്തുത വർഷം തന്നെ ഒരു എൽ.പി. സ്കൂൾ ആരംഭിച്ചു (അതു കർമലീത്താ കന്യാസ്ത്രീകൾ ഇന്നും നടത്തിക്കൊണ്ടുപോരുന്നു) പ്രസ്തുത സ്കൂൾ കെട്ടിടത്തിന്റെ ഒരു ഭാഗത്ത് നമ്മുടെ അച്ചന്മാർ വാസം തുടങ്ങി. സ്കൂളിന്റെ ഒരു ഭാഗം ഒരു താത്കാലിക കപ്പേളയായും ഉപയോഗപ്പെടുത്തി. പാലമ്പ്രയിൽ ഒരു പള്ളിയും ആശ്രമവും പണിയാരംഭിക്കണമെന്ന് 1965-ൽ പ്രവിശ്യാ ശ്രേഷ്ഠസംഘം തീരുമാനിച്ചു. അതിന്റെ നടത്തിപ്പിനായി പ്ലാത്തോട്ടം നമ്മുടെ ബ. വലേര്യനച്ചൻ ഇങ്ങോട്ട് നിയുക്തനായി. പ്രവിശ്യയുടെയും ദാനക്കാരന്റെയും അദ്ദേഹത്തിന്റെ സഹോദരൻ ഇട്ടിയവരാച്ചന്റെയും പൊട്ടംകുളം കെ.ഇ. മാത്യുവിന്റെയും നാട്ടുകാരുടെയും സഹായസഹകരണങ്ങളോടെ പ്രസ്തുത വർഷം ഒക്ടോബറിൽ സമാരംഭിച്ച പള്ളിയുടെയും കെട്ടിടത്തിന്റെയും പണി 1966-ഡിസംബറിൽ പൂർത്തിയായി സാഘോഷം വെഞ്ചരിപ്പു നടത്തി. ഉടൻതന്നെ ആശ്രമസ്ഥരുടെ വാസം പുതിയ ഭവനത്തിലേക്ക് മാറ്റപ്പെട്ടു.

വൈദികർക്കും അല്മായർക്കും വന്ന് താമസിച്ചു ധ്യാനിക്കുന്നതിനു പറ്റിയ ഒരു സ്ഥലമാണിത്.

**C. മേരിക്വീൻസ് മിഷനാസ്പത്രി, പാലമ്പ്ര**

നമ്മുടെ സഭയുടെ ജീവകാരുണ്യപ്രവർത്തന ചരിത്രത്തിൽ ഒരു നാഴികക്കല്ലാണ് പാലമ്പ്ര മേരിക്വീൻസ് മിഷനാസ്പത്രി. ഇതിന്റെ ആരംഭം വിനീതവും വളർച്ച അപ്രതീക്ഷിതവും ഫലം പ്രശംസാർഹവുമാണ്.

www.malankaralibrary.com

നാട്ടുകാരുടെ ആഗ്രഹമനുസരിച്ച് കീക്കരിക്കാട്ട് നമ്മുടെ ബ. അർനോൾഡച്ചൻ വിശാല മനസ്കരായ കൊല്ലങ്കുളം ഇട്ടിയവരാച്ചൻ, ശ്രാമ്പിക്കൽ ജോസഫ് അഗസ്റ്റിൻ തുടങ്ങിയവരുടെ സഹായത്തോടുകൂടെ മേരികിൻസാസ്പത്രിക്ക് ആരംഭമിട്ടു. 1955-ഫെബ്രുവരി 15-ാം തീയതി ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ മാത്യു കാവുകാട്ട്, ആശുപത്രിയുടെ ശിലാസ്ഥാപനം നിർവഹിച്ചു. 1957-ഓഗസ്റ്റ് 22-ാംനു കോട്ടയം ഡി.എം.ഒ ഡോക്ടർ പുതുവാൾ ഇതിന്റെ ഔപചാരി കോൽഘാടനം നടത്തിയതോടുകൂടെ ആശുപത്രി പ്രവർത്തനം ആരംഭിച്ചു. പണികളുടെയും മറ്റും മേല്നോട്ടം വഹിച്ചത് പൈകട ന. ബ. പൗലോസച്ചനും അദ്ദേഹത്തെത്തുടർന്ന് തുരുത്തുമാലി ന.ബ. വെഞ്ചസ്ലാവോസച്ചനുമാണ്. പ്രൊവിൻഷ്യൽ ബ. ദാനിയേലച്ചന്റെയും പൂണോലി ന.ബ. അന്ത്രയോസച്ചന്റെയും സാമ്പത്തിക സഹായം കൊണ്ട് രോഗികൾക്കുള്ള രണ്ട് വാർഡുകൾ അടുത്ത രണ്ടുവർഷം കൊണ്ട് പണിതീർത്തു. അതോടുകൂടെത്തന്നെ, ആദ്യത്തെ വാർഡിന്റെ ഒരു ഭാഗത്ത് ഒരു ചെറിയ ചാപ്പലും വാർഡുകളുടെ ഇടയ്ക്ക് നല്ലൊരു തോട്ടവും അതിന്റെ നടുക്ക് ദൈവമാതാവിന്റെ ഒരു സ്തംഭവുംകൂടി നിർമിച്ചു. 1959-നവംബറിൽ ബ. അന്ത്രയോസച്ചന്റെ പരിശ്രമഫലമായി ഒരു Sciemens X-Ray യും ലഭ്യമായി. ഈ ആസ്പത്രിക്ക് ഇൻഡ്യാഗവണ്മെന്റിൽനിന്ന് അംഗീകാരം ലഭിച്ചതും ഈ വർഷമാണ്.

സി.എച്ച്.എ. (Catholic Hospital Association of India), മിസേരെയോർ എന്നീ സംഘടനകളിൽ നിന്നു ലഭിച്ച സഹായങ്ങൾക്കും പുറമേ, ഇൻഡ്യാഗവർമ്മെണ്ടിൽ നിന്നും കേരളഗവർമ്മെണ്ടിൽ നിന്നും കിട്ടിയ സഹായവും ഉപയോഗിച്ച് 1962-ൽ ഏതാനും വാർഡുകൾക്കും ഓപ്പറേഷൻ തീയെറ്ററിനും പണിയാരംഭിച്ചു. കേരള ആരോഗ്യമന്ത്രി ശ്രീ വേലപ്പൻ ശിലാസ്ഥാപനം നടത്തി സമാരംഭിച്ച പ്രസ്തുത പണികൾ, ഒരു കൊല്ലംകൊണ്ട് പൂർത്തിയായി. ഇതോടെ 150 രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇവിടെ ഉണ്ടായി.

ആസ്പത്രിയിൽ ജോലി ചെയ്യുന്ന ബ. കന്യാസ്ത്രീകൾക്കും നേഴ്സുമാർക്കും താമസിക്കുന്നതിനുവേണ്ടി സൗകര്യപ്രദമായ ഒരു കെട്ടിടം പണിയുകയായിരുന്നു അടുത്ത പരിപാടി. മിസേരെയോറിൽ നിന്നു കടമായി ലഭിച്ച 56000 രൂപാകൊണ്ട് 1964-ൽ അതും പൂർത്തിയാക്കി. രോഗികളായ നമ്മുടെ സഭാംഗങ്ങൾക്ക് താമസിച്ച് ചികിത്സ നടത്തുന്നതിനുപകാരപ്പെടുന്ന ഒരു കെട്ടിടവും നിരപ്പേൽ ബ. ബെനെഡിക്ട

www.malankaralibrary.com

ച്ചന്റെ മേൽനോട്ടത്തിൽ ആസ്പത്രിയുടെ കിഴക്കുഭാഗത്തായി നിർമി ക്കപ്പെട്ടിട്ടുണ്ട്.

അങ്ങനെ എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടുകൂടെ ആതുര സേവനം നിർവഹിച്ചുകൊണ്ടിരിക്കുന്ന ഈ ആസ്പത്രിയിൽ ഇപ്പോൾ 4 ഡോക്ടറന്മാരും 12 കന്യാസ്ത്രീകളും 8 നേഴ്സുമാരും 12 സഹായ നേഴ്സുമാരും 16 മറ്റു ജോലിക്കാരുമുൾപ്പെടെ 52 പേർ സേവന മനുഷ്ഠിക്കുന്നു.

**D. നസ്രത്ത് കർമല ഭവനം, മുഹമ്മ**

മുഹമ്മയിലെ ഇടവകപ്പള്ളിയുടെ ഒരു കുരിശുപള്ളിയും അഞ്ചര ഏക്കർ സ്ഥലവും പള്ളിയിൽ നിന്ന് നമ്മുടെ സഭയുടെ ഒരു സ്ഥാപന ത്തിനായി വിട്ടുതന്നതിനാൽ 1953-ൽ തിരുഹൃദയപ്രവിശ്യയിൽ നിന്നും അത് ഏറ്റുവാങ്ങുകയും അവിടെയുണ്ടായിരുന്ന ഒരു സ്കൂൾകെട്ടിടം ശരിപ്പെടുത്തി അവിടെ നമ്മുടെ അച്ചന്മാർ താമസം ആരംഭിക്കുകയും ചെയ്തു. സാധുജനോദ്ധാരണാർഥം നമ്മുടെ മേല്നോട്ടത്തിൽ ഇവിടെ ഒരു വ്യവസായം ആരംഭിക്കണമെന്നായിരുന്നു ഉദ്ദേശ്യം. അതിനായി പരിശുദ്ധ സിംഹാസനത്തിൽ നിന്ന് 20,000 ക. ദാനമായി ലഭിക്കുകയു മുണ്ടായി. പക്ഷേ, സാഹചര്യങ്ങളുടെ പ്രാതികൂല്യം നിമിത്തം അക്കാര്യം സാധിക്കാതെ പോയി. എങ്കിലും 17,000 രൂപ മുടക്കി കുറെ സ്ഥലംകൂടി ഈ സ്ഥാപനത്തോടു ചേർന്ന് വാങ്ങാൻ സാധിച്ചു. ഇപ്പോൾ ഇവിടെ 12½ ഏക്കർ സ്ഥലമുണ്ട്. നമ്മുടെ സഭാംഗങ്ങൾ ഇവിടെ താമസം തുടങ്ങിയതോടെ ഇവിടെയുണ്ടായിരുന്ന കുരിശുപ ള്ളിയുടെ മേല്ക്കൂടു മാറ്റി പുതുക്കിയതിനു പുറമേ, രണ്ടു മുറികളുള്ള ഒരു കെട്ടിടവും ഒരു കുശിനിയും മറ്റും സൗകര്യപ്പെടുത്തി.

എന്നാൽ 1959-ലെ പൗരസ്ത്യ തിരുസംഘത്തിന്റെ ഒരു തീരുമാന മനുസരിച്ച് ഈ സ്ഥാപനം ദക്ഷിണപ്രവിശ്യയുടേതായിത്തീരുകയും പ്രസ്തുത വർഷം സെപ്റ്റംബറിൽ ദക്ഷിണ പ്രവിശ്യാംഗങ്ങൾ ഇവിടെ വന്നു താമസം തുടങ്ങുകയും ചെയ്തു. ഇത് പുളിങ്കുന്ന് കൊവേന്ത യുടെ കീഴിലുള്ള ഒരു ഭവനമായിരുന്നതിനാൽ പ്രിയോർ പൂണോലി ബ. അന്ത്രയോസച്ചന്റെ സഹായത്താൽ ഇവിടെ പല പണികളും തീർത്തിട്ടുണ്ട്.

ഇവിടെ കുട്ടികളുടെ വേദപാഠക്ലാസ്സുകളും സൊഡാലിറ്റിയും ക്രമ മായി നടത്തിവരുന്നു. കൂടാതെയും, ചേർത്തലയ്ക്കടുത്തുള്ള ചാരമം

www.malankaralibrary.com

ഗലം പള്ളിയുടെ ഭരണച്ചുമതലയും ഈ സ്ഥാപനത്തിൽനിന്നാണ് വഹിക്കുന്നത്. ചങ്ങനാശ്ശേരി അരമനയിൽനിന്നു ലഭിച്ച 11,000 ക. ചെലവുചെയ്ത് ഇവിടത്തെ മേല്നോട്ടത്തിൽ ആ പള്ളിയുടെ പണി പൂർത്തിയാക്കിയിട്ടുമുണ്ട്.

പീടിയേക്കൽ ബ. ഹ്യൂബർട്ടച്ചന്റെ ഉത്സാഹത്താൽ സാമാന്യം നല്ലതും വലുതുമായ ഒരു കെട്ടിടം ആശ്രമത്തിനായി പണികഴിപ്പിച്ച് 1967 ഡിസംബറിൽ വെഞ്ചരിപ്പും നടത്തി. 1968 അവസാനത്തോടെ അദ്ദേഹം പുതിയൊരു പള്ളിയും പണിതീർത്തു. അതിന്റെ അഭിഷേകം 1968 ഡിസംബർ 2-ാംനു കോട്ടയം സഹായമെത്രാൻ ഡോക്ടർ കുന്നശ്ശേരി സാഘോഷം നിർവഹിച്ചു.

### E. സെന്റ് മേരീസ് കാർമൽ ഭവനം, കൂത്താട്ടുകുളം

തിരുഹൃദയപ്രവിശ്യയുടെ അധിപനായിരുന്ന ബ. ജോൺ ബർക്കുമാൻസച്ചന്റെ പരിശ്രമഫലമാണ് അകത്തോലിക്കരുടെ ഒരു കേന്ദ്രമായ കൂത്താട്ടുകുളത്തെ ഈ സ്ഥാപനം. 1955 ഫെബ്രുവരി 3-ാംനു പ്രിയോർ ജനറാൾ ബ. മാവുരൂസച്ചൻ ഈ സ്ഥാപനത്തിന്റെ ശിലാസ്ഥാപനം നടത്തി. പാലക്കൽ ബ. കുര്യച്ചന്റെ മേല്നോട്ടത്തിൽ ആശ്രമത്തിന്റെയും പള്ളിയുടെയും പണി അതിവേഗം പുരോഗമിച്ചു.

റോമിൽനിന്നുണ്ടായ തീരുമാനമനുസരിച്ച് ഈ സ്ഥാപനം ദക്ഷിണ പ്രവിശ്യ 1959 സെപ്റ്റംബർ 2-ാംനു ഏറ്റെടുത്തു. അന്നുമുതൽ 1967 വരെ ഇത് കുര്യനാട് ആശ്രമത്തിന്റെ കീഴിലായിരുന്നു. ഇപ്പോൾ പ്രവിശ്യാശ്രേഷ്ഠന്റെ നേരിട്ടുള്ള മേല്നോട്ടത്തിലാണ് ഈ സ്ഥാപനം. ഇപ്പോഴത്തെ സുപ്പീരിയറായ മൂലമറ്റം ബ. മെല്ക്കിയോറച്ചന്റെ ഉത്സാഹത്താൽ വിദേശസഹായത്തോടെ 1966-ൽ ആശ്രമത്തിലും ആശ്രമദേവാലയത്തിലും വൈദ്യുതദീപം ഇടുകയും മറ്റു ചില പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്.

കുട്ടികളുടെ വേദപാഠക്ലാസ്സ് ഞായറാഴ്ചതോറും, വടകരമഠത്തിലെ ആരാധന കന്യാസ്ത്രീകളുടെ സഹായത്തോടെ, ഇവിടെ നടത്തിവരുന്നു.

### F. സെന്റ് ഏലിയാസ് കാർമൽ ഹൗസ്. കൈനുകരി

സഭവക ഒരു സ്ഥാപനം കൈനുകരിയിലുണ്ടാക്കുന്നതിന് വെട്ടത്തു തൊമ്മി ഔസേപ്പ് 85 സെന്റ് സ്ഥലം ദാനം ചെയ്തിരുന്നു. കളപ്പുരക്കൽ ബ. സ്കറിയാ അപ്രേമച്ചന്റെ പരിശ്രമഫലമായി അവിടെ 1938-ൽ

www.malankaralibrary.com

ഒരു ചെറിയ 'വേദാധ്യയനശാല' ആരംഭിച്ചു. അതിനുള്ള ചെലവു വഹിച്ചത് ഇടവകക്കാരായിരുന്നു.

കൈനുകരിയിൽ ഒരു കൊവേന്ത സ്ഥാപിക്കണമെന്ന് പ്രസ്തുത ഇടവകവികാരിയും ജനങ്ങളുംകൂടി 1952 നവംബർ 20-ാംനു സഭയുടെ വിസിറ്റർ അപ്പസ്തോലിക്കാ ബൊനവന്തൂരാ മെത്രാന്റെ പക്കൽ ഒരപേക്ഷ സമർപ്പിച്ചു; വീണ്ടും 1954-ൽ പ്രവിശ്യാശ്രേഷ്ഠന്റെ പക്കലും.

1955 സെപ്റ്റംബർ 19-ാംനു സ്ഥലത്തുള്ള 'യേശുദാസസംഘം' ഒരു കെട്ടിടവും 750 രൂപായും അൾത്താരസാമഗ്രികളും കൊവേന്തയ്ക്കുവേണ്ടി അഭിവന്ദ്യ ചങ്ങനാശ്ശേരി മെത്രാപ്പോലീത്തായുടെ അനുമതിയോടെ നല്കി. അവിടെ ഒരു കപ്പേള കെട്ടിയുണ്ടാക്കി 1955 നവംബർ 29-ൽ ദിവ്യബലിയർപ്പണം തുടങ്ങി. 1956 ഫെബ്രുവരി 25-നു നമ്മുടെ അച്ചന്മാർ കൈനുകരിയിൽ സ്ഥിരതാമസവും തുടങ്ങി. ചാവറ പ്രിയോരച്ചൻ കൈനുകരിയിൽ സമാരംഭിച്ചു നടത്തിവന്ന ധർമശാലയും പുരയിടവും 1956 ജൂൺ 11-ന് ഇടവകപ്പള്ളിയിൽനിന്ന് കൊവേന്തയ്ക്കു വിട്ടുതന്നു.

1958 ഡിസംബർ 14 മുതൽ ഒരാസ്പത്രിയും ഈ സ്ഥാപനത്തിന്റെ മേല്നോട്ടത്തിൽ നടത്തിവരുന്നു. കളപ്പുരക്കൽ ജോസഫ് ചാക്കോ എന്ന മാന്യദേഹം സ്വന്തം ചെലവിൽ പണിയിച്ചു ദാനംചെയ്ത കെട്ടിടത്തിലാണ് ആസ്പത്രി നടത്തുന്നത്.

### G. വിശുദ്ധ അന്തോനീസിന്റെ കർമല ഭവനം, പുളിയന്മല

ഹൈറേഞ്ചിൽ മിഷൻ പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന ശൗര്യാരച്ചന്റെയും ബ. ഒണോരിയൂസച്ചന്റെയും പരിശ്രമത്തിന്റെ ഫലമായാണ് പ്രകൃതിസുന്ദരമായ പുളിയന്മലയിൽ കുറെ സ്ഥലം 1957 ജനുവരിയിൽ വാങ്ങാൻ സാധിച്ചത്. പിന്നീട് കുറെ സ്ഥലങ്ങൾ കൂടി വാങ്ങി അതോടു ചേർക്കുകയുണ്ടായി. 1960-ൽ ബ. ഒണോരിയൂസച്ചൻ ഇടവകജോലിയിൽനിന്നു വിരമിച്ച് പുളിയന്മല വന്നു താമസിച്ചുകൊണ്ട് അവിടെ താമസത്തിനുവേണ്ട ഒരു കെട്ടിടം പണിയിച്ചു. 1963-ൽ കുന്നത്തുപുരയിടം ബ. അക്കീല്ലസച്ചൻ കെട്ടിടത്തിന്റെ ബാക്കിഭാഗങ്ങളും ഒരു താത്കാലിക കപ്പേളയും പണികഴിപ്പിച്ചു.

പുളിയന്മല ഒരു സുഖവാസസ്ഥലംകൂടിയാകയാൽ, വിശ്രമാർഥം നമ്മുടെ സഭാംഗങ്ങൾക്കു വന്നു താമസിക്കത്തക്കവിധത്തിൽ സൗകര്യപ്രദമായ ഒരു കെട്ടിടം പണിയണമെന്നു നിശ്ചയിച്ച് കുമളി-മൂന്നാർ

www.malankaralibrary.com

റോഡിന്റെയും പുളിയന്മല കട്ടപ്പന റോഡിന്റെയും ഇടയ്ക്കുള്ള ഒരു കുന്ന് നാം വാങ്ങി. പ്രസ്തുത സ്ഥലത്ത് ഒരു കെട്ടിടവും കപ്പേളയും പണിയുന്നതിന് പ്രൊവിൻഷ്യൽ ബ. ജയിംസച്ചൻ കല്ലിട്ടു. ഒരുവർഷത്തിനകം പണിതീർത്ത പ്രസ്തുത കെട്ടിടവും പള്ളിയും 1966 ഏപ്രിൽ 24-ാംനു ചങ്ങനാശ്ശേരി മെത്രാപ്പോലീത്താച്ചൻ വെഞ്ചരിച്ചു. അതോടെ പുതിയ കെട്ടിടത്തിലേക്ക് നമ്മുടെ അച്ചന്മാർ താമസം മാറ്റുകയും ചെയ്തു.

## റീജിയനുകൾ

### 1. സെന്റ് തോമ്മസ് റീജിയൻ, കോഴിക്കോട്

1953-ൽ നമ്മുടെ സഭ മൂന്നു പ്രവിശ്യകളായി തിരിഞ്ഞപ്പോൾ മലബാറിലെ കോഴിക്കോടും കണ്ണൂരും മറ്റും ഉൾപ്പെടുന്ന ചില ഭൂവിഭാഗങ്ങൾ ഒരു മിഷൻറീജിയനായി വിശുദ്ധ യൗസേപ്പിന്റെ പ്രവിശ്യയ്ക്കു ലഭിച്ചു. അതോടെ ഈ റീജിയന്റെ നാനാവിധത്തിലുള്ള പുരോഗതിക്കായി പ്രവിശ്യയുടെ ശ്രദ്ധ തിരിഞ്ഞു. 1959-ൽ കൂടുതൽ അധികാരങ്ങളോടുകൂടിയ ഒരു റീജിയനൽ സുപ്പീരിയർ നിയമിതനായി. ആദ്യം കടമപ്പുഴ ബ. ഔറേലിയൂസച്ചനും അനന്തരം കലവറ ബ. ഹഡ്രിയാനച്ചനും അദ്ദേഹത്തെ അനുഗമിച്ച് പള്ളിവാതുക്കൽ ബ. ജയിംസച്ചനും സുപ്പീരിയർമാരായി. ഈ റീജിയൻ അഭിവൃദ്ധിയിൽനിന്ന് അഭിവൃദ്ധിയിലേക്കു ഗമിച്ചുകൊണ്ടിരിക്കുന്നു.

### A. അമലാപുരി സ്ഥാപനങ്ങൾ, കോഴിക്കോട്

1954 മാർച്ച് 19-ാംനു ഭാരതപ്പുഴയ്ക്കു വടക്കുള്ള മലബാർ പ്രദേശം തലശ്ശേരി പട്ടണം കേന്ദ്രമാക്കി ഒരു പുതിയ സുറിയാനി രൂപത സ്ഥാപിക്കപ്പെട്ടതിനാൽ ആ പ്രദേശങ്ങളിലും നമ്മുടെ സഭയ്ക്കു പ്രവർത്തനങ്ങൾ നടത്താൻ കൂടുതൽ സ്വാതന്ത്ര്യവും സൗകര്യവും ലഭിച്ചു. ഈ സന്ദർഭത്തിൽ കോഴിക്കോടു പട്ടണത്തിൽ ഒരു ആസ്ഥാനമുണ്ടാക്കുന്നതിനായി ദക്ഷിണപ്രവിശ്യ ശ്രമംതുടങ്ങി. അന്നു കോഴിക്കോട്ടു മെത്രാനച്ചന്റെ കീഴിൽ 'സന്ദേശം' എന്ന പത്രത്തിന്റെ പത്രാധിപച്ചുമതല വഹിച്ചുകൊണ്ട് കോഴിക്കോട്ടു താമസിച്ചിരുന്ന നമ്മുടെ സഭാംഗമായ പെരുമാലിൽ ബ. ഹോർമിസച്ചൻ ഇതിനു നിയുക്തനായി. അദ്ദേഹം പല സ്ഥലങ്ങളും അന്വേഷിച്ചശേഷം കോഴിക്കോടു പട്ടണത്തിന്റെ മധ്യത്തിൽ 4-ാം ഗേറ്റിനു സമീപം മി.എം.എൻ. നായരുടെ പുത്രി മിസ്സിസ് വി.ജെ. നെടുങ്ങാടിയുടെ സ്ഥലവും കെട്ടിടവും വാങ്ങു

www.malankaralibrary.com

ന്നതിനു തീരുമാനിച്ചു. ഈ സ്ഥലമുടമസ്ഥന്മാർ കോഴിക്കോട്ടെ ജന്മികളിൽ പ്രമുഖരും ധനസ്ഥിതിയിൽ മികച്ചവരുമാണെങ്കിലും നമ്മുടെ കാർമൽ സഭവക ഒരു സ്ഥാപനം കോഴിക്കോട്ടുപട്ടണത്തിൽ ഉണ്ടാകുന്നത് പല നന്മകൾക്കും നിദാനമായി ഭവിക്കുമെന്ന പ്രതീക്ഷ മാത്രമാണ് ഈ സ്ഥലം ഇവ്വിധം കൈമാറുന്നതിന് അവരെ പ്രേരിപ്പിച്ചത്.

ഇന്ന് 'അമലാപുരി' എന്ന പേരിൽ അറിയപ്പെടുന്ന ഈ സ്ഥലം 1954 നവംബറിൽ ദക്ഷിണ പ്രവിശ്യയിൽനിന്ന് വിലയ്ക്കു വാങ്ങി. ഈ ക്രയവിക്രയവും അവിടത്തെ പള്ളിപണിയും നടക്കാതിരിക്കുന്നതിനു വേണ്ടി ചില നായന്മാർ പല പരിശ്രമങ്ങളും നടത്തിയെങ്കിലും അതെല്ലാം വിഫലമാവുകയാണുണ്ടായത്. നാം വാങ്ങിയ സ്ഥലത്തുണ്ടായിരുന്ന കുടികിടപ്പുകാരെ ഇറക്കിവിടുന്നതിനും പല പ്രതിബന്ധങ്ങളും നേരിട്ടു. എന്നാൽ അന്ന് മലബാർ കളക്ടറായിരുന്ന പാവറട്ടി സ്വദേശി മി.ആർ.സി. ജോസഫിന്റെയും കോഴിക്കോടു മുൻസിപ്പൽ കമ്മീഷണരായിരുന്ന തിരുവല്ല സ്വദേശി മി.ഏ.ജെ. ജോണിന്റെയും സഹായസഹകരണങ്ങൾമൂലം അക്കാര്യവും വലിയ വിഷമങ്ങൾ കൂടാതെ സാധിച്ചു.

അമലാപുരി വസ്തു വാങ്ങിയതിന്റെ പിറ്റേ മാസത്തിൽ അവിടെ ഒരു പള്ളി പണിയിക്കാനുള്ള ശ്രമം തുടങ്ങി. തദനുസരണം 1954 ഡിസംബർ 21-ാംനു മാർത്തോമ്മാശ്ലീഹായുടെ നാമത്തിൽ പള്ളിക്ക് കല്ലിടുകയും പിറ്റേക്കൊല്ലം 1955 ഡിസംബർ 21-ാം നു പള്ളി വെഞ്ചരിപ്പ് നടത്തുകയുമുണ്ടായി.

മലബാറിലെ കുടിയേറ്റക്കാരുടെ ഗുണം ലാക്കാക്കി പ്രസ്തുത അമലാപുരിയിൽ ഒരു അപ്പസ്തോലിക്ക് സ്കൂൾ എന്ന നിലയിൽ 'സാവിയോ നിലയം' എന്ന സ്ഥാപനമാണ് ആദ്യം ആരംഭിച്ചത്. ഇവിടെ താമസിച്ചുകൊണ്ട് കുറെ കുട്ടികൾ ഹൈസ്കൂളിലും കോളജിലും പോയി പഠിച്ചുവന്നു. കുട്ടികൾക്കു തൊഴിൽ പരിശീലനം നല്കാനും സാവിയോ നിലയത്തിന്റെ ചെലവുകൾ വഹിക്കാനും സഹായകമാകുമാറ് 'അമലാ പ്രിന്റിംഗ് വർക്സ്' എന്നൊരു പ്രസ്സും അധികം താമസിയാതെ സ്ഥാപിതമായി. ഈ പ്രസ്സിൽനിന്നു 'പ്രകാശം' എന്നൊരു വാരികയും 'ക്രിസ്റ്റഫർ' എന്നൊരു മാസികയും പ്രസിദ്ധീകരിച്ചിരുന്നു. പെരുമാലിൽ ബ. ഹോർമിസച്ചന്റെ പത്രാധിപത്യത്തിൽ, പൊതുജനങ്ങളെ ഉദ്ദേശിച്ച് ഒരു വായനശാലയും ഗ്രന്ഥശാലയും ഇവിടെ നടത്തിയിരുന്നു. ഇവയോടനുബന്ധിച്ച് ഒരു ബുക്ക്സെന്ററും ഇവ

www.malankaralibrary.com

യ്ക്കായി പബ്ലിക്ക വീഥിയുടെ സമീപം ഒരു പുതിയകെട്ടിടവും പണി തീർത്തു. സാവിയോ നിലയവും പ്രസ്സും മുൻസിപ്പൽ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതാണ്.

### B. ദേവഗിരി കോളജും സ്ഥാപനങ്ങളും

മലബാറിൽ കുടിയേറിയിരിക്കുന്ന കത്തോലിക്കരും കോഴിക്കോട്ടു മുൻസിപ്പാലിറ്റി തന്നെയും അവിടെ ഒരു പുതിയ കോളജ് ആരംഭിക്കണമെന്ന് ദക്ഷിണ പ്രവിശ്യാധികാരികളോട് ആവശ്യപ്പെടുകയും ഇതിനാവശ്യമുള്ള സ്ഥലം പട്ടണമധ്യത്തിൽത്തന്നെ മുൻസിപ്പാലിറ്റിയിൽനിന്ന് എടുത്തുതരാമെന്ന് അവർ വാഗ്ദാനം ചെയ്യുകയും ചെയ്തു. മലബാർകളക്ടർ, മുൻസിപ്പൽ കമ്മീഷണർ എന്നിവരും കോളജ് സ്ഥാപിക്കാൻ നിർബന്ധിച്ചിരുന്നു. തലശ്ശേരി മെത്രാനച്ചനും കോഴിക്കോട്ടു മെത്രാനച്ചനും ചങ്ങാനാശ്ശേരി മെത്രാപ്പോലീത്താച്ചനും കോളജ് സ്ഥാപനത്തിനുള്ള ശ്രമത്തെ ശക്തിയായി അനുകൂലിക്കുകയും വേണ്ട പ്രോത്സാഹനങ്ങൾ നല്കുകയും ചെയ്തിരുന്നു.

അതിനാൽ, കോളജ് സ്ഥാപനത്തിനായി പ്രൊവിൻഷ്യൽ പ്രൊക്കുറേറ്റർ ബ. ഷാബോറച്ചനെയും സ്ഥലം അന്വേഷിക്കുന്നതിനും മറ്റുമായി ബ. ഹോർമിസച്ചനെയും ചുമതലപ്പെടുത്തി. പല അന്വേഷണങ്ങൾക്കും ആലോചനകൾക്കുംശേഷം കോഴിക്കോട്ടു പട്ടണത്തിൽനിന്ന് 5 മൈൽ കിഴക്ക് മാവൂർ റോഡിന്റെ തെക്കുവശത്തായി മെഡിക്കൽ കോളജിനു സമീപം നൂറോളം ഏക്കർ വരുന്ന 'കണിയാങ്കുന്ന്' എന്നറിയപ്പെടുന്ന സ്ഥലം 1955 മേയ്മാസാവസാനത്തിൽ പുതിയവീട്ടിൽ മി. സഖറിയാസ് പോൾ എന്നയാളിൽനിന്ന് തീറു വാങ്ങിച്ചു. കുടികൾ ഇറക്കുന്നതിനും മറ്റു പ്രതിബന്ധങ്ങൾ നീക്കുന്നതിനും അംശം മേനോൻ അമ്പാട്ടു രാമൻനായരും കളക്ടർ ആർ.സി. ജോസഫും കോളജ് അധികാരികൾക്ക് വലിയ സഹായം ചെയ്തിട്ടുണ്ട്.

ദേവഗിരി എന്നു പറയപ്പെടുന്നതും മുഴുവൻ കാടായിക്കിടന്നതുമായ ആ കുന്നു മുഴുവൻ മൂന്നു മാസത്തെ അത്യധ്വാനത്തിനു ശേഷം നിരപ്പാക്കിയെടുത്തു. ഇതിനിടയിൽ മദ്രാസ് ലൊയോള കോളജ് പ്രിൻസിപ്പാൾ ഫാദർ മർഫി എസ്.ജെ.യുടെ സഹായത്തോടുകൂടെ മദ്രാസ് സർവകലാശാലയുടെ അധികൃതരെ സമീപിച്ച് കോളജു സ്ഥാപനത്തിന് വാക്കാലുള്ള അനുവാദം വാങ്ങിച്ചിരുന്നു. 1955 സെപ്റ്റംബർ 6-ന് അഫിലിയേഷനുള്ള അപേക്ഷ സർവ്വകലാശാലയ്ക്ക് അയച്ചു. പ്രസ്തുത മാസം 16-നു കൂടിയ സിൻഡിക്കേറ്റ് അപേക്ഷ അനുവദിച്ചു

www.malankaralibrary.com

കൊണ്ട് കെട്ടിടങ്ങളുടെ പ്ലാൻ സമർപ്പിക്കാൻ ആവശ്യപ്പെട്ടു. തദനുസരണം തയ്യാറാക്കപ്പെട്ട പ്ലാൻ ഡിസംബറിൽ സമ്മേളിച്ച സിൻഡിക്കേറ്റുയോഗം അംഗീകരിച്ചു. ഉടൻതന്നെ കെട്ടിടം പണിക്കുള്ള പരിശ്രമം തുടങ്ങി.

അങ്ങനെ, 1956 ജനുവരി 3-ൽ അനാഡംബരമായും രഹസ്യത്തിലും അടിസ്ഥാനമിട്ട കോളജ് കെട്ടിടത്തിന്റെ പണി 1956 ജൂലൈ 2-ന് പൂർത്തിയായി. കോഴിക്കോട്ടു രൂപതയുടെ മെത്രാൻ ഡോ. ആൾദൂസ് പത്രോനി, ബ. പ്രിയോർ ജനറാൾ, ദക്ഷിണ പ്രവിശ്യയുടെ പ്രൊവിൻഷ്യൽ, പ്രശസ്തരായ മറ്റനവധി അതിഥികൾ ഇവരുടെ സാന്നിധ്യത്തിൽ തലശ്ശേരി മെത്രാൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി കോളജ് കെട്ടിടം ആശീർവദിക്കുകയും അന്നുതന്നെ അധ്യയനം ആരംഭിക്കുകയും ചെയ്തു. ഒന്നാം ഗ്രേഡ് കോളജായാണ് കലാലയം പ്രവർത്തനമാരംഭിച്ചത്. 1956-ൽ പ്രീയൂണിവേഴ്സിറ്റി ക്ലാസ്സും ബി.ഏ. ഒന്നാം കൊല്ലവും തുടങ്ങി. പുതിയ കോളജിന്റെ പ്രിൻസിപ്പാളായി റവ. ഫാ. തെയോഡോഷ്യസ് സി.എം.ഐ., എം.എ. നിയുക്തനായി. 1963 നവംബർ 10 -ന് ദിവംഗതനാകുന്നതുവരെ അദ്ദേഹം ആജോലി സ്തുത്യർഹമായി നിർവഹിച്ചു. 1956 സെപ്റ്റംബർ 25-ന് കോളജിന്റെ ഔപചാരികമായ ഉദ്ഘാടനം മദ്രാസ് ഗവർണർ ശ്രീ. പ്രകാശ്, പ്രശസ്തരായ അനേകം അതിഥികളുടെ സാന്നിധ്യത്തിൽ നിർവഹിച്ചു. 1959 വരെ മദ്രാസ് സർവകലാശാലയുടെ കീഴിലായിരുന്നു ഈ കോളജ്.

1957-ൽ പ്രധാന വിഷയങ്ങളിലെല്ലാം ഡിഗ്രികോഴ്സും 1959-ൽ മാത്തമാറ്റിക്സിലും ഇംഗ്ലീഷിലും പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സും ആരംഭിച്ചു. വിദ്യാർഥികളുടെ സംഖ്യ വർധിച്ചുവന്നതോടെ, അവരുടെ സൗകര്യം ലാക്കാക്കി ഇതിനകം നാലഞ്ചു വലിയ ഹോസ്റ്റലുകൾ പണികഴിപ്പിച്ചിട്ടുണ്ട്. കോളജിലെ 1000-ൽപരം വിദ്യാർഥികളിൽ 600-ൽ പരം പേർ ഇവയിൽ താമസിച്ചു പഠനം നടത്തിവരുന്നു. ഇതിനുപുറമേ, കോളജ് സ്റ്റാഫിനും താഴ്ന്ന ശമ്പളക്കാർക്കും ദിവസേന വന്നു പഠിക്കുന്നവർക്കുമായി വേറെ ചില കെട്ടിടങ്ങളും, കാന്റീനും കളിസ്ഥലങ്ങളും ഒരു സ്പോർട്ട്സ് പവിലിയനും അച്ചന്മാരുടെ വാസത്തിനായി ഒരു താത്കാലിക ഭവനവും പണിതീർത്തിട്ടുണ്ട്. ഇവയിൽ ചിലതിന് സെൻട്രൽ ഗവർമ്മെന്റിൽനിന്ന് ചില ധനസഹായവും ലഭിച്ചിട്ടുണ്ട്.

മലബാർ കുടിയേറ്റക്കാരുടെ മറ്റൊരു പ്രധാനാവശ്യം ഒരു മിഡിൽ സ്കൂളും ഒരു ഹൈസ്കൂളും ആയിരുന്നു. അതിനാകട്ടെ, കോളജിന്റെ

www.malankaralibrary.com

ആരംഭത്തോടുകൂടെത്തന്നെ 1956-ൽ സാവിയോ സെക്കണ്ടറി സ്കൂൾ പ്രവർത്തനമാരംഭിച്ചു. 1957-ൽ ഹൈസ്കൂൾ വിഭാഗവും 1958-ൽ പ്രൈമറി വിഭാഗവും ആരംഭിക്കാൻ അനുമതി ലഭിച്ചു. ഇതിന്റെ പണി വകയ്ക്കായി 10,000 രൂപാ മദ്രാസ് ഗവണ്മെന്റു ധനസഹായം നല്കിയിട്ടുണ്ട്. അങ്ങനെ ഉദ്ദേശം 200 കുട്ടികളോടുകൂടെ ആരംഭിച്ച ആ പ്രസ്ഥാനത്തിൽ ഇന്ന് 1500-ൽ പരം വിദ്യാർഥികൾ അദ്ധ്യയനം നടത്തിവരുന്നു.

ഇവിടത്തെ സകല സ്ഥാപനങ്ങളുടെയും സംരക്ഷകനും മധ്യസ്ഥനുമായ മാർ യൗസേപ്പിതാവിന്റെ പ്രത്യേക സഹായം മൂലമാണ് ഈ വിജനപ്രദേശം ഇത്രയും ചുരുങ്ങിയ കാലത്തിനിടയിൽ ഇത്രമേൽ അഭിവൃദ്ധിപ്പെടാൻ ഇടയായതെന്നു പറയേണ്ടിയിരിക്കുന്നു.

### C. മേരിക്കുന്ന്, റീജിയന്റെ കേന്ദ്രഭവനം

1966-ൽ ബ. ജയിംസച്ചൻ സുപ്പീരിയറായി ജോലിയേറ്റു വന്നതോടെ അമലാപുരിയിൽ ഒരാശ്രമത്തിനു വേണ്ട സൗകര്യങ്ങൾ ഇല്ലെന്നു കണ്ട് മേരിക്കുന്നിൽ കുറെ സ്ഥലം വാങ്ങി. സെന്തോമസ് മൗണ്ട് എന്നപേരിൽ അവിടെ റീജിയന്റെ കേന്ദ്രഭവനത്തിനായി ഒരു കെട്ടിടവും പ്രസ്സ് നടത്തുന്നതിനായി മറ്റൊരു കെട്ടിടവും പണികഴിപ്പിച്ചു. അങ്ങനെയാണ് സെന്തോമസ് സി.എം.ഐ. ഭവൻ രൂപമെടുത്തത്. ഇപ്പോൾ ഈ ഭവനത്തോടു ചേർന്ന് ഒരു യോഗാർഥിഭവനവും നടത്തിപ്പോരുന്നു.

### D. സെന്റ് ജോസഫസ് ആശ്രമം, ദേവഗിരി

ദേവഗിരി കോളജിന്റെ ആരംഭകാലത്ത് അവിടെ ജോലി ചെയ്തിരുന്ന നമ്മുടെ ബ. അച്ചന്മാർക്ക് താമസത്തിന് അവിടെ സൗകര്യമില്ലാതിരുന്നതുകൊണ്ട്, രണ്ടുവർഷത്തോളം 'അമലാപുരി' ഭവനത്തിലാണ് അവർ താമസിച്ചിരുന്നത്. എന്നാൽ 1958-ൽ ദേവഗിരിയിൽ ഒരു താത്കാലിക ഭവനം പണിതീർത്തതിനാൽ, അവരുടെ താമസം അവിടേക്കു മാറ്റി. ഇവിടത്തെ ആദ്യത്തെ സുപ്പീരിയർ ബ. ഷാബോറച്ചനായിരുന്നു. 1959-ൽ അദ്ദേഹം പ്രൊവിൻഷ്യൽ കൗൺസിലറായി കോട്ടയത്തേക്ക് പോയി. അദ്ദേഹത്തിന്റെ പിൻഗാമിയായി നിയമിതനായ ബ. റിച്ചാർഡച്ചൻ തന്റെ ആറു കൊല്ലത്തെ ഭരണത്തിനിടയിൽ കോളജിന്റെയും ആശ്രമത്തിന്റെയും വളർച്ചയ്ക്കും വികസനത്തിനുമായി തന്റെ കഴിവുകൾ പരമാവധി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. നവമായി പണിതീർത്തിരുന്ന ആശ്രമക്കെട്ടിടത്തിലേക്ക് 1965 ജൂൺ 22-ന് അച്ചന്മാർ

www.malankaralibrary.com

മാറിത്താമസിച്ചു. ജൂണാരംഭത്തിൽ, സ്ഥലം മാറിപ്പോയ ബ. റിച്ചാർഡ ച്ചന്റെ സ്ഥാനത്ത് ബ. കൊളംബസച്ചൻ നിയമിതനായി. 1965 ഡിസം ബർ 8-ാംനു ഈ ഭവനത്തെ സെന്റ് ജോസഫ്സ് മോണസ്റ്ററി എന്ന നാമത്തിൽ ഒരു കാനോനികാശ്രമമായി ഉയർത്തി. സുപ്പീരിയറായി രുന്ന ബ. കൊളംബസച്ചനെത്തന്നെ ഈ പുതിയ കൊവേന്തയുടെ പ്രഥമ പ്രിയോരായും നിയമിച്ചു.

### E. ലൂർദ് കാർമൽ ഹൗസ്, കൂടത്തായി

ഒരു ഇടവകപ്പള്ളിയായാണ് കൂടത്തായി സ്ഥാപനത്തിന്റെ ഉദ്ഭ വം. തകടിയേൻ നമ്മുടെ ബ. റെയ്മണ്ടച്ചൻ വികാരിയായിരിക്കയിൽ ഇവിടെയുണ്ടായിരുന്ന ഒരു സ്കൂളിനോടുചേർന്ന് താമസത്തിനായി ഒരു ചെറിയ കെട്ടിടം നിർമിച്ചു. അടുത്ത വികാരി കണിയാംകുന്നേൽ ബ. അന്തോനിനൂസച്ചൻ ഇടവകപ്പള്ളി വേനപ്പാറയ്ക്കു മാറ്റുകയും കൂട ത്തായി ഇടവകക്കാരെക്കൂടി ആ ഇടവകക്കാരാക്കുകയും ചെയ്തു. അദ്ദേഹം അവിടെ ഒരു അനാഥശാലയും വിഷവൈദ്യശാലയും നട ത്തുന്നുണ്ട്. കൂടത്തായിയിൽ ഉണ്ടായിരുന്ന സ്കൂളും അതോടുചേർന്ന 12½ ഏക്കർ സ്ഥലവും ഒരു ഉടമ്പടിപ്രകാരം ദക്ഷിണ പ്രവിശ്യയുടേ തായിത്തീർന്നു. 1962-ഫെബ്രുവരി 11-ന് പ്രവിശ്യവക ഒരു ഭവനം ഇവിടെ സ്ഥാപിതമായി.

1966-ൽ ഇവിടെ ഒരു ഹൈസ്കൂൾ ആരംഭിച്ചു. പ്രസ്തുത ഹൈ സ്കൂളിനു വേണ്ടി റീജിയനിൽ നിന്ന് ഇവിടെ രണ്ടു പുതിയ കെട്ടിട ങ്ങളും ആശ്രമത്തിന്റെ ആവശ്യത്തിനു വേണ്ട മറ്റു ചില കെട്ടിടങ്ങളും പണികഴിപ്പിച്ചു. സ്കൂൾ പ്രശസ്തമായ രീതിയിൽ നടന്നുപോരുന്നു. പുല്ലാട്ട് നമ്മുടെ ബ. മെല്ലൊ അച്ചനാണ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ.

1968 മാർച്ച് 19-ന് ഇവിടത്തെ സ്ഥാപനവും ഒരു കാനോനികാശ്ര മമായി പ്രഖ്യാപിക്കപ്പെട്ടു. ഇതിന്റെ പ്രഥമ പ്രിയോർ ദീർഘകാലമായി ഇവിടെ മിഷൻ ജോലി നിർവഹിച്ചുകൊണ്ടുവരുന്ന ബ. അന്തോനീനൂ സച്ചനാണ്.

### F. മറ്റു മിഷൻ സ്ഥാപനങ്ങൾ

ഈ രണ്ടു കാനോനികാശ്രമങ്ങൾക്കും പുറമേ, ഈ റീജിയനിൽ 'പുഷ്പഗിരി' എന്നപേരിൽ തളിപ്പറമ്പിലും 'കാർമൽഹിൽ' എന്ന പേരിൽ തലപ്പുഴയും കണ്ണൂർ പട്ടണത്തിൽ താലപ്പ് എന്ന സ്ഥലത്തും നീലഗിരി ഡിസ്ട്രിക്ടിൽ ബക്കി, ഗൂഡല്ലൂർ എന്നീ സ്ഥലങ്ങളിലും

www.malankaralibrary.com

ഓരോ സ്ഥാപനം റീജിയൻ വകയായി ആരംഭിച്ചിട്ടുണ്ട്. ഓരോ സ്ഥലത്തും അച്ചന്മാർ പാർത്തുകൊണ്ട് തലശ്ശേരി രൂപതയുടെ നാനാ ഭാഗങ്ങളിലുമായി മിഷൻപ്രവർത്തനങ്ങൾ നടത്തിപ്പോരുന്നു.

## B. തിരുവനന്തപുരം റീജിയൻ

### A. ക്രൈസ്റ്റ് ഹാൾ, തിരുവനന്തപുരം

നമ്മുടെ സഭയുടെ 1942-ലെ പൊതുസംഘം തിരുവനന്തപുരത്ത് സഭവക ഒരു സ്ഥാപനം ഉണ്ടാക്കണമെന്ന് തീരുമാനിച്ചു. അതനുസരിച്ച് അന്ന് മാന്നാനം പ്രിയോരായിരുന്ന കോടങ്കണ്ടത്ത് ബ. ഏലിയാസച്ചനും പാലാക്കുന്നേൻ ബ. അംബ്രോസീസച്ചനും അതിനായി ശ്രമിച്ചെങ്കിലും കാര്യമായ പുരോഗതിയൊന്നും ഉണ്ടായില്ല. അങ്ങനെയിരിക്കേ, 1946-ൽ കാഞ്ഞിരപ്പള്ളി പള്ളിവാതുക്കൽ ശ്രീ. ഇട്ടിയവിരായുടെ വക 9 ഏക്കർ സ്ഥലവും നല്ലൊരു ഭവനവും വില്ക്കാനുണ്ടെന്ന് പുളിങ്കുന്നിൽ പുത്തൻപുരയിൽ മി. കുഞ്ചെറിയവഴി അന്ന് പുളിങ്കുന്നു പ്രിയോരായിരുന്ന ബ. അന്ത്രയോസച്ചനറിഞ്ഞു. നമ്മുടെ സ്ഥാപനത്തിനുവേണ്ടി പ്രസ്തുത സ്ഥലംതന്നെ വാങ്ങണമെന്ന മി. കുഞ്ചെറിയയുടെ നിർബന്ധവും ബ. അന്ത്രയോസച്ചന്റെ പ്രേരണയും മൂലം മാന്നാനത്തെ ആശ്രമസംഘം അതിനു സമ്മതിച്ചു. പ്രസ്തുത സ്ഥലം വാങ്ങുന്നതിന് ദഫ്നിത്തോരിയുടെ അനുവാദവും യഥാകാലം ലഭിക്കുകയാൽ 1946 ഒക്ടോബർ 28-ന് അതു തീറുവാങ്ങി, പിറ്റേദിവസം അവിടെ സ്ഥിരവാസം ആരംഭിച്ചു. കല്ലുകളം ബ. ബെർണദീനച്ചനായിരുന്നു അവിടെ ആദ്യമായി വസിച്ചത്. 'ക്രൈസ്റ്റ് ഹാൾ' എന്ന് അറിയപ്പെടുന്ന ഈ സ്ഥാപനമാണ് ഇപ്പോൾ തിരുവനന്തപുരം റീജിയന്റെ കേന്ദ്രഭവനമായിരിക്കുന്നത്.

### B. വിഴിഞ്ഞം, വിശുദ്ധ പത്രോസിന്റെ കർമലഭവനം

1966-ൽ സ്ഥാപിതമായ ഇവിടെ ഏഴര ഏക്കറോളം തെങ്ങിൻ തോപ്പും സൗകര്യപ്രദമായ ഒരു ചെറുഭവനവും റീജിയന്റെ വകയായി ഉണ്ട്. കരിമറ്റം ബ. സിൽവേറിയൂസച്ചനാണ് ഇവിടത്തെ കാര്യങ്ങൾ നിർവഹിച്ചുപോരുന്നത്.

### C. കളിയൽ, സെന്റ് പോൾസ്

ഈ സ്ഥാപനം 28-10-66-നു സമാരംഭിച്ചു. ഇവിടെ നിരപ്പേൽ ബ. ബെനെഡിക്റ്റച്ചൻ മിഷൻ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

www.malankaralibrary.com

### A. ഉച്ചക്കട മിഷൻ

ഇദ്ദേശവാസികളുടെ ആഗ്രഹമനുസരിച്ചാണ് 1967 ഫെബ്രുവരി 27-ന് ഇവിടെ ഒരു സ്റ്റേഷൻ ആരംഭിച്ചത്. അധികം താമസിയാതെ 50 കുടുംബങ്ങൾ ജ്ഞാനസ്നാനം സ്വീകരിച്ചു. ചെമ്പുന്തറ ബ. ആന്റണിയച്ചനാണ് ഇവിടെ പ്രേഷിതപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്.

### പൊതുവിവരം

ഈ ദക്ഷിണ പ്രവിശ്യയിൽ സഭയുടെ മാതൃഭവനമുൾപ്പെടെ 11 ആശ്രമങ്ങളും, 14 ഉപഭവനങ്ങളും 2 ആർട്ട്സ് കോളജുകളും ഒരു ട്രെയിനിംഗ് കോളജും ഒരു പോളിടെക്നിക്കും 7 ഹൈസ്കൂളുകളും 5 ലോവർ സ്കൂളുകളും 2 ആസ്പത്രികളും ഒരു വൃദ്ധമന്ദിരവും 2 അച്ചടിശാലകളും ഒരു ദിനപത്രവും 3 മാസികകളും രണ്ട് വിഷവൈദ്യശാലകളും രൂപംകൊണ്ടുവരുന്ന 2 വൈസ് പ്രോവിൻസുകളും ഉണ്ട്.

### കാനോനികാശ്രമങ്ങൾ

### 1. മാന്നാനം, വിശുദ്ധ യൗസേപ്പിന്റെ ആശ്രമം

അമലോദ്ഭവ കർമലസഭയുടെ മാതൃഭവനമായ മാന്നാനം ആശ്രമത്തിന്റെ സ്ഥാപനത്തെയും പ്രാരംഭനടപടികളെയുംപറ്റി ഈ ചരിത്രത്തിന്റെ ആരംഭത്തിൽ പലതും പ്രസ്താവിച്ചിട്ടുള്ളതിനാൽ, അവ ഇവിടെ ആവർത്തിക്കുന്നില്ല.

നവമായി സമാരംഭിച്ച ഈ സഭയുടെ വിവിധ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിന് ബുദ്ധിമുട്ടായപ്പോഴെല്ലാം അച്ചന്മാർ നാനാസ്ഥലങ്ങളിലും പണപ്പിരിവിനായി പോവുകയും ആവശ്യമുള്ള പണം നിഷ്പ്രയാസം നമ്മുടെ ജനങ്ങളിൽ നിന്നു ലഭിക്കുകയും ചെയ്തിരുന്നു.

### വിവിധ വിവരങ്ങൾ

ആദ്യകാലത്ത് ബ. കാഞ്ഞിരപ്പള്ളിലച്ചന്റെ അപേക്ഷപ്രകാരം, വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാളിൽ സാധുക്കൾക്ക് ഭക്ഷണം കൊടുക്കാൻവേണ്ടി 100 ചക്രംവീതം ചിലർ നല്കുകയും അങ്ങനെ 2400 ചക്രം ഇതിനായി പിരിയുകയുമുണ്ടായി. ദാനക്കാരുടെ ആഗ്രഹാനുസരണം ഇന്നും മാർച്ച് 19-ാം തീയതി രണ്ടായിരത്തിൽപരം സാധുക്കൾക്ക് ഇവിടെ അന്നദാനം നല്കിവരുന്നു.

പെസഹാദിവസം വൈദികൻ കാൽ കഴുകുന്ന 12 പേർക്ക് 1838-ാം കാലം മുതൽ പെരുമാലിൽ തരകൻ ഓരോ മുണ്ടും വൈദികന് ഒരു

www.malankaralibrary.com

കച്ചയും കൊടുത്തുതുടങ്ങി. അദ്ദേഹത്തിന്റെ അനന്തരവർ അത് ഇന്നും തുടർന്നുപോരുന്നു.

1943-ൽ തയ്യിൽ കൊച്ചുപോത്തൻ എന്നയാൾ നടയിൽ തൂക്കാനായി ഒരു പതിനൊന്ന്തിരിവിളക്കും ആലപ്പുഴ വൈക്കത്തുകാരൻ തൊമ്മൻ എന്നയാൾ 14 തംബ്ലേറുള്ള ഒരു ചട്ടവിളക്കും പള്ളിക്ക് കാഴ്ച നല്കി.

ബ. ചാവറയച്ചന്റെയും ബ. കാഞ്ഞിരപ്പള്ളിലച്ചന്റെയും പരിശ്രമത്താൽ മുട്ടുചിറ മുരിക്കൻ ചാക്കോ, കൊല്ലംപറമ്പൻ മുതലായവരിൽ നിന്ന് 1000 ചക്രവും, കടുത്തുരുത്തി നിലപ്പന കൂടക്കാട്ട് കുര്യനിൽനിന്ന് ഒരു തുകയും ദാനമായി ലഭിച്ചു. അതുകൊണ്ട്, 1843-ൽ, ഓടിടാതെ കിടന്നിരുന്ന, മദ്ബഹായുടെ പണിതീർത്തു.

1846 ജനുവരിയിൽ പോരൂക്കര തോമ്മാച്ചൻ മരണംപ്രാപിച്ച് ഈ ആശ്രമദേവാലയത്തിൽ സംസ്കരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ മരണശേഷം ചാവറയച്ചന്റെ പൂർണനിയന്ത്രണത്തിൽ സന്ന്യാസജീവിതം പുരോഗമിച്ചു.

1855 ഡിസംബർ 8-ന് ക്രമപ്രകാരം വ്രതമനുഷ്ഠിച്ചവരിൽ ഒരാളായ വല്യാറ യാക്കോബച്ചൻ പ്രസ്തുത മാസം 23-ാം തീയതി കർത്താവിൽ നിദ്രപ്രാപിക്കുകയാൽ, ദേവാലയത്തിന്റെ പിൻഭാഗത്ത് ഒരു താത്കാലിക സെമിത്തേരിയുണ്ടാക്കി അതിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു.

വാഴക്കുളം, എൽതുരുത്ത് ആശ്രമങ്ങളുടെ ആരംഭകാലത്ത് പണിക്കായും മറ്റും ഓരോ തുകയും, മറ്റു ജംഗമ വസ്തുക്കളും, പള്ളിസാമാനങ്ങളും ഇവിടെനിന്നു നല്കിയിട്ടുണ്ട്.

**പോരൂക്കര കുറിയാക്കോസച്ചന്റെ പ്രവർത്തനങ്ങൾ**

വന്ദ്യനായ ചാവറയച്ചൻ പൊതുപ്രിയോരായി ഇവിടെ താമസിച്ചിരുന്നപ്പോൾ പോരൂക്കര കുറിയാക്കോസ് ഏലീശാച്ചനാണ് സബ് പ്രിയോരായി ഇവിടത്തെ കാര്യങ്ങൾ നടത്തിയിരുന്നത്. എന്നാൽ, 1864-ൽ അദ്ദേഹം കൂനമ്മാവുങ്കലേക്ക് താമസം മാറ്റിയതോടെ പോരൂക്കര അച്ചൻ ഇവിടുത്തെ വികാരി സ്ഥാനത്തു നിയമിതനായി. ഇദ്ദേഹമാണ് ഇവിടെ ഭക്ഷണശാല, കുശിനി, എട്ടുപട്ടത്തിൽ ഒരു പ്രസംഗപീഠം എന്നിവയെല്ലാം പണികഴിപ്പിച്ചതും ആവൃതിനിയമ സംരക്ഷണത്തിനായി ആശ്രമംവക സ്ഥലത്തിനുചുറ്റും മതിൽകെട്ടിച്ചതും

www.malankaralibrary.com

അങ്ങനെ തന്നെ 1866 മുതൽ പരിശുദ്ധ കുർബാനയുടെ തിരുനാളിന്റെ എട്ടുദിവസവും പരിശുദ്ധ കുർബാന പരസ്യമായി സ്ഥാപിച്ചുവച്ചു കൊണ്ട് ലെലിയാ നമസ്ക്കാരം ജപിക്കുന്ന രീതി നടപ്പിലാക്കിയതും.

**പ്രിയോരച്ചന്റെ വള്ളം**

പ്രസ്തുത നാമത്തിൽ ഇന്നും പറയപ്പെട്ടു വരുന്ന തമ്പകവള്ളം ചാവറയച്ചൻ നെയ്യശ്ശേരി മലയിൽനിന്നു വെട്ടിച്ചതും ചമ്പക്കുളത്തു കോയിക്കര വർക്കി എന്നയാൾ ശരിപ്പെടുത്തിതന്നതുമായ ഒന്നാണ്. ചാവറയച്ചൻ കൂനമ്മാവുങ്കൽ വസിച്ചിരുന്ന കാലത്ത് അവിടത്തെ ഉപയോഗത്തിനായി കൊടുത്തിരുന്ന ഈ വള്ളം ഇന്നും മാന്നാനത്തു സൂക്ഷിക്കപ്പെടുന്നു.

**ഇളയ രാജാവിന്റെ സമ്മാനം**

1874 മാർച്ചു മാസത്തിൽ തിരുവിതാംകൂർ ഇളയരാജാവ് വിശാഖം തിരുനാൾ കോട്ടയത്തു വന്നപ്പോൾ തന്റെ സന്ദർശന പരിപാടിയിൽ മാന്നാനംകൂടെ ഉൾപ്പെടുത്തണം എന്ന് ഇവിടെ നിന്ന് അഭ്യർത്ഥിച്ചതിൻ സന്തുഷ്ടി പ്രകടിപ്പിച്ചുകൊണ്ട് നല്ലൊരു മറുപടിയും അതോടൊന്നിച്ച് പരിശുദ്ധ കന്യകയുടെ ഒരു എണ്ണച്ചായാപടവും അയച്ചുതരുകയുണ്ടായി. മനോഹരമായ ആ പടം ഇന്നും ഇവിടെ പൂജ്യമായി സൂക്ഷിക്കപ്പെടുന്നു.

**പുതിയ സെമിനാരിക്കെട്ടിടം**

സെമിനാരിക്കായി ചാവറ ബ. യൗസേപ്പച്ചന്റെ മേല്നോട്ടത്തിൽ 80 കോൽ നീളവും 10 കോൽ വീതിയും 14 കോൽ പൊക്കവുമായി ഒരു മൂന്നുനിലക്കെട്ടിടം 1875-ൽ ഇവിടെ പണിതീർത്തു. ഇന്ന് ഹൈസ്കൂളിനായി ഉപയോഗിച്ചു വരുന്ന ബ്രഹ്മാണ്ഡമായ ഈ കെട്ടിടത്തിന്റെ പണിക്ക് 11,100 ക. മാത്രമാണ് അന്നു ചെലവായത്.

ഈ ആശ്രമത്തിന് കല്ലിട്ടതിന്റെ കനകജൂബിലി 1881 മേയ് 7-ന് ഇവിടെ ആഘോഷിച്ചു.

**അലിയാർദി ഡെലെഗേറ്റിന് സ്വീകരണം**

1885 നവംബർ മാസത്തിൽ തെക്കും വടക്കുമുള്ള 64 സുറിയാനി പള്ളിക്കാർ ഏകോപിച്ച് നവമായി നിയമിക്കപ്പെട്ടുവന്ന ഡെലെഗേറ്റ് അപ്പസ്തോലിക്ക് അലിയാർദി മെത്രാപ്പോലിത്തായ്ക്ക് അത്യാഡംബരപൂർവമായ ഒരു സ്വീകരണം മാന്നാനത്തുവച്ച് നല്കുകയുണ്ടായി.

www.malankaralibrary.com

അന്നു മാന്നാനം കൊവേന്തയുടെ പ്രിയോരായിരുന്ന കട്ടക്കയത്തിൽ വലിയ ചാണ്ടിയച്ചനും. പ്രസിദ്ധനായ നിധിയിരിക്കൽ മാണിയച്ചനും, എഴുപുന്ന പാറായിൽ വർക്കിത്തരകനും ഉർമീസ്തരകനും ദേഹം കൊണ്ടും പണംകൊണ്ടും ഈ സ്വീകരണം മോടിപിടിപ്പിക്കുന്നതിന് അത്യധ്വാനം ചെയ്തിട്ടുണ്ട്. ഇദ്ദേഹത്തിനു നല്കപ്പെട്ട ഈ സ്വീകരണവും തുടർന്നുള്ള അദ്ദേഹത്തിന്റെ ഇവിടത്തെ താമസവും സുറിയാനിക്കാരെപ്പറ്റിയുള്ള പല തെറ്റിദ്ധാരണകളും നീങ്ങുന്നതിനും, യഥാർഥാവസ്ഥ റോമിൽ ഗ്രഹിപ്പിക്കുന്നതിനും അവിടെനിന്നും പല ആനുകൂല്യങ്ങളും ലഭിക്കുന്നതിനും നമ്മുടെ സന്ന്യാസസഭയുടെ നിയമാവലിയിൽ ചില ഭേദഗതികൾ വരുത്തുന്നതിനും കാരണമായിട്ടുണ്ട്.

**പുതിയ വികാരിയാത്ത് സംബന്ധിച്ച കാര്യങ്ങൾ, മാന്നാനം വഴി**

1887 മെയ് 20-ന് സുറിയാനിക്കാർക്കായി സ്ഥാപിതമായ കോട്ടയം വികാരിയാത്തിനെ സംബന്ധിച്ച ശ്ലൈഹിക തിരുവെഴുത്തുകൾ ഈ കൊവേന്തയുടെ പ്രിയോറുടെ പേർക്കാണ് ഡെലെഗേറ്റ് അപ്പസ്തോലിക്ക് ഊട്ടക്കമണ്ടിൽനിന്ന് അയച്ചുകൊടുത്തത്. കോട്ടയം വികാരി അപ്പസ്തോലിക്ക ആയി നിയമിതനായ ചാൾസ് ലവീഞ്ഞുമെത്രാനെ ആദ്യമായി ആഘോഷപൂർവം സ്വീകരിച്ചതും ഇവിടെയാണ്. ഇദ്ദേഹം 1888 മെയ് 2-ന് വികാരിയാത്ത് ഭരണം ഏറ്റെടുത്തതും ഭരണം നടത്തിത്തുടങ്ങിയതും ഇവിടെ താമസിച്ചുകൊണ്ടാണ്.

**ആശ്രമ ദൈവാലയാഭിഷേകം**

1892 ഏപ്രിൽ മാസത്തിൽ ഇവിടത്തെ ആശ്രമദൈവാലയം അഭിഷേകം ചെയ്യപ്പെട്ടു. കോട്ടയം വികാരി അപ്പസ്തോലിക്ക ലവീഞ്ഞു മെത്രാനും, കൊല്ലത്തെ ഫെർഡിനാൻഡ് ഓസി മെത്രാനുംകൂടിയാണ് അഭിഷേഷകകർമം നടത്തിയത്.

1902-ൽ പള്ളിയുടെ കിഴക്കുവശത്ത് സ്കൂൾകെട്ടിടംവരെ തെക്കുവടക്കായി ഒരു മൂന്നുനിലക്കെട്ടിടം കുരിശുങ്കൽ ബ. ബെർണദീനോസച്ചന്റെ മേല്നോട്ടത്തിൽ പണിതീർത്തു.

**വലിയ ചാണ്ടിയച്ചന്റെ ഗുരുപട്ട ജൂബിലി**

1903 മെയ് മാസാരംഭത്തിൽ പ്രിയോർ ജനറാൾ കട്ടക്കയത്തിൽ ബ. വലിയ ചാണ്ടിയച്ചന്റെ ഗുരുപട്ട കനകജൂബിലി ഇവിടെ സാഘോഷം നടത്തപ്പെട്ടു. മുമ്പുതന്നെ മിഷനറി അപ്പസ്തോലിക്ക് എന്ന സ്ഥാനം

www.malankaralibrary.com

ലഭിച്ചിരുന്ന ഇദ്ദേഹത്തിന് ഈ ശുഭാവസരത്തിൽ 'ബേനെ മെരേന്തി' എന്ന കീർത്തിമുദ്രയും പരിശുദ്ധ സിംഹാസനത്തിൽനിന്നു നല്കപ്പെട്ടു.

**കൊച്ചു ചാണ്ടിയച്ചന്റെ ശീമ യാത്ര**

1905-ൽ എറണാകുളം വികാരി അപ്പസ്തോലിക്ക ളൂയീസു മെത്രാനോടൊന്നിച്ച് കട്ടക്കയത്തിൽ ബ. കൊച്ചു ചാണ്ടിയച്ചൻ നമ്മുടെ സഭയുടെ നിയമങ്ങൾക്ക് ശാശ്വതമായ അംഗീകരണം വാങ്ങിക്കാനായി റോമിനു പോവുകയും പ്രൊപ്പഗാന്ത പ്രീഫെക്റ്റ് ഗോത്തി കർദിനാളിനെയും വിശുദ്ധ പത്താം പീയൂസ് മാർപാപ്പായെയും സന്ദർശിച്ച് അക്കാര്യം എളുപ്പത്തിൽ സാധിക്കുകയും ചെയ്തു. തദവസരത്തിൽ അദ്ദേഹം പല യൂറോപ്യൻ രാജ്യങ്ങളിലും പര്യടനം നടത്തി. ഇവിടെ പുതുതായി സമാരംഭിച്ച ഹൈസ്കൂളിന്റെ സഹായാർഥം, 4000ക. യോളം ധർമമായി പിരിച്ചെടുക്കുകയുമുണ്ടായി.

**1905-ൽ സഭയുടെ കനകജൂബിലി**

സഭയുടെ കാനോനിക സ്ഥാപനത്തിന്റെ സുവർണജൂബിലി പ്രമാണിച്ച് ഒരു പൊതുവാഘോഷം 1905 ഡിസംബർ 15-ന് ഇവിടെ നടത്തപ്പെട്ടു. പ്രസ്തുതജൂബിലിയുടെ സ്മാരകമായി ഈ കുന്നിൽ ആദ്യമായി ദിവ്യബലി അർപ്പിച്ച സ്ഥാനത്ത് കോയിക്കരി ബ. ബൊനവെന്തൂരാച്ചന്റെ നേതൃത്വത്തിൽ മനോഹരമായ ഒരു കപ്പേള പണിതീർത്തിട്ടുണ്ട്.

**കുര്യാളശ്ശേരി മെത്രാനച്ചനു സ്വീകരണം**

ഇവിടത്തെ സെന്റ് എപ്രേം സ്കൂളിലെ ഒരു പൂർവ വിദ്യാർഥിയായ കുര്യാളശ്ശേരി മാർ തോമ്മാ മെത്രാൻ കാണ്ടിയിൽനിന്നു മെത്രാഭിഷേകം സ്വീകരിച്ചശേഷം 1912 ജനുവരി 17-ന് ഇവിടെ വന്ന അദ്ദേഹത്തിന് ഹൃദ്യമായൊരു സ്വീകരണം ഇവിടെ നല്കപ്പെട്ടു. കോൺസ്റ്റന്റെയിൻ ചക്രവർത്തി മാനസാന്തരപ്പെട്ടതിന്റെ 16-ാം ശതവത്സരം പ്രമാണിച്ച് സ്കൂളിന്റെ കളിസ്ഥലത്തു പണിതീർത്തിരുന്ന കപ്പേളയുടെ ആശീർവാദം ഈ അവസരത്തിൽ അവിടന്നു നിർവഹിക്കുകയുണ്ടായി.

ആശ്രമത്തിന് സ്ഥിരമായ വരുമാനം സിദ്ധിക്കാനായി ഈ കാലഘട്ടത്തിൽ കൃഷികളിൽ കൂടുതൽ ശ്രദ്ധ പതിക്കുകയും റബ്ബർ, തെങ്ങ് തുടങ്ങിയവ പുതുതായി വച്ചുപിടിപ്പിക്കുകയും ചെയ്തു.

1918 ഏപ്രിൽ 18-ന് വട്ടക്കായലിൽ കൊവേന്തവക സ്ഥലത്ത് വിശുദ്ധ അന്തോനീസിന്റെ നാമത്തിൽ ഒരു താത്കാലിക കപ്പേള

www.malankaralibrary.com

പ്രിയോർ തയ്യിൽ ബ. ഏസ്തപ്പാനോസച്ചന്റെ പ്രത്യേക താത്പര്യത്തിൽ ആഘോഷപൂർവം സ്ഥാപിച്ചു.

1923 ജൂൺ 16-ന് തൃശൂർ സുറായി മെത്രാൻ അബിമലക്ക് ഇവിടെ വന്ന് ചില പുസ്തകങ്ങൾ കാണണമെന്നാവശ്യപ്പെട്ടു. ആശ്രമാധിപർ അതിനു വിസമ്മതിക്കുകയാൽ അദ്ദേഹം കോപിച്ച് ഉടൻതന്നെ ഇറങ്ങിപ്പോയി.

**പ്രശസ്താതിഥികളുടെ സന്ദർശനം-**

ഡെലെഗേറ്റ് അപ്പസ്തോലിക്കമാരായ മോൺ. ഫുമസോണി ബിയോണ്ടി 1918-ലും, മോൺ. പിസാനി 1920-ലും, മോൺ. മൂണി 1926-ലും, മോൺ. കീയെർക്കെൽസ് 1931-ലും, തിരുവിതാംകൂർ ദിവാന്മാരായ കൃഷ്ണൻ നായർ 1915-ലും, രാഘവയ്യാ 1921-ലും കർമലീത്താ നിഷ്പാദുക സഭയുടെ പ്രിയോർ ജനറാൾ ഫാദർ ലൂക്കാസ് 1922-ലും ഈ ആശ്രമവും സ്ഥാപനങ്ങളും സന്ദർശിച്ചിട്ടുണ്ട്.

**കുര്യാളശ്ശേരിമെത്രാനച്ചന്റെ നിര്യാണവും കാളാശ്ശേരി മെത്രാനച്ചന്റെ വാഴ്ചയും**

1925 ജൂൺ 2-ന് റോമിൽവച്ചു കാലംചെയ്ത കുര്യാളശ്ശേരി മെത്രാന്റെ ആത്മശാന്തിക്കായി ഇവിടെ ആഘോഷപൂർവമായ ശേഷക്രിയകൾ നടത്തി. അദ്ദേഹത്തിന്റെ പിൻഗാമിയായി നിയമിതനായ മോൺ. ജയിംസ് കാളാശ്ശേരി, മെത്രാഭിഷേകത്തിനു മുമ്പുള്ള ധ്യാനം 1927 ഡിസംബർ 10-ാംനു മുതൽ ഇവിടെയാണു കഴിച്ചത്. ബ. കൊച്ചുചാണ്ടിയച്ചനാണ് ധ്യാനിപ്പിച്ചത്. ധ്യാനാനന്തരം ചാവറയച്ചന്റെ ഭൗതികാവശിഷ്ടത്തിങ്കൽ ദീർഘപ്രാർഥന നടത്തിക്കൊണ്ടാണ് അദ്ദേഹം മടങ്ങിപ്പോയത്.

**മാർബിൾശിലാസ്ഥാപനം**

സഭയുടെ സ്ഥാപകന്മാരും പിതാക്കന്മാരുമായ പോരൂക്കര തോമ്മാച്ചൻ, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, പോരൂക്കര കുറിയാക്കോസ് ഏലീശാച്ചൻ, കട്ടക്കയത്തിൽ വലിയ ചാണ്ടിയച്ചൻ, തയ്യിൽ യൗസേപ്പുയോഹന്നാനച്ചൻ എന്നിവരുടെ ഭൗതികാവശിഷ്ടങ്ങൾ എടുത്തു പ്രത്യേക സ്ഥാനങ്ങളിൽ നിക്ഷേപിച്ചിട്ട്, അവയുടെ മുകളിൽ 1929 ജൂലൈ 22-ന് മാർബിൾ ശിലകൾ സ്ഥാപിച്ചു. ഇവിടെത്തന്നെ സംസ്കരിക്കപ്പെട്ടിട്ടുള്ള വല്യാറ യാക്കോബച്ചന്റെയും കളപ്പുരയ്ക്കൽ മത്തായി അച്ചന്റെയും ഭൗതികാവശിഷ്ടങ്ങൾ സംസ്കരിക്കപ്പെട്ടിരുന്ന സ്ഥലം

www.malankaralibrary.com

നിശ്ചയമില്ലാതിരുന്നതിനാൽ, അവരുടെ പേരുകൾ കൊത്തിയ ഓരോരോ മാർബിൾശിലകൾ വലിയ അൾത്താരയുടെ പുറകിലും നിക്ഷേപിച്ചു. കൂടാതെ, 1958 ജനുവരി 29-ന് കട്ടക്കയത്തിൽ കൊച്ചു ചാണ്ടിയച്ചന്റെ 25-ാം ചരമവാർഷികദിനത്തിൽ, അദ്ദേഹത്തിന്റെ ശവ കുടീരത്തിൽ അദ്ദേഹത്തിന്റെ അനുജൻ കുഞ്ഞേവുതയുടെ വകയായി ഒരു മാർബിൾ ശില, അവരുടെ ഒരു സംബന്ധിയായ പാലാ മെത്രാൻ മോൺ. സെബാസ്റ്റ്യൻ വയലിലിന്റെ പ്രധാന കാർമികത്വത്തിൽ സ്ഥാപി ക്കുകയുണ്ടായി. അങ്ങനെതന്നെ, 1960-ൽ ദിവംഗതനായ മുൻ പ്രിയോർ ജനറാൾ നേര്യംപറമ്പിൽ ളൂയിസച്ചന്റെ ശവകുടീരത്തിലും ഒരു മാർബിൾ ശില അദ്ദേഹത്തിന്റെ ജനനത്തിന്റെ ശതാബ്ദപൂർത്തിദിന മായ 1964 ജൂൺ 10-ംനു ആഘോഷമായ റാസയ്ക്കും ഒപ്പീസിനും ശേഷം അദ്ദേഹത്തിന്റെ അനന്തരവനായ വടവാതൂർ സെമിനാരി പ്രൊഫസർ നേര്യമ്പറമ്പിൽ ബ. ളൂയീസച്ചന്റെ വകയായി സ്ഥാപി ച്ചിട്ടുണ്ട്.

**ആശ്രമസ്ഥാപന ശതാബ്ദ ജൂബിലി**

1931-ൽ, കുന്നുങ്കൽ ബ. ഹയസിന്തച്ചൻ ഇവിടെ പ്രിയോരായിരി ക്കയിൽ, ഈ ആശ്രമത്തിന് കല്ലിട്ടതിന്റെ ശതാബ്ദജൂബിലി, തന്നാ ണ്ടത്തെ 40 മണിയാരാധനയോടും മാർ യൗസേപ്പിതാവിന്റെ മധ്യസ്ഥ തിരുനാളിനോടനുബന്ധിച്ച് ഇവിടെ സാഡംബരം ആഘോഷിച്ചു. തദ വസരത്തിൽ കേരളത്തിലെ എല്ലാ സുറിയാനി മെത്രാന്മാരും വിജയ പുരത്തെ കർമലീത്താ മെത്രാനും സന്നിഹിതരായിരുന്നു. ഇന്നും പള്ളി യുടെ മുൻഭാഗത്തു കാണുന്ന ക്രിസ്തുരാജ പ്രതിമയോടുകൂടിയ ഗേറ്റ് ഈ ജൂബിലിയുടെ സ്മാരകമായി അന്നു പണിതീർത്തതാണ്.

മാന്നാനം കുന്നിന്റെ മുകളിൽ വേണ്ടത്ര വെള്ളം ലഭിക്കുന്നതിന് നേരിട്ടിരുന്ന പ്രയാസം പരിഹരിക്കുന്നതിന് 1933-ൽ ഇവിടെ ആശ്ര മാധിപനായിരുന്ന കരിക്കമ്പള്ളിൽ ബ. എവുസേബിയൂസച്ചന്റെ താത്പ ര്യത്താൽ മണിമാളികയ്ക്കു സമീപം വലിയൊരു റ്റാങ്ക് കെട്ടിച്ച് കുന്നിന് താഴെയുള്ള കുളത്തിൽ നിന്നു പമ്പും എഞ്ചിനുംവച്ച് കുഴൽ വഴി റ്റാങ്കിലേക്ക് പമ്പുചെയ്യുന്നതിനും മറ്റും വേണ്ട ഏർപ്പാടുകൾ ചെയ്തു.

**പുതിയ കൊവേന്തക്കെട്ടിടം**

തത്കാലാവശ്യങ്ങൾക്ക് ഇവിടത്തെ കൊവേന്തക്കെട്ടിടങ്ങൾ പോരെന്നുകണ്ട് പ്രിയോർ മാഞ്ഞൂരാൻ ബ. എവുജീനച്ചന്റെ നിസ്തന്ദ്ര

www.malankaralibrary.com

പരിശ്രമത്താൽ പള്ളിയുടെ വടക്കുവശത്ത് കിഴക്കുപടിഞ്ഞാറായി 4 നിലയിൽ എല്ലാവിധ സജ്ജീകരണങ്ങളോടുംകൂടെ വലിയൊരു കെട്ടിടവും അതിനോടനുബന്ധിച്ച് കിഴക്കുവശത്തായി രണ്ടു നിലയിൽ ഊട്ടുമുറി, കുശിനി മുതലായവയും 1938-ൽ പണിതീർത്ത് ആശ്രമസ്ഥരുടെ വാസം അവിടേക്കു മാറ്റി.

**പൊതുസംഘങ്ങൾ**

സഭയുടെ പൊതുശ്രേഷ്ഠഭവനം എറണാകുളത്ത് സ്ഥാപിതമാകുന്നതുവരെ മുമ്മൂന്നാം കൊല്ലം മുറപ്രകാരം നടത്തിയിരുന്ന സാധാരണ പൊതുസംഘങ്ങളും മറ്റ് അസാധാരണ പൊതുസംഘങ്ങളും ഈ ആശ്രമത്തിലാണ് നടത്തപ്പെട്ടിരുന്നത്. വിശിഷ്യ, 1953 ഫെബ്രുവരിയിൽ അപ്പസ്തോലിക്ക് വിസിറ്റർ ബൊനവെന്തൂര അരാന മെത്രാന്റെ അധ്യക്ഷതയിൽ ഇവിടെ ഒരു പൊതുസംഘം സമ്മേളിച്ചു. അതിൽവച്ച് കൂനമ്മാവു പ്രിയോരായിരുന്ന വലിയപറമ്പിൽ ബ. മാവുരൂസച്ചൻ പ്രിയോർ ജനറാളായി തിരഞ്ഞെടുക്കപ്പെട്ടു. സംഘത്തിൽ സന്നിഹിതനല്ലാതിരുന്നതിനാൽ അന്നുതന്നെ അദ്ദേഹത്തെ കൂനമ്മാവിൽ നിന്നു വരുത്തി. പിറ്റേദിവസം, നാല് പൊതു ശ്രേഷ്ഠാലോചനക്കാരെയും പൊതുകാര്യദർശിയെയും തിരഞ്ഞെടുത്തു. അനന്തരം, മാർച്ച് 2-ാംനു പൊതുശ്രേഷ്ഠസംഘം ബൊനവന്തൂരാ മെത്രാന്റെ അധ്യക്ഷതയിൽ കൂടി സഭയെ മൂന്ന് പ്രവിശ്യകളായി വിഭജിച്ച് പ്രവിശ്യാ ശ്രേഷ്ഠന്മാരെയും അവരുടെ ഈരണ്ട് ആലോചനക്കാരെയും തിരഞ്ഞെടുത്തു.

1959 നവംബർ മാസത്തിൽ നടന്ന പൊതുസംഘവും ഇവിടെയാണ് സമ്മേളിച്ചത്. അതിൽവച്ച് ബ. മാവുരൂസച്ചൻ തന്നെ വീണ്ടും പ്രിയോർ ജനറാളായി തിരഞ്ഞെടുക്കപ്പെട്ടു.

**കാർഡിനൽ ടിസറങ്ങിന്റെയും മറ്റും സന്ദർശനം**

1953 നവംബർ 25-ന് പൗരസ്ത്യതിരുസംഘ സെക്രട്ടറി ടിസറങ് കർദിനാൾ ചങ്ങനാശ്ശേരി, പാലാരൂപതാധ്യക്ഷന്മാരോടുകൂടെ ഇവിടെയെത്തി. അദ്ദേഹത്തിന് ഹൃദ്യമായ ഒരു സ്വീകരണമാണ് ഇവിടെ നല്കപ്പെട്ടത്. പ്രൊവിൻഷ്യൽ ബ. ദാനിയേലച്ചൻ തദവസരത്തിൽ സ്വാഗതപ്രസംഗം പറഞ്ഞു. അതിന് കർദിനാൾ ചെയ്ത മറുപടി പ്രസംഗത്തിൽ, തനിക്കു സഭയോടുള്ള താത്പര്യവും സഭാംഗങ്ങളുടെ പ്രേഷിതജോലിയിലുള്ള ഉത്സാഹവും വ്യക്തമാക്കുകയും സന്ന്യസ്തവൈദികർ ഒറ്റയ്ക്കു താമസിച്ചുകൊണ്ട് വികാരിജോലിയും മറ്റും നോക്കു

www.malankaralibrary.com

ന്നതിനെക്കാൾ, കാനോനിക നിയമപ്രകാരം സ്ഥാപിതമായ ആശ്രമങ്ങളിൽ കൂട്ടമായി താമസിച്ചുകൊണ്ട് പ്രേഷിതജോലി നിർവഹിക്കുന്നതാണ് നല്ലതെന്ന് ഊന്നിപ്പറയുകയുമുണ്ടായി. കാർഡിനൽ 26-ാംനു ഇവിടെ ദിവ്യബലി അർപ്പിക്കുകയും പുതുക്കിപ്പണിയാനിരുന്ന ദേവാലയത്തിന്റെ അടിസ്ഥാനക്കല്ല് വെഞ്ചരിക്കുകയും ചെയ്തു.

1953 ഏപ്രിൽ മാസത്തിൽ ഇന്റർനുൻഷ്യോ മോൺ. മാർട്ടിൻ ലൂക്കാസും 1959 ഫെബ്രുവരിയിൽ ബോംബെ മെത്രാപ്പോലീത്ത ഗ്രേഷ്യസ് കാർഡിനലും ഈ ആശ്രമം സന്ദർശിച്ചു.

1959 മേയ് 6-ാംനു ഇവിടെ സന്ദർശിച്ച തലശ്ശേരി മെത്രാൻ മോൺ. വള്ളോപ്പള്ളിക്ക് ആശ്രമം, സ്കൂൾ എന്നിവയിൽനിന്ന്, അദ്ദേഹത്തിന്റെ പുതിയ രൂപതയുടെ നടത്തിപ്പിനായി 500 രൂപയോളം സംഭാവനയായി നല്കി.

കേരള സന്ദർശനാർഥം പുറപ്പെട്ട പൗരസ്ത്യതിരുസംഘാധ്യക്ഷൻ മാക്ക്സിമിലിയൻ കാർഡിനൽ, പ്രോനൂൻഷ്യോ മോൺ. ജോസഫ് കാപ്രിയോ ഒന്നിച്ച്, 1968 ഫെബ്രുവരി 23-ന് ഇവിടെ വന്നു. സെന്റ് ജോസഫ്സ് പ്രോവിൻസിന്റെ വകയായി അദ്ദേഹത്തിന് ഹൃദ്യമായ ഒരു സ്വീകരണം നല്കി. ഇരുവരും ദൈവദാസൻ ചാവറയച്ചന്റെ കബിറിടത്തിങ്കൽ പ്രത്യേക പ്രാർഥനകൾ നടത്തി. ഇരുവർക്കും ചില സമ്മാനങ്ങളും ചാവറയച്ചന്റെ ഓരോ ജീവചരിത്രവും തദവസരത്തിൽ കൊടുക്കുകയുമുണ്ടായി.

**മരിയൻ ജൂബിലി സമാപനം**

1954 ഡിസംബർ 8-ാംനു മാന്നാനം കവലയിൽ പുതുതായി പണിതീർത്ത ഫാത്തിമാ കപ്പേളയിൽവച്ച് മരിയൻ ജൂബിലി സമാപനം നടത്തി. അന്ന് അയൽപള്ളികളിലെ ബാലികാബാലന്മാരുടെ ഒരു വമ്പിച്ച റാലിയും തുടർന്ന് ചങ്ങനാശ്ശേരി അതിരൂപതാ വികാരിജനറാൾ മോൺ. ചിറ്റൂരിന്റെ അധ്യക്ഷതയിൽ ഒരു പൊതുയോഗവും ഫാദർ ഫ്ളോറിൻ സി.എം.ഐ.യുടെ ഒരു പ്രസംഗവും നടന്നു.

**സഭാസ്ഥാപന ശതാബ്ദജൂബിലി**

നമ്മുടെ സഭയുടെ കാനോനിക സ്ഥാപനത്തിന്റെ ശതാബ്ദ ജൂബിലിസംബന്ധിച്ച സമാപനച്ചടങ്ങുകൾ 1955 ഡിസംബർ 8-നും ഇവിടെവച്ചാണ് നടന്നത്. ഇതോടനുബന്ധിച്ച് ഇവിടത്തെ ദേവാലയം ഒന്ന് പുതുക്കിപ്പണിതു. മദ്ബഹായ്ക്കു മുമ്പിൽ സംസ്കരിച്ചിരുന്ന

www.malankaralibrary.com

പിതാക്കന്മാരുടെ അവശിഷ്ടങ്ങൾ എടുത്ത് പുതിയ പെട്ടികളിലാക്കി അവ കുരിശാകൃതിയിൽ വീണ്ടും ഭംഗിയായി സ്ഥാപിച്ചു. ചാവറയച്ചന്റെ കബറിടം നടുവിലാക്കി അതിനു മുകളിൽ വലുതും പുതിയതുമായ ഒരു മാർബിൾശില സ്ഥാപിച്ചു. 1955 നവംബർ 29 മുതൽ ഡിസംബർ 9 വരെ ഈ ജൂബിലി സാഘോഷം ഇവിടെ നടത്തപ്പെട്ട വിവരം മുൻ ഒന്നാം ഭാഗത്തിൽ (PP.90-92) വിവരിച്ചിട്ടുണ്ടല്ലോ.

**ദൈവദാസന്റെ നാമകരണ നടപടികൾ**

ചാവറ കുരിയാക്കോസ് ഏലിയാസച്ചന്റെ നാമകരണച്ചടങ്ങുകളുടെ ഉദ്ഘാടനം 1958 ജനുവരി 3-ന്, അദ്ദേഹത്തിന്റെ 86-ാം ചരമവാർഷിക ദിനത്തിൽ ഇവിടെ ആഘോഷപൂർവം നടത്തി. ചങ്ങനാശ്ശേരി, എറണാകുളം, കോട്ടയം, തിരുവല്ലാ, വിജയപുരം, പാലാ, കോതമംഗലം, ആലപ്പുഴ, ഊട്ടി രൂപതാധ്യക്ഷന്മാരും മറ്റനേകം പ്രശസ്താതിഥികളും തദവസരത്തിൽ സന്നിഹിതരായിരുന്നു. ദിവ്യബലിക്കുശേഷം ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ മാത്യു കാവുകാട്ട്, ദൈവദാസന്റെ അപദാനങ്ങൾ പ്രകീർത്തിച്ച് സുദീർഘമായ ഒരു പ്രസംഗം ചെയ്തു. തദനന്തരം, കോട്ടയം മെത്രാൻ കല്ദായസുറിയാനി റീത്തിലും വിജയപുരം മെത്രാൻ ലത്തീൻ റീത്തിലും തിരുവല്ലാ മെത്രാൻ മലങ്കര സുറിയാനി റീത്തിലും ഒപ്പീസുകൾ നടത്തി. തുടർന്ന് ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത സ്ഥാനവസ്ത്രങ്ങൾ അണിഞ്ഞ് പീഠത്തിൽ ആസനസ്ഥനായി കമ്മീഷൻ അംഗങ്ങളുടെ പേരുകൾ പ്രഖ്യാപിക്കുകയും അവരുടെ സത്യപ്രതിജ്ഞ സ്വീകരിക്കുകയും ചെയ്തു. അതിനുശേഷം, എറണാകുളം മെത്രാപ്പോലീത്തയുടെ അധ്യക്ഷതയിൽ സമ്മേളിച്ച യോഗത്തിൽ ബ. റൊമെയൊ തോമ്മസച്ചൻ സ്വാഗതപ്രസംഗം നടത്തി. അധ്യക്ഷൻ ദൈവദാസന്റെ സേവനങ്ങളെയും സുകൃതചര്യകളെയും നാമകരണച്ചടങ്ങുകളുടെ നടപടികളെയും പറ്റി സവിസ്തരം പ്രതിപാദിച്ചു. പ്രൊഫസർ പി.റ്റി. തോമസും, മോൺ. ചിറ്റൂരും അവസരോചിതം പ്രസംഗിച്ചു. പ്രിയോർ ജനറാളച്ചന്റെ കൃതജ്ഞതാപ്രകാശനത്തോടെ യോഗം അവസാനിപ്പിച്ചു.

ദൈവദാസന്റെ നാമകരണത്തിന് പ്രാരംഭമായുള്ള അതിരൂപതാ ട്രൈബ്യൂണലുകളുടെ ഉദ്ഘാടനം 1962 ഓഗസ്റ്റ് 15-ൽ ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത ഇവിടെ നിർവഹിച്ചു. പാലാ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ സ്മര്യപുരുഷന്റെ അപദാനങ്ങൾ പ്രകീർത്തിച്ച് പ്രസംഗിച്ചു. ഇവർക്കുപുറമേ വിജയപുരം, തലശ്ശേരി മെത്രാന്മാരും പ്രിയോർ

www.malankaralibrary.com

ജനറാൾ, പ്രവിശ്യാശ്രേഷ്ഠന്മാർ എന്നിവരും ഒട്ടുവളരെ സഭാംഗങ്ങളും മറ്റനേകം വൈദികരും ജനങ്ങളും ചടങ്ങുകളിൽ പങ്കുകൊണ്ടു.

**ജൂബിലിയാഘോഷങ്ങൾ**

1954 മേയ് 10-ാം നു പെരുമാലിൽ ബ. ളൂയിസച്ചന്റെ വ്രതവാഗ്ദാന കനക ജൂബിലിയും 1960 മേയ് 30-ന്, അമ്പതുകൊല്ലം മുമ്പ് ഇവിടെ വെച്ച് നവപൂജ അർപ്പിച്ച പയ്യപ്പള്ളി ബ. അത്തനാസിയൂസ് അച്ചന്റെ ഗുരുപട്ട കനക ജൂബിലിയും 1962 ഓഗസ്റ്റ് 15-ന് മണ്ണനാൽ ബ. റൊമേവൂസ് അച്ചന്റെയും നേര്യമ്പറമ്പിൽ ബ. വില്യമച്ചന്റെയും വ്രതവാഗ്ദാന കനകജൂബിലിയും 1966 മെയ് 9-ന് നീരാക്കൽ ബ. ഗ്രിഗോറിയോസ് അച്ചന്റെ പൊരോഹിത്യ കനകജൂബിലിയും 1968 ഏപ്രിൽ 28-ന് കോയിക്കര ബ. അൽഫോൻസ് സഹോദരന്റെ വ്രതവാഗ്ദാന കനകജൂബിലിയും ഇവിടെ സാഘോഷം കൊണ്ടാടി.

**പ്രേഷിതവൃത്തി**

സഭയുടെ ആരംഭകാലംമുതൽ ഒരു ഇടവക എന്ന വിധം ഇവിടെ നടത്തിവരുന്ന അവശ ക്രൈസ്തവരുടെ കാര്യം, ഇന്നും അവർക്കായി നിയമിതനാകുന്ന നമ്മുടെ ഒരു വൈദികൻവഴി നടത്തിപ്പോരുന്നു. 1962-ൽ കൈപ്പുഴ ഭാഗത്തുള്ളവരുടെ സൗകര്യവും നന്മയും ഉദ്ദേശിച്ച് ശാംസ്താംകോവിൽ അമ്പലത്തിനും കവലയ്ക്കും സമീപം ഒരു ചെറിയ പള്ളിയും ഈ ആശ്രമഗേറ്റിനു സമീപെ ഒരു ഇൻഡസ്ട്രിയൽ സ്ക്കൂളും അതിരൂപതാ ചെലവിൽ പണികഴിപ്പിച്ചിട്ടുണ്ട്.

സ്കൂളുകളിലെ വേദപാഠത്തിനു പുറമേ, ഞായറാഴ്ചതോറും പല ക്ലാസ്സുകളായി മതപഠനം ക്രമമായി ഇവിടെ നടത്തിവരുന്നു. കാൽ ശതാബ്ദമായി പ്രതിവർഷം വിശുദ്ധവാരത്തിൽ ഇവിടെ ഏകാന്ത ധ്യാനം അല്മായർക്കായി നടത്തുന്നുണ്ട്. 1958-ലും '61-ലും മധ്യവേനൽ അവധിക്കാലത്ത് വൈദികർക്കായി ഓരോ മാസം ദീർഘിച്ച ഓരോ ഏകാന്ത ധ്യാനം ഫാ. ക്ലോഡ്, എസ്.ജെ.യുടെ നേതൃത്വത്തിൽ ഇവിടെ ബി.എഡ്. കോളജിൽവച്ചു നടത്തുകയുണ്ടായി.

**വിദ്യാപ്രവർത്തനം**

**1 യോഗാർഥിസ്കൂൾ**

കൂനമ്മാവിലെ സെന്റ് ഫിലോമിനാസ് ഹൈസ്കൂൾ 1897-ൽ എറണാകുളത്തേക്ക് മാറ്റിയതോടെ കൂനമ്മാവിലെ നമ്മുടെ യോഗാർഥി സ്കൂളും നിർത്തലാക്കി. അവിടെയുണ്ടായിരുന്ന യോഗാർഥികളെ ഇവി

www.malankaralibrary.com

ടേക്കും എൽത്തുരുത്തിനുമാണ് അയച്ചത്. ഇവിടെ വന്നവർ ഇവിടത്തെ മിഡിൽസ്കൂളിൽ പഠിച്ചിരുന്നു. അന്നിവിടെ ഹൈസ്കൂൾ ക്ലാസ്സുകൾ ഇല്ലാതിരുന്നതിനാൽ, 1900-ത്തിൽ ഇവിടത്തെ യോഗാർഥിസ്കൂൾ നിർത്തലാക്കി, യോഗാർഥികളെ ഉപരിപഠനത്തിനായി ഇതരസ്ഥലങ്ങളിലേക്കയച്ചു. എന്നാൽ 1902-ൽ ഇവിടെ ഹൈസ്കൂൾ ആരംഭിച്ചതിനാൽ 1903-ൽ യോഗാർഥിസ്കൂൾ ഇവിടെ പുനരാരംഭിച്ചു. 1965-ൽ ഈ യോഗാർഥിസ്കൂൾ മുത്തോലിയിലേക്കു മാറ്റപ്പെട്ടു. എങ്കിലും കോളജിൽ പ്രീഡിഗ്രിക്കു പഠിക്കുന്ന യോഗാർഥികൾ 1966 മുതൽ ഇവിടെ താമസിച്ചു പഠിച്ചുവരുന്നു. നാളിതുവരെ 1000-ൽ പരം പേർ ഇവിടെ താമസിച്ചു പഠിച്ചിട്ടുണ്ടെന്നത് പ്രസ്താവ്യമത്രേ.

**2. സെന്റ് അപ്രേംസ് ഹൈസ്കൂൾ**

1860-ൽ ഇവിടെ ഒരു സംസ്കൃതസ്കൂൾ സ്ഥാപിതമായെങ്കിലും അത് അധികനാൾ നിലനിന്നില്ല. പിന്നീട് ഇംഗ്ലീഷും മലയാളവും പഠിപ്പിക്കാൻ തക്കവണ്ണം ഒരു പ്രൈവറ്റ് സ്കൂൾ സ്ഥാപിച്ച് നടത്താൻ തുടങ്ങി. എന്നാൽ, 1885-ലാണ് കണ്ണമ്പിള്ളിൽ ബ. ജെരാർദച്ചന്റെ പ്രത്യേകോത്സാഹത്തിൽ ഇവിടെ ഒരു ഇംഗ്ലീഷ് മിഡിൽസ്കൂൾ മുറപ്രകാരം ആരംഭിച്ചത്. അതാകട്ടെ, 1902-ൽ ഒരു ഹൈസ്കൂളായി ഉയർത്തപ്പെട്ടു, നേര്യമ്പറമ്പിൽ ബ. ളൂയീസച്ചന്റെ പരിശ്രമത്താൽ. വിശുദ്ധ അപ്രേമിന്റെ നാമത്തിൽ നടന്നുവരുന്ന ഈ ഹൈസ്കൂളിൽ ഇപ്പോൾ, 1968 -ൽ, 34 അധ്യാപകന്മാരും 1000-ത്തോളം വിദ്യാർഥികളും ഒരു പൂർണ ഹൈസ്കൂളിന് അവശ്യം വേണ്ട സയൻസ് സാമഗ്രികളും നല്ലൊരു ലൈബ്രറിയുമുണ്ട്.

ഇവിടെ പ്രധാനാധ്യാപകന്മാരായി പുന്നൂർ ബ. ജോസഫ് ഏലിയാസച്ചനും, ബ. വില്യമച്ചൻ, ബ. ലാസറച്ചൻ, ബ. ദൊരെത്തേവൂസച്ചൻ, ബ. ഔറേലിയൂസച്ചൻ, ബ. ബ്ലാസിയൂസച്ചൻ, ബ. പപ്യാസച്ചൻ, ബ. ക്ലിമാക്കൂസച്ചൻ (പുന്നൂർ) എന്നിവരും ജോലി നിർവഹിച്ചിട്ടുണ്ട്.

1935-ൽ തൂത്തുക്കുടി മെത്രാൻ ഡോക്ടർ റോച്ചിന്റെ അധ്യക്ഷതയിൽ ഇതിന്റെ സുവർണജൂബിലിയും 1962-ൽ കേരളഗവർണർ മി.ഗിരിയുടെ അധ്യക്ഷതയിൽ വജ്രജൂബിലിയും വിവിധ ചടങ്ങുകളോടുകൂടെ നടത്തപ്പെട്ടു. വജ്രജൂബിലിയോടനുബന്ധിച്ചു നടത്തപ്പെട്ട പിരിവിൽ, പൂർവവിദ്യാർഥികളിൽനിന്ന് സംഭാവനയായി ലഭിച്ച 16,000 ക. യിൽ 14,000 ക. കൊണ്ട് 'ജൂബിലി മെമ്മോറിയൻ ഹാൾ' എന്ന പേരിൽ രണ്ടു മുറികൾ പണിയിച്ച് ക്ലാസ്സുകൾ നടത്തിവരുന്നു. ബാക്കി വന്ന

www.malankaralibrary.com

2000 ക.യുടെ പലിശകൊണ്ട് സാധുവിദ്യാർഥികൾക്ക് സഹായം നല്കുകയും ചെയ്തുവരുന്നു.

സെന്റ് അലോഷ്യസ് ബോർഡിംഗ് ഹൗസ് ഈ സ്കൂളിനോടനുബന്ധിച്ചുള്ള വളരെ പഴക്കമുള്ള ഒരു സ്ഥാപനമാണ്. ഇതിൽ വസിച്ചുകൊണ്ട് പ്രതിവർഷം ശരാശരി 100-ൽ പരം കുട്ടികൾ ഈ സ്കൂളിൽ പഠിച്ചുവരുന്നു.

**3. സെന്റ് ജോസഫ്സ് പ്രൈമറിസ്കൂൾ**

ഗവണ്മെന്റംഗീകരണത്തോടെ 1890 മുതൽ ദീർഘകാലമായി ഇവിടത്തെ മാനേജുമെന്റിൽത്തന്നെ നടന്നുവരുന്ന ഒന്നാണ് സ്ഥലത്തെ സെന്റ് ജോസഫ്സ് പ്രൈമറിസ്കൂൾ. 13 ക്ലാസ്സുകളിലായി രണ്ടു കർമലീത്താ കന്യാസ്ത്രീകൾ ഉൾപ്പെടെ ഒമ്പതു അധ്യാപകരുടെ കീഴിൽ 560 കുട്ടികളാണ് ഇതിൽ ഇപ്പോൾ പഠിക്കുന്നത്.

**4. സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജ്**

നല്ല പരിശീലനം സിദ്ധിച്ച ഉത്തമാധ്യാപകർ നാട്ടിലുണ്ടാകാൻ വേണ്ടി 1957 ജൂലൈ മാസത്തിൽ അന്നത്തെ ആശ്രമാധിപനായിരുന്ന പള്ളിവാതുക്കൽ ബ. ജയിംസച്ചന്റെ ഉത്സാഹത്താൽ ഇവിടെ ആരംഭിച്ചതാണ് സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജ്. പ്രസിദ്ധ വിദ്യാപ്രവർത്തകനായിരുന്ന പരേതനായ നേര്യമ്പറമ്പിൽ ബ. വില്യമച്ചൻ എം. എ., എൽ.റ്റി. ആയിരുന്നു ഇതിന്റെ പ്രഥമ പ്രിൻസിപ്പാൾ. പ്രായാധിക്യം മൂലം 1960-ൽ അദ്ദേഹം സ്ഥാനമൊഴിയുകയാൽ തൽസ്ഥാനത്ത് മാമ്പ്ര ബ. പപ്യാസച്ചൻ നിയമിതനായി. എന്നാൽ 1961 ഒക്ടോബർ മുതൽ വടക്കൻ ബ. ഇസിദോരച്ചൻ പ്രിൻസിപ്പാളായി ജോലി നോക്കിവരുന്നു. ഇവരിരുവരും അമേരിക്കയിൽ ഉപരിപഠനം നടത്തി മടങ്ങിയെത്തിയിട്ടുള്ളവരത്രേ. പുരുഷന്മാർക്കു മാത്രമായുള്ള കേരളത്തിലെ ഏക ട്രെയിനിംഗ് കോളജാണിത്. ഇവിടെ കോളജിനായുള്ള നല്ലൊരു രണ്ടു നിലക്കെട്ടിടത്തിനും പുറമേ, എല്ലാവിധ സൗകര്യങ്ങളോടും കൂടിയ മൂന്നു നിലയിലുള്ള ഒരു ഹോസ്റ്റലുമുണ്ട്. ഇതിനകം 1200-ൽപരം ആളുകൾ ഇവിടെ ട്രെയിനിംഗ് നടത്തിയിട്ടുണ്ട്. അവരിൽ വിവിധ സന്ന്യാസസഭക്കാരും ഇടവകവൈദികരുമായി 30-ൽ പരം വൈദികരും ശെമ്മാശ്ശന്മാരും ഉൾപ്പെടുന്നു.

കേന്ദ്രഗവർമ്മെണ്ടിൽ നിന്ന് ഏർപ്പെടുത്തിയിട്ടുള്ള *The National Council of Extension in Research & Training* എന്നതിന്റെ ഒരു *Extension*

www.malankaralibrary.com

*Service Unit* 1962-ൽ ഈ കോളജിൽ അനുവദിക്കുകയുണ്ടായി. അതിലേക്ക് കേന്ദ്രഗവർമ്മെണ്ടിൽനിന്ന് പ്രതിവർഷം 5000 ക. ഗ്രാന്റായി നല്കിവരുന്നു. അധ്യാപകർക്കുവേണ്ടി സെമിനാറുകൾ, കോൺഫറൻസുകൾ, സമ്മർ ക്ലാസ്സുകൾ എന്നിവ നടത്തുകയാണ് ഈ പ്രസ്ഥാനത്തിന്റെ മുഖ്യോദ്ദേശ്യം.

**5. കുര്യാക്കോസ് ഏലിയാസ് ഡിഗ്രി കോളജ് (K.E. College)**

1964 ജൂലൈ മാസത്തിൽ കുരിയാക്കോസ് ഏലിയാസ് കോളജ് എന്ന പേരിൽ ഒരു ജൂണിയർ കോളജ് പ്രിയോർ കളത്തിൽ ബ.ഫബിയാനച്ചൻ ഇവിടെ ആരംഭിച്ചു. ക്ലാസ്സുകൾ ആദ്യം സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജിലാണു തുടങ്ങിയത്. ബ. പപ്യാസച്ചൻ പ്രിൻസിപ്പാളായി നിയമിതനായി. എന്നാൽ 1967-ൽ ഡിഗ്രി കോളജായി ഇത് ഉയർത്തപ്പെട്ടതോടെ, കല്ലുങ്കൽപുരയിടം ബ. അന്തോനിയച്ചൻ പ്രിൻസിപ്പാളായി നിയമിക്കപ്പെട്ടു. നവമായി പണിയിച്ചിട്ടുള്ള കോളജുകെട്ടിടങ്ങൾക്കു പുറമേ 100-ൽ പരം വിദ്യാർഥികൾക്കുള്ള താമസസൗകര്യങ്ങളോടെ 'Pope John's Hostel' എന്ന പേരിൽ ഒരു മൂന്നുനിലക്കെട്ടിടവും സ്റ്റാഫംഗങ്ങൾക്കായി വെറൊരു ഇരുനിലക്കെട്ടിടവും ഇവിടെ പണിതീർത്തിട്ടുണ്ട്.

**സാമൂഹിക പ്രവർത്തനങ്ങൾ**

**1. സെന്റ് ജോസഫ്സ് പ്രസ്സ്**

ദൈവദാസനായ ചാവറ കുരിയാക്കോസച്ചൻ 1846-ൽ സ്ഥാപിച്ചതാണ് മാന്നാനം സെന്റ് ജോസഫ്സ് പ്രസ്സ്. വ്യവസായാഭിവൃദ്ധിക്കുതകുന്നവിധം ആധുനികവും കാലാനുസൃതവുമായ വിവിധ യന്ത്രസജ്ജീകരണങ്ങളോടു കൂടെയാണ് ഈ പ്രസ്ഥാനം ഇന്നിവിടെ പ്രവർത്തിച്ചും ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചുംകൊണ്ടിരിക്കുന്നത്. എന്നാൽ, 1926 വരെ അച്ചടിയന്ത്രങ്ങൾ കൈകൊണ്ടു ചുറ്റിച്ചും പിന്നീട് ഒരു എഞ്ചിന്റെ സഹായത്തോടെയുമാണ് ഇവിടെ അച്ചടി ജോലി നിർവഹിച്ചിരുന്നത്. ആരംഭത്തിൽ സെമിനാരിക്കെട്ടിടത്തിൽ നടത്തിക്കൊണ്ടിരുന്ന ഈ സ്ഥാപനം, പുതിയാപറമ്പിൽ ബ. ഫ്രാൻസിസ്കോസച്ചന്റെ അശ്രാന്തപരിശ്രമ ഫലമായി പണിതീർത്ത ഇപ്പോഴത്തെ വിശാലമായ പുതിയ കെട്ടിടത്തിലേക്ക് 1912-ൽ മാറ്റപ്പെട്ടു. 'ദീപിക' പത്രത്തിന്റെ പ്രസിദ്ധീകരണം അതിന്റെ ആവിർഭാവം (1885) മുതൽ 1939-ൽ അതു കോട്ടയത്തേക്കു മാറ്റപ്പെട്ടതുവരെ ഈ പ്രസ്സിലാണ് അച്ചടിച്ചിരുന്നത്. അതിന്റെ ഈ മാറ്റത്തോടെ മാന്നാനം പ്രസ്സിൽ ജോലികൾ

www.malankaralibrary.com

കുറഞ്ഞു. എന്നാൽ ആണ്ടുമാലിൽ ബ. മാണിക്കത്തനാരുടെ പുതിയ നിയമ വിവർത്തനം തുടങ്ങിയുള്ള ചില സൽഗ്രന്ഥങ്ങളുടെ പ്രസി ദ്ധീകരണത്തോടെ ഈ പ്രസ്സിന്റെ അരിഷ്ടതകൾ മാറി. 1943-ൽ ഐക്കര ബ. വിൽഫ്രിഡച്ചൻ ചില അച്ചടി ഉപകരണങ്ങൾ വാങ്ങു കയും ബ്ലോക്കുനിർമാണ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 1903-ൽ ആരംഭിച്ചതും, 10,000-ലധികം കോപ്പികളോടെ ഇന്നും കേരളത്തിൽ പ്രചാരത്തിലിരിക്കുന്നതുമായ 'കർമലകുസുമം' എന്ന മാസിക ഈ പ്രസ്സിൽ നിന്നത്രേ പുറപ്പെടുന്നത്.

**2. വിഷവൈദ്യശാല**

Cyriac Elias Nursing Home എന്ന പേരിൽ 1942-ൽ ഇവിടെ സ്ഥാപി തമായതാണ് ഈ വിഷവൈദ്യശാല. ഇതിന്റെ ഇപ്പോഴത്തെ കെട്ടിടം പ്രിയോർ പുത്തൻപുരയ്ക്കൽ ബ. ബ്ലാസിയൂച്ചന്റെ ഭരണകാലത്ത് (1953-'56) പരേതനായ ഫാദർ വിൽഫ്രിഡിന്റെ നേതൃത്വത്തിൽ പണി കഴിപ്പിച്ചതാണ്. ഇതിന്റെ പണിക്കുവേണ്ടി സെന്റ് അപ്രേംസ് ഹൈസ് കൂൾ വിദ്യാർഥികൾ ചെയ്തുതന്ന ഉദാരമായ ശ്രമദാനത്തിനു പുറമേ, ഒരു നാടകം നടത്തി 1000 ക.യും നല്കിയിട്ടുണ്ട്. ഇതിലേക്ക് മറ്റു ചി ലരും ധനസഹായം ചെയ്തിട്ടുണ്ട്. ഇക്കഴിഞ്ഞ കാൽ ശതാംബ്ദത്തി നിടയിൽ 10,000-ത്തോളം വിഷബാധിതർക്ക് പാറയിൽ ബ. ഏലിയാ സ് സഹോദരൻ ചികിത്സ നടത്തിയിട്ടുണ്ട്. അവരിൽ ഏകദേശം 50 പേരൊഴികെ ഏവരും രോഗവിമുക്തരായിട്ടുണ്ട്. ഇന്നും ദിനന്തോ റുമെന്നോണം ചികിത്സ ഇവിടെ നടന്നുകൊണ്ടിരിക്കുന്നു.

**ദേഹവിയോഗങ്ങൾ**

8.1.1846-ൽ ചമ്പക്കുളത്തു പോരൂക്കര ബ. തോമ്മാച്ചനും (46)
12.7.1853-ൽ കാഞ്ഞിരപ്പള്ളി പുത്തമ്പുരക്കൽ ബ.കുഞ്ഞാക്കോച്ചനും (53)
24.12.1855-ൽ കൈനകരി വല്യാറ ബ. യാക്കോബച്ചനും (26)
6.5.1859-ൽ കുറമ്പനാടത്തു പാറത്തോട്ടം ബ. തോമ്മാ നവസന്ന്യാസിയും (32)
22.6.1860-ൽ പാലാ കളപ്പുരക്കൽ ബ. മത്തായി അച്ചനും (37)
13.9.1866-ൽ അതിരമ്പുഴ കൊച്ചുപുരക്കൽ ബ. കുറി. അൾബർത്തോസച്ചനും (37)
17.12.1866-ൽ വലപ്പാട്ട് നെല്ലിശ്ശേരി ബ. തോമ്മാ ശെമ്മാശ്ശനും (26)
18.9.1867-ൽ വലപ്പാട്ട് നെല്ലിശ്ശേരി ബ. തോമ്മാ അച്ചനും (60)
3.1.1871-ൽ കൈനകരി ചാവറ ബ. കുറി. ഏലീയാസച്ചനും (67)

www.malankaralibrary.com

7.1.1890-ൽ കൈനകരി പോരൂക്കര ബ. കുറി. ഏലീശാച്ചനും (71)
13.7.1898-ൽ കൈനകരി കണിയാന്ത്ര ബ.യാക്കോബ് തുണ സഹോദരനും (99)
26.10.1898-ൽ തോട്ടയ്ക്കാട് ചോതിരക്കുന്നേൽ ബ.റൊമുവാൾദച്ചനും (42)
12.9.1899-ൽ അതിരമ്പുഴ കൊച്ചുപുരക്കൽ ബ. കൊച്ചുകുറി. അൾബർത്തോസച്ചനും (40)
24.2.1902-ൽ പുളിങ്കുന്ന് തയ്യിൽ ബ. യൗസോപ്പു യോഹന്നാനച്ചനും (77)
24.5.1908-ൽ വെളിയനാട്ട് തോപ്പിൽ ബ. യൗസേപ്പ് ആഗുസ്തീനോസച്ചനും (74)
7.10.1909-ൽ പാലാ കട്ടക്കയത്തിൽ ബ. വലിയ ചണ്ടിയച്ചനും (81)
1.11.1909-ൽ കോതനൂർ കച്ചാലിൽ ബ. അംബ്രോസീസച്ചനും (52)
22.2.1916-ൽ ഭരണങ്ങാനം തറവട്ടത്തു ബ. ക്രിസോസ്തോമച്ചനും (62)
6.5.1917-ൽ കുടമാളൂർ ആണ്ടുമാലിൽ ബ. പത്രോസ് തോമ്മാച്ചനും (67)
6.7.1917-ൽ അരണാട്ടുകര മൊളക്കൽ ബ. മത്തായി തുണ സഹോദരനും (74)
31.7.1920-ൽ കൊഴുവനാൽ പൂന്തോട്ടത്തു ബ. ഈറാനിമോസച്ചനും (68)
10.7.1922-ൽ മുട്ടുച്ചിറ കുരിശുങ്കൽ ബ. ബെർണർദീനോസച്ചനും (74)
30.8.1922-ൽ അതിരമ്പുഴ പീടിയേക്കൽ ബ. ചീരില്ലോസ് മത്തായി തുണസഹോദരനും (86)
22.5.1923-ൽ കുമരകം കളത്തിൽ ബ. മർക്കോസ് തുണസഹോദരനും(69)
8.6.1930-ൽ തുരുത്തി നേര്യമ്പറമ്പിൽ ബ. ളൂയീസ് അച്ചനും (66)
28. 6.1931-ൽ അതിരമ്പുഴ പീടിയേക്കൽ ബ. ലൗറന്ത്യോസച്ചനും(75)
30. 8.1932-ൽ മുട്ടുച്ചിറ കുഞ്ഞേപ്പറമ്പിൽ നീരാക്കൽ ബ. ശെമയോൻ തുണസഹോദരനും (79)
29. 1.1933-ൽ പാലാ കട്ടക്കയത്തിൽ ബ. കൊച്ചുചാണ്ടിയച്ചനും (66)
19. 2.1944-ൽ രാമപുരം കണിപ്പിള്ളിൽ ബ. ഇസിദോറച്ചനും (85)
15.10.1945-ൽ മുട്ടം ഈരാറ്റുപുഴ ബ. യോഹന്നാൻ തുണ സഹോദരനും (83)
28.4.1949-ൽ കാഞ്ഞിരപ്പള്ളി പള്ളിവാതുക്കൽ ബ. ബ്രൊക്കാർദ് അച്ചനും (88)
13.10.1949-ൽ പുളിങ്കുന്ന് മാളിയമ്പുരക്കൽ ബ. മത്യാസ്അച്ചനും (70)
3.5.1950-ൽ അമ്പഴക്കാട് കാച്ചപ്പിള്ളി ബ. അന്ത്രയോസ് തുണ സഹോദരനും (44)

www.malankaralibrary.com

14.1.1959-ൽ പൈക ആനിത്തോട്ടത്തിൽ ബ. ബനീഞ്ഞുസച്ചനും (45)
19.9.1957-ൽ നെടുക്കുന്നം പുതിയാപറമ്പിൽ ബ. ഫ്രാൻസിസച്ചനും (88)
27.9.1957-ൽ ഭരണങ്ങാനം പൈകട ബ. പൗലോസച്ചനും (71)
27.10.1958-ൽ മുഹമ്മ ചാലങ്ങടി ബ. അസറിയാസച്ചനും (57)
23.7.1960-ൽ പൂവരണി ചവർണാൽ പുഞ്ചേക്കുന്നേൽ ബ. ശെമവോനച്ചനും (71)
13.12.1960-ൽ പൂവരണി ചവർണാൽ പുഞ്ചേക്കുന്നേൽ ബ. യൗസേപ്പ് തുണസഹോദരനും (89)
14.3.1965-ൽ കൂത്രപ്പള്ളി പാലാക്കുന്നേൻ ബ. അംബ്രോസീസച്ചനും (74)
13.6.1966-ൽ പാലാ പടിഞ്ഞാറെമുറി ബ. ലെയൊനാർദച്ചനും (64)
ഭാഗ്യമരണം പ്രാപിച്ച് ഇവിടെ സംസ്കരിക്കപ്പെട്ടിരിക്കുന്നു.

വിശിഷ്യ, കോട്ടയം പ്രവിശ്യാ ഭവനാംഗങ്ങളായി മരണം പ്രാപിച്ച ചെമ്മലമറ്റം പൊരിയത്ത് ബ. കെറുബീനച്ചൻ (59) 19.1.1960-ലും, കൊതവറ പുത്തേത്ത് ബ. ഫിലോത്തേവൂസച്ചൻ (51) 16.12.1963-ലും, ചേന്നങ്കരി ഐക്കര ബ. വിൽഫ്രിഡച്ചൻ (55) 2.8.1964-ലും, തുരുത്തി നേര്യമ്പറമ്പിൽ ബ. വില്യമച്ചൻ (73) 16.8.1965-ലും, കോഴിക്കോട്ട്‌വച്ച് മരണം പ്രാപിച്ച കാഞ്ഞിരപ്പള്ളി കരിപ്പാപ്പറമ്പിൽ ബ. തെയൊദോസിച്ചൻ (52) 11.11.1963-ലും, ബാംഗളൂർ കുപ്പം തീവണ്ടിയപകടത്തിൽ വച്ച് മരണം പ്രാപിച്ച പൂഞ്ഞാർ കാട്ടറാത്തു ബ. റോജറച്ചൻ (39) 22.5.1967-ലും-

ഈ ആശ്രമദേവാലയത്തിൽ സംസ്കരിക്കപ്പെട്ടിരിക്കുന്നു.

## 2. പുളിങ്കുന്ന് - വിശുദ്ധ സെബസ്ത്യാനോസിന്റെ ആശ്രമം

അമലോദ്ഭവ കർമല സഭാംഗങ്ങളായ കൊച്ചുപുരക്കൽ കുര്യച്ചനും കട്ടക്കയത്തിൽ വലിയ ചാണ്ടിയച്ചനും യൗസേപ്പ് ഏലിയ എന്നൊരു മിഷനറിയോടു കൂടെ പുളിങ്കുന്ന് ഇടവകപ്പള്ളിയിൽ 1861-ൽ ഒരു ജ്ഞാനധ്യാനം നടത്തി. ധ്യാനം വളരെ ഫലപ്രദമായിരുന്നു. ജനങ്ങൾക്ക് ഒരു ആഗ്രഹം, കൂടുതൽ ഗുണസിദ്ധിക്കായി പുളിങ്കുന്നിൽ ഒരു ആശ്രമം സ്ഥാപിക്കണമെന്ന്. ആഗ്രഹം ശക്തിപ്പെട്ടതിന്റെ ഫലമായി, ധ്യാനാനന്തരം വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ബെർണദീനോസ് മെത്രാൻ ഔദ്യോഗിക സന്ദർശാനാർഥം പള്ളിയിൽ വന്ന അവസരത്തിൽ വൈദികരും ജനങ്ങളും ഒന്നുചേർന്ന് ഇവിടെ ഒരു ആശ്രമം സ്ഥാപിച്ചു തരണമെന്ന ആഗ്രഹം അറിയിച്ചു. തെക്കേ അങ്ങാടിയിൽ സ്ഥിതി ചെയ്തിരുന്ന കുരിശുപള്ളിയും മുറികളും അതി

www.malankaralibrary.com

നോടു ചേർന്നുള്ള പള്ളിസ്ഥലങ്ങളും അവർ ആശ്രമത്തിനായി വാഗ്ദാനവും ചെയ്തു. വികാരി അപ്പസ്തോലിക്ക ഈ സ്ഥലം സന്ദർശിച്ച് സംതൃപ്തനായി. കല്പനപ്രകാരം വികാരിയും പട്ടക്കാരും ജനങ്ങളും 1861 ഫെബ്രുവരി 3-ാം തീയതി തീറാധാരപ്രകാരം കുരിശു പള്ളിയും പറമ്പും ഒഴിഞ്ഞുതന്നു.

അധികം താമസിയാതെ, കൊവെന്തപ്പണിക്ക് ബ. യൗസേപ്പ് ഏലിയാ എന്ന ഫ്രഞ്ചുമിഷനറിയും തട്ടാശ്ശേരി ബ. സക്കറിയാ യൗസേപ്പച്ചനും മണക്കുന്നേൽ ബ. യൗസേപ്പ് മറിയം അച്ചനും നിയുക്തരായി. ഇവർ ഇടവകപ്പള്ളിയിൽ ബ. അരയച്ചേരിലച്ചന്റെ അതിഥികളായി താമസിച്ചിരുന്നു. അടിസ്ഥാനമിട്ട്, പണിയാരംഭിച്ച കെട്ടിടം ഇടവകക്കാരുടെ ദാനം, കെട്ടുതെങ്ങ്, പിടിയരി എന്നിവയാൽ പുരോഗമിച്ചിരുന്നു.

ഇതിനിടയിൽ, യൗസേപ്പ് ഏലിയ മിഷനറി പറയർ, പുലയർ തുടങ്ങിയ കുറെ അധഃകൃതരെ കത്തോലിക്കസഭയിൽ ചേർത്തു. ഇദ്ദേഹത്തിന്റെ താത്പര്യപ്രകാരം വാച്ചാപ്പറമ്പുകാരുടെ കൃഷിസ്ഥലമായ വേണാട്ടുകാട്ടിൽ ഒരു കപ്പേളസ്ഥാപിച്ച്, ഞായറാഴ്ചതോറും കൊവേന്തയിൽ നിന്ന് അച്ചന്മാർ പോയി അവർക്കുവേണ്ടി ബലിയർപ്പിക്കുകയും ചെയ്തിരുന്നു. കൊവേന്തയുടെ പണിപൂർത്തിയാക്കാൻ വേണ്ടി, അന്ന് എൽതുരുത്തു കൊവന്തയുടെ പണി നടത്തിക്കൊണ്ടിരുന്ന തോപ്പിൽ ബ. ഗീവർഗീസച്ചനെ മെത്രാനച്ചൻ പുളിങ്കുന്നിലേക്ക് നിയമിച്ചു. വടക്കൻദിക്കുകളിലെ പള്ളികളുടെ ശ്ലീഹായായാണ് ഇദ്ദേഹം അറിയപ്പെട്ടിരുന്ന്. ഇദ്ദേഹത്തിന്റെ പ്രസംഗവൈഭവം, മധുര സ്വഭാവം, സുകൃതജീവിതം, സൗമ്യശീലം എന്നിവയാൽ ധർമ്മസഹായങ്ങൾ ഇദ്ദേഹത്തിന് സുലഭമായി ലഭിച്ചിരുന്നു. ഇദ്ദേഹത്തിന്റെ നിരന്തര പരിശ്രമത്താൽ പുളിങ്കുന്നിൽ ആറ്ററികിൽ തെക്കുവടക്കായി പണിതിരുന്ന കെട്ടിടത്തിന്റെ പണി 1866-ൽ പൂർത്തിയാക്കാൻ സാധിച്ചു.

കൊവേന്തയുടെ തൊട്ടടുത്തു കിടന്നിരുന്ന വാച്ചാപറമ്പ്, കാഞ്ഞിക്കൽ എന്നീ കുടുംബക്കാരുടെ വകയായ 2 ചെറിയ പുരയിടങ്ങൾ തോപ്പിലച്ചന്റെ പരിശ്രമത്താൽ കൊവേന്തക്കായി അവർ തീറുനൽകി. എന്നാൽ അതിന്റെ വില, കൊവേന്തക്കായി അവർ പിന്നീട് ചാവറ പ്രിയോരച്ചനെ ഏല്പിക്കുകയുണ്ടായി. കാഞ്ഞിക്കൽ കുടുംബക്കാർ ഒരു നിത്യകുർബാനക്കായി നാലു പറ നിലം കൂടെയും പിന്നീടു കൊവേയക്കായി നല്കിയിട്ടുണ്ട്. ഇതിനു നന്ദിയായി ചാവറയച്ചന്റെ കല്പന പ്രകാരം, ഈ കുടുംബക്കാർക്കുവേണ്ടി കുറെ കുർബാനകൾ ചൊല്ലി

www.malankaralibrary.com

യതു കൂടാതെ ആണ്ടുതോറും ഈ ഓരോ കുടുംബത്തിനും വേണ്ടി ഓരോ കുർബാനയും ചൊല്ലിവരുന്നുമുണ്ട്.

ആദ്യകാലത്തുതന്നെ, ലെയോനാർദു മെത്രാനച്ചന്റെ കല്പനപ്രകാരം ഇവിടെ ഒരു സെമിനാരി ആരംഭിച്ചെങ്കിലും അത് അധികനാൾ നിലനിന്നില്ല.

ഈ കൊവേന്തയുടെ ആദ്യത്തെ വികാരിയും ദൈവത്തിനും മനുഷ്യർക്കും പ്രിയങ്കരനും പരമാർഥിയുമായിരുന്ന തോപ്പിൽ ബ. ഗീവർഗീസച്ചൻ അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് 1873 ഒക്ടോ. 13-ാം നു കർത്താവിൽ നിദ്രപ്രാപിച്ചു. അദ്ദേഹത്തിനുശേഷം ഈ ദേശവാസികളുടെ കണ്ണിലുണ്ണിയായിരുന്ന മംഗലത്തു ബ. യാക്കോബച്ചനെ ശ്രേഷ്ഠനായി മെത്രാനച്ചൻ നിയമിച്ചാക്കി.

സ്വജാതി മെത്രാനെ ലഭിക്കാൻ കേരളീയർ പരിശ്രമിച്ചിരുന്ന കാലമായിരുന്നു അത്. ഈ പരിശ്രമത്തിന്റെ കേന്ദ്രസ്ഥാനം ഈ ആശ്രമമാണെന്ന് ആരോ രൂപതാധ്യക്ഷനെ ധരിപ്പിച്ചതിന്റെ ഫലമായി, 1875 ഡിസംബർ മാസത്തിൽ കാന്തിദൂസ് മിഷനറിയെയും തട്ടാശ്ശേരിലച്ചനെയും കാര്യങ്ങൾ ശരിപ്പെടുത്താൻ മെത്രാനച്ചൻ ഇവിടേക്കയച്ചു. അവർ ഈ ആശ്രമത്തിന്റെ ശ്രേഷ്ഠനായിരുന്ന മംഗലത്തു ബ. യാക്കോബാച്ചനെ വാഴക്കുളം കൊവേന്തയിലേക്കു മാറ്റി. കൂടാതെ, ഈ ആശ്രമവാസികളായിരുന്ന തോട്ടുങ്കൽ ബ. ദേവസിയച്ചനെ അമ്പഴക്കാട്ടുകൊവേന്തയിലേക്ക് മാറ്റുകയും മാതേക്കൽ ബ. മത്തായിയച്ചൻ, മീനാട്ടൂർ ബ. മാനുവേലച്ചൻ, ശങ്കുരിക്കൽ ബ. പൗലോസച്ചൻ എന്നിവരെ സഭയിൽ നിന്നു ബഹിഷ്കരിക്കുകയും ചെയ്തു. പ്രസിദ്ധമായ ഏഴുവ്യാകുലങ്ങളിൽപ്പെട്ടവരാണിവർ. കൊവേന്ത ഭരണം കാഞ്ഞിക്കൽ ബ. കൊച്ചച്ചനെ ഏല്പിച്ചിട്ട് മംഗലത്തച്ചനും ദേവസിയച്ചനും മെത്രാനച്ചന്റെ പക്കൽ റിപ്പോർട്ട് സമർപ്പിക്കാനായി സ്ഥലം വിട്ടു.

1876-ൽ കൊടുപാടത്തു ബ. മത്തായി ഗ്രിഗോരിയോസച്ചൻ ഇവിടത്തെ വികാരിയായി നിയമിക്കപ്പെട്ടു. ഇക്കാലഘട്ടത്തിൽ പള്ളി പുതുക്കിപ്പണിയാൻ ആരംഭിച്ചു. 1883-ൽ പണി പൂർത്തിയായി. പുളിങ്കുന്നുപള്ളി ഇടവകക്കാരെല്ലാം ബ. തട്ടാശ്ശേരിലച്ചന്റെ ആഗ്രഹപ്രകാരം ഓരോ തെങ്ങുവീതം നല്കിയതിനാലാണ് പണി ഇത്രവേഗം തീർക്കാൻ സാധിച്ചത്.

പള്ളിപണി അവസാനിച്ചതോടെ തട്ടാശ്ശേരിലച്ചൻ രോഗബാധിതനായിത്തീർന്നു. 1883 ദുഃഖവെള്ളിയാഴ്ച അദ്ദേഹം അന്ത്യകൂദാശകൾ സ്വീകരിച്ച് മരണം പ്രാപിച്ചു.

www.malankaralibrary.com

1889-ലെ പൊതുസംഘം, പുളിങ്കുന്നു കൊവേന്തയെ പ്രിയോരാത്തു കൊവേന്തയാക്കി ഉയർത്തി. അമ്പഴക്കാട്ടു പ്രിയോരായിരുന്ന തളിയത്ത് ബ. വർക്കിയച്ചൻ ഇവിടത്തെ ആദ്യപ്രിയോരായി നിയമിതനായി.

ഓരോ വർഷവും വെള്ളപ്പൊക്കത്തോടെ പള്ളിയുടെ മുഖവാരം താണുപൊയ്ക്കൊണ്ടിരുന്നു. പള്ളിയുടെ ഭിത്തികൾ പൊട്ടി. അപകടമെന്നു തോന്നുകയാൽ 1894-ൽ ലവീഞ്ഞു മെത്രാനച്ചൻ പള്ളിയുടെ കേടുതീർക്കുന്നതുവരെ കർമങ്ങൾ മുടക്കി. പല മാസത്തേക്ക് പള്ളിയിൽ കർമങ്ങൾ നടന്നില്ല. ഒരു ശില്പവിദഗ്ധനായിരുന്ന കുരിശുങ്കൽ ബ. ബെർണർദീനോസച്ചന്റെ നിർദേശപ്രകാരം, മുഖവാരത്തിലെ തൂണുകളെല്ലാം മാറ്റി മേല്ക്കൂടിനു സമമാക്കി. പൊട്ടുകൾ എല്ലാം തീർത്തു. എൻജിനീയരുടെ സാക്ഷ്യപ്രകാരം, മെത്രാനച്ചൻ മുടക്കു പിൻവലിച്ചു.

1901-ൽ കൊല്ലം സഹായമെത്രാൻ ഡോക്ടർ ബെൻസിഗർ മലയാളം പഠിക്കാനായി ഇവിടെ വന്ന് മൂന്നുമാസം താമസിക്കുകയുണ്ടായി.

ശ്രാമ്പിക്കൽ ബ. അപ്രേമച്ചന്റെ ഉത്സാഹത്താൽ ജനങ്ങളിൽനിന്നു ദാനമായി ലഭിച്ച പണം കൊണ്ട് പള്ളിയിൽ അമലോദ്ഭവ മാതാവിന്റെ ഒരു കപ്പേള നിർമിച്ചു. അമ. മാതാവിന്റെ ഒരു രൂപവും സ്ഥാപിച്ചു. ഇദ്ദേഹത്തിന്റെ പരിശ്രമത്തിൽ കുർബാനയുടെ തിരുനാളിനു ശേഷമുള്ള എട്ടുദിവസത്തെ നമസ്കാരം, 1904-മുതൽ ആശ്രമദൈവാലയത്തിൽ നടപ്പാക്കി.

സമീപവാസികളുടെ ഔദാര്യഫലമായി ലഭിച്ച സഹായത്താൽ നേര്യമ്പറമ്പിൽ ബ. യോഹന്നാനച്ചൻ പ്രിയോർ ആയിരക്കയിൽ പണി ആരംഭിച്ച കിഴക്കു പടിഞ്ഞാറുള്ള കെട്ടിടം 1917 ജൂലൈ മാസത്തിൽ പൂർത്തിയാക്കി താമസം തുടങ്ങി.

1926-ൽ ഇവിടെ ഒരു ഗവണ്മെന്റ് ആസ്പത്രി ആരംഭിച്ചു. മേശ, കസേര തുടങ്ങിയ പല സാമാനങ്ങളും ആശ്രമത്തിൽ നിന്ന് ആസ്പത്രിക്ക് ദാനമായി നല്കുകയുണ്ടായി.

വേദപ്രചാരത്തിന്റെ പണംകൊണ്ട് ചിറ്റൂത്തറ ബ. കുസുമോസച്ചന്റെ ഉത്സാഹത്തിൽ 1926-ഒക്ടോബറിൽ ഇവിടെ ഒരു നെയ്ത്തുശാല ആരംഭിച്ചെങ്കിലും അത് അധികം കഴിയുന്നതിനുമുമ്പുതന്നെ നിന്നുപോയി. പ്രിയോർ പെരുമാലിൽ ബ. ലൂയീസച്ചൻ 1930-ൽ വലിയ അൾത്താരയിലെയും തിരുഹൃദയ അൾത്താരയിലെയും രൂപക്കൂടുകൾ പണി കഴിപ്പിച്ചു.

www.malankaralibrary.com

1936-ൽ ഈ ആശ്രമത്തിന്റെ വജ്രജൂബിലി ആഡംബരപൂർവം കൊണ്ടാടി. പ്രിയോർ മണ്ണൂർ ബ. റെമീജിയൂസച്ചന്റെ നിർദേശപ്രകാരം മനോഹരമായി അലങ്കരിച്ച ഒരു ബോട്ടിൽ അനേകം ബോട്ടുകളുടെയും വള്ളങ്ങളുടെയും അകമ്പടിയോടുകൂടെ പ. കുർബാന എഴുന്നള്ളിച്ചു വച്ചുകൊണ്ട് ആറ്റിൽക്കൂടെ ഒരു പ്രദക്ഷിണം നടത്തി. ആശ്രമദൈവാലയം മുതൽ കിഴക്കേത്തലയ്ക്കൽ പള്ളിവരെയും ഈ പ്രദക്ഷിണം ദീർഘിച്ചു. ജലത്തിൽക്കൂടെയുള്ള പ. കുർബാനയുടെ പ്രദക്ഷിണം കേരളത്തിൽ ഇദംപ്രഥമമായാണ് നടത്തിയത് എന്നു പറയാം.

ഇവിടത്തെ കൊവേന്തക്കെട്ടിടം ജീർണിച്ചു തുടങ്ങുകയാൽ, 1943 മുതൽ ഇവിടെ പ്രിയോരായിരുന്ന പൂണോലി ബ. അന്ത്രയോസച്ചന്റെ പരിശ്രമത്താൽ, മുമ്പുണ്ടായിരുന്ന കെട്ടിടത്തിന്റെ പടിഞ്ഞാറോട്ടും തെക്കോട്ടും രണ്ടു നിലയിൽ രണ്ടു കെട്ടിടങ്ങൾ തീർത്തു. ആറ്റുതീരത്തുണ്ടായിരുന്ന കെട്ടിടം പൊളിച്ചു മാറ്റി, പൊതുജനങ്ങൾക്ക് ആശുപത്രിയിലേക്ക് ഒരു വഴി തുറന്നു, ആറ്റുതീരത്തുകൂടെ തോടിന് ഒരു പാലവും പണികഴിപ്പിച്ചു.

ആലപ്പുഴ പട്ടണത്തിൽ കമ്മ്യൂണിസ്റ്റുകാർ സുസംഘടിതമായി ചെയ്യുന്ന പ്രവർത്തനങ്ങൾ ചെറുക്കാൻ അദ്ദേഹം നിശ്ചയിച്ചു.അതിനായി അവിടെ സഭവകയായി ഒരു സ്ഥാപനമുണ്ടാക്കണമെന്ന് ആശ ജനിച്ചു. ഈ ആഗ്രഹം ഫലമണിയുകയായിരുന്നു, 1943-ൽ ആലപ്പുഴ കടൽത്തീരത്തിനടുത്ത് ഒരു പുരയിടം കെട്ടിടത്തോടുകൂടെ പുളിങ്കുന്നു കൊവേന്തയിലേക്ക് തീറുവാങ്ങിയപ്പോൾ.

1946-ൽ മുൻപറഞ്ഞ വിധത്തിൽ ആറ്റിൽക്കൂടെ മറ്റൊരു ദിവ്യകാരുണ്യ പ്രദക്ഷിണവും നടത്തുകയുണ്ടായി.

1960-ൽ ആശ്രമത്തിനു തെക്കുവശത്ത് ആറ്റിലേക്ക് അഭിമുഖമായി ഒരു പുതിയ പള്ളി പണിയാൻ ആരംഭിച്ചു. പള്ളി, സിമിറ്ററി, മണിമാളിക പള്ളിക്കു ചുറ്റുമുള്ള മതിൽ തുടങ്ങിയ പണികൾ പൂർത്തിയായതോടെ, 1962 ഏപ്രിൽ 26-ന് അവയുടെ വെഞ്ചരിപ്പുകർമം നടന്നു. തദവസരത്തിൽ, ചങ്ങനാശ്ശേരി മെത്രാപ്പോലീത്തയും പാലാ, കോതമംഗലം, ആലപ്പുഴ എന്നീ രൂപതകളുടെ മെത്രാന്മാരും സന്നിഹിതരായിരുന്നു. പ്രിയോർ പൂണോലിൽ ബ. അന്ത്രയോസച്ചന്റെ അത്യധ്വാനഫലമായാണ് ഈ പള്ളി അതിവേഗം പൂർത്തിയായത്.

കൈനകരി സെന്റ് ഏലിയാസ് സ്ഥാപനവും, സെന്റ് ആന്റണീസ് മിഷൻ ഹോസ്പിറ്റലും പ്രോവിൻസിന്റെ നേരിട്ടുള്ള ഭരണത്തിൽ നിന്ന്

www.malankaralibrary.com

1960-ൽ ഈ ആശ്രമം ഏറ്റെടുത്തു. തദനന്തരം ഹോസ്പിറ്റൽ പരിസരത്തിൽ 56 സെന്റ് സ്ഥലം വാങ്ങുകയും അതിൽ നിലമായിക്കിടന്ന ഭാഗം നികത്തിയെടുക്കുയും ചെയ്തു. ബ. പ്രൊവിൻഷ്യലച്ചന്റെ നിർദേശാനുസരണം, മുഹമ്മസ്ഥാപനവും മാന്നാനം ആശ്രമത്തിൽ നിന്ന് 1961-ൽ താൽകാലികമായി ഈ ആശ്രമത്തിലേക്ക് ഏറ്റെടുത്തു. അതിനുശേഷമാണ് അവിടത്തെ പള്ളി വികസിപ്പിച്ചു പണിയിച്ചത്. ആലപ്പുഴ സ്ഥാപനത്തിലെ മണിമുറി, ഉല്ലാസമുറി മുതലായവയെല്ലാം ഇക്കാലത്തുതന്നെ പൂർത്തിയാക്കി.

## വിവിധ പ്രവർത്തനങ്ങൾ

### ഫാത്തിമാ സൊഡാലിറ്റി

ഇവിടത്തെ പള്ളിക്കു വടക്കുവശത്തെ ആറ്റുതീരത്തായി പെരുമാലിൽ ബ. എഡ്വേർഡച്ചന്റെ പരിശ്രമത്തിൽ പ.ക.മറിയത്തിന്റെ ഒരു ഗ്രോട്ടോ സ്ഥാപിതമായിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ഉത്സാഹത്താൽ ഈ ആശ്രമത്തോടനുബന്ധിച്ച് ഫാത്തിമാ സൊഡാലിറ്റി എന്ന ഒരു സംഘടനയും. രോഗികളെയും പാവപ്പെട്ടവരെയും സഹായിക്കാൻ വേണ്ടി ഈ സംഘടന വഴിയായി ഒരു ഫണ്ടും സ്ഥാപിച്ചു നടത്തിപ്പോന്നു. 1966 ഓഗസ്റ്റ് 15-ന് ഇദ്ദേഹം നിര്യാതനായ സമയം ഈ ഫണ്ടിൽ 8000 രൂപയോളമുണ്ടായിരുന്നു എന്നതും പ്രസ്താവ്യമത്രേ.

ഈ ആശ്രമത്തിന്റെ കീഴിലായിരുന്നു ആലപ്പുഴ സെന്റ് സേവിയേഴ്സ് കാർമൽ ഹൗസ്. മുദ്രണാലയ പ്രേഷിതത്വം, പൊതുവായനശാല അല്മായർക്കുള്ള ദൈവശാസ്ത്രം തുടങ്ങിയ, പ്രവിശ്യയുടെ പ്രവർത്തനങ്ങൾ നടത്താനായി പ്രവിശ്യാസംഘത്തിന്റെ താൽപര്യപ്രകാരം പ്രോവിൻസിന്റെ നേരിട്ട് അധീനത്തിലുള്ള ഒരു സ്ഥാപനമായി അതു വിട്ടുകൊടുത്തു.

### ഇംഗ്ലീഷ് സ്കൂൾ

1818-ൽ ബ. ഉലക്കപ്പാടിലച്ചൻ പുളിങ്കുന്നു പള്ളി വികാരിയായിരിക്കുകയിൽ ഇടവകപ്പള്ളിയുടെ നെൽപ്പുരയിൽ ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു. സ്കൂൾ ആശ്രമത്തിൽ നിന്നു നടത്തുന്നത് കൂടുതൽ ഉപകാരപ്രദമായിരിക്കുമെന്ന് പലരും അഭിപ്രായപ്പെട്ടു. ആശ്രമവാസിയും വയോവൃദ്ധനുമായിരുന്ന കളത്തിൽ ബ. സ്കറിയാ അപ്രേം അച്ചന്റെ താൽപര്യത്താൽ സ്കൂൾ ചുമതല, കൊവേന്തയിൽ നിന്ന് ഏറ്റെടുത്തു. ഇവിടെ ഉപയോഗിക്കാതെ കിടന്ന ബംഗ്ലാവിൽ 1898 മാർച്ച് 19-ാം നു

www.malankaralibrary.com

വി. യൗസേപ്പിതാവിന്റെ നാമത്തിലും സംരക്ഷണത്തിലും ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു.

കളപ്പുരക്കൽ ബ. കൊച്ചപ്രേമച്ചൻ സ്കൂളിന്റെ പ്രഥമ മാനേജരും അധ്യാപകനുമായി. സ്വദേശത്തുനിന്നും അന്യദേശത്തുനിന്നും ലഭിച്ച ദാനങ്ങളാൽ അദ്ദേഹം ഒരു കെട്ടിടം പണിയിച്ചു. രണ്ടു കെട്ടുവെള്ളങ്ങൾ നിർമിച്ച് അതിന്റെ ആദായത്താൽ ചെലവുകൾ നിർവഹിച്ചുപോന്നു.

വളരെനാൾ മാന്നാനം സ്കൂൾ മാനേജരായിരുന്ന വടക്കയിൽ ബ. ഹില്ലാര്യോസച്ചന്റെ പ്രിയോരായി നിയമിതനായതോടെ, സ്കൂൾ കാര്യത്തിൽ ഒരു പുതിയ ഉണർവ് പ്രത്യക്ഷമായി. അദ്ദേഹത്തിന്റെ പരിശ്രമത്താൽ ഇംഗ്ലീഷ് സ്കൂളിന് അംഗീകരണവും മൂന്നാം ഫാറംവരെ ആരംഭിക്കുന്നതിന് അനുമതിയും ഗ്രാന്റായി 240 ക.യും ലഭിച്ചു. 18 വർഷക്കാലം സ്കൂൾ മാനേജരും ബോർഡിംഗ് റെക്ടറുമെന്ന നിലയിൽ ഈ സ്കൂളിനെ സേവിച്ചിട്ടുള്ള കോയിക്കരി ബ. ബൊനവെന്തുരാ അച്ചന്റെ സ്ഥിര പരിശ്രമഫലമായി ഈയവസരത്തിൽത്തന്നെ രണ്ടു നിലയിലുള്ള ഒരു ബോർഡിംഗ് കെട്ടിടവും പണിതീർത്തു.

കരിക്കമ്പള്ളി ബ. എവുസേബിയൂസച്ചൻ പ്രയോരായിരിക്കവേ, ഈ സ്കൂൾ ഒരു ഹൈസ്കൂളായി ഉയർത്തി. ഈയവസരത്തിൽ കളത്തിൽ ബ. ഫബിയാനോസച്ചന്റെയും മാളിയമ്പുരക്കൽ ബ. മത്യാസച്ചന്റെയും പരിശ്രമഫലമായി, ഹൈസ്കൂളിന് ഒരു പുതിയ കെട്ടിടം നിർമിച്ചു. വിദ്യാഭ്യാസ ഡയറക്ടർ മി. സി. വി. ചന്ദ്രശേഖരന്റെ മഹാമനസ്കതയാലും ഫാ. മാത്യു പുരക്കലിന്റെ സഹായത്താലും ഈ സ്കൂളിന് അംഗീകരണവും സിദ്ധിച്ചു. ബോർഡിംഗ് റെക്ടറായിരുന്ന മൂലമറ്റം ബ. മെൽക്കിയോറച്ചന്റെ പരിശ്രമഫലമായി ഊട്ടുമുറി, കപ്പേള, കുശിനി എന്നിവയ്ക്കായി ബോർഡിംഗിൽ ഒരു രണ്ടുനില കെട്ടിടവും പണികഴിപ്പിച്ച. പുന്നൂർ ബ.യൗസേപ്പ് ഏലിയാസച്ചൻ ഈ സ്കൂളിനും ബോർഡിംഗിനും വേണ്ടി അവിശ്രമം പരിശ്രമിച്ചിട്ടുള്ള ഒരു വ്യക്തിയാണ്.

നമ്മുടെ ബ. ജോസഫ് ഏലിയാസച്ചനും റൊമേയൊ തോമ്മസച്ചനും ബ. വില്യമച്ചനും ബ. ലാസറച്ചനും മാമ്പ്ര ബ. പാസ്കലച്ചനും ബ. പപ്യാസച്ചനും ബ. ക്രിസോസ്തോമച്ചനും കടവിൽ ബ. ഒസ്വാൾദച്ചനും ബ. ഔറേലിയൂസച്ചനും ഇവിടെ ഹെഡ് മാസ്റ്റർമാരായി ജോലി നോക്കിയിട്ടുണ്ട്.

www.malankaralibrary.com

**ദേഹവിയോഗങ്ങൾ**

| | | |
|---|---|---|
| 13-10-1873-ൽ | തോപ്പിൽ ബ. ഗീവർഗീസച്ചനും | (60) |
| 25-03-1883-ൽ | തട്ടാശ്ശേരി ബ. സക്കറിയാച്ചനും | (58) |
| 01-10-1886-ൽ | കളത്തിൽ ബ. കുറിയാസോച്ചനും | (31) |
| 19-04-1888-ൽ | കുടുവാടത്തിൽ ബ. കൂറില്ലോസച്ചനും | (39) |
| 18-07-1888-ൽ | കുടവാടത്തിൽ ബ. ഗ്രിഗോരിയോസച്ചനും | (42) |
| 28-08-1908-ൽ | കളത്തിൽ ബ. സക്കറിയാസച്ചനും | (81) |
| 11-06-1926-ൽ | ചാത്തമ്പറമ്പിൽ ബ. ബെനഡിക്റ്റച്ചനും | (71) |
| 16-12-1926-ൽ | കരിക്കമ്പള്ളിൽ ബ. ഗ്രിഗോരിയോസച്ചനും | (66) |
| 27-12-1931-ൽ | ഏരുമച്ചാടത്തു ബ. കെറുബീനച്ചനും | (76) |
| 24-08-1932-ൽ | പ്രായിക്കുളം ബ. കൊളമ്പസ് നവസന്ന്യാസയും | (20) |
| 04-05-1933-ൽ | പട്ടർമഠം ബ. യൗസേപ്പു സഹോദരനും | (69) |
| 17-03-1939-ൽ | കോയിപ്പള്ളി ബ. പീലിപ്പോസച്ചനും | (83) |
| 28-05-1943-ൽ | നേര്യമ്പറമ്പിൽ ബ. യോഹന്നാനച്ചനും | (79) |
| 29-06-1943-ൽ | നാരകത്തറ ബ. വർഗീസ് സഹോദരനും | (79) |
| 15-04-1949-ൽ | ചാവറ ബ.ഗൊൺസാൽവച്ചനും | (28) |
| 30-11-1949-ൽ | വടക്കേക്കുടി ബ. ആൽഫ്രഡച്ചനും | (52) |
| 31-03-1952-ൽ | കളപ്പുരക്കൽ ബ. അപ്രേമച്ചനും | (87) |
| 01-06-1963-ൽ | വള്ളവന്തറ ബ. ഷാബോറച്ചനും | (58) |
| 05-10-1965-ൽ | മാമ്പ്ര ബ. പാസ്കലച്ചനും | (61) |
| 15-08-1966-ൽ | പെരുമാലിൽ ബ. എഡ്വേഡച്ചനും | (74) |
| 25-02-1968-ൽ | പൂണോലിൽ ബ. അന്ത്രയോസച്ചനും | (74) |

ഭാഗ്യമരണം പ്രാപിച്ച് ഇവിടെ സംസ്കരിക്കപ്പെട്ടിരിക്കുന്നു.

**3. മുത്തോലി-വിശുദ്ധ യോഹന്നാൻ ക്രൂസിന്റെ ആശ്രമം**

ദൈവദാസനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ആരംഭിച്ച കൊവേന്തകളിൽ അവസാനത്തേതാണ് മുത്തോലിയിലുള്ള വിശുദ്ധ യോഹന്നാൻ ക്രൂസിന്റെ ആശ്രമം. പ്ലാശനാൽ കൊവേന്ത, സഭയിൽ നിന്ന് ഉപേക്ഷിക്കുകയാൽ ഭരണങ്ങാനത്തിനും പുന്നത്തുറയ്ക്കും ഇടയ്ക്ക് ഒരു കൊവേന്ത ഉണ്ടാകണമെന്ന് തദ്ദേശവാസികൾ ആഗ്രഹിച്ച്, ചേർപ്പുങ്കൽ പള്ളി വികാരി കാരുപുഴയ്ക്കൽ ചെറിയ്തു കത്തനാർ, പാലാപ്പള്ളി വികാരി തയ്യിൽ യൗസേപ്പു കത്തനാർ, കാപ്പിൽ ഉണ്ണി ചെറിയാ, തെരുവിൽ മത്തായി, നെല്ലിപ്പുഴ ഇട്ടി, കൊട്ടുകാപ്പള്ളിൽ ഇട്ടിച്ചെറിയ തുടങ്ങിയവർ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ

www.malankaralibrary.com

ആയിരുന്ന ലെയൊനാർദ് മെത്രാനച്ചന്റെ പക്കൽ 1869 മെയ് 8-ാം നു ഒരു ഹർജി സമർപ്പിച്ചു. അയൽ പള്ളിക്കാരായ ആനക്കല്ലുങ്കൽ, പ്രവിത്താനം, അരുവിത്തുറ, പൈങ്ങുളം എന്നീ പള്ളികളിലെ വികാരിമാരുടെയും യോഗക്കാരുടെയും ഒപ്പുകളോടു കൂടിയതായിരുന്നു പ്രസ്തുത ഹർജി.

ഈ ദിക്കിൽ ഒരു ആശ്രമം സ്ഥാപിക്കാൻ ബെർണർദീനോസ് മെത്രാൻ ആഗ്രഹിച്ചിരുന്നെങ്കിലും ഇവിടങ്ങളിലെ ചില വാശികളും വഴക്കുകളും മൂലം അതു സാധിച്ചില്ലെന്നും ഇപ്പോഴാകട്ടെ, ദൈവാനുഗ്രഹത്താൽ അവയെല്ലാം ശമിച്ചിരിക്കുന്നതുകൊണ്ട് ഈ ആറ്റുവഴി പുന്നത്തുറയ്ക്കുമേൽ ആനക്കല്ലിനു താഴെ, ഒരു കൊവേന്ത പണിയിച്ചു നടത്താൻ കൊവേന്തപ്പട്ടക്കാരെ അയച്ച് സ്ഥലം നിശ്ചയപ്പെടുത്തണമെന്നും ആശ്രമ സ്ഥാപനത്തിനു വേണ്ടുന്ന പണം ജനങ്ങളിൽനിന്നും പട്ടക്കാരിൽനിന്നും പിരിച്ചുതരുന്നതാണെന്നും ഹർജിയിൽ കാണിച്ചിരുന്നു.

ലെയൊനാർദ് മെത്രാൻ ഈ അപേക്ഷ സസന്തോഷം സ്വീകരിച്ച്, 1869 മെയ് 21-ാം തീയതി അതിനു മറുപടി നല്കി. കൊവേന്തക്ക് സ്ഥലം നിശ്ചയിക്കുന്നതിനുള്ള അധികാരം പ്രിയോർ ചാവറ കുരിയാക്കോസ് ഏലിയാസച്ചനും, ഡെലെഗേറ്റായ ലെയൊപ്പോൾദ് മിഷനറിക്കും കൊടുത്തിരിക്കുന്നതായി അതിൽ കാണിച്ചിരുന്നു. ഈയവസരത്തിലാണ് ലെയൊനാർദ് മെത്രാൻ വത്തിക്കാൻ സൂനഹദോസിൽ സംബന്ധിക്കാൻ റോമിലേക്കു പോയത്. ലെയൊപ്പോൾദ് മിഷനറിയും അദ്ദേഹത്തെ അനുഗമിച്ചിരുന്നു. പകരം, കൊവേന്തകളുടെ ഡെലെഗേറ്റായി ജെരാർദ് മിഷനറി നിയുക്തനായി. ബ. കുരിയാക്കോസ് ഏലിയാസച്ചനും ജെരാർദ് മിഷനറിയും കൂടെ 1869 നവംബർ 1-ന് മാന്നാനത്തു വന്നശേഷം അവിടെനിന്ന്, പദ്രുവാദോ ഭാഗത്തു നിന്നിരുന്ന ചില പള്ളികളെ വരാപ്പുഴ ഭാഗത്തു ചേർക്കാനായി മീനച്ചിലാറ്റിൽക്കൂടെ കിഴക്കോട്ട് യാത്രകഴിക്കവേ, മുത്തോലിയിൽ വരുകയും മുത്തോലിക്കുന്ന് കൊവേന്തയ്ക്കു നിശ്ചയിക്കുകയുമാണു ചെയ്തത്.

മണ്ണൂർ കുടുംബക്കാരുടെ അനുഭവത്തിൽ ഇരുന്നിരുന്നതാണ് പണ്ടാരവകപ്പാട്ടം കടുവക്കുന്ന്. ചേരിക്കലിലുള്ള ഈ കുന്ന് മലയാളത്തിലെ കർമലീത്താ മൂന്നാം സഭവക ഒരു കൊവേന്ത സ്ഥാപിക്കുന്നതിലേക്ക് 1045 തുലാം 26-ന് അവർ ഒഴിഞ്ഞെഴുതിക്കൊടുത്തു. ഈ പ്രമാണം വാങ്ങിക്കൊണ്ട് പ്രിയോരച്ചനും ജെരാർദ് മിഷനറിയും കൂനമ്മാവിലേക്ക് മടങ്ങുകയും ചെയ്തു.

www.malankaralibrary.com

താമസംവിനാ, മാന്നാനം സെമിനാരി റെക്ടരായിരുന്ന പോരൂക്കര കുരിയാക്കോസ് ഏലീശാ അച്ചനെ, കൊവേന്തയുടെ പണിനടത്താൻ, കുരിയാക്കോസ് ഏലിയാസച്ചൻ ഭരമേല്പിച്ചു. അതനുസരിച്ച്, അദ്ദേഹം മുത്തോലി കുരിശുപള്ളിയിൽ താമസിച്ചുകൊണ്ട് പണി ആരംഭിച്ചു. കൊവേന്തയ്ക്ക് സ്വന്തമായി ഒരു കടത്തും, കടവിൽ ഒരു പുരയിടവും സമ്പാദിക്കാനാണ് അദ്ദേഹം ആദ്യമായി ശ്രമിച്ചത്.

ആറ്റുതീരത്തുള്ളതും കടവിനു പറ്റിയതുമായ വേഴമ്പച്ചേരി, കവണുകാട് എന്നീ പുരയിടങ്ങൾ, നാഗനൂലിൻ കുന്നുംപുറത്തുകാരിൽ നിന്ന്, മേനാമ്പറമ്പിൽ ഇട്ടിച്ചെറിയതിനെക്കൊണ്ട് തീറുവാങ്ങിപ്പിച്ചു. ആണ്ടിൽ 24 കുർബാന ചൊല്ലണമെന്ന ബാധ്യതയോടെ അദ്ദേഹം അത് കുരിയാക്കോസ് ഏലിയാസച്ചനെ ഏല്പിച്ചു. അധികം താമസിയാതെ, നാഗനൂലിൻ പുതിയാത്തുകാർ, 'പുരയിടം' എന്ന പറമ്പ് കുർബാനയ്ക്കായും അതിന്റെ മുകൾ ഭാഗം ദേഹണ്ഡം ചെയ്യാതെ കിടന്നത് ദാനമായും കൊവേന്തയ്ക്കു നല്കി.

1870 ജനുവരി മാസത്തിൽ പ്രോ. വികാരി അപ്പ. ആയിരുന്ന പീലിപ്പോസ് മിഷനറി, കൊവേന്തയ്ക്കു കല്ലിട്ടു 1873-ൽ അച്ചന്മാർക്കു താമസിക്കാനുള്ള ബംഗ്ലാവു പണിപൂർത്തിയായി. പണികൾക്കായി പാലാ, ചേർപ്പുങ്കൽ തുടങ്ങിയ പള്ളികളിലെ ജനങ്ങൾ ചില ധർമസഹായം ചെയ്തിട്ടുണ്ട്. 1875-ൽ ലെയോനാർദ് മെത്രാൻ മുത്തോലി ബംഗ്ലാവിൽ വന്നു താമസിക്കുകയും പണിനടത്താനായി കട്ടക്കയത്തു ബ. ചാണ്ടിയച്ചനെയും തളിയത്ത് ബ. വർക്കിയച്ചനെയും നിയമിക്കുകയും ചെയ്തു. കൊവേന്തയുടെ അടിസ്ഥാനപണിക്കായി നാഗനൂലിൻ പുതിയാത്തു തൊമ്മൻ മാപ്പിള 500 രൂപ ദാനം ചെയ്തിട്ടുണ്ട്.

ബ. കുരിയാക്കോസ് ഏലീശാ അച്ചൻ, പാലാ, ഭരണങ്ങാനം, ചേർപ്പുങ്കൽ, അരുവിത്തുറ, പൈങ്ങളം തുടങ്ങിയ പള്ളികളിൽ പോയി കൊവേന്തപണിക്കായി വീതം നിശ്ചയിച്ചു. അതനുസരിച്ച്, ഓരോ പള്ളിയിലുംനിന്ന് ഒരു വർഷത്തെ വരവ് മുഴുവൻ പല പ്രാവശ്യമായി തന്നുകൊള്ളാമെന്നും അച്ചന്മാരുടെ നാലുവർഷത്തെ പതവാരം (ഓഹരി) സ്വമനസ്സാ ഒഴിഞ്ഞുതരാമെന്നും ജനങ്ങളും കഴിവുപോലെ സഹായിക്കാമെന്നും സമ്മതിച്ച് എഴുതിക്കൊടുത്തു. പക്ഷേ, ഈ വാഗ്ദാനമനുസരിച്ചുള്ള സഹായം സാരമായൊന്നും ലഭിക്കാൻ ഇടയായില്ല. ഏതായാലും, പണി ഉടൻതന്നെ ആരംഭിച്ച്, കൊവേന്ത തറ നിരപ്പുവരെ കെട്ടിപ്പൊക്കി. 1878 നവംബർ 24-ന് വിശുദ്ധ യോഹന്നാൻ

www.malankaralibrary.com

ക്രൂസിന്റെ തിരുനാൾ ദിവസം കപ്പേളയുടെ പ്രതിഷ്ഠാകർമവും നടത്തി.

1885-ൽ നടന്ന സഭയുടെ പൊതുസംഘത്തിൽവച്ച് ഈ ആശ്രമത്തിന്റെ പ്രഥമ വികാരിയായി കുടുവാടത്ത് ബ. മത്തായി ഗ്രിഗോരിയോസച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. 1880 മുതൽ കല്പനപ്രകാരം ഇവിടെ വന്നു താമസിച്ചിരുന്ന മൂലയിൽ ബ. ലെയോനാർദച്ചൻ കൊവേന്തയുടെ പണി തുടർന്ന് നടത്തിവന്നു. പണികൾ നടത്തുന്നതിന് ഈ സ്ഥാപനത്തിന്റെ ഒരു ഉത്തമ ഉപകാരിയായിരുന്ന കാരുപുഴക്കൽ വല്യച്ചൻ ഒരു തുക ദാനം ചെയ്തിട്ടുണ്ട്. അങ്ങനെതന്നെ ചേർപ്പുങ്കൽ പള്ളി ഇടവക കുളപ്പുറത്താഴെ യൗസേപ്പച്ചൻ വ്യാകുലമാതാവിന്റെ ഒരു കൊത്തുരൂപവും കട്ടക്കയത്ത് ഇട്ടിമാത്തനച്ചൻ തന്റെ കാസയും കുർബാനതക്സായും മാധവപ്പള്ളിൽ വർഗീസ് തിരുഹൃദയത്തിന്റെ ഒരു രൂപവും ഈ ആശ്രമത്തിന് ദാനമായി നല്കിയിട്ടുണ്ട്. മേനാമ്പറമ്പിൽ ഇട്ടിച്ചെറിയാ, തെരുവിൽ മത്തായി, നെല്ലിപ്പുഴ ഇട്ടി, നാഗനൂലിൻ പുതിയാത്തു തൊമ്മൻ എന്നിവരും ആരംഭത്തിൽ കൊവേന്തപണിക്ക് ഏറെ സഹായിച്ചിട്ടുണ്ട്. കൊവേന്തക്കെട്ടിടത്തിന്റെ ഒരു ഭാഗം 1889 നവംബറിൽ പൂർത്തിയാകയാൽ അവിടെ താമസമാരംഭിച്ചു.

1897 മുതൽ പുതിയ പള്ളിയുടെ പണിയാരംഭിച്ചു. തെക്കുവടക്കായി ഇട്ടിരുന്ന പള്ളിയുടെ അടിസ്ഥാനം മാറ്റി കിഴക്കുപടിഞ്ഞാറാക്കി. കപ്പേള പൊളിച്ച്, അതിന്റെ തടിസാധനങ്ങൾ പുതിയ പള്ളിക്ക് ഉപയോഗിച്ചു. 1904 നവ. 27-ാം തീയതി പുതിയ പള്ളിയുടെ വെഞ്ചരിപ്പ് ചങ്ങനാശ്ശേരി വികാരി അപ്പസ്തോലിക്ക മാക്കിൽ മത്തായി മെത്രാൻ നിർവഹിച്ചു. തദവസരത്തിൽ നടത്തിയ പിരിവിൽനിന്ന് പള്ളിപണിക്ക് വാങ്ങിയ കടത്തിന്റെ ഒരു ഭാഗം തീർക്കാൻ സാധിച്ചു. ആരംഭം മുതൽ പള്ളിയുടെയും കൊവേന്തയുടെയും പണികളൊക്കെ നടത്തിയത് ബ. ലെയോനാർദച്ചനായിരുന്നു.

1902 ജനുവരിയിൽ മാന്നാനത്ത് സമ്മേളിച്ച പൊതുസംഘം ഇത് ഒരു പ്രിയോരാത്തു കൊവേന്തയായി പ്രഖ്യാപിച്ചു. ഒന്നാമത്തെ പ്രിയോരായി കരിക്കമ്പള്ളി ബ. ഗ്രിഗോരിയോസച്ചൻ നിയമിതനായി.

1912-ൽ സഭയുടെ പഠനഗൃഹം വാഴക്കുളത്തുനിന്ന് ഇവിടേക്കു മാറ്റപ്പെട്ടു.

1914-ൽ ആരംഭിച്ച ഒന്നാം ലോക മഹായുദ്ധകാലത്ത് അതിരൂക്ഷമായുണ്ടായ ഭക്ഷ്യക്ഷാമാവസരത്തിൽ, സാധുക്കൾക്ക് ഇവിടെനിന്ന് പലവിധ സഹായങ്ങളും ചെയ്തിട്ടുണ്ട്.

www.malankaralibrary.com

1915-ൽ മംഗലാപുരത്തു നിന്ന് നമ്മുടെ ശെമ്മാശ്ശന്മാരിൽ ഭൂരിഭാഗവും ഇവിടേക്കു മാറ്റപ്പെട്ടു. എന്നാൽ 1918-ൽ ഇവിടത്തെ പഠനഗൃഹം ചെത്തിപ്പുഴയ്ക്കു മാറ്റുകയുണ്ടായി.

1920-ൽ ഈ സ്ഥാപനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിച്ചു. ഇതിന്റെ ശാശ്വതസ്മരണയ്ക്കായി 'നാല്പതു മണിയാരാധന' ഇവിടെ ആണ്ടുതോറും നടത്താൻ ആരംഭിച്ചു, പ്രിയോർ ആലഞ്ചേരി ബ. ബെർണാർദച്ചന്റെ താത്പര്യത്തിൽ.

സഭയുടെ രണ്ടാമത്തെ നവസന്ന്യാസ ഭവനവും പഠനഗൃഹവുമായി ഈ ആശ്രമം നിശ്ചയിക്കപ്പെടുകയാൽ 1926 മുതൽ അമ്പഴക്കാട്ടുനിന്ന് നവസന്ന്യാസികൾ ഇവിടെ താമസമാരംഭിച്ചു. ആദ്യത്തെ നവസന്ന്യാസ ഗുരുവായിരുന്ന മേനാമ്പറമ്പിൽ ബ. ഗർവാസീസച്ചൻ 1937 വരെ ആ ജോലി തുടർന്നു. 1944-ൽ ഇവിടത്തെ പഠനഗൃഹം നിർത്തലാക്കപ്പെടുകയാണുണ്ടായത്.

ഇവിടത്തെ പള്ളി ആവശ്യത്തിനു മതിയാകാതെ വരുകയാൽ 1926 -ൽ ബ. എവുസേബിയൂസച്ചൻ ഒരു മോണ്ടളം പണികഴിപ്പിച്ചു. അതാകട്ടെ, കേടുവന്നു തുടങ്ങിയതിനാൽ 1943-ൽ പ്രിയോരായിരുന്ന പാലയ്ക്കൽ ബ. കുര്യച്ചന്റെ അശ്രാന്ത പരിശ്രമത്താൽ പഴയ പള്ളി പൊളിച്ച് തൽസ്ഥാനത്ത് പുതിയൊരു പള്ളി പണി കഴിച്ചു. 1945-ൽ പുതിയ പള്ളിയുടെ വെഞ്ചരിപ്പും, ആശ്രമസ്ഥാപനത്തിന്റെ 75-ാം വാർഷികവും സാഘോഷം നടത്തപ്പെട്ടു.

1956-ൽ പ്രിയോർ ബ. റിച്ചാർഡച്ചൻ പുതിയൊരു മണിമാളിക പണികഴിപ്പിക്കുകയും പള്ളിയുടെ മദ്ബഹായും കുശിനി, സ്റ്റോർ തുടങ്ങിയ കെട്ടിട ഭാഗങ്ങളും പുതുക്കിപ്പണിയുകയും ചെയ്തു.

1965-ൽ പ്രിയോർ ബ. ജോൺ ജോസഫച്ചൻ യോഗാർഥികളുടെ സൗകര്യാർഥം ഒരു രണ്ടുനിലക്കെട്ടിടം മറ്റു സജ്ജീകരണങ്ങളോടുകൂടെ പണിയിക്കുകയുണ്ടായി.

1966-ൽ പ്രിയോർ ബ. സ്റ്റനിസ്ലാവൂസച്ചൻ പള്ളിമുറ്റത്തേക്ക് ഒരു അപ്രോച്ച് റോഡും, ഗെയിറ്റും പണിതീർത്തിട്ടുണ്ട്.

1967 മാർച്ച് 11-ാം തീയതി തലശ്ശേരി രൂപതയ്ക്കുവേണ്ടി മംഗലപ്പുഴ സെമിനാരിയിൽ പഠനം പൂർത്തിയാക്കിയ മൂന്ന് ശെമ്മാശ്ശന്മാർക്ക് തലശ്ശേരി മെത്രാൻ ഡോ. സെബാസ്റ്റ്യൻ വള്ളോപ്പള്ളി ഈ ആശ്രമ ദേവാലയത്തിൽ വച്ച് വൈദികപട്ടം നല്കി. മണ്ണൂർ ബ. ജോസഫച്ചൻ,

www.malankaralibrary.com

താമരശ്ശേരി ബ. ജോർജച്ചൻ, പൊയ്യക്കര ബ. മത്തായിയച്ചൻ എന്നിവരാണ് നവമായി വൈദികപട്ടം സ്വീകരിച്ചവർ.

1968 സെപ്റ്റംബർ 14-ൽ കണ്ണങ്കുളം ബ. മീഖായേലച്ചന്റെയും കണ്ണങ്കുളം ബ. കസ്യാനച്ചന്റെയും വ്രതവാഗ്ദാന കനകജൂബിലി ഇവിടെ സാഡംബരം ആഘോഷിച്ചു.

## വിവിധ പ്രവർത്തനങ്ങൾ

### യോഗാർഥി ഭവനം

ഈ കൊവേന്തയുടെ സ്ഥാപനത്തോടുകൂടെത്തന്നെ വൈദികരാകാൻ ആഗ്രഹമുള്ള കുട്ടികളെ ഇവിടെ താമസിപ്പിച്ച് സുറിയാനി ഭാഷ പഠിപ്പിച്ചിരുന്നു. ഈ പഠിപ്പിക്കൽ താത്കാലികമായിരുന്നതിനാൽ മർസലീനോസ് മെത്രാന്റെ നിശ്ചയപ്രകാരം ഈ കുട്ടികളെ മാന്നാനം സെമിനാരിയിലേക്കയച്ചു.

1955-ൽ ഭാഷാപഠനക്കാർക്കായി ഈ ആശ്രമത്തോടനുബന്ധിച്ച് ഒരു യോഗാർഥി ഭവനം ക്രമപ്രകാരം മരിയറാണിയുടെ നാമത്തിൽ ആരംഭിച്ചു. അച്ചന്മാർ ഉപയോഗിച്ചിരുന്ന ആശ്വാസമുറിയും അടുത്തുള്ള മുറികളും അവരുടെ ഉപയോഗത്തിനായി വിട്ടുകൊടുത്തു. താമസിയാതെ ബ. ക്ലെയോഫാസച്ചൻ പ്രിയോരായിരിക്കയിൽ യോഗാർഥികളുടെ സൗകര്യം ഉദ്ദേശിച്ച് മുൻ കെട്ടിടത്തെത്തുടർന്ന് ഒരു കെട്ടിടം രണ്ടു നിലയിൽ പണികഴിപ്പിച്ചു. Pre-degree Course നിർബന്ധിതമാകയാൽ ഒന്നാംവർഷം ഭാഷാപഠനം കഴിഞ്ഞവർ 1966-മുതൽ മാന്നാനത്ത് അതു നടത്തിവരുന്നു.

## ഇംഗ്ലീഷ് സ്കൂൾ

### സെന്റ് ആന്റണീസ് ഹൈസ്കൂൾ

1918-ൽ ഇവിടെ ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആരംഭിച്ചു. പ്രിയോരായിരുന്ന ആലഞ്ചേരിൽ ബ. ബെർണാർദച്ചനാണ് ഈ സ്ഥാപനത്തിനുവേണ്ടി പ്രഥമതഃ പ്രയത്നിച്ചത്. പിന്നീട് 1922-ലാണ് ഇത് ഒരു പൂർണ മിഡിൽസ്കൂളായിത്തീർന്നത്. തത്കാലം കൊവേന്തക്കെട്ടിടത്തിൽ നടത്തിയിരുന്ന സ്കൂൾ, പ്രസ്തുത വർഷത്തിൽ പുതുതായി നിർമിച്ച രണ്ടുനിലക്കെട്ടിടത്തിലേക്കു മാറ്റപ്പെട്ടു. ഈ സ്കൂൾകെട്ടിടത്തിനുവേണ്ടി ഐക്കര ബ. യാക്കോബച്ചൻ വളരെയേറെ ബുദ്ധിമുട്ടിയിട്ടുണ്ട്. 1948-ൽ ഇത് ഒരു ഹൈസ്കൂളായി ഉയർത്തി, കണ്ണനാക്കൽ ബ. മലാക്കിയാസച്ചന്റെ സ്ഥിരപരിശ്രമത്താൽ.

www.malankaralibrary.com

ക്ലാസ്സുകൾ നടത്തിവന്നിരുന്ന ഷെഡിന് വേണ്ടത്ര സ്ഥലസൗകര്യമില്ലെന്നു കാണുകയാൽ മാനേജരായിരുന്ന കുന്നത്തൊട്ടിയിൽ ബ. റിച്ചാർഡച്ചൻ 1956-ൽ സ്കൂൾ ഷെഡ് രണ്ടു വശത്തേക്കും നീട്ടിപണിയിക്കുകയുണ്ടായി. 1964 മുതൽ കട്ടക്കയത്തിൽ ബ. അലക്സാണ്ടർ അച്ചൻ ഹെഡ്മാസ്റ്ററായി ഇവിടെ ജോലി നിർവഹിച്ചു വരുന്നു. 1943 -ൽ ഈ സ്കൂളിന്റെ രജതജൂബിലിയും 1968 ഫെബ്രുവരി 10-ന് കനകജൂബിലിയും ആഘോഷപൂർവം നടത്തുകയുണ്ടായി. തറപ്പേൽ ബ. കാർളോസച്ചനും ബ. മലാക്കിയാസച്ചനും ബ. ലാസറച്ചനും ബ. ലിഗോറിയച്ചനും (മുണ്ടക്കൽ) ബ. ബ്ലാസിയൂസച്ചനും ഇവിടെ ഹെഡ്മാസ്റ്റർമാരായിരുന്നിട്ടുണ്ട്.

**സാമൂഹികപ്രവർത്തനം**

പാവപ്പെട്ടവരുടെയും അവശക്രൈസ്തവരുടെയും ഉന്നമനത്തിനായി കുന്നത്തൊട്ടിയിൽ ബ. റിച്ചാർഡച്ചൻ പ്രിയോരായിരിക്കേ (1956-59) പലതും ചെയ്തിട്ടുണ്ട്. ഈ ആശ്രമം വകയായി പുന്നത്തുറ ഉണ്ടായിരുന്ന ഏഴോളം ഏക്കർ സ്ഥലം അവിടെ പാർത്തിരുന്ന അവശക്രൈസ്തവ കുടുംബങ്ങൾക്കായി ആശ്രമസംഘത്തിന്റെ സമ്മതത്തോടെ നാമമാത്രമായ വിലയ്ക്ക് കൊടുക്കുകയുണ്ടായി.

വേദപ്രചാര സംബന്ധമായ പ്രവർത്തനങ്ങൾക്കു പുറമേ, കർമലീത്താ മൂന്നാംസഭ, സൊഡാലിറ്റി, സൺഡേസ്കൂൾ, വിൻസെന്റ് ഡി പോൾ തുടങ്ങിയ സംഘടനകളും ഇവിടെ നടത്തുന്നുണ്ട്.

ഇവയുടെ കാര്യക്ഷമമായ നടത്തിപ്പിന് സ്ഥലം ഹൈസ്കൂളിൽ പ്രധാനാധ്യാപകന്മാരായി ജോലി നിർവഹിച്ചിട്ടുള്ള കടമപ്പുഴ ബ. ഔറേലിയൂസച്ചനും വടക്കൻ ബ. ഇസിദോരച്ചനും മാമ്പ്ര ബ. പപ്യാസച്ചനും പല സഹായ സഹകരണങ്ങളും നല്കിയിട്ടുണ്ട്.

**ദേഹവിയോഗങ്ങൾ**

| | |
|---|---|
| 15-11-1915-ൽ ആലപ്പാട്ട് ബ. അൻസേൽമൂസ് ശെമ്മാശ്ശനും | (32) |
| 27-12-1925-ൽ പൈകട ബ. ബൊനവെന്തൂര ചാണ്ടിയച്ചനും | (67) |
| 8-7-1928-ൽ മൂലയിൽ ബ. ലെയോനാർദച്ചനും | (75) |
| 13-8-1930-ൽ ചുള്ളിവേലിൽ ബ. അന്ത്രയോസ് സഹോദരനും | (85) |
| 4-1-1931-ൽ പുതിയാപറമ്പിൽ ബ. ഗ്രിഗരി സഹോദരനും | (35) |
| 11-11-1933-ൽ കരിയാപുരയിടത്ത് ബ. യൗസേപ്പച്ചനും | (69) |
| 20-10-1940-ൽ ചക്കുങ്കളത്ത് ബ. മത്തായി അച്ചനും | (86) |

www.malankaralibrary.com

9- 1-1941-ൽ ആണ്ടുമാലിൽ ബ. എമ്മാനുവേലച്ചനും (63)
24-10-1941-ൽ വടക്കേൽ ബ. ഹില്ലാര്യോസച്ചനും (71)
17- 3-1949-ൽ തറപ്പേൽ പനച്ചീക്കൽ ബ. കാർളോസച്ചനും (60)
24- 9-1966-ൽ മാപ്പിളപ്പറമ്പിൽ ബ. ജെറോമച്ചനും (66)
11-12-1967-ൽ വാളിപ്ലാക്കൽ ബ. കന്യൂട്ടച്ചനും (52)

ഭാഗ്യമരണം പ്രാപിച്ച് ഇവിടെ സംസ്കരിക്കപ്പെട്ടിരിക്കുന്നു.

**4. ചെത്തിപ്പുഴ -ന.ക. തിരുഹൃദയാശ്രമം**

**കൊവേന്ത സ്ഥാപനം**

നമ്മുടെ ബ. യാക്കോബ് യോഹന്നാനച്ചന്റെ ജ്യേഷ്ഠനായ പാലാക്കുന്നേൽ ബ. മത്തായിക്കത്തനാർ കുടുംബസ്വത്തായി തനിക്കു കൂത്രപ്പള്ളിയിൽ കിട്ടിയിരുന്ന സ്ഥലത്ത് ഒരു കപ്പേളയും മുറിയും പണികഴിപ്പിച്ച്, അവശ സമുദായത്തിൽപ്പെട്ട കുറെപ്പേരെ മാനസാന്തരപ്പെടുത്തി കത്തോലിക്കാസഭയിൽ ചേർത്തിരുന്നു. ഈ കപ്പേളയും മുറിയും കുടുംബസ്വത്തായി കിട്ടിയിരുന്ന വസ്തുക്കളിൽ പത്രമോനി ഒഴിച്ച് ശേഷമുള്ളത് മുഴുവനും ഒരു കൊവേന്തയ്ക്കായി വിട്ടുതരാമെന്ന് 1868-ന്റെ ആരംഭത്തിൽ ഇദ്ദേഹം തന്റെ മല്പാനായിരുന്ന പൊതുപ്രിയോർ ചാവറ കുരിയാക്കോസ് ഏലിയാസച്ചനെയും ബെർണർദീനോസ് മെത്രാനെയും അറിയിച്ചു. ഈ വിവരം ചങ്ങനാശ്ശേരി ഇടവക ചക്കാലക്കൽ ബ. ചെറിയാൻ കത്തനാർ അറിയാനിടയായി. കൂത്രപ്പള്ളി ഒരു കാട്ടുപ്രദേശമാണെന്നും ചങ്ങനാശ്ശേരിയാണ് കൊവേന്തയ്ക്കു യോജിച്ച സ്ഥലമെന്നും കൊവേന്ത പണിയിക്കാനുള്ള സ്ഥലവും അതിനുവേണ്ട പണവും ഉണ്ടാക്കിക്കൊള്ളാമെന്നും അദ്ദേഹം അധികാരികളെ ധരിപ്പിച്ചു.

സ്ഥിതിഗതികളെല്ലാം മനസ്സിലാക്കിയ ബെർണർദീനോസ് മെത്രാൻ കൊവേന്ത ചങ്ങനാശ്ശേരിയിൽ സ്ഥാപിക്കാൻ തീരുമാനിച്ചു. ഈ വിവരം കല്പനപ്രകാരം ചാവറയച്ചൻ, ചക്കാലയിൽ ചെറിയാൻ കത്തനാരെ അറിയിച്ചു. പ്രസ്തുത കത്തിൽ കൊവേന്തസ്ഥലം സുപ്രസിദ്ധമായ ചങ്ങനാശ്ശേരി ചന്തയ്ക്കടുത്തായിരിക്കരുതെന്നും സ്ഥലം മാന്നാനം തുടങ്ങിയുള്ള കൊവേന്തകളുടെ പ്രിയോരിന്റെ പേരിൽ പതിക്കണമെന്നും ഭൂമി സമനിരപ്പായതും വള്ളം വന്നടുക്കുന്നതിനു സൗകര്യമുള്ളതും ആയിരിക്കണമെന്നും നിർദേശിച്ചിരുന്നു.

www.malankaralibrary.com

ഈ നിർദേശാനുസരണം എല്ലാത്തരത്തിലും കൊവേന്തയ്ക്കു പറ്റിയസ്ഥലം ചെത്തിപ്പുഴതന്നെയെന്ന് ചക്കാലക്കൽ ചെറിയാൻ കത്തനാർ തീരുമാനിച്ചു. വിവരം ചാവറയച്ചനെ അറിയിച്ചു. എന്നാൽ ഈയവസരത്തിൽ, അമ്പഴക്കാട്ടു കൊവേന്തയുടെ പണി ദ്രുതഗതിയിൽ നടന്നുകൊണ്ടിരുന്നതിനാൽ ചെത്തിപ്പുഴ കൊവേന്തയുടെ പണി ആരംഭിക്കാൻ അല്പം സാവകാശം നല്കണമെന്ന് പ്രിയോരച്ചൻ ആവശ്യപ്പെട്ടു. ഇങ്ങനെ ചെത്തിപ്പുഴ കൊവേന്ത സ്ഥാപനം 12 വർഷത്തിലധികം ഒരു സ്തംഭനാവസ്ഥയിൽ കിടന്നു.

ഈ കാലത്തിനിടയിൽ, കൊവേന്തയ്ക്കായി നിർദേശിക്കപ്പെട്ടിരുന്ന സ്ഥലം പ്രൊട്ടസ്റ്റന്റുകാർ കൈവശപ്പെടുത്താൻ പോകുന്ന വിവരം അറിഞ്ഞ് ചക്കാലക്കൽ ചെറിയാൻ കത്തനാർ ഈ സ്ഥലം പള്ളിയുടെ പേരിൽ പതിക്കാൻ ഗവണ്മെന്റിൽ അപേക്ഷ ബോധിപ്പിച്ചു.

ചങ്ങനാശ്ശേരി മുതൽ കാഞ്ഞിരപ്പള്ളിവരെയുള്ള ജനങ്ങളുടെ ആത്മീയപ്രയോജനത്തിനായി ചങ്ങനാശ്ശേരിയിൽ ഒരു കൊവേന്ത സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിനായി അവിടത്തെ ജനങ്ങളും വൈദികരുംചേർന്ന് 1882 സെപ്റ്റംബർ 26-ാം തീയതി മറ്റൊരപേക്ഷ മെത്രാനച്ചന്റെ പക്കൽ സമർപ്പിച്ചു. കൊവേന്തസ്ഥാപനത്തിന് ഇതഃപര്യന്തം നടന്നിട്ടുള്ള സംഗതികളും അതിൽ കാണിച്ചിരുന്നു.

ഈ അപേക്ഷയെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നതിന് പുളിങ്കുന്നു കൊവേന്തയുടെ ശ്രേഷ്ഠനായിരുന്ന തട്ടാശ്ശേരിൽ സ്കറിയാ യൗസേപ്പച്ചനെ നിയോഗിച്ചു. അദ്ദേഹം കാര്യങ്ങളെല്ലാം അന്വേഷിച്ചറിഞ്ഞ് അനുകൂലമായ മറുപടി നല്കി. ഇതുകൊണ്ടും കാര്യങ്ങൾ പുരോഗമിക്കാഞ്ഞതിനാൽ 1893 ജനു. 9-ന് സഭയുടെ പൊതുപ്രിയോരായിരുന്ന കുരിയാക്കോസ് ഏലീശാ അച്ചന്റെ പക്കൽ ജനങ്ങൾ വീണ്ടും ഒരു അപേക്ഷ കൊടുത്തു.

പ്രിയോരച്ചൻ ജനങ്ങളുടെ അപേക്ഷ സ്വീകരിക്കുകയും ചങ്ങനാശ്ശേരി എല്ലാത്തരത്തിലും കൊവേന്തയ്ക്കു തക്കസ്ഥലമാണെന്നും ഇത് സഭയുടെ സ്ഥാപകന്മാർ ആഗ്രഹിച്ചിരുന്നതാണെന്നും വിശുദ്ധ ത്രേസ്യയുടെ മൂന്നാം ശതവർഷാഘോഷത്തിന്റെ ഓർമയ്ക്കായി ഈ വർഷം തന്നെ കൊവേന്ത സ്ഥാപിക്കണമെന്നും മെത്രാനച്ചനെ അറിയിക്കുകയും പണി നടത്തിക്കാൻ സഭാംഗങ്ങളായ മുക്കാട്ടു ബ. അല്ഫോൻസച്ചനെയും പാലാക്കുന്നേൽ ബ. യാക്കോബച്ചനെയും നിർദേശിക്കുകയും ചെയ്തു.

www.malankaralibrary.com

മർസലീനോസ് മെത്രാൻ ഈ അപേക്ഷ സ്വീകരിച്ചുകൊണ്ട് 1883 ജനുവരി 13-ാം തീയതി കൊവേന്തയ്ക്കുള്ള അനുവാദം നല്കി. പണി നടത്താൻ മേല്പറഞ്ഞ അച്ചന്മാർ നിയുക്തരുമായി. 1883 ഫെ. 20-ന് മാന്നാനം കൊവേന്തയുടെ വികാരി കട്ടക്കയത്തിൽ ബ. ചാണ്ടിയച്ചൻ തത്കാല കെട്ടിടത്തിനും പള്ളിക്കും കല്ലിട്ടു. അച്ചന്മാർ ചങ്ങനാശ്ശേരി പള്ളിയിൽ വികാരിക്കടുത്ത സകലചുമതലകളും കല്പനപ്രകാരം ബ. അൽഫോൻസച്ചനാണ് നടത്തിയിരുന്നത്. കൊവേന്ത സ്ഥാപിക്കാൻ വളരെയധികം പരിശ്രമിച്ചിരുന്ന ചക്കാലക്കൽ ചെറിയ കത്തനാർ 1883 ഓഗസ്റ്റ് മാസത്തിൽ വാതരോഗത്താൽ മരണംപ്രാപിച്ചു. കൊവേന്തയും പള്ളിയും തീരുമ്പോൾ വിശുദ്ധ ഫ്രംസിസ്കോസിന്റെ മൂന്നാംസഭക്കാരുടെ നടത്തലും ഇവിടെ ആക്കണമെന്ന അഭിപ്രായമനുസരിച്ച് താത്കാലിക കപ്പേള വിശുദ്ധ ഫ്രംസിസ്കോസിന്റെ നാമത്തിൽ സ്ഥാപിച്ചു. ഈ മൂന്നാംസഭക്കാർ അവരുടെ കൂട്ടപ്പണത്തിൽ നിന്ന് ഈ കപ്പേളപണിക്ക് ഒരു സഹായം ചെയ്തിട്ടുണ്ട്. 1884 ഫെ. 20-ാം തീയതി പള്ളിയുടെയും കെട്ടിടത്തിന്റെയും വെഞ്ചരിപ്പുകർമം നടത്തി, സഭാംഗങ്ങൾ സ്ഥിരമായി താമസിച്ചു തുടങ്ങി.

മേല്പറഞ്ഞ അച്ചന്മാർക്കു പുറമേ, മാന്നാനത്തുനിന്ന് ചോതിരക്കുന്നേൽ ബ. റൊമുവാൾദച്ചനും അമ്പഴക്കാട്ടുനിന്ന് ബ. അപ്രേമച്ചനും ഇവിടെ വന്നു. പുളിങ്കുന്നു വികാരിയായിരുന്ന കളത്തിൽ ബ. സ്കറിയാ അപ്രേമച്ചൻ ഇവിടത്തെ പ്രഥമ വികാരിയായി നിയമിതനായി.

1887 ജനുവരി മാസത്തിൽ ഈ ആശ്രമത്തിനായി ഉദ്ദേശിച്ചിരുന്ന സ്ഥിരംകെട്ടിടത്തിന് മർസലീനോസ് മെത്രാൻ, ചങ്ങനാശ്ശേരി പള്ളി അഭിഷേകത്തിനു വന്നിരുന്ന കൊല്ലം വി. അപ്പൊ. ഫെർഡിനാണ്ട് ഓസി മെത്രാനോടുകൂടെ ഈശോ മറിയത്തിന്റെ തിരുഹൃദയത്തിന്റെ നാമത്തിൽ ശിലാസ്ഥാപനം നിർവഹിച്ചു. പുതിയതായി ഭരണമേറ്റെടുത്ത കോട്ടയം വി. അപ്പസ്തോലിക്കാ ലവീഞ്ഞു മെത്രാനച്ചൻ 1888-ൽ ഇവിടെ വന്ന് 123 പുതുക്രിസ്ത്യാനികൾക്ക് മുമ്പിലത്തെ ഒപ്രുശുമാ നല്കുകയുണ്ടായി.

പണമില്ലാതിരുന്നതിനാൽ 1897 വരെ കൊവേന്തപ്പണി ഒന്നും നടന്നില്ല. ഇവിടെ വികാരിയായിരുന്ന കരിക്കമ്പള്ളിൽ ബ. ഗ്രിഗോരിയോസച്ചനും, തയ്യിൽ ബ. എസ്തപ്പാനോസച്ചനുംവഴി ലഭിച്ച വിദേശ സഹായവും 1900-ൽ പൊതുശ്രേഷ്ഠസംഘത്തിൽനിന്നും ലഭിച്ച ഒരു സഹായവും കൊണ്ട് കിഴക്കുപടിഞ്ഞാറുള്ള കെട്ടിടത്തിന്റെ കുറെഭാഗം

www.malankaralibrary.com

തീർത്തു. കൊവേന്തപ്പണികൾ തുടർന്നു നടത്തിക്കൊണ്ടു പോകുന്ന തിനു മാർഗമില്ലാതെ വരുകയാൽ 1908-ൽ ഒരു ചിട്ടി നടത്തി. അതു വഴി കിട്ടിയ പണംകൊണ്ടും മറ്റും 1913-ന്റെ ആരംഭത്തോടുകൂടെ കിഴക്കു പടിഞ്ഞാറുള്ള കെട്ടിടം പണിതീർത്ത് വെഞ്ചരിച്ച് കൊവേന്ത പുതിയ കെട്ടിടത്തിലേക്കു മാറ്റി. അന്നു കൂടിയ ഇടവക വൈദികരിൽ പലരും കുർബാനധർമം മൂലമായും മറ്റും സഹായം നല്കുകയുണ്ടായി. ഈ അവസരത്തിൽ ഇത് ഒരു പ്രിയോരാത്തു കൊവേന്തയായി ഉയർത്തു കയും അന്ന് ആശ്രമവികാരിയായിരുന്ന പെരുമാലിൽ ബ. നിക്കാവോ സച്ചനെ പ്രഥമ പ്രിയോരായി നിശ്ചയിക്കുകയും താമസിയാതെ ഈ ആശ്രമം സഭയുടെ പഠനഗൃഹമായി പ്രഖ്യാപിക്കപ്പെട്ടതനുസരിച്ച് 1918 ഡിസംബർ 9-ാം തീയതി ഇവിടെ പഠനമാരംഭിക്കുകയും ചെയ്തു.

കൊവേന്ത പുതിയ കെട്ടിടത്തിലേക്കു മാറ്റിയതോടുകൂടെ വൈദി കർക്ക് കുർബാന അർപ്പിക്കാനുള്ള സൗകര്യം ഉദ്ദേശിച്ച് ഒരു താത്കാ ലിക കപ്പേള പണികഴിപ്പിച്ചു. പുതിയ കപ്പേളയിൽവച്ച് 1921 സെപ്റ്റം ബർ 8-ാം തീയതി ചങ്ങനാശ്ശേരി വി. അപ്പൊ, കുര്യാളശ്ശേരി തോമ്മാ മെത്രാൻ ഇവിടത്തെ വൈദികാർഥികൾക്ക് ഇദംപ്രഥമമായി പട്ടം നല്കി. കാലക്രമത്തിൽ വൈദികാർഥികളുടെ എണ്ണം വർധിക്കുകയാൽ കോയിത്തറ ബ. ജോൺ ബെർക്കുമാൻസച്ചൻ പ്രിയോരായിരിക്കേ കിഴക്കു പടിഞ്ഞാറുള്ള രണ്ടുനിലക്കെട്ടിടം മൂന്നു നിലയാക്കി പണിക ഴിപ്പിച്ചു. സൗകര്യപ്രദമായി വെള്ളം ലഭിക്കാൻ ഒരു പമ്പും സ്ഥാപിച്ചു.

1928 ജനുവരി 6-ന് ചങ്ങനാശ്ശേരി രൂപതാധ്യക്ഷൻ കാളാശ്ശേരി മാർ ജയിംസ് മെത്രാൻ പുതിയ പള്ളിക്കു ശിലാസ്ഥാപനം നടത്തി. ഐക്കര ബ. യാക്കോബച്ചന്റെ നേതൃത്വത്തിൽ പണി ആരംഭിച്ചെങ്കിലും അധികം പുരോഗമിച്ചില്ല.

**ബഥനി പ്രസ്ഥാനം**

1930 സെപ്റ്റംബറിലാണല്ലോ മാർ ഈവാനിയോസും മറ്റും പുന രൈക്യപ്പെട്ടത്. അന്നുമുതൽ കുറെ കൊല്ലത്തേക്ക് പുനരൈക്യപ്പെട്ട വൈദികരിൽ പലരും ഈ ആശ്രമം വക ബംഗ്ലാവിൽ വന്നു താമസി ക്കുകയും, അവരെ ബ. മർസലീനോസച്ചൻ, ബ. ബെർത്തുൽമാച്ചൻ, ബ. പ്ലാസിഡച്ചൻ ആദിയായവർ വേണ്ടവിധം പഠിപ്പിക്കുകയും ചെയ്തി ട്ടുണ്ട്. കൂടാതെ, ബഥനിസഭാംഗമായ ഫാ. ഗീവർഗീസ് ഒരു വർഷക്കാലം ഈ ആശ്രമത്തിൽ താമസിച്ച് നവസന്ന്യാസക്രമങ്ങൾ അഭ്യസിച്ചുപോ യിട്ടുണ്ട്.

www.malankaralibrary.com

1937-ൽ പ്രിയോരായി വന്ന പാറയ്ക്കൽ ബ. അർസേനിയൂസച്ചൻ പള്ളിയുടെ പണി പുനരാരംഭിച്ചു. കിഴക്കുപടിഞ്ഞാറുള്ള ഭാഗം പണി തീർത്ത് 1939 നവം. 1-ാം തീയതി അതിന്റെ വെഞ്ചരിപ്പു കർമം നടത്തി. പട്ടം നല്കുന്ന അവസരത്തിൽ ഉപയോഗിക്കാനായി ഒരു സിംഹാസനം പുതിയ മദ്ബഹായിൽ സജ്ജീകരിക്കാൻ കാളാശ്ശേരി മെത്രാനച്ചൻ നിർദേശിക്കുകയും അതിനുവേണ്ടി വന്ന ചെലവ് അവിടന്നുതന്നെ വഹിക്കുകയും ചെയ്തു.

1943 ഡിസം. 3, 4, 5 എന്നീ തീയതികളിൽ സഭയുടെ പഠനഗൃഹം ഇവിടെ സ്ഥാപിച്ചതിന്റെ രജതജൂബിലി സാഘോഷം കൊണ്ടാടി. ഇതിന്റെ സ്മരണയ്ക്കായി ഈ ദൈവാലയത്തിൽ 'നാല്പതുമണി' ആരാധനയാരംഭിച്ചു. ഈ കാലഘട്ടത്തിനിടയിൽ 100-ൽപരം പേർ ഇവിടെ വൈദികപഠനം പൂർത്തിയാക്കിയിട്ടുണ്ട്.

1950 ജനുവരി 11-ാം നു ഫാത്തിമാ നാഥയുടെ പ്രതിമ ഈ ആശ്രമദൈവാലയത്തിൽ സാഡംബരം സ്വീകരിച്ചു വണങ്ങുകയുണ്ടായി.

ഇവിടത്തെ പഠനഗൃഹത്തിൽ 1930- മുതൽ പഠിപ്പിച്ചുകൊണ്ടിരുന്ന പൊടിപാറ ന.ബ. പ്ലാസിഡച്ചൻ പൗരസ്ത്യതിരുസംഘത്തിന്റെ തിരുകർമ വിഭാഗത്തിലെ ആലോചനക്കാരനായി 1952 മെയ് 24-നു നിയമിക്കപ്പെടുകയാൽ 1954 ഫെബ്രു. മാസത്തിൽ അദ്ദേഹം റോമിലേക്കു പോയി.

1954-ൽ മരിയൻ ജൂബിലിച്ചടങ്ങുകൾ ഈ ആശ്രമത്തിലും ആഘോഷപൂർവം നടത്തപ്പെട്ടു.

1954 ജനുവരിയിൽ, ഈ സ്ഥാപനത്തിന്റെ കീഴിലുള്ള അയിരൂർ ഭവനം ഒരു കാനോനികാശ്രമമാക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് അയിരൂർ ആശ്രമവാസികളുടെ ചെലവിനായി ഈ ആശ്രമത്തിന്റെ വകയായ ഉഭയ കുർബാന ബാധ്യതയുള്ള 20 പറ നിലം (ഇമ്പിളിച്ചിറ) അതിന്റെ ബാധ്യതകളോടുകൂടെ പ്രസ്തുത ആശ്രമത്തിനു നല്കി.

1958 മാർച്ചിൽ പ്രോവിൻസിൽനിന്നു ലഭിച്ച പണസഹായത്താൽ പുതിയ മണിമുറി, കുളിമുറി തുടങ്ങിയ കെട്ടിടഭാഗങ്ങൾ പണികഴിപ്പിച്ചു.

പൊതുസംഘത്തിന്റെ താത്പര്യമനുസരിച്ച് സഹായസഹോദരയോഗാർഥികൾ തങ്ങളുടെ പരിശീലനത്തിനായി പൂഞ്ഞാർ ആശ്രമത്തിൽനിന്ന് 1967 ജനുവരി മാസത്തിൽ ഇവിടെ വന്നു.

www.malankaralibrary.com

1967 നവം. മാസത്തിൽ ഫാദർ സിറിയക്ക് ഏലിയാസ് ചാവറ, ഫാദർ ലെബൈ പൈകട, ഫാദർ തോബിയാസ് റാത്തപ്പള്ളി, ഫാദർ അല്ലേശ് മാമ്പറ, ഫാദർ ലീനൂസ് കൊട്ടാരം, ഫാദർ ഇരണേവൂസ് മുണ്ടകത്തിൽ, ഫാദർ ബ്രൂണോ കണിയാരകം എന്നിവരുടെ വ്രതവാഗ്ദാനത്തിന്റെ സുവർണജൂബിലി ഇവിടെ സാഘോഷം കൊണ്ടാടി.

പെരുമാലിൽ ബ. പ്രോബൂസച്ചൻ പ്രിയോരായിരിക്കേ, ഇവിടെ പണിതീർത്ത ദൈവാലയത്തിന്റെ വെഞ്ചരിപ്പുകർമം 1968-ൽ നടത്തപ്പെട്ടു.

**പ്രശസ്താതിഥികൾ**

1953 ഏപ്രിലിൽ മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ മേല്നോട്ടത്തിലുള്ള ആശുപത്രിയുടെ ശിലാസ്ഥാപനകർമം നടത്താൻ വന്ന അവസരത്തിൽ, ഇന്റർനുൺഷിയോ മാർട്ടിൻ ലൂക്കാസും 1953 നവം. 24-ാം തീയതി പൗരസ്ത്യതിരുസംഘ സെക്രട്ടറി കാർഡിനൽ ടിസ്സരാങ്ങും ഈ ആശ്രമം സന്ദർശിക്കുകയുണ്ടായി.

**നോവിഷ്യേറ്റ്**

1899 ജനുവരി മുതൽ 3 കൊല്ലത്തോളം യോഗാർഥികൾ ഇവിടെ താമസിച്ചുകൊണ്ട് സെന്റ് ബെർക്കുമാൻസു സ്കൂളിൽ പോയി പഠിച്ചിരുന്നു. എന്നാൽ 1902-ൽ മാന്നാനം സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടതോടെ, യോഗാർഥികളെല്ലാം 1903-ൽ അവിടേക്കു മാറ്റപ്പെട്ടു.

1918 മുതൽ 1957 വരെ ഈ ഭവനം പൊതു പഠനഗൃഹമായി നടന്നുവന്നു. എന്നാൽ പൊതു പഠനഗൃഹം 1957-ൽ ബാംഗ്ലൂരിൽ സ്ഥാപിതമായതോടെ, ഈ പഠനഗൃഹം നിർത്തലാക്കപ്പെട്ടു. അനന്തരം ദക്ഷിണ പ്രവിശ്യയുടെ നൊവിഷ്യേറ്റായി പൗരസ്ത്യതിരുസംഘം 1954 ജൂൺ 14-ൽ അംഗീകരിച്ചിരുന്ന പ്രകാരം ഈ ആശ്രമം 1957 മെയ് 15-ാം തീയതി നൊവിഷ്യേറ്റു ഭവനമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. അന്നുതന്നെ നവസന്ന്യാസം ആരംഭിച്ചു. കോട്ടൂരാൻ ബ. ബെഞ്ചമിൻ അച്ചൻ പ്രഥമ നോവീസ് മാസ്റ്ററായി നിയമിതനായി. ഇന്നും ആ ജോലി അദ്ദേഹം തുടർന്നു നിർവഹിക്കുന്നു.

**പ്രേഷിതപ്രവർത്തനം**

കൊവേന്ത സ്ഥാപനം മുതൽ പറയർ, പുലയർ തുടങ്ങിയ അവശ ഹിന്ദുക്കളുടെ മാനസാന്തരവേല ഇവിടെ നടത്തിയിരുന്നു. ആരംഭകാലത്ത് ഈ ആശ്രമവാസിയായിരുന്ന ചോതിരക്കുന്നേൽ ബ. റൊമു

www.malankaralibrary.com

വാൾദച്ചൻ ഇക്കാര്യത്തിൽ വളരെ താത്പര്യം പ്രകടിപ്പിച്ചുകൊണ്ട് ചങ്ങനാശ്ശേരി തുരുത്തി എന്നീ സ്ഥലങ്ങളിൽനിന്ന് അനേകം പേരെ മാനസാന്തരപ്പെടുത്തുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചുകൊണ്ട് 1893 ഫെബ്രു. 14-ാം തീയതി പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ പ്രീഫെക്ട് അദ്ദേഹത്തിന് ഒരു അനുമോദന സന്ദേശം അയച്ചുകൊടുത്തിട്ടുണ്ട്.

കോട്ടയം വികാരി അപ്പൊ. ലവീഞ്ഞു മെത്രാനച്ചൻ അവശക്രൈസ്തവരെ പഠിപ്പിക്കുനനതിനുള്ള പ്രധാനകേന്ദ്രം ചെത്തിപ്പുഴ ആശ്രമമായി നിശ്ചയിച്ച് 1888-ൽ ഇവിടെ ഒരു മതപഠനശാല (Catechumenate) ആരംഭിക്കുകയും അതിന്റെ ചെലവിലേക്ക് ആണ്ടുതോറും 200 രൂപാ വരെ കൊവേന്തയ്ക്കു നല്കാമെന്ന് വാഗ്ദാനം ചെയ്യുകയുമുണ്ടായി. മാമ്മോദീസാ സ്വീകരിക്കുന്നവരുടെ സംഖ്യ വർധിച്ചുവരുകയാൽ, അവരുടെ ആത്മപരിപാലനത്തിനായി ഈ ആശ്രമത്തിൽനിന്ന് ഒരു അച്ചൻ നിശ്ചയിക്കപ്പെടുകയും അദ്ദേഹം വികാരിക്കടുത്ത ചുമതലകളോടുകൂടെ അവരുടെ ആത്മകാര്യങ്ങൾ നടത്തുകയും ചെയ്തുവരുന്നു.

കുറുമ്പനാടത്ത് പ്രൊട്ടസ്റ്റന്റു വിഭാഗത്തിൽ ചേർന്നിരുന്ന അവശക്രൈസ്തവരുടെ ഒരു കൂട്ടം കത്തോലിക്കാസഭയിൽ ചേർന്നു. അവരുടെ കാര്യവും ഇവിടത്തെ അച്ചന്മാരാണ് നടത്തിയിരുന്നത്.

ഇവിടെ മാനസാന്തരപ്പെട്ടവരുടെ സാമ്പത്തികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിനായും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഹൈസ്കൂൾ, കോളജു വിദ്യാഭ്യാസങ്ങൾക്കും പ്രോത്സാഹനങ്ങൾ ചെയ്യുന്നുണ്ട്. കുട്ടികൾ സാക്ഷരത്വമുള്ളവരാകാൻ വേണ്ടി ഇവിടെത്തന്നെ ഒരാശാനെയിരുത്തി അവരെ പഠിപ്പിക്കുന്നു. ചെത്തിപ്പുഴയും കറുമ്പനാടത്തും ഇവർക്കായി രണ്ടു സ്കൂളുകൾ നടത്തിവന്നു.

**മതപഠനം**

ആദ്യ കുർബാന സ്വീകരണത്തിനുള്ള കുട്ടികൾ തുടങ്ങി കോളജുകളിൽ പഠിക്കുന്ന വിദ്യാർഥികൾ വരെയുള്ള ആയിരത്തിൽപരം കുട്ടികൾക്ക് വിവിധ ക്ലാസ്സുകളിലായി നിശ്ചിത പാഠപദ്ധതിയനുസരിച്ച് കാര്യക്ഷമമായവിധം ഇവിടെ മതബോധനം നല്കിവരുന്നു. ഇക്കാര്യത്തിനായി പ്രത്യേക കെട്ടിടങ്ങൾ, വേണ്ട സാമഗ്രികളോടുകൂടെ നിർമിച്ചിട്ടുണ്ട്. കുട്ടികളുടെ സ്വഭാവ സംസ്കരണത്തിനായുള്ള കളിവിനോദങ്ങളും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

www.malankaralibrary.com

1964-ൽ ഒരുചിൽഡ്രൻസ് പാർക്കും 1967-ൽ ഒരു മാതൃകാ പലസ്റ്റ യിനും ഇവിടെ പണിയിക്കുകയുണ്ടായി. 1956 വരെയും ശെമ്മാശ്ശന്മാർ നടത്തിക്കൊണ്ടിരുന്ന മതപഠന ക്ലാസ്സുകൾ ഇന്ന് വൈദികരും ക്ലാര കന്യാസ്ത്രികളും അല്മായരും കൂടി നടത്തുന്നു.

ഈ ആശ്രമ സ്ഥാപനത്തോടുകൂടെത്തന്നെ പൊതുജനങ്ങൾക്കു ണ്ടായിരുന്ന ഒരാഗ്രഹം ഫലമണിയിക്കുമാറ് 1921 നവംബർ 3-ാം തീയതി ഫ്രാൻസിസ്കൻ മൂന്നാംസഭ ഇവിടെ സ്ഥാപിക്കപ്പെട്ടു. ഇതിനു പുറമേ, കർമലീത്താ മൂന്നാംസഭ, സൊഡാലിറ്റി, ലീജിയൻ ഓഫ് മേരി തുട ങ്ങിയ ഭക്തസംഘടനകളും ഇവിടെ കാര്യക്ഷമമായി പ്രവർത്തിച്ചുവ രുന്നു.

കൂടാതെ, ചങ്ങനാശ്ശേരിയിലും പരിസരങ്ങളിലുമുള്ള വിവിധ കന്യകാ മഠങ്ങൾ, രണ്ടു കോളജുകൾ, അഞ്ച് ഹൈസ്കൂളുകൾ തുട ങ്ങിയ സ്ഥാപനങ്ങളിലെ ആധ്യാത്മിക സേവനങ്ങളും ഈ ആശ്രമ ത്തിൽ നിന്നു നടത്തിവരുന്നു.

### സാമൂഹിക പ്രവർത്തനങ്ങൾ

ആരംഭകാലം മുതൽ ഈ ആശ്രമത്തിൽ നിന്ന് പൊതുജനങ്ങൾക്ക് ധാരാളം സേവനങ്ങൾ നല്കിവരുന്നു. ചങ്ങനാശ്ശേരി-വാഴൂർ റോഡ രികിൽ ചങ്ങനാശ്ശേരി ഇടവക ബ. ഏഴനച്ചൻ ദാനം ചെയ്ത സ്ഥലത്ത് 1880 ജനുവരി 19-ാം തീയതി വിശുദ്ധ ബനദിക്തോസിന്റെ നാമത്തിൽ ഒരു കുരിശ് സ്ഥാപിച്ചു. യാത്രക്കാരുടെ ഉപകാരാർഥം അതിനു സമീപം ഒരു കിണറും നിർമിച്ചു. പിന്നീട് ഒരു കപ്പേള അവിടെ പണികഴിപ്പിക്കു കയും 1955 നവംബർ 1-ാം തീയതി ആദ്യമായി അവിടെ ബലിയർപ്പി ക്കയുമുണ്ടായി.

1924 ഓഗസ്റ്റ് 3-ാം തീയതി ഇവിടെ കൊവേന്ത വകയായി ഒരു കാളച്ചന്ത സ്ഥാപിച്ചു. അത് ഇന്നും നടന്നുവരുന്നു.

1953-ൽ ഈ ആശ്രമം വക പത്തിൽ പരം ഏക്കർ സ്ഥലം ആശു പത്രി നടത്താനായി ചങ്ങനാശ്ശേരി അതിരൂപതയ്ക്ക് സൗജന്യമായി വിട്ടുകൊടുത്തിട്ടുണ്ട്. മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് നടത്തിക്കൊ ണ്ടുപോരുന്ന ആസ്പത്രിയിലെ ആധ്യാത്മിക സേവനങ്ങൾ നിർവ ഹിച്ചുകൊണ്ടു പോരുന്നത് ഈ ആശ്രമത്തിൽ നിന്നാണ്.

1955 സെപ്റ്റംബർ മാസത്തിൽ വാഴപ്പള്ളി പഞ്ചായത്ത് ഓഫീസി നുവേണ്ടി ഈ ആശ്രമം വക 25 സെന്റ് സ്ഥലം ദാനമായി കൊടുത്തി

www.malankaralibrary.com

ട്ടുണ്ട്. 1961 ജൂലൈ മാസത്തിൽ പഞ്ചായത്തിൽ നിന്ന് ആവശ്യപ്പെട്ടതനുസരിച്ച്, പൊതുജനങ്ങൾക്കു വേണ്ടി ഒരു കിണർ കുഴിപ്പിക്കുന്നതിനും ടബ്ബ് കെട്ടുന്നതിനുമായി 4 സെന്റ് സ്ഥലം നാമമാത്രമായ വില സ്വീകരിച്ചുകൊണ്ട് വിട്ടുകൊടുക്കുകയുമുണ്ടായി.

ഏതാനും വർഷങ്ങളായി ഇവിടെ നടത്തിവരുന്ന സോഷ്യൽ സർവീസ് സംഘടനവഴി നിർധനരായ പല പെൺകുട്ടികളുടെയും വിവാഹം നടത്തിക്കൊടുക്കുകയും മറ്റുവിധത്തിലുള്ള സമൂദായസേവനം നടത്തിവരുകയും ചെയ്യുന്നു.

**ദേഹവിയോഗങ്ങൾ**

| | |
|---|---|
| 6- 8-1899-ൽ മണക്കുന്നേൻ ബ. യൗസേപ്പച്ചനും | (79) |
| 7-11-1908-ൽ മുക്കാട്ട് ബ. അൾഫോൻസച്ചനും | (62) |
| 12-11-1910-ൽ കാട്ടേഴത്തു ബ. കുസ്മോസച്ചനും | (70) |
| 27- 7-1924-ൽ സ്രാമ്പിക്കൽ ബ. അപ്രേമച്ചനും | (75) |
| 20-10-1927-ൽ കോടങ്കണ്ടത്ത് ബ. സെലസ്തീനോസച്ചനും | (44) |
| 12- 5-1929-ൽ പാലാക്കുന്നേൻ ബ. യാക്കോബച്ചനും | (89) |
| 13- 9-1929-ൽ മടുക്കക്കുഴി ബ. യോഹന്നാൻ ക്രൂസ് തുണ സ.നും | (35) |
| 31-10-1929-ൽ ഏറത്തേൽ ബ. ആൽസേൽമൂസച്ചനും | (36) |
| 23- 5-1936-ൽ പാട്ടത്തിൽ ബ. കുരിയാക്കോസച്ചനും | (65) |
| 16- 8-1940-ൽ ആലഞ്ചേരിൽ ബ. ബെർണാർദച്ചനും | (83) |
| 21- 2-1946-ൽ കിഴക്കേക്കര ബ. വേർണറച്ചനും | (35) |
| 11- 7-1946-ൽ നടുവിലേപ്പറമ്പിൽ ബ. സ്കറിയാച്ചനും | (52) |
| 21- 3-1952-ൽ തലയ്ക്കൽ ബ. ഏണസ്റ്റ് ശെമ്മാശനും | (36) |
| 14- 6-1952-ൽ കോയിക്കരി ബ. ബൊനവെന്തൂരാച്ചനും | (80) |
| 15- 2-1956-ൽ വെട്ടിക്കാട്ട് ബ. ഫിദേലീസച്ചനും | (52) |
| 20- 8-1956-ൽ മണ്ണനാൽ ബ. ചീരില്ലോസച്ചനും | (62) |
| 18-12-1956-ൽ കൊച്ചുതറ ബ. ബൊനവെന്തൂരാച്ചനും | (44) |
| 5- 7-1960-ൽ ഐക്കര ബ. ബൊനവെന്തൂരാച്ചനും | (73) |
| 11- 4-1964-ൽ പനന്താനത്തു ബ. ആഗസ്തി സഹോദരനും | (77) |

ഭാഗ്യമരണം പ്രാപിച്ച് ഇവിടെ സംസ്കരിക്കപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

## 5. കുര്യനാട് – വിശുദ്ധ അന്നാ അമ്മയുടെ ആശ്രമം

### പ്രാരംഭ നടപടികൾ

കുറവിലങ്ങാട്ട് ഫൊറോന പള്ളി വികാരി കൈപ്പൻപ്ലാക്കൽ ബ. അബ്രാഹമച്ചനും പ്രസ്തുത ഇടവകയിലെ വൈദികരും ജനങ്ങളും ചേർന്ന് 1908 ഡിസംബറിൽ സമ്മേളിച്ച ന. സഭയുടെ പൊതുസംഘത്തിലേക്ക് ഒരപേക്ഷ കൊടുത്തു. സഭയുടെ വകയായി കുര്യനാട്ട് ഒരു കൊവേന്ത സ്ഥാപിക്കണം എന്നതായിരുന്നു അതിലെ താത്പര്യം. പൊതുസംഘം അപേക്ഷ സ്വീകരിച്ച് അനുകൂലമായ നിശ്ചയവും ചെയ്തു.

ഇതിനിടക്ക്, എം.സി. റോഡ് 111–ാം മൈലിന്റെ കിഴക്കുവശത്തുള്ള മാമ്പാച്ചിമലയുടെ കുറെഭാഗം, ഏകദേശം 9 ഏക്കർ സ്ഥലം, ഒരു കൊവേന്ത സ്ഥാപനത്തിനായി മറ്റത്തിൽ കുടുംബത്തിലെ ഏതാനും കാരണവന്മാർ ചേർന്ന് മാന്നാനം കൊവേന്ത പ്രിയോരച്ചന്റെ പേർക്ക് ദാനമായി എഴുതിക്കൊടുത്തു. ഈ സ്ഥലം പരേതനായ മറ്റത്തിൽ ബ. യാക്കോബച്ചൻ ഒരു കുരിശുപള്ളി വയ്ക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ പേരിൽ പതിച്ചെടുത്തിട്ടുള്ളതായിരുന്നു.

1908 മേയ് മാസത്തിൽ മറ്റത്തിൽ പുത്തമ്പുരയിൽ ബ. മർത്തീനോസച്ചൻ വൈദികപട്ടം സ്വീകരിച്ചതോടെ കൊവേന്തയ്ക്കുള്ള പരിശ്രമങ്ങൾ സജീവമായിത്തീർന്നു. സ്ഥലം ദാനമായിട്ട് കിട്ടിയെങ്കിലും സഭയിൽ നിന്നും അതു കൈവശപ്പെടുത്തുകയോ ആശ്രമസ്ഥാപനത്തിന് എന്തെങ്കിലും ശ്രമം നടത്തുകയോ ഉണ്ടായില്ല. തന്നിമിത്തം സ്ഥലവാസികൾ ചങ്ങനാശ്ശേരി വി. അപ്പസ്തോലിക്കവഴി വീണ്ടും വീണ്ടും സഭാധികാരികൾക്ക് അപേക്ഷകൾ അയച്ചുകൊണ്ടിരുന്നു.

കൊവേന്ത സ്ഥാപനത്തിനു താമസം നേരിട്ടതിനാൽ കൊവേന്തയും പള്ളിയും പണിയാൻ വെട്ടിവെച്ചിരുന്ന കല്ലെടുത്ത് നാട്ടുകാർ ഒരു പ്രൈമറി സ്കൂൾ പണിയിച്ചു. സ്കൂളും കുറെ സ്ഥലവുംകൂടി ഗവണ്മെന്റിന് വിട്ടുകൊടുത്തു. അത് ഇന്നും സർക്കാർ സ്കൂളായി ഇവിടെ നടന്നുവരുന്നു.

എന്നാൽ 1917 ജനുവരി 16–ൽ ദഫ്നിത്തോർ ജനറാൾ പുളിക്കൽ ബ. ഗബ്രിയേലച്ചൻ കൊവേന്ത ആരംഭമെന്നോണം ഒരു കപ്പേളയ്ക്കു കല്ലിട്ടു. അക്കൊല്ലംതന്നെ കപ്പേളയുടെ പണിതീർന്നു. കുറവിലങ്ങാട്ട് പള്ളിയിൽനിന്ന് പ്രസ്തു കപ്പേളയുടെ ഭരണച്ചുമതല നമ്മുടെ സഭാം

www.malankaralibrary.com

ഗങ്ങൾ ഏറ്റെടുത്ത് 1919 ഏപ്രിൽ 11-ന് കപ്പേളയുടെ വെഞ്ചരിപ്പു കർമം നടത്തി. അന്നു മുതൽ കടമുള്ള ദിവസങ്ങളിൽ മാന്നാനത്തു നിന്ന് അച്ചന്മാർ ഇവിടെ വന്ന് ദിവ്യപൂജ അർപ്പിച്ചിരുന്നു. 1920 സെപ്റ്റംബർ 16 മുതൽ ഇവിടെ അച്ചന്മാർ സ്ഥിരമായി താമസിക്കാൻ തുടങ്ങി. പുഞ്ചേക്കുന്നേൻ ബ. ഫ്രദരിക്കോസച്ചനും വടക്കേൻ ബ. ഹില്ലാര്യോസച്ചനും ചുള്ളിവേലിൽ ബ. അന്ത്രയോസ് സഹോദരനുമായിരുന്നു ആദ്യത്തെ ആശ്രമ വാസികൾ. അവശ സമുദായങ്ങളിൽപ്പെട്ടവരെ മാനസാന്തരപ്പെടുത്തുന്നതിലാണ് ഈ അവസരത്തിൽ അച്ചന്മാരുടെ ശ്രദ്ധ പ്രധാനമായും പതിഞ്ഞത്.

**കൊവേന്ത സ്ഥാപനം**

ഇവിടത്തെ പ്രഥമ ശ്രേഷ്ഠനായിരുന്ന ബ. ഫ്രദരിക്കോസച്ചൻ കുറവിലങ്ങാട്ട് പള്ളിയിൽ പട്ടക്കാർക്കും കന്യാസ്ത്രീകൾക്കും വാർഷിക ധ്യാനം നടത്തിക്കൊണ്ടിരിക്കയിൽ 1921 സെപ്റ്റംബർ 14-ൽ പെട്ടെന്ന് ഹൃദയസ്തംഭനം മൂലം നിര്യാതനായി. മരണാനന്തരമുള്ള ശുശ്രൂഷകൾ അവിടെ നടത്തിയശേഷം പിറ്റേന്നാൾ മൃതദേഹം ഇവിടേക്കു പ്രദക്ഷിണമായി കൊണ്ടുവന്ന് ഇവിടെ സംസ്കരിക്കപ്പെട്ടു.

പിന്നീട് ഇവിടെ ശ്രേഷ്ഠനായി നിയമിതനായത് ബ. ഹില്ലാര്യോസച്ചനാണ്. അദ്ദേഹത്തിന്റെ കാലത്ത് 1922 ഡിസംബർ 8-ന് ഇതൊരു കാനോനികാശ്രമമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. അതോടെ അദ്ദേഹം ഇവിടത്തെ പ്രഥമ വികാരിയുമായി. ഈ സ്ഥാപനത്തിന്റെ ആരംഭത്തിനും പുരോഗതിക്കുമായി ബ. മർത്തീനോസച്ചൻ സഹിച്ചിട്ടുള്ള കഷ്ടതകൾ അവർണനീയമത്രേ.

1923-ന് ഇവിടെ വികാരിയായി വന്ന പെരുമാലിൽ ബ. നിക്ലാവോസച്ചൻ കൊവേന്തക്കെട്ടിടവും പള്ളിയും വിസ്താരപ്പെടുത്തുകയും വിശുദ്ധ അന്തോനീസിന്റെ ഒരു കപ്പേള പണിയിക്കുകയും ചെയ്തു. തുടർന്ന് പിൻഗാമിയായി വന്ന അദ്ദേഹത്തിന്റെ അനുജൻ ബ. ളൂയീസച്ചൻ പള്ളിയുടെ മുഖവാരവും എം.സി. റോഡരികിലുള്ള ചെറുപുഷ്പ കപ്പേളയും പുതിയ ആശ്രമക്കെട്ടിടത്തിനുള്ള തറയും മറ്റു ചില കെട്ടിടങ്ങളും പണി കഴിപ്പിക്കുകയും പണിക്കുള്ള തടികളും മറ്റും സംഭരിക്കുകയുമുണ്ടായി. ഇതിനു പുറമേ, കൊവേന്തയുടെ നിത്യചെലവിലേക്ക് നെല്ല് കിട്ടാൻ വേണ്ടി കൈപ്പുഴയിൽ കുറെ കരിനിലം വാങ്ങിക്കുകയും ഒരു പുതിയ റബ്ബർ തോട്ടം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

www.malankaralibrary.com

1932-ൽ വികാരിയായി രണ്ടാം പ്രാവശ്യവും നിയമിതനായ ബ. നിക്ലാവോസച്ചൻ കൊവേന്തക്കെട്ടിടം രണ്ടു നിലയിൽ ആറാറു മുറികളോടെ പണികഴിപ്പിച്ചു. 1934-ൽ ഇതു പ്രിയോരാത്തു കൊവേന്തയായി പ്രഖ്യാപിച്ചതോടെ അദ്ദേഹം ഇവിടത്തെ പ്രിയോരുമായി.

1937 മുതൽ ഇവിടെ പ്രിയോരായിരുന്ന പാലക്കൽ ബ. കുര്യച്ചൻ നമ്മുടെ കൊവേന്തപ്പറമ്പിനോടു തൊട്ടുകിടക്കുന്ന ചതുപ്പുനിലം വിലയ്ക്കു വാങ്ങി അത്യധ്വാനം ചെയ്തു തെളിച്ചെടുത്തു. പള്ളിയുടെ ഇരുവശത്തും ചാർത്ത് പിടിച്ച് അദ്ദേഹം പള്ളി വിസ്തൃതമാക്കുകയും ചെയ്തു.

### ജൂബിലിയാഘോഷങ്ങൾ

1947-ൽ ഈ ആശ്രമസ്ഥാപനത്തിന്റെ രജതജൂബിലി ഇവിടെ ആഘോഷിച്ചു. പ്രിയോർ ചിറ്റിലപ്പിള്ളി ബ. കൊർണേലിയൂസച്ചന്റെ കാലത്ത് മദ്ബഹായും അൾത്താരകളും കാലോചിതമായി പരിഷ്കരിച്ചു. 1950 ഡിസംബറിൽ ബ. മർത്തീനോസച്ചന്റെയും ബ. നിക്ലാവോസച്ചന്റെയും 1968 സെപ്റ്റംബർ 14-ൽ പള്ളിക്കാപ്പറമ്പിൽ ബ. ദൊനീസിയൂസച്ചന്റെയും വ്രതവാഗ്ദാന കനകജൂബിലി ആഡംബരപൂർവം ഇവിടെ ആഘോഷിക്കുകയുണ്ടായി.

1952 മുതൽ ഇവിടെ പ്രിയോരായിരുന്ന പള്ളിവാതുക്കൽ ബ. ജയിംസച്ചൻ ആശ്രമക്കെട്ടിടം തെക്കോട്ടും വടക്കോട്ടും നീട്ടിപണിയിക്കുകയും ഭക്ഷണശാല, ഉല്ലാസമുറി, പ്രാർഥനാലയം എന്നിവ ആധുനികീകരിക്കുകയും ചെയ്തു.

### വിവിധ പ്രവർത്തനങ്ങൾ

ഇവിടത്തെ പ്രധാന പ്രവർത്തനമായിരുന്ന വിജാതീയരുടെ മാനസാന്തര വേല ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. ഏകദേശം 800 പേർ മാനസാന്തരപ്പെട്ടവരുടെ ഗണത്തിലുണ്ട്. അവരുടെ കാര്യാന്വേഷണത്തിനായി ഒരു വൈദികനും നിയമിക്കപ്പെട്ടിരിക്കുന്നു.

ആരംഭകാലം മുതൽ ശവസംസ്കാരമൊഴികേ ഒരു ഇടവകയുടെ സകല ചുമതലകളും ഈ ആശ്രമത്തിൽനിന്നു നടത്തിക്കൊണ്ടിരിക്കുന്നു.

എണ്ണൂറിൽപരം കുട്ടികളുള്ള ഒരു സൺഡേ സ്കൂൾ സ്ഥലത്തെ ആരാധനാകന്യാസ്ത്രീകളുടെയും യുവജനങ്ങളുടെയും സഹകരണത്തോടെ കാര്യക്ഷമമായി ഇവിടെ നടത്തിവരുന്നു. 1945-ൽ പൊതു

www.malankaralibrary.com

ജനസഹായത്തോടെ ഇതിനുവേണ്ടി നല്ലൊരു കെട്ടിടം പണികഴിച്ചിട്ടുമുണ്ട്.

സൊഡാലിറ്റി, മിഷൻലീഗ്, ലീജിയൻ ഓഫ് മേരി, ഫ്രൻസിസ്കൻ മൂന്നാംസഭ എന്നീ ഭക്തസംഘടനകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. സൊഡാലിറ്റിയും മിഷൻലീഗും പണസഹായം ചെയ്തും മറ്റു സംഘടനകൾ വീടുകൾ സന്ദർശിച്ച് രോഗികളെയും മറ്റും സമാശ്വസിപ്പിച്ചും ആധ്യാത്മികോപദേശങ്ങൾ നല്കിയും അവരുടെ കടമകൾ നിർവഹിച്ചുവരുന്നു. യുവജനങ്ങൾക്കായി ഒരു ക്ലബ്ബും വായനശാലയും ഇവിടെ നടത്തപ്പെടുന്നു.

### ദേഹവിയോഗങ്ങൾ

14- 9-1921-ൽ പാലായിൽ പുഞ്ചേക്കുന്നേൽ ബ്ര. ഫ്രദരിക്കോസച്ചനും (67)
5- 2-1961-ൽ പാലായിൽ പുഞ്ചേക്കുന്നേൽ ബ. വർക്കിയച്ചനും (74)
12- 1-1965-ൽ കുറവിലങ്ങാട്ട് കളപ്പുരക്കൽ ബ. അൾബീനൂസച്ചനും (51)
15- 9-1966-ൽ കുറവിലങ്ങാട്ട് മുണ്ടിയാനിപ്പുറം ബ.സോസിമൂസച്ചനും (54)
13- 9-1968-ൽ അന്ത്യാളത്ത് അറയ്ക്കൽ ബ. പസ്കാസിയൂസച്ചനും (64)
ഭാഗ്യമരണം പ്രാപിച്ച് ഇവിടെ സംസ്ക്കരിക്കപ്പെട്ടിരിക്കുന്നു.

## 6. ചമ്പക്കുളം-ഗാഗുൽത്താ ആശ്രമം

### പ്രാരംഭ നടപടികൾ

കേരളീയ കർമലീത്താ സഭയുടെ ആവിർഭാവം മുതൽ അതിനോടു പലപ്രകാരത്തിലും ബന്ധപ്പെട്ട അതിപുരാതനമായ ഒരു ക്രിസ്തീയ കേന്ദ്രമാണ് ചമ്പക്കുളം. ഇവിടെ സഭവകയായി ഒരാശ്രമം ഉണ്ടാകണം എന്ന ആഗ്രഹം ആദ്യകാലം മുതൽ പലരിലും അങ്കുരിച്ചിരുന്നതാണ്. എന്നാൽ മൂന്നു മൈൽ മാത്രം അകലെ പുളിങ്കുന്നിൽ നേരത്തേ ഒരു കൊവേന്ത സ്ഥാപിതമായിപ്പോയതിനാൽ ഈ ആശ സഫലമാകാതെ കിടക്കുകയായിരുന്നു. ഒടുവിൽ, പ്രസിദ്ധമായ പോരൂക്കര കുടുംബത്തിന്റെ ഒരു ശാഖയായ മാപ്പിളശ്ശേരിൽ നിന്ന് പഴേമഠത്തിൽ താമസിച്ചിരുന്ന ദേവസ്യാ എന്നയാൾ മുഖേനയാണ് ഇത് സാഫല്യമടയാൻ ഇടയായത്.

വ്യാകുലഭക്തരും സന്താനരഹിതരുമായിരുന്ന ദേവസ്യായും ഭാര്യയും തങ്ങൾക്കുള്ള സ്വത്തുക്കളെല്ലാം വ്യാകുലനാഥയുടെ നാമത്തിൽ ഒരാശ്രമം ചമ്പക്കുളത്ത് സ്ഥാപിക്കുന്നതിലേക്ക് വിനിയോഗിക്കാൻ തീർച്ചപ്പെടുത്തി. തദനുസരണം 1919 ഓഗസ്റ്റ് 17-ന് ഒരു റജി

www.malankaralibrary.com

സ്റ്റർ ഉടമ്പടിയുണ്ടാക്കി അന്ന് പ്രിയോർ ജനറാളായിരുന്ന പുളിക്കൽ ബ. ഗൗറിയേലച്ചനു സമർപ്പിച്ചു. അവർക്ക് അന്നുണ്ടായിരുന്നത് 1205 പറ നിലവും 2 ഏക്കർ 66 സെന്റ് ഭൂമിയുമായിരുന്നു. ഇതാണ് ആശ്രമസ്ഥാപനത്തിനായി നല്കപ്പെട്ടത്. എന്നാൽ പ്രസ്തുത ഉടമ്പടിയിൽ ഉണ്ടായിരുന്ന ഒരു പ്രധാന വ്യവസ്ഥ, ദാനക്കാരുടെ കാലശേഷമേ വസ്തുക്കൾ ആശ്രമത്തിന് ഒഴിഞ്ഞുകൊടുക്കുകയുള്ളൂവെന്നും അതിനിടയ്ക്ക് അതു സംബന്ധിച്ച് ഏതെങ്കിലും കരണങ്ങൾ ചെയ്യാൻ അവർക്ക് അധികാരമുണ്ടായിരിക്കുന്നതാണെന്നും ആയിരുന്നു.

പല എഴുത്തുകുത്തുകളുടെയും ഫലമായി 1924 സെപ്റ്റംബർ 30-ന് പരിശുദ്ധ വ്യാകുലമാതാവിന്റെ നാമത്തിൽ പ്രി. ജന. നേര്യമ്പറമ്പിൽ ബ. ളൂയീസച്ചൻ കൊവേന്തയ്ക്കു കല്ലിട്ടു. കൊവേന്തയ്ക്കായി മുൻനിശ്ചയിച്ചിരുന്ന സ്ഥലം ദാനക്കാരന്റെ ഭവനത്തോടു വളരെ അടുത്തായിരുന്നതിനാൽ, സഭവകയായി വാങ്ങിച്ചിരുന്ന ഒരു സ്ഥലത്താണ് കല്ലിട്ടത്. ഈ സ്ഥലത്തിന്റെ ചേരി എന്ന പേർ കല്ലിട്ടതോടെ ഗാഗുൽത്തായെന്നായി മാറ്റപ്പെട്ടു. ഇതും ഇതിനോടു ചേർന്ന സ്ഥലങ്ങളും മുമ്പു പ്രബലന്മാരായ നായന്മാരുടെ ആസ്ഥാനങ്ങളും ചേരിപ്രസിദ്ധനായ പേഷ്ക്കാർ കാഴം രാമൻ പിള്ളയുടെ പിതൃഭവനവും ആയിരുന്നു എന്നതും പ്രസ്താവ്യമാണ്.

**കൊവേന്ത സ്ഥാപനം**

കൊവേന്തയുടെയും പള്ളിയുടെയും മറ്റും പണികൾ ഒരുവിധം പൂർത്തിയാക്കിയിട്ട് 1925 ഡിസം.27-ന് ഇത് ഒരു കാനോനികാശ്രമമായി മുറപ്രകാരം പ്രഖ്യാപിക്കപ്പെടുകയും ഇതിന്റെ ആദ്യത്തെ വികാരിയായി ദാനക്കാരന്റെ സഹോദരൻ ബ. ബൊനവെന്തൂരാച്ചൻ നിയമിതനാവുകയും ചെയ്തു. ഇദ്ദേഹത്തിന്റെ ഭരണകാലത്ത് പൊതുജനങ്ങളുടെ സഹായസഹകരണത്തോടെ പള്ളി നീട്ടിപ്പണിയുകയും 1929-ലെ വ്യാകുലതിരുനാളിനോടനുബന്ധിച്ച് ഒരു 40 മണിയാരാധന നടത്തുകയുമുണ്ടായി. ദാനക്കാരൻ നടത്തിയിരുന്നതും കൊവേന്തയ്ക്കു വിട്ടുതന്നതുമായ ഇംഗ്ലീഷ് മിഡിൽ സ്കൂളിനുവേണ്ടി ഈ കാലഘട്ടത്തിൽ ഒരു ബോർഡിംഗ് കെട്ടിടവും പണികഴിപ്പിച്ചു. ഈ വക കാര്യങ്ങൾക്കായി ബ. ഇറനേവൂസച്ചൻ വളരെ ബുദ്ധിമുട്ടിയിട്ടുണ്ട്. ദാനക്കാരന്റെ സഹോദരന്മാരും അവരുടെ സന്താനങ്ങളും ഇടവക വൈദികരും ഭക്തജനങ്ങളും ഇവിടേക്ക് വേറെയും ചില സഹായങ്ങൾ ചെയ്തിട്ടുണ്ട്.

www.malankaralibrary.com

ആശ്രമസ്ഥാപനത്തിനുശേഷം ചുറ്റുമുള്ള ചില നിലംപുരയിടങ്ങൾ പത്രിമേനിപ്പണംകൊണ്ടു വാങ്ങിച്ചിട്ടുണ്ട്. കൊവേന്തയ്ക്കു ചുറ്റുമായി കിടന്നിരുന്ന നൂറുപറ നിലം കൊവേന്തയുടെ ചെലവിലേക്കായി ദാനക്കാരൻ പിന്നീട് എഴുതിയും തന്നു. എന്നാൽ ദാനക്കാരന്റെ ആദ്യ ഉടമ്പടിക്കുശേഷം കൃഷിപ്പിഴയും ചിട്ടിയേർപ്പാടുകളും കേസുകളും മറ്റും മൂലം അദ്ദേഹത്തിന്റെ സാമ്പത്തികനില ഒന്നിനൊന്ന് അധഃപതിച്ചുവന്നു. 30,000 കയിൽ കവിഞ്ഞ ഒരു കടബാധ്യത അദ്ദേഹത്തിന്റെ വസ്തുക്കളിന്മേൽ വന്നടിയുകയുണ്ടായി. തന്നിമിത്തം, കടം വീട്ടുന്നതിനായി അദ്ദേഹം വസ്തുക്കൾ ഓരോന്നും വിറ്റുതുടങ്ങി. ഒടുവിൽ 1929-ൽ തനിക്ക് അവശേഷിച്ചിരുന്നതിൽ നിന്ന് 219 പറ നിലവും കഷ്ടിച്ച് രണ്ടേക്കറോളം സ്ഥലവും കടംവീട്ടുവകയ്ക്കുവേണ്ടി ഒരു ഒഴുമുറി ആധാരമായി കൊവേന്തയ്ക്ക് എഴുതി. തൽഫലമായി ഇതിനുശേഷം ഇവിടെ വികാരിമാരായിരുന്ന പാലാക്കുന്നേൽ ബ. അംബ്രോസീസച്ചന്റെയും പാട്ടശ്ശേരി ബ. സൈമണച്ചന്റെയും ആറുകൊല്ലത്തെ ഭരണകാലം മിക്കവാറും ദാനക്കാരന്റെ കടക്കാരെ സാന്ത്വനപ്പെടുത്തുന്നതിൽ കഴിച്ചുകൂട്ടേണ്ടതായാണ് വന്നത്.

എന്നാൽ 1935 ആയതോടെ കൊവേന്തയ്ക്ക് മുതൽപലിശയുൾപ്പെടെ 15,000 ക.യ്ക്കുമേൽ കടവും 15,000ക. യോളം മാത്രം മുതലും ഉള്ളതായി കണ്ടതിനാലും കൊവേന്തയുടെ സ്വന്തം വസ്തുക്കൾക്കു തന്നെയും അപകടം നേരിട്ടേക്കുമെന്നു തോന്നിയതിനാലും മേലാവിലെ ആഗ്രഹാനുസരണം പ്രസ്തു കടം മുഴുവൻ മാന്നാനം, ചെത്തിപ്പുഴ, പുളിങ്കുന്ന് ആശ്രമങ്ങൾ പങ്കിട്ടെടുത്ത് ഗാഗുൽത്താ ആശ്രമത്തിന്റെ കടബാദ്ധ്യതകൾ തീർക്കുകയാണുണ്ടായത്. 1936 ഡിസംബറിൽ ബ. സൈമണച്ചൻ ഭരണം അവസാനിപ്പിച്ചപ്പോൾ, ബാധ്യതയൊന്നുമില്ലാതെ 318 പറ നിലവും 2 ഏക്കറോളം സ്ഥലവും കൊവേന്തയ്ക്കുണ്ടായിരുന്നു. ഇതിലേക്കാകട്ടെ, ദാനക്കാരൻ 4,673കയും കൊവേന്തയിൽനിന്ന് 17,158 ക.യുമാണ് ഇറക്കിയിട്ടുള്ളത്. ഫാദർ സൈമന്റെ കാലത്ത് ഇവിടെ പല ഭക്തസംഘടനകളും ഊർജിതമായി നടത്തപ്പെട്ടിരുന്നു.

1940 മുതൽ ഈ ആശ്രമത്തിന്റെ വികാരിയിരുന്ന കൊള്ളന്നൂർ ബ. ഫേലിക്സച്ചന്റെ ഭരണകാലം സംഭവബഹുലമായിരുന്നു. പല പ്രബലന്മാരോടും അദ്ദേഹത്തിന് എതിരിടേണ്ടി വന്നു. പോലീസ് സഹായം തേടേണ്ട അവസരങ്ങളും ഉണ്ടായിട്ടുണ്ട്. എങ്കിലും എല്ലാറ്റിലും

www.malankaralibrary.com

അദ്ദേഹം വിജയം കൈവരിച്ചു. ദാനക്കാരന്റെ സാമ്പത്തിക വൈഷമ്യങ്ങൾ വീണ്ടും വർധിച്ചുതന്നെ വന്നതിനാൽ, അദ്ദേഹത്തിന്റെ നിർബ്ബന്ധപൂർവമായ അപേക്ഷയനുസരിച്ച് പഴയ ഉടമ്പടികളെല്ലാം റദ്ദ് ചെയ്തിട്ട് ഒരു പുതിയ റജിസ്റ്റർ പ്രമാണ പ്രകാരം ടി യാന്റെ അവശേഷിച്ച വസ്തുക്കൾ 10,000 കയുടെ കടബാധ്യതയോടെ കൊവേന്ത ഏറ്റെടുത്തു. വസ്തുക്കൾ വിറ്റ് 8000 ക. ലഭിച്ചു. കടം സംബന്ധിച്ച കേസുകളെല്ലാം തീർക്കുന്നതിനും ഗണ്യമായ തുകകൾ ഇളച്ചുകിട്ടുന്നതിലേക്ക് വാദിക്കുന്നതിനും മുട്ടാർ സ്വദേശിയായ ഇട്ട്യേമ്പറമ്പിൽ ഔസേപ്പ് എന്ന മാന്യന്റെ സാരമായ സഹായം ഉണ്ടായിട്ടുണ്ടെന്നത് പ്രസ്താവ്യമാണ്. ദാനക്കാരനും ഭാര്യയ്ക്കും ആണ്ടുതോറും 125 പറ നെല്ലും 35 ക.യും വീതം ജീവിതകാലം മുഴുവൻ നല്കണമെന്നും, മരണാനന്തരം ചില ശേഷക്രിയകൾ നടത്തണമെന്നും ആയിരുന്നു ഉടമ്പടിയിലെ ഒരു വ്യവസ്ഥ.

1942 മെയ് 5-ന് ദാനക്കാരൻ ദേവസ്യാച്ചൻ ഭാഗ്യമരണം പ്രാപിച്ചു. മൃതശരീരം ഈ ആശ്രമദൈവാലയത്തിൽ സാഘോഷം സംസ്കരിക്കപ്പെട്ടു. 1947 മെയ് 20-ന് ചരമമടഞ്ഞ ഭാര്യ മറിയാമ്മ ചമ്പക്കുളം ഇടവകപ്പള്ളിയിലാണ് സംസ്കരിക്കപ്പെട്ടതെങ്കിലും അവരുടെ അവശിഷ്ടങ്ങൾ പിന്നീട് ഈ കൊവേന്തപ്പള്ളിയിലേക്കു മാറ്റപ്പെട്ടു.

1943 മുതൽ ബ്രഹ്മകുളത്തു ബ. അൽബർത്തോസച്ചനായിരുന്നു ആശ്രമാധിപൻ (ഇദ്ദേഹം പിന്നീടു സഭയുപേക്ഷിച്ച് തിരുവല്ലാ രൂപതയിൽ ചേർന്നു). ദാനക്കാരന്റെ വകയായി അവശേഷിച്ചിരുന്ന ഒരു പഴയ കേസ് ഇദ്ദേഹത്തിന്റെ ഭരണകാലം മുഴുവൻ ഗ്രസിച്ചുകളഞ്ഞു. എങ്കിലും അദ്ദേഹത്തിന്റെ അശ്രാന്തപരിശ്രമഫലമായി കോടതിവിധികൾമൂലം ദാനക്കാരന് പന്തീരാണ്ടുകൊല്ലമായി കിട്ടാതെ കിടന്നിരുന്ന 5000ക.യ്ക്കു വേണ്ടി വലിയൊരു വ്യവഹാരിയും നാട്ടുകാരുടെയെല്ലാം കണ്ഠകോടാലിയുമായിരുന്ന പ്രതിയുടെ വസ്തുക്കൾ ഒന്നടങ്കം ലേലത്തിൽ പിടിച്ച് റിസീവർ ഭരണത്തിൽ എടുപ്പിച്ചു. ഏതായാലും അദ്ദേഹത്തിന്റെ കാലാവധിക്കു ശേഷം അത് ഈടാക്കിയെടുക്കാൻ സാധിക്കാതെയാണു വന്നത്.

1950-ൽ ആശ്രമശ്രേഷ്ഠനായി വന്ന വിതയത്തിൽ ബ. ഫ്ളാവിയാനച്ചന്റെ കാലത്ത് കൊവേന്തക്കെട്ടിടം പുതുക്കിപ്പണിതു. ബോർഡിംഗു കെട്ടിടത്തോടു യോജിപ്പിച്ച് ഒരു പുതിയ കെട്ടിടവും പണിതീർത്തു. 1950 ജനുവരി 12-ന് ഫാത്തിമാ തീർഥപ്രതിമയ്ക്ക് ഈ ആശ്രമത്തിലും ഘോഷമായ സ്വീകരണം നല്കപ്പെട്ടു. 1951-ൽ കൊവേന്തയുടെ രജത

www.malankaralibrary.com

ജൂബിലിയവസരത്തിൽ ഈ ആശ്രമം ദെഫ്നിത്തോരി സംഘം ഒരു പ്രിയോരാത്തായി ഉയർത്തുകയും ബ. ഫ്ളാവിയനച്ചനെ ഇതിന്റെ ആദ്യത്തെ പ്രിയോരായി നിയമിക്കുകയും ചെയ്തു. 1951-ലെ ഉത്തരീയ ശതാബ്ദജൂബിലിയും ഇവിടെ സാഘോഷം നടത്തപ്പെട്ടു.

**പുതിയ ദൈവാലയം**

1962 മുതൽ ഇവിടെ പ്രിയോരായിരുന്ന ഐക്കര ബ. മത്തായി അച്ചന്റെ പരിശ്രമത്താൽ മുണ്ടകത്തിൽ ബ. ഇറനേവൂസച്ചന്റെ സഹായസഹകരണത്തോടും പൊതുജനങ്ങളുടെ ഉദാരമായ ശ്രമദാനത്തോടുംകൂടെ നല്ലൊരു നവീന ദൈവാലയം പണികഴിപ്പിച്ചു. അതിന്റെ പ്രതിഷ്ഠാകർമം 1966 മാർച്ച് 21-ന് ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത സാഘോഷം നിർവഹിച്ചു. അന്നുതന്നെ ഈ സ്ഥാപനത്തിന്റെ മുഖ്യ പ്രവർത്തകനായ കോയിക്കരി ബ. ബൊനവെന്തൂരാച്ചന്റെ ഭൗതികാവശിഷ്ടങ്ങൾ ചെത്തിപ്പുഴനിന്ന് എടുപ്പിച്ച് ഈ പുതിയ ദൈവാലയത്തിൽ കൊണ്ടുവന്നു സംസ്കരിക്കുകയും, തൽസ്ഥാനത്ത് അദ്ദേഹത്തിന്റെ സഹോദരൻ മുൻപ്രസ്താവിച്ചിട്ടുള്ള ദേവസ്യാച്ചന്റെയും അയാളുടെ ഭാര്യയുടെയും ശവകുടീരങ്ങളിലും ഓരോ മാർബിൾശില സ്ഥാപിക്കുകയുമുണ്ടായി.

**വിവിധ പ്രവർത്തനങ്ങൾ**

1922 മുതൽ ദാനക്കാരൻ ഇവിടെ ഒരു ഇംഗ്ലീഷ് മിഡിൽസ്കൂൾ നടത്തിവന്നിരുന്നു. കൊവേന്ത സ്ഥാപനത്തിനു ശേഷം സ്കൂൾ കൊവേന്തയ്ക്കു വിട്ടുതന്നെങ്കിലും ദാനക്കാരൻതന്നെയായിരുന്നു മാനേജർ. എന്നാൽ 1933 മുതൽ ആശ്രമാധിപന്റെ മാനേജ്മെന്റിൽ സ്കൂൾ ഇന്നും നടന്നുപോരുന്നു. 1947-ൽ സ്കൂളിന്റെ രജതജൂബിലി ആഘോഷിക്കുകയുണ്ടായി. കിളിരൂർ നമ്മുടെ ബ. ഹാരോൾഡച്ചനാണ് ഇപ്പോഴത്തെ പ്രധാനാധ്യാപകൻ.

1931 മുതൽ സ്ഥലത്തെ ആരാധനമഠത്തിന്റെ കപ്ലോൻ ജോലി രൂപതാധ്യക്ഷന്റെ ആഗ്രഹമനുസരിച്ച് ഈ കൊവേന്തയിൽനിന്നാണ് നടത്തിപ്പോരുന്നത്.

കുട്ടികൾക്കുള്ള സൺഡേസ്കൂളിനും പുറമേ മരിയസംഖ്യം, മിഷൻ ലീഗ് എന്നിവയും ഇവിടെ സ്ഥാപിച്ചു നടത്തിവരുന്നു. തിരുഹൃദയ ഭക്തി, വ്യാകുലഭക്തി ആദിയായവയും ഇവിടെ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. പുലയർ, പറയർ തുടങ്ങിയ അധഃകൃതരുടെ മാനസാ

www.malankaralibrary.com

ന്തര ജോലിയും നടത്തിവരുന്നു. ഇക്കാര്യത്തിൽ പരേതരായ ചിറ്റൂത്ര ബ. കുസുമോസച്ചനും വടക്കേക്കുടി ബ. ആൽഫ്രഡച്ചനും വളരെയധികം ബുദ്ധിമുട്ടുകളും ത്യാഗങ്ങളും സഹിച്ചിട്ടുണ്ട്.

സാധുജനങ്ങളെ ഉദ്ദേശിച്ച് ഇവിടെ ഒരു ചെറിയ ഡിസ്പെൻസറിയും നടത്തിവരുന്നു. അയൽപ്രദേശത്തെ ബന്ധിക്കുന്ന ഒരു ചിറയും ഒന്നുരണ്ടു വലിയ പാലങ്ങളും പൊതുജനങ്ങളുടെ സഹകരണത്തോടെ ഇവിടെനിന്നും പണികഴിപ്പിച്ചിട്ടുണ്ട്.

### 7. പൂഞ്ഞാർ- വിശുദ്ധ കൊച്ചുത്രേസ്യായുടെ ആശ്രമം

മലമ്പ്രദേശങ്ങളിൽ മിഷൻപ്രവർത്തനങ്ങൾ നടത്താനായി, പൂഞ്ഞാർ, തീക്കോയി, അരുവിത്തുറ, കാഞ്ഞിരപ്പള്ളി എന്നീ സ്ഥലങ്ങളിലെവിടെയെങ്കിലും ഒരാശ്രമം സ്ഥാപിക്കാൻ പോരൂക്കര കുരിയാക്കോസ് ഏലീശാ അച്ചൻ ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്തെങ്കിലും അവയെല്ലാം വിഫലമാവുകയാണുണ്ടായത്. പ്രിയോർ ജനറാളായിരുന്ന ബ. കൊച്ചുചാണ്ടിയച്ചന്റെ നിർദേശപ്രകാരം ബ. ലെയോനാർദച്ചൻ പൂഞ്ഞാറ്റിൽ കൊവേന്ത സ്ഥാപനത്തിനുള്ള പ്രാരംഭ നടപടികൾ നടത്തി. പ്രസ്തുത സ്ഥലത്തുള്ള ആളുകളുമായി ആലോചിച്ചതിന്റെ ഫലമായി, തകടിയേൽ മത്തായി താൻ താമസിച്ചിരുന്ന വീടും പറമ്പും കൊവേന്തക്കായി വിട്ടുതരാമെന്ന് വാഗ്ദാനം ചെയ്തു. മറ്റു പലരും ഉദാരമായ സഹായ സഹകരണങ്ങൾ നല്കാമെന്നും സമ്മതിച്ചു.

1924-ൽ പ്രിയോർ ജനറാൾ ബ. ളൂയീസച്ചന്റെ നിർദേശപ്രകാരം ബ. ലെയൊനാർദച്ചനും മടുക്കക്കുഴി ബ. ക്രൂസ് സഹോദരനും ഇവിടെ താമസമാരംഭിച്ചു. 'ബേസ്നഹ്റീൻ' എന്നാണ് പുതിയ സ്ഥലത്തിനിട്ടിരുന്ന പേർ.

മേല്പറഞ്ഞ തകടിയേൽ മത്തായിയുടെ ഭവനം ഒരു കപ്പേളയായി രൂപാന്തരപ്പെടുത്തി. അതിനു മുൻവശത്ത് ജനങ്ങൾക്ക് കുർബാനയിൽ സംബന്ധിക്കാനുള്ള സൗകര്യത്തിനായി ഒരു ഷെഡും ഈ പുതിയ കപ്പേളയുടെ വടക്കുവശത്തായി കൊവേന്തക്കായി ഒരു തത്കാല കെട്ടിടവും പണി കഴിപ്പിച്ചു. നാത്തനാൽ (തെള്ളി) വർക്കി, കാട്ടറാത്തു ചാണ്ടി, തകടിയേൽ മത്തായി, ഈന്തുംപ്ലാക്കൽ പാപ്പൻ എന്നിവർ ഈ പണികൾക്കുള്ള ചെലവുകൾ വഹിക്കുകയുണ്ടായി.

1924 ഡിസംബർ 24-ാം തീയതി പുതിയ പള്ളിയിൽ ബ. ലെയൊനാർദച്ചൻ ആദ്യമായി ദിവ്യബലിയർപ്പിച്ചശേഷം താമസം പുതിയ കെട്ടി

www.malankaralibrary.com

ടത്തിലേക്കു മാറ്റി. അന്നു മുതൽ രണ്ടുപേർ ഇവിടെ സ്ഥിരമായി താമസിച്ചുകൊണ്ട് ജനങ്ങൾക്ക് ആധ്യാത്മിക സേവനങ്ങൾ ചെയ്യുകയും വേദപ്രചാരവേലകൾ നിർവഹിക്കുകയും ചെയ്തു വന്നു.

ബേസ്നഹ്റീനിൽ ഒരു ദേവാലയം സ്ഥാപിക്കുന്നതിനുള്ള അനുവാദം ഗവണ്മേന്റിൽ നിന്ന് 1925 ജൂൺ 14-നു ലഭിച്ചു. എല്ലാവരുടെയും താത്പര്യമനുസരിച്ച് പ്രസ്തുത മാസം 21-ാം നു ഞായറാഴ്ച ഇവിടെ തിരുഹൃദയതിരുനാൾ സാഘോഷം കൊണ്ടാടി. ഇവിടത്തെ ആശ്രമസ്ഥാപനത്തെ സ്ഥലത്തെ ഈഴവർ പ്രത്യക്ഷമായും പരോക്ഷമായും എതിർത്തു. ഗവണ്മേന്റിലേക്ക് പല ഹർജികളും അവർ അയച്ചു. എങ്കിലും വിശുദ്ധ കൊച്ചുത്രേസ്യയുടെ പ്രത്യേക സഹായത്താൽ പ്രതിബന്ധങ്ങളെല്ലാം നീങ്ങിപ്പോയി.

**ആശ്രമസ്ഥാപനം**

1938 മാർച്ച് 19-ാംനു പൂഞ്ഞാറ്റിലെ സ്ഥാപനം ഒരു കാനോനികാശ്രമമായി പ്രഖ്യാപിക്കപ്പെട്ടു. പാറയ്ക്കൽ ബ. പത്രീസിയച്ചനായിരുന്നു ഈ ആശ്രമത്തിന്റെ ഒന്നാമത്തെ വികാരി. ഇദ്ദേഹത്തിന്റെ നിസ്തന്ദ്ര പരിശ്രമത്തിന്റെ ഫലമാണ് ഇപ്പോൾ ഇവിടെയുള്ള ആശ്രമദേവാലയവും കൊവേന്തക്കെട്ടിടവും മിഡിൽസ്കൂൾ കെട്ടിടവും എല്ലാം. ഈ ആശ്രമത്തിന് ഇന്നുള്ള സ്ഥാവരവസ്തുക്കളിൽ ഭൂരിഭാഗവും സമ്പാദിച്ചതും ഇദ്ദേഹം തന്നെയാണ്. 1942 മുതൽ ഈ ആശ്രമ ദേവാലയത്തിൽ നാല്പതുമണി ആരാധന ആരംഭിച്ചു. പ്രസ്തുത വർഷം ഫെബ്രുവരി 8-ാം നു ഈ ആശ്രമം ഒരു പ്രിയോരാത്തായി പൊതുശ്രേഷ്ഠ സംഘം ഉയർത്തി പ്രഥമ പ്രിയോരായി ബ. പത്രീസിയച്ചനെ ത്തന്നെ നിശ്ചയിക്കുകയും ചെയ്തു.

ഈ ആശ്രമത്തിന്റെ സ്ഥാപനം മുതൽ ഒരു ആശ്രമവാസിയെപ്പോലെ ഇവിടെ ഭക്തജീവിതം നയിച്ചുപോന്ന കുന്നേൽ മത്തായി എന്നയാൾ, 1944 ഓഗസ്റ്റ് 14-ാംനു മരണമടഞ്ഞു. അയാളുടെ ആത്മശാന്തിക്കായി റാസ, ഒപ്പീസ് മുതലായ തിരുകർമങ്ങൾ നടത്തി മൃതദേഹം ആശ്രമ ദേവാലയത്തിൽ സംസ്കരിച്ചു. ഈ ആശ്രമത്തിന്റെ അഭ്യുന്നതിക്കുവേണ്ടി ദീർഘകാലം പരിശ്രമിച്ചിട്ടുള്ള ഒരാളാണ് ഇദ്ദേഹം.

**വിവിധ പ്രവർത്തനങ്ങൾ**

**A. മത പ്രബോധനം**

സ്കൂൾ ദിവസങ്ങളിൽ കുട്ടികൾക്ക് മതപഠനം നല്കുന്നതിനു പുറമേ, ഞായറാഴ്ച ദിവസങ്ങളിലും മതപഠനക്ലാസ്സുകൾ ഇവിടെ വിപു

www.malankaralibrary.com

ലമായ രീതിയിൽ നടത്തിവരുന്നു. മണിയംകുന്ന് ക്ലാരമഠത്തിലെ ബ. സഹോദരികളും മതപഠനകാര്യത്തിൽ നമ്മെ സഹായിക്കുന്നുണ്ട്. ആകർഷകമായ സമ്മാനങ്ങൾ നല്കി കുട്ടികളെ മതപഠനത്തിന് പ്രോത്സാഹിപ്പിക്കുന്നതിന് പ്രതിവർഷം ആശ്രമത്തിൽ നിന്ന് നല്ലൊരു സംഖ്യ ചെലവാക്കുന്നുണ്ട്.

**B. വിദ്യാപ്രവർത്തനം**

ഇടയാടിക്കുന്ന് എന്ന സ്ഥലത്തുണ്ടായിരുന്ന പ്രൈമറിസ്കൂൾ ആശ്രമപരിസരത്തേക്കു മാറ്റി സ്ഥാപിക്കുന്നതിനുള്ള പരിശ്രമങ്ങൾ 1927 ജനുവരിയിൽ ആരംഭിച്ചു. ഈ സ്കൂളിന്റെ കാര്യക്ഷമമായ നടത്തിപ്പിനും കുട്ടികളുടെ നല്ല ശിക്ഷണത്തിനും ആശ്രമത്തിൽ നിന്നു തന്നെ സ്കൂൾ നടത്തണമെന്ന തദ്ദേശവാസികളായ കത്തോലിക്കാ മാതാപിതാക്കന്മാരുടെ അഭ്യർഥന ആദരിച്ചുകൊണ്ട്, അന്ന് ഇവിടത്തെ ആശ്രമാധിപനായിരുന്ന മൈലാടിയിൽ ബ. ദാനിയേലച്ചൻ സ്കൂളിന്റെ മാനേജുമെന്റ് ഏറ്റുവാങ്ങി. എന്നാൽ സ്ഥലത്തെ ഈഴവരും നായന്മാരും സ്കൂൾ മാനേജ്മെന്റ് ആശ്രമത്തെ ഏല്പിക്കുന്നതിനെ ശക്തമായി എതിർത്തു. സ്ഥലത്ത് അധികാരമുള്ള പാലാ സ്കൂൾ ഇൻസ്പെക്ടർ മുതൽ ഡയറക്ടർ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റു മേധാവികളെല്ലാം, ഹിന്ദുക്കളെ അനുകൂലിച്ചു. തദ്ഫലമായി സ്കൂളിന്റെ ഗ്രാന്റു തടഞ്ഞു. കാര്യങ്ങൾ ഇങ്ങനെ വഷളായിക്കൊണ്ടിരുന്ന കാലഘട്ടത്തിലാണ് വടക്കേൽ ബ. ഹില്ലാര്യോനച്ചൻ സ്കൂൾ മാനേജരായി നിയമിതനായത്. ദിവാൻജി മുതലായ ഉദ്യോഗസ്ഥന്മാരെ നേരിട്ടുകണ്ട് നിവേദനങ്ങൾ നടത്തിയതിന്റെ ഫലമായി, ഡയറക്ടറുടെ ഉത്തരവു പിൻവലിപ്പിക്കുന്നതിനും തടഞ്ഞ ഗ്രാന്റു തിരികെ വാങ്ങുന്നതിനും അദ്ദേഹത്തിനു സാധിച്ചു. അതോടെ, ആ വിദ്യാലയ പ്രക്ഷോഭണം ശാന്തമായി. അധികം താമസിയാതെ ഈ സ്കൂൾ ഒരു മിഡിൽ സ്കൂളായി 1962-ൽ ഒരു പൂർണ്ണ ഹൈസ്കൂളായും ഉയർത്തപ്പെട്ടു.

ഇങ്ങനെ പ്രൈമറി, അപ്പർ പ്രൈമറി, സെക്കണ്ടറി സ്കൂളുകൾ നമ്മുടെ മാനേജുമെന്റിൽ നടത്തി ചുറ്റുപാടുമുള്ള കുട്ടികൾക്ക് ക്രിസ്തീയ വിദ്യാഭ്യാസവും ശിക്ഷണവും നല്കിവരുന്നു. ഇന്നാട്ടിലെ പെൺകുട്ടികൾക്ക് പഠിക്കുന്നതിന് അടുത്തെങ്ങും കത്തോലിക്കാ ഹൈസ്കൂൾ സൗകര്യപ്രദമായി ഇല്ലാത്തതിനാൽ 1962-ൽ നമ്മുടെ ഹൈസ്കൂൾ അവർക്കുവേണ്ടിക്കൂടി തുറന്നുകൊടുത്തു. അതിന്റെ അധ്യാപനം അവർക്കായുള്ള ഒരു പ്രത്യേക കെട്ടിടത്തിലാണ്.

www.malankaralibrary.com

പ്രസ്തുത പെൺകുട്ടികൾക്കുള്ള വിഭാഗം, ബ. കന്യാസ്ത്രീകളും മറ്റു വനിതാധ്യാപകരുമാണ് നിർവഹിച്ചുവരുന്നത്. 1957-ൽ ഇവിടത്തെ പ്രൈമറിസ്കൂൾ കെട്ടിടങ്ങൾ പുതുക്കിപ്പണിതു. 1966-ൽ ഹൈസ്കൂൾ കെട്ടിടങ്ങൾ രണ്ടുനിലയാക്കി ഉയർത്തുകയും ചെയ്തു, പ്രിയോർ കളപ്പുരക്കൽ ബ. അപ്രേമച്ചന്റെ പരിശ്രമത്താൽ.

ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്റർ തയ്യിൽ ന. ബ. ഹെർമനച്ചനാണ്. നമ്മുടെ ആലപ്പാട്ട് ബ. കാസ്മീറച്ചനും പണ്ടാരവളപ്പിൽ ബ. അഡോൾഫച്ചനും കുന്നപ്പള്ളി ബ. ഹെർബർട്ടച്ചനും വടക്കൻ ബ. ഇസിദോരച്ചനും ചാവറ ബ. ലദിസ്ലാസച്ചനും ഇവിടെ പ്രധാനാധ്യാപകജോലി നിർവഹിച്ചിട്ടുണ്ട്.

**C. ആതുരസേവനം**

ആശ്രമത്തിനു ചുറ്റുമുള്ള അവശരുടെ സഹായാർഥം പല പല രംഗങ്ങളിലായി ശരാശരി 1500 രൂപയോളം പ്രതിവർഷം ആശ്രമത്തിൽ നിന്നു ചെലവിടുന്നുണ്ട്.

**D. കത്തോലിക്കാ സംഘടനകൾ**

കാത്തലിക്ക് സോഷ്യൽലീഗ് (C.S.L.) സോഷ്യൽ വെൽഫെയർ സ്കീം St. Joseph's Service Society, ലീജിയൻ ഓഫ് മേരി, മിഷൻ ലീഗ് എന്നീ സംഘടനകൾ ആശ്രമാംഗങ്ങളുടെ മേല്നോട്ടത്തിൽ സ്ഥലത്തു കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കത്തോലിക്കരുടെ നാനാവിധത്തിലുള്ള പുരോഗതിയാണ് ഈ സംഘടനകളുടെയെല്ലാം ആത്യന്തിക ലക്ഷ്യം.

**8. മുട്ടാർ അമലോദ്ഭവ മാതാവിന്റെ ആശ്രമം**

**പ്രാരംഭ നടപടികൾ**

സഭവകയായി ഒരാശ്രമം മുട്ടാറ്റിൽ സ്ഥാപിക്കുന്നതിന് പുളിക്കീക്കളത്തിൽ ബ. യൗസേപ്പച്ചൻ കുറെ സ്ഥലം വാഗ്ദാനം ചെയ്തിരുന്നു. പ്രിയോർ ജനറാളിന്റെ ഡെലെഗേറ്റായി സഭയെ ഭരിച്ചിരുന്ന ബ. ഫ്രെഡറിക്കോസച്ചനും ദെഫ്നിത്തോരായിരുന്ന ബ. സെലസ്തീനോസച്ചനും കൂടി 1895-ൽ പ്രസ്തുത സ്ഥലം ചെന്നു കാണുകയുണ്ടായി. പിന്നീട് മുട്ടാർ ഇടവകക്കാരുടെ അപേക്ഷയനുസരിച്ച് പ്രിയോർ ജനറാൾ ബ. വലിയ ചാണ്ടിയച്ചനും സ്ഥലത്തുവന്ന് വേണ്ട അന്വേഷണങ്ങൾ നടത്തി ഇടവക ജനങ്ങളുടെ അപേക്ഷയ്ക്കനുകൂലമായ ഒരു മറുപടി നല്കി. ഇതുസംബന്ധിച്ച് ചങ്ങനാശ്ശേരി വി. അപ്പൊ. മാക്കീൽ

www.malankaralibrary.com

മെത്രാനച്ചന്റെ പക്കൽ പള്ളിക്കാർ ഒരപേക്ഷ കൊടുത്തു. അദ്ദേഹം ആ അപേക്ഷ വളരെ സന്തോഷപൂർവം സ്വീകരിച്ച് അതിന്റെ അടിയിൽ "അനുവദിച്ചിരിക്കുന്നു" എന്നു രേഖപ്പെടുത്തി പ്രിയോർ ജനറാളച്ചന് അയച്ചുകൊടുത്തു. ഇതെത്തുടർന്ന്, മുട്ടാറ്റിലെ സ്ഥലം വേണ്ട അന്വേഷണങ്ങൾക്കുശേഷം കൈവശപ്പെടുത്തുന്നതിന് പുളിങ്കുന്നു പ്രിയോരച്ചനെ പ്രിയോർ ജനറാളച്ചൻ അധികാരപ്പെടുത്തി. മുട്ടാർ ആശ്രമ സ്ഥാപനത്തിനുള്ള അനുവാദം അപേക്ഷിച്ചുകൊണ്ടുള്ള കത്ത് പ്രൊപ്പഗാന്ത തിരുസംഘത്തിനയച്ചത് മാക്കീൽ മെത്രാനച്ചൻ തന്നെയായിരുന്നു. എങ്കിലും മുട്ടാറ്റിൽ ആശ്രമം സ്ഥാപിക്കുന്നതിന് ഇനിയും വളരെനാൾ കാത്തിരിക്കേണ്ടതായാണ് വന്നത്.

1911-ൽ ശ്രാമ്പിക്കൽ ബ. അപ്രേമച്ചൻ മുട്ടാർ ആശ്രമസ്ഥാപനത്തിനുവേണ്ടി വീണ്ടും യത്നം തുടങ്ങി. മുട്ടാറ്റിൽ ആശ്രമം സ്ഥാപിക്കുന്നതിനുള്ള അനുവാദം യാചിച്ചുകൊണ്ട് അദ്ദേഹം മാന്നാനത്തു സമ്മേളിച്ച പൊതുസംഘത്തിലേക്ക് ഒരപേക്ഷയയച്ചു. എന്നാൽ സ്ഥലത്തെ മെത്രാന്റെയും പ്രൊപ്പഗാന്ത തിരുസംഘത്തിന്റെയും അനുവാദവും പണിക്കാവശ്യമുള്ള പണവും സമ്പാദിച്ചു കഴിയുമ്പോൾ, ആശ്രമസ്ഥാപനത്തിനുള്ള അനുവാദം നല്കാൻ പ്രസ്തുത പൊതുസംഘം പൊതുശ്രേഷ്ഠസംഘത്തെ അധികാരപ്പെടുത്തുകയാണുണ്ടായത്. ഇതിനിടയിൽ, വിദേശങ്ങളിൽനിന്നും സ്വദേശത്തുനിന്നുമായി ആശ്രമസ്ഥാപനത്തിനുവേണ്ടി കുറെ പണവും ബ. അപ്രേമച്ചൻ സമ്പാദിച്ചു കഴിഞ്ഞിരുന്നു. എങ്കിലും തന്റെ അഭിലാഷം പൂർത്തിയാക്കപ്പെട്ടു കാണുന്നതിനു മുമ്പായി 1924-ൽ അദ്ദേഹം ഭാഗ്യമരണം പ്രാപിച്ചു ചെത്തിപ്പുഴ സംസ്കരിക്കപ്പെട്ടു. അവശിഷ്ടങ്ങളാകട്ടെ, അവിടെനിന്ന് പില്ക്കാലത്ത് ഇവിടെ കൊണ്ടുവന്ന് ഇവിടത്തെ ആശ്രമദൈവാലയത്തിൽ സംസ്കരിക്കപ്പെട്ടിരിക്കുന്നു.

അദ്ദേഹത്തിന്റെ മരണശേഷം, അനന്തരവനായ ബ. തോമ്മാച്ചൻ പ്രസ്തുത സംരംഭങ്ങൾ തുടർന്നു നടത്തി. 1932-ൽ മിത്രക്കരി, പുതുക്കരി, തലവടി എന്നീ സ്ഥലങ്ങളിലെ ജനങ്ങളുടെ പ്രതിനിധികളായി മുപ്പതുപേർ ചേർന്ന് ഒരപേക്ഷ മാന്നാനത്തു സമ്മേളിച്ച പൊതുസംഘത്തിലേക്കയച്ചു. പൊതുസംഘം ഈ സംഗതി പൊതുശ്രേഷ്ഠസംഘത്തെ ഏല്പിച്ചു. തന്മൂലം ദഫ്നിത്തോരി വേണ്ട അന്വേഷണങ്ങൾ നടത്തിയശേഷം മേപ്പുറത്തുശ്ശേരി ചാക്കോ ഈപ്പൻ എന്നയാൾ

www.malankaralibrary.com

കൊവേന്ത സ്ഥാപിക്കാൻ വേണ്ടി ദാനം ചെയ്യാമെന്നു വാഗ്ദാനം ചെയ്തിരുന്ന രണ്ടേക്കർ രണ്ടു സെന്റു സ്ഥലം കൊവേന്തയ്ക്കായി വാങ്ങുന്നതിന് അനുവദിച്ചു. അതനുസരിച്ച്, സ്ഥലം കൈവശപ്പെടുത്തുകയും നാട്ടുകാരുടെ നിർല്ലോപമായ സഹായസഹകരണങ്ങൾ മൂലം അത് നികത്തിയെടുക്കുകയുമുണ്ടായി. ഇതിനിടയ്ക്ക്, പണിയേണ്ട കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കുക, പണം പിരിക്കുക മുതലായവയിൽ ബ. തോമ്മാച്ചൻ ഉദ്യുക്തനായിരുന്നു.

1935 ജനുവരിയിൽ സമ്മേളിച്ച ദെഫ്നിത്തോരിസംഘം കെട്ടിടത്തിന്റെ പ്ലാൻ അംഗീകരിച്ചു. അധികം താമസിയാതെ കെട്ടിടം പണി ആരംഭിച്ചു. ഒരു കൊല്ലംകൊണ്ട്, ആറുപേർക്ക് സൗകര്യമായി താമസിക്കത്തക്കവിധം രണ്ടുനിലയിൽ ഒരു കെട്ടിടം പണിതീർത്തു.

1935 മാർച്ച് 28-ാം തീയതി ചങ്ങനാശ്ശേരി മെത്രാനച്ചൻ കൊവേന്ത സ്ഥാപനത്തിനു രേഖാമൂലമായ അനുമതി നല്കി. കെട്ടിടം പണി തീർത്തെങ്കിലും അച്ചന്മാർ അവിടെ സ്ഥിരതാമസം തുടങ്ങുന്നതിന് പിന്നെയും കാലതാമസം നേരിട്ടു.

**ആശ്രമസ്ഥാപനം**

1938 സെപ്റ്റം. 14-ാം തീയതിയോടുകൂടെ തത്കാല കപ്പേളയുടെയും പണിതീർന്നു. താമസിയാതെ ആശ്രമത്തിന്റെയും കപ്പേളയുടെയും വെഞ്ചരിപ്പു നടന്നു. അന്നുമുതൽ നമ്മുടെ ബ. അച്ചന്മാർ ഇവിടെ സ്ഥിരതാമസം തുടങ്ങി.

1942 ഒക്ടോബർ 12-ാം നു ഈ സ്ഥാപനം ഒരു കാനോനികാശ്രമമായി പ്രഖ്യാപിക്കപ്പെട്ടു. പൈനാടത്ത് ബ. ആഗസ്തീനോസച്ചനാണ് ഒന്നാമത്തെ വികാരിയായി നിയമിതനായത്.

1954-ൽ സമീപവാസികളായ മാർത്തോമ്മാക്കാർക്കും മറ്റു കത്തോലിക്കർക്കും ക്രിസ്തീയവിഷയങ്ങൾ പഠിക്കുന്നതിന് ഉപകാരപ്പെടാൻ തക്കവിധം ഒരു ലൈബ്രറി ആരംഭിച്ചു. പ്രസ്തുത വർഷം ഡിസം. 8-ാം നു ഇവിടെ ഒരു പുതിയ ദൈവാലയത്തിനുള്ള ശിലാസ്ഥാപനം നടന്നു. ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ അരമനയിൽവച്ച്, ആശീർവദിച്ചുതന്ന അടിസ്ഥാന ശില സ്ഥാപിച്ചത്, ബ. പ്രൊവിൻഷ്യാളച്ചന്റെ നിർദേശമനുസരിച്ച് ഈ ആശ്രമത്തിന്റെ സ്ഥാപനത്തിനുവേണ്ടി അക്ഷീണം യത്നിച്ച ശ്രാമ്പിക്കൽ കാഞ്ഞിരക്കരി ബ. തോമ്മാച്ചനാണ്. അദ്ദേഹം 1958-ൽ നിര്യാതനായി.

www.malankaralibrary.com

നമ്മുടെ സഭാപിതാക്കന്മാരുടെ വ്രതാനുഷ്ഠാനത്തിന്റെ ശതാബ്ദ ജൂബിലി 1955 സെപ്റ്റ. 8-ാംനു ഈ ആശ്രമത്തിൽ വിവിധ പരിപാടികളോടെ ആഘോഷിച്ചു.

1959 ജൂൺ മാസത്തിൽ ഈ ആശ്രമം ഒരു പ്രിയോരാത്തു കൊവേന്തയായി ഉയർത്തപ്പെട്ടു. ഇവിടെ വികാരിയായിരുന്ന കരിക്കമ്പള്ളി ബ. എവുസേബിയൂസച്ചനെത്തന്നെയാണ് പ്രഥമ പ്രിയോരായി നിശ്ചയിച്ചത്. 1961 ഓഗസ്റ്റ് 23-നു ചരമം പ്രാപിച്ച അദ്ദേഹത്തിന്റെ ശവകുടീരത്തിൽ 1963 സെപ്റ്റം. 10-ാംനു ഒരു മാർബിൾശില സ്ഥാപിച്ചിട്ടുണ്ട്.

**ദേഹവിയോഗങ്ങൾ**

| | |
|---|---|
| 14-12-1950-ൽ പുളിങ്കുന്നു പുന്നൂർ ബ. ജോസഫ് ഏലിയാസ് അച്ചനും | (58) |
| 31-12-1951-ൽ ആലപ്പുഴ മിത്രക്കരി ബ. ഇഗ്നാസിയോസച്ചനും | (35) |
| 22-11-1958-ൽ മുട്ടാറ്റിൽ ശ്രാമ്പിക്കൽ ബ. തോമ്മാച്ചനും | (71) |
| 23-8-1962-ൽ എടത്വാ കരിക്കമ്പള്ളി ബ. എവുസേബിയൂസ് അച്ചനും | (79) |
| 11-10-1965-ൽ പുളിങ്കുന്നു കാപ്പിൽ ബ. ഏജീദിയൂസച്ചനും | (67) |

ഭാഗ്യമരണം പ്രാപിച്ച് ഇവിടെ സംസ്കരിക്കപ്പെട്ടിരിക്കുന്നു.

**9. മണിമല- വിശുദ്ധ യാക്കോബു ശ്ലീഹായുടെ ആശ്രമം**

കരിക്കാട്ടൂർ (മണിമല) കീക്കരിക്കാട്ട് പുത്തൻപുരയിൽ ചാക്കോ കാക്കൂ എന്നയാൾ തന്റെ പിതാവിന്റെ അഭിലാഷം പൂർത്തിയാക്കുന്നതിനായി ഈ സ്ഥലത്ത് ഒരു ദേവാലയം പണികഴിപ്പിക്കുന്നതിന് ആഗ്രഹിച്ചു. എന്നാൽ അയൽപള്ളിക്കാരുടെ തടസ്സം നിമിത്തം അതു സാധിതമായില്ല. അങ്ങനെയിരിക്കുമ്പോൾ, പ്രസ്തുത കാക്കുവിന്റെ ഒരു സഹോദരൻ ജോസഫ് (ഇപ്പോൾ ഫാ. അർണോൾഡ്) നമ്മുടെ സഭയിൽ പ്രവേശിച്ചു. അതോടെ, പള്ളി പണിയിക്കണമെന്ന ആഗ്രഹം കൊവേന്ത സ്ഥാപിക്കണമെന്നായി മാറി.

അനന്തരം, മണിമലയിൽ ഒരു കൊവേന്ത സ്ഥാപിക്കണമെന്നും അതിനായി 16 ഏക്കർ സ്ഥലം ദാനമായി തരാമെന്നും കാണിച്ച് അദ്ദേഹം 1936 ജനുവരിയിൽ മാന്നാനത്തു സമ്മേളിച്ച പൊതുശ്രേഷ്ഠസംഘത്തിലേക്ക് ഒരപേക്ഷ അയച്ചു. അതനുസരിച്ച്, സ്ഥലത്തുപോയി വേണ്ട അന്വേഷണങ്ങൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി ചെത്തിപ്പുഴ പ്രിയോർ ബ. യൊവാക്കീംഅച്ചനെയും കുന്നുങ്കൽ ബ. ഹയസിന്തച്ചനെയും പൊതുശ്രേഷ്ഠസംഘം നിശ്ചയിച്ചു. അവർ സ്ഥലത്തുപോയി അന്വേഷിച്ചശേഷം, അനുകൂലമായ ഒരു റിപ്പോർട്ട് സമർപ്പി

www.malankaralibrary.com

ച്ചു. ഉടൻതന്നെ അപേക്ഷയിൽ പറഞ്ഞിരുന്ന ദാനവസ്തു സ്വീകരിക്കുന്നതിന് ചെത്തിപ്പുഴ ആശ്രമശ്രേഷ്ഠനെ പൊതുശ്രേഷ്ഠസംഘം ചുമതലപ്പെടുത്തി. 1936 നവംബർ 9-നു ദാന ഉടമ്പടിയുടെ ആധാരം രജിസ്റ്റർ ചെയ്തു. എന്നാൽ, നമ്മുടെ അച്ചന്മാർ ഇവിടെ വന്ന് സ്ഥിരതാമസം തുടങ്ങുന്നതുവരെ വസ്തുവിൽ നിന്നുള്ള ആദായം കാക്കുവിനു തന്നെ വിട്ടുകൊടുത്തു.

ബ. ബർത്തലൂമ്മാച്ചൻ പ്രിയോർ ജനറാളായിരുന്ന കാലത്ത് ഇവിടെ ഒരു ആശ്രമം സ്ഥാപിക്കുന്നതിനുള്ള അനുമതി റോമിൽനിന്നു ലഭിച്ചു. 1942 ജനുവരിയിൽ സമ്മേളിച്ച പൊതുശ്രേഷ്ഠ സംഘം ആശ്രമക്കെട്ടിടത്തിനും പള്ളിക്കുമുള്ള പ്ലാൻ അംഗീകരിച്ചു. 1943 നവംബർ 14-ൽ ദ്ഫ്നിത്തോർ ബ. റൊമയോ തോമസച്ചൻ വിശുദ്ധ യാക്കോബ് ശ്ലീഹായുടെ നാമത്തിൽ ആശ്രമക്കെട്ടിടത്തിന് അടിസ്ഥാനമിട്ടു.

ആരംഭത്തിൽ ശ്രീ കാക്കുതന്നെയാണ് കെട്ടിടംപണികൾ നടത്തിയത്. മണ്ണനാൽ ശ്രീ വിൻസെന്റ് കുഞ്ചെറിയായും ആശ്രമപ്പണിക്കും മറ്റും പലവിധത്തിലും സഹായം നല്കിയിട്ടുണ്ട്. ശ്രീ കാക്കു ആരംഭിച്ചു നടത്തിയ കെട്ടിടംപണി, പിന്നീട് ചെത്തിപ്പുഴ കൊവേന്തയിൽനിന്നുതന്നെ ഏറ്റ് നടത്തിത്തുടങ്ങി. പണികൾ നടത്തുന്നതിനുള്ള ചുമതല പാറയ്ക്കൽ ബ. പത്രീസിയച്ചനെയാണ് ഏല്പിച്ചത്. സഹായിയായി കണ്ണമ്പുഴ ബ. പത്രോസ് സഹോദരനെയും നിയമിച്ചു.

ഇവരിരുവരുടെയും പരിശ്രമഫലമായി താമസംവിനാ ഒരു താത്കാലികപള്ളി പണിതുതീർന്നു. 1945 ഫെബ്രുവരി 11-ാം തീയതി ബ. പത്രീസിയച്ചൻ അതു വെഞ്ചരിച്ച് അതിൽ ആദ്യമായി ദിവ്യബലി അർപ്പിച്ചു. പ്രസ്തുത വർഷം സെപ്റ്റംബർ അവസാനത്തോടെ തത്കാലാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ പണി പൂർത്തിയായതിനാൽ സെപ്റ്റംബർ 30-ാം തീയതി ഈ ആശ്രമം ഒരു കാനോനികാശ്രമമായി പ്രഖ്യാപിക്കപ്പെട്ടു. ഈ സ്ഥാപനത്തിന്റെ ഉന്നമനത്തിനായി അത്യധ്വാനം ചെയ്തിട്ടുള്ള ബ. പത്രീസിയച്ചനെത്തന്നെ ഇവിടുത്തെ പ്രഥമ വികാരിയായി നിശ്ചയിച്ചു. കെട്ടിടംപണിക്ക് നാട്ടുകാരിൽനിന്ന് ഗണ്യമായ സഹായങ്ങൾ ലഭിച്ചിട്ടുള്ളതിനു പുറമേ, നമ്മുടെ പല ആശ്രമങ്ങളിലുംനിന്ന് നല്ലൊരു സംഖ്യ ദാനമായും ലഭിച്ചിട്ടുണ്ട്.

അടുത്തതായി, നമ്മുടെ ശ്രദ്ധ പതിഞ്ഞത് ഒരു ഹൈസ്കൂൾ സ്ഥാപിക്കുന്ന വിഷയത്തിലായിരുന്നു. ബ. റൊമയോ തോമസച്ചന്റെയും

www.malankaralibrary.com

പൈകട ബ. പൗലോസച്ചന്റെയും പ്രത്യേക പരിശ്രമഫലമായി 1947 ഓഗസ്റ്റ് 23-ന് ഹൈസ്കൂളിനുള്ള ഗവണ്മേന്റനുമതി ലഭിച്ചു. അടുത്ത മാസം 28-ൽ ഹൈസ്കൂളിനും ആശ്രമദേവാലയത്തിനും കാളാശ്ശേരി മെത്രാനച്ചൻ ശിലാസ്ഥാപനം നടത്തി. Cyriac Chavara Memorial High School എന്ന നാമത്തിൽ ഇന്ന് പ്രസ്തുത വിദ്യാലയം അറിയപ്പെടുന്നു. സ്കൂൾ പണിക്ക് നാട്ടുകാരിൽനിന്ന് ഉദാരമായ സഹായങ്ങൾ ലഭിച്ചിട്ടുണ്ടെന്നത് പ്രസ്താവ്യമാണ്. 1948 മെയ് 18-ന് സ്കൂൾകെട്ടിടത്തിന്റെ പണിപൂർത്തിയാക്കി പഠനം ആരംഭിച്ചു. ആദ്യം ഹൈസ്കൂൾ വിഭാഗമാണ് തുടങ്ങിയത്. 1949-ൽ മിഡിൽസ്കൂൾ വിഭാഗവും ആരംഭിച്ചു. നമ്മുടെ തടിക്കൽ ബ. ബാൾത്തസാറച്ചനും, ബ. ലാസറച്ചനും, ബ. പാസ്കലച്ചനും ഇവിടെ പ്രധാനാധ്യാപകരായിരുന്നിട്ടുണ്ട്.

14 വയസ്സിൽ കവിയാത്ത കുട്ടികൾക്കായി ഇവിടെ ഒരു ബോർഡിംഗ് ഹൗസും കുറെ നാളത്തേക്ക് നടത്തിയിരുന്നു. എന്നാൽ 1967 ജൂണിൽ ഹൈസ്കൂളിൽ പഠിക്കുന്ന യോഗാർഥികളെ ഇവിടേക്കു മാറ്റിയതിനാൽ പ്രസ്തുത ഭവനം ഇപ്പോൾ അവർ ഉപയോഗിച്ചുവരുന്നു.

1953-ൽ പണിയാരംഭിച്ചെങ്കിലും പൂർത്തിയാകാതെ കിടന്നിരുന്ന ഇവിടത്തെ ദൈവാലയത്തിന്റെ പണി 1959-ൽ ഇവിടെ പ്രിയോരായി വന്ന പള്ളിവാതുക്കൽ ബ. ജയിംസച്ചൻ വിദേശ സഹായത്തോടെ പൂർത്തിയാക്കി, 1962-ൽ പുതിയ ദേവാലയം സാഘോഷം വെഞ്ചരിച്ചു. കൊവേന്തക്കെട്ടിടത്തിന്റെ വടക്കു പടിഞ്ഞാറേ ഭാഗത്തു പൂർത്തിയാകാതെ കിടന്നിരുന്ന രണ്ടാംനിലയും 1965-ൽ പണിതു പൂർത്തിയാക്കി.

ഈ ആശ്രമ സ്ഥാപനത്തിനുവേണ്ടി വളരെ ത്യാഗങ്ങൾ സഹിക്കുകയും 16-ൽപരം ഏക്കർ സ്ഥലം ദാനമായി നല്കുകയും ചെയ്ത കീക്കരിക്കാട്ട് കാക്കുവിന്റെ മാതാവ് ശ്രീമതി അച്ചാമ്മയുടെ മൃതശരീരം 1962 ഒക്ടോബർ 30-ാംനു ഈ ആശ്രമദേവാലയത്തിൽ സംസ്കരിച്ചു.

### ദേഹവിയോഗം

1963 മെയ് 2 - കുറവിലങ്ങാട്ട് ഉമ്മിണിത്തോട്ടത്തിൽ ബ. അല്ലേശു സഹോദരൻ ഭാഗ്യമരണം പ്രാപിച്ച് ഇവിടെ സംസ്കരിക്കപ്പെട്ടിരിക്കുന്നു.

### 10. പാലാ വിശുദ്ധ വിൻസെന്റ് ഡി പോൾ ആശ്രമം

പാലായിൽ ഒരു ആശ്രമം സ്ഥാപിക്കുന്നതിനുള്ള ആദ്യ നടപടികൾ ആരംഭിച്ചത് 1952 സെപ്റ്റംബർ മാസത്തിൽ ബ. കാസ്മീറച്ചൻ

www.malankaralibrary.com

മുത്തോലി പ്രിയോരായിരിക്കയിലാണ്. കാർഷികരംഗത്തും വാണിജ്യ രംഗത്തും വളരെ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പാലാ, ആധ്യാത്മിക മേഖലയിലും ഒപ്പം പുരോഗമനം പ്രാപിക്കണമെന്ന തദ്ദേശവാസിക ളുടെ അഭിലാഷത്തിന്റെ സാക്ഷാത്കാരമാണ് പാലാ സെന്റ് വിൻസെന്റ് ഡി പോൾ ആശ്രമം.

പാലാ പട്ടണത്തിനടുത്ത് വിസ്തൃതവും സൗകര്യപ്രദവുമായ ഒരു സ്ഥലം കിട്ടുക, പ്രായേണ, അസാധ്യമാണ്. തീക്ഷ്ണമതികളായ അമ്മി യാനിക്കൽ വർഗീസ് വക്കീൽ ഒന്നര ഏക്കറും കട്ടക്കയത്തിൽ മാത്യു വക്കീൽ ചില വ്യവസ്ഥകളോടുകൂടെ ഒരേക്കറും ദാനമായി തന്നു. അങ്ങനെ ലഭിച്ച രണ്ടര ഏക്കർ സ്ഥലവും അതോടുചേർന്നു മുത്തോലി ആശ്രമത്തിൽനിന്നു വാങ്ങിയ രണ്ടര ഏക്കർ സ്ഥലവുംകൂടി ഒറ്റ ബ്ലോ ക്കായി കിട്ടിയതിനാൽ ആശ്രമം സ്ഥാപിക്കാനുള്ള സൗകര്യം സംസി ദ്ധമായി. 1953 ജനുവരിയോടെ സഭാനിയമപ്രകാരമുള്ള അനുമതിയും ലഭ്യമായതിനാൽ 1953 ജനുവരി 20-ൽ അഭിവന്ദ്യ പാലാ മെത്രാനച്ചൻ ആശ്രമത്തിനും പള്ളിക്കും ശിലാസ്ഥാപനം നടത്തി. തന്നാണ്ടു മധ്യ ത്തോടെ, ബ. വിഗ്ബർട്ടച്ചന്റെ മേല്നോട്ടത്തിലും ബ. ലബൈ അച്ചന്റെ സഹകരണത്തിലും പണികൾ കാര്യക്ഷമമായി നടന്നു. അന്ന് മുത്തോലി ആശ്രമശ്രേഷ്ഠനായിരുന്ന ബ. അന്ത്രയോസച്ചൻ പാലാ ആശ്രമകാര്യത്തിൽ പ്രത്യേകം താത്പര്യം പ്രദർശിപ്പിച്ചിരുന്നതിനാൽ, അദ്ദേഹം വിദേശത്തുനിന്നു ലഭിച്ച സഹായത്തോടുകൂടെ ആശ്രമത്തി ന്റെയും താത്കാലിക ദൈവാലയത്തിന്റെയും പണികൾ വളരെവേഗം പൂർത്തിയാക്കി. 1953 നവം. 7-ാംനു അതിന്റെ വെഞ്ചരിപ്പ് അഭിവന്ദ്യ പാലാ മെത്രാനച്ചൻ നിർവഹിച്ചു. പുതുമന ശ്രീ. കുഞ്ഞുവർക്കി നമ്മുടെ അച്ചന്മാരുടെ ഉപയോഗത്തിനായി ഔദാര്യപൂർവം വിട്ടുതന്ന രണ്ടുനില ക്കെട്ടിടത്തിൽനിന്ന് പ്രസ്തുത വർഷം ഡിസം. 1-ാംനു ബ. അച്ചന്മാർ പുതിയ ആശ്രമക്കെട്ടിടത്തിലേക്കു താമസം മാറ്റി.

1954 ഫെബ്രു. 14-ാംനു ഈ സ്ഥാപനം ഒരു കാനോനികാശ്രമ മായി ഉയർത്തപ്പെട്ടു. ഇവിടത്തെ ആദ്യത്തെ വികാരിയായി നിയമിത നായത് ബ. അന്ത്രയോസച്ചനായിരുന്നു. മരിയൻ ജൂബിലിവർഷമായ 1954-ൽ കാനോനികോദ്ഘാടനം നടന്ന ഈ ആശ്രമം പ്രസ്തുത ജൂബിലി സ്മാരകമായി നിലകൊള്ളുന്നു.

ബ. അന്ത്രയോസച്ചന്റെ ശ്രദ്ധ പ്രധാനമായും പതിഞ്ഞത് കൊവേ ന്തയുടെ ആഭിമുഖ്യത്തിൽ സേവനപരമായ ചില പ്രസ്ഥാനങ്ങൾ ആരം

www.malankaralibrary.com

ഭിക്കുന്ന വിഷയത്തിലായിരുന്നു. വൃദ്ധമന്ദിരം, വേദപാഠശാല ആദി യായവയ്ക്കായി മനോഹരമായ ഒരഞ്ചുകെട്ടു സൗധവും അതോടനു ബന്ധിച്ച് വേണ്ട ഉപഗൃഹങ്ങളും അദ്ദേഹം പണികഴിപ്പിച്ചു.

ആശ്രമവാസികളുടെ താമസത്തിന് ആദ്യം പണികഴിപ്പിച്ച കെട്ടിടം പോരാതെ വന്നതിനാൽ, പ്രിയോർ ബ. റിച്ചാർഡച്ചന്റെ കാലത്ത് പുതിയ കെട്ടിടങ്ങൾ പണിത് ആശ്രമവും പള്ളിയും അങ്ങോട്ടു മാറ്റി സ്ഥാപിക്കുന്നതിന് 1966-ൽ നിശ്ചയിച്ചു. അതനുസരിച്ച് പ്രസ്തുത വർഷം ഏപ്രിൽ 17-ാം തീയതി പുതിയ ആശ്രമത്തിന്റെ ശിലാസ്ഥാ പനം പാലാ രൂപതാധ്യക്ഷൻ നിർവഹിച്ചു. 1967 മാർച്ച് 19-ന് കൊവേന്ത ക്കെട്ടിടത്തിന്റെ ഒരു ഭാഗം പണിതു പൂർത്തിയായതുകൊണ്ട് ന.ബ. അച്ചന്മാർ താമസം അങ്ങോട്ടുമാറ്റി. ആശ്രമത്തോടനുബന്ധിച്ച് പണി യിച്ചിട്ടുള്ള വിസ്തൃതവും മനോഹരവുമായ ദേവാലയത്തിന്റെ അഭി ഷേകകർമം 1968 ജൂലൈ 18-ന് നടത്തപ്പെട്ടു. ബ. റിച്ചാർഡച്ചന്റെ പരി ശ്രമഫലമത്രേ ഇവയെല്ലാം.

## വിവിധ പ്രവർത്തനങ്ങൾ

### ദൈവ പരിപാലനഭവനം

അവശരും ആർത്തരുമായ വൃദ്ധജനങ്ങളുടെ അഭയസ്ഥാനമാണ് ഇവിടത്തെ ദൈവപരിപാലനഭവനം. അവശരുടെ വിഷമസാഹചര്യ ങ്ങൾ ചൂഷണം ചെയ്ത് മുതലെടുക്കാൻ ശ്രമിക്കുന്ന കമ്മ്യൂണിസ ത്തോടുള്ള ഒരു വെല്ലുവിളിയായ ഈ സ്ഥാപനത്തിന്റെ ആരംഭമുതലേ ഇന്നാട്ടിലെ വിൻസെന്റ് ഡി പോൾ മുതലായ സംഘടനാംഗങ്ങൾ ഇതിന്റെ പ്രവർത്തനത്തിനും അഭിവൃദ്ധിക്കുംവേണ്ടി മുൻകൈയെടുത്ത് പ്രവർത്തിച്ചിട്ടുണ്ട്. ഇതിനുവേണ്ടി പൊതുജനങ്ങളിൽനിന്ന് ഏകദേശം 5000 ക. പിരിച്ചേല്പിച്ചതുകൂടാതെ, എല്ലാ ശ്രമദാനവും ചെയ്യുന്നതിൽ പ്രത്യേക താത്പര്യം അവർ പ്രകടിപ്പിച്ചിട്ടുണ്ട്. 1954 മാർച്ച് 21-ന് പാലാ രൂപതാധ്യക്ഷൻ ഇതിന്റെ ശിലാസ്ഥാപനകർമം നിർവഹിച്ചു. 1955 ഒക്ടോബർ 11-ന് ആലപ്പുഴ മെത്രാന്റെ സാന്നിധ്യത്തിൽ ഇതിന്റെ ഔദ്യോഗിക ഉദ്ഘാടനവും നടന്നു. ഇംഗ്ലണ്ടിലെയും അയർലണ്ടി ലെയും ഉദാരമതികളായ പലരിലുംനിന്ന് ഈ സ്ഥാപനത്തിന് സഹായം ലഭിച്ചിട്ടുണ്ട്. അതിന്റെ അഭംഗുരമായ നിലനില്പിനുവേണ്ടി ഒരു സംഖ്യ ബാങ്കിൽ നിക്ഷേപിച്ചിട്ടുമുണ്ട്. ഈ സ്ഥാപനം ആരംഭിക്കുകയും ബാലാ രിഷ്ടതകളിൽനിന്ന് അതിനെ കൈകൊടുത്തുയർത്തുകയും ചെയ്തത്

www.malankaralibrary.com

പൂണോലി ബ. അന്ത്രയോസച്ചനാണ്. അദ്ദേഹത്തിന്റെ പിൻഗാമിയായി വന്ന പുന്നൂർ ബ. അനനിയാസച്ചനും ഇതിന്റെ ഉൽഗതിക്കായി ഏറെ ബുദ്ധിമുട്ടിയിട്ടുണ്ട്.

**ഇംഗ്ലീഷ് മീഡിയം സ്കൂൾ**

ഈ ആശ്രമത്തിന്റെ ആരംഭം മുതൽ ഇതോടുചേർന്ന് ഒരു വിദ്യാലയം വേണമെന്ന് പലരും ആഗ്രഹിച്ചിരുന്നു. 1954-ൽ ഒരു സ്കൂളിനുവേണ്ടി അപേക്ഷ അയച്ചിട്ടുമുണ്ടായിരുന്നു. 1960-ലും അതിനുള്ള പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷേ, 1963-ൽ മാത്രമാണ് ആ പ്രയത്നത്തിനു വിജയം ലഭിച്ചത്. പ്രിയോർ ഈന്തുംപ്ലാക്കൽ ബ. സബീനൂസച്ചന്റെയും മറ്റും പരിശ്രമവും നാട്ടുകാർ സമർപ്പിച്ച ഒരു മെമ്മോറാണ്ടവും ഇവിടെ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ അനുവദിച്ചുകിട്ടുന്നതിന് ഇടയാക്കി. എങ്കിലും ബ. സബീനൂസച്ചന്റെ പിൻഗാമിയായി വന്ന ബ. കൊളുംബിയറച്ചന്റെ നിരന്തര പരിശ്രമഫലമായാണ് ഒടുവിൽ ഗവണ്മെന്റനുവാദം ലഭിച്ചതും 1963-ൽ സ്കൂൾ ആരംഭിക്കാൻ ഇടയായതും. സ്കൂളിനുവേണ്ടി പൊതുജനങ്ങളെക്കൊണ്ട് മെമ്മോറാണ്ടം തയ്യാറാക്കിക്കുന്ന വിഷയത്തിലും മറ്റും മുൻകൈ എടുത്തത് തടിക്കൽ ന. ബ. ബൽത്താസറച്ചനാണ്. 1963 ജൂലൈ മൂന്നാം തീയതി ഒരു പുതിയ സ്കൂളിന് ശിലാസ്ഥാപനകർമം പാലാ മെത്രാനച്ചൻ നിർവഹിച്ചു.

വൃദ്ധമന്ദിരം തത്കാലത്തേക്ക് വേറൊരു കെട്ടിടത്തിലേക്കു മാറ്റിയിട്ട് അവിടെയാണ് സ്കൂൾ ആരംഭിച്ചത്. ഹെഡ്മാസ്റ്ററായി നിയമിതനായത്, പാലാ സെന്റ് തോമസ് ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർ ജോലിയിൽനിന്ന് വിരമിച്ചിരുന്ന ശ്രീ. കെ.സി. സെബാസ്റ്റ്യൻ ബി.എ.എൽ.റ്റി.യാണ്.

ഇരുനിലകളിൽ 150 അടി നീളമുള്ള പ്രസ്തുത സ്കൂൾകെട്ടിടം 1965-ൽ ഏതാണ്ട് പൂർത്തിയായി സ്കൂൾ അവിടേക്ക് മാറ്റപ്പെട്ടു. അതെത്തുടർന്ന് അതേ വലിപ്പത്തിലുള്ള വേറൊരു കെട്ടിടവും 1968-ൽ പണിതീർത്തിട്ടുണ്ട്.

**ബോർഡിംഗ്**

സ്കൂൾ ആരംഭിച്ച ആ വർഷത്തിൽത്തന്നെ ഇവിടെ ഒരു ബോർഡിംഗും ആരംഭിച്ചു. വൃദ്ധമന്ദിരമാണ് അതിനായും ഉപയോഗിച്ചത്. സ്കൂൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റിയതോടുകൂടെ പ്രസ്തുത വൃദ്ധമന്ദിരം മുഴുവൻ ബോർഡിംഗായി ഉപയോഗിച്ചുതുടങ്ങി. എന്നാൽ,

www.malankaralibrary.com

ആശ്രമം നവമായി പണിതീർത്ത് പുതിയ കെട്ടിടത്തിലേക്കു മാറ്റിയതോടെ, പഴയ ആശ്രമം ചില ഭേദഗതികളെല്ലാം വരുത്തി ബോർഡിംഗായി ഉപയോഗപ്പെടുത്തുന്നു. വൃദ്ധമന്ദിരം വൃദ്ധജനങ്ങളുടെതന്നെ വാസത്തിനായും വിട്ടുകൊടുത്തിരിക്കുന്നു.

**ദേഹവിയോഗം**

1959-9-26-ൽ കുടമാളൂർ മാന്നാനത്തു പെരുമാലിൽ ബ. ളൂയീസച്ചൻ (73) ഭാഗ്യമരണംപ്രാപിച്ച് ഇവിടെ സംസ്കരിക്കപ്പെട്ടിരിക്കുന്നു.

## 11. അമനകര- വിശുദ്ധ പത്താംപീയൂസിന്റെ ആശ്രമം

**പ്രാരംഭ നടപടികൾ**

രാമപുരം ഫൊറോനാപ്പള്ളിവകയും ഒരു സൺഡേസ്കൂളിന് അടിത്തറ ഇട്ടിരുന്നതുമായ അമനകര ഭാഗത്തുള്ള അൻപതു സെന്റ് സ്ഥലം ഒരാശ്രമസ്ഥാപനത്തിനുവേണ്ടി പ്രസ്തുത പള്ളിക്കാർ, വികാരി ഞാവള്ളിൽ ബ. ചാണ്ടിയച്ചന്റെ പ്രത്യേക താത്പര്യമനുസരിച്ച്, 1964-ൽ കുര്യനാട്ടു കൊവേന്തയ്ക്ക് ദാനംചെയ്തു. അതോടുചേർന്ന് 1½ ഏക്കർ സ്ഥലംകൂടി പ്രസ്തുത കൊവേന്തയിൽനിന്നു വാങ്ങി.

അമനകരയാശ്രമത്തിന്റെ ശിലാസ്ഥാപനം നടന്നത് 1954 ഓഗസ്റ്റ് 15-ാം തീയതിയാണ്. സൺഡേ സ്കൂളിനായി പണിതിരുന്ന തറയിൽ പള്ളിയും അതിനോടുചേർന്ന് ആശ്രമകെട്ടിടവും പണിതു. കുര്യനാട്ട് ആശ്രമാധിപൻ ബ. ജയിംസച്ചന്റെ മേല്നോട്ടവും സ്ഥലവാസികളുടെ ശ്രമദാനവും പണി വളരെവേഗം പൂർത്തിയാക്കുന്നതിനു സഹായിച്ചു. 1956 മാർച്ച് 18-ന് പാലാ മെത്രാനച്ചൻ ആശ്രമദേവാലയം വെഞ്ചരിച്ച് അതിൽ ആദ്യത്തെ ദിവ്യബലിയർപ്പിച്ചു. അന്നുമുതൽ ന. അച്ചന്മാർ ഇവിടെ സ്ഥിരതാമസം തുടങ്ങി. പുത്തമ്പുരക്കൽ ബ. കൊളമ്പസച്ചനാണ് ഈ ആശ്രമത്തിന്റെ ആദ്യത്തെ സുപ്പീര്യർ. അദ്ദേഹത്തിന്റെ പിൻഗാമിയായി വന്നത് പ്ലാത്തോട്ടം ബ. വലേരിയനച്ചനാണ്. ഇവിടെ ഒരു സൺഡേ സ്കൂൾക്കെട്ടിടം പണികഴിപ്പിച്ചതും മതപഠനക്ലാസ്സുകൾ കൂടുതൽ ഊർജിതമായി നടത്തുന്നതിന് മുൻകയ്യെടുത്തതും അദ്ദേഹമാണ്. ബ. ജയിംസച്ചൻവഴി പൗരസ്ത്യ തിരുസംഘത്തിൽനിന്നു ലഭിച്ച ഒരു ധനസഹായത്തോടെയാണ് ഈ സ്കൂൾ പണി തീർക്കാൻ സാധിച്ചത്.

www.malankaralibrary.com

**ആശ്രമത്തിന്റെ കാനോനിക സ്ഥാപനം**

ഇത് ഒരു കാനോനികാശ്രമമായി ഉയർത്തുന്നതിനുവേണ്ട കെട്ടിടങ്ങൾ ഉണ്ടാകേണ്ടിയിരുന്നു. അതിനാൽ 1964 ജൂൺ 30-ന് പുതിയ കെട്ടിടങ്ങളുടെ പണി ആരംഭിച്ചു. പ്രസ്തുതവർഷം നവംബർ 28 ഓടുകൂടെ പണികളെല്ലാം പൂർത്തിയായി. 1965 ഒക്ടോബർ 15-ാം തീയതി ഈ ആശ്രമം കാനോനികാശ്രമമായി പ്രഖ്യാപിക്കപ്പെട്ടു. ആദ്യത്തെ പ്രിയോർ മുണ്ടിയാനിപ്പുറത്തു ബ. സോസിമൂസച്ചനായിരുന്നു. അദ്ദേഹത്തിനുശേഷം 1966-ന്റെ ആരംഭത്തിൽ പ്രിയോരായി നിയമിതനായത് മണ്ണനാൽ ബ. ക്ലേയൊഫാസച്ചനാണ്. കൊവേന്തയുടെ അഭ്യുന്നതിക്കായി അദ്ദേഹം ഇവിടെ പലതും നിർവഹിച്ചിട്ടുണ്ട്, മൂന്നുകൊല്ലത്തെ ഭരണത്തിനിടയിൽ.

**പ്രവർത്തനങ്ങൾ**

കുട്ടികൾക്കായുള്ള മതപഠനക്ലാസ്സുകൾക്കുപുറമേ, യുവജനങ്ങൾക്കായി ചില ഭക്തസംഘടനകളും ഇവിടെ ശരിയായി നടത്തിപ്പോരുന്നു.

www.malankaralibrary.com

## അധ്യായം മൂന്ന്
## തിരുഹൃദയത്തിന്റെ മധ്യ പ്രവിശ്യ

പരിശുദ്ധ സിംഹാസനത്തിൽനിന്ന് 1952 ഡിസംബർ 11-ന് ഉണ്ടായ കല്പനയനുസരിച്ച് നമ്മുടെ സഭ മൂന്നു പ്രവിശ്യകളായി വിഭജിക്കപ്പെട്ടപ്പോൾ കേരളത്തിന്റെ മധ്യഭാഗത്തു സ്ഥിതിചെയ്യുന്ന പ്രവിശ്യ ഈശോയുടെ തിരുഹൃദയത്തിന്റെ നാമം സ്വീകരിച്ചു. 1953 ജൂൺ 14-ന് തിരുഹൃദയതിരുനാളിൽ തേവര ആശ്രമത്തിൽവച്ച് ഇതിന്റെ ആഘോഷപൂർവകമായ ഉദ്ഘാടനം നടന്നു. അന്ന് ഈ പ്രവിശ്യാതിർത്തിക്കുള്ളിൽ വാഴക്കുളം, മണപ്പുറം, തേവര, കൂനമ്മാവ്, ആലുവ, കറുകുറ്റി ഇങ്ങനെ ആറ് ആശ്രമങ്ങളും കാളിയാറ്റിൽ ഒരു ഉപസ്ഥാപനവുമാണുണ്ടായിരുന്നത്.

ഈ പ്രവിശ്യയുടെ ശ്രേഷ്ഠനായി കോയിത്തറ ബ. ജോൺ ബർക്കുമാൻസച്ചനും ആലോചനക്കാരായി പാറയ്ക്കൽ ബ. അർസേനിയൂസച്ചനും പൈനുങ്കൽ ബ. പീറ്റർ തോമ്മസച്ചനും പ്രവിശ്യാ പ്രൊക്കുറേറ്ററായി നൂഴുമുറി ബ. ഫ്രാൻസിസ് സാലസച്ചനും തിരഞ്ഞെടുക്കപ്പെട്ടു. 1955 ജനുവരിയിൽ ബ. പീറ്റർ തോമ്മസച്ചൻ നിര്യാതനാകയാൽ തൽസ്ഥാനത്തേക്ക് പാറയിൽ ബ. അബൂന്തിയൂസച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. പ്രവിശ്യോദ്ഘാടനത്തോടുകൂടെ തത്കാലം ആലുവ വിശുദ്ധ അന്തോനീസിന്റെ ആശ്രമം പ്രവിശ്യാശ്രേഷ്ഠന്റെ ആസ്ഥാനമായി നിശ്ചയിക്കപ്പെട്ടു.

**കളമശ്ശേരി - രാജഗിരി പ്രവിശ്യാഭവനം**

പ്രവിശ്യാഭരണത്തിന്റെ കാര്യക്ഷമതയ്ക്ക് ഒരു പ്രത്യേക പ്രവിശ്യാഭവനം സ്ഥാപിക്കേണ്ടത് ഒരാവശ്യമായിത്തോന്നി. 1958-ൽ ആ ആവശ്യം നിറവേറി. അങ്ങനെയാണ് കളമശ്ശേരിയിലെ ഇന്നത്തെ രാജഗിരി ഭവനം ഉടലെടുത്തതും 1959 ഏപ്രിൽ 26-ന് അത് തിരുഹൃദയ പ്രവിശ്യയുടെ ശ്രേഷ്ഠഭവനമായിത്തീർന്നതും. ഇതിന്റെ ശിലാസ്ഥാപനം 1958 ജൂൺ 12-ാംനു ആയിരുന്നു. ആശ്രമപ്പണികൾ പയ്യപ്പള്ളി ബ. ജോസഫാത്തച്ചന്റെ മേല്നോട്ടത്തിൽ വളരെ വേഗത്തിൽ പുരോഗമിച്ച് 1959 ഏപ്രിൽ 5-ാംനു അതിന്റെ ഉദ്ഘാടനം നടത്താൻ സാധിച്ചു. പ്രസ്തുത മാസം 26-ാംനു ആലുവയിൽ നിന്ന് പ്രവിശ്യാശ്രേഷ്ഠന്റെ സ്ഥിരതാമസം ഇവിടേക്കു മാറ്റുകയുമുണ്ടായി.

www.malankaralibrary.com

ഈ പ്രവിശ്യാഭവനത്തിന്റെ പണികൾ പൂർത്തിയാക്കപ്പെട്ടതും അതിനോടനുബന്ധിച്ച് പല കെട്ടിടങ്ങളും പ്രത്യേകിച്ചും രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ശാശ്വതസ്മാരകമായി അഭിനവരീതിയിൽ ഒരു ദൈവാലയം നിർമിച്ചിട്ടുള്ളതും ബ. ഫ്രാൻസീസ് സാലസച്ചന്റെ പ്രത്യേക പരിശ്രമത്താലാണ്. ഇവിടത്തെ ഈ പുതിയ ദൈവാലയത്തിന്റെ അഭിഷേക കർമം 1966 മാർച്ച് 27-ാം നു ഇന്റർനുൺഷിയോ ഡോക്ടർ നോക്സാണ് സാഘോഷം നിർവഹിച്ചത്.

**ജൂബിലിയാഘോഷങ്ങൾ**

1960 ഒക്ടോബർ 4-ന് കുന്നുങ്കൽ ബ. ഹയസിന്തച്ചൻ, പൈനാടത്തു ബ. ഇന്നൊസെന്റച്ചൻ, പുല്പറമ്പിൽ ബ. ശൗര്യാരച്ചൻ, മേനാംപറമ്പിൽ ബ. പ്രോത്താസീസച്ചൻ എന്നിവരുടെയും 1961 ജൂലൈ 16-ന് മുണ്ടാടൻ ബ. ബെർത്തോൾദച്ചൻ, പാറയ്ക്കൽ ബ. പത്രീസിയച്ചൻ, മാളിയേക്കൽ ബ. അന്തോനി സഹോദരൻ എന്നിവരുടെയും വ്രതവാഗ്ദാന സുവർണ ജൂബിലി ഇവിടെ സാഡംബരം ആഘോഷിക്കുകയുണ്ടായി.

**പ്രവിശ്യാ ശ്രേഷ്ഠന്മാർ**

1953-1959 കോയിത്തറ ബ. ജോൺ ബെർക്കുമാൻസച്ചൻ.
1959-1966 ജനുവരി, നൂഴുമുറി ബ. ഫ്രാൻസിസ് സാലെസച്ചൻ.
1966 ജനു. - 1969 ജനു. പയ്യപ്പള്ളി ബ. ജോസഫാത്തച്ചൻ.

**വിവിധ പ്രസ്ഥാനങ്ങൾ**

**A. നവസന്ന്യാസ ഭവനം-**

ഓരോ പ്രവിശ്യയ്ക്കും അതിന്റേതായ പ്രത്യേക നവസന്ന്യാസ ഭവനം ഉണ്ടാകണം എന്ന പരിശുദ്ധ സിംഹാസനത്തിന്റെ നിർദേശമനുസരിച്ച് ഇവിടത്തെ നവസന്ന്യാസഭവനമായി കറുകുറ്റി ക്രിസ്തുരാജാശ്രമം തിരഞ്ഞെടുത്തു. 1954 ജൂലൈ 19-ാംനു അതിനുള്ള അനുമതികൾ പൗരസ്ത്യ തിരുസംഘത്തിൽനിന്നു ലഭിച്ചു. വേണ്ട സജ്ജീകരണങ്ങളെല്ലാം അവിടെ പ്രവിശ്യയുടെ ചെലവിൽ ഏർപ്പെടുത്തിയ ശേഷം 1956 മെയ് 14-ന് നവസന്ന്യാസഭവനത്തിന്റെ കാനോനികോദ്ഘാടനം നടന്നു. ഈ പ്രവിശ്യയിൽനിന്ന് നാലു സഹായസഹോദര നവസന്ന്യാസികൾ ഉൾപ്പെടെ 20 പേർ അന്നു നവസന്ന്യാസത്തിൽ പ്രവേശിച്ചു. ഇതിനു പുറമേ മറ്റു രണ്ടു പ്രവിശ്യകളിലുംനിന്ന് ഏതാനുംപേരുകൂടെ അക്കൊല്ലം ഇവിടെ നവസന്ന്യാസം നടത്തിയിട്ടുണ്ട്.

www.malankaralibrary.com

ഇവിടത്തെ ഒന്നാമത്തെ നവസന്ന്യാസഗുരു പൊന്നുംപുരയിടം ബ. ക്രിസോസ്തോമസച്ചനായിരുന്നു. ഇപ്പോൾ പൈനാടത്ത് ബ. ജോൺ ഫിഷറച്ചനാണ്.

**B. യോഗാർഥി ഭവനങ്ങൾ**

പ്രവിശ്യാ വിഭജനശേഷം ഒന്നാംകൊല്ലം ഭാഷാപഠനക്കാരായ യോഗാർഥികൾക്കുവേണ്ടി ആലുവയിലും, രണ്ടാംകൊല്ലക്കാർക്കു വേണ്ടി കൂനമ്മാവിലും ഓരോ യോഗാർഥിഭവനങ്ങൾ നടത്തിവന്നു. എന്നാൽ 1960 ഏപ്രിൽ മാസത്തിൽ അവ സംയോജിപ്പിച്ച് നീലീശ്വര ത്തേക്കും, 1962-ൽ പ്രവിശ്യാഭവനത്തോട് അനുബന്ധിച്ച് രാജഗിരിയിൽ പണിതീർത്തിരുന്ന യോഗാർഥിഭവനത്തിലേക്കും മാറ്റപ്പെട്ടു. Sacred Heart's Aspirants' House എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ പ്രവി ശ്യയിലെ യോഗാർഥി ഭവനം, ഇപ്പോൾ St. Joseph's Postutlants' House എന്ന പേരിലത്രേ അറിയപ്പെടുന്നത്. സുറിയാനി, ലത്തീൻ ഭാഷക ളാണ് ആദ്യകാലത്ത് ഇവിടെ യോഗാർഥികൾ അഭ്യസിച്ചിരുന്നത്. എന്നാലിപ്പോൾ ഇവിടെയുള്ളവരെല്ലാം ഇവിടെ താമസിച്ചുകൊണ്ട് അടുത്തുള്ള St. Paul's College ൽ പോയി പഠിച്ചുവരുന്നു. ഇപ്പോൾ ഇവരുടെ ഡിറക്ടർ കാളിയാംകര ബ. എഡ്മണ്ടച്ചനാണ്.

ഹൈസ്കൂൾ വിദ്യാഭ്യാസം നടത്തുന്ന യോഗാർഥികൾ വാഴക്കുളം യോഗാർഥിഭവനത്തിൽ വസിച്ചുകൊണ്ട് അവിടത്തെ സ്കൂളിൽ പഠിക്കു ന്നു. അവരുടെ ഡിറക്ടർ ഒറ്റക്കുടശ്ശേരി ബ. അനസ്താസിയച്ചനാണ്.

**C. മിഷൻ പ്രവർത്തനങ്ങൾ**

ഈ പ്രവിശ്യയുടെ മിഷൻ പ്രവർത്തനത്തിൽ എടുത്തുപറയേണ്ട ഒന്നാണ് ബ. ഫ്രാൻസിസ് സാലസച്ചന്റെ C.R.I.ലെ പ്രവർത്തനങ്ങൾ. ഈ കോൺഫറൻസിന്റെ സംഘാടകരിൽ ഒരാളായിരുന്നതിനു പുറമേ, 1960 മുതൽ 1965 വരെ ഇതിന്റെ അധ്യക്ഷനും ഇദ്ദേഹമായിരുന്നു. കൂടാ തെ, 1963-ൽ പൗരസ്ത്യതിരുസംഘത്തിൽ നിന്ന് ചുമതലപ്പെടുത്തിയ തനുസരിച്ച് കേരളത്തിലെ ആരാധനസഭാ മഠങ്ങളുടെ സംയോജനവും ആ സഭയുടെ കാലോചിതമായ പരിഷ്കരണവും ചുരുങ്ങിയ കാലം കൊണ്ട് ഇദ്ദേഹം നിർവഹിച്ചിട്ടുണ്ട്.

**D. വിദ്യാപ്രവർത്തനം**

കമ്മ്യൂണിസ്റ്റ് ദുർഭരണത്തിന്റെ ഫലമായി കേരളത്തിലെ സ്കൂളു കളെല്ലാം ഏതാണ്ടു ഗവണ്മെന്റു സ്കൂളുകൾപോലെ രൂപാന്തരപ്പെട്ട

www.malankaralibrary.com

തിനാൽ ഷെവലിയർ ജോസഫ് പെട്ടയുടെയും, ന. ബ. ഫ്രാൻസീസ് സാലസച്ചന്റെയും നേതൃത്വത്തിൽ അംഗീകൃതസ്കൂൾ നടത്താനുള്ള സ്വാതന്ത്ര്യത്തിനായി ഗവർമ്മേണ്ടിലേക്ക് നിവേദനങ്ങളും പദ്ധതികളും സമർപ്പിച്ചു. തൽഫലമായി കേരളത്തിൽ അംഗീകൃതസ്കൂളുകൾ ആവിർ ഭവിച്ചു. അക്കൂട്ടത്തിൽ 1965-ൽ ന. രാജഗിരി ആശ്രമത്തോടനുബന്ധിച്ച് ഒരു ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ സ്ഥാപിതമായി. പബ്ലിക്ക് സ്കൂളിന്റെ മാതൃകയിലും എന്നാൽ ജനകീയ സിദ്ധാന്തങ്ങൾക്കനുസൃത മായും ഉത്തമരായ നേതാക്കന്മാരെ നാടിനും സഭയ്ക്കും രൂപവത്കരിക്കണം എന്ന ഉദ്ദേശ്യത്തോടെയാണ് രാജഗിരി ഹൈസ്കൂൾ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. 150 ഓളം വിദ്യാർഥികളും 12 അധ്യാപകരുമാണ് ഇപ്പോൾ ഇവിടെയുള്ളത്. 1967-ൽ ഇതിനോടനുബന്ധിച്ച് സമാരംഭിച്ച ബോർഡിംഗ് ഭവനത്തിൽ വസിച്ചുകൊണ്ട് സ്കൂളിൽ പഠിക്കുന്ന കുട്ടികൾ നൂറിലധികമുണ്ട്. കരോട്ടെമ്പ്രേൽ ഫാദർ ഗ്രിഗരി അവരുടെ മേല്നോട്ടം വഹിക്കുന്നു.

**സാമൂഹിക ശാസ്ത്രാലയം**

തേവര കോളജിൽ നടത്തിവന്നിരുന്ന M.S.W. വിഭാഗം കൂടുതൽ സൗകര്യത്തെപ്രതി 1967-ൽ ഇവിടേക്കു മാറ്റി. അതിനായി ഇവിടെ പണിതീർത്ത കെട്ടിടത്തിൽ അതിപ്പോൾ നടത്തിവരുന്നു. 45 വിദ്യാർഥികളും ആറ് അധ്യാപകരുമാണിപ്പോഴുള്ളത്. ഇതിന്റെ ഡിറക്ടർ ബ. ഫ്രാൻസീസ് സാലസച്ചനും അധ്യാപകരിൽ മൂന്നുപേർ നമ്മുടെ അച്ചന്മാരുമാണ്. 1968-ൽ ഇതോടനുബന്ധിച്ച് ഒരു ഹോസ്റ്റലും പണിതീർത്തിട്ടുണ്ട്. അതിലിപ്പോൾ 30-ഓളം വിദ്യാർഥികൾ വസിക്കുന്നു.

**ഉപഭവനങ്ങൾ**

**A. കൊരണ്ടക്കാട് - വിമലാലയം**

മൂന്നാറ്റിനടുത്തുള്ള കൊരണ്ടക്കാട്ട് റീജന്റ് റാണി സേതു ലക്ഷ്മി ഭായിയുടെ വകയായിരുന്ന 17¼ ഏക്കർ സ്ഥലവും അതിലുണ്ടായിരുന്ന ബംഗ്ലാവും 1954-ൽ ഈ പ്രവിശ്യയിൽനിന്ന് വിലയ്ക്കു വാങ്ങി. എറണാകുളം അതിരൂപത വകയായി വട്ടയാറ്റിലുണ്ടായിരുന്ന ഒരു സ്ഥാപനത്തിൽ താമസിച്ചുകൊണ്ട് തമിഴരായ തൊഴിലാളികളുടെ ഇടയിൽ നമ്മുടെ അച്ചന്മാർ നടത്തിക്കൊണ്ടിരുന്ന പ്രേഷിതവേല ഊർജിതപ്പെടുത്തുന്നതിനുവേണ്ടി ഒരു മിഷൻ സ്ഥാപനം ആരംഭിക്കണം എന്നതായിരുന്നു ഇതിന്റെ ഉദ്ദേശ്യം. 1954 ഒക്ടോബർ 22-ന് ബ. പ്രൊവിൻഷ്യാളച്ചൻ ഈ സ്ഥാപനം വെഞ്ചരിച്ച് സ്വർഗറാണിയുടെ വിമലഹൃദയ

www.malankaralibrary.com

ത്തിന് പ്രതിഷ്ഠിക്കുകയും പിറ്റേദിവസം അദ്ദേഹം ഇവിടെ ആദ്യമായി ദിവ്യബലിയർപ്പിക്കുകയും ചെയ്തു. അതുവരെ വട്ടയാറ്റിൽ താമസിച്ചിരുന്ന വടക്കുംപാടം ബ. ലെയോനച്ചനും കുരീക്കൽ ബ. ജോൺ ബെർക്കുമാൻസച്ചനും ഇവിടെ വന്നു സ്ഥിരതാമസം തുടങ്ങി. ഇവരാകട്ടെ, ഇവിടത്തെ പ്രവർത്തനങ്ങൾക്കു പുറമേ, ഞായറാഴ്ചകളിലും ആദ്യവെള്ളിയാഴ്ചകളിലും വട്ടയാറ്റിലും അതിന്റെ കീഴിലുള്ള മിഷൻ സ്ഥലങ്ങളിലും പോയി കുർബാന ചൊല്ലിയിരുന്നു. 1955-ൽ ഇവിടത്തെ ബംഗ്ലാവിനോടു ചേർന്ന് ഒരു കപ്പേളയും മണിമുറിയും മറ്റും പണി തീർത്തു.

ഇവിടെ മിഷൻപ്രവർത്തനം ആരംഭിച്ചത് 1955 മെയ് ഒന്നിനാണ്. 11 തമിഴർക്ക് ബ. പ്രൊവിൻഷ്യാളച്ചൻ ജ്ഞാനസ്നാനം നല്കി. അന്നു മുതൽ ഇന്നുവരെ മുന്നൂറോളം ആളുകൾ ഇവിടെ ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുണ്ട്. ഇവരുടെ മാനസാന്തരത്തിനും മറ്റുമായി, പരേതനായ മാവേലിൽ ബ. സ്കറിയാ സഹോദരനും, പ്ലാക്ക ബ. അൽബിർത്തോസ് സഹോദരനും പവ്വത്തിൽ ബ. ബെർണാർദച്ചനും വളരെയധികം പ്രയത്നിച്ചിട്ടുണ്ട്. ഇവിടെയുള്ള കത്തോലിക്കർക്കും അകത്തോലിക്കർക്കും മതപഠനം നല്കുന്നതിനായി 1967-ൽ ഇവിടെ ഒരു മതാധ്യയനശാലയും ആരംഭിച്ചിട്ടുണ്ട്.

### വിദ്യാപ്രവർത്തനം

തമിഴ് മീഡിയത്തിലുള്ള ഒരു യു.പി. സ്കൂൾ 1968 ജൂണിൽ ഇവിടെ ആരംഭിച്ചു നടത്തിവരുന്നു. നമ്മുടെ സഹായസഹകരണങ്ങളോടെ, ഇവിടെയടുത്തു സ്ഥാപിതമായ കർമലീത്താ മഠത്തിലെ കന്യാസ്ത്രീകളാണ് ഈ സ്കൂളിൽ അധ്യാപനം നിർവഹിക്കുന്നത്.

### B. മാറിക- നിത്യസഹായമാതാ ഭവനം

മാറിക ഫൊറോനാപ്പള്ളി ഇടവകയിൽപ്പെട്ട പൊന്നാട്ടു കുടുംബക്കാർ 6 ഏക്കർ 13 സെന്റു സ്ഥലം ഒരു കൊവേന്ത സ്ഥാപനത്തിനായി 1953 ജൂലൈ 19-ാം തീയതി വാഴക്കുളം പ്രിയാരച്ചന്റെ പേരിൽ ദാനമായി എഴുതിത്തന്നു. 1960 ഏപ്രിൽ മാസത്തിൽ ഇവിടെ തത്കാല താമസസൗകര്യങ്ങളുണ്ടാക്കി. 1961 ജൂലൈ 22 മുതൽ പൊന്തമ്പിള്ളി ബ. നിക്ലാവോസച്ചനും കുരിയേടത്തു ബ. സാമുവേൽ സഹോദരനും ഇവിടെ സ്ഥിരതാമസം തുടങ്ങി. നിത്യസഹായമാതാവിന്റെ നാമത്തിൽ ഇവിടെ പണിതീർത്ത കപ്പേള 1963 ജനുവരി 21-ന് കോതമംഗലം മെത്രാൻ വെഞ്ചരിച്ചു.

www.malankaralibrary.com

**പ്രവർത്തനങ്ങൾ**

ഇതിനടുത്തുള്ള മുപ്പതോളം വീടുകളിലെ കുട്ടികൾക്കു മതപഠനം ഇവിടെ നിർവഹിച്ചുകൊടുക്കുന്നു. വിശിഷ്യ, മാറികയിലെ ആരാധന സഭക്കാരുടെ അർഥിനിയാത്തും നൊവിഷ്യേറ്റും നടത്തിക്കൊടുക്കുന്നത് ഇവിടെനിന്നാണ്.

**C. വൈക്കം-വിശുദ്ധ സെബസ്ത്യാനോസിന്റെ കാർമൽ ഭവനം**

വൈക്കം തെക്കുംഭാഗത്ത് മൂത്തേടത്തുകാവ് എന്ന സ്ഥലത്തെ നിവാസികൾ 53 സെന്റു സ്ഥലവും ഒരു ചെറിയ പള്ളിയും അതോടു ചേർന്ന ഒരു കെട്ടിടവും വിശുദ്ധ യൗസേപ്പിതാവിന്റെ ദക്ഷിണ പ്രവിശ്യയ്ക്ക് 1958-ൽ വിട്ടുകൊടുത്തു. പ്രസ്തുതവർഷം ഡിസംബർ 24-ാം തീയതി പള്ളിവെഞ്ചരിച്ച് സഭാംഗങ്ങൾ ഇവിടെ താമസം തുടങ്ങി. ഈന്തുംപ്ലാക്കൽ ബ. സബീനൂസച്ചനായിരുന്നു ഇവിടത്തെ ആദ്യ സുപ്പീരിയർ.

എന്നാൽ റോമിൽനിന്നുണ്ടായ ഒരു നിശ്ചയമനുസരിച്ച് 1959-ൽ തിരുഹൃദയത്തിന്റെ മധ്യപ്രവിശ്യ ഏറ്റെടുത്ത ഈ സ്ഥാപനം, ഇപ്പോൾ തേവര ആശ്രമത്തിന്റെ കീഴിലുള്ള ഒരു ഭവനമായാണിരിക്കുന്നത്. ഇപ്പോഴത്തെ സുപ്പീരിയർ വിളങ്ങാട്ടു ബ. ഫ്രൂമേൻസിയൂസച്ചന്റെ പരിശ്രമത്താൽ ഇവിടെ കൂടുതൽ താമസസൗകര്യങ്ങൾ ഉണ്ടാക്കിയിട്ടുള്ളതിനു പുറമേ, 1968-ൽ ഇവിടെ ഒരു ഡിസ്പെൻസറിയും ആരംഭിച്ചിട്ടുണ്ട്. അതിലെ ജോലി നിർവഹിച്ചുകൊണ്ടുപോകുന്നത് അടുത്തുള്ള ആരാധനമഠത്തിലെ കന്യാസ്ത്രീകളത്രേ.

**ഇടുക്കി-കാൽവരി മൗണ്ട്**

ഹൈറേഞ്ചിലെ കുടിയേറ്റക്കാരെ ഉദ്ദേശിച്ച് 1967-ൽ സമാരംഭിച്ച ഒരു പുതിയ സ്ഥാപനമാണിത്. ഇവിടെ ഇപ്പോൾ നമ്മുടെ തെക്കിനേത്തു ബ. ജോസഫ് അഗസ്റ്റസച്ചൻ താമസിച്ചുകൊണ്ട് ചുറ്റുമുള്ള കത്തോലിക്കരുടെ ആത്മികാവശ്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

## മൈസൂർ റീജിയൻ

നവമായി രൂപമെടുത്ത തലശ്ശേരി രൂപതാധ്യക്ഷൻ, തന്റെ രൂപതയിൽപ്പെട്ട മൈസൂർ പ്രദേശങ്ങളിൽ ജോലിചെയ്യാൻ അച്ചന്മാരെ അയച്ചുകൊടുക്കണമെന്ന്, 1955-ൽ ഇവിടത്തെ പ്രവിശ്യാശ്രേഷ്ഠനോട് ആവശ്യപ്പെട്ടു. അതനുസരിച്ച് കുരീക്കൽ ബ. ബെർക്കുമാൻസച്ചനും, കളപ്പുരയ്ക്കൽ ബ. ഹൂഗോ അച്ചനും അവിടേക്കു നിയമിതരായി. ബെർക്കു

www.malankaralibrary.com

മാൻസച്ചൻ നരസിംഹരാജപുരത്തും ഹൂഗോ അച്ചൻ എരുനാഡിലും പ്രവർത്തനമാരംഭിച്ചു. രണ്ടു സ്ഥലത്തും കപ്പേളയോ താമസസൗകര്യങ്ങളോ ഇല്ലായിരുന്നതിനാൽ, ഇരുവരും വളരെ വിഷമതകൾ സഹിക്കേണ്ടിവന്നു. നരസിംഹരാജപുരത്തെ പള്ളിയും പള്ളിക്കൂടവും നടവയലിലെ ദൈവാലയവും ഹൈസ്കൂളും ബ. ബെർക്കുമാൻസച്ചന്റെ പരിശ്രമഫലമാണ്. അദ്ദേഹമാകട്ടെ, 1958 ഓഗസ്റ്റ് 6-ന് നരസിംഹരാജപുരത്തുവച്ച് നിര്യാതനാവുകയും മൃതശരീരം ആലുവ ആശ്രമദൈവാലയത്തിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. ബ. ഹൂഗോ അച്ചൻ ഇപ്പോൾ ഗാന്തിബാഹു എന്ന സ്ഥലത്ത് വികാരിജോലി നിർവഹിക്കുന്നു.

1960-ൽ തലശ്ശേരി രൂപതാതിർത്തിയിലുള്ള മൈസൂർ സംസ്ഥാന പ്രദേശങ്ങൾ ഈ പ്രവിശ്യയുടെ മിഷൻപ്രദേശങ്ങളായി പരിശുദ്ധ സിംഹാസനം കല്പിച്ചു തന്നു. അതോടെ, ഈ പ്രവിശ്യയിൽനിന്ന് അങ്ങോട്ടു കൂടുതൽ മിഷനറിമാരെ അയയ്ക്കുകയും, മിഷൻ സ്ഥാപനങ്ങൾ തുടങ്ങാൻ ശ്രമിക്കുകയും ചെയ്തുവരുന്നു.

**A. കൂർഗ്- സെന്റ് തോമസ് മൊണാസ്ട്രി, ഗൊണികോപ്പാൽ, കൂർഗ് (*St. Thomas Monastery, Gonikopal-Coorg)***

കൂർഗ് ഡിസ്ട്രിക്ടിൽ കുടിയേറിപ്പാർക്കുന്ന കേരള കത്തോലിക്കരുടെ മതാത്മക കാര്യങ്ങൾ നടത്തുന്നതിനുവേണ്ടി അവിടെ ഗൊണികോപ്പാൽ എന്ന സ്ഥലത്ത് ഒരു ഭവനവും ഒരു പള്ളിയും 1967-ൽ പണികഴിപ്പിച്ചിട്ടുണ്ട്. ഇതാണ് ഇപ്പോൾ മൈസൂർ റീജിയന്റെ ആസ്ഥാനം. റീജിയനൽ സുപ്പീരിയർ വിതയത്തിൽ ബ. ചിപ്രിയാനോസച്ചൻ ഇവിടെ താമസിച്ചുകൊണ്ട് മിഷൻപ്രവർത്തനങ്ങൾ നടത്തിവരുന്നു.

**B. നഞ്ചൻകോട് - സെന്റ് പോൾസ് കാർമൽ, താണ്ഡവപുരം, നഞ്ചങ്കോട് (*St. Paul's Carmel, Thandavapura-Nanjangod)***

പരേതനായ കാട്ടറാത്തു ബ. റോജറാച്ചന്റെ പരിശ്രമഫലമായി വേർണിയർ (vernier) എന്നൊരു ഇംഗ്ലീഷ്കാരിയിൽനിന്ന് മൈസൂർ പട്ടണത്തിനടുത്ത് താണ്ഡവപുരത്ത് കുറെ സ്ഥലം നമുക്കു ലഭിച്ചു. മൈസൂരിലുള്ള നമ്മുടെ സ്ഥാപനങ്ങളുടെ കേന്ദ്രഭവനമാക്കണമെന്ന ഉദ്ദേശ്യത്തോടെ, അവിടെയുണ്ടായിരുന്ന ഭവനം സെന്റ് പോൾസ് കാർമൽ എന്ന പേരിൽ 1965-ൽ ആശീർവദിക്കുകയുണ്ടായി. അവിടെ നമ്മുടെ രണ്ടു സഭാംഗങ്ങൾ താമസിച്ചുകൊണ്ടു ജോലി ചെയ്യുന്നു.

www.malankaralibrary.com

**C. കക്കിഞ്ച - സെന്റ് ജോസഫ്സ് റസിഡൻസ്, കക്കിഞ്ച.എസ്. കാനറാ (*St. Joseph's Residence, Kakkinge-S.Canara)***

മംഗലാപുരത്തുനിന്ന് 40 മൈൽ കിഴക്ക് സൗത്ത് എസ്. കാനറായിലുള്ള കക്കിഞ്ച എന്ന സ്ഥലത്ത് 1961-ൽ നാം പണിയിച്ച ഒരു ചെറു ഭവനം 1963-ൽ വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ നമ്മുടെ ഒരു ഉപഭവനമായി പ്രഖ്യാപിക്കപ്പെട്ടു. അവിടെയും സഭാംഗങ്ങൾ പാർത്തുവരുന്നു.

**D. നരസിംഹരാജപുരം - ശാന്തിഭവൻ, കാർമൽ ഹൗസ്, നരസിംഹരാജപുരം, മൈസൂർ (Shanti Bhavan, Carmel House, Narasimharajapura-Mysore)**

1963-ൽ നരസിംഹരാജപുരത്തിനടുത്ത് ശാന്തിഭവൻ എന്ന മിഷൻ ഭവനം ആരംഭിച്ചു. മൂന്നുനാലു പേർക്ക് സൗകര്യമായി താമസിക്കാവുന്ന ഒരു കെട്ടിടവും ഒരു ചെറിയ പള്ളിയും ഇപ്പോൾ അവിടെയുണ്ട്.

**E. ചിക്ക്മാംഗലൂർ - രാജഗിരി എസ്റ്റേറ്റ്, തരീക്കര, ചിക്മാംഗലൂർ (Rajagiri Estate, Tarikare - Chickmangaloure)**

ഈ മധ്യപ്രവിശ്യയുടെ സ്ഥായിയായ സാമ്പത്തിക സുസ്ഥിതിക്കുവേണ്ടി 1966-ൽ ചിക്ക്മാംഗലൂർ ഡിസ്ടിക്ടിൽ തരീക്കര എന്ന സ്ഥലത്ത് 241 ഏക്കർ സ്ഥലം വാങ്ങി. 'രാജഗിരി എസ്റ്റേറ്റ്' എന്ന പേരിൽ അറിയപ്പെടുന്ന അവിടെ പലവിധ കൃഷികളും നടത്തിവരുന്നു.

**പൊതുവിവരം**

ഈ മധ്യപ്രവിശ്യയിൽ, പ്രവിശ്യാശ്രേഷ്ഠഭവനത്തിനു പുറമേ 9 കാനോനികാശ്രമങ്ങളും 4 ഉപഭവനങ്ങളും ഒരു മിഷൻ റീജിയനും ഒരു ആർട്സ് കോളജും ഒരു സാമൂഹിക ശാസ്ത്രാലയവും 4 ഹൈസ്കൂളുകളും 2 യു.പി. സ്കൂളുകളും രണ്ട് എൽ.പി. സ്കൂളുകളും ഒരു വൃദ്ധമന്ദിരവും ഒരു ബാലസദനവും ഒരു ഐ.റ്റി.ഐ. സ്ഥാപനവും ഒരു അച്ചടിശാലയും ഒരു മാസികയുമുണ്ട്.

## കാനോനികാശ്രമങ്ങൾ

### 1. വാഴക്കുളം - കർമല ആശ്രമം

**പ്രാരംഭ നടപടികൾ**

ആരക്കുഴ ഇടവകയിൽപ്പെട്ടിരുന്ന കാവന, വാഴക്കുളം മുതലായ കരകളിലുള്ളവർക്ക് വർഷകാലങ്ങളിൽ കുർബാന കാണുന്നതിനും

www.malankaralibrary.com

രോഗികൾക്ക് അന്ത്യകൂദാശകൾ ലഭിക്കുന്നതിനും ഏറെ പ്രയാസങ്ങൾ നേരിട്ടിരുന്നു. തന്നിമിത്തം ബ. നമ്പ്യാപറമ്പിലച്ചന്റെയും ബ. കല്ലറ യ്ക്കലച്ചന്റെയും താത്പര്യത്താൽ ഗവണ്മെന്റിന്റെയും വരാപ്പുഴ വികാരി അപ്പൊസ്തോലിക്കയുടെയും അനുമതിയോടെ, വാഴക്കുളത്തുള്ള നമ്പ്യാപറമ്പിലച്ചന്റെ നിലം പുരയിടങ്ങൾക്കു തെക്കുള്ള ഒരു ചെറിയ കുന്നിൽ ഒരു കുരിശുപള്ളി സ്ഥാപിക്കുന്നതിന് 1836-ൽ ശിലാസ്ഥാ പനം നടത്തി. എങ്കിലും പദ്രുവാദോ വഴക്കുനിമിത്തം ഈ കുരിശു പള്ളി ഉടനേ പണിയുന്നതിന് ഇടയായില്ല.

അതിനാൽ പ്രസ്തുത മലയുടെ താഴെ, നമ്പ്യാപറമ്പിലച്ചൻ ഒരു ഭവനം പണിയിച്ച് അവിടെ തന്റെ അമ്മയോടുകൂടെ പാർത്തിരുന്നു. ആ അവസരത്തിൽ, 1837-ൽ, മാന്നാനത്തെ പള്ളിപണിക്കുവേണ്ടി തടി വെട്ടിക്കാനായി ചാവറയച്ചൻ ആരക്കുഴനിന്നു മൈലക്കൊമ്പിനു പോകുംവഴി, മേല്പറഞ്ഞ നമ്പ്യാപറമ്പിലച്ചന്റെ ഭവനത്തിൽ കയറി താമസിക്കാനും വാഴക്കുളം ഭാഗത്തെ പരിതസ്ഥിതിയിൽ അവിടെ ഒരു പള്ളിയുടെ ആവശ്യകത നന്നായി ഗ്രഹിക്കാനും ഇടയായി. ഏതായാ ലും, 1838-ൽ പദ്രുവാദോ അധികാരം കേരളത്തിൽ നിറുത്തലാക്കപ്പെ ട്ടതിനാൽ 1842-ൽ മുൻപറഞ്ഞ കുരിശുപള്ളിയുടെ പണിവീണ്ടും തുട ങ്ങി. 1859-ൽ മൈലക്കൊമ്പുപള്ളിയിലെ ധ്യാനം കഴിഞ്ഞ് ധ്യാനഗുരു ക്കന്മാരായ നമ്മുടെ ബ. കൊച്ചുപുരക്കൽ കുര്യച്ചൻ, കട്ടക്കയത്തു ചാണ്ടിയച്ചൻ, കാനാട്ടു യാക്കോബുമറിയമച്ചൻ, മടത്തുംചാലിൽ മത്താ യിഅച്ചൻ എന്നിവർ ആരക്കുഴയ്ക്കു പോകുംവഴി പ്രസ്തുത കുരിശു പള്ളിയിൽ ഒരു രാത്രി ബ. നമ്പ്യാപറമ്പിലച്ചന്റെ അതിഥികളായി താമ സിച്ചു. തദവസരത്തിൽ വാഴക്കുളത്ത് ഒരു കൊവേന്ത സ്ഥാപിക്കുന്നതു സംബന്ധിച്ച് ചില ആലോചനകൾ നടന്നു. ആരക്കുഴ എത്തിയ ശേഷം ഈ ആലോചനകൾ തുടർന്നു. അതിന്റെ ഫലമായി, വാഴക്കുളത്ത് ഒരു കൊവേന്ത സ്ഥാപിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഒരപേക്ഷ നമ്പ്യാപറമ്പിലച്ചൻ വരാപ്പുഴ വികാരി അപ്പസ്തോലിക്കയ്ക്ക് അയച്ചു.

**കൊവേന്തസ്ഥാപനം-**

മൈലക്കൊമ്പു പള്ളിയിലെ സന്ദർശനം കഴിഞ്ഞ് ആരക്കുഴയ്ക്കു പോകുന്നവഴി മെത്രാനച്ചൻ വാഴക്കുളത്തുകയറി സ്ഥലം കണ്ടു. അതു കൊവേന്തയ്ക്കു പറ്റിയതാണെന്ന് ബോധ്യപ്പെട്ടു. പ്രസ്തുത കുരിശു പള്ളിയും അതോടുചേർന്നുണ്ടായിരുന്ന ചെറിയ ഭവനവും കൊവേന്ത യ്ക്കായി എഴുതിക്കൊടുക്കാൻ അന്ന് ആരക്കുഴ വികാരിയായിരുന്ന

www.malankaralibrary.com

വലിയവീട്ടിൽ സ്കറിയാച്ചനോടും പള്ളി കൈക്കാരന്മാരോടും അദ്ദേഹം കല്പിച്ചു. അതനുസരിച്ച് വാഴക്കുളത്തുണ്ടായിരുന്ന കുരിശുപള്ളിയും മുറിയും അവർ കൊവേന്തയ്ക്കായി ഒഴിഞ്ഞെഴുതിത്തന്നു. ഈ കുരിശുപള്ളിക്കു ചുറ്റുമുള്ള സ്ഥലം നമ്പ്യാപറമ്പിൽ മാത്തു കത്തനാർ തന്റെ അനന്തരവൻ ശെമ്മാശ്ശന്റെ പേരിൽ ദേഹണ്ഡങ്ങൾ വച്ചു പിടിപ്പിച്ചിരുന്നു. അതും കൊവേന്തയ്ക്കായി എഴുതിക്കൊടുക്കാൻ മെത്രാനച്ചൻ കല്പിച്ചപ്രകാരം, ആ സ്ഥലം മുഴുവനും കൊവേന്തയ്ക്കായി അദ്ദേഹം എഴുതിക്കൊടുത്തു. മെത്രാനച്ചന്റെ നിർദേശാനുസരണം ബ. ചാണ്ടിയച്ചൻ വാഴക്കുളത്തു ചെന്ന് പള്ളിയും മുറിയും സ്ഥലവും കൊവേന്തയ്ക്കായി ഏറ്റുവാങ്ങി.

അധികം താമസിയാതെ, വാഴക്കുളത്തെ സ്ഥാപനം ഒരു കൊവേന്തയായി മെത്രാനച്ചൻ പ്രഖ്യാപിക്കുകയും അവിടെ ഒരു ശ്രേഷ്ഠനെ നിയമിക്കുന്നതിന് ചാവറ പ്രിയോരച്ചനോട് ആവശ്യപ്പെടുകയും ചെയ്തു. അതനുസരിച്ച്, കാനാട്ട് ബ. യാക്കോബുമറിയം അച്ചനെ വാഴക്കുളത്തെ പ്രഥമശ്രേഷ്ഠനായി തിരഞ്ഞെടുത്തയച്ചു. കൊവേന്ത ഇരിക്കുന്ന സ്ഥലം ഒരു മലംപ്രദേശമാകയാൽ ആ സ്ഥലത്തിന് 'കർമല' എന്ന് നാമകരണംചെയ്തു. ആശ്രമവാസികളായി കളപ്പുരയ്ക്കൽ മത്തായിഅച്ചനും പാലയ്ക്കൽ കുര്യച്ചനും രണ്ടു തുണസഹോദരന്മാരും നിശ്ചയിക്കപ്പെട്ടു. കാസാ, കുർബാനക്കുപ്പായം, നാഴികമണി മുതലായവ മാന്നാനത്തുനിന്നു കൊടുത്തയച്ചു. ഇങ്ങനെ, വേണ്ട ഒരുക്കങ്ങളെല്ലാം പൂർത്തിയാക്കിയശേഷം 1859 മേയ് 21-ാംനു, പന്തക്കുസ്താ തിരുനാളിന്റെ തലേദിവസം, അവിടെ മുറപ്രകാരമുള്ള കൊവേന്ത ജീവിതം ആരംഭിച്ചു.

1859 ഒക്ടോബർ 8-ാംനു ശനിയാഴ്ച വൈകീട്ട് ആറുമണിയോടുകൂടെ മുൻപറഞ്ഞ താത്കാലിക കൊവേന്തയുടെ കുശിനിക്കു തീപിടിച്ചു. അവിടെനിന്ന് കൊവേന്തക്കെട്ടിടത്തിന്റെ മേല്ക്കൂടിനും തീ പടർന്നു പിടിച്ചു. ആളുകൾ ഓടിക്കൂടിയെങ്കിലും മേല്ക്കൂടിന്റെ ഉയരം നിമിത്തം തീ കെടുത്താൻ സാധിച്ചില്ല. ക്ഷണത്തിൽ മേല്ക്കൂര മുഴുവനും ദഹിച്ചു വെണ്ണീറായി. എങ്കിലും തട്ടിനും മറ്റും സാരമായ കേടൊന്നും ഉണ്ടായില്ല. പിറ്റേദിവസം ഞായറാഴ്ച അവിടെക്കൂടിയ ജനങ്ങളുടെ അത്യുത്സാഹത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഫലമായി മേല്ക്കൂടു വീണ്ടും കെട്ടിയുണ്ടാക്കി.

www.malankaralibrary.com

1860 ജൂലൈ 16-ാംനു പുതുതായി ആശ്രമത്തിനും പള്ളിക്കും ആഘോഷപൂർവം ശിലാസ്ഥാപനം നടത്തി. വികാരി ബ. കാനാട്ടച്ചൻ തന്നെയാണ് ആ കർമം നിർവഹിച്ചത്. ഈ അവസരത്തിൽ കർമല മാതാവിന്റെ മനോഹരമായ ഒരു സ്വരൂപം വരാപ്പുഴ വി. അ. ബെർണർദീനോസ് മെത്രാനച്ചൻ തന്നെ വെഞ്ചരിച്ച് കർമല കൊവേന്തയ്ക്കായി കൊടുത്തയച്ചു. അത് ഇന്നും പ്രധാന പീഠത്തിൽ സ്ഥിതിചെയ്യുന്നു. അന്നുമുതൽ ഇന്നും പരിശുദ്ധ കർമലനാഥയുടെ തിരുനാൾ ആണ്ടുതോറും ജൂലൈ 16-ന് അതിനു മുമ്പുള്ള ഒമ്പതു ദിവസത്തെ വിവിധ പരിപാടികളോടുകൂടെ, അത്യാഡംബരപൂർവം ഇവിടെ കൊണ്ടാടിവരുന്നു. പരിശുദ്ധ കർമല നാഥയോടുള്ള ഇദ്ദിഗ്വാസികളുടെ ഭക്തിയും വിശ്വാസവും അനന്യസാധാരണമത്രേ.

ആശ്രമത്തിന്റെയും പള്ളിയുടെയും പണിക്കുള്ള മുഴുവൻ ചെലവും വഹിച്ചുകൊള്ളാമെന്ന് അയ്യനാട്ടു പാറായിൽ അവിരാ തരകൻ ഏറ്റിരുന്നു. അതനുസരിച്ച്, പല തവണയായി 750 രൂപയോളം നല്കുകയുമുണ്ടായി. എന്നാൽ ഈ അവസരത്തിലാണ് റോക്കോസ് മെത്രാൻ കേരളത്തിൽ വന്നതും അവിരാ തരകൻ അദ്ദേഹത്തെ അനുകൂലിച്ചു നില്ക്കാൻ ഇടയായതും. ഏതന്മൂലം തരകനിൽനിന്ന് കർമലയ്ക്കു ലഭിച്ചിരുന്ന ധനസഹായം നിലച്ചു. അതോടെ, കെട്ടിടപ്പണിയും സ്തംഭനാവസ്ഥയിലെത്തി. റോക്കോസ് ശീശ്മയുടെ ഉന്മൂലനാശത്തിനുശേഷം പണി വീണ്ടും ആരംഭിച്ചു. അയൽ ഇടവകകളിൽനിന്നു പിരിച്ചെടുത്ത പണംകൊണ്ടാണ് പണിപൂർത്തിയാക്കാൻ സാധിച്ചത്. വികാരി ബ. കാനാട്ടച്ചൻ തന്നെയാണ് കർമലയുടെ പണി ആദ്യന്തം നടത്തിയത്.

ഇദ്ദേഹത്തെ ഈ കൊവേന്തയുടെ വികാരിയായി നിയമിച്ചതോടുകൂടെ കിഴക്കൻ പ്രദേശങ്ങളിലെ പള്ളികളുടെ മേലന്വേഷണവും വരാപ്പുഴ വികാരി അപ്പസ്തോലിക്കയുടെ പ്രതിനിധി എന്ന സ്ഥാനവും ഇദ്ദേഹത്തിനു കൊടുത്തിരുന്നു. വരാപ്പുഴ മെത്രാപ്പോലീത്തമാർക്ക് സുറിയാനിക്കാരുടെമേൽ അധികാരമുണ്ടായിരുന്ന കാലം മുഴുവനും ഈ അധികാരങ്ങളെല്ലാം വാഴക്കുളം കൊവേന്തയുടെ ശ്രേഷ്ഠനിൽ നിക്ഷിപ്തമായിരുന്നു. ഇങ്ങനെ, വാഴക്കുളം ആശ്രമാധിപനു കീഴ്പ്പെട്ടിരുന്ന പള്ളികൾ രാമപുരം, കടനാട്, ഉഴവൂർ, മുളക്കുളം, എലഞ്ഞി, പിറവം, വടകര, ആരക്കുഴ, മാറിക, കോളണ്ടായി, ചുങ്കം, മുതലക്കോടം, നെയ്യിശ്ശേരി, തെനങ്കുന്നം, നാഗപ്പുഴ, മൈലക്കൊമ്പ്, പോത്താനി

www.malankaralibrary.com

ക്കാട്, കോതമംഗലം, കുറുപ്പംപടി, കാരക്കുന്നും, മൂവാറ്റുപുഴ, പെരുങ്ങൊഴ എന്നിവയായിരുന്നു.

**വാഴക്കുളം സെമിനാരി**

1866-ൽ വാഴക്കുളത്ത് ഒരു സെമിനാരി ആരംഭിച്ചു. ബെർണർദീനോസ് മെത്രാനച്ചന്റെ അഭിലാഷമനുസരിച്ചാണ് ഇവിടെ ഇതാരംഭിച്ചത്. സെമിനാരിക്കെട്ടിടത്തിന്റെ പണി തീരുന്നതിനു മുമ്പ് കൊവേന്തക്കെട്ടിടത്തിലാണ് സെമിനാരിക്കാർ താമസിച്ചിരുന്നത്. പിന്നീടു കൊവേന്തയുടെ തെക്കുവശത്ത് കിഴക്കുപടിഞ്ഞാറ് 44 കോൽ നീളത്തിലും തെക്കുവടക്ക് 10 കോൽ വീതിയിലും ഒരു രണ്ടു നിലക്കെട്ടിടം സെമിനാരിക്കായി പണിതീർത്തു. അതോടുചേർന്ന് രണ്ടുനിലയിൽ ഒരു കപ്പേളയും പണിതു. ഈ സെമിനാരി വളരെയധികം വൈദികരെ കേരളസഭയ്ക്കു പ്രദാനം ചെയ്തിട്ടുണ്ട്. കോട്ടയം വി. അ. ലവീഞ്ഞുമെത്രാനച്ചന്റെ കല്പനപ്രകാരം, 1890 ജനുവരി 6-ൽ ഇവിടത്തെ സെമിനാരി നിറുത്തലാക്കി. ഇവിടെയുണ്ടായിരുന്ന വൈദികാർഥികൾ മാന്നാനം, സെമിനാരിയിൽ ചേർന്നു പഠനം തുടർന്നു. പ്രസ്തുത സെമിനാരിക്കെട്ടിടവും കപ്പേളയുമാകട്ടെ, 1903-ലുണ്ടായ ഒരു അഗ്നിബാധമൂലം നിശ്ശേഷം കത്തിപ്പോയി.

**ആശ്രമദേവാലയം**

നേരത്തേ അടിസ്ഥാനമിട്ടിരുന്ന പുതിയ പള്ളിയുടെ പണി 1868-ൽ പുനരാരംഭിച്ചു. 69 കോൽ നീളമുള്ള വിശാലവും വിമോഹനവുമായ ഈ പള്ളി ഒമ്പതു കൊല്ലംകൊണ്ടാണ് പണിതീർന്നത്. പണമായിത്തന്നെ 12,000 ക. യോളം ഇതിനു ചെലവായി. ഇതിൽ 3000 ക. യോളം ഇദ്ദേശവാസികളുടെ സംഭാവനയാണ്. പള്ളിപണിക്കാവശ്യപ്പെട്ട തടിയും അതുപോലുള്ള ഇതര സാധനങ്ങളും ദാനമായി നല്കിയതിനു പുറമേ, മുതലാളി-തൊഴിലാളി ഭേദംകൂടാതെ ഇവിടത്തെ ജനങ്ങൾ ശ്രമദാനവും നല്കിയിട്ടുണ്ട്. പള്ളിക്കുവേണ്ടി ചെലവായ ബാക്കി പണം അയൽഇടവകക്കാരുടെ സംഭാവനയാണ്. പള്ളിപണിക്കായി ബ. കാനാട്ടച്ചന്റെ അപേക്ഷാനുസരണം അന്ന് ഇവിടത്തെ ബ്രിട്ടീഷ് റസിഡണ്ടായിരുന്ന മി. ബല്ലാർഡ് 50 കുറ്റി തേക്കുതടിയും തിരുവിതാംകൂർ ദിവാൻ സർ. ടി. മാധവുറാവു 20 കുറ്റി പ്ലാന്തടിയും മുറിപ്പിക്കുന്നതിന് സദയം അനുമതി നല്കുകയുണ്ടായി എന്നതും പ്രസ്താവ്യമാണ്.

www.malankaralibrary.com

1879 ഫെബ്രുവരി 8-ാം തീയതി പള്ളിയുടെ പ്രതിഷ്ഠാകർമം ലെയോനാർദ് മെത്രാൻ സാഘോഷം നിർവഹിച്ചു. അന്നുതന്നെ മേനാച്ചേരി ബ. ഫ്രൻസിസ്കോസച്ചൻ പുതിയ പള്ളിയിൽ പ്രഥമമായി ദിവ്യബലി അർപ്പിച്ചു. പള്ളിപ്രതിഷ്ഠയ്ക്കായി എത്തിയ മെത്രാനച്ചൻ ഏതാനും ദിവസത്തേക്കുകൂടി ഇവിടെ താമസിക്കുകയും, 11-ാം തീയതി ഞായറാഴ്ച ആഘോഷപൂർവകമായ പൊന്തിഫിക്കൽ കുർബാന പാടുകയും സെമിനാരിയിലെ വൈദികാർഥികൾക്ക് ആസ്തപ്പാടുപട്ടം മുതൽ കുർബാനപ്പട്ടംവരെയുള്ള വിവിധ പട്ടങ്ങൾ നല്കുകയും ചെയ്തു.

**വിവിധ വിവരങ്ങൾ**

1885 ജൂൺ 10-ാം തീയതി ഈ ആശ്രമത്തിന്റെ സ്ഥാപകനും ഇതഃപര്യന്തം അതിന്റെ ശ്രേഷ്ഠനുമായിരുന്ന കാനാട്ടു ബ. യാക്കോബ് മറിയം അച്ചൻ ഭാഗ്യമരണം പ്രാപിച്ചു. മൃതശരീരം പിറ്റേദിവസം അത്യാഡംബരപൂർവം ആശ്രമദൈവാലയത്തിന്റെ മദ്ബഹായിൽ സംസ്കരിക്കപ്പെട്ടു.

സഭയുടെ കാനോനിക സ്ഥാപനത്തിന്റെ സുവർണജൂബിലി 1905 ഡിസംബർ 8-ന് ഇവിടെയും സാഘോഷം കൊണ്ടാടി. അതിന്റെ സ്മാരകമായി താഴെ റോഡരികിൽ ആശ്രമത്തിലേക്കുള്ള പ്രവേശന മാർഗത്തിൽ ഒരു കപ്പേള പണികഴിപ്പിച്ചു.

കാനോനിക നവസന്ന്യാസം പൂർത്തിയാക്കി വ്രതാനുഷ്ഠാനം ചെയ്ത ഏതാനും വൈദികാർത്ഥികളെ 1909 ജൂൺ 12-ൽ അമ്പഴക്കാട്ടുനിന്ന് ഇവിടേക്കു മാറ്റി. പൈനാടത്തു ബ. എലിസേവൂസച്ചനായിരുന്നു അവരുടെ ഗുരു. അങ്ങനെ കർമല കൊവേന്ത സഭയുടെ ഒരു പഠനഗൃഹമായിത്തീർന്നു. പിന്നീടും തുടർച്ചയായി ആദ്യവ്രതം അനുഷ്ഠിച്ച നവസന്ന്യാസികളെ അമ്പഴക്കാട്ടുനിന്ന് ഇങ്ങോട്ട് അയച്ചുകൊണ്ടിരുന്നു. നിത്യവ്രതാനുഷ്ഠാനം നടത്തിയശേഷം അവരെ ആദ്യം മാന്നാനത്തിനും പിന്നീടു മുത്തോലിക്കും വിട്ടിരുന്നു.

ഈ ആശ്രമത്തിന്റെ സുവർണജൂബിലി 1909 ജൂലൈ 16-ന് സാഘോഷം കൊണ്ടാടി. 1911-ൽ ഇവിടെ ശ്രേഷ്ഠനായിരുന്ന പെരുമ്പള്ളിച്ചിറ ബ. ബെർണവാച്ചൻ, വടക്കയിൽ ബ. ഹില്ലാര്യോസച്ചനോടുകൂടെ ഇവിടെ അടുത്തുള്ള മണിയന്ത്രം മലയിൽ കയറി അവിടെ അരക്കോൽ ഉയരമുള്ള ഒരു കുരിശ് 'സ്ലീവാ ദഹവാലൻ' എന്ന ഗീതം പാടിക്കൊണ്ട് സ്ഥാപിച്ചു. അതു പിന്നീട് മൈലക്കൊമ്പുപള്ളിയുടെ

www.malankaralibrary.com

കീഴിൽ ഒരു തീർഥസ്ഥലമായിത്തീർന്നു. അവിടെ വളരെ പണം നേർച്ച വരവുണ്ടായിട്ടുമുണ്ട്.

1932 മുതൽ ഇവിടെ പ്രിയോരായിരുന്ന പൈനാടത്തു ബ. ആഗുസ്തീനോസച്ചൻ വിസ്തൃതമായ മദ്ബഹായിൽ രണ്ടു നല്ല ചെറിയ അൾത്താരകൾ കൂടി പണിയിച്ചു. 1937 മുതൽ പ്രിയോരായിരുന്ന മൈലാടിയിൽ ബ. ദാനിയേലച്ചൻ പള്ളിയും കൊവേന്തക്കെട്ടിടവും കൂടുതൽ വെടിപ്പാക്കുകയും നവീന രീതിയിൽ കക്കൂസുമുറികളും രണ്ടും മൂന്നും നാലും നിലകളിലായി പുതിയൊരു സ്കൂൾകെട്ടിടവും പണികഴിപ്പിക്കുകയും ചെയ്തു. കൂടാതെ, കൊവേന്തയുടെ തെക്കുവശത്തു കൂടെ മെയിൻ റോഡിൽ നിന്ന് ഒരു എളുപ്പവഴി വെട്ടിക്കുകയുമുണ്ടായി. ഈ വഴി വെട്ടുന്നതിനുവേണ്ടി പള്ളിക്കുന്നേൽ കുരിയാക്കോ എന്നയാൾ തന്റെ പുരയിടത്തിൽ വഴിക്കുവേണ്ടത്ര വിസ്താരത്തിൽ നിറമനസ്സോടെ ലൈൻ ഇട്ടുതന്നുവെന്നതും, വഴിവെട്ടു കഴിഞ്ഞശേഷം അയാൾക്ക് പറമ്പുതിരിച്ചുള്ള കയ്യാല കൊവേന്തയിൽനിന്നു പണിയിച്ചു കൊടുത്തെങ്കിലും ഇതുമൂലം അയാൾക്ക് നാലു വലിയ മാവുകളും ഒരു പ്ലാവും ഒരാഞ്ഞിലിയും ഏതാനും ചൂണ്ടപ്പനകളും കൊന്നത്തെങ്ങുകളും അറുപതോളം കമുകുകളും വെട്ടിനീക്കേണ്ടി വന്നു എന്നതും പ്രസ്താവ്യമാണ്.

1940 മുതൽ ഇവിടെ ശ്രേഷ്ഠന്മാരായിരുന്ന പാലത്തുങ്കൽ ബ. വിൻസെന്റച്ചൻ, കളത്തിൽ ബ. പീയൂസച്ചൻ, കരിക്കംപള്ളി ബ. എവുസേബിയൂസച്ചൻ എന്നിവർ തൊടുപുഴപ്പട്ടണത്തിൽ ഈ ആശ്രമംവകയായി ഉണ്ടായിരുന്ന സ്ഥലങ്ങളിൽ പല വലിയ കെട്ടിടങ്ങൾ പണിയിച്ച് വാടകയ്ക്ക് കൊടുക്കുകയുണ്ടായി. പ്രിയോർ വിതയത്തിൽ ബ. ഫ്ളാവിയാനച്ചൻ 1949-ലെ കർമല മാതാവിന്റെ തിരുനാളിനു മുമ്പായി പള്ളിയിലും കൊവേന്തയിലും സ്കൂളിലും ആലക്തിക വിളക്കുകൾ സ്ഥാപിച്ചു. പ്രിയോർ കരിക്കമ്പള്ളി ബ. എവുസേബിയൂസച്ചന്റെ ഭരണകാലത്ത് 1951-ൽ ഉത്തരീയശതാബ്ദ ജൂബിലി ഇവിടെ സാഡംബരം കൊണ്ടാടി. കൂടാതെ, ഇവിടെ വേനല്ക്കാലത്ത് അനുഭവപ്പെട്ടിരുന്ന ജലക്ഷാമം പരിഹരിക്കുന്നതിന് അദ്ദേഹം ആശ്രമത്തിനു സമീപം ഒരു ഉയർന്ന ടാങ്കുകെട്ടിച്ച് താഴത്തെ കിണറ്റിൽ നിന്ന് ഈ ടാങ്കിലേക്ക് വെള്ളം പമ്പുചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തിയാക്കി. 1953 മുതൽ ഇവിടെ ശ്രേഷ്ഠനായിരുന്ന വിതയത്തിൽ ബ. ചിപ്രിയാനോസച്ചൻ ആശ്രമക്കെട്ടിടത്തിന് ചില പരിഷ്കാരങ്ങളെല്ലാം വരുത്തിയിട്ടുണ്ട്.

www.malankaralibrary.com

പ്രിയോർ കുനിയന്തോടൻ ബ. റൂഫീനൂസച്ചൻ സമാരംഭിച്ചതും പ്രിയോർ കോട്ടൂരാൻ ബ. ഹെരാക്ലിയൂസച്ചന്റെ നിസ്തന്ദ്ര പരിശ്രമ ഫലമായി മൂന്നു നിലയിൽ പണിതീർത്തതുമായ പുതിയ കൊവേന്ത യിലേക്ക് 1963 സെപ്റ്റംബർ 8-ാംനു ആശ്രമസ്ഥരുടെ താമസം മാറ്റി. പഴയ കൊവേന്തക്കെട്ടിടമാകട്ടെ, ചില ഭേദഗതികളെല്ലാം വരുത്തിയി ട്ട്, യോഗാർഥികളുടെ ഉപയോഗത്തിനായി വിട്ടിരിക്കുന്നു.

ഈ ആശ്രമദേവാലയത്തിൽ നാല്പതു മണിയാരാധന ആരംഭി ച്ചിട്ട് നൂറുവർഷം പൂർത്തിയായതു പ്രമാണിച്ച് 1967 ഫെബ്രുവരി മാസ ത്തിൽ, പ്രിയോർ പൂണേലി ബ. ആൾവരസച്ചന്റെ ഭരണകാലത്ത് അതിന്റെ ജൂബിലി സാഘോഷം കൊണ്ടാടി.

**വിവിധ പ്രവർത്തനങ്ങൾ**

**A. വിദ്യാപ്രവർത്തനം**

1890-ൽ, ഇവിടെ നിർത്തലാക്കപ്പെട്ട സെമിനാരിയുടെ കെട്ടിടത്തിൽ ചോതിരക്കുന്നേൻ ബ. റൊമുവൂൾദച്ചന്റെ താത്പര്യപ്രകാരം 1891-ൽ ഒരു സ്കൂൾ ആരംഭിച്ചു. അദ്ദേഹം ഇവിടെനിന്ന് സ്ഥലം മാറിപ്പോയ പ്പോൾ വലിയവീട്ടിപ്പറമ്പിൽ ബ. ഗീവർഗീസച്ചൻ ആ സ്കൂൾ തുടർന്നു നടത്തിവന്നു. പക്ഷേ, അധികനാൾ അത് നീണ്ടുനിന്നില്ല. പിന്നീട്, 1909-ൽ ആറ്റാവേലി ബ. ഹയസിന്തച്ചൻ ഇവിടെ ശ്രേഷ്ഠനായിരിക്ക യിൽ, അദ്ദേഹം പള്ളിമുറ്റത്ത് വീണ്ടും ഒരു സ്കൂൾ ആരംഭിച്ചു. പ്രിയോ രച്ചന്റെ ആ പരിശ്രമവും പരാജയപ്പെട്ടു. ഒടുവിൽ, 1911-ൽ ബ. ഹില്ലാ ര്യോസച്ചന്റെ താത്പര്യവും പരിശ്രമവും, പ്രിയോർ ബെർണവാച്ചന്റെ സഹായവുംമൂലം ഇവിടെ ഒരു ഇംഗ്ലീഷ് സ്കൂളും അതോടുചേർന്ന് ഒരു ബോർഡിംഗും ആരംഭിച്ചു. കെട്ടിടസൗകര്യം കുറവായിരുന്നതി നാൽ സ്കൂളിന് ഗവർമ്മെണ്ടംഗീകാരം കിട്ടിയിരുന്നില്ല. തന്നിമിത്തം 1916-ൽ പുതിയൊരു കെട്ടിടത്തിന് അടിസ്ഥാനമിട്ടു പണിയാരംഭിച്ചു. വിദേശ സഹായത്തോടുകൂടെ 1919-ൽ പണി പൂർത്തിയായി. അക്കൊ ല്ലംതന്നെ സ്കൂളിന് അംഗീകരണവും കിട്ടി.

ഒരു മിഡിൽസ്കൂൾ മാത്രമായിരുന്ന ഇതിനെ പ്രിയോർ ബ.ദാനി യേലച്ചന്റെയും മാനേജർ വള്ളവന്തറ ബ.ഷാബോറച്ചന്റെയും അശ്രാ ന്ത പരിശ്രമങ്ങളുടെ ഫലമായി 1938-ൽ ഒരു ഹൈസ്കൂളായി ഉയർ ത്താൻ സാധിച്ചു. പ്രസ്തുത വർഷം കർമല മാതാവിന്റെ തിരുനാ ളിൽ ഹൈസ്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടന്നു.ഒരു ഭാഗം

www.malankaralibrary.com

നാലു നിലയും ഒരു ഭാഗം മൂന്നു നിലയും കിഴക്കേ അറ്റം രണ്ടുനിലയുമായി ഒരു കൊല്ലംകൊണ്ട് പണിപൂർത്തിയാക്കിയ പ്രസ്തുതകെട്ടിടം 1939 ജൂലൈ 16-ന് വെഞ്ചരിച്ച് ഉപയോഗിച്ചുതുടങ്ങി.

ആദ്യം മുതൽതന്നെ പബ്ലിക്ക് പരീക്ഷയിൽ പ്രശസ്തവിജയം നേടുന്ന ഒരു നല്ല പാരമ്പര്യമാണ് ഇവിടത്തെ ഇൻഫന്റ് ജീസസ് ഹൈസ്കൂളി (infant jesus high school)നുള്ളത്. വിശിഷ്യ കത്തോലിക്കാ ഭൂരിപക്ഷമുള്ള ഇവിടത്തെ വിദ്യാർഥികളിൽ നിന്ന്, വൈദികാന്തസ്സിലേക്കും സന്ന്യാസത്തിലേക്കും മിഷനുകളിലേക്കും ആഹ്വാനം ലഭിച്ചിട്ടുള്ളവർ നിരവധിയാണെന്നതും പ്രസ്താവ്യമാണ്. നമ്മുടെ ബ. പീറ്റർ തോമസച്ചനും ബ. ഔറേലിയൂസച്ചനും ബ. ലിഗോറിയച്ചനും ഒസ്വാൾഡച്ചനും ഹെഡ്മാസ്റ്റർമാരായി ഇവിടെ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

**B. യോഗാർഥി ഭവനം**

1954-ൽ ഇവിടെ ഒരു യോഗാർഥിഭവനവും ആരംഭിച്ചു. ഇവിടത്തെ ഹൈസ്കൂളിൽ വിവിധ ക്ലാസ്സുകളിലായി പഠനം നടത്തിക്കൊണ്ടിരിക്കുന്നവരാണ് ഈ യോഗാർഥികൾ.

**C. മിഷൻ പ്രവർത്തനം**

മാനസാന്തരവേല ഈ ആശ്രമത്തിന്റെ ആരംഭം മുതല്ക്കേ നടത്തിപ്പോരുന്നതാണ്. 1938-ൽ നിര്യാതനായ ഈരാവേലിൽ ബ. മത്യാസച്ചനാണ് ഇക്കാര്യത്തിൽ ഏറ്റം കൂടുതൽ പ്രവർത്തിച്ചിട്ടുള്ളത്. അദ്ദേഹം തന്നെ എകദേശം രണ്ടായിരത്തോളം വിജാതീയരെ മാനസാന്തരപ്പെടുത്തിയിട്ടുണ്ട്. പില്ക്കാലങ്ങളിലും ഇവിടത്തെ ആശ്രമാംഗങ്ങളുടെ പ്രവർത്തനഫലമായി വളരെപ്പേർ ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുണ്ട്.

അല്മായർക്കുള്ള കർമലീത്താ മൂന്നാംസഭ, ഉത്തരീയസഖ്യം, ജപമാലസഖ്യം, ജപാപ്പോസ്തോലസഖ്യം തുടങ്ങിയ പല സഖ്യങ്ങളും ഇവിടെ സ്ഥാപിച്ചു നടത്തിപ്പോരുന്നുണ്ട്. വളരെയധികം ആളുകൾ ഇവയിൽ അംഗങ്ങളായി ചേർന്നിട്ടുമുണ്ട്.

**D. സാമൂഹികസേവനം**

കിടപ്പാടമില്ലാത്ത സാധുക്കൾക്കുവേണ്ടി 1956-ൽ പതിനാറു വീടുകൾ പണിയിച്ച് സംഭാവനയായി ആശ്രമത്തിൽനിന്നു നല്കിയിട്ടുണ്ട്.

www.malankaralibrary.com

## ദേഹവിയോഗങ്ങൾ

1866-1-11-ൽ എടക്കൊച്ചി പിള്ളനശ്ശേരി ബ. യോഹന്നാൻ സഹോദരനും (19)
1870-4-1-ൽ ആരക്കുഴ മാതേക്കൽ ബ. ബെർണർദീൻ അച്ചനും (26)
1878-2-21-ൽ ഒല്ലൂർ മേനാച്ചേരി ബ. ഫ്രാൻസീസച്ചനും (27)
1885-6-10-ൽ കോന്തുരുത്തി കാനാട്ടു ബ. യാക്കോബ് മറിയം അച്ചനും (60)
1905-1-19-ൽ വാഴക്കുളത്ത് എടാട്ടേൽ ബ. ആഗസ്തിനോസ് അച്ചനും (51)
1908-7-27-ൽ മൈലക്കൊമ്പിൽ കൊച്ചുമുട്ടത്ത് ബ. ദോമിനിക്ക് അച്ചനും (61)
1926-6-10-ൽ ആരക്കുഴ മാതേക്കൽ ബ. ലൂക്കാ സഹോദരനും (65)
1928-7-2-ൽ വാഴക്കുളം മഞ്ചേരിൽ ബ. യൗ.അന്തോനി അച്ചനും (80)
1933-10-13-ൽ ആമ്പല്ലൂർ ഈരാവേലിൽ ബ. മത്യാസ് അച്ചനും (80)
1937-4-29-ൽ വാഴക്കുളത്തു തറയിൽ ബ. ലൂക്കാച്ചനും (66)
1938-7-1-ൽ പള്ളിപ്പുറത്തു വാഴത്തറ ബ. കോൺറാഡ് നവസന്ന്യാസിയും (23)
1941-3-10-ൽ വാഴക്കുളത്ത് തോട്ടുപ്പുറം ബ. യാക്കോബ് സഹോദരനും (68)
1941-11-6-ൽ പുളിംകുന്നു ചിറ്റുത്തറ ബ. കുസുമോസച്ചനും (62)
1944-5-22-ൽ കോതമംഗലം പെരുമ്പള്ളിച്ചിറ ബ. ബർണവാ അച്ചനും (71)
1947-11-30-ൽ വാഴക്കുളത്ത് എടാട്ടേൽ ബ. ഏലിയാസർ ശെമ്മാശ്ശനും (23)
1948-3-15-ൽ വ. കല്ലൂർക്കാട്ടു നീറമ്പുഴ ബ. ഫ്രൻസിസ്ക്കോസ് സഹോദരനും (32)
1952-11-8-ൽ ആരക്കുറ മാതേക്കൽ ബ. മത്തായി അച്ചനും (79)
1961-3-25-ൽ വാഴക്കുളത്ത് കൂട്ടുങ്കൽ ബ. റമീജി സഹോദരനും (76)
1963-1-29-ൽ മഞ്ഞപ്ര വടക്കുഞ്ചേരി ബ. സ്തനിസ്ലാവോസ് അച്ചനും (91)
1966-7-2-ൽ വാഴക്കുളത്ത് വടക്കുംപാടം ബ. ലെയോനച്ചനും (78)
1967-3-5-ൽ വാഴക്കുളത്ത് പുല്പറമ്പിൽ ബ. ശൗര്യാരച്ചനും (78)

ഭാഗ്യമരണം പ്രാപിച്ച് ഇവിടെ സംസ്കരിക്കപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

## 2. മണപ്പുറം-വിശുദ്ധ കൊച്ചുത്രേസ്യായുടെ ആശ്രമം

### പ്രാരംഭ നടപടികൾ

സ്വജാതിമെത്രാന്മാരെ കിട്ടുന്നതിനുള്ള സുറിയാനി കത്തോലിക്കരുടെ പരിശ്രമത്തിൽ നമ്മുടെ പല സഭാംഗങ്ങളും സജീവമായി പങ്കെടുത്തു. ഈ അവസരത്തിലാണ് പള്ളിപ്പുറം പള്ളി ഇടവക പാണാപള്ളിൽ വാഴത്തറ കുഞ്ചെറിയാച്ചനും തുരുത്തിപ്പള്ളി ഇടവക കിഴക്കേത്തയ്യിൽ എരിമച്ചാടത്ത് തോമ്മാച്ചനും സന്ന്യാസജീവിതം നയിക്കുന്നതിനുള്ള തങ്ങളുടെ ആഗ്രഹവുമായി വരാപ്പുഴ വികാരി അപ്പസ്തോലിക്കയായിരുന്ന ലെയോനാർദു മെത്രാനച്ചനെ സമീപിച്ചത്. ഇവരുടെ ആഗ്രഹം നമ്മുടെ സഭയിൽ ചേരണമെന്നായിരുന്നു. എന്നാൽ നമ്മുടെ സഭയിൽ അവരെ ചേർക്കുന്നതിന് അദ്ദേഹത്തിന് ഇഷ്ടമില്ലായിരുന്നു. അതിനാൽ, കേരളത്തിൽ മറ്റൊരു സന്ന്യാസസഭ താൻ സ്ഥാപിക്കുമെന്നും അതിൽ അവരെ പ്രവേശിപ്പിക്കാമെന്നും അദ്ദേഹം അവർക്കു വാക്കു കൊടുത്തു.

അധികം താമസിയാതെ, പള്ളിപ്പുറം ഇടവകയിൽ ഉൾപ്പെട്ട പാണാപള്ളി എന്ന സ്ഥലത്ത് വിശുദ്ധ ഫിലിപ്പുനേരിയുടെ നാമത്തിൽ ഒരു സന്ന്യാസസഭ ആരംഭിക്കുന്നതിനു മെത്രാനച്ചൻ തീരുമാനിച്ചു.അതിനായി മുൻപറഞ്ഞ കുഞ്ചെറിയാച്ചൻ പാണാപള്ളി ചിറയ്ക്കന്മാരുടെ വകയായിരുന്ന അറവീട്ടിൽ പറമ്പ്, ശാസ്താംവെളി മുതലായ ഏതാനും പറമ്പുകളും നിലങ്ങളും അവരോടു ദാനമായി വാങ്ങി. അവിടെ പരമ്പുക്കൊണ്ടും മറ്റും ഒരു തൽകാല പള്ളിയും മുറിയും പണിതീർത്തു. 1880 മാർച്ച് 7-ാം നു വലിയ നോമ്പിന്റെ 4-ാം ഞായറാഴ്ച വരാപ്പുഴ വികാരി അപ്പാസ്തോലിക്ക, പ്രസ്തുത പള്ളിയും മുറിയും വെഞ്ചെരിച്ചു അവിടെ കുർബാന ചൊല്ലി. മേല്പറഞ്ഞ രണ്ടച്ചന്മാരും ഈ പുതിയ സ്ഥലത്തു താമസവും ആരംഭിച്ചു. ആ വർഷം ഓഗസ്റ്റ് 19-ാം നു പുതിയ ആശ്രമത്തിനും ദൈവാലയത്തിനും വിശുദ്ധ ഫിലിപ്പുനേരിയുടെ നാമത്തിൽ ലെയോനാർദു മെത്രാനച്ചൻ ശിലാസ്ഥാപനം നിർവഹിച്ചു. അന്നുതന്നെ പുതിയ സന്ന്യാസസഭയും ഉദ്ഘാടനം ചെയ്യപ്പെട്ടു. മേല്പറഞ്ഞ രണ്ടച്ചന്മാരും സഭാവസ്ത്രം സ്വീകരിച്ചതായിരുന്നു അതിലെ പ്രധാന ചടങ്ങ്.

വരാപ്പുഴാധികാരികളിൽനിന്നു ലഭിച്ച സഹായവും ടി വൈദികരുടെ നിസ്തന്ദ്ര പരിശ്രമവും മൂലം കിട്ടിയ 8000 രൂപാ ചെലവാക്കി

www.malankaralibrary.com

രണ്ടുനിലയിൽ എട്ടു മുറികളുള്ള ഒരു കെട്ടിടം പാണാപള്ളിൽ പണി കഴിപ്പിച്ചു. ഈ അവസരത്തിൽ മാന്നാനം മുതലായ സെമിനാരികളിൽ നിന്നു പല ശെമ്മാശ്ശന്മാർ ഈ പുതിയ സന്ന്യാസസഭയിൽ പ്രവേശിച്ചു. പക്ഷേ, വൈദികപട്ടം സ്വീകരിച്ചശേഷം അവർ ഒന്നിനു പുറകെ ഒന്നായി സഭ ഉപേക്ഷിച്ചുപോയി.1886 ജൂൺ 11-ന് വാഴത്തറ കുഞ്ചെറിയാച്ചനും ദീർഘമായ ഒരു രോഗത്തിനു ശേഷം മരണമടഞ്ഞു.

**പാണാപള്ളി കൊവേന്ത**

1887 സെപ്തംബറിൽ വരാപ്പുഴാധികാരത്തിൽനിന്ന് സുറിയാനിക്കാർ വേർതിരിക്കപ്പെട്ടു. അവർക്കായി തൃശൂർ, കോട്ടയം എന്ന് രണ്ടു പുതിയ വികാരിയാത്തുകൾ സ്ഥാപിതമായി. ഇതോടെ, പാണാപള്ളിലുണ്ടായിരുന്ന ചുരുക്കം ചില വൈദികാർഥികളും സഭ വിട്ടുപോയി മറ്റു സെമിനാരികളിൽ ചേർന്നു. അങ്ങനെ എരുമച്ചാടത്തു തോമ്മാച്ചൻ മാത്രം സഭയിൽ അവശേഷിച്ചു. അദ്ദേഹമാകട്ടെ, നമ്മുടെ സഭയിൽ ചേർന്നു മരിക്കണം എന്നാഗ്രഹിച്ചുകൊണ്ട് വിവരം അന്നു നമ്മുടെ സഭയുടെ ജനറാളുമായിരുന്ന ഇൻഡ്യയുടെ ഡെലെഗേറ്റ് അപ്പസ്തോലിക്കാ ആയൂച്ചി മെത്രാപ്പോലീത്തായെ അറിയിച്ചു. അതനുസരിച്ച് അദ്ദേഹത്തെ നമ്മുടെ സഭയിൽ സ്വീകരിക്കുന്നതിനും പാണാപള്ളി ആശ്രമവും പള്ളിയും, അവിടത്തെ സ്ഥാപരജംഗമവസ്തുക്കളും നമ്മുടെ സഭയ്ക്ക് ഏല്പിച്ചുതരുന്നതിനും ഡെലെഗേറ്റിൽനിന്നും കല്പനയുണ്ടായി. തദനുസരണം 1890-ൽ മേല്പറഞ്ഞവയെല്ലാം മാന്നാനം ആശ്രമശ്രേഷ്ഠൻ തീറു വാങ്ങി. അന്നുമുതൽ പാണാപള്ളി നമ്മുടെ സഭയുടെ ഒരാശ്രമമായി. സഭാംഗങ്ങൾ അവിടെ സ്ഥിരതാമസവുമാക്കി. 1891 ജനുവരിയിൽ തോമ്മാച്ചനും മരണംപ്രാപിച്ചു.

1897 നവംബറിൽ പാണാപള്ളി ആശ്രമം ഒരു വികാരിയാത്തു കൊവേന്തയായി പൊതുശ്രേഷ്ഠസംഘം പ്രഖ്യാപിച്ചു. കോയിപ്പള്ളി ബ. പീലിപ്പോസച്ചനാണ് ഇവിടത്തെ ആദ്യ വികാരി.

എന്നാൽ കാലാന്തരത്തിൽ പാണാപള്ളി നിവാസികളിൽ ചിലരെല്ലാംകൂടി കൊവേന്ത നടത്തിപ്പിന് പല ഉപദ്രവങ്ങളും ചെയ്തു തുടങ്ങി. കൊവേന്തപ്പള്ളിയുടെ തൊട്ടടുത്തുതന്നെ ഇടവകപ്പള്ളിയായി ഒരു താത്കാലിക പള്ളിവെച്ച് അവിടെ അവർ കുർബാന തുടങ്ങിയ തിരുക്കർമങ്ങളും നടത്തിച്ചു. തന്മൂലം കൊവേന്ത അവിടെനിന്ന് മറ്റേതെങ്കിലും സ്ഥലത്തേക്ക് മാറ്റുന്നതിനുള്ള ആലോചനകൾ സഭയിൽ

www.malankaralibrary.com

നടന്നു. തോട്ടകം കൊവേന്തയുമായി വെച്ചുമാറുന്നതിന് റോമിൽനിന്നും അനുവാദംകൂടെയും ലഭിച്ചതാണ്. പക്ഷെ, പ്രതിഫലക്കാര്യത്തിലുള്ള അഭിപ്രായവ്യത്യാസവും മറ്റും മൂലം അതു നടപ്പിലായില്ല. വേറെ ചില സ്ഥലങ്ങളും നിർദേശിക്കപ്പെട്ടെങ്കിലും ഒടുവിൽ കൊവേന്ത വകയായി പള്ളിപ്പുറം മണപ്പുറത്ത് ഉണ്ടായിരുന്ന നമ്മുടെ സ്ഥലത്തേക്ക് കൊവേന്ത മാറ്റിസ്ഥാപിക്കാനാണ് നിശ്ചയിച്ചത്. അതിനുള്ള അനുവാദം റോമിൽനിന്നും ലഭിച്ചിട്ടുണ്ടായിരുന്നു. അതനുസരിച്ച് 1926 മെയ് 17-ന് വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമത്തിൽ ഇപ്പോഴത്തെ മണപ്പുറം കൊവേന്തക്കെട്ടിടത്തിനു പ്രിയോർ ജനറാൾ നേര്യമ്പറമ്പിൽ ബ. ലൂയീസച്ചൻ കല്ലിട്ടു.

**മണപ്പുറം കൊവേന്ത**

പാണാപള്ളി കൊവേന്തയുടെ വികാരിയായിരുന്ന പാലക്കൽ ബ. തോമ്മാച്ചന്റെ പരിശ്രമഫലമായി ആറുമാസംകൊണ്ട് മണപ്പുറത്ത് തല്ക്കാലത്തേക്കുള്ള ഒരു ആശ്രമകെട്ടിടത്തിന്റെ പണി പൂർത്തിയായി. തന്നാണ്ടു നവംബർ 29-ാംനു പാണാപള്ളി കൊവേന്ത കെട്ടിടവും മറ്റും തുച്ഛമായൊരു തുക പ്രതിഫലമായി സ്വീകരിച്ചുകൊണ്ട് അവിടത്തെ ഇടവക പള്ളിക്കായി വിട്ടുകൊടുത്തുവെച്ച് നാം മണപ്പുറത്തെ പുതിയ കൊവേന്തയിലേക്കു താമസംമാറ്റി. 1926 ഡിസംബറിൽ ബ. തോമാച്ചൻ വീണ്ടും ഇവിടത്തെ വികാരിയായി തിരഞ്ഞെടുക്കപ്പെട്ടു. കൊവേന്തക്കെട്ടിടത്തിന്റെ തറ ഇദ്ദേഹം നേരത്തെ തീർത്തിരുന്നു. തെക്കുവടക്കായി രണ്ടു നിലയിൽ പുതിയ കൊവേന്തകെട്ടിടത്തിന്റെ പണി ആരംഭിച്ചതിനും പുറമേ, കിഴക്കുപടിഞ്ഞാറായി പള്ളിയും, ആവശ്യമുള്ള മറ്റു ചില്ലറ കെട്ടിടങ്ങളും അദ്ദേഹം പണിയിച്ചു. 1929 നവംബറിൽ പുതിയ പള്ളി വെഞ്ചരിപ്പ് അതിൽ കുർബാനയും ചൊല്ലിത്തുടങ്ങി. 1929 ഡിസംബറിൽ അദ്ദേഹത്തിന്റെ പിൻഗാമിയായി വന്ന മുണ്ടാടൻ ബ. ബർത്തോൾദച്ചനാണ് മേല്പറഞ്ഞ രണ്ടുനില കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയതും 1932-ൽ ഈ ആശ്രമം ഒരു പ്രിയോരാത്തു കൊവേന്തയായി ഉയർത്തപ്പെട്ടപ്പോൾ ഇതിന്റെ ആദ്യത്തെ പ്രിയോരായി നിയമിതനായതും.

ഈ സ്ഥാപനത്തിനുവേണ്ടി അത്യദ്ധ്വാനം ചെയ്തിട്ടുള്ള പാലക്കൽ ബ. തോമ്മാച്ചൻ കറുകുറ്റി ആശ്രമവാസിയായി താമസിക്കുകയിൽ കാൻസർ രോഗബാധിതനാവുകയും ഇവിടെവെച്ച് 1932 ഒക്ടോ

www.malankaralibrary.com

ബർ 22-ൽ ഭാഗ്യമരണം പ്രാപിക്കുകയും പിറ്റേദിവസം മൃതശരീരം ഇവിടത്തെ ദേവാലയത്തിൽ സാഘോഷം സംസ്കരിക്കുകയും ചെയ്തു.

1942-ൽ കായൽതീരത്ത് നല്ലൊരു കപ്പേള പലരുടെയും ധനസഹായത്തോടെ പണിയുകയുണ്ടായി. ഇതിന്റെ പ്ലാൻ വരച്ചതും ഇതു പണിയിച്ചതും പാലക്കൽ ബ. തോമ്മാച്ചന്റെ അനുജൻ ബ. കുര്യച്ചനാണ്. കൊവേന്തയുടെ പടിഞ്ഞാറു റോഡരുകിൽ 1949-ൽ വേറൊരു കപ്പേളയും പണി കഴിപ്പിച്ചിട്ടുണ്ട്. അതാകട്ടെ, പ്രസ്തുത വർഷത്തിലെ കമ്മ്യൂണിസ്റ്റ് വിപ്ലവ കാലത്തു തന്റെ ഫാക്ടറിക്കു നാശമൊന്നും ഭവിക്കാഞ്ഞതു വിശുദ്ധ കൊച്ചുത്രേസ്യായുടെ സംരക്ഷണം നിമിത്തമാണെന്ന ബോധ്യത്തോടെ ശ്രീ എൻ.സി. ജോൺ നിരയത്തു വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമത്തിൽ പണിയിച്ചു കൊവേന്തയ്ക്കു ദാനം ചെയ്തിട്ടുള്ളതാണ്.

1950 മെയ് മാസത്തിൽ, പാണാപള്ളി കൊവേന്തയുടെ മാറ്റത്തിനും മണപ്പുറം കൊവേന്തയുടെ ഉന്നമനത്തിനും വേണ്ടി പാലക്കൽ ബ. തോമാച്ചനോടൊന്നിച്ചു അക്ഷീണം യത്നിച്ചിട്ടുള്ള ചക്കുങ്കൽ ബ. റൊമുവാൾദച്ചന്റെയും 1962 ഓഗസ്റ്റിൽ പുത്തനങ്ങാടി പറയ്ക്കാട്ട് ബ. ഇസഹാക്കച്ചന്റെയും വ്രതവാഗ്ദാന കനകജൂബിലി ഇവിടെ സാഡംബരം ഘോഷിക്കുകയുണ്ടായി.

## വിവിധ പ്രവർത്തനങ്ങൾ

### A. ഭക്തസംഖ്യങ്ങൾ

സണ്ടേ സ്കൂളിനും പുറമേ സൊഡാലിറ്റി, മിഷ്യൻലീഗ്, കർമലീത്താ മൂന്നാംസഭ, മാർത്തോമ്മാ ദാസസംഘം മുതലായ ഭക്തസംഘടനകൾ ഇവിടെ നല്ലനിലയിൽ നടത്തിപ്പോരുന്നു.

### B. വിദ്യാപ്രവർത്തനം

മണ്ണൂർ ബ. ഗ്രസ്യാനോസച്ചൻ ഇവിടെ ശ്രേഷ്ഠനായിരുന്നപ്പോൾ മുണ്ടകത്തിൽ ബ. ഇരനേവൂസച്ചന്റെ പ്രത്യേക താത്പര്യവും പരിശ്രമവും നിമിത്തം ഈ പ്രദേശങ്ങളിലെ സാധുക്കളായ കുട്ടികളെ ഉദ്ദേശിച്ച് 1938-ൽ ഒരു പ്രൈമറി സ്കൂൾ ഇവിടെ സ്ഥാപിച്ചു. സ്കൂളിന് സർക്കാർ അനുമതിയല്ലാതെ അംഗീകരണമോ ഗ്രാന്റോ ഇല്ലായിരുന്നു തന്നിമിത്തം സ്ഥലത്തെ ഉദാരമതികളുടെ ധനസഹായംകൊണ്ടും

www.malankaralibrary.com

മറ്റുമാണ് അധ്യാപക ശമ്പളം മുതലായവ ഞെരുങ്ങി നടത്തിയിരുന്നത്. സ്കൂൾ നടത്തിപ്പ് ആശ്രമത്തിന് ഒരു ഭാരമായിത്തീർന്നു. അങ്ങനെയിരിക്കേ 1941 നവംബറിൽ സ്കൂളിന് അംഗീകരണവും ഗ്രാന്റും ലഭിച്ചു. ഇതിനുവേണ്ടി പെരുമാലിൽ ബ. അൽസേൽമൂസച്ചൻ വളരെ യത്നിച്ചിട്ടുണ്ട്. 1964-ൽ ഒരു യു.പി. സ്കൂളായി ഉയർത്തപ്പെട്ടതും കർമലീത്താ കന്യാസ്ത്രീകളുടെ സേവനം കൂടെയും അടുത്തകാലത്ത് സിദ്ധിച്ചിട്ടുള്ളതുമായ ഈ സ്കൂൾ, സ്ഥലത്തെ വിദ്യാസ്ഥാപനങ്ങളിൽ പ്രധാനപ്പെട്ട ഒന്നത്രേ.

**ദേഹവിയോഗങ്ങൾ**

1898-7-24-ൽ പള്ളിപ്പുറം പാലയ്ക്കൽ ബ. ബ്രൊക്കാർദ് കുരിയാക്കോസച്ചനും (73)
1918-3-13-ൽ ഭരണങ്ങാനം പൈമ്പള്ളി ബ. ഫബിയാനോസ് അച്ചനും (33)
1932-10-22-ൽ പള്ളിപ്പുറം പാലയ്ക്കൽ ബ. തോമ്മാച്ചനും (48)
1951-6-12-ൽ ചമ്പക്കുളം മുണ്ടക്കൽ ബ.ബസേലിയോസച്ചനും (76)
1955-3-10-ൽ വടയാറ്റു ചക്കുങ്കൽ ബ. റൊമുവാൾദച്ചനും (78)
1965-1-18-ൽ പള്ളിപ്പുറം പാലയ്ക്കൽ ബ. കുര്യച്ചനും (69)
1965-7-5-ൽ വൈക്കം പുത്തനങ്ങാടി ബ. ഇസഹാക്കച്ചനും (75)

ഭാഗ്യമരണം പ്രാപിച്ചു. ആദ്യത്തെ രണ്ടുപേർ പാണാപള്ളിയിലും, മറ്റുള്ളവർ ഇവിടെയുമായി സംസ്കരിക്കപ്പെട്ടിരിക്കുന്നു.

## 3. തേവര-തിരുഹൃദയ ആശ്രമം

### പ്രാരംഭ നടപടികൾ

വാഴക്കുളം കർമല കൊവേന്തയുടെ വികാരിയായിരുന്ന കാനാട്ടു ബ. യാക്കോബ് അച്ചൻ തന്റെ കോന്തുരുത്തി ഇടവകാതിർത്തിയിൽ നമ്മുടെ സഭവകയായി ഒരു സ്ഥാപനം ഉണ്ടാക്കണമെന്ന് ദീർഘകാലമായി ആഗ്രഹിച്ചിരുന്നു. കായൽകൊണ്ടു വലയം ചെയ്യപ്പെട്ട ചങ്ങനാട്ടുകര നിവാസികൾക്ക് പള്ളിയിൽ സൗകര്യംപോലെ പോയി തിരുകർമങ്ങളിൽ സംബന്ധിക്കുന്നതിനും മറ്റും പ്രയാസമായിരുന്നതിനാൽ അവിടെത്തന്നെ ഒരു പള്ളി പണിയിക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. ഈ നിശ്ചയം അറിഞ്ഞ തദ്ദേശവാസികൾ അധികം സന്തോഷിക്കുകയും സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്തു.

www.malankaralibrary.com

ഇതിന്റെ ശേഷം ആ വന്ദ്യദേഹം തിരുഹൃദയത്തിന്റെ ഒരു സ്വരൂപവും 200ക. കൊടുത്ത് സ്വന്തം പേരിൽ ഇവിടെ ഇപ്പോഴത്തെ പള്ളിയിരിക്കുന്ന സ്ഥലവും വാങ്ങി. പ്രസ്തുത സ്ഥലത്ത് ന.ക.തിരുഹൃദയത്തിന്റെ നാമത്തിൽ ഒരു പള്ളി പണിയുന്നതിനുവേണ്ടി 1879 നവംബർ 18-ാം തീയതി, അന്ന് സുറിയായിക്കാരുടെ പ്രത്യേക മെത്രാനായിരുന്ന മർസലീനോസ് മെത്രാന്റെയും കൊച്ചി ഗവർമ്മെണ്ടിന്റെയും അനുമതി വാങ്ങി പണി ആരംഭിച്ചു. 1879-ലെ ക്രിസ്മസ്സ് ദിവസം ഇവിടെ ആദ്യമായി കുർബാന ചൊല്ലി. തിരുഹൃദയത്തിന്റെ നാമത്തിൽ സ്ഥാപിതമായിട്ടുള്ള കേരളത്തിലെ ഒന്നാമത്തെ ദേവാലയമാണിതെന്ന പ്രസ്താവ്യമത്രേ. ഈ പള്ളിപണിക്ക് നാട്ടുകാരുടെ നിർലോപമായ സഹകരണങ്ങൾ ലഭിച്ചിട്ടുണ്ട്.

1886-ൽ ഇന്ത്യൻ ഹൈരാർക്കി സ്ഥാപിച്ചപ്പോൾ നൂതനമായി സ്ഥാപിതമായ കൊച്ചി രൂപതയുടെയും വരാപ്പുഴ അതിരൂപതയുടെയും അതിർത്തികൾ നിശ്ചയിച്ച കൂട്ടത്തിൽ ചങ്ങനാട്ടു പള്ളി കൊച്ചി രൂപതയിൽപ്പെട്ടുപോയി. അപ്പോൾ വാഴക്കുളം പ്രിയോർ ബ. കാനാട്ടച്ചനും കോന്തുരുത്തി ഇടവകക്കാരും പ്രസ്തുത പള്ളി സുറിയാനി കർമലീത്താ സഭക്കാരുടെ വകയാണെന്ന് വാദിക്കുകയും അതിലേക്കു വേണ്ട തെളിവുകൾ ഡെലെഗേറ്റ് അപ്പസ്തോലിക്ക വഴി റോമിലേക്ക് അയയ്ക്കുകയുമുണ്ടായി. ഈ പള്ളി പണിയുന്നതിന് അനുമതി നല്കുകയും അതിന്റെ അടിസ്ഥാന കല്ലിടുകയും ചെയ്ത മർസലീനോസ് മെത്രാനച്ചനും ഈ പള്ളി സുറിയാനിക്കാരുടേതാണെന്നു സാക്ഷി കൊടുത്തു. തന്മൂലം ചങ്ങനാട്ടു പള്ളി സുറിയാനിക്കാരുടെ വകയാണെന്ന് 1887 സെപ്തംബർ 16-ന് റോമിൽനിന്ന് തീരുമാനിച്ചു. ഈ തീരുമാനത്തെ 13-ാം ലെയോൻ മാർപാപ്പാ അംഗീകരിക്കുകയും ചെയ്തു. ഡെലെഗേറ്റ് അപ്പസ്തോലിക്ക വഴി ഈ വിവരങ്ങളെല്ലാം യഥാസമയം വാഴക്കുളം പ്രിയോരിനെ അറിയിക്കുകയുമുണ്ടായി.

പിന്നീട് 1890 ഒക്ടോബർ 25-ാം തീയതി കോട്ടയം വികാരി അപ്പസ്തോലിക്ക കാർലോസ് ലവീഞ്ഞു മെത്രാനച്ചൻ ഈ പള്ളി നമ്മുടെ സഭയ്ക്കായി ഒഴിഞ്ഞുതന്നു, കീഴെ ഉദ്ധരിക്കുന്ന കല്പന വഴിയായി: "നാം, മിലേവിയായുടെ മെത്രാനും കോട്ടയം വികാരി അപ്പസ്തോലിക്കയും ആയ ഈശോ സഭയിലെ കാർലോസ് ലവീഞ്ഞ്, സുറിയാനിക്കാരായ കർമലീത്താ മൂന്നാം സഭയുടെ ഡെലെഗേറ്റ് പ്രിയോരാകുന്ന ബ. യോഹന്നാൻ ആ ക്രൂസ് യൗസേപ്പച്ചന് ടി സഭയുടെ റേഗുളയ്ക്ക്

www.malankaralibrary.com

തക്കവണ്ണം ദൈവശുശ്രൂഷയും ആത്മരക്ഷയും വർധിപ്പിക്കുന്നതിനായി തേവര എന്നു പറയപ്പെടുന്ന ദേശത്തുള്ള ചങ്ങനാട്ട് എന്നു പേരായ കപ്പേളയെ അതിനടുത്ത എല്ലാ അർഹതകളോടും കടങ്ങളോടും കൂടെ പൂർണസ്വാതന്ത്ര്യത്തിനടുത്ത വസ്തുവായി ദാനം ചെയ്യുന്നു". എന്നു കോട്ടയത്തു നമ്മുടെ അരമനയിൽ നിന്ന് 1890-ാം കാലം ഒക്ടോബർ മാസം 25-ാം തീയതി.

**ആശ്രമസ്ഥാപനം**

ഇത് ഒരു കൊവേന്തയാക്കാനുള്ള അനുമതി 1892 ജനുവരി 6-ന് പ്രൊപ്പഗാന്താ തിരുസംഘത്തിൽ നിന്നു ലഭിച്ചു. വാഴക്കുളം പ്രിയോരിന്റെ അധികാരത്തിൻ കീഴ് അവിടെനിന്ന് ഏതാനും അച്ചന്മാർ ഇവിടെ വന്ന് കാര്യങ്ങൾ നടത്തിത്തുടങ്ങി. ഇവിടത്തെ ചെലവുകൾക്ക് പോരാതെ വന്ന പണം വാഴക്കുളത്തു നിന്നാണ് തന്നുകൊണ്ടിരിക്കുന്നത്.

1900 ജൂൺ മാസത്തിൽ മാന്നാനത്തു സമ്മേളിച്ച പൊതുശ്രേഷ്ഠസംഘം ഇതിനെ ഒരു കാനോനികാശ്രമത്തിന്റെ നിലയിലേക്ക് ഉയർത്തി. ഇവിടത്തെ ആദ്യത്തെ വികാരിയായി നിയമിതനായത് ഈ ആശ്രമത്തിനു വേണ്ടി വളരെയധികം ബുദ്ധിമുട്ടുകൾ സഹിച്ചിട്ടുള്ള മഞ്ചേരി ബ. യൗസേപ്പന്തോനിയച്ചനാണ്.

1902 മുതൽ 1908 വരെ പ്രിയോർ ജനറാളിന്റെ ആസ്ഥാനം ഈ ആശ്രമമായിരുന്നു.1905-ൽ സഭയുടെ കാനോനിക സ്ഥാപനത്തിന്റെ കനകജൂബിലി സ്മാരകമായി പള്ളിമുറ്റത്തു റോഡരികിൽ ഒരു കപ്പേള പണി തീർത്തു. പ്രസ്തുത വർഷം ഡിസംബർ 7-ന് അതിന്റെ വെഞ്ചരിപ്പും നടന്നു. ഈ ജൂബിലിക്കപ്പേള പില്ക്കാലത്ത് പൊളിച്ചു മാറ്റപ്പെട്ടു, ചില അസൗകര്യങ്ങൾ നിമിത്തം.

ഈ ആശ്രമത്തിനു വേണ്ടി വളരെ ബുദ്ധിമുട്ടിയിട്ടുള്ള ഇതിന്റെ ഒരു ഉത്തമ ഉപകാരിയായിരുന്ന കാനാട്ടു ബ. കുഞ്ഞാക്കോച്ചൻ ഇടപ്പള്ളി വികാരിയായിരിക്കയിൽ 1914 ഒക്ടോബർ 25-ന് ചരമമടഞ്ഞു. ഈ ആശ്രമത്തിന് അദ്ദേഹത്തിൽനിന്ന് ലഭിച്ചിട്ടുള്ള സേവനങ്ങൾക്കു കൃതജ്ഞതയായി അദ്ദേഹത്തിന്റെ മൃതശരീരം, രൂപതാധികാരിയുടെ പ്രത്യേകാനുമതിയോടെ, ഈ ആശ്രമ ദേവാലയത്തിൽ കൊണ്ടുവന്ന് ഇവിടെ സാഘോഷം സംസ്കരിക്കുകയുണ്ടായി.

ഇവിടെ ഒരു പുതിയ ആശ്രമക്കെട്ടിടം പണിയുന്നതിന് ളുയീസ് മെത്രാനച്ചൻ 1915-ൽ അടിസ്ഥാനമിട്ടു. സാമ്പത്തിക വിഷമതകൾ മൂലം

www.malankaralibrary.com

പണി അധികമൊന്നും പുരോഗമിച്ചില്ല. അങ്ങനെയിരിക്കയിൽ, പലരുടെയും സഹായത്തോടെ വികാരി ആണ്ടുമാലിൽ ബ. ബൊനിഫാസി അച്ചൻ കുറെ ഭാഗം പണിയിച്ചു. തുടർന്നു വികാരിയായി വന്ന മാമ്പിള്ളി ബ. അനസ്താസിയച്ചൻ ബാക്കി ഭാഗങ്ങളുടെ പണിയും തീർത്ത് 1924 മെയ് 29-ൽ പ്രസ്തുത കെട്ടിടത്തിന്റെ വെഞ്ചരിപ്പും നടത്തി.

1925- ജൂൺ മാസത്തിൽ ഈ ആശ്രമസ്ഥാപനത്തിന്റെ രജത ജൂബിലി ആഘോഷിച്ചു. പ്രസ്തുത വർഷം ഓഗസ്റ്റിൽ ഈ ആശ്രമം ഒരു പ്രിയോരാത്തു കൊവേന്തയായി ഉയർത്തപ്പെട്ടു. ബ. അനസ്താസിയച്ചനായിരുന്നു ഇവിടത്തെ ഒന്നാമത്തെ പ്രിയോർ.

1926 ഡിസംബർ മുതൽ 1941 സെപ്തംബറിൽ പൊതുശ്രേഷ്ഠ ഭവനം എറണാകുളത്ത് സ്ഥാപിക്കപ്പെട്ടതുവരെ പ്രിയോർ ജനറാളിന്റെ ആസ്ഥാനം ഈ ആശ്രമമായിരുന്നു.

### വിവിധ വിവരങ്ങൾ

നമ്മുടെ സഭയുടെ ശതാബ്ദ ജൂബിലി സ്മാരമായി 1932-ൽ ഇവിടെ നാല്പതുമണിയാരാധന ആരംഭിച്ചു. എല്ലാ വർഷവും മുടക്കം കൂടാതെ ആണ്ടവസാനത്തിൽ അതിവിടെ ഇന്നും നടത്തിപ്പോരുന്നു.

ആലുവയിൽ നിന്ന് യോഗാർഥി ഭവനം 1932 ജൂണിൽ ഇവിടേക്കു മാറ്റപ്പെട്ടു, താത്കാലികമായി.

പുതിയൊരു ആശ്രമക്കെട്ടിടത്തിനുള്ള ശിലാസ്ഥാപനം 1940 ഫെബ്രുവരി 5-നു നടന്നു. പ്രിയോർ നൂഴുമുറി ബ. ഫ്രാൻസിസ് സാലെസച്ചന്റെ പ്രത്യേക പരിശ്രമത്താലും ഉദാരമതികളായ വിദേശികളുടെ സഹായത്താലും മൂന്നുമാസംകൊണ്ട് അതിന്റെ പണി പൂർത്തിയാവുകയും അത് ഉപയോഗിച്ചുതുടങ്ങുകയും ചെയ്തു.

1949 ഡിസംബർ 30-ന് ഫാത്തിമ മാതാവിന്റെ പ്രതിമയ്ക്ക് ആഡംബരപൂർവകമായ ഒരു വരവേല്പ് ഈ ആശ്രമത്തിലും നല്കുകയുണ്ടായി അന്നുതന്നെ കൊവേന്ത സ്ഥാപനത്തിന്റെ കനകജൂബിലിയും ആഘോഷിക്കപ്പെട്ടു. തൃശൂർ മെത്രാൻ ഡോക്ടർ ജോർജ് ആലപ്പാട്ട് പൊന്തിഫിക്കൽ കുർബാനയും വരാപ്പുഴ മെത്രാപ്പോലീത്ത ഡോക്ടർ ജോസഫ് അട്ടിപ്പേറ്റി 'തെദേവു' മിനോടുകൂടെ പരിശുദ്ധ കുർബാനയുടെ ആശീർവാദവും ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ (പിന്നീട് എറണാകുളം മെത്രാപ്പോലീത്ത) ജൂബിലി പ്രസംഗവും നടത്തി.

www.malankaralibrary.com

മാർത്തോമ്മാശ്ലീഹായുടെ കേരളപ്രവേശനത്തിന്റെ 19-ാം ശദാബ്ദ പൂർത്തി പ്രമാണിച്ചു നടന്ന ആഘോഷങ്ങളിൽ സംബന്ധിക്കാൻ വന്ന ബ. വൈദികരുടെ താമസത്തിനു വേണ്ടി, ഇവിടത്തെ കോളജും ഹോസ്റ്റലും വിട്ടുകൊടുത്തും ജൂബിലി സംബന്ധിച്ച് വൈദികർക്കും മെത്രാന്മാർക്കുമുള്ള സമ്മേളനങ്ങൾ നമ്മുടെ കോളജ് അസംബ്ളി ഹാളിലാണ് നടത്തുന്നത്. പ്രസ്തുത ജൂബിലിയാഘോഷങ്ങളിൽ സംബന്ധിക്കാനെത്തിയ പേപ്പൽപ്രതിനിധി കാർഡിനൽ ഗിൽറോയിക്കും, ആയിടെ കാർഡിനൽ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട ബോംബെയിലെ വലേറിയൻ ഗ്രേഷ്യസ് മെത്രാപ്പോലീത്തമാരും മെത്രാന്മാരും ഈ സ്വീകരണച്ചടങ്ങുകളിൽ സംബന്ധിച്ചു.

1950 മുതൽ 1953 വരെ ഇവിടെ പ്രിയോരായിരുന്ന വള്ളവന്തറ ബ. ഷാബോറച്ചൻ ഈ ആശ്രമത്തിന്റെ ഋണബാധ്യത കുറെ കുറയ്ക്കുകയും എറണാകുളത്തുനിന്നുള്ള പൈപ്പുവെള്ളം സുലഭമായി ഇവിടെ ലഭിക്കുന്നതിനുവേണ്ട സജ്ജീകരണങ്ങൾ ചെയ്തതിനു പുറമേ, അരിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത നേടുന്നതിനു വേണ്ടി വിസ്തൃതമായ ഒരു വയൽ തീറു വാങ്ങിക്കുകയുണ്ടായി.

പ്രിയോർ പയ്യപ്പിള്ളി ബ. ജോസഫാത്തച്ചൻ ആശ്രമക്കെട്ടിടം മൂന്നു നിലയിലാക്കി ഉയർത്തിയതിനു പുറമേ, പഴയ കെട്ടിടത്തിന് കാലാനുസൃതമായ പല പരിഷ്കാരങ്ങളും ഏർപ്പെടുത്തി.

1953 ഡിസംബർ 8-ാംനു പൗരസ്ത്യതിരുസംഘത്തിന്റെ സെക്രട്ടറി ടിസറങ് കാർഡിനലിന് അത്യുജ്ജ്വലമായ ഒരു സ്വീകരണം ഇവിടെ നല്കി. അദ്ദേഹം ഒരു രാത്രി ഇവിടെ താമസിക്കുകയും നമ്മുടെ സ്ഥാപനങ്ങളെല്ലാം സന്ദർശിച്ചു സംതൃപ്തി പ്രകടിപ്പിക്കുകയും, തദവസരത്തിൽ അദ്ദേഹത്തിന് ഇവിടത്തെ സ്ഥാപനങ്ങളുടെയെല്ലാം ദന്തനിർമിതമായ ഒരു മോഡൽ സമ്മാനിക്കുകയുണ്ടായി.

ഈ ആശ്രമത്തിന്റെ അഭിവൃദ്ധിക്കായി വളരെയധികം പ്രവർത്തിച്ചിട്ടുള്ള ഒരാളാണ് മാഞ്ഞൂരാൻ ബ. എവുജേനിയച്ചൻ, പൂനായിൽ വച്ചു മൃതനാവുകയും അവിടെത്തന്നെ സംസ്കരിക്കപ്പെടുകയും ചെയ്ത ഇദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ അവിടെനിന്ന് എടുത്ത് ഇവിടെ കൊണ്ടുവന്ന് അദ്ദേഹത്തിന്റെ നാലാം ചരമവാർഷികദിനമായ 1955 ജനുവരി 21-ന് ഇവിടത്തെ ദൈവാലയത്തിൽ സഘോഷം സ്ഥാപിച്ചു.

www.malankaralibrary.com

1955 ഡിസംബർ 27-ാം തീയതി നമ്മുടെ സഭയുടെ ശതാബ്ദ ജൂബിലി പ്രമാണിച്ച് പ്രിയോർ ജനറാളച്ചൻ വിളിച്ചുകൂട്ടിയ All Kerala Religious Conference സമ്മേളനം ഇവിടെവച്ചാണ് നടന്നത്. കേരളത്തിലെ വിവിധ സന്ന്യാസസഭകളിൽപ്പെട്ട ഒട്ടേറെ സന്ന്യാസിനീ സന്ന്യാസികൾ അതിൽ പങ്കെടുത്തു. 1963 ജനുവരി 2-ന് C.R.I-യുടെ ഒരു സമ്മേളനവും ഈ ആശ്രമത്തിൽ വച്ചു നടന്നു. വിവിധ സഭകളിലെ 60-ഓളം ശ്രേഷ്ഠന്മാർ അതിൽ സംബന്ധിച്ചു.1963 നവംബർ 24-ന് കോയിത്തറ ബ. ജോൺ ബെർക്കുമാൻസച്ചന്റെ ഗുരുപ്പട്ട സുവർണജൂബിലി ഇവിടെ സാഡംബരം ആഘോഷിക്കയുണ്ടായി.

## വിവിധ പ്രവർത്തനങ്ങൾ
## A. വിദ്യാപ്രവർത്തനം

### 1. പ്രൈമറി സ്കൂൾ

ഈ ആശ്രമത്തിന്റെ ആരംഭകാലം മുതൽ വിദ്യാപ്രവർത്തനത്തിൽ ശ്രദ്ധിച്ചിരുന്നു. 1880-ൽ സ്ഥലത്തെ നിവാസികളുടെ പരിശ്രമഫലമായി ഒരു കുടിപ്പള്ളിക്കൂടം പള്ളിപ്പരിസരത്ത് ആരംഭിച്ചു. നമ്മുടെ അച്ചന്മാർ ഇവിടെ താമസം തുടങ്ങിയതോടുകൂടെ പ്രസ്തുത സ്കൂൾ നാം തന്നെ ഏറ്റു നടത്തണമെന്ന് സ്ഥലനിവാസികൾ ആവശ്യപ്പെട്ടു. പ്രൈമറി വിദ്യാഭ്യാസം രാജ്യത്താകെ നടപ്പാക്കാൻ കൊച്ചി ഗവൺമെണ്ടും പരിശ്രമിച്ചുക്കൊണ്ടിരുന്ന ഒരു കാലഘട്ടമായതിനാൽ, പ്രസ്തുത അഭ്യർഥനയനുസരിച്ച് സ്കൂൾ ഏറ്റെടുക്കാൻ നാം തയ്യാറായി. അതിനു മുൻകൈ എടുത്തത് എറണാകുളത്ത് പുതിയവീട്ടിൽ നമ്മുടെ ബ. യോബച്ചനായിരുന്നു. മെട്രിക്കുലേഷൻ പാസ്സായശേഷം സിലോണിലും മറ്റും പോയി ക്രിസ്ത്യൻ ബ്രദേഴ്സ് എന്ന സന്ന്യാസസമൂഹത്തിൽ ചേർന്ന് 12 കൊല്ലത്തോളം അവിടെ താമസിച്ച് വിദ്യാപ്രവർത്തനത്തിൽ വേണ്ട നൈപുണ്യം നേടിക്കൊണ്ട് സ്വദേശത്ത് തിരിച്ചെത്തിയശേഷം 1895-ൽ നമ്മുടെ സഭയിൽ ചേർന്ന നല്ലൊരു വിദ്യാപ്രവർത്തകനായിരുന്നു യോബച്ചൻ. 1906 ആയപ്പോഴേക്കും ഈ സ്ഥാപനം ഗവണ്മെണ്ടംഗീകരണമുള്ള ഒരു ആംഗ്ളോ വെർണാകുലർ സ്കൂളായി ഉയർന്നു കഴിഞ്ഞു. സെന്റ് മേരീസ് എൽ.പി സ്കൂൾ എന്ന പേരിൽ ആശ്രമത്തിന്റെ മാനേജ്മെന്റിൽത്തന്നെ ഇന്നും ഈ സ്കൂൾ ഇവിടെ നടന്നുവരുന്നു.

### 2. ഇംഗ്ളീഷ് സ്കൂൾ

1923-ൽ ഇവിടെ ഒരു ലോവർ സെക്കണ്ടറി സ്കൂൾ ആരംഭിച്ചു. ആദ്യകാലത്ത് പലരിൽനിന്നും വിഷമതകൾ ഉണ്ടായിട്ടുണ്ടെങ്കിലും,

www.malankaralibrary.com

അതിനെയെല്ലാം അതിജീവിച്ച് 1931-ൽ ഈ സ്ഥാപനം ഒരു ഹൈസ്കൂളായി ഉയർന്നു. പൈനുങ്കൽ ബ. പീറ്റർ തോമസച്ചനായിരുന്നു ഇതിന്റെ ഹെഡ്മാസ്റ്റർ. ഒരു വ്യാഴവട്ടക്കാലത്തോളം ദീർഘിച്ച അദ്ദേഹത്തിന്റെ സമർഥമായ ഭരണം ഈ സ്ഥാപനത്തെ അഭിവൃദ്ധിയിൽനിന്ന് അഭിവൃദ്ധിയിലേക്കു നയിച്ചു. ഹൈസ്കൂൾ ആരംഭിച്ച 1931-ൽത്തന്നെ അതോടനുബന്ധിച്ച് ഒരു ബോർഡിംഗ് ഹൗസും ആരംഭിച്ചു. 1963-വരെ അതിവിടെ നടത്തിപ്പോന്നു. നമ്മുടെ പുത്തൻപുരയ്ക്കൽ ബ. ബ്ളാസിയൂസച്ചനും വടക്കേക്കുടി ബ. ദൊരെത്തേവൂസ് അച്ചനും ദീർഘനാൾ ഹെഡ്മാസ്റ്റർമാരായി ഇവിടെ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ബ. എവുജേനിയച്ചൻ പ്രിയോർജനറാളച്ചന്റെ സെക്രട്ടറിയായിരിക്കയിൽ 1931-ൽ ഇവിടെ പുതിയതായി രണ്ടുനിലയിൽ ഒരു ഹൈസ്കൂൾ കെട്ടിടം പണിയിക്കുകയും പിന്നീട് അദ്ദേഹം ഇവിടെ പ്രിയോരായിരിക്കയിൽ അതിന് മൂന്നാമതൊരു നിലകൂടി പണിതീർക്കുകയും ചെയ്തു.

### 3. എസ്.എച്ച്. കോളജ്

പ്രശസ്തമായ തേവര ഹൈസ്കൂളിനു പുറമേ, 1944-ൽ ഒരു ഒന്നാം ഗ്രെയ്ഡ് കോളജും ഇവിടെ സമാരംഭിച്ചു. ബ. ഫ്രാൻസിസ് സാലസ് അച്ചൻ തേവര ആശ്രമാധിപനായിരിക്കയിലാണ് ഇവിടെ ഒരു കോളജിനുവേണ്ടി പരിശ്രമം തുടങ്ങിയത്. 1943 ഫെബ്രുവരിമാസം ആയപ്പോഴേക്കും കളിസ്ഥലം, കോളജിനും ഹോസ്റ്റലിനും വേണ്ടിയുള്ള കെട്ടിടങ്ങൾ ഇവയെല്ലാം സജ്ജമാക്കി. എന്നാൽ, അക്കൊല്ലം മദ്രാസ് സർവകലാശാല അയച്ച കമ്മീഷന് ഇവയൊന്നും തൃപ്തിയാകാഞ്ഞതിനാൽ മറ്റൊരു കെട്ടിടം നവമായി പണിയേണ്ടി വന്നു. ഒരു കൊല്ലത്തിനിടകൊണ്ട് പൂർത്തിയാക്കിയ പുതിയ കെട്ടിടം സർവകലാശാല കമ്മീഷന് ഇഷ്ടപ്പെടുകയും അതിൽ ആരംഭിക്കാനുള്ള അനുമതി നല്കുകയും ചെയ്തു. അതനുസരിച്ച് 1944 മേയ് 3-ാം തീയതി ഇൻഡ്യയുടെ ഡെലെഗേറ്റ് അപ്പസ്തോലിക്ക മോൺസിഞ്ഞോർ പീറ്റർ കീയർക്കസ് കലാലയം ആശീർവദിച്ചു. പൗരസ്ത്യതിരുസംഘം 20,222 ഡോളറും എറണാകുളം മെത്രാപ്പോലീത്ത 3000 ക.യും കൊച്ചി ഗവണ്മെന്റ് 10,000ക.യും ഈ കോളജിനുവേണ്ടി നല്കിയിട്ടുണ്ട്.

1944 ജൂൺ 16-ന് പുതിയ കോളജിനെ ഈശോയുടെ തിരുഹൃദയത്തിനു സാഘോഷം പ്രതിഷ്ഠിച്ചു. ജൂലൈ 1-ന്, 37 വിദ്യാർഥികളോടെ അധ്യയനം ആരംഭിച്ചു. പിറ്റേ മാസത്തിൽ, ഓഗസ്റ്റ് 14-ന്, കോളജിന്റെ ഔദ്യോഗികോദ്ഘാടനം നടന്നു. പ്രസിദ്ധനായ ഫാദർ കാർട്ടി

www.malankaralibrary.com

എസ്.ജെ. ആണ് ഉദ്ഘാടനപ്രസംഗം നിർവഹിച്ചത്. കൊച്ചി ദിവാൻ സർ ജോർജ് ബോഗ്, വരാപ്പുഴ, തിരുവനന്തപുരം മെത്രാപ്പോലീത്ത മാർ തുടങ്ങിയ പല പ്രശസ്തവ്യക്തികളും തദവസരത്തിൽ സന്നിഹിതരായിരുന്നു.

ഈ കോളജിന്റെ ഒന്നാമത്തെ പ്രിൻസിപ്പാളായി നിയമിതനായത്, അന്ന് ഒരു പൊതുശ്രേഷ്ഠാലോചനക്കാരൻ കൂടിയായിരുന്ന മണ്ണനാൽ ബ. റൊമെയോ തോമസച്ചനാണ്. നിശ്ചയാനുസരണം ചങ്ങനാശേരി എസ്.ബി. കോളജിന്റെ പ്രിൻസിപ്പാൾസ്ഥാനം രാജിവച്ചുകൊണ്ട് തേവരയെത്തി ജോലി ഭാരമേറ്റു അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ കോളജധ്യാപകരുടെ ഒരു മീറ്റിംഗു കൂടുകയും അതിൽ കോളജിന്റെ ഭാവി നടത്തിപ്പിനെപ്പറ്റി അദ്ദേഹം ഒരു പ്രസംഗം നടത്തുകയും ചെയ്തു. എങ്കിലും കലാലയത്തിലെ പഠനം ആരംഭിച്ച ദിവസം മുതൽ പ്രിൻസിപ്പാൾ ജോലി നിർവഹിച്ചിരുന്നത് ബ. പീറ്റർ തോമസച്ചനായിരുന്നു. എന്നാൽ, 1945 ജൂൺ മുതൽ 1946 ഓഗസ്റ്റ് വരെ ബ. റൊമെയോ തോമസച്ചൻ തന്നെയാണ് പ്രിൻസിപ്പാൾജോലി നിർവഹിച്ചിരുന്നത്. അനന്തരം പ്രസ്തുത ജോലിയിൽ നിന്നു വിരമിച്ച് അദ്ദേഹം പൊതുശ്രേഷ്ഠഭവനത്തിലേക്കു മടങ്ങി.

അതിനുശേഷം 1947 ജനുവരി വരെ അന്നു വൈസ് പ്രിൻസിപ്പാളായിരുന്ന മിസ്റ്റർ സി.ജെ.വർക്കി എം.എ., പ്രിൻസിപ്പാൾജോലി നോക്കി. അനന്തരം, പ്രശസ്തമാംവിധം എം.എ. ബിരുദം നേടി എത്തിയിരുന്ന ഫാദർ തെയോദോസിയൂസ് കരിപ്പാപറമ്പിൽ 1947 ജനുവരിയിൽ പ്രിൻസിപ്പാൾജോലി ഭരമേറ്റു. 1952-ൽ ഉന്നതബിരുദ സമ്പാദനത്തിനായി അമേരിക്കയിലേക്കു പോകുന്നതുവരെ അദ്ദേഹം സമർഥമായി കോളജ് ഭരണം നടത്തി, അതിനെ ഒരു ഉന്നത നിലയിൽ എത്തിച്ചു. അദ്ദേഹത്തിന്റെ അസാന്നിധ്യത്തിലും തുടർന്നും കല്ലുങ്കൽപുരയിടം ബ. അന്തോനി അച്ചനും പിന്നീട് അമേരിക്കയിൽനിന്ന് ഉന്നത ബിരുദങ്ങൾനേടിവന്ന പോത്താനിക്കാട്ടു ബ. തെയോബാൾദച്ചനും ബ. ഫ്രാൻസിസ് സാലസച്ചനും പ്രിൻസിപ്പാൾജോലി നിർവഹിച്ചിട്ടുണ്ട്. ഇപ്പോഴത്തെ പ്രിൻസിപ്പാൾ കോയിത്തറ ബ. അഗ്ഗേവൂസച്ചനാണ്. ഇന്ന് ഈ കോളജിൽ 1700-ൽ പരം വിദ്യാർഥികളും 90-ൽ പരം അധ്യാപകന്മാരുമാണുള്ളത്.

ബ. ഫ്രാൻസിസ് സാലസച്ചന്റെ നിസ്തന്ദ്ര പരിശ്രമത്തിന്റെയും പ്രയത്നത്തിന്റെയും ഫലമായിട്ടത്രേ ഈ കോളജ് ഇവിടെ സമാരംഭിച്ചതും ഇന്നത്തെ ഉയർന്ന നിലയിൽ എത്തിച്ചേർന്നിട്ടുള്ളതും.

www.malankaralibrary.com

ദക്ഷിണ കൊച്ചി മഹാരാജാവ് ശ്രീരാമവർമ പരീക്ഷിത്തു തിരുമേനി അദ്ദേഹത്തിന്റെ സകല മന്ത്രിമാരുടെയും നിയമസഭാ പ്രസിഡണ്ടിന്റെയും അകമ്പടിയോടെ 1939 ഫെബ്രുവരി 13-ന് അന്ന് ഇവിടത്തെ പ്രിയോരായിരുന്ന തോട്ടുങ്കൽ ബ. ക്ളെമേൻസച്ചന്റെ ക്ഷണാനുസരണം കോളജിൽ എഴുന്നള്ളി അതിന്റെ വാർഷികാഘോഷങ്ങളിൽ ആധ്യക്ഷം വഹിക്കുകയുണ്ടായി. തിരു-കൊച്ചി രാജപ്രമുഖൻ ശ്രീ ബാലരാമവർമ മഹാരാജാവും കോളജിൽ വന്ന് ഒരു വാർഷിക ദിനാഘോഷത്തിൽ ആധ്യക്ഷം വഹിച്ചിട്ടുണ്ട്.

1950 മുതൽ കോളജിന്റെ മാനേജരായിരുന്ന ബ. ഷാബോറച്ചൻ ശ്രദ്ധേയമായ പല പരിഷ്കാരങ്ങളും ഇവിടെ വരുത്തിയിട്ടുണ്ട്. കോളജു ചാപ്പലിന്റെയും ഹോസ്റ്റലുകളുടെയും നിർമാണവും B.Sc.ക്കു പുതിയ കോഴ്സുകൾ ഏർപ്പെടുത്തിയതും അവയിൽ ചിലതു മാത്രമാണ്.

### B. കൈത്തൊഴിൽ ശാലയും മുദ്രണാലയവും

തേവരയും സമീപപ്രദേശങ്ങളിലുമുള്ള സാധുക്കൾക്കു തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടി ബ. ജോൺ ബെർക്കുമാൻസച്ചന്റെ പ്രത്യേക താൽപര്യത്താലും പരിശ്രമത്താലും വിശുദ്ധ ചെറുപുഷ്പത്തിന്റെ 'കരകൗശലശാല' എന്ന പേരിൽ ഒരു സ്ഥാപനം 1927 സെപ്റ്റംബറിൽ ഇവിടെ ആരംഭിച്ചു. ആദ്യം തുടങ്ങിയതു തുണിനെയ്ത്താണ്. അത് ഇന്നും നടന്നുകൊണ്ടിരിക്കുന്നു.

ഒരു മുദ്രണാലയവും ഇതോടു ചേർന്ന് പിന്നീട് അദ്ദേഹം തന്നെ സ്ഥാപിച്ചു. പ്രസ്തുത മുദ്രണാലയത്തിൽനിന്ന് ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ട രണ്ടു വിശിഷ്ട ഗ്രന്ഥങ്ങളാണ്, അദ്ദേഹത്താൽ വിരചിതമായ 'ചെറുപുഷ്പ മഞ്ജരി'യും, 'അനന്തസ്നേഹവും'. ഈ രണ്ടു സ്ഥാപനങ്ങൾക്കും വേണ്ടി അക്ഷീണം പ്രയത്നിച്ചിട്ടുള്ള രണ്ടു വ്യക്തികളാണ് ബ. എവുജേനിയച്ചനും മാവേലിൽ ബ. സ്കറിയ സഹോദരനും.

'കുടുംബദീപം' എന്ന മാസിക 1930 ജനുവരി മുതൽ ഈ മുദ്രണാലയത്തിൽ നിന്നു പ്രസിദ്ധീകരിച്ചുവരുന്നു. ഇതിന്റെ ആദ്യപത്രാധിപർ നല്ക്കര ബ. ജൂലിയാനച്ചനും 1937 മുതൽ 25 കൊല്ലത്തോളം പത്രാധിപജോലി നിർവഹിച്ചത് ചേന്നാട്ടു ബ. ലേത്തൂസച്ചനുമാണ്. അനന്തരം, ചീത്തോരി ബ. ഡോമിനിക്കച്ചനും പുഴക്കര ബ. ജൊവാക്കിം അച്ചനും പത്രാധിപന്മാരായിരുന്നു. ഇപ്പോഴത്തെ പത്രാധിപർ ബ. ഡൊമീഷ്യൻ

www.malankaralibrary.com

മാണിക്കത്താൻ അച്ചന്റെ നേതൃത്വത്തിൽ മികച്ച നിലവാരം പുലർത്തുന്ന ഒരു മത സാംസ്കാരിക മാസികയായി 'കുടുംബദീപം' നടന്നുവരുന്നു. ഇന്നു കാണുന്ന വിശാലവും മനോഹരവുമായ പ്രസ്സ് കെട്ടിടവും ബ. ഫ്രാൻസിസ് സാലസ്സച്ചൻ പണി കഴിപ്പിച്ചതാണ്.

**C. പ്രേഷിതപ്രവർത്തനം**

ഞായറാഴ്ചതോറും മതപഠന ക്ലാസുകൾ ഇവിടെ നടത്തിവരുന്നതിനു പുറമേ കോളജിലും സ്കൂളുകളിലും പഠിക്കുന്ന അക്രൈസ്തവ വിദ്യാർഥികൾക്ക് ആഴ്ചയിൽ ഒരു മണിക്കൂർ സാന്മാർഗിക പ്രബോധനവും നല്കിവരുന്നു.

മരിയൻ സൊഡാലിറ്റി, കത്തോലിക്കാവിദ്യാർഥി സംഘടന (C.S.U.), കെ.സി.എസ്.എൽ. തുടങ്ങി ചില സംഘടനകളും ഇവിടെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

**ദേഹവിയോഗങ്ങൾ**

6-5-1891-ൽ കോന്തുരുത്തി കാനാട്ടു ബ. പൗലോസച്ചനും (53)
30-3-1903-ൽ കോന്തുത്തി കാനാട്ടു ബ. യോഹന്നാൻ സഹോദരനും (31)
27-12-1907-ൽ മൂവാറ്റുപുഴ മുണ്ടക്കൽ ബ.തോമ്മാച്ചനും (36)
28-7-1909-ൽ ആലപ്പുഴ ആറ്റാവേലിൽ ബ. ഹയാസിന്തച്ചനും (60)
21-6-1919-ൽ എറണാകുളം പുതിയവീട്ടിൽ ബ. യോബച്ചനും (62)
11-9-1926-ൽ പുത്തമ്പള്ളി തളിയത്ത് ബ. ഗീവർഗീസ്അച്ചനും (89)
20-10-1933-ൽ മുട്ടത്ത് കണ്ടത്തിപ്പറമ്പിൽ ബ. അന്തോനി അച്ചനും (69)
28-3-1936-ൽ പള്ളിപ്പുറം കല്ലറക്കൽ കടവിൻ ബ.പൗളീനോസച്ചനും (45)
24-4-1940-ൽ ചങ്ങനാശ്ശേരി കുട്ടമ്പേരൂർ ബ. ക്രിസ്റ്റൊഫർ അച്ചനും (30)
16-5-1945-ൽ മേലഡൂർ ചക്കാലക്കൽ ബ.കമീലോസ് സഹോദരൻ (39)
20-10-1949-ൽ അതിരമ്പുഴ ചക്കാലക്കൽ ബ. ക്ളെത്തോസ് അച്ചനും (49)
21-1-1951-ൽ ചക്കരക്കടവ് മാഞ്ഞൂരാൻ ബ. എവുജീൻ അച്ചനും (59)
31-8-1951-ൽ എടാട്ട് പുതുശ്ശേരി ബ. സെലസ്തീനോസച്ചനും (71)
7-2-1956-ൽ കറുകുറ്റി മാവേലിൽ ബ.സ്കറിയ സഹോദരനും (62)

www.malankaralibrary.com

4-12-1964-ൽ കോന്തുരുത്തി കോയിത്തറ ബ.ജോൺ ബെർക്കുമാൻസച്ചനും (81)
17-11-1967-ൽ വടക്കൻ കല്ലൂർക്കാട്ട് റാത്തപ്പള്ളി ബ.തോബിയാസ് അച്ചനും (57)

ഭാഗ്യമരണം പ്രാപിച്ച് ഇവിടെ ഭൂദാനം ചെയ്യപ്പെട്ടിരിക്കുന്നു.

### 4. കൂനമ്മാവ്-വിശുദ്ധ യൗസേപ്പിതാവിന്റെ ആശ്രമം

#### പ്രാരംഭ ചരിത്രം

കേരളത്തിൽ മിഷൻ പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന ഫാദർ ബെർണർദീൻ എന്നൊരു കർമലീത്താ മിഷനറി അന്നും കേരളത്തിലെ ഒരു കത്തോലിക്കാ കേന്ദ്രമായിരുന്നു കൂനമ്മാവിൽ വിശുദ്ധ ഫിലോമിനായുടെ നാമത്തിൽ ഒരു ദൈവാലയവും അതോടുചേർന്ന് ഒരു വൈദികമന്ദിരവും 1837-ൽ പണിയാരംഭിച്ച് 1844-ൽ പണിപൂർത്തിയാക്കിയിട്ടുണ്ടായിരുന്നു. പിന്നീട് അദ്ദേഹം വരാപ്പുഴ വികാരി അപ്പസ്തോലിക്ക ആയപ്പോൾ, സുറിയാനിക്കാരുടെ ഇടയിൽ ഉള്ളതുപോലെ ലത്തീൻകാരുടെ ഇടയിലും ഒരു സന്ന്യാസാശ്രമം ഉണ്ടായിക്കാണണം എന്ന ഉദ്ദേശ്യത്തോടെ 1857-ന്റെ ആരംഭത്തിൽ മേല്പറഞ്ഞ സ്ഥാപനം ഒരാശ്രമമായി സ്ഥാപിച്ചു. വരാപ്പുഴ ലത്തീൻസെമിനാരിയിൽ നിന്ന് മൂന്നു സ്വദേശി വൈദികരെയും ഒരു വിദേശവൈദികനെയും തിരഞ്ഞെടുത്തു സന്ന്യാസജീവിതം ആരംഭിക്കുന്നതിനായി അവിടേക്കയച്ചു. അവരുടെ ശ്രേഷ്ഠനായി പീലിപ്പോസ് മിഷനറിയേയും നിശ്ചയിച്ചു. എന്നാൽ സന്ന്യാസജീവിതം തുടർന്നുകൊണ്ടുപോകത്തക്ക ത്യാഗസന്നദ്ധത അവർക്കില്ലാഞ്ഞതിനാൽ, മെത്രാനച്ചന്റെ ആഗ്രഹം സഫലമായില്ല. തന്നിമിത്തം, പ്രസ്തുത ആശ്രമം മാന്നാനത്തെ സന്ന്യാസികളെ ഏല്പിക്കുന്നതിന് നിശ്ചയിച്ചുകൊണ്ട് 1857 ഓഗസ്റ്റിൽ ആ വന്ദ്യദേഹം ചാവറ കുരിയാക്കോസച്ചന് മാന്നാനത്തേക്ക് ഒരു കല്പന അയച്ചു. ആ കല്പനയിലെ പ്രസക്തഭാഗം ഇവിടെ ഉദ്ധരിക്കുന്നു: 'നിങ്ങൾക്കുള്ള ക്രമചട്ടത്തിൽ കൊവേന്തയ്ക്കു തക്ക സ്ഥലം തരപ്പെടുമെങ്കിൽ വേർവിട്ടു കൊവേന്ത സ്ഥാപിക്കാൻ അനുവദിച്ചിരിക്കുന്നു എന്നു കല്പിച്ചിരിക്കുംവണ്ണം നിങ്ങൾക്കായി കൂനമ്മാവു കൊവേന്ത തന്നിരിക്കുന്നു."

ഏതാനും സന്ന്യാസികളെ മാന്നാനത്തുനിന്ന് ഉടനേ കൂനമ്മാവിലേക്ക് അയയ്ക്കണമെന്ന പ്രസ്തുത കല്പനയിലെ താത്പര്യപ്രകാരം

www.malankaralibrary.com

ചാവറയച്ചൻ നാല് സന്ന്യാസികളെ അങ്ങോട്ടയച്ചു. മുഞ്ഞനാട്ടു മത്തായി അച്ചൻ, കാനാട്ടു പൗലോസ് ശെമ്മാശ്ശൻ, പാറപ്പുറത്ത് വർക്കി ശെമ്മാശ്ശൻ, തോപ്പിൽ ചാണ്ടപ്പിള്ള ശെമ്മാശ്ശൻ എന്നിവരായിരുന്നു ആ നാലുപേർ. ഇവരെ മർസലീനോസ് മിഷനറി അവിടത്തെ ആശ്രമ വാസികളായി സ്നേഹപൂർവം സ്വീകരിച്ചു. മാന്നാനത്ത് സന്ന്യാസ ജീവിത രീതികൾ തഴക്കിക്കൊണ്ടിരുന്ന ഇദ്ദേഹം, കൂനമ്മാവിൽ സമാരംഭിച്ച ലത്തീൻ സന്ന്യാസജീവിതം തുടർന്നുകൊണ്ടുപോകുന്നതിനായി അവിടേക്കു നിയുക്തനായതാണ്. ആശ്രമശ്രേഷ്ഠന്റെ ജോലിയും തൽകാലം അദ്ദേഹം തന്നെ നിർവഹിച്ചു വന്നു.

ഏതാനും മാസങ്ങൾക്കുശേഷം വെണ്ടുരുത്തി ഇടവക യാക്കോബ് എന്നൊരു ബാലനും കുത്തിയതോട് ഇടവക ചിറയ്ക്കൽ മണവാളൻ ബ. പൗലോസച്ചനും കോന്തുരുത്തി വികാരി കാനാട്ട് ബ. യാക്കോബച്ചനും കൂനമ്മാവിൽ സന്ന്യാസികളുടെ കൂട്ടത്തിൽ സ്വീകരിക്കപ്പെട്ടു. അധികം താമസിയാതെ, മർസലീനോസ് മിഷനറിക്കു പകരം ഫീലിപ്പോസു മിഷനറി കൂനമ്മാവിലെ സന്ന്യാസികളുടെ ശ്രേഷ്ഠനായി നിയമിക്കപ്പെട്ടു. ആയിടെ തന്നെ, മെത്രാനച്ചന്റെ പ്രത്യേക കല്പനയനുസരിച്ച് ചാവറയച്ചൻ കൂനമ്മാവിൽ വരുകയും കൂനമ്മാവു കൊവെന്തയുടെയും പ്രിയോർ എന്ന നിലയിൽ സ്വീകരിക്കപ്പെടുകയും ചെയ്തു. മുഞ്ഞനാട്ടു ബ. മത്തായി അച്ചനെ കൂനമ്മാവു കൊവേന്തയിലെ തന്റെ വികാരിയായി നിയമിക്കുന്ന അധികാരപത്രം ചാവറയച്ചൻ അദ്ദേഹത്തിനു കൊടുത്തു.

ഇവിടത്തെ സന്ന്യാസിസമൂഹം ക്രമപ്രവൃദ്ധമായി വർധിച്ചു വന്നു. അവർക്കെല്ലാം താമസസൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടി 1861-ൽ പള്ളിയുടെ പിൻഭാഗത്തുണ്ടായിരുന്ന രണ്ടുനിലക്കെട്ടിടം മൂന്നുനിലയാക്കി ഉയർത്തുകയും വീണ്ടും 1863-ൽ തെക്കുഭാഗത്ത് കിഴക്കുപടിഞ്ഞാറായി ഒരു മൂന്നുനിലക്കെട്ടിടവും 1868-ൽ വടക്കുഭാഗത്തു കിഴക്കുപടിഞ്ഞാറായി വേറൊരു മൂന്നുനിലക്കെട്ടിടവും പണിതുയർത്തുകയുമുണ്ടായി. ഈ കെട്ടിടനിർമിതിക്കുവേണ്ടി സുറിയാനിക്കാരുടെ പിടിയരിവക പണത്തിൽനിന്നുതന്നെ ആറായിരം ഉറുപ്പിക ചെലവാക്കിയിട്ടുണ്ട്. ഇതിനുപുറമേ, പല സ്ഥലങ്ങളിലുംനിന്ന് കൂനമ്മാവിൽ വന്ന് സഭയിൽ ചേർന്നിരുന്നവരുടെ പത്രിമേനി വകയായി വന്ന പണം കൊണ്ട് കൊവേന്തയ്ക്കു സമീപം പല സ്ഥാവരവസ്തുക്കൾ വാങ്ങിച്ചിട്ടുമുണ്ട്. അവയിൽ മിക്കതും പുരയിടങ്ങളാണ്.

www.malankaralibrary.com

1863-ൽ മെത്രാന്റെ ഡെലഗേറ്റായി ലെയൊപ്പോൾദ് മിഷനറി നിയമിക്കപ്പെട്ടു. ആശ്രമങ്ങളുടെ പൊതുവായ ഗുണം ഉദ്ദേശിച്ച് പല കാര്യങ്ങളും ആലോചിച്ചു ശരിപ്പെടുത്തുന്നതിന് പൊതു പ്രിയോരും ഡെലെഗേറ്റും ഒരേ സ്ഥലത്തു വസിക്കണം എന്നായിരുന്നു പുതിയ ഡെലെഗേറ്റിന്റെ അഭിപ്രായം. അതനുസരിച്ച്, 1864-ൽ ചാവറയച്ചൻ മാന്നാനത്തുനിന്ന് കൂനമ്മാവിലേക്കു പോന്ന് സ്ഥിരവാസം ഇവിടെ ഉറപ്പിച്ചു. ഇവിടെവച്ചത്രേ അദ്ദേഹം നിര്യാതനായതും.

1886-ൽ ഇൻഡ്യയിൽ ഹയരാർക്കി സ്ഥാപിച്ചപ്പോൾ സുറിയാനിക്കാർ വരാപ്പുഴ അധികാരത്തിൽനിന്നു മാറി തൃശൂർ, കോട്ടയം എന്നീ വികാരി അപ്പസ്തോലിക്കമാരുടെ ഭരണത്തിൻകീഴായി. അപ്പോൾ, അന്നുവരെ നമ്മുടെ സഭയുടെ നവസന്ന്യാസാശ്രമമായും നമ്മുടെ അധീനത്തിലും ഇരുന്നിരുന്ന കൂനമ്മാവ് ആശ്രമവും പള്ളിയും വരാപ്പുഴ മെത്രാപ്പോലീത്തയുടെ അധീനത്തിലും ഭരണത്തിലും ഇരിക്കേണ്ടതാണെന്നും അതു വരാപ്പുഴ വക പണംകൊണ്ടു പണിയിച്ചിട്ടുള്ളതാണെന്നും അന്നത്തെ വരാപ്പുഴ അതിരൂപതാധ്യക്ഷനായിരുന്ന ലെയൊനാർദ് മെത്രാപ്പോലീത്താ റോമിൽ ബോധിപ്പിച്ചു. അതനുസരിച്ച് കൂനമ്മാവു കൊവേന്ത വരാപ്പുഴ മെത്രാപ്പോലീത്തയ്ക്കു വിട്ടുകൊടുക്കണമെന്ന് റോമിൽനിന്നു വിധിയുണ്ടാവുകയും അതിൻപ്രകാരം ആവശ്യമായ നടപടികളെല്ലാം നടക്കുകയും ചെയ്തു. അങ്ങനെ, 1889 മാർച്ച് 9-ാം നു വരാപ്പുഴനിന്നു നിയോഗിച്ചയയ്ക്കപ്പെട്ടിരുന്ന ഫിലിപ്പോസ് മിഷനറിയെ കൂനമ്മാവ് ആശ്രമവും പള്ളിയും ഏല്പിച്ചിട്ട് നമ്മുടെ അച്ചന്മാർ മുപ്പതുവർഷത്തിലധികം അവിടെ താമസിച്ചിട്ടുള്ളതിൽനിന്നു സിദ്ധിച്ചിട്ടുള്ള സകല അവകാശങ്ങളും ഉപേക്ഷിച്ചുകൊണ്ട് അമ്പഴക്കാട്ടേക്കു പുറപ്പെട്ടു.

കൂനമ്മാവിലെ വിശുദ്ധ ഫിലോമിനായുടെ നാമത്തിലുള്ള ആശ്രമം നമുക്ക് നഷ്ടപ്പെട്ടെങ്കിലും അവിടെ ന. സഭ വാങ്ങിയ വസ്തുക്കൾ സഭയുടേതുതന്നെ ആയിരുന്നു. ആ വസ്തുക്കളുടെ കാര്യാന്വേഷണത്തിനും അവിടത്തെ സുറിയാനി കർമലീത്താമഠത്തിലെ കപ്ലോൻ ജോലിക്കുമായി കല്പനപ്രകാരം ന. സഭാംഗങ്ങളായ തയ്യിൽ ബ. യൗസേപ്പു യോഹന്നാനച്ചനും ഫ്രൻസിസ്കോസ്, മർക്കോസ് എന്നീ രണ്ടു സഹായ സഹോദരന്മാരും കൂനമ്മാവിൽത്തന്നെ, കന്യകാമഠത്തിന് സമീപം മഠം വകയുണ്ടായിരുന്ന ഒരു ബംഗ്ലാവിൽ താമസിച്ചിരുന്നു. പിന്നീട് സഭവക ആട്ടേപ്പറമ്പ് എന്ന സ്ഥലത്ത് സ്വന്തമായി ഒരു ബംഗ്ലാവു പണിയിച്ച് അവരുടെ വാസം അവിടേക്കു മാറ്റി.

www.malankaralibrary.com

1889-ൽ നാം കൂനമ്മാവ് സെന്റ് ഫിലോമിനാ ആശ്രമം വിട്ടതോടെ അവിടെ ലത്തീൻ റീത്തിൽപ്പെട്ട ഒരു മിഷ്യനറി വൈദികനും രണ്ടു സഹായ സഹോദരന്മാരും മാത്രമാണ് അവശേഷിച്ചത്. അതിനാൽ, അവിടെ ഒഴിവായി വന്ന വമ്പിച്ച കെട്ടിടങ്ങളിൽ വരാപ്പുഴ അതിരൂപ തയിൽ നിന്നും ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കുന്നതിന് ആലോചന നടക്കുകയും, 1891-ൽ വിശുദ്ധ ഫിലോമിനായുടെ നാമത്തിൽ ഒരു മിഡിൽസ്കൂൾ ആരംഭിക്കുകയും, 1895-ൽ അത് ഒരു ഹൈസ്കൂളായി ഉയർത്തുകയുമുണ്ടായി. പ്രസ്തുത ഹൈസ്കൂളിൽപോയി പഠിക്കുന്ന തിന് സൗകര്യമായ രീതിയിൽ 1894-ൽ നമ്മുടെ ആദ്യത്തെ യോഗാർഥി സ്കൂൾ ഇവിടെ സ്ഥാപിതമായി. പരിശുദ്ധ സിംഹാസനം അംഗീക രിച്ച ഒരു നിയമാവലിയും അതിനുണ്ടായിരുന്നു. ആ യോഗാർഥിക ളുടെ ആദ്യത്തെ റെക്ടർ പീടിയേക്കൽ ബ. ലൗറന്തിയോസച്ചനായി രുന്നു. യോഗാർഥികൾ ഇവിടത്തെ ബംഗ്ലാവിൽ താമസിച്ചുകൊണ്ടാണ് ലേ്പറഞ്ഞ ഹൈസ്കൂളിൽപോയി പഠിച്ചിരുന്നത്. ഈ ഹൈസ്കൂൾ നിർത്തലാക്കി 1898-ൽ എറണാകുളത്തേക്ക് മാറ്റിയപ്പോൾ ഇവിടത്തെ നമ്മുടെ യോഗാർഥിഭവനവും നിർത്തലാക്കി, യോഗാർഥികളെ മാന്നാ നത്തേക്കും ഏൽതുരുത്തിലേക്കും മാറ്റി.

**പുതിയ ആശ്രമത്തിന്റെ സ്ഥാപനം**

1901 മേയ് മാസത്തിൽ മാന്നാനത്ത് സമ്മേളിച്ച പൊതുശ്രേഷ്ഠ സംഘം കൂനമ്മാവിലെ ഈ സ്ഥാപനം വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിലുള്ള നമ്മുടെ സഭയുടെ ഒരു കാനോനികാശ്രമമായി പ്രഖ്യാ പിച്ചു. ഒന്നാമത്തെ വികാരിയായി 1902 ഏപ്രിൽ മാസത്തിൽ നേര്യമ്പ റമ്പിൽ ബ. യോഹന്നാനച്ചൻ നിയമിതനായി. കൊവേന്തയുടെ ആവ ശ്യത്തിന് ഒരു കപ്പേള പ്രത്യേകം പണിയേണ്ടതാണെന്നും ഈ സംഘം തീരുമാനിച്ചു. വിശിഷ്യാ, ഈ സംഘത്തിന്റെ നിശ്ചയമനുസരിച്ച് 1889 മുതൽ അന്നുവരെ അമ്പഴക്കാട്ട് പ്രിയോരിന്റെ നിയന്ത്രണത്തിലിരുന്ന കൂനമ്മാവിലെ വസ്തുക്കളുടെ അന്വേഷണം ഈ ആശ്രമത്തിൽ നിന്നു തന്നെ നടത്തിത്തുടങ്ങി.

1902 മുതൽ 24-ൽ ഈ ആശ്രമത്തിൽ വസിച്ചിരുന്ന തുണ സഹോ ദരനായ ചിറയത്ത് ബ. ഫ്രൻസിസ്കോസ് മരണംപ്രാപിച്ച് ആശ്രമ ത്തോട് ചേർന്ന് പണിതുകൊണ്ടിരുന്ന ദേവാലയത്തിൽ സംസ്കരി ക്കപ്പെട്ടു.

www.malankaralibrary.com

കർമലീത്താ ഒന്നാം സഭയുടെ ജനറാളിന്റെ കല്പനയനുസരിച്ചും സ്ഥലത്തെ വൈദിക മേലധ്യക്ഷന്റെ അനുമതിയോടെയും 1902-ൽ ഈ ആശ്രമത്തിൽ ഉത്തരീയ സഭയും അല്മായർക്കുള്ള മൂന്നാംസഭയും സ്ഥാപിച്ചു. 1903-ൽ ഇൻഡ്യയിലെ പേപ്പൽ പ്രതിനിധി കേരളം സന്ദർശിച്ചപ്പോൾ ഈ ആശ്രമവും സന്ദർശിച്ചു. 1909 മുതൽ 1914 വരെ തളിയത്ത് ബ. ബസേലിയോസച്ചൻ പ്രിയോർ ജനറാളായിരിക്കയിൽ ഈ ആശ്രമം പൊതുശ്രേഷ്ഠന്റെ ആസ്ഥാനമായിരുന്നു. പുളിക്കൽ ബ. ഗബ്രിയേലച്ചന്റെ ഭരണകാലത്തും കുറെനാൾ അദ്ദേഹം ഇവിടെ യാണ് വസിച്ചിരുന്നത്.

ഇവിടത്തെ ബംഗ്ലാവ് കൊവേന്തയുടെ ആവശ്യത്തിന് മതിയാ കാതെ വന്നതിനാൽ ഒരു പുതിയ കെട്ടിടം പണിയുന്നതിന് തീരുമാനി ച്ചതനുസരിച്ച് 1911 ഏപ്രിൽ 18-ന് ളൂയീസ് മെത്രാനച്ചൻ പുതിയ കെട്ടി ടത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചു.

കൊവേന്തയുടെ സാമ്പത്തികനില ഉയർത്തുന്നതിനുവേണ്ടി കൊവേന്ത തലയാളായിനിന്ന് രണ്ട് വലിയ ചിട്ടികൾ മുതലിച്ചു. എന്നാൽ പ്രസ്തുത ചിട്ടി ഏർപ്പാട് തകരാറിലായതിനാൽ കൊവേ ന്തയ്ക്ക് വലിയ ഋണബാധ്യതയ്ക്ക് അത് കാരണമായി. കൊവേന്ത സാമ്പത്തികമായി തകർന്നു എന്ന് പറയത്തക്ക ഒരു നിലയിലായി. അപ്പോഴാണ് ആദ്യത്തെ ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതും തൊഴി ലില്ലാതെയും ആഹാരമില്ലാതെയും സ്ഥലത്തെ സാധുജനങ്ങൾ കിടന്ന് നട്ടംതിരിഞ്ഞതും. ആ അവസരത്തിൽ കൊവേന്തയുടെ സാമ്പത്തിക പാപ്പരത്വം അശേഷം പരിഗണിക്കാതെ വികാരി പാലക്കൽ ബ. തോമ്മാ ച്ചൻ സാധുക്കൾക്ക് പണവും അരിയും കഴിവിൽകഴിഞ്ഞ ഉദാരതയോടെ കൊടുത്ത് സഹായിച്ചു. ഇദ്ദേഹത്തിന്റെ പരിശ്രമത്താൽ പുതിയ കൊവേന്തയുടെ പണിയും 1920-ൽ തീർത്ത് ഉപയോഗിച്ചുതുടങ്ങി.

1924 ജൂലൈ മാസത്തിലെ ചരിത്രപ്രസിദ്ധമായ വെള്ളപ്പൊക്കം കൂനമ്മാവിനെയും ഗ്രസിച്ചുകളഞ്ഞു. അന്ന് ജനങ്ങളെല്ലാം കൊവേ ന്തയിൽ അഭയംതേടി. മണിമുറിയും പള്ളിമുറ്റവുമെല്ലാം ജന ങ്ങളെക്കൊണ്ട് നിറഞ്ഞു. ജൂലൈ 17-ാം തീയതി മധ്യാഹ്നത്തോടെ പള്ളിമുറ്റവും വെള്ളത്തിനടിയിലായി. അപ്പോൾ പള്ളിയിൽനിന്നും പരിശുദ്ധ കുർബാന പ്രാർഥനമുറിയിലേക്ക് മാറ്റിയശേഷം പള്ളി ജന ങ്ങളുടെ താമസത്തിനായി വിട്ടുകൊടുത്തു. അരയടി വെള്ളംകൂടി

www.malankaralibrary.com

ഉയർന്നെങ്കിൽ പള്ളിക്കകത്തും വെള്ളം കയറുമായിരുന്നു. ഈ ഘട്ട ത്തിൽ വിശുദ്ധ ഏലിയാ നിവ്യായുടെ സ്തുതിക്കായി ഇവിടെ ഒരു പാട്ടുകുർബാനയും സമാധാനത്തിന്റെ കുർബാനയും ചൊല്ലി. തുടർന്ന് കാപ്പ ധരിച്ച് സകല പുണ്യവാന്മാരുടെ ലുത്തിനിയായും ജപിച്ചു. പ്രാർഥ നാപരമായ പ്രലാപംകൊണ്ട് അന്തരീക്ഷം മുഖരിതമായി. ജൂലൈ 17-ാം തീയതി സായാഹ്നംമുതൽ വെള്ളം ഇറങ്ങിത്തുടങ്ങി. വെള്ളം നിശ്ശേഷം ഇറങ്ങിയപ്പോൾ, ജനങ്ങൾ താന്താങ്ങളുടെ വീടുകളിലേക്കു മടങ്ങി. ജനങ്ങൾ കൊവേന്തയിൽ അഭയംതേടിയിരുന്ന ദിവസങ്ങളി ലെല്ലാം അവർക്ക് ഭക്ഷണം നല്കിയിരുന്നത് കൊവേന്തയിൽ നിന്നാ യിരുന്നു. 1931-ലെ വെള്ളപ്പൊക്കക്കാലത്തും കൊവേന്തയിൽനിന്ന് സാധുക്കൾക്ക് അരിയും പണവും കഴിവുപോലെ കൊടുത്തിരുന്നു.

1931 ഓഗസ്റ്റിൽ സമ്മേളിച്ച പൊതുശ്രേഷ്ഠസംഘം ഈ ആശ്ര മത്തെ ഒരു പ്രിയോരാത്താശ്രമമായി ഉയർത്തി. ഇതിന്റെ ഒന്നാമത്തെ പ്രിയോരായി നിയമിതനായത് പാറയ്ക്കൽ ബ. അർസേനിയൂസച്ചൻ ആണ്. കൂനമ്മാവിൽ ഒരു പഠനഗൃഹം ആരംഭിക്കണമെന്നുകൂടെ പ്രസ്തുത പൊതുശ്രേഷ്ഠസംഘം തീരുമാനിച്ചതനുസരിച്ച്, ഒരു രണ്ടു നിലക്കെട്ടിടം ഇവിടെ പണികഴിപ്പിക്കുകയും 1932 ജൂലൈ 19-ാം തീയതി അമ്പഴക്കാട്ടുനിന്ന് വ്രതാനുഷ്ഠായികളായ പഠനക്കാർ ഇവിടെ വന്നു പഠനം ആരംഭിക്കുകയും ചെയ്തു. മാതേയ്ക്കൽ ബ. മത്തായി അച്ചൻ ആയിരുന്നു അവരുടെ ഗുരു. വൈദികാർഥികളുടെ ഉപയോഗത്തിനു വേണ്ടി പഠനഗൃഹത്തോടു ചേർന്ന് ഒരു കപ്പേള 1934-ൽ, ആലുവ കൊവേന്തയുടെ വികാരി ബ. പത്രീസി അച്ചന്റെ ചെലവിൽ ഇവിടെ പണിയിച്ചു. 1934 സെപ്റ്റംബർ 7 മുതൽ ഇതിൽ കുർബാന ചൊല്ലി ത്തുടങ്ങി. പൂനാക്കാരൻ ആർ. മത്വേഡോ *(R.Macedo)* എന്ന മാന്യന്റെ സഹായത്തോടെ തോട്ടത്തിൽ ഒരു ഗ്രോട്ടോയും പണികഴിപ്പിച്ചു. അവിടെ സ്ഥാപിതമായ അമലോദ്ഭവമാതാവിന്റെ തിരുസ്വരൂപവും ബ. പത്രീസിയച്ചന്റെ സമ്മാനമാണ്.

ഇവിടത്തെ ആശ്രമദൈവാലയം ചെറുതും വേണ്ടത്ര സൗകര്യ ങ്ങൾ ഇല്ലാത്തതുമായിരുന്നു. ഈ കുറവു പരിഹരിക്കുന്നതിനുവേണ്ടി പള്ളി കുറെക്കൂടി നീട്ടുന്നതിനും നല്ലൊരു മുഖവാരം പണിതുയർത്തു ന്നതിനും പ്രിയോർ ബ. മാവുരൂസച്ചൻ നിശ്ചയിച്ചു പണി തുടങ്ങു കയും അദ്ദേഹത്തിന്റെ പിൻഗാമിയായി വന്ന പൊരിയത്തു ബ. കെറു ബിനച്ചന്റെ തുടർന്നുള്ള പരിശ്രമത്താൽ മുഖവാരത്തിന്റെ പണി മിക്ക

www.malankaralibrary.com

വാറും തീരുകയും ചെയ്തു. അപ്പോൾ, മുഖവാരവും അതോടുചേർന്ന പള്ളിയുടെ ഒരു ഭാഗവും 1943 ജൂൺ 2-ാം തീയതി നിലംപതിച്ചു. അതിനുശേഷം കുറവു തീർത്ത് പ്രിയോർ മണ്ണൂർ ബ. റമീജിയച്ചന്റെ സമർഥമായ മേല്നോട്ടത്തിൽ നിർമിച്ചതാണ് ഇപ്പോഴത്തെ ദേവാലയം. 1946 ഡിസംബർ 13-ന് പ്രിയോർ ജനറാൾ ബ. ജോൺ ബെർക്കുമാൻസച്ചൻ ദൈവാലയത്തിന്റെ വെഞ്ചരിപ്പുകർമം നടത്തി.

1950-ൽ വീണ്ടും ഇവിടത്തെ പ്രിയോരായി നിയമിതനായ ബ. മാവുരൂസച്ചൻ വിസ്തൃതമായ കൊവേന്തപ്പറമ്പെല്ലാം വളമിട്ടു ദേഹണ്ഡിപ്പിച്ചു. ഈ ആശ്രമത്തിന്റെ ഇന്നത്തെ സാമ്പത്തിക സുസ്ഥിതിയുടെ പ്രധാന കാരണം ഇതാണ്. ഇതിനുപുറമേ, അദ്ദേഹം കുളിമുറി, കക്കൂസ് മുതലായവ ആധുനിക രീതിയിൽ പണികഴിപ്പിച്ചു.

1952-ൽ ഈ ആശ്രമസ്ഥാപനത്തിന്റെ സുവർണജൂബിലി ആഘോഷിച്ചു. പ്രസ്തുതവർഷം മേയ് 8, 9, 10 എന്നീ തീയതികളിൽ ഇവിടത്തെ ആശ്രമദേവാലയത്തിൽ 40 മണി ആരാധന നടത്തപ്പെട്ടു.

1956 മേയ് മാസത്തിൽ ഇവിടെ നടന്നുവന്നിരുന്ന പഠനഗൃഹം നിറുത്തലാക്കി. അന്നുമുതൽ തിരുഹൃദയ പ്രവിശ്യയിലെ ലത്തീൻ-സുറിയാനി രണ്ടാംകൊല്ലക്കാരായ യോഗാർഥികളെ ഇവിടെ താമസിപ്പിച്ചു പഠിപ്പിച്ചു തുടങ്ങി. 1960 ഏപ്രിൽ 10-ന് ആ പ്രസ്ഥാനവും നിറുത്തലാക്കി. പ്രസ്തുതവർഷം ജൂൺ മുതൽ 1961 മേയ് 18 വരെ ഒരു കൊല്ലത്തേക്ക് ഈ പ്രവിശ്യയിലെ ജൂണിയറേറ്റ് ഇവിടെയായിരുന്നു.

1960 ഒക്ടോബർ 5-ന്, ദീർഘകാലം ഈ ആശ്രമത്തിൽ പ്രൊക്കുദോർ ആയിരുന്നിട്ടുള്ള പൈനാടത്തു ബ. ഇന്നൊസെന്റച്ചന്റെ വ്രതാനുഷ്ഠാന കനകജൂബിലി ഇവിടെ ആഘോഷിച്ചു. പ്രസ്തുത ജൂബിലിയുടെ സ്മാരകമായി ആശ്രമവളപ്പിനുള്ളിൽ ഒരു വൃദ്ധമന്ദിരം പണിയാനുള്ള ശിലാസ്ഥാപനവും നിർവഹിച്ചു.

നമ്മുടെ വന്ദ്യപിതാവ് ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ കൂനമ്മാവിൽ വന്നു സ്ഥിരതാമസമാക്കിയതിന്റെ ശതവാർഷികം 1964 ജനുവരി 12-ന് അതിനു തൊട്ടുമുമ്പുള്ള 9 ദിവസങ്ങളിലെ വിവിധ പരിപാടികളോടുകൂടെ ഇവിടെ ആഘോഷിച്ചു.

1967 ഏപ്രിൽമാസത്തിൽ ചെറുകാട്ടിൽ ബ. മാർട്ടിൻ സഹോദരന്റെ വ്രതവാഗ്ദാന കനകജൂബിലിയും ഇവിടെ ആഘോഷിക്കുകയുണ്ടായി.

www.malankaralibrary.com

### വിവിധ പ്രവർത്തനങ്ങൾ

#### A. ഭക്തസംഘടനകൾ

ഉത്തരീയത്തിന്റെ 7-ാം ശതാബ്ദജൂബിലി ആഘോഷിച്ച 1951-ൽ അല്മായർക്കുള്ള കർമലീത്താ മൂന്നാം സഭ ഇവിടെ പുനരാരംഭിച്ചു പ്രവർത്തനം തുടങ്ങി. 145 അംഗങ്ങളാണ് ഇപ്പോൾ ഇതിലുള്ളത്.

വ്യാകുലമാതാവിന്റെ കുട്ടികൾ എന്ന അഭിധാനത്തിൽ സാധുകുട്ടികൾക്കു പഠനം, വസ്ത്രം, ഭക്ഷണം മുതലായവ നല്കിപ്പോരുന്നു.

#### B. കുടിൽ വ്യവസായം

കൊന്തകെട്ട്, ഉത്തരീയ നിർമാണം ഇവ ഇവിടത്തെ സാധുക്കളെ പരിശീലിപ്പിച്ച് ജീവസന്ധാരണത്തിനുള്ള വഴി തുറന്നുകൊടുക്കുന്നതിന് ഇവിടെ ശ്രമിച്ചുവരുന്നു. ഈ ജോലി ചെയ്യുന്നതിന് തക്ക കൂലി കൊടുക്കുന്നതിനു പുറമേ, കിട്ടുന്ന ലാഭത്തിന്റെ ഒരു ഗണ്യഭാഗവും അവർക്കു കൊടുത്തുവരുന്നു. മാത്രമല്ല, അത്യാവശ്യാവസരങ്ങളിൽ ഓരോരുത്തർക്കും തക്ക സാമ്പത്തിക സഹായവും ആശ്രമത്തിൽ നിന്നു നല്കിവരുന്നു.

#### C. വൃദ്ധമന്ദിരം

1961-ലാണ് ഇവിടെ ഒരു വൃദ്ധമന്ദിരം ആരംഭിച്ചത്. നിരാശ്രയരായ വൃദ്ധന്മാർക്ക് അഭയവും ആശ്വാസവും നല്കുക എന്നതാണ് ഇതിന്റെ സ്ഥാപനോദ്ദേശ്യം. ഇപ്പോൾ ഇവിടെ 12 വൃദ്ധന്മാരാണുള്ളത്. വിവിധ മതസ്ഥരായ ഈ വൃദ്ധരിൽനിന്ന് ചില മാനസാന്തരങ്ങളും ഉണ്ടാകുന്നുണ്ട്. കോയിക്കര ബ. ഡോമിനിക്ക് സഹോദരനാണ് ഈ വൃദ്ധമന്ദിരത്തിന്റെ കാര്യങ്ങളെല്ലാം ഇപ്പോൾ നിർവഹിച്ചുപോരുന്നത്.

#### D. സാങ്കേതികപരിശീലന കേന്ദ്രം

സ്ഥലത്തും പരിസരങ്ങളിലുമുള്ള യുവാക്കൾക്ക് സാങ്കേതിക പരിശീലനം നല്കുന്നതിനായി പ്രിയോർ പൈനാടത്ത് ബ. ബസേലിയോസച്ചന്റെ പ്രത്യേക താത്പര്യത്താൽ 1964 ജനുവരി 12-ന് ഇവിടെ ഒരു സാങ്കേതിക പരിശീലനകേന്ദ്രത്തിന്റെ പണി ആരംഭിച്ചു. 1965 ജൂൺ 1-ന് അതിൽ ക്ലാസ്സുകൾ തുടങ്ങി, കെ.സി.എം. ട്രേഡ് സ്കൂൾ എന്ന പേരിൽ. ചാവറയച്ചൻ കൂനമ്മാവിൽ വന്നതിന്റെ ശതവാർഷിക സ്മാരകമായാണ് പ്രസ്തുത സ്ഥാപനം ആരംഭിച്ചത്. 1965 നവംബർ 1-ന് ഗവണ്മെണ്ടംഗീകരണത്തോടുകൂടിയ ഒരു ഐ.റ്റി.ഐ. ആയി ഇതു

www.malankaralibrary.com

ഉയർന്നു. ഫിറ്റർ, വെൽഡർ എന്ന രണ്ടു പ്രധാന ട്രേഡുകളാണ് ഇവിടെ പഠിപ്പിക്കുന്നത്. 1966-ൽ ഐ.റ്റി.ഐ. യോടനുബന്ധിച്ച് ഒരു പ്രൊഡക്ഷൻ സെന്റർ ആരംഭിച്ചു. വെൽഡിംഗ് സംബന്ധിച്ച എല്ലാ പണികളും ഇവിടെ ചെയ്തുപോരുന്നു.

### ദേഹവിയോഗങ്ങൾ

4-1-1862-ൽ തുരുത്തി നേര്യംപറമ്പിൽ ബ. യൗസേപ്പു നവസന്ന്യാസിയും (18)
2-3-1864-ൽ ആരക്കുഴ മഞ്ചേരിൽ ബ. യൗസേപ്പ് അന്തോനി ശെമ്മാശ്ശനും (19)
16-12-1866-ൽ പുത്തൻവേലിക്കര ഉദീനപ്പറമ്പിൽ ബ. യോഹന്നാൻ ശെമ്മാശ്ശനും (21)
15-3-1874-ൽ അരണാട്ടുകര ചിറമ്മെൽ ബ. ഇഗ്നേഷ്യസ് ശെമ്മാശ്ശനും (22)
9-8-1886-ൽ തത്തമ്പള്ളി കാപ്പിൽ ബ. മത്തായി അച്ചനും (59)
24-6-1902-ൽ പുത്തൻപള്ളി ചിറയത്ത് ബ. ഫ്രൻസിസ്കോസ് സഹോദരനും (55)
26-12-1907-ൽ പുത്തൻപള്ളി തളിയത്ത് ബ. കാർളോസച്ചനും (55)
28-5-1908-ൽ ആമ്പല്ലൂർ പാറപ്പുറത്തു ബ. ഗീവർഗീസച്ചനും (74)
6-2-1909-ൽ ആലങ്ങാട്ടു മേനാച്ചേരി ബ. തോമ്മാ സഹോദരനും(66)
2-1-1914-ൽ കുത്തിയതോട്ടിൽ ചിറയ്ക്കൽ ബ. പൗലോസ് അച്ചനും(89)
4-7-1916-ൽ പുത്തമ്പള്ളി തളിയത്ത് ബ. ബസേലിയോസ് അച്ചനും(63)
25-9-1918-ൽ ചക്കരക്കടവ് മാഞ്ഞൂരാൻ ബ. റപ്പായേൽ അച്ചനും (66)
24-4-1924-ൽ പുത്തമ്പള്ളി ചക്യത്തു ബ. അൽഫോൻസ് സഹോദരനും (86)
19-11-1948-ൽ തൃപ്പൂണിത്തുറ പാലത്തുങ്കൽ ബ. പൊലിക്കാർപ് അച്ചനും (62)
11-8-1961-ൽ ആലങ്ങാട്ടു മണവാളൻ ബ. കുരിയാക്കോസ് സഹോദരനും (78)
5-7-1962-ൽ കറുകുറ്റി പൈനാടത്ത് ബ. ഇന്നൊസെന്റ് അച്ചനും(75)
24-10-1962-ൽ കിഴക്കമ്പലം പാറയ്ക്കൽ ബ. തോമ്മാ സഹോദരനും(81)
5-11-1966-ൽ തോട്ടക്കര പാറേൽ ബ. അബൂന്തിയൂസച്ചനും (55)

ഭാഗ്യമരണം പ്രാപിച്ച് ഇവിടെ സംസ്കരിക്കപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

## 5. ആലുവ - വിശുദ്ധ അന്തോനീസിന്റെ ആശ്രമം

### പ്രാരംഭ നടപടികൾ

ആലുവയിൽ നമ്മുടെ സഭ വക ഒരു സ്ഥാപനം ഉണ്ടാകണം എന്ന് ദീർഘനാളായി പലരും ആഗ്രഹിച്ചിരുന്നതാണ്. സഭയുടെ ജനറാളായിരുന്ന തളിയത്ത് ബ. ബസേലിയോസച്ചൻ അതിനുവേണ്ടി ശ്രമിക്കുകയും പുഴയരികിൽ തെക്കുവശത്ത് തീവണ്ടിപ്പാലത്തിനു സമീപം ഒരു സ്ഥലം വാങ്ങി ചില പ്രാരംഭനടപടികൾ നടത്തുകയും ചെയ്തിട്ടുണ്ട്. എങ്കിലും പ്രസ്തുത ശ്രമം സഫലമായില്ല. എന്നാൽ, 1919-ന്റെ ആരംഭത്തിൽ സഭവകയായി ആലുവയിൽ ഒരു പൊതുഭവനം ആരംഭിക്കണം എന്ന ഉദ്ദേശ്യത്തോടെ പുഴവക്കത്ത് വടക്കേക്കരയിൽ തീവണ്ടിപ്പാലത്തിനു സമീപം പടിഞ്ഞാറുഭാഗത്തായി ഒരു ബങ്ക്ളാവും പുരയിടവും സഭയുടെ ഒരു പൊതുമുതലായും ഒരു പൊതുസ്ഥാപനത്തിനായും വാങ്ങിക്കുകയുണ്ടായി. എല്ലാ കൊവേന്തകളിലുംനിന്ന് പത്രിമേനിപ്പണമായും മറ്റും ഇതിലേക്ക് പണവും ഇറക്കിയിട്ടുണ്ട് (പൊതുസംഘനിയമം-'20) വിശുദ്ധ അന്തോനീസിന്റെ നാമത്തിൽ അവിടെ ഒരു സ്ഥാപനവും ആരംഭിച്ചു. വേനല്കാലത്ത് സഭാംഗങ്ങൾക്ക് കുളിച്ചു താമസിക്കാനാണ്ആദ്യം അത് ഉപയോഗിച്ചത്. 1924 മേയ് മാസത്തിൽ ഒരു യോഗാർഥി ഭവനം അവിടെ സ്ഥാപിതമായി, പൈനാടത്ത് ബ. എലിസേവൂസച്ചന്റെ നേതൃത്വത്തിൽ. യോഗാർഥികൾ അടുത്തുള്ള സെന്റ് മേരീസ് ഹൈസ്കൂളിൽപോയി പഠിച്ചിരുന്നു. 1925-ലാകട്ടെ തീവണ്ടിസ്റ്റേഷന് തൊട്ടു കിഴക്കുവശത്തുള്ള ഇപ്പോഴത്തെ സ്ഥലം വാങ്ങി അവിടെ ഒരു കെട്ടിടം പണികഴിപ്പിച്ചു. അതോടെ, 1926-ൽ യോഗാർഥികളുടെ താമസം സൗകര്യാർഥം അവിടേക്കു മാറ്റി.

1920-ലെ പൊതുസംഘത്തിൽ ആലുവയിൽ പുഴയുടെ വടക്കുവശത്തുള്ള നമ്മുടെ സ്ഥലത്ത് പൊതുശ്രേഷ്ഠഭവനം സ്ഥാപിക്കണമെന്നും 1923-ലെ പൊതുസംഘത്തിലാകട്ടെ, ഇത് ദഫ്നിത്തോരിയുടെ അധീനത്തിൽ ഒരു പൊതു ആശ്രമം ആക്കണമെന്നും പൊതുശ്രേഷ്ഠഭവനം കറുകുറ്റിയിൽ സ്ഥാപിക്കണമെന്നും നിശ്ചയിച്ചു. എന്നാൽ, 1926-ലെ പൊതുസംഘം വടക്കേക്കരത്തെ ബങ്കളാവും വസ്തുവും 2000ക.യുടെ ബാധ്യതയോടെ തെക്കേക്കരയുള്ള സ്ഥാപനത്തിനു വിട്ടുകൊടുത്തു (1920, 1923, 1926 കൊല്ലങ്ങളിലെ പൊതുസംഘനിയമങ്ങൾ).

www.malankaralibrary.com

### ആശ്രമ സ്ഥാപനം

ആലുവയിൽ പുഴയുടെ തെക്കേക്കരയിൽ പണിതിരുന്ന പുതിയ സ്ഥാപനം സഭയുടെ ഒരു കാനോനികാശ്രമമാക്കുന്നതിന് 1928 ഏപ്രിൽ 30-ന് പൗരസ്ത്യ തിരുസംഘത്തിൽനിന്ന് അനുമതി ലഭിച്ചു. അതനുസരിച്ച്, പ്രസ്തുതവർഷം സെപ്റ്റംബർമാസത്തിൽ ഇത്, വിശുദ്ധ അന്തോനീസിന്റെ നാമത്തിൽ, ഒരു വികാരിയാത്തു കൊവേന്തയായി പ്രഖ്യാപിക്കപ്പെട്ടു. ബ. എലിസേവൂസച്ചനായിരുന്നു ഇതിന്റെ ആദ്യത്തെ വികാരി. 1928 ഡിസംബറിൽ അദ്ദേഹം മദ്രാസിൽവച്ച് ഒരു ശസ്ത്രക്രിയയെത്തുടർന്ന് നിര്യാതനാവുകയും അവിടെത്തന്നെ സംസ്കരിക്കപ്പെടുകയും ചെയ്തു. ഈ ആശ്രമത്തിന്റെ സ്ഥാപനത്തിനും ഉന്നമനത്തിനുമായി ഈ വന്ദ്യദേഹവും പാറക്ക ബ. പത്രീസിയച്ചനും മാഞ്ഞൂരാൻ ബ. എവുജേനിയച്ചനും പൂണേലി ബ. അന്ത്രയോസച്ചനും ചെയ്തിട്ടുള്ള ശ്രമങ്ങളും സഹിച്ചിട്ടുള്ള ക്ലേശങ്ങളും വളരെയാണ്.

1932-ൽ ഇവിടെ ആശ്രമാധിപനായിരുന്ന ബ. പത്രീസിയച്ചൻ, അദ്ദേഹം മുമ്പുതന്നെ ഇവിടെ പണികഴിച്ചിട്ടിരുന്ന ഇവിടത്തെ ദേവാലയം കുറെക്കൂടി നീട്ടി നല്ലൊരു മുഖവാരവും പണികഴിപ്പിച്ചു. കൂടാതെ, അദ്ദേഹം ചുണങ്ങുംവേലിഭാഗത്ത് കുറെ നിലവും പറമ്പും കൂടി വാങ്ങിച്ചിട്ടുണ്ട്.

വികാരി നിരപ്പേൽ ബ. ബെനെഡിക്ട് അച്ചന്റെ പരിശ്രമഫലമായി ഊട്ടുമുറി, ഉല്ലാസമുറി, താമസമുറികൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു രണ്ടുനിലക്കെട്ടിടവും കുശിനി, കലവറ തുടങ്ങിയ പാർശ്വഗൃഹങ്ങളും പണിയിക്കുകയും 1941 സെപ്റ്റംബർ 27-ന് അവ വെഞ്ചരിച്ച് ഉപയോഗിച്ചുതുടങ്ങുകയും ചെയ്തു.

1944 ജനുവരിയിൽകൂടിയ പൊതുശ്രേഷ്ഠസംഘം ഈ കൊവേന്തയെ ഒരു പ്രിയോരാത്തുകൊവേന്തയായി പ്രഖ്യാപിച്ചു. പുന്നൂർ ബ. അനനിയാസച്ചനാണ് ഇവിടത്തെ പ്രഥമ പ്രിയോർ. ആശ്രമത്തിലേക്ക് ആവശ്യമുള്ള നെല്ല് കിട്ടുന്നതിനുവേണ്ടി ദേശത്ത് ഏതാനും ഏക്കർ നിലം അദ്ദേഹം തീറ് വാങ്ങുകയുണ്ടായി.

1946 മുതൽ ഇവിടത്തെ സാധുകുട്ടികളെ ഒന്നിച്ചുകൂട്ടി അവർക്ക് പ്രിയോർ ബ. മാവുരൂസച്ചൻ അന്നദാനവും മതജ്ഞാനവും നല്കിത്തുടങ്ങി. ആലുവ യാത്രക്കാരുടെ ഒരു കേന്ദ്രസ്ഥാനമായതുകൊണ്ട്

www.malankaralibrary.com

അവരുടെ സൗകര്യാർഥം പ്രസ്തുതവർഷം അദ്ദേഹം ഇവിടെ ഒരു റെസ്റ്റ് ഹൗസ് പണിയിച്ചു.

1950 മുതൽ ഇവിടെ ശ്രേഷ്ഠനായിരുന്ന തോട്ടുങ്കൽ ബ. ക്ലെമേൻസച്ചൻ പഴയ രണ്ടുനിലക്കെട്ടിടത്തെത്തുടർന്ന് തെക്കുവശത്തായി ഒരു മൂന്നുനിലക്കെട്ടിടം പണിയിച്ചുയർത്തി.

1953-ൽ ലത്തീൻ-സുറിയാനി പഠിക്കുന്ന ഒന്നാംകൊല്ലം യോഗാർഥികളുടെ താമസം ഇവിടെയാക്കി. പ്രസ്തുതവർഷത്തിൽ പ്രവിശ്യാശ്രേഷ്ഠൻ കോയിത്തറ ബ. ജോൺ ബെർക്കുമാൻസച്ചൻ തന്റെ ആസ്ഥാനമായി ഈ ആശ്രമം തിരഞ്ഞെടുത്തു. അദ്ദേഹത്തിന്റെ വ്രതവാഗ്ദാന കനകജൂബിലി 1953 ഓഗസ്റ്റിൽ ഇവിടെവച്ച് ആഡംബര പൂർവം ആഘോഷിക്കുകയുണ്ടായി.

അങ്ങനെതന്നെ, 1962 ഓഗസ്റ്റിൽ കുനിയന്തോടൻ ബ. ലുദുവിക്കോസച്ചന്റെയും വടക്കുംപാടത്തു ബ. ലെയോനച്ചന്റെയും 1961 ഓഗസ്റ്റിൽ മാളിയേക്കൽ ബ. അന്തോനി സഹോദരന്റെയും വ്രതവാഗ്ദാന സുവർണജൂബിലിയും ഇവിടെ ആഘോഷിച്ചു.

കൊവേന്തപ്പറമ്പിന്റെ തെക്കുവശത്തു റോഡരുകിലുണ്ടായിരുന്ന പഴയ കടകളും മറ്റും പൊളിച്ചുമാറ്റി തൽസ്ഥാനത്ത് ബ്രഹ്മാണ്ഡമായ ഒരു ഇരുനിലക്കെട്ടിടം കാർമൽ സെന്റർ എന്ന പേരിൽ പ്രിയോർ പാലാട്ടി ബ. മെലേസിയൂസച്ചൻ പണികഴിപ്പിച്ചു. പ്രസ്തുത കെട്ടിടത്തിന്റെ ശിലാസ്ഥാപനം 1961 ജൂൺ 24-ാം തീയതി, അന്ന് കേരളത്തിലെ ഒരു മന്ത്രിയായിരുന്ന ഡി. ദാമോദരൻ പോറ്റിയാണ് നിർവഹിച്ചത്.

1967 ജനുവരി 22 മുതൽ 27 വരെ സഭയിലെ സഹായസഹോദരന്മാരുടെ ഒരു സെമിനാർ ഇവിടെവച്ച് രണ്ടു ബാച്ചായി നടത്തപ്പെട്ടു. ആകെ നൂറോളം സഹോദരന്മാർ അതിൽ പങ്കെടുത്തു.

**വിവിധ പ്രവർത്തനങ്ങൾ**

1942-ൽ സമാരംഭിച്ച വിൻസെന്റ് ഡി പോൾ സഖ്യം ഇന്നും വളരെ ഊർജിതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെതന്നെ, ഞായറാഴ്ചതോറുമുള്ള വേദപാഠക്ലാസ്സുകളും ഇവയ്ക്കു പുറമേ, അല്മായർക്കുള്ള കർമലീത്താ മൂന്നാംസഭ, ഫ്രാൻസിസ്കൻ മൂന്നാംസഭ, മ്യൂസിക്ക് ആർട്സ് ക്ലബ് എന്നിവയും 1968 മുതൽ വേണ്ട സജ്ജീകരണങ്ങളോടെ ഒരു ബോയ്സ് ടൗണും ഇവിടെ സ്ഥാപിച്ചു നടത്തിപ്പോരുന്നു.

www.malankaralibrary.com

### ദേഹവിയോഗങ്ങൾ

8-12-1928-ൽ കറുകുറ്റിയിൽ പൈനാടത്ത് ബ. എലിസേവൂസ് അച്ചനും (52)
(ഇവിടെ ആശ്രമശ്രേഷ്ഠനായിരിക്കയിൽ മദ്രാസിൽവച്ച് നിര്യാതനായ ഇദ്ദേഹം, അവിടെത്തന്നെയാണ് ഭൂദാനം ചെയ്യപ്പെട്ടിരിക്കുന്നത്.)
11-3-1930-ൽ പുതുക്കാട്ട് പുളിക്കൽ ബ. ആഞ്ചലൂസ് അച്ചനും (75)
5-2-1933-ൽ പുതുക്കാട്ട് പുളിക്കൽ ബ. ഗബ്രിയേലച്ചനും (67)
2-1-1955-ൽ കണ്ടനാട്ട് പൈനുങ്കൽ ബ. പീറ്റർ തോമസ് അച്ചനും(61)
6-8-1958-ൽ കിഴക്കമ്പലം കുരീക്കൽ ബ. ജോൺ ബെർക്കുമാൻസച്ചനും (56)
15-9-1965-ൽ കോന്തുരുത്തി മാളിയേക്കൽ ബ. അന്തോണി സഹോദരനും (74)
17-1-1968-ൽ പാലായിൽ മേനാംപറമ്പിൽ ബ. പ്രോത്താസീസ് അച്ചനും (78)
5-5-1968-ൽ ചേന്ദമംഗലം കൊടിയൻ ബ. ജലാസിയൂസ് അച്ചനും (64)
ഭാഗ്യമരണം പ്രാപിച്ച് ഇവിടെ സംസ്കരിക്കപ്പെട്ടിരിക്കുന്നു.

### 6. കറുകുറ്റി - ക്രിസ്തുരാജ ആശ്രമം

**പ്രാരംഭ ചരിത്രം–**

1943-ൽ ഇവിടെ നിര്യാതനായ പാലാ തയ്യിൽ ബ. എസ്തപ്പാനോസച്ചൻ നമ്മുടെ സഭവകയായി സഭയിലുള്ള എല്ലാവർക്കും ഒന്നുപോലെ അനുഭവിക്കത്തക്കവിധം ഒരു പൊതു കൊവേന്തയും ഒരു ദേശീയ ദേവാലയവും സ്ഥാപിക്കണമെന്നാഗ്രഹിച്ച് അതിനുവേണ്ടി ദീർഘനാളായി പരിശ്രമിച്ചുവരുകയായിരുന്നു. ഇതിലേക്ക് അദ്ദേഹത്തിന് വിദേശത്തുനിന്ന് ഒരു ദേവാലയത്തിനു വേണ്ട പള്ളിസാമാനങ്ങൾക്കു പുറമേ, പണമായിത്തന്നെ 26,000-ത്തോളം ഉറുപ്പികയും കിട്ടിയിരുന്നു. ഈ സന്ദർഭത്തിൽ പൈനാടത്ത് തെക്കേക്കര ദേവസ്യാ അവർകൾ കറുകുറ്റിയിൽ ഒരു കൊവേന്ത സ്ഥാപിക്കാനുള്ള മാർഗങ്ങൾ ആരായുകയായിരുന്നു. അദ്ദേഹത്തിന്റെ പുത്രനും അന്ന്, 1916-ൽ, അമ്പഴക്കാട്ട് പ്രിയോരുമായിരുന്ന ബ. എലിസേവൂസച്ചനും കറുകുറ്റിയിൽ ഒരു കൊവേന്ത സ്ഥാപിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. ഈ മൂവരുടെയും ശ്രമങ്ങൾ ഏകോപിച്ചതിന്റെ ഫലമാണ് ഇന്നത്തെ കറുകുറ്റി ആശ്രമം.

www.malankaralibrary.com

1917-ൽ ഔദ്യോഗിക സന്ദർശനത്തിനായി അമ്പഴക്കാട്ട് കൊവേന്തയിൽ ചെന്നിരുന്ന പ്രിയോർ ജനറാൾ കട്ടക്കയത്തിൽ ബ. കൊച്ചു ചാണ്ടി അച്ചനെ, കറുകുറ്റിയിൽ ഒരു കൊവേന്ത സ്ഥാപിക്കുന്നതിനുള്ള സാധ്യതയെപ്പറ്റി മേല്പറഞ്ഞവർ പറഞ്ഞുധരിപ്പിച്ചു. അതിന് സൗകര്യപ്പെട്ടാലുടൻ കൊവേന്ത സ്ഥാപിക്കുന്നതിനുവേണ്ടി കുറെ സ്ഥലം കൈവശപ്പെടുത്താൻ അദ്ദേഹം നിർദേശം നല്കുകയും, ബ. എലിസേവൂസച്ചനെയും ബ. ഗബ്രിയേലച്ചനെയും ഇക്കാര്യം പ്രത്യേകം ചുമതലപ്പെടുത്തുകയും ചെയ്തു. അതനുസരിച്ച് 1917 ജൂലൈ 17-ന്, സർക്കാരിൽനിന്ന് ഇവിടെ ചിലർ ലേലത്തിൽ പിടിച്ചിരുന്ന പുതുവൽ സ്ഥലത്തിൽ 19 ഏക്കർ കൊവേന്തക്കായി വാങ്ങിച്ചു. അധികം താമസിയാതെ, ആശ്രമത്തിന്റെ പണിയും ആരംഭിച്ചു. ഈ സ്ഥാപനത്തിന്റെ സ്ഥാപകനായ ബ. എസ്തപ്പാനോസച്ചൻ ആരംഭത്തിൽ ഈ സ്ഥാപനത്തിനു കൊടുത്തിരുന്നതും ഇതിനുവേണ്ടി അദ്ദേഹം നടത്തിയിട്ടുള്ള എഴുത്തുകുത്തുകളിൽ ഉപയോഹിച്ചിട്ടുള്ളതുമായ നാമം എസ്.എച്ച്. ഫ്രൈഷൻ, മൗണ്ട് സെന്റ് ഏലിയാസ്, കറുകുറ്റി എന്നായിരുന്നു.

1917 ഡിസംബറിൽ സമ്മേളിച്ച സഭയുടെ പൊതുസംഘം ഈ സ്ഥാപനത്തിന്റെ പുരോഗതിക്കു വേണ്ട ഏർപ്പാടുകൾ ചെയ്യുകയുണ്ടായി. ഇത് സഭയുടെ ഒരു പൊതുസ്ഥാപനമായി ഉദ്ദേശിച്ചു തുടങ്ങിയിരിക്കേ, ഇതിനെ ദെഫ്നിത്തോരിയുടെ നേരിട്ടുള്ള കീഴിലാക്കുകയും മൂന്നാം ദെഫ്നിത്തോരായി തിരഞ്ഞെടുക്കപ്പെട്ട ബ. എലിസേവൂസച്ചനെ ഈ സ്ഥാപനത്തിന്റെ ചുമതല ഏല്പിക്കുകയും ചെയ്തു. ഈ ആശ്രമ നിർമിതിക്കുവേണ്ടിവന്ന ചെലവുകളെല്ലാം അക്കാലത്ത് നിർവഹിച്ചിരുന്നത് ബ. എസ്തപ്പാനോസച്ചൻ തന്നെയാണ്. 1921-ൽ തച്ചിൽ ബ. ക്ലെമെൻസച്ചന്റെ സാമർഥ്യവും സ്വാധീനവുംകൊണ്ട് വേറെ ആറേക്കർ പുതുവൽ ഭൂമികൂടി സർക്കാരിൽനിന്നു കൊവേന്തയ്ക്കുവേണ്ടി പതിച്ചെടുത്തു. പിന്നീട് കൊവേന്തപ്പറമ്പിനോട് ചേർന്നുകിടന്നിരുന്ന പറമ്പുകൾ പലപ്പോഴായി വാങ്ങിച്ച് കൊവേന്തപ്പറമ്പിനോടു ചേർത്തിട്ടുണ്ട്.

ഇവിടെ നേരത്തേ പണിത ചെറിയ കെട്ടിടത്തിൽ 1924 മേയ് 20 മുതൽ കുർബാന ചൊല്ലിത്തുടങ്ങി. എങ്കിലും പൊതുജനങ്ങൾക്ക് അവിടെ കുർബാന കാണുന്നതിന് സൗകര്യമില്ലാതിരുന്നതിനാൽ അവിടെ ചെറിയ ഒരു ദേവാലയം പണിയുന്നതിന് ബ. പത്രീസിയച്ചൻ

www.malankaralibrary.com

1926-ൽ ആരംഭിച്ചു. വൈദികരിൽ നിന്നും ജനങ്ങളിൽ നിന്നും കിട്ടിയ സഹായംകൊണ്ട് അക്കൊല്ലംതന്നെ പള്ളിയുടെ പണി തീർത്തു.

കറുകുറ്റിയുടെ ഭരണം 1917 മുതൽ ദഫ്നിത്തോരിയുടെ നേരിട്ടുള്ള നേതൃത്വത്തിലും 1924 മുതൽ സമീപസ്ഥിതമായ അമ്പഴക്കാട്ട് കൊവേന്തയുടെയും 1920 മുതൽ ആലുവ കൊവേന്തയുടെയും നേതൃത്വത്തിലുമാണ് നടന്നിരുന്നത്. 1920-ലെയും 1923-ലെയും 1926-ലെയും പൊതുസംഘങ്ങളിൽ കറുകുറ്റി ഒരു സാമാന്യ കാനോനിക കൊവേന്തയായി കിട്ടണം എന്നുണ്ടായ അപേക്ഷയെ സംബന്ധിച്ച് തീവ്രമായ പല വാദപ്രതിവാദങ്ങളും നടന്നെങ്കിലും, അത് ഒരു പൊതുസ്ഥാപനമായി തുടങ്ങിയിരിക്കേ, അങ്ങനെതന്നെ ഇരിക്കേണ്ടതാണെന്നാണ് മഹാഭൂരിപക്ഷാഭിപ്രായമനുസരിച്ച് നിശ്ചയിച്ചത്. തദനുസരണം, '23ലെ പൊതുസംഘം പൊതുശ്രേഷ്ഠഭവനം ഇവിടെ സ്ഥാപിക്കണമെന്നു കൂടിയും തീരുമാനിച്ച് അതിലേക്കുവേണ്ട ചില നടപടികൾ നടത്തുകയുമുണ്ടായി. എങ്കിലും കാര്യമായ പുരോഗതിയൊന്നും പ്രായോഗികമായുണ്ടായില്ല. ഇങ്ങനെയിരിക്കെ, 1932 ഡിസംബർ 12-നു കൂടിയ പൊതുസംഘത്തിലും കറുകുറ്റിയെ സംബന്ധിച്ച് വാദപ്രതിവാദങ്ങൾ നടന്നു. അവസാനം, ഒരു പൊതുസ്ഥാപനമായി ഉദ്ദേശിച്ച് ആദ്യം മുതൽ നടത്തിവരുന്ന കറുകുറ്റി സ്ഥാപനം അതിന്റെ സകല ബാധ്യതകളോടും തെക്കും വടക്കും നടുവിലും നിന്ന് മൂന്നുപേരെ പട്ടമേല്ക്കുന്നതുവരെ കറുകുറ്റിയിൽനിന്നു പഠിപ്പിക്കണം എന്നുമുള്ള ഒരു പ്രത്യേക വ്യവസ്ഥയോടുംകൂടെ അത് നമ്മുടെ ഒരു കാനോനികാശ്രമമാക്കുന്നതിന് പൊതുസംഘം അനുമതി നല്കി. എന്നാൽ, 1931-ൽ പൊതുശ്രേഷ്ഠസംഘത്തിൽ -ദഫ്നിത്തോരിയിൽ- നിന്ന് അയച്ചിരുന്ന ഒരപേക്ഷയനുസരിച്ച് ഇതിനകം 1932 ഡിസംബർ 5-ന് കറുകുറ്റി ഒരു കാനോനികാശ്രമമാക്കുന്നതിന് റോമിൽനിന്ന് പൗരസ്ത്യതിരുസംഘം അനുവാദം നല്കിയിരുന്നു. ഈ വിവരങ്ങൾ പൊതുസംഘംപിതാക്കന്മാരിൽ മിക്കവരും അറിഞ്ഞിരുന്നേയില്ല. ഇവ്വിധം അനുവാദംകിട്ടിയിരുന്നതനുസരിച്ച് 1933 ഏപ്രിൽ 9-ാംനു കറുകുറ്റി സ്ഥാപനം ഒരു കാനോനികാശ്രമമായി പ്രഖ്യാപിക്കപ്പെട്ടു. ഇതിന്റെ ഒന്നാമത്തെ വികാരി പാലക്കൽ ബ. കുര്യച്ചനത്രേ.

(കറുകുറ്റി കൊവേന്ത നാളാഗമം പുസ്തകം 1., PP. 188-203)

www.malankaralibrary.com

## വിവിധ വിവരങ്ങൾ

1927 ജൂലൈ 20 മുതൽ 25വരെ കണ്ടത്തിൽ മാർ ആഗുസ്തിനോസ് മെത്രാപ്പോലീത്ത എറണാകുളത്തുനിന്ന് ഇവിടെ വന്ന് താമസിച്ചു കൊണ്ട് തന്റെ വാർഷികധ്യാനം നടത്തുകയുണ്ടായി.

മേനാമ്പറമ്പിൽ ബ. ഗർവാസീസച്ചൻ ഇവിടത്തെ വികാരി ആയിരിക്കയിൽ, 1936 മേയ് 3-ന് രണ്ടുനിലയിലുള്ള ഇന്നത്തെ കൊവേന്തക്കെട്ടിടത്തിന് അടിസ്ഥാനമിട്ടു. ബ. കുര്യച്ചൻ തയ്യാറാക്കിയ പ്ലാൻ അനുസരിച്ചും പൈനാടത്ത് ബ. ആഗുസ്തീനോസച്ചന്റെ മേല്നോട്ടത്തിലും പണിപൂർത്തിയായി 1939 ഫെബ്രുവരി 19-ന് പുതിയ കെട്ടിടം വെഞ്ചരിച്ച് അതിൽ താമസം തുടങ്ങി.

1940-ൽ ഇവിടെ വലിയൊരു പള്ളിപണിയുന്നതിനുള്ള ശ്രമം ആരംഭിച്ചു. ബ. കുര്യച്ചൻ ഉണ്ടാക്കി സമർപ്പിച്ച പ്ലാനിൽ ദഫ്നിത്തോരി ചില ഭേദഗതികളെല്ലാം ചെയ്ത് പള്ളിപണിക്ക് അനുവാദം നല്കി. അതിൻ പ്രകാരം, പ്രസ്തുതവർഷം ഓഗസ്റ്റിൽ പള്ളിപണി ആരംഭിച്ചെങ്കിലും 1950-വരെ സാരമായ പണിയൊന്നും നടന്നില്ല.

ഇതിനിടയിൽ, ഈ സ്ഥാപനത്തിന്റെ സ്ഥാപകനും ആദ്യംമുതൽ മരണംവരെ ഉദാരമായ ധർമസഹായംകൊണ്ടും മറ്റും ഇതിനെ സഹായിച്ചിരുന്ന ദേഹവുമായ ബ. എസ്തപ്പാനോസച്ചൻ 1943 മേയ് 16-ാംനു 83-ാം വയസ്സിൽ ഈ ആശ്രമത്തിൽവച്ച് ഭാഗ്യമരണംപ്രാപിച്ച് ഇവിടെ സംസ്കരിക്കപ്പെട്ടു.

1950-ൽ ബ. പത്രീസിയച്ചൻ ഇവിടെ സ്ഥിരതാമസമാക്കി. അതോടെ പുതിയ പള്ളിയുടെ പണി ഊർജിതമായി നടന്നുതുടങ്ങി. 1953 ഫെബ്രുവരി 13-ൽ പണി പൂർത്തിയായ പുതിയ പള്ളിയുടെ ആശീർവാദവും സാഘോഷം നടന്നു. അന്നുതന്നെ ഈ ആശ്രമം ഒരു പ്രിയോരാത്ത് കൊവേന്തയായി ഉയർത്തപ്പെട്ടു. ഇവിടെ വികാരിയായിരുന്ന വലിയകളത്തിൽ ബ. ഫ്രാങ്കോ അച്ചനെത്തന്നെയാണ് പ്രഥമ പ്രീയോരായി നിയമിച്ചത്. പിറ്റേദിവസം ബ. പത്രീസിയച്ചൻ പുതിയ ദേവാലയത്തിൽ ഒന്നാമത്തെ ദിവ്യബലി അർപ്പിക്കുകയുണ്ടായി.

1953 ജൂണിൽ കളപ്പുരയ്ക്കൽ ബ. ക്രിസാന്തൂസച്ചന്റെ ഭരണകാലത്ത് ഈ ആശ്രമത്തോടനുബന്ധിച്ച് ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആരംഭിച്ചു. ഇന്നും ഭംഗിയായി നടന്നുപോരുന്ന ഈ സ്കൂളിന്റെ സ്ഥാപകൻ ബ. പത്രീസിയച്ചനാണ്. ഇതിന്റെ ഹെഡ്മാസ്റ്ററായിരിക്കു

www.malankaralibrary.com

കയിൽ, 1957-ൽ നിര്യാതനായ ഒരു വന്ദ്യവൈദികനാണ് പടയാട്ടി ബ. വാൾട്ടറച്ചൻ.

പ്രവിശ്യാവിഭജനത്തിനു ശേഷം കറുകുറ്റി ക്രിസ്തുരാജാശ്രമം തിരുഹൃദയ പ്രവിശ്യയുടെ നവസന്ന്യാസ ഭവനമായി തിരഞ്ഞെടുക്കപ്പെട്ടു. 1954 ജൂലൈ 19-ന് ഇതിനുള്ള അനുമതി തിരുസംഘത്തിൽനിന്നു ലഭിച്ചു. അതോടുകൂടെ കൊവേന്തക്കെട്ടിടം രണ്ടു നിലയിൽ കിഴക്കോട്ടും നവസന്ന്യാസ ഭവനം മൂന്നു നിലയിൽ പടിഞ്ഞാറോട്ടും ഊട്ടുമുറിയും മറ്റു പലകെട്ടിടങ്ങളും വടക്കോട്ടും നീട്ടി പണികഴിപ്പിച്ചു. 1956 മേയ് 14-ന് നവസന്ന്യാസ ഭവനത്തിന്റെ കാനോനികോദ്ഘാടനം നടന്നു. ഇവിടത്തെ ഒന്നാമത്തെ നവസന്ന്യാസഗുരു പൊന്നുംപുരയിടത്തിൽ ബ. ക്രിസോസ്തോമസച്ചനായിരുന്നു.

1962-ൽ നൊവിഷ്യേറ്റിന്റെ തെക്കുവശത്തായി ഊട്ടുമുറി, കുശിനി, ഉല്ലാസമുറി, പ്രാർഥനമുറി എന്നിവ ഉൾക്കൊണ്ടുന്ന ഒരു ഇരുനില ക്കെട്ടിടം പ്രിയോർ കുനിയന്തോടൻ ബ. റുഫീനൂസച്ചൻ പണിതീർത്തു. ജൂണിയേഴ്സിനു വേണ്ടി പഴയ ഊട്ടുമുറിയുടെ സ്ഥാനത്ത് മറ്റൊരു കെട്ടിടം 1966-ൽ സകലവിധ സജ്ജീകരണങ്ങളോടുംകൂടി പ്രിയോർ പ്ലാക്ക ബ. ജെറമിയാസച്ചനും പണിയിച്ചിട്ടുണ്ട്.

കറുകുറ്റി കൊവേന്തയുടെ ആവിർഭാവത്തിനും ഉന്നമനത്തിനും വേണ്ടി അശ്രാന്തം യത്നിച്ചിട്ടുള്ള മൂന്നു വ്യക്തികളാണ്, ബ. എസ്തപ്പാനോസച്ചനും ബ. എലിസേവൂസച്ചനും ബ. പത്രീസിയച്ചനും ബ. എസ്തപ്പാനോസച്ചൻ ധർമസഹായംകൊണ്ടും ബ. എലിസേവൂസച്ചൻ പ്രയത്നവും ബുദ്ധിമുട്ടും കൊണ്ടും ബ. പത്രീസിയച്ചനാകട്ടെ, ഈ ഇരു പ്രകാരത്തിലും ഇതിനെ സഹായിച്ചിട്ടുണ്ട്.

**ദേഹവിയോഗങ്ങൾ**

11-11-1938-ൽ കുത്യതോട് തച്ചിൽ ബ. ക്ലെമേൻസച്ചനും (73)
6-3-1940-ൽ അന്ത്യാളം കണ്ണംകുളത്തു ബ. കല്ലീസ്തച്ചനും (43)
16-5-1943-ൽ പാലാ തയ്യിൽ ബ. എസ്തപ്പാനോസച്ചനും (83)
14-6-1956-ൽ ആലങ്ങാട്ടു ഇടച്ചേരി ബ. യൗസേപ്പു സഹോദരനും (81)
13-9-1957-ൽ കാഞ്ഞൂർ പടയാട്ടി ബ. വാൾട്ടർ അച്ചനും (46)
1-11-1962-ൽ ആലങ്ങാട്ടു പൈനാടത്തു ബ. ആഗുസ്തീനോസ് അച്ചനും (79)

ഭാഗ്യമരണം പ്രാപിച്ച് ഇവിടെ സംസ്കരിക്കപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

## 7. കൊടുവേലി (കാളിയാർ)-ചെറുപുഷ്പാശ്രമം

### പ്രാരംഭ നടപടികൾ

വാഴക്കുളം കൊവേന്തയുടെ പ്രിയോർ പെരുമ്പിള്ളിച്ചിറ ബ. ബെർണവാച്ചൻ 1911 മാർച്ച് 1-ാംനു കോടിക്കുളത്തിനു സമീപം 60 പ റ നിലവും അതിനടുത്ത കരയും വിലയ്ക്കു വാങ്ങി. ഇതിനു വേണ്ട സഹായ സഹകരണങ്ങൾ ചെയ്തത് നെയ്യശ്ശേരി ഇടപ്പഴത്തിൽ പാട ത്തിൽ കുഞ്ഞുതുപ്പായിരുന്നു. തുടർന്ന് 1912 ജൂൺ മാസത്തിൽ 150 ഏ ക്കർ ചേരിക്കൽ പതിച്ചെടുക്കുകയുണ്ടായി. 1917-ൽ പ്രസ്തുത ചേരി ക്കലിനോടു ചേർന്ന ഏതാനും നിലങ്ങളും വാങ്ങിച്ചു. അധികം താമ സിയാതെ, അയ്യായിരത്തോളം രൂപാ ചെലവാക്കി ഒരു ബംഗ്ലാവും ഇ വിടെ പണികഴിപ്പിച്ചു. ഇവിടത്തെ ഈ വസ്തുക്കളും നിലങ്ങളും സം ബന്ധിച്ച് ആരംഭകാലത്ത് ബ. ബെർണാവച്ചനും, വടക്കേൽ ബ. ഹി ലാര്യോസച്ചനും കൂട്ടുങ്കൽ ബ. റമീജി സഹോദരനും അനുഭവിച്ചിട്ടു ള്ള കഷ്ടപ്പാടുകൾ അവർണനീയമാണ്.

1926-ൽ ഗവർമ്മെണ്ടനുമതിയോടും എറണാകുളം മെത്രാപ്പോലീ ത്തയുടെ അംഗീകരണത്തോടും കൂടെ മേല്പറഞ്ഞ ബംഗ്ലാവിനോടു ചേർന്ന് ഒരു കപ്പേള മുള്ളങ്കുഴി ബ. അബ്രാഹാമച്ചൻ പണികഴിപ്പിച്ചു. അദ്ദേഹം തന്നെ അതു വെഞ്ചരിച്ച് അവിടെ ആദ്യമായി ബലി അർ പ്പിച്ചു. അന്നുമുതൽ സഭാംഗങ്ങൾ അവിടെ സ്ഥിരതാമസവും തുടങ്ങി.

### ആശ്രമ സ്ഥാപനം

ആരംഭകാലത്ത് ഈ സ്ഥാപനം, ഒരാശ്രമമായി ഉയർത്തുന്നതി നുള്ള നമ്മുടെ പരിശ്രമങ്ങൾക്ക് അതിരൂപതാധ്യക്ഷൻ അനുമതി നല്കി യില്ല. ഈ സ്ഥാപനത്തിൽ ശാശ്വതമായി പരിശുദ്ധ കുർബാന സ്ഥാപി ക്കുന്നതിനുപോലും അനുവദിച്ചില്ല. ഏതന്മൂലം, ഒരു കാൽ ശതാബ്ദ ത്തോളം ഒരു മിഷൻ സ്ഥാപനം എന്ന നിലയിൽ കൊടുവേലി സ്ഥാപനം നിലകൊണ്ടു. അങ്ങനെയിരിക്കേ, 1956-ൽ കോതമംഗലം രൂപത ജന്മമെടുത്തപ്പോൾ രൂപതാധ്യക്ഷനായിത്തീർന്ന ഡോക്ടർ മാത്യു പോത്തനാമ്മുഴി, നാം ആവശ്യപ്പെടുന്നതിനു മുമ്പുതന്നെ, ഈ സ്ഥാപനത്തിൽ ശാശ്വതമായി പരിശുദ്ധ കുർബാന സ്ഥാപിക്കുന്നതി നുള്ള അനുമതി നല്കുകയും ബ. പ്രവിശ്യാശ്രേഷ്ഠന്റെ അപേക്ഷപ്ര കാരം കൊടുവേലി ഒരാശ്രമമാക്കുന്നതിന് സസന്തോഷം അനുവദി ക്കുകയുമുണ്ടായി.

www.malankaralibrary.com

വാഴക്കുളം കൊവേന്തയുടെ ഒരു ഉപഭവനമായിരുന്ന കൊടുവേലി സ്ഥാപനം ഒരു കാനോനികാശ്രമമാക്കുന്നതിനുവേണ്ടി 1957-ൽ വാഴക്കുളം കൊവന്ത വകയായ സ്ഥലത്തെ വസ്തുക്കളുടെ ഒരു പ്രധാന ഭാഗം ചില വ്യവസ്ഥകളോടെ ആധാരപ്രകാരം ഇവിടേക്കു വിട്ടുതന്നു. ഒരു ധർമസ്ഥാപനം ഉണ്ടാക്കാൻ 25 ഏക്കറോളം നിലവും പുരയിടവും നീക്കിവയ്ക്കുകയും, അതിൽ ഉദ്ദേശം 4 ഏക്കർ സ്ഥലവും സ്ഥലത്തെ പഴയ ഉപഭവനവും സ്കൂളും മറ്റും ആരാധനമഠക്കാർക്ക് ഒരു ധർമസ്ഥാപനം നടത്തുന്നതിനായി വിട്ടുകൊടുക്കുകയും ചെയ്തു.

1958 മാർച്ച് 25-ാംനു പ്രസ്തുത സ്ഥാപനം നമ്മുടെ ഒരു കാനോനികാശ്രമമായി ഉയർത്തപ്പെട്ടു. ഇതിന്റെ പ്രഥമ ശ്രേഷ്ഠൻ കോട്ടൂരാൻ ബ. ഹെരാക്ലിയൂസച്ചൻ ആയിരുന്നു. ഇദ്ദേഹമാണ് ഇപ്പോൾ ഇവിടെയുള്ള താത്കാലിക കപ്പേളയും കൊവേന്തക്കെട്ടിടത്തിന്റെ പ്രധാന ഭാഗങ്ങളും പണികഴിപ്പിച്ചത്.

1965 വരെ പറയത്തക്ക പ്രവർത്തനങ്ങളൊന്നും ഇവിടെ നടന്നില്ല. പ്രസ്തുത വർഷം ഫെബ്രുവരി 14-ന് ഇവിടെ ഒരു ആസ്പത്രി സ്ഥാപിക്കുന്നതിനുവേണ്ടി കോതമംഗലം മെത്രാനച്ചൻ കല്ലിട്ടു. പ്രിയോർ ചെറുപറമ്പിൽ ബ. ജോൺ ഗാള്ളൂസച്ചന്റെ മേല്നോട്ടത്തിൽ ആസ്പത്രിയുടെ പണി നടന്നുകൊണ്ടിരിക്കേ, 1965 ഓഗസ്റ്റ് 12-ന് പ്രൊവിൻഷ്യൽ ബ. ഫ്രാൻസിസ് സാലസച്ചൻ, ആസ്പത്രിക്കായി പണിതീർന്നിരുന്ന താത്കാലിക കെട്ടിടം വെഞ്ചരിക്കുകയും പിറ്റേദിവസം അതിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 1966 ഫെബ്രുവരി 18-ാം തീയതിയോടെ പണിതീർത്ത പുതിയ ആസ്പത്രിക്കെട്ടിടം പ്രിയോർ പവ്വത്തിൽ ബ. ബെർണാർദച്ചൻ ആശീർവദിച്ചു. അന്നുതന്നെ ആസ്പത്രി പ്രവർത്തനം ഈ പുതിയ കെട്ടിടത്തിലേക്കു മാറ്റി.

**വിവിധപ്രവർത്തനങ്ങൾ**

യുവജനങ്ങൾക്കായി മതപഠനക്ലാസ്സുകൾ, സൊഡാലിറ്റി, വിൻസെന്റ്ഡിപ്പോൾ സഖ്യം മുതലായവയും, പ്രായംചെന്നവർക്കായി അത്മായ കർമ്മെലീത്താ മൂന്നാംസഭയും ഇവിടെ കാര്യക്ഷമമായി നടത്തിവരുന്നു. ഓരോ സംഘടനയിലും ധാരാളം ആളുകൾ അംഗങ്ങളായി ചേർന്നു പ്രവർത്തിക്കുന്നുണ്ട്.

**8. നീലീശ്വരം - കരേറ്റമാതാവിന്റെ ആശ്രമം**

**പ്രാരംഭ നടപടികൾ**

പെരിയാറിന്റെ തീരത്ത് സൗകര്യപ്രദമായ എവിടെയെങ്കിലും നമ്മുടെ ഒരാശ്രമം ഉണ്ടായിക്കാണാൻ പിതാക്കന്മാർ വളരെയധികം

www.malankaralibrary.com

ആഗ്രഹിച്ചിരുന്നു. 1953-ൽ തിരുഹൃദയപ്രവിശ്യ ജന്മമെടുത്തതോടെ പ്രവിശ്യാധിപൻ ബ: ജോൺ ബെർക്കുമാൻസച്ചൻ അതിനുവേണ്ടിയുള്ള ശ്രമങ്ങൾ ഊർജിതമായി നടത്തി. അതിന്റെ ഫലമായി കൊറ്റമത്തി ഇടവകാതിർത്തിയിൽപ്പെട്ട നീലീശ്വരം എല്ലാവിധത്തിലും അനുയുക്ത മാണെന്നു കണ്ട് അവിടെത്തന്നെ ആശ്രമം സ്ഥാപിക്കുന്നതിനു നിശ്ച യിച്ചു. അതിനുവേണ്ടി താന്നിക്കപ്പറമ്പിൽ കൊച്ചുദേവസിയുടെയും മറ്റും സഹായസഹകരണത്തോടെ മൂന്ന് ഏക്കർ സ്ഥലം പുഴയരികേ തീറു വാങ്ങി. തദ്ദേശവാസികളെല്ലാം പ്രത്യേകിച്ചും പൂത്തേൻ കുഞ്ഞു വറീത്, കൊറ്റമത്തി പള്ളി വികാരി കാനാട്ട് ബ. ഫിലപ്പച്ചൻ എന്നിവർ ഇവിടെ ഒരാശ്രമം ഉണ്ടാക്കുന്ന കാര്യത്തിൽ അതിന്റെ പ്രാരംഭ നടപ ടികൾക്കായി തുറന്നമനസ്സോടെ വേണ്ട സഹായം നല്കിയിട്ടുണ്ട്.

1954 ജൂൺ 12-ന് ഇവിടെ ഒരാശ്രമം പണിയുന്നതിന് പ്രിയോർ ജനറാൾ ബ. മാവുരൂസച്ചൻ അടിസ്ഥാനമിട്ടു. ആശ്രമനിർമാണത്തി നുള്ള ചെലവെല്ലാം വഹിച്ചത് പ്രവിശ്യാഫണ്ടിൽനിന്നാണ്. പാലക്കൽ ബ. കുര്യച്ചന്റെ പ്ലാൻ അനുസരിച്ചും അദ്ദേഹത്തിന്റെയും വടക്കുഞ്ചേരി ബ. സീൽവിയൂസച്ചന്റെയും മേല്നോട്ടത്തിലുമാണ് പണികൾ നടന്ന ത്. അവരുടെ പരിശ്രമഫലമായി രണ്ടുമാസംകൊണ്ട് ചെറിയ ഒരു ആശ്രമക്കെട്ടിടവും അതോടുചേർന്ന് ഒരു കപ്പേളയും പണിതീർന്നു. 1957 ഓഗസ്റ്റ് 14-ന് കപ്പേള ആശീർവദിച്ചു.

**ആശ്രമ സ്ഥാപനം**

ആശ്രമസ്ഥാപനത്തിന് അനുമതി നല്കിയെങ്കിലും, അതൊരു ഇട വകയായി നമ്മൾ ഏറ്റെടുത്ത് നടത്തണമെന്ന കണ്ടത്തിൽ മാർ ആഗസ്തീനോസ് മെത്രാപ്പോലീത്തായുടെ നിർബന്ധംമൂലം ആരംഭ ദശയിൽ പല അസ്വസ്ഥതകളും അനുഭവപ്പെട്ടുകൊണ്ടിരുന്നു. നീ ണ്ടുനിന്ന ഈ പ്രശ്നം ഒരു തീരുമാനത്തിൽ എത്തുന്നതിനുമുമ്പ് അദ്ദേഹം ദിവംഗതനായി. അദ്ദേഹത്തിന്റെ പിൻഗാമിയായ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ മെത്രാപ്പോലീത്ത ഒരു പ്രത്യേക നിർദേശ ത്തോടെ, അതായത് “ആ ഭാഗത്തുള്ള ഇടവകജനങ്ങളടെ വിവാഹവും ശവസംസ്കാരവുമൊഴിച്ചുള്ള ആധ്യാത്മിക കാര്യങ്ങൾ അവിടെനിന്നു നടത്തിക്കൊടുക്കണം?” എന്നൊരു നിർദേശത്തോടെ ഇവിടെയുള്ള നമ്മുടെ അപ്പസ്തോലിക പ്രവർത്തനങ്ങൾക്ക് 1956 ഓഗസ്റ്റ് 19-ന് എല്ലാവിധ സ്വാതന്ത്ര്യവും നല്കിക്കൊണ്ട് കല്പന നല്കി. അതനു സരിച്ച്, ഇന്നും ഇവിടെ കാര്യങ്ങൾ നടത്തിപ്പോരുന്നു.

www.malankaralibrary.com

1956 ഡിസംബർ 8-ാംതീയതി എറണാകുളം മെത്രാപ്പോലീത്ത പുതിയ ആശ്രമദേവാലയത്തിനു ശിലാസ്ഥാപനം നിർവഹിച്ചു. 1959 ഓഗസ്റ്റ് 14-ന് പണിപൂർത്തിയായ പ്രസ്തുത ദേവാലയത്തിന്റെ ആശീർവാദവും അദ്ദേഹംതന്നെ നടത്തി അതിൽ പ്രഥമ ദിവ്യബലിയും അർപ്പിച്ചു.

ഈ മധ്യപ്രവിശ്യയുടെ യോഗാർഥിഭവനം, 1960 ഏപ്രിൽ മുതൽ 1962-ൽ യോഗാർഥികളെ കളമശ്ശേരിയിലേക്കു മാറ്റിയതുവരെ, ഇവിടെയായിരുന്നു. അതിനുവേണ്ട കെട്ടിട സജ്ജീകരണങ്ങളെല്ലാം നേരത്തെ തന്നെ ഇവിടെ ഏർപ്പെടുത്തിയിരുന്നു. 1961 മാർച്ചുമാസത്തിൽ റോഡിനു വടക്കുവശത്ത് ആശ്രമത്തിൽ നിന്ന് കുറെ സ്ഥലം വാങ്ങി. ഭാവിയിൽ ഒരു വിദ്യാലയമായി തീരത്തക്കവണ്ണം വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ ഒരു കെട്ടിടത്തിന് ബ. പ്രൊവിൻഷ്യാളച്ചൻ അവിടെ ശിലാസ്ഥാപനം നടത്തി.

ഇവിടത്തെ ആശ്രമത്തിൻെറയും മനോഹരമായ പുതിയ ദേവാലയത്തിന്റെയും സ്കൂളിന്റെയും സ്ഥാപനത്തിനും ഉന്നമനത്തിനും വേണ്ടി ആദ്യന്തം അത്യധികം പ്രയത്നിച്ചിട്ടുള്ള, ഈ സ്ഥാപനത്തിന്റെ ഒരു സ്ഥാപകനായിത്തന്നെ പരിഗണിക്കാവുന്ന പാറയ്ക്ക ബ. പത്രീസിയച്ചന്റെ വ്രതവാഗ്ദാന കനകജൂബിലി ഇന്നാട്ടുകാരുടെ സഹകരണത്തോടെ 1962 ഓഗസ്റ്റ് 15-ന് അത്യാഡംബരപൂർവം ഇവിടെ ആഘോഷിക്കപ്പെട്ടു.

ആദ്യം കറുകുറ്റി ആശ്രമത്തിന്റെകീഴിലും പിന്നീട് പ്രവിശ്യാശ്രേഷ്ഠന്റെ നേരിട്ടുള്ള ഭരണത്തിലും ഒരു ഉപഭവനമായി കഴിഞ്ഞിരുന്ന ഈ സ്ഥാപനത്തെ, 1966 ഓഗസ്റ്റ്15-ന് നമ്മുടെ ഒരു കാനോനികാശ്രമമായി പൊതുശ്രേഷ്ഠസംഘം പ്രഖ്യാപിച്ചു. വിതയത്തിൽ ബ. സേനോ അച്ചനാണ് ഇവിടത്തെ ആദ്യപ്രിയോർ.

## വിവിധ പ്രവർത്തനങ്ങൾ

### A. പ്രേഷിതവേല

ഭാഗികമായ ഇടവക ഭരണംകൂടെയും ഈ ആശ്രമത്തിൽ നിന്നു നിർവഹിച്ചു വരുന്നതുകൊണ്ട് അതിർത്തി തിരിച്ച് ഏല്പിച്ചിരിക്കുന്ന ഇരുനൂറിൽപരം കുടുംബങ്ങളുടെ ആധ്യാത്മിക സുസ്ഥിതിക്കായി ഇവിടെ ശ്രദ്ധിച്ചുപോരുന്നു. കൂടാതെ, അധഃകൃതരായ ഹൈന്ദവരെ മതകാര്യങ്ങൾ പഠിപ്പിച്ച് ജ്ഞാനസ്നാനം നല്കിവരുന്നുമുണ്ട്.

www.malankaralibrary.com

**B. വിദ്യാപ്രവർത്തനം**

ഒരു വിദ്യാലയം ലക്ഷ്യം വച്ചുകൊണ്ട് ഈ ആശ്രമ വളപ്പിൽ ഒരു കെട്ടിടം പണിയിച്ചകാര്യം മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ കെട്ടിടത്തിൽ 1964-ൽ സെന്റ് ജോസഫ്സ് റെക്കൊഗ്നൈസ്ഡ് ഹൈസ്കൂൾ എന്ന പേരിൽ ഒരു അംഗീകൃത ഹൈസ്കൂൾ ആരംഭിച്ചു. വടക്കേൽ ബ. സീലാസച്ചനായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. യുവജനങ്ങൾക്ക് കത്തോലിക്കാ വിദ്യാഭ്യാസം നല്കണം എന്ന ഏകോദ്ദേശ്യത്തോടുകൂടെയാണ്, വലിയ സാമ്പത്തിക ഭാരത്തോടുകൂടിയാണെങ്കിലും, ഈ വിദ്യാലയം ഇവിടെ നടത്തിപ്പോരുന്നത്. അനുദിനമുള്ള മതപഠന ക്ലാസ്സുകൾ, സ്ലീവാപ്പാത, വിസീത്ത, പ്രതിമാസ ദിവ്യകാരുണ്യ സ്വീകരണം, ഉപദേശങ്ങൾ മുതലായവവഴി ഇവിടത്തെ വിദ്യാർഥികളെ ഉത്തമ കത്തോലിക്കാജീവിതത്തിനു തയ്യാറാക്കിവരുന്നു. നല്ല തഴക്കവും പഴക്കവും സിദ്ധിച്ചിട്ടുള്ള കടവിൽ ബ. ഒസ്വാൾഡച്ചനാണ് ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ.

**C. ഭക്തസംഘടനകൾ**

സൊഡാലിററി, വിൻസെന്റ് ഡി പോൾ സഖ്യം, അൾത്താര ബാലസഖ്യം, കെ.സി.എസ്.എൽ. എന്നിവ ഇവിടെ പ്രവർത്തിച്ചു വരുന്നു.

**D. സാമൂഹികസേവനം**

ഇദ്ദേശവാസികളായ സാധുക്കളെ ഉദ്ധരിക്കുന്നതിന് ആശ്രമത്തിൽ നിന്നു മുൻകൈയെടുത്തു പ്രവർത്തിക്കുന്നു. പരമ്പുനെയ്ത്തു പരിശീലിപ്പിച്ചും അതിനുവേണ്ട പണം മുൻകൂർ നല്കിയും ലഘുനിക്ഷേപ പദ്ധതികൾ എർപ്പെടുത്തിയും ഭവനനിർമാണത്തിനു സാമ്പത്തിക സഹായം നല്കിയും അവരെ സഹായിച്ചുവരുന്നു.

## 9. കോതമംഗലം- വ്യാകുലമാതാവിന്റെ ആശ്രമം

**പ്രാരംഭ നടപടികൾ**

കോതമംഗലത്ത് ഒരു കൊവേന്തയുണ്ടാകണമെന്ന് നമ്മുടെ സഭയിൽനിന്ന് ദീർഘകാലമായി ആഗ്രഹിച്ചിരുന്നതാണ്. അതനുസരിച്ച് പറ്റിയൊരുസ്ഥലം അന്വേഷിച്ചുകൊണ്ടുമിരുന്നു. ഒടുവിൽ 1959 ഡിസംബർ 8-ാംനു പട്ടണത്തിൽനിന്ന് ഏകദേശം ഒരു മൈൽ അകലെ മലയിങ്കീഴ് എന്ന സ്ഥലത്ത് പ്രവിശ്യാശ്രേഷ്ഠന്റെ പേരിൽ 10 ഏക്കർ സ്ഥലംവാങ്ങി. അതിന്റെ മേലന്വേഷണത്തിനും മറ്റുമായി ഇവിടേക്കു നിയുക്തനായ കോട്ടൂരാൻ ബ. ഹെരാക്ലീയൂസച്ചൻ ഇവിടെ നേരത്തെ

www.malankaralibrary.com

തന്നെ ഉണ്ടായിരുന്ന ഒരു ചെറിയ വീട് നന്നാക്കി അതിൽ താമസിച്ചു കൊണ്ട് വ്യാകുലമാതാവിന്റെ നാമത്തിൽ ഈ സ്ഥാപനം ആരംഭിച്ചു. എന്നാൽ അധികം താമസിയാതെ അദ്ദേഹം, വാഴക്കുളം പ്രിയോരായി നിയമിതനായി. അതോടെ, ഈ സ്ഥാപനം വാഴക്കുളം ആശ്രമത്തിന്റെ കീഴിലാക്കപ്പെട്ടു. അദ്ദേഹം വിദേശസഹായംകൊണ്ട് ഇവിടെ ഒരാശ്രമവും ഒരു കപ്പേളയും പണികഴിപ്പിച്ചു. 1965 ജനുവരി മുതൽ അവ ഉപയോഗിച്ചും തുടങ്ങി. പ്രിയോരച്ചന്റെ നിർദേശമനുസരിച്ച് ഇവിടെ കെട്ടിടംപണികൾ നടത്തുന്നതിനുവേണ്ടി റാത്തപ്പള്ളി ബ. തോബിയാസച്ചനെയും പാലയ്ക്കൽ ബ. കുര്യച്ചനെയും, കുരിയേടത്തു ബ. ദാനിയേൽ സഹോദരനെയും ഇങ്ങോട്ടു വിട്ടിരുന്നു.

**ആശ്രമ സ്ഥാപനം**

1967 സെപ്റ്റംബർ 17-ന് ഈ സ്ഥാപനം നമ്മുടെ ഒരു കാനോനികാശ്രമമായി പൊതുശ്രേഷ്ഠസംഘം പ്രഖ്യാപിച്ചു. ഇവിടത്തെ ഒന്നാമത്തെ പ്രിയോർ പൊന്തമ്പള്ളി ബ. നിക്ലാവോസച്ചനാണ്.

**വിവിധ പ്രവർത്തനങ്ങൾ**

1964-ൽ ഇവിടെ ഒരു എൽ. പി. സ്കൂൾ സ്ഥാപിച്ചു നടത്തി തുടങ്ങി. ഇതിന് അംഗീകരണം ലഭിക്കുന്നതിനും മറ്റും ഓലിയപ്പുറം മി. ഒ. എം. പീറ്റർ, മി. കെ. എം. ജോർജ് മുതലായവർ ഏറെ സഹായിച്ചിട്ടുണ്ട്. ഈ പ്രൈമറി സ്കൂളിന്റെയും വേദപാഠക്ലാസ്സുകളുടെയും ചില ഭക്ത സംഘടനകളുടെയും നടത്തിപ്പിന് കർമലീത്താ കന്യാസ്ത്രീകളുടെ സേവനവും ഇവിടെ ലഭിച്ചിട്ടുണ്ട്.

www.malankaralibrary.com

## അധ്യായം നാല്

### ദേവമാതാവിന്റെ ഉത്തര പ്രവിശ്യ
### പ്രവിശ്യാശ്രേഷ്ഠഭവനം—തൃശൂർ.

**താത്കാലിക ഭവനം**

1953 മാർച്ച് 2-ാം നു കേരളത്തിലെ സുറിയാനി കർമലീത്താ സഭയെ മൂന്നു പ്രവിശ്യകളായി വിഭജിച്ചപ്പോൾ ഉത്തരപ്രവിശ്യ ദേവമാതാവിന്റെ പ്രവിശ്യ എന്ന പേരിൽ സ്ഥാപിതമായി. രൂപതയുടെ അതിർത്തി ഈ പ്രവിശ്യയുടെയും അതിർത്തിയും തലശ്ശേരി രൂപതയിലെ ഏറനാട് വള്ളുവനാട് എന്നീ താലൂക്കുകൾ ഈ പ്രവിശ്യയുടെ മിഷൻ പ്രദേശവുമാണ്. പുതിയ പ്രവിശ്യയുടെ ശ്രേഷ്ഠനായി തോട്ടുങ്കൽ ബ. ക്ലെമെൻസച്ചനും ആലോചനക്കാരായി പൊറത്തൂർ ബ. ജെരാർദച്ചനും, വടക്കേത്തല ബ. ദീസ്മാസച്ചനും പ്രൊക്കുറേറ്ററായി മേച്ചേരി ബ. ആമോസച്ചനും തിരഞ്ഞെടുക്കപ്പെട്ടു. പ്രവിശ്യയുടെ താത്കാലിക ആസ്ഥാനം എൽത്തുരുത്ത് ആശ്രമമായിരുന്നു.

1953 മാർച്ച് 25-ാം നു പ്രവിശ്യയുടെ ആഘോഷമായ ഉദ്ഘാടനം എൽത്തുരുത്ത് കെവേന്തയിൽവച്ചു നടന്നു. പ്രാരംഭമായി തലേ രാത്രി തിരുമണിക്കൂർ ആരാധന എല്ലാവരുംകൂടി നടത്തി. 25-ാം നു രാവിലേ ആഘോഷപൂർവകമായ പാട്ടുകുർബാന, വാഴ്വ്, താലാക്റൂഹാ എന്നിവയ്ക്കുശേഷം തൃശൂർ രൂപതാധ്യക്ഷൻ ആലപ്പാട്ട് ജോർജ് മെത്രാനച്ചന്റെയും പല വൈദിക പ്രമുഖരുടെയും പ്രശസ്താതിഥികളുടെയും സാന്നിധ്യത്തിൽ പ്രൊവിൻഷ്യൽ ബ. ക്ലെമെൻസച്ചൻ ഈ പ്രവിശ്യയെ ഈശോയുടെ തിരുഹൃദയത്തിനും പരിശുദ്ധ കന്യകമറിയത്തിന്റെ വിമലഹൃദയത്തിനും പ്രതിഷ്ഠിച്ചു. ഉദ്ഘാടനച്ചടങ്ങുകളോടനുബന്ധിച്ചു നടത്തപ്പെട്ട ഡിന്നറിൽവച്ച് പലരും ടോസ്റ്റ് പ്രസംഗങ്ങൾ പറഞ്ഞ കൂട്ടത്തിൽ, തൃശൂർ പട്ടണത്തിൽ ന. വക ഒരു ആശ്രമം ഇല്ലാത്തതിനാൽ വികാരി ജനറാൾ മോൺ. സഖറിയാസ് വാഴപ്പിള്ളി ഖേദം പ്രകടിപ്പിച്ചു. അങ്ങനെതന്നെ, രൂപതാധ്യക്ഷനും തൃശൂരിൽ നമ്മുടെ ഒരാശ്രമവും കൊടുങ്ങല്ലൂരിൽ ഒരു സ്ഥാപനവും ഉണ്ടായിക്കാണാൻ താൻ വളരെ ആഗ്രഹിക്കുന്നെന്നു പ്രസ്താവിക്കുകയുണ്ടായി.

കഴിഞ്ഞ 60-ൽപരം കൊല്ലങ്ങളായി ന. സഭവക ഒരാശ്രമം തൃശൂർ പട്ടണത്തിൽ ഉണ്ടാക്കുന്നതിന് പല ശ്രമങ്ങളും നടത്തിയിട്ടുണ്ട്. 1904-ൽ തൃശൂർ പട്ടണത്തിന്റെ ഒരു പ്രധാന ഭാഗത്തു സ്ഥിതിചെയ്യുന്ന

www.malankaralibrary.com

രൂപതവകയായുള്ള 'തോപ്പ്' എന്ന സ്ഥലത്ത് ന. സഭയുടെ ഒരാശ്രമം സ്ഥാപിക്കുന്നതിന് ഭാഗ്യസ്മരണാർഹനായ മേനാച്ചേരി മെത്രാനച്ചൻ തീരുമാനിച്ചു. അതിലേക്കുവേണ്ട അനുവാദങ്ങൾ അദ്ദേഹം തന്നെ റോമിൽനിന്നു വാങ്ങിച്ചു. എന്നാൽ ഈ അനുവാദം സഭയുടെ പ്രിയോർ ജനറാളച്ചന് 1904 മേയ് 5-ാം ന് 3235-ാം നമ്പറിലുള്ള ഒരെഴുത്തോടുകൂടി അ. ഉ. ദലഗാദ് മൊൺ. സലേസ്കിക്ക് അയച്ചുകൊടുത്തപ്പോൾ, പ്രസ്തുത കത്തിൽ ഈ കൊവേന്ത സ്ഥാപനത്തെ ശക്തമായി എതിർത്ത് എഴുതിയിരുന്നു. സഭയിൽ അന്നുണ്ടായിരുന്ന ആശ്രമങ്ങളിൽത്തന്നെയും കൊവേന്തക്രമങ്ങൾ ശരിക്ക് അനുഷ്ഠിക്കപ്പെടുന്നതിന് വേണ്ടിടത്തോളം അച്ചന്മാരില്ല എന്നതായിരുന്നു എതിർക്കുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. തന്നിമിത്തം അംഗങ്ങൾ വർധിക്കുന്നതു വരെ പുതിയ സ്ഥാപനങ്ങൾ ഉണ്ടാക്കാൻ പാടില്ലെന്ന് അദ്ദേഹം നിർദേശിച്ചു. ഇതിനുശേഷവും തൃശൂരിൽ ഒരു കൊവേന്ത സ്ഥാപിക്കുന്നതിന് വിവിധ ഘട്ടങ്ങളിലായി പല ശ്രമങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും അവയെല്ലാം പരാജയപ്പെടുകയാണുണ്ടായത്.

**പുതിയ പ്രവിശ്യാശ്രേഷ്ഠ ഭവനം**

ഇങ്ങനെയിരിക്കേ, എൽത്തുരുത്ത് ആസ്ഥാനമാക്കി പ്രവർത്തിച്ചുപോന്ന ദേവമാതാ പ്രവിശ്യാസംഘം തീരുമാനിച്ചു, പ്രവിശ്യയ്ക്കു പ്രത്യേകമായി ഒരു പ്രവിശ്യാശ്രേഷ്ഠഭവനം ഉണ്ടാകണമെന്നും അതു കഴിയുമെങ്കിൽ തൃശൂർ പട്ടണത്തിൽത്തന്നെ ആയിരിക്കണമെന്നും. ഈ ഉദ്ദേശ്യം മുൻനിറുത്തി പല സ്ഥലങ്ങളും നോക്കിക്കണ്ടശേഷം, പൂങ്കുന്നം തീവണ്ടിസ്റ്റേഷനു സമീപം പാട്ടുരായിക്കൽ കവലയിൽനിന്ന് കഷ്ടിച്ച് ഒരു ഫർലോംഗ് വടക്കോട്ട്മാറി രണ്ടേകാൽ ഏക്കർ വിസ്തീർണം വരുന്നതും ഫലവൃക്ഷങ്ങളും ഒരു രണ്ടുനില മാളികയും ഏതാനും ചെറുകെട്ടിടങ്ങളും ഉൾക്കൊള്ളുന്നതുമായ ഒരു പുരയിടം 1953 നവംബർ 14-ന് തീറെഴുതിവാങ്ങി.

തൃശൂർ പട്ടണാതിർത്തിയിൽത്തന്നെ വളരെ സൗകര്യപ്രദമായ ഈ സ്ഥലവും അങ്ങനെ തന്നെ കൊടുങ്ങല്ലൂർ മാർത്തോമ്മാ ഷ്റൈനിനുള്ള സ്ഥലവും നമുക്ക് ലഭ്യമാകുന്നതിനുവേണ്ടി ഒരു പൗരപ്രമാണിയും സമുദായ പ്രമുഖനും പരോപകാര തത്പരനുമായ ശ്രീമാൻ സി. എ. ഔസേപ്പ് ബി. എ., ബി. എൽ. നമ്മെ വളരെയധികം സഹായിച്ചിട്ടുണ്ടെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

www.malankaralibrary.com

മാളികയ്ക്ക് തെക്കുവശമുണ്ടായിരുന്ന ഒരു കെട്ടിടം താത്കാലിക കപ്പേളയായി രൂപാന്തരപ്പെടുത്തി. ഇവിടെ ദേവമാതാ പ്രവിശ്യയുടെ പ്രവിശ്യാശ്രേഷ്ഠഭവനം 1954 ജനുവരി 1-ാംനു സാഡംബരം ഉദ്ഘാടനം ചെയ്യപ്പെട്ടു. തദവസരത്തിൽ നടത്തപ്പെട്ട ചായസത്കാരത്തിൽ വിവിധ മതസ്ഥരായ അനേകം പ്രശസ്താതിഥികൾ സംബന്ധിച്ചു. അഭിവന്ദ്യ മെത്രാനച്ചൻ, കെട്ടിടം വെഞ്ചരിക്കുകയും ചടങ്ങുകളിൽ ആധ്യക്ഷ്യം വഹിക്കുകയും ചെയ്തു. അങ്ങനെ, തന്റെ മുൻഗാമി മേനാച്ചേരി മെത്രാനച്ചൻ ആഗ്രഹിക്കുകയും അതിനായി യത്നിക്കുകയും ചെയ്തെങ്കിലും അദ്ദേഹത്തിന് കാണാൻ സാധിക്കാതെപോയ അക്കാര്യം ആലപ്പാട്ട് ജോർജ് മെത്രാനച്ചന് തന്റെ ആഗ്രഹാനുസരണം ഒരാശ്രമം എന്നല്ല, പ്രവിശ്യാശ്രേഷ്ഠഭവനം തന്നെ തൃശൂർ പട്ടണത്തിൽ സ്ഥാപിതമായതോടെ നിവൃത്തിയായിക്കാണാൻ ഇടയായി.

ഈ പ്രവിശ്യാശ്രേഷ്ഠഭവനത്തിൽ ആശ്രമസ്ഥരുടെ വാസത്തിന് അവശ്യംവേണ്ട മുറികളോടും മറ്റ് സൗകര്യങ്ങളോടും കൂടിയ ചില പുതിയ കെട്ടിടങ്ങളും ജനങ്ങളുടെ ആവശ്യത്തിനായി മനോഹരമായ ഒരു ദേവാലയവും ഇതിനകം പണിതീർത്തിട്ടുണ്ട്. കൂടാതെ, ചെലവിനുവേണ്ട നെല്ലുകിട്ടത്തക്ക കുറെ നിലവും തൊട്ടടുത്തു വാങ്ങിച്ചിട്ടുണ്ട്. കോയമ്പത്തൂരിൽ പ്രവിശ്യവക ഒരു സ്ഥാപനം തുടങ്ങാനായി എൽതുരുത്ത്, അമ്പഴക്കാട്ട്, പാവറട്ടി എന്നീ ആശ്രമങ്ങളുടെ സഹായത്തോടെ ഉദ്ദേശം രണ്ടേക്കർ സ്ഥലം വാങ്ങിച്ചിട്ട് ആദ്യം ബ. ക്ലെമെൻസച്ചനും പിന്നീട് ചിറമേൽ ബ. ജോഷാച്ചനും ശ്രേഷ്ഠന്മാരായി അവിടെ താമസിച്ചുകൊണ്ട് ചില പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്.

### ഈ പ്രവിശ്യയുടെ പ്രവിശ്യാശ്രേഷ്ഠന്മാർ

1953-1959 & 1965-1968 തോട്ടുങ്കൽ ബ. ക്ലെമൻസച്ചൻ
1959-1962 വിതയത്തിൽ ബ. ഫ്ളവിയാനച്ചൻ
1962-1965 കണ്ണനാക്കൽ ബ. മലാക്കിയാസച്ചൻ
1968- ചിരിയങ്കണ്ടത്ത് ബ. സാംസനച്ചൻ

### വിവിധ പ്രസ്ഥാനങ്ങൾ

**1. നവസന്ന്യാസ ഭവനം**

ഈ പ്രവിശ്യയുടെ നവ സന്ന്യാസഭവനമായി അമ്പഴക്കാട്ട് വിശുദ്ധ അമ്മത്രേസ്യയുടെ ആശ്രമം 1957 മേയ് 15-ാംനു സാഘോഷം ഉദ്ഘാടനം ചെയ്യപ്പെട്ടു. നവസന്ന്യാസികളുടെ സംഖ്യ വർധിച്ചുവന്നതോടെ

www.malankaralibrary.com

അവരുടെ സാകര്യാർഥം ആശ്രമക്കെട്ടിടം വിപുലീകരിച്ചിട്ടുണ്ട്. 1889 മുതൽ സഭയുടെ പൊതു നവസന്ന്യാസ ഭവനമായിരുന്നു ഈ ആശ്രമം. സഭയുടെ കാനോനിക സ്ഥാപനത്തിന്റെ ശതാബ്ദ ജൂബിലി 1955-ൽ ആഘോഷിച്ച അവസരത്തിൽ സഭയിൽ ജീവിച്ചിരുന്ന വൈദികാംഗങ്ങളെല്ലാവരും ഈ നവ സന്ന്യാസഭവനത്തിൽ സന്ന്യാസപരിശീലനം കഴിച്ചിട്ടുള്ളവരായിരുന്നു എന്നത് പ്രസ്താവ്യമാണ്.

**2. യോഗാർഥി മന്ദിരങ്ങൾ**

കൂനമ്മാവിലെ യോഗാർഥി ഭവനം 1898-ൽ നിർത്തലാക്കിയപ്പോൾ അവിടെയുണ്ടായിരുന്ന യോഗാർഥികളിൽ ആറുപേരെ എൽത്തുരുത്താശ്രമത്തിലേക്കു മാറ്റുകയും വിശുദ്ധ യോഹന്നാൻ ബർക്കുമാൻസിന്റെ നാമത്തിൽ ഒരു പുതിയ യോഗാർഥിമന്ദിരം അവിടെ ആരംഭിക്കുകയുമുണ്ടായി. എൽത്തുരുത്തിൽ അന്ന് ഒരു മിഡിൽസ്കൂൾ മാത്രമേ ഉണ്ടായിരുന്നുള്ളു. നൊവിഷ്യേറ്റിൽ സ്വീകരിക്കപ്പെടുന്നതിന് യോഗാർഥികൾ ഹൈസ്കൂൾ വിദ്യാഭ്യാസം കഴിച്ചിരിക്കണമെന്ന് 1902-ൽ ഒരു നിയമമുണ്ടായതിനാൽ, മിഡിൽ സ്കൂൾപഠനം പൂർത്തിയാക്കിയ യോഗാർഥികളെ അന്നു മുതൽ മാന്നാനത്തേക്കയച്ചു വന്നു. 1912-ൽ പാവറട്ടിയിൽ ഒരു യോഗാർഥിമന്ദിരം സ്ഥാപിച്ചു. അന്നുമുതൽ ഹൈസ്കൂൾ വിദ്യാഭ്യാസം കഴിക്കേണ്ടവരെ അങ്ങോട്ടാണ് അയച്ചിരുന്നത്. എന്നാൽ മേലാവിലെ നിർദേശാനുസരണം എൽത്തുരുത്ത് യോഗാർഥിസ്കൂൾ 1914-ൽ നിർത്തലാക്കപ്പെടുകയും അവിടെയുണ്ടായിരുന്ന യോഗാർഥികളെല്ലാം പാവറട്ടിക്ക് അയയ്ക്കപ്പെടുകയും ചെയ്തു. എങ്കിലും ചില കാരണങ്ങളാൽ പാവറട്ടി യോഗാർഥിമന്ദിരം 1946-ൽ നിർത്തലാക്കപ്പെട്ടതുനിമിത്തം അവിടെയുണ്ടായിരുന്ന യോഗാർഥികളെ വീണ്ടും എൽത്തുരുത്തിലേക്കു മാറ്റി, അങ്ങനെ 32 കൊല്ലങ്ങൾക്കുശേഷം ഏൽതുരുത്തു യോഗാർത്ഥി ഭവനം പുനഃസ്ഥാപിക്കപ്പെട്ടു.

ഈ യോഗാർഥിസ്കൂളിൽ 1953 ജൂണിൽ 42 യോഗാർഥികളുണ്ടായി. ഇത്രയും പേർക്കുവേണ്ട സ്ഥലസൗകര്യങ്ങൾ ഇവിടെ ഇല്ലാതിരുന്നതിനാൽ ഹൈസ്കൂൾപഠനം പൂർത്തിയാക്കിയവരെ തലോർ കൊവേന്തയിലേക്കു മാറ്റി. വരന്തരപ്പള്ളിയിൽ പണിതു വന്നിരുന്ന ആശ്രമക്കെട്ടിടം 1954 ജൂണിൽ പൂർത്തിയായതിനാൽ തലോറുണ്ടായിരുന്ന യോഗാർഥികളെ മുഴുവൻ അവിടേക്കു മാറ്റി. ഇപ്പോൾ ലത്തീൻ, സുറിയാനി ഭാഷകൾ പഠിക്കുന്ന യോഗാർഥികൾ വരന്തരപ്പള്ളിയിലും ഹൈസ്കൂൾ

www.malankaralibrary.com

പഠനം നടത്തുന്നവർ എൽത്തുരുത്തും താമസിക്കുന്നു. രണ്ടു സ്ഥലത്തും വേണ്ടത്ര സ്ഥലസൗകര്യങ്ങളും സജ്ജീകരണങ്ങളും ആധുനികരീതിയിൽ ക്രമവത്കരിച്ചിട്ടുണ്ട്. ഇതിനും പുറമേ കോളജ് വിദ്യാഭ്യാസം നിർവഹിക്കുന്ന യോഗാർഥികൾക്കായി ഒരു യോഗാർഥി മന്ദിരം ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളജിനോടനുബന്ധിച്ചു സ്ഥാപിച്ചി ട്ടുണ്ട്. ഇവിടത്തെയും വരന്തരപ്പള്ളിയിലെയും യോഗാർഥി സ്കൂളുകൾ വിശുദ്ധ പത്താം പീയൂസിന്റെ നാമത്തിലാണു സ്ഥാപിച്ചിരിക്കുന്നത്.

**3. മുദ്രണാലയ പ്രേഷിതത്വം**

കഴിഞ്ഞ 70-ൽ പരം കൊല്ലങ്ങളായി എൽത്തുരുത്തിൽ നല്ല നില യിൽ നടത്തിക്കൊണ്ടിരുന സെന്റ് ജോസഫ്സ് ഐ.എസ്. പ്രസ്സിന്റെ അവിടത്തെ പ്രവർത്തനം നിർത്തലാക്കിയിട്ട്, പ്രസ്തുത മുദ്രണാലയം ഈ പ്രവിശ്യാ ശ്രേഷ്ഠഭവനത്തിന്റെ വളപ്പിൽ റോഡരികിൽ നവമായി പണിതീർത്ത കെട്ടിടത്തിലേക്കു മാറ്റി സ്ഥാപിച്ചുകൊണ്ട് അതിന്റെ പ്രവർത്തനം ഇവിടെ തുടർന്ന് നടത്തിക്കൊണ്ടുപോരുന്നു. ഇതിലെ ജോലിക്കാർ പഴയ പ്രസ്സിൽ ജോലിചെയ്തിരുന്ന നാലഞ്ചു പുരുഷ ന്മാരും, (ചൊവ്വന്നൂർ) ഉപവിയുടെ സഹോദരീസഭയിലെ എട്ടുപത്ത് കന്യാസ്ത്രീകളുമാണ്.

**4. മിഷൻ പ്രവത്തനങ്ങൾ**

ഈ പ്രവിശ്യാശ്രേഷ്ഠഭവനത്തിൽനിന്ന് വിശ്വാസികൾക്ക് കഴിവു ള്ള സഹായങ്ങൾ ചെയ്തുവരുന്നു. മുളങ്കുന്നത്തുകാവിലെ റ്റി.ബി. സാനിട്ടോറിയം, വിയ്യൂർ സെൻട്രൽ ജയിൽ, കോലഴി, കൊട്ടേക്കാട്, ചേറൂർ എന്നീ കന്യകാമഠങ്ങൾ തുടങ്ങിയവയിലെ വൈദിക ശുശ്രൂഷക ളെല്ലാം നിരന്തരമായി ഈ ഭവനത്തിൽനിന്നു ചെയ്തുകൊടുക്കുന്നു.

**ഉപഭവനങ്ങൾ**

**1. പുല്ലൂർ - വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ സ്ഥാപനം**

ഇരിഞ്ഞാലക്കുടയിലെയും പരിസരങ്ങളിലെയും ആധ്യാത്മിക മു ന്നേറ്റത്തിന് നമ്മുടെ സഭവക ഒരാശ്രമം അവിടെ ഉണ്ടാകണമെന്ന് അന്നാട്ടുകാർ ആഗ്രഹിച്ചിരുന്നു. ഇരിഞ്ഞാലക്കുടയിലെ രണ്ടു പള്ളിക ളുടെയും ബ. വികാരിമാരും അല്മായ പ്രമുഖരുംകൂടി ഏതത്കാര്യാർഥം ഒരപേക്ഷ പ്രിയോർ ജനറാൾ ബ. വിൻസെന്റച്ചന്റെ പക്കൽ സമർപ്പിച്ചു. പ്രസ്തുത ആശ്രമത്തിനുവേണ്ടി തങ്ങൾ കണ്ടുവച്ചിരിക്കുന്ന 6 ഏക്കർ 85 സെന്റ് സ്ഥലത്തിനു വേണ്ടിവരുന്ന വിലയ്ക്കു പുറമേ 5000ക. ദാനം

www.malankaralibrary.com

ചെയ്യാമെന്നും അവർ അറിയിച്ചു. അതനുസരിച്ച് സ്ഥലത്തു ചെന്ന് വേണ്ട അന്വേഷണങ്ങൾ നടത്തി റിപ്പോർട്ടു സമർപ്പിക്കുന്നതിന് എൽത്തുരുത്തു പ്രിയോർ ബ. ജോസഫാത്തച്ചനെയും ആലുവ പ്രിയോർ ബ. ക്ലെമെന്റച്ചനെയും ജനറാളച്ചൻ ചുമതലപ്പെടുത്തി. ഇവർ അനുകൂലമായി റിപ്പോർട്ട് സമർപ്പിച്ചതിനാൽ 1951 ഡിസംബർ 18-ാം തീയതി പുല്ലൂർ ആശ്രമസ്ഥാപനത്തിന് അനുമതി നല്കുകയും സ്ഥാപനക്കാര്യം എൽത്തുരുത്തു പ്രിയോരച്ചനെ ഭാരമേല്പിക്കുകയും ചെയ്തു. അദ്ദേഹം രൂപതാധ്യക്ഷനിൽനിന്ന് വേണ്ട അനുവാദങ്ങളെല്ലാം യഥാകാലം വാങ്ങി. ഇതിനിടയ്ക്ക് ഇരിഞ്ഞാലക്കുടക്കാർ നാട്ടുകാരിൽനിന്നു പിരിച്ചെടുത്ത 16,539 രൂപാ പ്രിയോരച്ചനെ ഏല്പിക്കുകയുണ്ടായി. ഇതിൽനിന്ന് 11,000 രൂപാ കൊടുത്ത് പൊയ്യയിൽ അമ്പൂക്കൻ ഇട്ടൂപ്പ് എന്നയാളിൽ നിന്ന് നിർദിഷ്ടസ്ഥലം കൊവേന്തയ്ക്കായി അദ്ദേഹം തീറുവാങ്ങി. 1952 ജൂൺ 9-ന് പ്രിയോരച്ചൻ ശിലാസ്ഥാപനം നടത്തി സമാരംഭിച്ച കെട്ടിടപ്പണികൾ പെരുമ്പള്ളിക്കുന്നേൽ ബ. ജോൺ ജോസഫച്ചന്റെയും മാവേലിൽ ബ. സ്കറിയാ സഹോദരന്റെയും മേല്നോട്ടത്തിൽ 1952 സെപ്റ്റംബർ 21-ാം തീയതി പൂർത്തിയായി. അഞ്ചുമുറികളുള്ള ഒരു കെട്ടിടവും ഒരു ചെറിയ പള്ളിയും ഉൾപ്പെട്ട പുല്ലൂർ സ്ഥാപനം, അന്ന് തൃശൂർ മെത്രാനച്ചൻ വെഞ്ചരിച്ചു. ഈ സ്ഥാപനത്തിനുവേണ്ടി 28,000 രൂപ എൽത്തുരുത്ത് ആശ്രമത്തിൽ നിന്നുതന്നെ ചെലവാക്കിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ ഉപകാരികളായി എന്നെന്നും അനുസ്മരിക്കപ്പെടേണ്ടവരാണ് ചിറമേൽ ബ. ഗീവർഗീസച്ചൻ, ചെറപ്പണത്തു ബ. ഗീവർഗ്ഗീസച്ചൻ, വാഴപ്പള്ളി ബ. ജോർജച്ചൻ, തോട്ടുങ്കൽ ബ. ഔസേപ്പച്ചൻ, പോട്ടയ്ക്കൽ ഇട്ടിക്കുരു, കണ്ടംകുളത്തി കുഞ്ഞിപ്പൈലോ എന്നിവർ.

1955 ജൂൺ 25-ന് പുല്ലൂരിൽ അനുവദിച്ചിരുന്ന ആശ്രമം ഇരിഞ്ഞാലക്കുടയ്ക്കു മാറ്റുന്നതിന് പോതുശ്രേഷ്ഠ സംഘത്തിൽനിന്ന് അനുമതി ലഭിച്ചതോടെ, ഇവിടത്തെ സ്ഥാപനം പ്രവിശ്യയുടെ നേരിട്ടു കീഴിലാക്കുകയുണ്ടായി. അതോടെ, അരിമ്പൂർ ബ. സെറാഫിയോനച്ചൻ ഈ സ്ഥാപനത്തിന്റെ സുപ്പീരിയറായി നിയമിക്കപ്പെട്ടു. ഉദാരമതികളായ പലരുടെയും സഹായസഹകരണങ്ങൾകൊണ്ട് അദ്ദേഹം ഇവിടെ ഒരു അനാഥശാലയും അച്ചടിശാലയും ആരംഭിച്ചു, 1958 ജനുവരി 1-ാംനു തൃശൂർ മെത്രാനച്ചൻ അനാഥശാലയുടെയും 1960 ഓഗസ്റ്റ് 29-ാംനു കേരളത്തിലെ ആഭ്യന്തരമന്ത്രി ശ്രീ. പി. ടി. ചാക്കോ പ്രസ്സിന്റെയും

www.malankaralibrary.com

ഉദ്ഘാടനം നിർവഹിച്ചു. രണ്ടു സ്ഥാപനങ്ങളും ശരിയായി നടന്നു പോരുന്നു,

1962 ഓഗസ്റ്റ് 15-ന് തൃശൂർ പ്രവിശ്യാശ്രേഷ്ഠ ഭവനത്തിൽവച്ച് ബ. സെറാഫിയോനച്ചന്റെ വ്രതവാഗ്ദാന കനകജുബിലി ആഘോഷപൂർവം കൊണ്ടാടി.

**2. കൊടുങ്ങല്ലൂർ- മാർത്തോമ്മാ പൊന്തിഫിക്കൽ ഷ്റൈൻ**

ഭാരതത്തിന്റെ ശ്ലീഹായായ മാർത്തോമ്മാ ഇൻഡ്യയിൽ വന്നിറങ്ങിയ സ്ഥാനമായ, അതേ, ഒരിക്കൽ കേരളത്തിലെ ക്രിസ്ത്യാനികളുടെ കേന്ദ്രമായിരുന്ന, കൊടുങ്ങല്ലൂരിൽ നമ്മുടെ ഒരാശ്രമം സ്ഥാപിക്കണമെന്ന് തൃശൂർ മെത്രാൻ മാർ ജോർജ് ആലപ്പാട്ട് 1945-ൽ ആഗ്രഹം പ്രകടിപ്പിക്കുകയും അതിലേക്കു വേണ്ട അനുമതി നല്കുകയുമുണ്ടായി പക്ഷേ, പ്രസ്തുതയാഗ്രഹം ഉടനേ പ്രവൃത്തിപഥത്തിലേക്കു നീങ്ങാൻ ഇടയായില്ല,

1-ാമത്തെ ഇൻഡ്യൻ കർദിനാളായ മഹോന്നത വലേരിയൻ ഗ്രേഷ്യസിനോടുകൂടെ 1953 ജനുവരിയിൽ ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത മാർ മാത്യു കാവുകാട്ട് റോമിൽ ചെന്നിരുന്ന സമയം, മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പ്, സാധിക്കുമെങ്കിൽ മുഴുവനും അല്ലെങ്കിൽ അതിന്റെ ഒരു പ്രധാന ഭാഗമെങ്കിലും, നല്കണമെന്ന് അന്നു പൗരസ്ത്യ തിരുസംഘത്തിന്റെ കാര്യദർശിയും കർദിനാൾ സംഘത്തിന്റെ ഡീനുമായിരുന്ന കർദിനാൾ തിസ്സറാങ്ങിനോട് അഭ്യർഥിച്ചു. അതിന് അദ്ദേഹം പറഞ്ഞ മറുപടി, അധികം താമസിയാതെ 1953 നവംബറിൽ താൻ കേരളം സന്ദശിക്കുന്നതാണെന്നും തദവസരത്തിൽ മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകൂടെ കേരളത്തിലേക്ക് കൊണ്ടുവരുന്നതാണെന്നുമാണ്. ഈ വിവരം അറിഞ്ഞതോടെ തിരുശേഷിപ്പ് സ്ഥാപിക്കേണ്ട സ്ഥാനം സംബന്ധിച്ച് പല അഭിപ്രായങ്ങളും അവകാശവാദങ്ങളും ഇവിടെ ഉണ്ടാവുകയാൽ, കർദിനാൾ തന്നെ സ്ഥാനം നിണയിക്കുന്നതാണെന്ന് ഇൻഡ്യയിലെ ഇന്റർനുൺഷ്യേച്ചറിൽ നിന്ന് അറിയിപ്പു പ്രസിദ്ധപ്പെടുത്തി. തദനുസരണം, 1953 നവംബർ 11-ന് എറണാകുളത്തു സമാഗതനായ കർദിനാൾ തിസ്സറാങ്, അന്ന് അവിടെ നടന്ന സ്വീകരണ മഹായോഗത്തിൽ ചെയ്ത മറുപടി പ്രസംഗത്തിൽ, താൻ കൊണ്ടുവന്നിരിക്കുന്ന തിരുശേഷിപ്പ് കൊടുങ്ങല്ലൂരെ മാർത്തോമ്മാശ്ലീഹായുടെ കപ്പേളയിൽ നിക്ഷേപിക്കുന്നതാണെന്നും അതൊരു പൊന്തിഫിക്കൽ ഷ്റൈൻ ആയിരിക്കുന്നതാ

www.malankaralibrary.com

ണെന്നും ഈ പൂജ്യാവശിഷ്ടത്തിന്റെ സംരക്ഷണം കേരളത്തിലെ സുറിയാനി കർമലീത്താ സഭക്കാർ വഹിക്കുന്നതാണെന്നും പ്രഖ്യാപിച്ചു. അതോടെ, അവകാശവാദങ്ങൾക്കെല്ലാം അറുതിയും അവസാനവുമുണ്ടായി.

ഇതിനിടയിൽ, കൊടുങ്ങല്ലൂരിൽ ഒരു കപ്പേള പണിയുന്നതിനുള്ള ശ്രമങ്ങൾ ഊർജിതമായി നടന്നിരുന്നു. പെരിയാർനദിയുടെ തീരത്ത് അഴീക്കോട്ട് ജെട്ടിക്കു രണ്ടു ഫർലോംഗു കിഴക്കു മാറി ഒരേക്കർ അറുപത് സെന്റു സ്ഥലം 16000 ക.യ്ക്ക് ദേവമാതാ പ്രൊവിഷ്യൽ ബ. ക്ലെമെൻസച്ചൻ വാങ്ങിച്ചിരുന്നു. ഈ സ്ഥലം കൈവശം കിട്ടുന്നതിന് പല തടസ്സങ്ങളുമുണ്ടായി. കിട്ടിയതിനുശേഷവും പല കുഴപ്പങ്ങളും നേരിട്ടു. ഏതായാലും, 1953 സെപ്റ്റംബർ 13-ന് തൃശൂർ മെത്രാനച്ചൻ പ്രസ്തുത സ്ഥലത്ത് മാർതോമ്മാശ്ലീഹായുടെ നാമത്തിൽ പ്രശസ്തരായ അനേകം അതിഥികളുടെ സാന്നിധ്യത്തിൽ ഒരു കപ്പേളയ്ക്കു ശിലാസ്ഥാപനം നടത്തി. തന്റെ പട്ടാഭിഷേകം മുതൽ താൻ ആഗ്രഹിച്ചിരുന്ന ഒരു മഹാകാര്യമാണ് ഇപ്പോൾ നടക്കാൻ പോകുന്നതെന്നും അതിനാൽ, താൻ അതീവ കൃതാർഥനാണെന്നും ഇക്കാര്യസാധ്യത്തിനായി അത്യുത്സാഹപൂർവം പ്രവർത്തിച്ച ഏവരോടും പ്രത്യേകം ദേവമാതാ പ്രവിശ്യാധികൃതരോടും താൻ കൃതജ്ഞനായിരിക്കുന്നെന്നും പ്രസ്താവിച്ചു കൊണ്ടാണ് അവിടന്ന് ആ ചടങ്ങുകൾ നിർവഹിച്ചത്. എൻജിനീയർ ശ്രീമാൻ കെ.സി. ചാക്കോ എം.എ.എം.ഇ. വരച്ച പ്ലാൻ അനുസരിച്ച് കോൺട്രാക്ടർ ശ്രീമാൻ പട്ടമന ജോർജ് രണ്ടരമാസം കൊണ്ട് കപ്പേളയുടെ പണി പൂർത്തിയാക്കി. റോമിലെ വിശുദ്ധ പത്രോസിന്റെ ദേവാലയത്തിന്റെ പ്രതീതി ജനിപ്പിക്കുന്ന ഒന്നാണു ഈ കപ്പേള. ഇതിന്റെ പ്രധാന എടുപ്പിന് 72 അടി പൊക്കമുണ്ട്. കപ്പേളയ്ക്കകത്ത് മനോജ്ഞമായ ഒരു ബലിപീഠവും അതിനു മുകളിൽ മാർത്തോമ്മാശ്ലീഹായുടെ ശൂലമേന്തിക്കൊണ്ടുള്ള ഒരു പൂർണകായപ്രതിമയും തിരുശേഷിപ്പു വഹിക്കുന്ന ഒരു പേടകവും സ്ഥാപിച്ചിരിക്കുന്നു. നടുമുറ്റത്ത് 60 അടി ഉയരമുള്ള ഒരു കൊടിമരവും സ്ഥാപിച്ചിട്ടുണ്ട്.

1953 ഡിസംബർ 6-ാം തീയതി ഉച്ചകഴിഞ്ഞ് 5 മണിയോടെ കർദിനാൾ തിസ്സരാങ് തൃശൂർ മെത്രാനച്ചനാൽ പരിസേവിതനായി മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പു വഹിച്ചുകൊണ്ട് കൊടുങ്ങല്ലൂരിൽ വന്നെത്തി. രാജോചിതമായ ഒരു സ്വീകരണമാണ് തദവസരത്തിൽ അവിടെ നല്കപ്പെട്ടത്. നാനാജാതി മതസ്ഥരായ ഒരു വമ്പിച്ച ജനാവലി

www.malankaralibrary.com

അപ്പോൾ അവിടെ കൂടിയിരുന്നു. കർദിനാളിനെ കടവിൽ നിന്ന് പ്രിയോർ ജനറാളച്ചൻ സ്വീകരിച്ച് കപ്പേളയിലേക്ക് ആനയിച്ചു. തൃശൂർ മെത്രാനച്ചൻ സ്വാഗതപ്രസംഗം നടത്തി. പഞ്ചായത്തുകാർ ഒരു മംഗള പത്രം കർദിനാളിനു സമർപ്പിച്ചു. പുതിയ കപ്പേളയുടെ ഒരു മാതൃക ദന്തത്തിൽ മനോഹരമായി പണിചെയ്തതു ദേവമാതാ പ്രവിശ്യാ ശ്രേഷ്ഠൻ സമ്മാനിച്ചു. തുടർന്ന് കർദിനാളിന്റെ മറുപടി പ്രസംഗം നടന്നു. അത് ഇപ്രകാരമായിരുന്നു:

"എന്റെ ദൗത്യം ഇന്നു പൂർത്തിയായിരിക്കുന്നു. ഭാരതത്തിൽ സുവിശേഷപ്രസംഗം നടത്തിയ മാർത്തോമ്മാശ്ലീഹാ വന്നിറങ്ങിയ സ്ഥാനത്തുതന്നെ ഇതാ, ശ്ലീഹായുടെ തിരുശേഷിപ്പു ഞാൻ കൊണ്ടു വന്നിരിക്കുന്നു. അറബിക്കടലിനു കിഴക്ക് സുവിശേഷം പ്രസംഗിച്ചതു മാർത്തോമ്മാശ്ലീഹായാണ്. അന്ന് അറാമായ (കല്ദായ സുറിയാനി) കച്ചവട ഭാഷയായിരുന്നു. ആ ഭാഷ ഉപയോഗിച്ചിരുന്നവർ ഈ പ്രദേശങ്ങളിൽ ധാരാളമുണ്ടായിരുന്നു. മാർത്തോമ്മാശ്ലീഹാ പ്രചരിപ്പിച്ച ആ സഭയ്ക്ക് വേണ്ടത്ര പുരോഗതി ഇവിടെ ഉണ്ടായില്ല. 1653-ലെ കൂനൻ കുരിശുസത്യത്തോടുകൂടെ കുറെപ്പേർ സത്യസഭ വിട്ടുപോയിട്ടുണ്ട്. അവരുടെ പുനരൈക്യത്തിനുവേണ്ടി നാം പ്രാർഥിക്കണം. കഴിഞ്ഞ കൊല്ലം എറണാകുളത്തുവച്ചു നടന്ന മാർത്തോമ്മാശ്ലീഹായുടെ കേരള പ്രവേശനത്തിന്റെ 19-ാം ശതവത്സരപൂർത്തി സംബന്ധിച്ച ആഘോഷങ്ങൾ വളരെ ഉപയുക്തമായിട്ടുണ്ട്. ഇവിടെ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ പൂജ്യാവശിഷ്ടത്തിന്റെ സംരക്ഷണം സുറിയാനി കർമലീത്താ സഭക്കാർ വഹിക്കുന്നതാണ്. ഇതിന്റെ ഭരണം മാർപാപ്പായുടെ നേരിട്ടുള്ള ശ്രദ്ധയിലായിരിക്കും. ഇതൊരു പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആക്കിയിരിക്കുന്നു. എല്ലാറ്റിനും നന്ദി."

അനന്തരം കർദിനാൾ കപ്പേള ആശിർവദിച്ച് തിരുശേഷിപ്പു പേടകത്തിൽവച്ചു പൂട്ടിയിട്ട്, താക്കോലും തിരുശേഷിപ്പിനുള്ള സാക്ഷി പത്രവും പ്രിയോർ ജനറാളച്ചനെ ഏല്പിച്ചശേഷം ഉടൻ തന്നെ മംഗലപ്പുഴ സെമിനാരിയിലേക്ക് പുറപ്പെട്ടു. തദനന്തരം തൃശൂർ മെത്രാനച്ചൻ പുതിയ കപ്പേളയിൽ ആഘോഷപൂർവകമായ ദിവ്യബലി അർപ്പിച്ചു. പ. ക. വാഴ്‌വ്, ലാക് അലാഹ എന്നീ ചടങ്ങുകളോടുകൂടെ ഉദ്ഘാടന കർമം പരിസമാപ്തമായി.

കപ്പേളയുടെ അടുത്തു നിർമിച്ചിട്ടുള്ള കെട്ടിടത്തിൽ ദേവമാതാ പ്രവിശ്യയിലെ സഭാംഗങ്ങൾ താമസിച്ചുകൊണ്ട് തീർഥാലയത്തിന്റെ

www.malankaralibrary.com

കാവൽ നടത്തിവരുന്നു. ആണ്ടുതോറും നവംബർ 21-ാംനു ഞായറാഴ്ചയോ അതു കഴിഞ്ഞുവരുന്ന ഞായറാഴ്ചയോ മാർത്തോമ്മാ ശ്ലീഹായുടെ തിരുനാൾ സാഡംബരം ഇവിടെ കൊണ്ടാടുന്നു. മാസാദ്യ ഞായറാഴ്ചകളും തിരുനാളായി ഇവിടെ ആചരിക്കുന്നു. തദവസരങ്ങളിൽ വളരെയേറെ തീർഥാടകർ നാനാസ്ഥലങ്ങളിലും നിന്ന് ഇവിടെ വന്നു സന്ദർശനം നടത്തി അനുഗ്രഹങ്ങൾ പ്രാപിച്ചു പോകുന്നുണ്ട്.

### കോയമ്പത്തൂർ റീജിയൻ

ഭാവിയിൽ ഒരു പ്രവിശ്യയായി വികസിപ്പിക്കുന്നതിന് ദേവമാതാ പ്രവിശ്യയ്ക്ക് പൗരസ്ത്യറീത്തുകളുടെ തിരുസംഘത്തിന്റെ 1959 മേയ് 8-ാം തീയതിയിലെ കല്പനയനുസരിച്ചു നല്കപ്പെട്ട പാലക്കാട് ജില്ല, കോയമ്പത്തൂർ ജില്ല, കോഴിക്കോട്ടു ജില്ലയിലെയും ട്രിച്ചി ജില്ലയിലെയും ഏതാനും ഭാഗങ്ങൾ എന്നിവ ഉൾപ്പെട്ടതാണു കോയമ്പത്തൂർ റീജിയൻ. അന്നുമുതല്ക്കേ, പ്രവിശ്യാംഗങ്ങൾ ഈ റീജിയനില്പെട്ട ചില സ്ഥലങ്ങളിൽ മിഷൻപ്രവർത്തനം നടത്തിത്തുടങ്ങിയെങ്കിലും അതെല്ലാം വ്യവസ്ഥാപിതരൂപം കൈക്കൊണ്ടത് 1964-ഓടുകൂടെയാണ്. ആ വർഷം ബ. ക്ലെമെന്റച്ചൻ ഈ റീജിയന്റെ സുപ്പീരിയറായി നിയമിതനായി. റീജിയന്റെ വികസനത്തിനുവേണ്ടി കോയമ്പത്തൂർ പട്ടണാതിർത്തിയിൽ ഏകദേശം ഒരേക്കർ സ്ഥലവും സത്യമംഗലം റോഡരികിൽ 22 ഏക്കർ സ്ഥലവും വാങ്ങി, പട്ടണാതിർത്തിയിലുള്ള സ്ഥലത്ത് 1965 ഓഗസ്റ്റ് 15-ാം തീയതി കേന്ദ്രഭവനത്തിന്റെ ശിലാസ്ഥാപനം നടത്തി. ബ. ക്ലെമെന്റച്ചൻ ദേവമാതാ പ്രവിശ്യശ്രേഷ്ഠനായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ പകരം ഈ റീജിയന്റെ സുപ്പീരിയറായി ബ. ജോഷ്വാച്ചൻ 1966 ഫെബ്രുവരി 2-ാം തീയതി ചാർജെടുത്തു. ഇദ്ദേഹത്തിന്റെ മേല്നോട്ടത്തിൽ കെട്ടിടപ്പണികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുകയും 1966 ഓഗസ്റ്റ് 15-ാംനു തൃശൂർ മെത്രാനച്ചൻ അതിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. 'ചെറുപുഷ്പ മിഷൻ സെന്റർ' എന്ന പേരിലാണ് ഈ സ്ഥാപനം അറിയപ്പെടുന്നത്.

ഇവിടങ്ങളിലുള്ള സുറിയാനിക്കാരുടെ ആധ്യാത്മികാവശ്യങ്ങൾ നിർവഹിക്കുക, കുട്ടികളെ മതകാര്യങ്ങളഭ്യസിപ്പിക്കുക, ജ്ഞാനധ്യാനങ്ങൾ നടത്തുക ഇതൊക്കെയാണ് ഇപ്പോഴത്തെ പ്രേഷിത പ്രവർത്തനങ്ങൾ.

പാലക്കാട്ടു ജില്ലയിലെ അട്ടപ്പാടി എന്ന സ്ഥലത്ത് ഈ റീജിയൻ വക ഒരു സ്ഥാപനം ആരംഭിച്ചു പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

www.malankaralibrary.com

ഈ റീജിയനിൽനിന്ന് കോയമ്പത്തൂരിൽ ഒരു ഇംഗ്ലീഷ്മീഡിയം നേഴ്സറിസ്കൂൾ ആരംഭിച്ചു നടത്തിവരുന്നു.

തലശ്ശേരി രൂപതയിൽ തെക്കേമലബാറിൽപ്പെട്ട മരിയാപുരം, നെന്മേനി, മണിമൂളി എന്നീ സ്ഥലങ്ങളിൽ ന. അച്ചന്മാർ താമസിച്ച് ഇടവക ഭരണം അടുത്തകാലംവരെ നിർവഹിച്ചിരുന്നു. ഇപ്പോഴാക ട്ടെ, മണിമൂളി ഫൊറോനാപ്പള്ളിയുടെ ഭരണംമാത്രമേ നടത്തുന്നുള്ളൂ. അവിടത്തെ ഇപ്പോഴത്തെ വികാരി തട്ടിൽ ബ. ലെയാണ്ടറച്ചനാണ്.

**പൊതുവിവരം**

ഈ ഉത്തര പ്രവിശ്യയിൽ പ്രവിശ്യാശ്രേഷ്ഠഭവനത്തിനു പുറമേ 8 കാനോനികാശ്രമങ്ങളും ഒരു ഉപഭവനവും ഒരു പൊന്തിഫിക്കൽ ഷ്റൈനും ഒരു ഡിഗ്രി കോളജും ഒരു ജൂണിയർ കോളജും ഒരു എഞ്ചി നീയർ ഇൻസ്റ്റിറ്റ്യൂട്ടും രണ്ടു ഹൈസ്കൂളുകളും ഒരു യു.പി. സ്കൂളും നാല് എൽ.പി. സ്കൂളുകളും രണ്ട് അച്ചടിശാലകളും ഒരു മാസികയും നാലു വേദപാഠശാലകളും ഒരു ബാലസദനവും മൂന്നു യോഗാർഥിഭവന ങ്ങളുമുണ്ട്.

**കാനോനികാശ്രമങ്ങൾ**

**1. എൽത്തുരുത്ത്- ശുദ്ധീകരണമാതാ ആശ്രമം**

**പ്രാരംഭ നടപടികൾ**

മാന്നാനത്തെ സന്ന്യാസഭവനത്തെയും അതിലെ അന്തേവാ സികളുടെ സുകൃതജീവിതത്തെയും കുറിച്ചുള്ള കീർത്തി വടക്കൻ പ്രദേ ശങ്ങളിൽ വ്യാപിച്ചു. അതു കേട്ടറിഞ്ഞ് ആകൃഷ്ടനായ കണ്ടശ്ശാംകടവു പള്ളി ഇടവക വടക്കേത്തല തോട്ടുങ്കൽ ബ. അന്തോനിയച്ചൻ മാന്നാ നത്തു പോയി ധ്യാനം കഴിക്കുകയും മൂന്നുമാസത്തോളം അവിടെ താമസിക്കുകയും ചെയ്തു. സ്വന്തം നാട്ടിലും ഇത്തരമൊരു ആശ്രമം സ്ഥാപിക്കണമെന്ന ആഗ്രഹത്തോടുകൂടെയാണ് അദ്ദേഹം മാന്നാന ത്തുനിന്നു മടങ്ങിപ്പോന്നത്. നാട്ടിൽ മടങ്ങിയെത്തിയശേഷം ഏതത് കാര്യസാധ്യത്തിനായി ഇവിടെയുള്ള മല്പാന്മാരുടെയും വൈദി കരുടെയും ഇടവകപ്രതിനിധികളുടെയും ഒരു യോഗം 1850 ജനുവരി യിൽ തൃശൂരിലും വേറൊരു യോഗം ഇടക്കളത്ത് ഊക്കൻ ഗീവർഗീസ് മല്പാൻ, മൂഴിക്കുളത്ത് പാനികളം മത്തായി മല്പാൻ എന്നീ പ്രബല മല്പാൻമാരുടെ സഹായത്തോടെ 1850 ഫെബ്രുവരി 14-ാംനു അരണാ ട്ടുകര പള്ളിയിലും ഇദ്ദേഹം വിളിച്ചുകൂട്ടി. കാര്യാട്ടുകര എലവത്തുരു

www.malankaralibrary.com

ത്തിൽ ഒരു ആശ്രമം സ്ഥാപിക്കണമെന്ന തീരുമാനത്തോടെയാണ് അരണാട്ടുകര സമ്മേളനം സമാപിച്ചത്. പ്രസ്തുത സംഘനിശ്ചയം എടക്കളത്തു മല്പാനച്ചനും പാനികുളം മല്പാനച്ചനും വരാപ്പുഴ ചെന്ന് വികാരി അപ്പസ്തോലിക്കയെ അറിയിക്കയും അനുകൂലാഭിപ്രായവും അനുമതിയും നേടുകയും ചെയ്തു.

അനന്തരം, അരണാട്ടുകര അങ്ങാടിയിൽ കിഴക്കേ വരിയിൽ ചിറമേൽ ഇ.യു. യൗസേപ്പ് എന്ന പേരുവച്ച് കല്പറമ്പ് ചക്കാല മറ്റത്തു വർക്കി യൗസേപ്പിന്റെ പേരിൽ 1851 മാർച്ചു 31-ന് ആശ്രമത്തിനുള്ള സ്ഥലം പതിച്ചെടുത്തു. പല പള്ളികളിലും നിന്ന് ലഭിച്ച ധർമസഹായം കൊണ്ട് എടക്കളത്തു മല്പാനച്ചൻ ഇവിടെ ഒരു ബംഗ്ലാവു പണിയിച്ചു. അവിടെ കുർബാന ചൊല്ലുന്നതിനുള്ള അനുവാദത്തിനായി വരാപ്പുഴ ബെർണദീനോസ് മെത്രാനെ സമീപിച്ചപ്പോൾ വടക്കേദിക്കിൽ ഒരു കൊവേന്ത വേണമെന്ന് തനിക്കറിയാമെന്നും എന്നാൽ അതിനു സമയം വന്നിട്ടില്ലെന്നും സമയംവരുമ്പോൾ താൻ അതിനു ശ്രമിച്ചുകൊള്ളാമെന്നുമുള്ള മറുപടിയാണു ലഭിച്ചത്. തന്മൂലം ആശ്രമസ്ഥാപനകാര്യം അവതാളത്തിലായി. 1853-ലും 1854-ലും അനുമതി ലഭിക്കുന്നതിനായി നടന്ന പരിശ്രമങ്ങളും പരാജയപ്പെടുകയാണുണ്ടായത്. അതിനാൽ, ആശ്രമത്തിനുവേണ്ടി വാങ്ങിയിരുന്നസ്ഥലം ആവശ്യപ്പെടുമ്പോൾ തിരിച്ചു തരണമെന്ന വ്യവസ്ഥയിൽ അതിന്റെ സകല ബാധ്യതകളോടുംകൂടെ അരണാട്ടുകര പള്ളിക്കു കൊടുത്തു.

അങ്ങനെയിരിക്കേ, 1855 ഡിസംബർ 8-ന് നമ്മുടെ സഭ മാന്നാനത്ത് കാനോനികമായി സ്ഥാപിക്കപ്പെട്ടു. അധികം താമസിയാതെ വടക്കൻപ്രദേശങ്ങളിൽ ഒരു ആശ്രമം സ്ഥാപിക്കുന്നതിനുവേണ്ടി തോപ്പിൽ ഗീവറുഗീസച്ചനെയും കളപ്പുരയ്ക്കൽ മത്തായിയച്ചനെയും വരാപ്പുഴ വികാരി അപ്പസ്തോലിക്ക നിശ്ചയിച്ചു. ഇതിനുശേഷം ആശ്രമം പണിയിക്കേണ്ട കാര്യം അതിനുള്ള സ്ഥലം എന്നിവ സംബന്ധിച്ച് ജനങ്ങൾക്കും വൈദികർക്കുമുള്ള അഭിപ്രായം ഒരു യോഗംകൂടി തന്നെ അറിയിക്കണമെന്ന് വടക്കൻ പ്രദേശങ്ങളിലെ പള്ളിക്കാർക്ക് വരാപ്പുഴ നിന്ന് ഒരു കല്പന അയച്ചു. അതനുസരിച്ച്, ഒല്ലൂർ പള്ളിയിൽ ചേർന്ന യോഗം എലവത്തുരുത്തിൽത്തന്നെ ആശ്രമം സ്ഥാപിക്കണമെന്ന് നിശ്ചയിച്ചു. വികാരി അപ്പസ്തോലിക്ക ഈ വിവരമറിഞ്ഞപ്പോൾ അതീവ സന്തുഷ്ടനായി.

www.malankaralibrary.com

സഭാധ്യക്ഷന്റെ കല്പനയനുസരിച്ച് എലവത്തുരുത്തിൽ പള്ളിയും മറ്റും പണിയുന്നതിന് ഗവൺമെന്റിൽ നിന്ന് കിട്ടേണ്ടിയിരുന്ന അനുവാദങ്ങളെല്ലാം അരണാട്ടുകര വികാരി പല്ലാട്ടു ബ. അബ്രാഹമച്ചൻ നിഷ്പ്രയാസം വാങ്ങി. വടക്കൻപ്രദേശങ്ങളിലെ വൈദികരുമായി നന്നായി പരിചയപ്പെട്ടിരുന്ന ഇദ്ദേഹത്തെ തോപ്പിലച്ചന്റെ അപേക്ഷാനുസരണം ഇതിനകം അരണാട്ടുകരപള്ളിയുടെ വികാരിയായി മെത്രാനച്ചൻ നിയമിച്ചിരുന്നതാണ്.

**ശിലാസ്ഥാപനം**

അരണാട്ടുകര പള്ളിയിൽ നിന്ന് എലവത്തുരുത്തിലെ സ്ഥലം കൊവേന്തസ്ഥാപനത്തിനായി ഒഴിഞ്ഞെഴുതിക്കൊടുത്തു. ഇങ്ങനെ ദൈവപരിപാലനത്താൽ സാഹചര്യങ്ങളെല്ലാം ഒത്തിണങ്ങിയതോടെ 1858- ഫെബ്രുവരി 2-ന് ചാവറ പ്രിയോരച്ചൻ പള്ളിക്കും ആശ്രമത്തിനും അടിസ്ഥാനക്കല്ലിട്ടു. ആശ്രമവാസികൾക്ക് വൃശ്ചികക്കാറ്റിന്റെ ഉപദ്രവം തട്ടാത്തവണ്ണം കെട്ടിടം പണിയത്തക്കവിധത്തിലാണ് ചാവറയച്ചൻ ശിലാസ്ഥാപനം നടത്തിയതെങ്കിലും മുഖവാരം കിഴക്കോട്ടായി പണിയുന്നതാണു നല്ലതെന്നു പറഞ്ഞുകൊണ്ട് പീലിപ്പോസ് മിഷനറിയച്ചൻ പിന്നീട് ഈ അടിസ്ഥാനം ഉളക്കി പ്രതിഷ്ഠിച്ചു. ആശ്രമത്തിന്റെയും പള്ളിയുടെയും പ്ലാൻ ബെർണർദീനോസ് മെത്രാൻ തയ്യാറാക്കിയിട്ട് അതിൻപ്രകാരം പണി നടത്തിക്കുന്നതിനായി മുട്ടുചിറ ഇടവക പറമ്പിൽ ബ. പൗലോസച്ചനെ ഇവിടേക്ക് അയയ്ക്കുകയുണ്ടായി. 1857-ന്റെ ആരംഭത്തിൽ മുട്ടുചിറപ്പള്ളിയിൽ സ്ഥാന സന്ദർശനത്തിനായി മെത്രാനച്ചൻ ചെന്നിരുന്നപ്പോൾ പുതിയ രീതിയിൽ ആയിടെ പണി കഴിച്ചിരുന്ന പള്ളിയുടെ പണിവിശേഷതയും ഇണക്കവും മറ്റും കണ്ട് അവിടന്ന് ഏറെ തൃപ്തനാവുകയും അതിന്റെ പണിനടത്തിയ ബ. പാലോസച്ചനെ വളരെ കാര്യമായി മതിക്കുകയും ചെയ്തിരുന്നു. അതാണ് അദ്ദേഹത്തെ ഇവിടേക്കു വിടാനുണ്ടായ കാരണം.

ബ. തോപ്പിലച്ചന്റെ അപേക്ഷപ്രകാരം ഉദയംപേരൂർ മുതൽ വടക്കോട്ടുള്ള എല്ലാ സുറിയാനിപ്പള്ളികളിലുംനിന്ന് തന്നാണ്ടു ചെലവു കഴിച്ചുള്ള ഒരാണ്ടത്തെ വരവു മുഴുവൻ എലവത്തുരുത്തിൽ സമാരംഭിച്ചിരിക്കുന്ന പണിക്കായി കൊടുക്കണമെന്ന മെത്രാനച്ചന്റെ കല്പനയനുസരിച്ച് വടക്കൻ പറവൂർ, അങ്കമാലി, കാഞ്ഞൂർ, മലയാറ്റൂർ

www.malankaralibrary.com

മുതലായ പള്ളികളിൽ നിന്ന് വലിയൊരു തുക ദാനമായി പിരിഞ്ഞു കിട്ടി. ആ പണംകൊണ്ടാണു പണികൾ നടത്താൻ സാധിച്ചത്. ഒല്ലൂർ പള്ളിയിൽനിന്ന് ഒന്നായി ഒരു വലിയ തുക ലഭിച്ചു. അതാകട്ടെ, പണിക്കെടുത്തു ചെലവാക്കാതെ വേണ്ട അനുമതിയോടെ കൊവേന്തപ്പറമ്പിനു കിഴക്കുവശം കിടക്കുന്ന ഒരു കോൾകൃഷിനിലം വാങ്ങിക്കുന്നതിനായി വിനിയോഗിക്കുകയാണുണ്ടായത്.

ബ. തോപ്പിലച്ചന്റെ സഹായിയായിരുന്ന മുഞ്ഞനാട്ട് ബ. മത്തായിയച്ചൻ വൃശ്ചികക്കാറ്റിന്റെ ഉപദ്രവംമൂലം 1861 ജനുവരി 16-ാംനു മരണം പ്രാപിച്ച് ഇവിടെ സംസ്കരിക്കപ്പെട്ടു. തോപ്പിലച്ചന്റെ അടുത്ത സഹായിയായി വന്നത് കട്ടക്കയത്ത് ബ. വലിയ ചാണ്ടിയച്ചനാണ്, കൊവേന്തക്കെട്ടിടം പണി പൂർത്തിയായി. പള്ളിയുടെയും സെമിനാരിയുടെയും തറയും തീർന്നു. ഈ ഘട്ടത്തിലാണ് റോക്കോസ് ശീശ്മ പൊട്ടിപ്പുറപ്പെട്ടത്. ശീശ്മക്കാരിൽ നിന്നുണ്ടായ തടസ്സങ്ങൾമൂലം പണികൾ തത്കാലം നിറുത്തിവച്ചു. 1902 മാർച്ച് മാസത്തിൽ ശീശ്മ അവസാനിച്ചപ്പോൾ പണികൾ പുനരാരംഭിച്ചു. 1864-ൽ പണികൾ പൂർത്തിയായി ഇവിടെ താമസം തുടങ്ങി, കൊവേന്തക്രമങ്ങൾ ആരംഭിച്ചു. കാപ്പിൽ ബ. മത്തായി മറിയം അച്ചനാണ് ഇവിടത്തെ വികാരിയായി നിയമിതനായത്. അതോടെ ബ. തോപ്പിലച്ചൻ പുളിങ്കുന്ന് കൊവേന്ത പണിയിക്കുന്നതിനായി അങ്ങോട്ട് സ്ഥലം മാറിപ്പോയി.

**വിവിധ വിവരങ്ങൾ**

1864 മെയ് മാസത്തിൽ ബ. ചാണ്ടിയച്ചനും മറ്റച്ചന്മാരും കൂടി കൊവേന്തപ്പള്ളിയിൽ ജനങ്ങൾക്കായി ഒരു ധ്യാനം നടത്തി. അരണാട്ടുകര, ഒല്ലൂർ, എടത്തുരുത്തി, പഴയൂർ, വലപ്പാട്ട്, പുതുക്കാട് മുതലായ സ്ഥലങ്ങളിൽ നിന്നും വളരെയാളുകൾ ആ ധ്യാനത്തിൽ സംബന്ധിച്ചു. അന്നുമുതലാണ് പ. കു. വാഴ്വ് ഇവിടെ ആരംഭിച്ചതു. എലവത്തുരുത്തിൽ ആദ്യമായി പരി. കു. പരസ്യമായി സ്ഥാപിച്ച അവസരത്തിലാണ് എലവത്തുരുത്തിന്, ദൈവവാസമെന്നർഥമുള്ള എൽത്തുരുത്ത് എന്ന പുതിയ നാമം നല്കപ്പെട്ടത്.

ഇവിടെ പരി. കു. എഴുന്നള്ളിച്ചുവയ്ക്കുന്നതിനുള്ള അനുവാദത്തിനായി ചാണ്ടിയച്ചൻ വരാപ്പുഴെ ചെന്നപ്പോൾ ഒരു സക്രാരിയും ഒരു വലിയ മണിയും മെത്രാനച്ചൻ ഇവിടത്തെ ഉപയോഗത്തിനായി കൊടുത്തയച്ചു.

www.malankaralibrary.com

1866–ൽ പള്ളി പണിതീർന്നു. സെപ്റ്റംബർ 8–ന് അതിന്റെ പ്രതിഷ്ഠാകർമവും നടന്നു. അതിൽ സംബന്ധിക്കുന്നതിനായി കൂനമ്മാവിൽനിന്നു പ്രിയോരച്ചനും ദെലെഗാദച്ചനും വർക്കിയച്ചനും ഏതാനും നവസന്ന്യാസികളും ഇവിടെവന്നു, പള്ളിപ്രതിഷ്ഠ കഴിഞ്ഞ് പിറ്റേദിവസം ദെലെഗാദച്ചൻ മുറപ്രകാരമുള്ള വിസീത്തയും എൽത്തുരുത്താശ്രമത്തിൽ നടത്തി.

1868–ലാണ് ഇവിടെ സെമിനാരിയാരംഭിച്ചത്. മെത്രാനച്ചന്റെ ആഗ്രഹമനുസരിച്ച് മേലാർകോട്ട് സുറിയാനിപ്പള്ളിയിൽനിന്നുള്ള മൂന്നു കുട്ടികളാണ് ഇവിടെ പ്രവേശിച്ചു പഠനം ആരംഭിച്ചത്.

1874–ലാണ് കേരളത്തിൽ വന്ന ഏലിയാ യോഹന്നാൻ മേലൂസ് എന്ന കല്ദായ മെത്രാൻവഴി ഇവിടെ ആവിർഭവിച്ച ഛിദ്മത്തോട് പടപൊരുതി അതിനെ തറപറ്റിച്ച് പേരെടുത്ത ഒരു പോർക്കളമായിരുന്നു ഈ ആശ്രമം. സുറിയാനിപ്പള്ളികളുടെ വിസിറ്റർ അപ്പസ്തോലിക്കലീയോ മെവുറിൻ മെത്രാൻ ഒരു വർഷത്തിലധികം ഈ ആശ്രമത്തിലാണു താമസിച്ചത്.

1877 മാർച്ച് 31–ന് ശീശ്മക്കാരായ അരണാട്ടുകര തേറാട്ടിൽ കൂനൻ യാക്കോബച്ചനും ഇട്ട്ളൻ ദേവസ്സി തുടങ്ങിയവരും ചേർന്ന് എൽത്തുരുത്തു കൊവേന്തയുടെമേൽ അവർക്കവകാശമുണ്ടെന്നു സ്ഥാപിച്ചു കിട്ടാൻ തൃശൂർ ജില്ലാക്കോടതിയിൽ ഒരു കേസ് ഫയൽചെയ്തു. ഈ കേസ് കൊവേന്തയ്ക്കനുകൂലമായി പര്യവസാനിച്ചു. എങ്കിലും വളരെ അനർഥങ്ങൾ ഇതുമൂലം കൊവേന്ത സഹിക്കേണ്ടിവന്നു. ഈ വ്യവഹാരത്തിന്റെ വിജയ സമാപ്തിക്കുവേണ്ടി പ്രസിദ്ധനായ കുറവിലങ്ങാട്ട് നിധിയിരിക്കൽ മാണിഅച്ചൻ വളരെയധികം ബുദ്ധിമുട്ടുകൾ സഹിച്ചിട്ടുണ്ട്.

1991–ൽ കൊവേന്തയോടു ചേർന്ന് ഒരു കരകൗശലശാല ആരംഭിച്ചു. അതിന് കൊച്ചി ഗവൺമെന്റിൽനിന്ന് പ്രതിമാസം ഒരു തുക ഗ്രാന്റായി കിട്ടിയിരുന്നെന്നത് പ്രസ്താവ്യമാണ്. 1894–ൽ ഇതോടു ചേർന്ന് ഒരു പ്രസ്സും സ്ഥാപിതമായി.

1899– ജൂൺ 6–ാംനു കൊച്ചി മഹാരാജാവ് ദിവാൻ രാജഗോപാലാചാരിയുമൊന്നിച്ച് ഈകൊവേന്തയിലേക്കെഴുന്നള്ളി. ആശ്രമം, പ്രസ്സ്, കരകൗശലശാല ഇവ സന്ദർശിച്ചശേഷം തൃപ്തികരമായ ഒരഭിപ്രായമാണ് സന്ദർശന ഡയറിയിൽ അവിടന്നു രേഖപ്പെടുത്തിയത്.

www.malankaralibrary.com

ഈ ആശ്രമത്തിന്റെ നാനാവിധത്തിലുമുള്ള പുരോഗതിക്കായി അക്ഷീണം യത്നിച്ചിട്ടുള്ള ഒരാളാണ് 1905 മുതൽ 1911 വരെ ഇവിടുത്തെ പ്രിയോരായിരുന്ന കോടങ്കണ്ടത്തു ബ. ചെലസ്തീനോസച്ചൻ, കൊവേന്തയ്ക്കുവേണ്ടി കുറെ വസ്തുക്കൾ സമ്പാദിച്ചതിനു പുറമേ, യോഗാർഥിഭവനം, വേദാധ്യയനശാല, കുളിപ്പുര, കളപ്പുര, തൊഴുത്ത് ഇവയ്ക്കു പുതിയ കെട്ടിടങ്ങൾ നിർമിച്ചും പള്ളിയുടെയും ആശ്രമത്തിന്റെയും കേടുപാടുകൾ തീർത്തും പല കാര്യങ്ങളും അദ്ദേഹം നിർവഹിച്ചിട്ടുണ്ട്.

1913 ഡിസംബർ 12-ാം തീയതി കൊച്ചി മഹാരാജാവ് സർ രാമവർമ സപരിവാരം ഇവിടെ എഴുന്നള്ളി. തിരുമനസ്സിലെ ഷഷ്ടിപൂർത്തി സ്മാരകമായി പണികഴിപ്പിക്കാൻ ഉദ്ദേശിച്ചിരുന്ന സ്കൂൾക്കെട്ടിടത്തിന്റെ ശിലാസ്ഥാപനം തദവസരത്തിൽ അവിടന്നു നിർവഹിച്ചു. ഇദ്ദേഹം 1914-ൽ സ്ഥാനത്യാഗം ചെയ്യുന്നതിനുമുമ്പായി തൃശൂരുള്ള രാജകൊട്ടാരത്തിലേക്കു തന്റെ ഒരാപ്തമിത്രമായി പരിഗണിച്ചിരുന്ന ബ. ചെലസ്തീനോസച്ചനെ ക്ഷണിച്ച് ഒരു സ്വർണമെഡലും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ പ്രത്യേകിച്ച് വിദ്യാപ്രവർത്തനത്തെ അഭിനന്ദിച്ചുകൊണ്ടുള്ള ഒരു പ്രശംസാപത്രവും നല്കുകയുണ്ടായി.

1923-മുതൽ ഈ ആശ്രമത്തിന്റെ പ്രിയോരായിരുന്ന ആലപ്പാട്ടു ബ. ലെയൊപ്പോൾദച്ചന്റെ പരിശ്രമത്താൽ, പഴകി ജീർണിച്ചുതുടങ്ങിയ ഇവിടത്തെ ആശ്രമക്കെട്ടിടം പൊളിച്ചുമാറ്റി മറ്റൊന്നു പണികഴിപ്പിച്ചു. തുടർന്ന് ബ. അത്തനാസിയൂസച്ചന്റെയും ബ. സെറാഫിയോനച്ചന്റെയും ഭരണകാലത്ത് പള്ളിയിലും ആശ്രമത്തിലും പല നവീന സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

ഇവിടത്തെ ആശ്രമത്തിന് സ്ഥലസൗകര്യങ്ങൾ കുറവായിരുന്നതിനാൽ ആശ്രമത്തിന്റെ കിഴക്കേ അറ്റത്തുനിന്ന് വടക്കോട്ട് ഒരു കെട്ടിടവും അതിനു മുമ്പിലായി മണിമുറിയും ആശ്രമത്തിൽനിന്നു മണിമുറിവരെ എത്തുന്ന ഒരു നടപ്പുരയും 1937-ൽ പ്രിയോർ പെരുമാലിൽ ബ. നിക്ലാവോസച്ചൻ പണികഴിപ്പിച്ചു. ഇക്കാലത്തുതന്നെ ഹൈസ്കൂളിനുവേണ്ടി ഒരു പുതിയ കെട്ടിടവും പാറയ്ക്ക ബ. പത്രീസിയച്ചന്റെ മേല്നോട്ടത്തിൽ പണിതീർത്തു.

പ്രിയോർ പയ്യപ്പിള്ളി ബ. ജോസഫാത്തച്ചന്റെ പരിശ്രമഫലമായി ഈ ആശ്രമത്തിൽ വിദ്യുച്ഛക്തി ലഭിച്ചു. അതോടെ, ആശ്രമവളപ്പിലെ കുളങ്ങളും കിണറുകളും നന്നാക്കുകയും പുതിയവ നിർമിക്കുകയും

www.malankaralibrary.com

ചെയ്ത് അവയിലെല്ലാം പമ്പുകൾ സ്ഥാപിച്ചു. അങ്ങനെ വെള്ളം സുലഭമായതോടെ കൃഷി മെച്ചപ്പെടുകയും ആദായം വർധിക്കുകയും ചെയ്തു.

1927 മെയ് മുതൽ 1953 ജൂലൈ 16 വരെ ഈ ആശ്രമം സഭയിലെ സഹായസഹോദരന്മാരുടെ നവസന്ന്യാസഭവനമായിരുന്നു. തലോർ, പുല്ലൂർ എന്നീ സ്ഥലങ്ങളിൽ ഓരോ സ്ഥാപനങ്ങൾ ഈ ആശ്രമത്തിൽനിന്നാണ് ആരംഭിച്ചിട്ടുള്ളത്.

1953 മാർച്ച് മുതൽ 1954 ജനുവരി 1-ാം തീയതിവരെ ദേവമാതാ പ്രവിശ്യയുടെ കേന്ദ്രഭവനം ഈ ആശ്രമമായിരുന്നു.

പ്രവിശ്യയുടെ ഔദ്യോഗിക ഉദ്ഘാടനം 1953 മാർച്ച് 6-ാംനു തൃശൂർ മെത്രാനച്ചന്റെയും ഒട്ടുവളരെ ഇടവകവൈദികരുടെയും സന്ന്യാസികളുടെയും സാന്നിധ്യത്തിൽ സാഘോഷം നടത്തപ്പെട്ടു.

അത്യുന്നത കർദിനാൾ ടിസറാങ് 1953-ൽ നടത്തിയ കേരളസന്ദർശനത്തിനിടയിൽ തൃശൂർ, ഗുണ്ടൂർ മെത്രാന്മാരോടൊന്നിച്ച് ഈ ആശ്രമവും ഡിസംബർ 5-ാം തീയതി സന്ദർശിച്ചു. അദ്ദേഹത്തിന് ഇവിടെ ഹൃദ്യമായ ഒരു വരവേല്പു നല്കപ്പെട്ടു.

സഭയുടെ കാനോനിക സ്ഥാപനത്തിന്റെ ശതാബ്ദജൂബിലി 1955 നവംബറിൽ ഇവിടെയും സാഘോഷം കൊണ്ടാടി. അതിന്റെ ഓർമയ്ക്കായി 11 സാധുകുടുംബങ്ങൾക്ക് ആശ്രമം വകയായി പാർപ്പിടം സൗജന്യമായി നല്കിയിട്ടുണ്ട്. ഈ ആശ്രമസ്ഥാപനത്തിന്റെ ശതാബ്ദ ജൂബിലി മഹാമഹവും വിവിധ ചടങ്ങുകളോടെ 1958 ഫെബ്രുവരി 2-ന് ഇവിടെ സാഡംബരം ആഘോഷിച്ചു.

## വിവിധ പ്രവർത്തനങ്ങൾ

### മിഷൻ പ്രവർത്തനം

അക്രൈസ്തവരുടെ മാനസാന്തരം ഉദ്ദേശിച്ച് 1905-ൽ ഈ ആശ്രമം വകയായി ഒരു മതാധ്യയനശാല തുറന്നുകൊണ്ട് ആലപ്പാട്ട് ബ. ശെമഓൻസ്റ്റോക്കച്ചൻ ഇവിടത്തെ മിഷൻപ്രവർത്തനത്തിന് ആരംഭംകുറിച്ചു. ഇവിടെ ആദ്യമായി മാനസാന്തരപ്പെട്ടത് ആറു മുഹമ്മദീയരായിരുന്നുവെന്നത് പ്രസ്താവ്യമാണ്. നാളിതുവരെ 1600-ൽപരം പേർ ഇവിടെ മാമ്മോദീസാ സ്വീകരിച്ചിട്ടുണ്ട്. അതിനുപിന്നിൽ പ്രധാനമായും പ്രവർത്തിട്ടുള്ളത് പരേതനായ ചാലിശ്ശേരി ബ. മിഖായേലച്ചനും കല്ലൂക്കാരൻ ബ. പൗലോസച്ചനുമാണ്. മതപ്രചാരണ പരിശ്രമങ്ങളോടൊപ്പം

www.malankaralibrary.com

ഇടവകപ്പള്ളികളിലും കന്യകാമഠങ്ങളിലും ആധ്യാത്മിക ശുശ്രൂഷകൾ നിർവഹിച്ചുകൊണ്ടും മറ്റും വിശ്വാസികളുടെ ആധ്യാത്മികോന്നമനത്തിനുതകുന്ന പല പ്രവർത്തനങ്ങളും ഈ ആശ്രമത്തിന്റെ ആരംഭം മുതൽ ചെയ്തുവരുന്നു.

**വിദ്യാ പ്രവർത്തനം**

**1. ഇംഗ്ലീഷ് സ്കൂളും, ബോർഡിംഗ് ഭവനവും**

ഈ ആശ്രമത്തോടു ചേർന്ന് 1868-ൽ സ്ഥാപിച്ച സെമിനാരി 1889-ൽ തൃശൂർക്കു മാറ്റി. അങ്ങനെ ഒഴിവായ സെമിനാരിക്കെട്ടിടത്തിൽ ആ വർഷംതന്നെ വിശുദ്ധ ലൂയീസിന്റെ നാമത്തിൽ ഒരു സ്കൂൾ ആരംഭിച്ചു. ഒരു ബോർഡിംഗ് ഭവനവും അക്കൊല്ലംതന്നെ ഇതോടു ചേർന്ന് ആരംഭിക്കുകയുണ്ടായി. മിക്ക സ്ഥലങ്ങളിലും ബോർഡിംഗുകൾ നിർത്തലാക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇവിടത്തെ ബോർഡിംഗ് അന്നുമുതൽ അതിന്റെ അന്നത്തെ ചൈതന്യത്തോടെതന്നെ ഇന്നും നടന്നു പോരുന്നു.

1896-ൽ ഈ സ്കൂൾ ഒരു പൂർണ മിഡിൽസ്കൂളായിത്തീർന്നു. അതോടെ, വിദ്യാർഥികളുടെ എണ്ണവും വർധിച്ചുവന്നതിനാൽ, ഉദാരമതികളിൽനിന്നു ലഭിച്ച സഹായവും ഗവണ്മെന്റിൽനിന്നു ലഭിച്ച ഗ്രാന്റും ഷോടതികൾ നടത്തിക്കിട്ടിയ പണവും ഉപയോഗിച്ച് ആവശ്യത്തിനുള്ള സ്കൂൾകെട്ടിടങ്ങൾ പണികഴിപ്പിച്ചു. 1926-ൽ ഈ സ്കൂളിന്റെ ഹെഡ്മാസ്റ്ററായി വന്ന ബ്രഹ്മകുളം ബ. പങ്ക്റാസീസച്ചന്റെ നിസ്തന്ദ്ര പരിശ്രമത്താൽ 1933-ൽ ഇതൊരു ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഹൈസ്കൂളിന്റെ ആവശ്യത്തിനുള്ള കെട്ടിടങ്ങളെല്ലാം പണികഴിപ്പിച്ചതും അദ്ദേഹംതന്നെയാണ്. അദ്ദേഹം ജോലിയിൽനിന്നു വിരമിച്ച ശേഷം വടക്കേക്കുടി ബ. ദൊരേത്തേവൂസച്ചനും ചിരിയങ്കണ്ടത്തു ബ. ലാസറച്ചനുമാണ് ഇവിടെ ഹെഡ്മാസ്റ്റർ ജോലി നിർവഹിച്ചിരുന്നത്. ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ ബ. ലാസറച്ചന്റെ അനുജൻ ഫാദർ സാസംനാണ്.

**2. സെന്റ് അലോഷ്യസ് കോളജ്**

1968-ൽ ബ. മലാക്കിയാസച്ചൻ ഇവിടത്തെ ആശ്രമാധിപനായിരിക്കയിൽ ഇവിടെ ഒരു ജൂനിയർ കോളജും സമാരംഭിച്ചിട്ടുണ്ട്, കോളജിനോട് അനുബന്ധിച്ച് ഒരു ഹോസ്റ്റലും.

www.malankaralibrary.com

### മുദ്രണാലയ പ്രേഷിതത്വം

1891-ൽ ഈ ആശ്രമത്തിന്റെ മേല്നോട്ടത്തിൽ ഒരു കരകൗശല ശാല ആരംഭിച്ചു നടത്തിവരുന്നതിനു പുറമേ, അതിനോടു ചേർന്ന് അക്കര ബ. പീയൂസച്ചൻ സെന്റ് ജോസഫ്സ് ഐ.എസ്.പ്രസ് എന്ന പേരിൽ ഒരു പ്രസ്സ് സ്ഥാപിച്ച്, 1895 ജനുവരി 1 മുതൽ ഇവിടെ അച്ചടിയും ആരംഭിച്ചു.

ഇവിടത്തെ പ്രധാനപ്പെട്ട ഒരു പ്രസിദ്ധീകരണം "പ്രാചീനതാരക" ആയിരുന്നു. 1904-ൽ ഒരു മാസികയായി തുടങ്ങിയ ഈ പ്രസിദ്ധീകരണം പില്ക്കാലത്ത് വാരികയായിത്തീർന്നു. എന്നാൽ ഈ പ്രസ്ഥാനം നഷ്ടത്തിൽ കലാശിക്കുകയാൽ 1915-ൽ അതു നിർത്തലാക്കപ്പെട്ടു.

കോടങ്കണ്ടത്ത് ബ. ഏലിയാസച്ചൻ പ്രസ്സ് മാനേജരായിരിക്കയിൽ, പ്രസ്സ്കെട്ടിടം നീട്ടിപ്പണിയുകയും സെലുലോയിഡ് ബയന്റിംഗ് ആരംഭിക്കുകയും ചെയ്തു. 1948-ൽ പ്രസ്സ്മാനേജരായിരുന്ന ഐക്കര ബ. വിൽഫ്രിഡച്ചൻ ഇവിടത്തെ ഉപയോഗത്തിനുവേണ്ടി ഒരു കാസ്റ്റിംഗ് മെഷീൻ, റൂളിംഗ്മെഷീൻ, പെർഫൊറേറ്റിംഗ് മെഷീൻ ആദിയായവ വാങ്ങുകയുണ്ടായി.

പ്രാർഥനാപുസ്തകങ്ങൾ, സാഹിത്യഗ്രന്ഥങ്ങൾ തുടങ്ങിയ അനേകം കൃതികൾ ഇതിനകം ഈ പ്രസ്സിൽനിന്നു പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1968-ൽ പുതുതായി ഇവിടെ സ്ഥാപിതമായ കോളജിന്റെ സ്ഥലസൗകര്യാർഥം ഈ പ്രസ്സ് ഇവിടെനിന്ന് തൃശൂർ പ്രവിശ്യാഭവനത്തിലേക്ക് മാറ്റപ്പെട്ടിരിക്കുന്നു.

### ഭക്തസംഘടനകൾ

കൊന്തസഭ, ഉത്തരീയസഭ, ഫ്രൻസിസ്കൻ മൂന്നാംസഭ, സൊഡാലിറ്റി, വിൻസെന്റ് ഡി പോൾ സഖ്യം, സണ്ടേസ്കൂൾ, പഠനക്കളരികൾ എന്നിവയക്കു പുറമേ, നാനാജാതി മതസ്ഥരടങ്ങിയ കാര്യാട്ടുകര സംസ്കാരിക സംഘടന, യുവജനസമാജം, യുവജനസമാജത്തിന്റെ കീഴിൽ സൗജന്യ വായനശാല എന്നിവയും കാര്യക്ഷമമായി ഇവിടെ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു.

### ദേഹവിയോഗങ്ങൾ

16-1-1861-ൽ ളാലത്ത് മുഞ്ഞനാട്ട് ബ. മത്തായി അച്ചനും (42)
18-1-1864-ൽ കണ്ടശ്ശാംകടവു പുറത്തേടത്തു ദുമ്നിക്കോസ് നവസന്യാസിയും (28)

www.malankaralibrary.com

23-9-1873-ൽ ആരക്കുഴ മടത്തുംചാലിൽ ബ. മത്തായിയച്ചനും (50)
14-5-1891-ൽ പതിയാരത്തു കണ്ണമ്പള്ളിൽ ബ. ജെരാർദച്ചനും (40)
21-7-1896-ൽ അങ്കമാലി കൊടിയൻ ബ. പൗലോസ് സ.നും (60)
21-1-1900-ൽ ഞാറക്കൻ ശങ്കൂരിക്കൽ ബ. ഏലിയാസച്ചനും (41)
9-3-1904-ൽ കണ്ടശ്ശാംകടവു തൈവളപ്പിൽ ബ. അന്തോനി സ.നും (62)
16-8-1905-ൽ കണ്ടശ്ശാംകടവ് എലവത്തുങ്കൽ ബ. ദേവസ്സി അച്ചനും (78)
8-1-1907-ൽ താണിശ്ശേരി മാളിയേക്കൽ ബ. യോഹന്നാൻ ക്രൂസച്ചനും (48)
5-3-1916-ൽ ചിറ്റാട്ടുകര തരകൻ ബ. യോഹന്നാൻ യാക്കോബ് സഹോദരനും (75)
8-4-1916-ൽ ഒല്ലൂർ അക്കര ബ. പീയൂസച്ചനും (62)
5-3-1919-ൽ കണ്ടശ്ശാംകടവ് താണിക്കൽ ബ. ദേവസ്സി അച്ചനും (52)
25-6-1920-ൽ മണലൂർ താണിയ്ക്കൽ ബ. സെലസ്തീനച്ചനും (67)
10-2-1922-ൽ ഒല്ലൂർ തേക്കാനത്ത് ബ. ദൊനീസിയച്ചനും (73)
22-1-1926-ൽ ഒല്ലൂർ കല്ലൂക്കാരൻ ബ. പൗലോസച്ചനും (77)
30-1-1930-ൽ ആർത്താറ്റ് നീലങ്കാവിൽ ബ. ദാനിയേൽ സഹോദരനും (20)
3-3-1932-ൽ അമ്പഴക്കാട്ട് കണിച്ചായി ബ. ചിപ്രിയാനോസ് അച്ചനും (67)
12-8-1932-ൽ ചിറ്റാട്ടുകര ചിറ്റാട്ടൂർ ബ. യോഹന്നാൻ സഹോദരനും (80)
18-2-1934-ൽ അരണാട്ടുകര ചിരിയങ്കണ്ടത്തു ബ. യാക്കോബ് അച്ചനും (64)
1-5-1935-ൽ അരണാട്ടുകര തറയിൽ ബ. പത്രോസച്ചനും (57)
18-10-1936-ൽ മണലൂർ ചിറമ്മേൽ ബ. അർണോൾദ് നവ സന്ന്യാസിയും (25)
24-11-1936-ൽ പുത്തമ്പീടിക കുറ്റിക്കാട്ടു ബ. യൗസേപ്പച്ചനും (82)
12-9-1941-ൽ അരണാട്ടുകര ഐനിക്കൽ ബ. സീലാസ് നവസന്ന്യാസിയും (26)
25-12-1946-ൽ മണലൂർ ചാലിശ്ശേരി ബ. മിഖായേലച്ചനും (87)
23-3-1950-ൽ ബ്രഹ്മകുളം ബ. അഹറോനച്ചനും (42)
23-4-1957-ൽ ഒല്ലൂർ തട്ടിൽ ബ. സിൽവെസ്റ്ററച്ചനും (77)

www.malankaralibrary.com

2-2-1959-ൽ കരാഞ്ചിറ ആലപ്പാട്ട് ബ. ലെയൊപ്പോൾദ് അച്ചനും (80)
31-3-1968-ൽ പൂവ്വത്തുശ്ശേരി പയ്യപ്പിള്ളി ബ. അത്തനാസീസ് അച്ചനും (87)

ഭാഗ്യമരണംപ്രാപിച്ച് ഇവിടെ സംസ്കരിക്കപ്പെട്ടിരിക്കുന്നു.

## 2. അമ്പഴക്കാട് - വിശുദ്ധ അമ്മത്രേസ്യയുടെ ആശ്രമം

### പ്രാരംഭചരിത്രം

അമ്പഴക്കാട്ട് പള്ളി ഇടവക ചക്കാലമറ്റത്ത് കണിച്ചായി ശ്രീ തോമ്മാ ഇട്ടൂപ്പ് എന്ന മാന്യൻ തന്റെ സ്വത്തുക്കളിൽ ഒരു ഭാഗം ദൈവകാര്യത്തിനായി ദാനം ചെയ്യണമെന്ന് ആഗ്രഹിച്ചുകൊണ്ടിരുന്നു. അയാൾ പ്രസ്തുത ആഗ്രഹം അങ്കമാലി പള്ളി വികാരി വല്ലത്തുകാരൻ കല്ലറക്കൽ ബ. പൗലോസച്ചനു വെളിപ്പെടുത്തി. സുറിയാനി കർമൽ സഭയ്ക്കുവേണ്ടി ആ ദാനം നിർവഹിക്കാൻ അദ്ദേഹം തോമ്മാ ഇട്ടൂപ്പിനെ ഉപദേശിച്ചു. അതനുസരിച്ച്, അയാൾ വരാപ്പുഴ ബെർണർദീനോസ് മെത്രാനെ സമീപിച്ച്, വിവരം ധരിപ്പിച്ചു. ഇതിൽ അതീവ സന്തുഷ്ടനായ ആ വന്ദ്യദേഹം പ്രസ്തുത കാര്യം നിർവഹിക്കുന്നതിനായി ഡെലെഗേറ്റു ലെയൊപ്പോൾദച്ചനെയും ചാവറയച്ചനെയും നിയോഗിച്ചു. 1867 ഓഗസ്റ്റിൽ, ഇവർ കട്ടക്കയത്തിൽ വലിയ ചാണ്ടിയച്ചനോടുകൂടെ അമ്പഴക്കാട്ട് ചെന്ന് വിവരം അന്വേഷിച്ചു.

തദവസരത്തിൽ, പണ്ട് പടനായർ എന്നൊരു ഇടപ്രഭുവും പിന്നീട് കോടശ്ശേരി കർത്താവ് എന്ന നാമധാരികളുമായ അധിപന്മാർ കോട്ട കെട്ടി വസിച്ചിരുന്ന പടനായർ കോട്ടപ്പറമ്പ് അഞ്ചുമുറിയും അതോടു ചേർന്ന് മറ്റു പതിനഞ്ച് മുറി പറമ്പുകളും കൊവേന്ത സ്ഥാപിക്കുന്നതിനായും 307½ പറ നിലം ആശ്രമവാസികളുടെ ഉപജീവനത്തിനായും കൊടുത്തുകൊള്ളാമെന്ന് ഒരു ഉടമ്പടി ഇട്ടൂപ്പ് അവർകൾ എഴുതിക്കൊടുത്തു. അതിനുശേഷം വസ്തുവകകളുടെ കണക്കും മറ്റും തിട്ടപ്പെടുത്താനും ദാനപ്രമാണം എഴുതി വാങ്ങാനും ചാണ്ടിയച്ചനെ ഭരമേല്പിച്ചുകൊണ്ട് ഡെലെഗേറ്റച്ചനും ചാവറയച്ചനും മടങ്ങിപ്പോയി. പിറ്റേമാസം 5-ാം തീയതി ചാണ്ടിയച്ചൻ നിർദിഷ്ട രേഖകളെല്ലാം മെത്രാനച്ചൻ പക്കൽ സമർപ്പിച്ചു. തദവസരത്തിൽ, ശ്രീ ഇട്ടൂപ്പും അരമനയിൽ ഹാജരായിരുന്നു. ദാനക്കാരന്റെ ഔദാര്യത്തെ ശ്ലാഘിച്ച് ദാനത്തിന്റെ സ്മരണയ്ക്കായി വല്ലതും പ്രതിഫലം വേണമോ എന്ന് ചോദ്യത്തിന് ഒന്നും

www.malankaralibrary.com

വേണ്ടാ എന്ന് മറുപടി പറഞ്ഞത്കേട്ട് അദ്ദേഹം അത്യധികം വിസ്മയിച്ചു.

**ദാനക്കാരന്റെ അവസാന യാത്രയും അകാല നിര്യാണവും**

ദാനക്കാരൻ ഇട്ടൂപ്പ് വസ്തുക്കൾ കൊവേന്തയ്ക്ക് ദാനംചെയ്ത പിറ്റേക്കൊല്ലം 1868-ൽ താനുദ്ദേശിച്ചിരുന്ന ഒരു ധർമസ്ഥാപനത്തിന് ഗവണ്മെണ്ട് സഹായംകൂടെ നേടുന്നതിനു വേണ്ടി തിരുവിതാംകൂർ ദിവാനെ കാണുന്നതിനായി തിരുവനന്തപുരത്തേക്ക് പുറപ്പെട്ടു. യാത്രാമധ്യേ കൂനമ്മാവുങ്കൽ കയറി ലെയോപ്പോൾദ് മിഷനറിയച്ചനെയും കാണുകയുണ്ടായി. അക്കൊല്ലത്തെ പീഡാനുഭവവാരം തത്തമ്പള്ളിയിൽ കഴിച്ചിട്ട്, ഉയിർപ്പിനുശേഷം തിരുവനന്തപുരത്തിനു പോയി മടങ്ങിവരുമ്പോൾ അഞ്ചുതെങ്ങു പള്ളിക്കുസമീപംവച്ച് അവിടെക്കണ്ട ഒരു പക്ഷിയെ വെടിവയ്ക്കാനായി നിറച്ചു വെച്ചിരുന്ന തോക്ക് വഞ്ചിയിൽ നിന്നെടുത്തു. അപ്പോൾ അബദ്ധത്താൽ വെടിപൊട്ടി അരിമ്പുകളൊക്കയും വയിറ്റിനകത്തുകടന്നു.

ഈ അപകട നിലയിൽ വഞ്ചിക്കാർ അരനാഴികക്കകം വഞ്ചി പള്ളിക്കടവിൽ അടുപ്പിച്ചു. തത്സമയം, കൊല്ലത്തെ പ്രോവികാരി അ. മറിയ അപ്രേം എന്ന വന്ദ്യ മിഷനറി, കൂനമ്മാവു കൊവേന്തയിൽ താമസിച്ചിരുന്ന ജോർജ് എന്നൊരു കുട്ടിയോടൊന്നിച്ച് യാദൃച്ഛികമായി പ്രസ്തുത പള്ളിക്കടവിൽ വന്നെത്തി. ജോർജാകട്ടെ, നമ്മുടെ ഇട്ടൂപ്പിനെ അറിയുന്നവനായിരുന്നതിനാൽ, അദ്ദേഹത്തെപ്പറ്റിയുള്ള വിവരമെല്ലാം പ്രോ. വികാരി അപ്പസ്തോലിക്കയോടു പറഞ്ഞു. അദ്ദേഹം ഉടൻ തന്നെ മുറിവേറ്റ രോഗിയെ എടുപ്പിച്ച് പള്ളിമുറിയിൽ കൊണ്ടുപോയിട്ട് പോലീസുകാരെ വരുത്തി വാമൊഴി എടുപ്പിക്കുകയും പല ചികത്സകൾ നടത്തിയിട്ടും ഗുണം കാണായ്കയാൽ അന്ത്യകൂദാശകളൊക്കയും കൊടുപ്പിക്കുകയും ചെയ്തു. രോഗിയാകട്ടെ, പൂർണ മനസ്താപത്തോടും തക്ക ഒരുക്കത്തോടും കൂടെ അവ സ്വീകരിച്ച് മരണം പ്രാപിച്ചു. മൃതശരീരം ആ പള്ളിയിൽത്തന്നെ തക്ക ബഹുമാനത്തോടെ സംസ്കരിക്കപ്പെട്ടു. എന്നാൽ, പില്ക്കാലത്ത് അവശിഷ്ടങ്ങൾ അദ്ദേഹത്തിന്റെ അവകാശികൾ അവിടെ നിന്നെടുപ്പിച്ച് അമ്പഴക്കാട്ട് ആശ്രമദേവാലയത്തിന്റെ മധ്യത്തിൽ നിക്ഷേപിക്കുകയും അതിൻമീതെ, കീഴേ കുറിക്കുന്ന ലിഖിതങ്ങളോടുകൂടിയ വലിയൊരു മാർബിൾശില സ്ഥാപിക്കുകയും ചെയ്തു.

www.malankaralibrary.com

**1868 മേടം 26-ൽ മരിച്ചു**

ചക്കാലമറ്റേ കണിച്ചായി ഗൃഹത്തിൽ
മുഖ്യനായുണ്ടായ തോമ്മാ ഇട്ടൂപ്പു താൻ,
ഇക്കണ്ട സന്ന്യാസഗൃഹമുണ്ടാക്കാനും
മുഖ്യനാം പന്ത്രണ്ടു സന്ന്യാസികൾക്കുള്ള
നിത്യോപജീവനം വൃത്ത്യാകഴിപ്പാനും
ഉത്തമൻ ചിത്തേ വിചാരിച്ചു കല്പിച്ചു,
സൽകാരമായിട്ടു നല്കിനാൻ വസ്തുവും
വിസ്താരമായുള്ള ഭൂമിയും ദാനമായി
ശ്രീമാൻ തിരുവനന്തപുരം കാണ്മാനായി
മോദാൽ പുറപ്പെട്ടു പോകുംവഴിക്കഹോ
അഞ്ചെങ്ങു പള്ളിക്കലെത്തിയ നേരത്ത്
വഞ്ചന കൈവിട്ടു തോക്കങ്ങെടുക്കയിൽ
കിഞ്ചനപോലും പിഴയാതതിൻ നിറ,
നെഞ്ചിനു താഴെ വയറ്റിലുൾപ്പാഞ്ഞിതേ.
പെട്ടെന്നു തന്നുടെ ജീവൻ പിരിയേണ്ട
വട്ടത്തിലായി എന്നാകിലുമായസ്സു,
മട്ടറ്റ തമ്പുരാൻ തൻകൃപാ വൈഭവാൽ
ഒട്ടു നീളിപ്പാൻ ഇടയായി വന്നിതു
കൊല്ലം മെത്രാസനത്തിങ്കൽ നിന്നപ്പോഴേ
നല്ല മറിയാപ്രേം യാത്ര പുറപ്പെട്ടു,
വന്നുടൻ നല്കിനാനന്ത്യകൂദാശയും
ഭാഗ്യവാൻ ഭക്തിയോടൊക്കവേ കൈക്കൊണ്ട്
യോഗ്യതയോടിഹ ലോകം പിരിഞ്ഞതു
തന്റെ നാമാർഥ യൗസേപ്പിതാവിന്റെ
സ്വന്ത പത്നി മറീത്തിന്റെ നാമത്തിൽ
നല്കിയ ദാന പ്രതിദാനമായിട്ട്
നൽമരണം മന്ദവാരത്തിലാവാനും
നാമാർഥനാം മധ്യസ്ഥനാളിലടക്കാനും
അസ്ഥിയപ്പള്ളിയിൽ നിന്നങ്ങെടുപ്പാനും
പുത്തനായിട്ടിതിൻകീഴ് സ്ഥാപിപ്പാനും
ചിത്രം വിചിത്രമീത്തോമ്മാ ഇട്ടൂപ്പിന്ന-
ങ്ങെത്രഭാഗ്യം കൂടി ഓർക്ക മാലോകരേ.
ഇയാൾക്കു വേണ്ടി പ്രാർഥിപ്പിൻ.

www.malankaralibrary.com

**കൊവേന്തയുടെ ശിലാസ്ഥാപനം**

1868 ഒക്ടോബർ 20-ന് അമ്പഴക്കാട്ട് കൊവേന്തയുടെ ശിലാസ്ഥാപനം നടന്നു. ബെർണർദീനോസ് മെത്രാന്റെ പിൻഗാമി ലെയോനാർദ് മെത്രാനാണ് ആ കർമ്മം നിർവഹിച്ചത്. വികാരി ജനറാൾ ഫീലിപ്പോസ് മിഷനറിയും ഡെലെഗേറ്റു ലിയോപ്പോൾദച്ചൻ, മർസ്സിനോസ് മിഷനറി, ചാവറ പ്രിയോരച്ചൻ തുടങ്ങി ഒരു വലിയ വൈദിക സമൂഹം തദവസരത്തിൽ സന്നിഹിതരായിരുന്നു. ഉടനടിയുള്ള അമ്പഴക്കാട്ടെ കാര്യങ്ങൾ അന്വേഷിക്കുന്നതിന് നിയുക്തരായത് തോട്ടുങ്കൽ ബ. ദേവസി അന്തോനിയച്ചനും കണിയാന്തറ ബ. യാക്കോബ് സഹോദരനും ആയിരുന്നു. ഇവർ അമ്പഴക്കാട്ട് ഇടവകപ്പള്ളിയിലും ആശ്രമത്തിനായി കിട്ടിയ സ്ഥലത്തുണ്ടായിരുന്ന ഒരു ബംഗ്ലാവിലുമായി താമസിച്ചുകൊണ്ടാണ് കാര്യങ്ങൾ അന്വേഷിച്ചു വന്നത്.

1889-ൽ കാപ്പിൽ ബ. മത്തായി മറിയം അച്ചൻ ഇങ്ങോട്ടയയ്ക്കപ്പെട്ടു. അദ്ദേഹം പള്ളികളിൽ നിന്നു പിരിച്ചെടുത്ത പണം കൊണ്ട് ഒരു കപ്പേളയും താമസത്തിനായി ഏതാനും മുറികളും താത്കാലികമായി ഉണ്ടാക്കി അവിടെ താമസിച്ചുകൊണ്ട് നേരത്തേ പണിയാരംഭിച്ചിരുന്ന ആശ്രമത്തിന്റെ പണി പൂർത്തിയാക്കി.

**കൊങ്ങണി പെൺകുട്ടിയുടെ മാനസാന്തരം**

ഇക്കാലത്ത് ഇവിടെ നടന്ന ഒരു മാനസാന്തരവിവരം പ്രസ്താവ്യമാണ്. 1868 മെയ്മാസത്തിൽ മെത്രാനച്ചന്റെ താത്പര്യമനുസരിച്ച്, മാളപ്പള്ളിയിൽ മാതാവിന്റെ വണക്കമാസം അത്യാഡംബരപൂർവം നടത്തുകയാണ്. പള്ളിക്കു സമീപം ഒരു കൊങ്ങണി ബ്രാഹ്മണൻ താമസിച്ചിരുന്നു. ദിവ്യാംബികയ്ക്ക് പൂമാല ചാർത്താൻ വിശ്വാസികൾ പൂമാല വാങ്ങാൻ പ്രസ്തുത വീട്ടിൽ ചെന്നു. തദവസരത്തിൽ കൊങ്ങണിയുടെ ഏകമകൾ തന്റെ വകയായി മാതാവിനു സമർപ്പിക്കാൻ വേണ്ടി ഒരു പൂമാല അവരെ ഏല്പിച്ചു. പതിനൊന്നു വയസ്സുള്ള ഒരു വിധവയായിരുന്ന പ്രസ്തുത പെൺകുട്ടി, ഭർത്തൃവിയോഗാനന്തരം കൊങ്ങണി മര്യാദയനുസരിച്ച് പുനർ വിവാഹം നിഷിദ്ധമായതിനാൽ പിതൃഭവനത്തിൽ വന്നു താമസിക്കുകയായിരുന്നു. അയൽവാസികളായ ക്രിസ്ത്യാനികളോടുള്ള സഹവാസത്തിൽ നിന്ന് കുരിശു വരയ്ക്കുന്നതിനും മറ്റും ഇവൾ പഠിച്ചിരുന്നു. എങ്കിലും പിതാവിനെ ഭയന്ന് ഒരു ക്രിസ്ത്യാനിയാകാൻ ഇവൾ ധൈര്യപ്പെട്ടില്ല.

www.malankaralibrary.com

ഇങ്ങനെയിരിക്കേ, 1869-ലെ വലിയനോമ്പിന്റെ ഒരു ശനിയാഴ്ച ദിവസം പരിശുദ്ധ ജനനി ഒരു കയ്യിൽ ഉണ്ണിയീശോയെയും മറ്റേ കയ്യിൽ അവൾ കൊടുത്തിരുന്നതുപോലൊരു പൂമാലയുംവഹിച്ച് പ്രത്യക്ഷപ്പെട്ട് "മകളേ, വേഗം പോരൂ, ഇനി താമസിക്കേണ്ടാ" എന്ന് അരുളിയതായി അവൾക്കു തോന്നി. അതു ജ്ഞാനസ്നാനസ്വീകരണത്തിനുള്ള മാതാവിന്റെ ആഹ്വാനമാണെന്നു വിശ്വസിച്ചുകൊണ്ട് അടുത്ത ദിവസം അതിരാവിലേ മാള വികാരിയച്ചനെ സമീപിച്ച്, തനിക്ക് ക്രിസ്ത്യാനി ആകണമെന്നും അതിനായാണ് വന്നിരിക്കുന്നതെന്നും ധരിപ്പിച്ചു. അവളുടെ പിതാവും സഹോദരന്മാരും ഓടിയെത്തിയപ്പോൾ താൻ തൊട്ടു നിന്നുപോയെന്നും തനിക്ക് ക്രിസ്ത്യാനിയാകാനാണ് മനസ്സെന്നും സധൈര്യം അവരെ അറിയിച്ചു. കുപിതനായ പിതാവ് പോലീസിൽ അന്യായം കൊടുക്കുമെന്നു പറഞ്ഞ് ഭയപ്പെടുത്തിയെങ്കിലും ഫലമൊന്നുമുണ്ടായില്ല. ഈ വിവരങ്ങൾ കൂനമ്മാവിലറിഞ്ഞപ്പോൾ, അവളെ അവിടെ വരുത്തി വേണ്ടതെല്ലാം പഠിപ്പിച്ച് ജ്ഞാസ്നാനപ്പെടുത്തി അവിടത്തെ കന്യകാമഠത്തിൽ താമസിപ്പിച്ചു. കുറെ കഴിഞ്ഞപ്പോൾ അവളുടെ ആഗ്രഹാനുസരണം വിവാഹം കഴിപ്പിച്ചു വിടുകയുമുണ്ടായി.

**കൊവേന്തപ്പള്ളിയുടെ ശിലാസ്ഥാപനം**

1878 ഒക്ടോബർ 22-ന് പുതിയ കൊവേന്തപ്പള്ളിക്ക് മർസലീനോസ് മെത്രാനച്ചൻ ശിലാസ്ഥാപനം നടത്തി. 1894 ഒക്ടോബർ 21ൽ പ്രസ്തുത പള്ളിയുടെ പ്രതിഷ്ഠാകർമ്മം നടന്നു. ഈ പള്ളിപണിയുടെ മേല്നോട്ടം ആരംഭംമുതൽ നിർവഹിച്ചുവന്നത് ഒരു ശില്പകലാവിദഗ്ധനായ കുരിശുങ്കൽ ബ. ബെർണർദീനോസച്ചനായിരുന്നു. അയൽപ്രദേശങ്ങളിൽ ചുറ്റിസഞ്ചരിച്ച് പള്ളിപണിക്കുവേണ്ടി പണംപിരിക്കുന്നതിനായും ഇദ്ദേഹം വളരെ ബുദ്ധിമുട്ടിയിട്ടുണ്ട്.

ദാനക്കാരൻ ഇട്ടൂപ്പിന്റെ അനുജൻ കുഞ്ഞുവറീതും അദ്ദേഹത്തിന്റെ മകൾ അന്നയും പള്ളിപണിക്ക് 1500ക. വീതവും 15 പറ നിലവും ദാനം ചെയ്തിട്ടുണ്ട്. പള്ളിയിലെ പ്രധാന പീഠത്തിൽ സ്ഥാപിച്ചിരിക്കുന്ന വിശുദ്ധ അമ്മത്രേസ്യയുടെ രൂപവും ഇവരുടെ ദാനമാണ്. 1884-ൽ കുഞ്ഞുവറീതിന്റെയും 1903-ൽ ദാനക്കാരന്റെ ഭാര്യ അന്നയുടെയും മൃതദേഹങ്ങൾ ശിലാലിഖിതങ്ങളോടെ ഈ ആശ്രമദേവാലയത്തിലാണ് സംസ്കരിക്കപ്പെട്ടിരിക്കുന്നത്.

www.malankaralibrary.com

**വിവിധ വിവരങ്ങൾ**

കൂനമ്മാവിലെ നവസന്ന്യാസ ഭവനം സഭയ്ക്കു നഷ്ടപ്പെട്ടപ്പോൾ സഭയുടെ നവസന്ന്യാസഭവനമായിത്തീർന്നത് ഈ ആശ്രമമാണ്. 1889 മുതൽ 1957 മെയ് 15വരെ സഭയുടെ പൊതു നവസന്ന്യാസഭവനമായിരുന്ന ഈ ആശ്രമം, ഇപ്പോൾ ദേവമാതാ പ്രവിശ്യയുടെ നവ സന്ന്യാസഭവനമാണ്.

1904-ൽ ഈ ആശ്രമത്തിൽ 40 മണിയാരാധന ആരംഭിച്ചു. പരിശുദ്ധ കന്യകമറിയത്തിന്റെ അമലോദ്ഭവം വിശ്വാസ സത്യമായി പ്രഖ്യാപിച്ചതിന്റെ സുവർണജൂബിലിസ്മാരകമായി അന്നു സമാരംഭിച്ച ഈ ഭക്തകൃത്യം പ്രതിവർഷം ഡിസംബർ 5, 6, 7 തീയതികളിൽ ഇന്നും നടത്തിപ്പോരുന്നു. ഈ ആശ്രമത്തിന്റെ ശിലാസ്ഥാപനത്തിന്റെ സുവർണ ജൂബിലി 1918 ഒക്ടോബർ 22-ന് സാഡംബരം ഇവിടെ ആഘോഷിക്കുകയുണ്ടായി.

ചാലക്കുടി പുഴവക്കത്ത് സമ്പാളൂർ എന്ന സ്ഥലത്ത് ആശ്രമം വകയായി വാങ്ങിയിരുന്ന സ്ഥലത്ത് 1920-ൽ പ്രിയോർ ചാലിശ്ശേരി ബ. മിഖായേലച്ചൻ ഒരു ബംഗ്ലാവു പണി കഴിപ്പിച്ചു. അതാകട്ടെ, പിന്നീട് ബ. ജെരാർദച്ചന്റെയും ബ. മാർട്ടിനച്ചന്റെയും ഭരണകാലത്ത് വിപുലീകരിച്ചു പണിയിച്ചിട്ടുണ്ട്. ആശ്രമാംഗങ്ങളുടെ വേനല്ക്കാല വിശ്രമത്തിനായാണ് ഇത് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

ആശ്രമദേവാലയത്തിനു മുമ്പിൽ റോഡരികിൽ പ്രേഗുണ്ണിയുടെ നാമത്തിൽ പണിതീർത്തിരുന്ന കപ്പേളയുടെ ആശീർവാദം 1923 ജനുവരി 5-ാംനു പിസാനി ദെലെഗാദപ്പസ്തോലിക്കാ നടത്തുകയുണ്ടായി.

സന്ന്യാസാർഥികളുടെ എണ്ണം വർധിച്ചുവന്നതോടെ കൂടുതൽ സ്ഥലസൗകര്യങ്ങൾ ആവശ്യമായി വന്നതിനാൽ പ്രിയോർ പയ്യപ്പിള്ളി ബ. അത്തനാസീസച്ചൻ പ്രാർഥനമുറി, ഉല്ലാസമുറി, ഭക്ഷണശാല, കുശിനി മുതലായവയ്ക്കായി ഒരു മൂന്നുനിലക്കെട്ടിടം 1929-ൽ പണി കഴിപ്പിച്ചു.

നമ്മുടെ സഭാസ്ഥാപനത്തിന്റെ ശതാബ്ദപൂർത്തി സംബന്ധിച്ച ആഘോഷങ്ങൾ ഈ ആശ്രമത്തിലും 1931 മെയ് 16, 17 തീയതികളിൽ സാഘോഷം കൊണ്ടാടി.

സഭയുടെ നവസന്ന്യാസഭവനം ഇവിടെ സ്ഥാപിതമായിട്ട് 50 വർഷം പൂർത്തിയാത് 1939-ൽ ആയിരുന്നു. പ്രസ്തുത ജൂബിലി സ്മാരകമായി

www.malankaralibrary.com

ആശ്രമദേവാലയത്തിന്റെ കേടുപാടുകൾ തീർക്കാൻ തീരുമാനിച്ചതനുസരിച്ച്, പ്രിയോർ പെരുമാലിൽ ബ. ളൂയിസച്ചൻ പള്ളിയുടെ ഇരുവശങ്ങളിലും മുറിത്തട്ടിലുമുണ്ടായിരുന്ന പലകത്തട്ടുമാറ്റി കോൺക്രീറ്റു തട്ടിടുകയും ജനലുകളും തറയും ആധുനികരീതിയിൽ പരിഷ്കരിക്കുകയും തൂണുകളിൽ വലിയ കൊത്തുരൂപങ്ങൾ പണിയിച്ചു സ്ഥാപിക്കുകയും ചെയ്തു. ഇതിനു പുറമേ, മദ്ബഹായും മറ്റൾത്താരകളും പുതുക്കിപ്പണിതു കമനീയമാക്കി.

### പ്രി. ജനറാൾ ബ. ബെർത്തുൽമാച്ചന്റെ ചരമം

പ്രിയോർ ജനറാൾ പെരുമാലിൽ ബ. ബെർത്തുൽമാച്ചൻ ഈ ആശ്രമത്തിൽ കാനോനികസന്ദർശനം നടത്തിക്കൊണ്ടിരിക്കയിൽ 1941 മാർച്ച് 1-ാംനു രാത്രി രക്തസമ്മർദംമൂലം പെട്ടെന്നു മരണംപ്രാപിച്ചു. മാർച്ച് 3-ാംനു തൃശൂർ മെത്രാനച്ചന്റെ പ്രധാന കാർമികത്വത്തിൽ ഇവിടെ പ്രത്യേകം തയ്യാർചെയ്തിരുന്ന കല്ലറയിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു. 1955 ഫെബ്രുവരി 28-ാം തീയതി അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ പൂർവസ്ഥാനത്തുനിന്നെടുത്ത് ഒരു ചെറിയ ചെമ്പുപേടകത്തിലാക്കി അവിടെത്തന്നെ നിക്ഷേപിക്കുകയും മാർച്ച് 1-ാംനു അതിന്റെ മീതെ പൊതുശ്രേഷ്ഠസംഘം വകയായി ഒരു മാർബിൾ ശില സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

1951-ൽ കർമലോത്തരീയ ജൂബിലിയും 1942-ൽ തോമ്മാശ്ലീഹായുടെ കേരളപ്രവേശനത്തിന്റെ 19-ാം ശതാബ്ദജൂബിലിയും സംബന്ധിച്ചുള്ള ആഘോഷങ്ങൾ വിവിധ പരിപാടികളോടെ ഇവിടെയും നടത്തി. 1953 ഡിസംബർ 6-ാം തീയതി അത്യുന്നത കർദിനാൾ ടിസറാങിനും 1954 മെയ് 8-ാം തീയതി ഇന്റർനുൺഷിയോ ഡോ. മാർട്ടിൻ ലൂക്കാസിനും ഉജ്ജ്വലത്തായ വരവേല്പ് ഈ ആശ്രമം വകയായി നല്കപ്പെട്ടു.

1954-ൽ കാനോനികാശ്രമമായി സ്ഥാപിക്കപ്പെട്ട വരന്തരപ്പള്ളി കൊവേന്തയ്ക്കും പള്ളിക്കുംവേണ്ടി ഉദ്ദേശം 2 ലക്ഷം രൂപയും പുതുതായി രൂപംകൊണ്ട ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളജിനുവേണ്ടി 1958 -ൽ ഒന്നേകാൽ ലക്ഷം രൂപയും ഇവിടെനിന്നു നല്കിയിട്ടുണ്ട്. കൂടാതെ, കർമലീത്താ സന്ന്യാസിനികൾക്ക് മാളയിൽ ഒരു മഠം സ്ഥാപിക്കാൻവേണ്ടി 4 ഏക്കർ ഭൂമി പകുതിവിലയ്ക്കും 5 ഏക്കർ ഭൂമി സൗജന്യമായും കൊടുത്തിട്ടുണ്ട്.

www.malankaralibrary.com

നവസന്ന്യാസികളുടെ എണ്ണം വർധിച്ചുവന്നതിനാൽ 1958-ൽ പ്രിയോർ കണ്ണനായ്ക്കൽ ബ. മലാക്കിയാസച്ചൻ, നവസന്ന്യാസഭവനം കുറെക്കൂടി സൗകര്യപ്രദമായവിധം പരിഷ്കരിക്കുകയുണ്ടായി; അങ്ങനെതന്നെ വേദപാഠശാലകളും.

**ജൂബിലിയാഘോഷങ്ങൾ**

1954 മെയ് 23-ൽ അമലോദ്ഭവ ശതാബ്ദജൂബിലിയും, 1955 ജനുവരി 23-ന് മണലൂർ തെക്കത്ത് ബ. കമീല്ലോസ് അച്ചന്റെയും നെല്ലിശ്ശേരി ബ. മർക്കോസ് ശെമ്മാശ്ശന്റെയും, 1966 ജൂലൈ 19-ന് കണ്ണമ്പുഴ ബ. പത്രോസ് സഹോദരന്റെയും വ്രതാനുഷ്ഠാന കനകജൂബിലിയും 1955 ഫെബ്രുവരി 20-ാംനു നമ്മുടെ സഭയുടെ കാനോനിക സ്ഥാപനത്തിന്റെ ശതാബ്ദജൂബിലിയും 1967 ഒക്ടോബറിൽ ബ. അൽഫോൻസച്ചന്റെയും ബ. ജെരാർദച്ചന്റെയും ബ. ഗർവാസീസച്ചന്റെയും ഗുരുപട്ട സുവർണജൂബിലിയും ഇവിടെ സാഘോഷം കൊണ്ടാടി.

**ശതാബ്ദ ജൂബിലി**

പ്രിയോർ കിടങ്ങൻ ബ. മാർട്ടിനച്ചന്റെ ഭരണകാലത്ത് 1968 ഒക്ടോബർ 20-ാംനു ആശ്രമസ്ഥാപനത്തിന്റെ ശതാബ്ദജൂബിലി അത്യാഡംബരപൂർവം ഇവിടെ ആഘോഷിക്കപ്പെട്ടു. തദവസരത്തിൽ പള്ളിയും കപ്പേളയും നന്നായി മോടിപിടിപ്പിച്ചതിന് പുറമേ, ജൂബിലി സ്മാരകമായി ഒരു വേദപാഠസ്കൂൾ പുതുക്കിപ്പണിയുകയും, കുട്ടികൾക്കായി വലിയൊരു കളിസ്ഥലം (Football ground) നിർമിക്കുകയും, സാമൂഹിക സേവനാർഥം ഒരു ക്ലബ്ബ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ജൂബിലി പ്രമാണിച്ച് തദ്ദേശവാസികൾ പണംപിരിച്ച് പള്ളിയിൽ പത്തു ഫാനുകൾ സ്ഥാപിക്കുകയും വിശുദ്ധ അമ്മത്രേസ്യയുടെ രൂപം എഴുന്നള്ളിച്ച് സുദീർഘമായ ഒരു ഘോഷയാത്ര നടത്തുകയുമുണ്ടായി. അമ്പഴക്കാട്ടു പള്ളിയിൽനിന്നും മാള പള്ളിയിൽനിന്നും ഈ അവസരത്തിൽ ചില ജൂബിലി സമ്മാനങ്ങളും ഇവിടേക്കു നല്കി എന്നതും പ്രസ്താവ്യമാണ്.

## വിവിധ പ്രവർത്തനങ്ങൾ

**1. മതപ്രബോധനം**

മതപ്രബോധനരംഗത്ത് ഈ ആശ്രമം ആദ്യം മുതല്ക്കേ കാര്യമായി പ്രവർത്തിക്കുന്നു. 1957-ൽ വലിയ ഒരു സൺണ്ടേസ്കൂൾ കെട്ടിടം

www.malankaralibrary.com

ഇവിടെ പണികഴിപ്പിച്ചു. 19 ക്ലാസ്സുകളിലായി ആയിരത്തോളം കുട്ടികൾ ഇപ്പോൾ ഇവിടെ മതപഠനം നടത്തുന്നുണ്ട്. നമ്മുടെ അച്ചന്മാരും ജൂണിയേഴ്സും ഭക്തസംഘടനകളിലെ യോഗ്യരായ വ്യക്തികളുമാണ് മതാധ്യാപകർ.

**2. മിഷൻ പ്രവർത്തനം**

ആശ്രമാംഗങ്ങളുടെ പ്രവർത്തനഫലമായി 1967 വരെ 3345 അക്രൈസ്തവർ ഇവിടെ ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുണ്ട്.

**3. ഭക്തസംഘടനകൾ**

വേദപാഠക്ലാസ്സുകൾക്കു പുറമേ, അല്മായ കർമലീത്താ മൂന്നാം സഭ, മരിയ സഖ്യം, തിരുബാലസഖ്യം, ക്രിസ്റ്റഫർ സംഘം തുടങ്ങിയ ഭക്തസംഘടനകളും, റോസറി ക്രൂഡസേഡ്, കാർമൽ വെൽഫെയർ ക്ലബ്ബ് എന്നിവയും ഇവിടെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓരോന്നിലും വളരെയധികം ആളുകൾ അംഗങ്ങളായുണ്ട്.

**4. സാമൂഹികസേവനം**

ദീർഘനാളായി നല്ലനിലയിൽ നടന്നുവരുന്ന മാളയിലെ ഗവണ്മെണ്ടാസ്പത്രിയും 1927-ൽ സമാരംഭിച്ച മാളയിലെ പോസ്റ്റാഫീസും ഈ കൊവേന്തയിൽനിന്നു മുന്നിട്ടു പ്രവർത്തിച്ചതിന്റെ ഫലങ്ങളത്രേ. ആസ്പത്രിയുടെ ആരംഭകാലത്ത് ആസ്പത്രിക്കു സമീപം കൊവേന്ത വക പുരയിടത്തിൽ ഒരു ആതുരശാല പണിയിച്ച് അവിടെ കുറെക്കാലം സാധുക്കളായ രോഗികളെ ഇവിടെനിന്നു സംരക്ഷിച്ചിരുന്നു.

മാളയിലെ യൂദത്തെരുവിൽക്കൂടെയും മഹമ്മദീയപള്ളിയുടെ മുമ്പിൽക്കൂടെയും പൊതുവഴിയിലൂടെ ക്രിസ്ത്യാനികളുടെ മൃതശരീരം സംസ്കാരത്തിനായി മാളപ്പള്ളിയിലേക്കു കൊണ്ടുപോകുന്നതിന് പ്രസ്തുത കക്ഷികളിൽനിന്നുണ്ടായ പ്രതിബന്ധങ്ങളെല്ലാം വിജയപൂർവം നീക്കി, 1931 ജനുവരിയോടെ അക്കാര്യത്തിൽ പൂർണ സ്വാതന്ത്ര്യം നേടുന്നതിനും ഈ കൊവേന്തയിൽനിന്ന് പ്രിയോർ പയ്യപ്പിള്ളി ബ. അത്തനാസിയോസച്ചന്റെ നേതൃത്വത്തിൽ വേണ്ടതു ചെയ്തിട്ടുണ്ട്.

ഈ കൊവേന്തയിലെ ആശ്രിതരായിക്കഴിയുന്ന സാധുക്കൾക്ക് സ്വന്തമായി വീടും താമസസൗകര്യങ്ങളും ജോലിയും നല്കുന്ന കാര്യത്തിലും ഇവിടെ പലതും പ്രവർത്തിച്ചിട്ടുണ്ട്. വിശിഷ്യ, 1968-ലെ ആശ്ര

www.malankaralibrary.com

മസ്ഥാപനത്തിന്റെ ശതാബ്ദജൂബിലിയുടെ അവസരത്തിൽ കൊവേന്തയുടെ പരിസരങ്ങളിലെ സാധുജനങ്ങളെ ഉദ്ദേശിച്ച് 10,000ക. ബാങ്കിൽ നിക്ഷേപിച്ച് അതിന്റെ പലിശകൊണ്ട് സാധുക്കുട്ടികൾക്കു പഠനസഹായം നല്കാൻ ഏർപ്പാടു ചെയ്യുകയും 1000ക. വീതം ചെലവഴിച്ച് സാധുക്കൾക്ക് പത്തു വീടുകൾ പണിയിച്ചുകൊടുക്കുകയും നിർധനരായ ഏഴെട്ടു പെൺകുട്ടികളുടെ വിവാഹം 3000ക. സഹായധനം നല്കി ജൂബിലിദിനത്തിൽ സാഗാർ മിഷൻ എക്സാർക്ക് മോൺ. ക്ലെമെൻസ് സി.എം.ഐ. വിവാഹങ്ങൾ ആശീർവദിച്ചുകൊണ്ട് സമൂഹവിവാഹം നടത്തിക്കൊടുക്കുകയും ജൂബിലിദിവസം 2000ക. ചെലവാക്കി സാധുക്കൾക്ക് വിഭവസമൃദ്ധമായ ഭക്ഷണം നല്കുകയും ചെയ്തിട്ടുണ്ട്.

### ദേഹവിയോഗങ്ങൾ

4-6-1882-ൽ വടക്കൻ വെളിയനാട് ചെരഡായി ബ. അന്ത്രയോസ് സഹോദരനും (41)

26-8-1891-ൽ കണ്ടശ്ശാംകടവ് കൊള്ളന്നൂർ ബ. അന്ത്രയോസ് അച്ചനും (32)

1-9-1892-ൽ കൈനകരി വല്യാറ ബ. യാക്കോബ് ശെമ്മാശ്ശനും (26)

18-2-1893-ൽ ചക്കരക്കടവ് മൂഞ്ഞേലി ബ. തോമ്മാച്ചനും (44)

4-1-1911-ൽ കാടുകുറ്റി കവലക്കാട്ട് ബ. ലെയോനച്ചനും (55)

25-11-1912-ൽ മണലൂർ (കാഞ്ഞാണി) അരിമ്പൂർ ബ. പങ്ക്റാസീസ് ശെമ്മാശ്ശനും (20)

1-1-1914-ൽ ഇരിഞ്ഞാലക്കുട ചിറമ്മേൽ ബ. സ്കറിയാ സഹോദരനും (72)

19-5-1915-ൽ കൈനകരി മാമ്പ്ര ബ. അബ്രാഹം ശെമ്മാശ്ശനും (22)

19-8-1923-ൽ വടക്കൻ വെളിയനാട് ചെരഡായി ബ. ബെർത്തുൽമൈ സഹോദരനും (86)

9-6-1925-ൽ പുത്തമ്പള്ളി ചക്യത്ത് ബ. പൗലോസ് സഹോദരനും (84)

13-9-1925-ൽ മാളയിൽ എടാട്ടുകാരൻ ബ. ബെർണർദീൻ ശെമ്മാശ്ശനും (26)

4-1-1931-ൽ പൂവരണി കുളത്തൂർ ബ. വേർണർ നവസന്ന്യാസിയും (26)

22-2-1932-ൽ മരങ്ങാട്ടുപള്ളി അറയ്ക്കൽ ദൊമ്നിക്കോസ് സഹോദരനും (81)

www.malankaralibrary.com

21-2-1935-ൽ കുമരകം നവനസ്രേത്ത് ചിറ്റൂർ ബ. ഹ്യൂബർട്ട് നവസന്ന്യാസിയും (22)
1-3-1942-ൽ കുടമാളൂർ മാന്നാനത്ത് പെരുമാലിൽ ബ. ബെർത്തുൽമാച്ചനും (59)
14-7-1943-ൽ കുടമാളൂർ ആണ്ടുമാലിൽ ബ. ബൊനിഫാസി അച്ചനും (63)
26-2-1945-ൽ പാലാ ആലക്കാപ്പള്ളിൽ ബ. മർസലീനോസ് അച്ചനും (73)
5-12-1959-ൽ കണ്ടശ്ശാംകടവ് കൊള്ളന്നൂർ ബ. ഫേലിക്സച്ചനും (63)
18-3-1962-ൽ പാവറട്ടി തറയിൽ ബ. ബൊനിഫാസിച്ചനും (40)
29-9-1963-ൽ കാട്ടൂർ പാലത്തുങ്കൽ ബ. വിൻസെന്റച്ചനും (69)
19-2-1965-ൽ മേലഡൂർ ചക്കാലയ്ക്കൽ ബ. മെല്ലൊ അച്ചനും (53)

ഭാഗ്യമരണംപ്രാപിച്ച് ഇവിടെ സംസ്കരിക്കപ്പെട്ടിരിക്കുന്നു.

### 3. പാവറട്ടി- വിശുദ്ധ തോമ്മാശ്ലീഹായുടെ ആശ്രമം

**പ്രാരംഭ നടപടികൾ**

കൊച്ചിയുടെ ഉത്തരപ്രദേശങ്ങളിലും തെക്കൻ മലബാറിലുമുള്ള കത്തോലിക്കർ ശീശ്മയിൽ ഉൾപ്പെടാൻ ഇടയായത് അവിടങ്ങളിൽ ഒരു സന്ന്യാസാശ്രമത്തിന്റെ അഭാവമാണെന്ന നിഗമനം, പാവറട്ടി കൊവേന്തസ്ഥാപനത്തിനു കാരണമായി ഭവിച്ചു. അന്ന് എൽത്തുരുത്തു കൊവേന്തയുടെ പ്രിയോരായിരുന്ന കണ്ണമ്പിള്ളി ബ. ജെരാർദച്ചൻ പാവറട്ടിയിൽ ഒരാശ്രമം സ്ഥാപിക്കുന്നതിനുള്ള അനുവാദം പ്രിയോർ ജനറാൾ, അന്ത്രയോസ് ആയൂത്തി ദെലെഗാദപ്പസ്തോലിക്കായിൽ നിന്നു വാങ്ങി. കല്ലൂക്കാരൻ ബ. ഗീവർഗീസ് മറിയം (വാറുണ്ണി) അച്ചനാണ് ഇക്കാര്യസാധ്യത്തിനായി നിയോഗിതനായത്. അദ്ദേഹം ഇവിടെ വന്ന് പകുതി ജന്മവും പകുതി പണയവുമായി ഒരു പുരയിടം വാങ്ങി. 1890 ഏപ്രിൽ 6-ാംനു കൊവേന്തപ്പള്ളിയുടെ ശിലാസ്ഥാപനം നിർവഹിച്ചു. അന്നുമുതൽ ഇവിടെ കെട്ടിയുണ്ടാക്കിയിരുന്ന ഒരു പന്തലിൽ കുർബാന ചൊല്ലിവന്നു. അധികം താമസിയാതെ, ഒരു ചെറിയ കപ്പേളയും ഏതാനും പേർക്കു സ്ഥിരമായി താമസിക്കാൻ മതിയായ ഒരു കെട്ടിടവും പണിതീർത്തു. 1890 ജൂൺ 20-ാംനു പ്രസ്തുത കപ്പേളയിൽ കുർബാനയും ചൊല്ലി.

www.malankaralibrary.com

**ആശ്രമസ്ഥാപനം**

1890 ജൂലൈ 2-ന് അച്ചന്മാർ ഇവിടെ സ്ഥിരതാമസം തുടങ്ങി. ഏതാനും മുറികളും ഒരു ചെറിയ ഊട്ടുമുറിയുംകൂടി പണിതീർത്തപ്പോൾ, ഒരു ആശ്രമത്തിനു വേണ്ട സൗകര്യങ്ങളെല്ലാം ഇവിടെ ശരിപ്പെട്ടതിനാൽ 1895-ൽ ഇതൊരു കാനോനികാശ്രമമായി പ്രഖ്യാപിക്കപ്പെട്ടു. പ്രഥമ വികാരിയായി നിയമിതനായത് ശങ്കൂരിക്കൽ ബ. ഏലിയാസച്ചനായിരുന്നു. ഇവിടെ പുതുതായി ഒരു ആശ്രമക്കെട്ടിടം നിർമിക്കുന്നതിന് 1896-ൽ അടിസ്ഥാനമിട്ടു. ബ. ഗീവർഗീസ് മറിയമച്ചൻ പല സ്ഥലങ്ങളിലുംനിന്ന് പിരിച്ചെടുത്ത ധർമംകൊണ്ടാണ് പ്രസ്തുത കെട്ടിടത്തിന്റെ പണി ആരംഭിച്ചത്. 1908-ൽ ഈ ആശ്രമം ഒരു പ്രിയോരാത്തായി ഉയർത്തപ്പെട്ടു. ഇവിടെ വികാരിയായിരുന്ന ചാലിശ്ശേരി ബ. മിഖായേലച്ചൻ ഒന്നാമത്തെ പ്രിയോരായി നിയമിതനായി. അധികം താമസിയാതെ അക്രൈസ്തവരുടെ മാനസാന്തരം ത്വരിതപ്പെടുത്തുന്നതിനായി ഒരു വേദപാഠശാലയും പൊതുജനങ്ങളുടെ സാംസ്കാരികാഭിവൃദ്ധി ലാക്കാക്കി ഒരു സ്കൂളും ആരംഭിച്ചു നടത്തിപ്പോന്നു.

ഈ അവസരത്തിലാണ് തിരുഹൃദയഭക്തിയുടെ പ്രചാരത്തിനായി പരിശ്രമിച്ചുകൊണ്ടിരുന്ന ഇറ്റലിയിലെ ഒരു സംഘക്കാരിൽനിന്ന് ജൂൺമാസഭക്തി നടത്തേണ്ടവിധം വിവരിക്കുന്ന ലഘുലേഖകളും ചില തിരുഹൃദയചിത്രങ്ങളും അന്ന് (1908-1911) ആശ്രമാധിപനായിരുന്ന പുളിക്കൽ ബ. ആഞ്ചലൂസച്ചനു ലഭിച്ചതും അദ്ദേഹം പ്രസ്തുത ഭക്തമുറ ആശ്രമദേവാലയത്തിൽ ആഡംബരപൂർവം ആരംഭിച്ചതും. എല്ലാ ദിവസവും പാട്ടുകുർബാനയും പ്രസംഗവും പ്രത്യേക പ്രാർഥനകളും നടത്തി. പാവറട്ടിയിലെയും അയൽ ഇടവകകളിലെയും അനേകം ജനങ്ങൾ ഇതിൽ സംബന്ധിച്ചു.

ഇവിടത്തെ ആശ്രമദൈവാലയത്തിന്റെ ഭിത്തികൾ മണ്ണുകൊണ്ടുണ്ടാക്കിയവയായിരുന്നതിനാൽ, ഒന്നിലധികംപ്രാവശ്യം നിലംപതിച്ചിട്ടുണ്ട്. തന്മൂലം, ഒരു പള്ളി ശാശ്വതമായി നിലനില്ക്കത്തക്കവണ്ണം തന്നെ പണിയിക്കണമെന്ന് ആശ്രമസ്ഥർ നിശ്ചയിച്ചു. അതിന്റെ ശിലാസ്ഥാപനകർമം 1917 ജൂലൈ 16-ന് തൃശൂർ വികാരി അപ്പസ്തോലിക്ക മേനാച്ചേരി യോഹന്നാൻ മെത്രാനച്ചൻ നിർവഹിച്ചു. ഈ സംരംഭത്തിന്റെ ആരംഭത്തിൽ ദൈവത്തിലുള്ള പ്രത്യാശയല്ലാതെ ഒരു പൈസപോലും ആശ്രമസ്ഥരുടെ കയ്യിൽ മൂലധനമുണ്ടായിരുന്നില്ല. ദൈവപ

www.malankaralibrary.com

രിപാലനത്തിൽ ശരണംഗമിച്ചുകൊണ്ട് അവർ 1500 ക. യുടെ ഒരു ഭാഗ്യ ക്കുറി നടത്തി. അതിനു പുറമേ, പ്രിയോർ തട്ടിൽ ബ. സിൽവെസ്ത്രോസച്ചൻ മംഗലാപുരംകാരി മർത്താ റേഗോ എന്നൊരു മഹതിയോട് 20,000 ക. കുറഞ്ഞ പലിശയ്ക്കു കടംവാങ്ങി. പ്രസ്തുത സംഖ്യകൊണ്ട് ആശ്രമത്തിന്റെയും സ്കൂളിന്റെയും മുൻകടങ്ങൾ ഒട്ടെല്ലാം വീട്ടുകയും ഉളനാടു കൃഷ്ണപ്പണിക്കരുടെ വക കുറെ സ്ഥലം വാങ്ങുകയും ചെയ്തു. ഈ വസ്തു വാങ്ങുന്നതിന് സഹായസഹകരണങ്ങൾ നല്കിയ ചിലരാണ് മുല്ലശ്ശേരി ചങ്ങരംകുമരത്തു കൃഷ്ണൻ വക്കീൽ, മണലൂർ ബ്രഹ്മകുളം തെക്കത്തു പൊറഞ്ചു, തൃശൂർ ചാക്കോള പാലു ലോനപ്പൻ എന്നിവർ.

**ബ. അത്തനാസീസച്ചന്റെ വിദേശപര്യടനവും പുതിയ ദൈവാലയവും**

കടബാധ്യതകൾ വീണ്ടും വീണ്ടും വർധിച്ച് ആശ്രമം വളരെയധികം ഞെരുങ്ങിയ വിപൽസന്ധിയിൽ, പയ്യപ്പിള്ളി ബ. അത്തനാസീസച്ചൻ സിലോൺ, സൈഗോൺ, സിംഗപ്പൂർ, ഇറ്റലി, ഫ്രാൻസ്, ഇംഗ്ലണ്ട്, അയർലണ്ട് എന്നിവിടങ്ങളിൽ ധർമപിരിവിനായി പര്യടനം നടത്തി, ഒരു നല്ല സംഖ്യയും സമ്പാദിച്ചുകൊണ്ട് 1923 ഒക്ടോബർ 16-ന് തിരിച്ചെത്തി. അദ്ദേഹം സമ്പാദിച്ചുകൊണ്ടുവന്ന പണംകൊണ്ട് പുതിയ പള്ളിയും സ്കൂളിന്റെ ഒരു ഭാഗവും പണിതീർത്തു. പ്രിയോർ മേച്ചേരി ബ. യൗസേപ്പച്ചന്റെ നിർദേശങ്ങളും ശില്പകലയിലും തച്ചുശാസ്ത്രത്തിലും അസാമാന്യ പാടവമുള്ള അരിമ്പൂർ ബ. സെറാഫ്യോനച്ചന്റെ സഹായസഹകരണങ്ങളും മൂലം 1926-ൽ പള്ളിപണി പൂർത്തിയാക്കാൻ സാധിച്ചു.

**ദൈവാലയ പ്രതിഷ്ഠ**

പ്രസ്തുത വർഷം സെപ്റ്റംബർ 29-ന് പുതിയ ദൈവാലയത്തിന്റെ പ്രതിഷ്ഠാകർമം സാഡംബരം നടന്നു. പ്രസ്തുത ചടങ്ങിൽ പ്രധാന കാർമികൻ വരാപ്പുഴത്തെ എയിഞ്ചൽമേരി മെത്രാപ്പോലീത്തയും സഹകാർമികർ അഗസ്റ്റിൻ കണ്ടത്തിൽ, ഫ്രാൻസിസ് വാഴപ്പള്ളി, പോൾ പെരീനി എന്നീ അഭിവന്ദ്യ മെത്രാന്മാരും ആയിരുന്നു. ഓരോ അൾത്താരയിലും നിക്ഷേപിക്കേണ്ട വിശുദ്ധാവശിഷ്ടങ്ങൾ എയിഞ്ചൽമേരി മെത്രാപ്പോലീത്ത രജതപേടകങ്ങളിലാക്കി കൊണ്ടുവന്നിരുന്നു. പ്രതിഷ്ഠാകർമത്തിനുശേഷം പുതിയ ദേവാലയത്തിലെ പ്രധാന പീഠത്തിൽ

www.malankaralibrary.com

ബ. അത്തനാസീസച്ചൻ ആഘോഷപൂർവകമായ പാട്ടുകുർബാന അർപ്പിച്ചു. അനന്തരം പുതിയ ദേവാലയത്തിൽ 40 മണി ആരാധനാ കർമ്മം ആദ്യമായി തുടങ്ങി. അത് ഇന്നും നടന്നുപോരുന്നു.

1926 ഡിസംബറിൽ ചിറ്റാട്ടൂർ പൊറത്തൂർ ബ. ജെരാർദച്ചൻ ഈ ആശ്രമത്തിന്റെ പ്രിയോരായി വന്നു. ഇദ്ദേഹത്തിന്റെ വിദഗ്ധമായ ഭരണരീതിയും പരിശ്രമവുംകൊണ്ട് പള്ളിപണി സംബന്ധമായ ബദ്ധപ്പാടിൽ വന്നുകൂടിയ ബാധ്യതകളെല്ലാം തീർത്ത് ആശ്രമവസ്തുക്കളുടെയും സ്ഥാപനങ്ങളുടെയും ഭരണം സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങൾക്കും ഒരു ക്രമവത്കരണം വരുത്തി. ഇദ്ദേഹത്തിന്റെ അനുഗാമി കൊള്ളന്നൂർ ബ. അൽഫോൻസച്ചൻ പള്ളിയുടെ മണിഗോപുരവും കൊവേന്തക്കെട്ടിടം കിഴക്കോട്ടു നീട്ടി താമസത്തിന് ഏതാനും മുറികളും ഊട്ടുമുറി, ഉല്ലാസമുറി, കുശിനി മുതലായവയും പണിതീർത്തു. ഇതിനെല്ലാം പണസംബന്ധമായ നേതൃത്വം വഹിച്ചത് ബ. സെറാഫ്യോനച്ചനാണ്.

1936 മുതൽ ഈ ആശ്രമത്തിന്റെ അധിപനായിരുന്ന പാട്ടശ്ശേരി ബ. ശെമഓനച്ചൻ ആശ്രമത്തിനു ചുറ്റുമുള്ള മതില്ക്കെട്ടും പുതിയ പള്ളിക്കുണ്ടായ കേടുപാടുകളും മണിമാളികയും വെള്ളപൂശലും നിർവഹിച്ചു. തുടർന്നു പ്രിയോരായി വന്ന വള്ളവന്തറ ബ. ഷാബോറച്ചൻ നെല്ലിന്റെ കാര്യത്തിൽ ആശ്രമം സ്വയംപര്യാപ്തമാകുന്നതിനുവേണ്ടി 600 പറ നിലം പെരുമ്പായിൽ ശങ്കുണ്ണിമേനോനോടു വിലയ്ക്കുവാങ്ങി.

ഈ ആശ്രമത്തിന്റെ ചരിത്രത്തിൽ എണ്ണപ്പെട്ട മൂന്നു സംഭവങ്ങളാണ് 1955-ലെ ഇൻഡ്യൻ പ്രധാന മന്ത്രി പണ്ഡിറ്റ് നെഹ്റുവിന്റെ സന്ദർശനവും ഇവിടത്തെ സ്കൂളിന്റെയും മറ്റും അഭ്യുന്നതിക്കായി അത്യധ്വാനം ചെയ്തിട്ടുള്ള ബ. അത്തനാസീസച്ചന്റെ ഗുരുപട്ടത്തിന്റെയും, ഇവിടത്തെ ഹൈസ്കൂളിന്റെയും സംയുക്ത കനകജൂബിലി ആഘോഷവും 1962 മേയ് മാസത്തിൽ വിജയപ്രദമായി ഇവിടെവച്ചു നടത്തിയ ഒരു സമ്മർസ്കൂളും. 1960 ഡിസംബർ 27-നു നടത്തപ്പെട്ട മേല്പറഞ്ഞ സംയുക്ത കനകജൂബിലിയാഘോഷത്തിൽ കേരള മുഖ്യമന്ത്രി ശ്രീ. പട്ടം താണുപിള്ളയത്രേ ആധ്യക്ഷ്യം വഹിച്ചത്.

### വിവിധ പ്രവർത്തനങ്ങൾ

**മിഷൻ പ്രവർത്തനം**

ഈ ആശ്രമത്തിൽ വേദപ്രചാരജോലി ഊർജിതമായി ആരംഭിച്ചത് 1907-ലാണ്. അന്ന് ഇവിടെ വസിച്ചിരുന്ന ആലങ്ങാട്ടുകാരൻ ന. ബ.

www.malankaralibrary.com

യൗസേപ്പു സഹോദരന്റെ ദീനാനുകമ്പയും ഉപദേശങ്ങളും പല അധഃകൃതരുടെയും മാനസാന്തരത്തിനു കാരണമായി. അന്ന് ഇവിടത്തെ വേദപ്രചാര ഡയറക്ടറായിരുന്ന ആലപ്പാട്ടു ബ. അൽബർത്തോസച്ചൻ ഇവിടെ ഒരു വേദാധ്യായനശാല തുറക്കുകയും 600 പേർക്കു ജ്ഞാനസ്നാനം നല്കുകയും ചെയ്തിട്ടുണ്ട്. ഇന്നും പ്രസ്തുത ജോലി ഇവിടെ തുടർന്നുകൊണ്ടുപോരുന്നു.

**വിദ്യാപ്രവർത്തനം**

പ്രബലങ്ങളായ പല പ്രതിബന്ധങ്ങളും തരണംചെയ്തുകൊണ്ടാണ് കോടങ്കണ്ടത്ത് ബ. ചെലസ്തീനോസച്ചൻ ഇവിടെ ഒരു ഇംഗ്ലീഷ് സ്കൂൾ തുടങ്ങുന്നതിനുള്ള അനുമതി ഗവൺമെണ്ടിൽനിന്നു നേടിയത്.

1905 മേയ് 18-ന് സ്കൂളിന്റെ ശിലാസ്ഥാപനം പാലക്കാട്ടു ഡിവിഷനൽ ഓഫീസർ മി. ഏ. സിംഗ്ടൻ, ഐ.സി.എസ്. നിർവഹിച്ചു. എടക്കളത്തൂർ ചാക്കപ്പന്റെയും, വടക്കൂട്ടു ലോനപ്പന്റെയും പീടികകളുടെ മുകളിലത്തെ നിലകളിൽ പ്രസ്തുതവർഷം തന്നെ സ്കൂൾ ആരംഭിച്ചു. പിന്നീട് ആശ്രമവളപ്പിൽ പണിതീർത്ത പുതിയ കെട്ടിടത്തിലേക്ക് 1906 മേയ് 21-ന് ക്ലാസ്സുകൾ മാറ്റി. 1907 ജനുവരി 11-ന് മറ്റൊരു കെട്ടിടത്തിനുകൂടി പണി ആരംഭിച്ചു. പെരുമ്പായിൽ അപ്പുമേനോൻ ഇതിനാവശ്യമായ തടി മുഴുവൻ ദാനമായി തന്നതുകൊണ്ടും മറ്റും കെട്ടിടപ്പണി വളരെ വേഗം തീർന്നു. അങ്ങനെ ഒരു സമ്പൂർണ ഹൈസ്കൂളിനു വേണ്ട എല്ലാ സജ്ജീകരണങ്ങളും ചെയ്തുകഴിഞ്ഞെങ്കിലും ഗവണ്മെണ്ടംഗീകാരം ഇനിയും ലഭിച്ചില്ല. അതിനു പ്രതികൂലികളായി ചാവക്കാട്ടു ബെയ്സൽമിഷൻ ഹൈസ്കൂളധികൃതരും ബോർഡ് മിഡിൽ സ്കൂൾ അധികൃതരും ശക്തമായി പ്രവർത്തിച്ചിരുന്നു. എങ്കിലും നമ്മുടെ ബ. ചെലസ്തീനോസച്ചന്റെ നിസ്തന്ദ്രപരിശ്രമത്തിന്റെയും സ്വാധീനത്തിന്റെയും ഫലമായി 1908 മേയ് 5-ന് ഗവണ്മെന്റംഗീകാരം കിട്ടി.

1912 ഏപ്രിൽ 11-ന് ബ. അത്തനാസീസച്ചൻ സ്കൂൾ മാനേജരായി നിയമിതനായി. ഇദ്ദേഹത്തിന്റെ സമർഥമായ മാനേജ്മെന്റിൽ ഹൈസ്കൂളിനുണ്ടായിട്ടുള്ള പുരോഗതി ബഹുമുഖങ്ങളാണ്. സ്കൂളിൽ കത്തോലിക്കാ അന്തരീക്ഷം നിലനിറുത്തുന്നതിനുവേണ്ടി അദ്ദേഹം ഒരു മരിയൻ സൊഡാലിറ്റി സഖ്യവും ഒരു കത്തോലിക്കാ സത്യസംഘവും (C.T.A.) സ്ഥാപിച്ച് കാര്യക്ഷമമായി നടത്തിവന്നു.

ഒന്നാംക്ലാസ്സു മുതൽ നാലാം ക്ലാസ്സുൾപ്പെടെയുള്ള പ്രൈമറി സ്കൂൾ മിഡിൽ സ്കൂളിൽനിന്നു മാറ്റി ഒരു പ്രത്യേക ഹെഡ്മാസ്റ്ററുടെ

www.malankaralibrary.com

കീഴിലാക്കി. കൊച്ചി, തിരുവിതാംകൂർ എന്നീ നാട്ടുരാജ്യങ്ങളിൽനിന്നു കൂടെയും വിദ്യാർഥികൾ ഇവിടേക്ക് ഓടിക്കൂടിയിരുന്നതു നിമിത്തം, കുട്ടികളുടെ താമസത്തിനായി ക്രിസ്ത്യാനികൾക്ക് ഒന്നും. ഹിന്ദുക്കൾക്കു മറ്റൊന്നുമായി രണ്ടു ബോർഡിംഗുകളും ഇദ്ദേഹം സ്ഥാപിച്ചു. ഈ സ്കൂളിൽ ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ചു പഠിച്ചുപോന്നിരുന്ന സമ്പ്രദായം ഇൻഡ്യയുടെ ഡെലെഗേറ്റ് അപ്പസ്തോലിക്കയുടെ നിർദേശമനുസരിച്ച് 1913-ൽ നിറുത്തലാക്കപ്പെട്ടു. നാലു മൺകെട്ടിടങ്ങളിലായാണ് അന്നത്തെ സ്കൂൾ നടത്തിപ്പോന്നത്. തന്മൂലം നല്ലൊരു പുതിയ കെട്ടിടം പണിയുന്നതിനു നിശ്ചയിക്കുകയും 1917 ജൂലൈ 16-ന് തൃശൂർ വികാരി അപ്പസ്തോലിക്കാ മേനാച്ചേരി മെത്രാനച്ചൻ അതിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയും ചെയ്തു. വിദേശസഹായംകൊണ്ട് സ്കൂളിന്റെ ഒരു ഭാഗം പണിതീർത്തു. ഈ സ്കൂളിന്റെ പണിക്കായി മദ്രാസ് ഗവർമ്മണ്ടിൽനിന്ന് നല്ലൊരു സംഖ്യ കെട്ടിട ഗ്രാന്റായി ലഭിച്ചിട്ടുണ്ടെന്നതും പ്രസ്താവ്യമാണ്. അന്ന് ഈ പ്രദേശമെല്ലാം മദ്രാസ് പ്രസിഡൻസിയിലും നേരിട്ടുള്ള ബ്രിട്ടീഷ് ഭരണത്തിലുമായിരുന്നു.

1933 ഡിസംബർ 28-ന് സ്കൂളിന്റെ രജതജൂബിലി ആഘോഷിച്ചു. ആ അവസരത്തിൽത്തന്നെ എസ്.എസ്.എൽ.സി. വിദ്യാർഥികളുടെ പാഠ്യപദ്ധതിയനുസരിച്ച് ഒരു നെയ്ത്തു ക്ലാസ്സും ഇവിടെ ആരംഭിച്ചു. അങ്ങനെതന്നെ, 1940-ൽ ഈ സ്കൂളിനോടനുബന്ധിച്ച് ഒരു സെക്കണ്ടറി ട്രെയിനിംഗു ക്ലാസ്സും സ്ഥലസൗകര്യാർഥം അതിനുവേണ്ടി പണികഴിപ്പിച്ച ഒരു പുതിയ കെട്ടിടത്തിൽ ആരംഭിക്കുകയുണ്ടായി. പ്രസ്തുത ട്രെയിനിംഗ് സെക്ഷനുകൾ 1949 ജൂൺമാസത്തിൽ നിറുത്തലാക്കി. എന്നാൽ, 1950-ൽ ബൈഫർകെയ്റ്റഡ് കോഴ്സ് (Bifurcated Course) എന്ന പേരിൽ അത് മറ്റൊരു രൂപത്തിൽ തുടങ്ങിയിട്ടുണ്ട്.

ബോർഡിംഗിലേക്കുള്ള കുട്ടികളുടെ വരവ് വളരെ കുറഞ്ഞതിനാൽ 1947-ൽ ബോർഡിംഗ് ഏർപ്പാട് നിറുത്തലാക്കി. 1912 മുതൽ 1946 വരെ ഇവിടെ ഒരു യോഗാർഥി ഭവനമുണ്ടായിരുന്നു. അതിൽ പാർത്തുകൊണ്ട് യോഗാർഥികൾ ഇവിടെ പഠിച്ചിരുന്നു.

സഭാംഗങ്ങളായ ബ. അത്തനാസീസച്ചനും ബ. ലാസറച്ചനും പൈനുങ്കൽ ബ. പീറ്റർ തോമസച്ചനും ബ. ക്രിസോസ്തോമോസച്ചനും മാമ്പ്ര ബ. പാസ്കൽ അച്ചനും പണ്ടാരവളപ്പിൽ ബ. അഡോൾഫച്ചനും കുറ്റിക്കാട്ട് ബ. അലീപ്പിയൂസച്ചനും ഈ ഹൈസ്കൂളിൽ ഹെഡ്മാസ്റ്റർമാരായി ജോലി നിർവഹിച്ചിട്ടുണ്ട്.

www.malankaralibrary.com

### ദേഹവിയോഗങ്ങൾ

12-3-1902-ൽ ഒല്ലൂർ കല്ലൂക്കാരൻ ബ. ഗീവർഗീസ് (വാംണ്ണി) അച്ചനും (57)

1-9-1914-ൽ പുളിംകുന്ന് മണലിശ്ശേരി ബ. പത്രോസ് സഹോദരനും (42)

27-5-1922-ൽ കരാഞ്ചിറ ആലപ്പാട്ട് ബ. അൽബർത്തോസച്ചനും (70)

5-9-1932-ൽ കരാഞ്ചിറ ആലപ്പാട്ടു ബ. ശെമോൻസ്തോക്കച്ചനും(71)

3-5-1958-ൽ ഒല്ലൂർ അക്കര ബ. പക്കോമിയൂസച്ചനും (65)

3-3-1964-ൽ അമ്പഴക്കാട്ട് മഞ്ഞളി ബ. പൗലോസ് സഹോദരനും (77)

23-8-1965-ൽ മണലൂർ കൊള്ളന്നൂർ ബ. ദാവീദച്ചനും (72)

20-5-1968-ൽ മണലൂർ ബ്രഹ്മകുളം ബ. മരിയാനച്ചനും (71)

ഭാഗ്യമരണം പ്രാപിച്ച് ഇവിടെ സംസ്കരിക്കപ്പെട്ടിരിക്കുന്നു.

### 4. കടലുണ്ടി - വിശുദ്ധ പൗലോസിന്റെ ആശ്രമം

#### പ്രാരംഭ നടപടികൾ

കോഴിക്കോട്ടു രൂപതയിൽ ന. സഭ വക ഒരാശ്രമം സ്ഥാപിക്കുന്നതിൽ പ്രസ്തുത രൂപതാധ്യക്ഷൻ ഡോക്ടർ പോൾ പെരീനി 1926 ജൂൺ 30-ാം നു സഭാധികാരികളോട് ആവശ്യപ്പെടുകയും അതിനായി കോഴിക്കോട്ടുള്ള മാരിക്കുന്ന് എന്ന വിസ്തൃതമായ കുറെ സ്ഥലവും പണവും വാഗ്ദാനം ചെയ്യുകയും ചെയ്തു. വിധിവൈപരീത്യത്താൽ പ്രസ്തുത ആശ അന്നു സഫലമായില്ല. പെരീനി മെത്രാന്റെ പിൻഗാമി ഫാ. റൻസാനി എസ്.ജെ. ആശ്രമസ്ഥാപനകാര്യം ന. സഭാധികാരികളെ ഓർമിപ്പിക്കുകയും ഫറോക്കിലെ പള്ളിയും പുരയിടവും അതിനായി തീറു തരാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തെങ്കിലും പ്രസ്തുത സ്ഥലം രൂപതവകയാകയാൽ തീറു തരാൻ നിർവാഹമില്ലെന്ന് രൂപതയിലെ ആലോചനസംഘം തീരുമാനിക്കുകയാൽ ഫറോക്കിൽ കൊവേന്ത സ്ഥാപിക്കുന്ന കാര്യവും നടന്നില്ല.

ഫറോക്കിനടുത്ത് സൗകര്യമുള്ള വേറെ ഏതെങ്കിലും സ്ഥലത്ത് കൊവേന്ത സ്ഥാപിക്കാനായിരുന്നു അനന്തരശ്രമം. ഇതിന്റെ പണസംബന്ധമായ ചുമതലകളെല്ലാം പാവറട്ടി കൊവേന്ത ഭരമേറ്റു. പല സ്ഥലങ്ങളും അന്വേഷിച്ചെങ്കിലും അവസാനം 1936 ഏപ്രിൽ 6-ാംനു ബ. അത്തനാസീസച്ചൻ 35 ഏക്കർ വിസ്തീർണമുള്ള കടലുണ്ടിയിലെ കോട്ടക്കുന്ന് 651 രൂപയ്ക്കു തീറുവാങ്ങി.

www.malankaralibrary.com

**ആശ്രമസ്ഥാപനം**

1936 ഏപ്രിൽ 15-ാംനു പ്രിയോർ ജനറാൾ ബ. സിൽവെസ്ത്രോസച്ചൻ കോട്ടക്കുന്നിൽ ആശ്രമം പണിയുന്നതിന് ശിലാസ്ഥാപനം നിർവഹിച്ചു. തദവസരത്തിൽ കോട്ടക്കുന്നിന് കാൽവരി ഹിൽ എന്ന പേരു നല്കപ്പെട്ടു. പാവറട്ടി ആശ്രമത്തിന്റെ പണസഹായവും ബ. അത്തനാസീസച്ചന്റെയും ബ. കമീല്ലസച്ചന്റെയും ബ. പത്രോസ് സഹോദരന്റെയും പരിശ്രമങ്ങളും മൂലം വളരെ വേഗം പണിയെല്ലാം പൂർത്തീയായി. 1936 സെപ്റ്റംബർ 8-ാംനു സന്ന്യാസജീവിതം ഇവിടെ ആരംഭിച്ചു. കൊള്ളന്നൂർ ബ. ഫേലിക്സച്ചനായിരുന്നു ഇവിടത്തെ പ്രഥമ വികാരി.

അടുത്ത വികാരി പുതുശ്ശേരി ബ. കാന്തിദോസച്ചൻ ഇവിടത്തെ ആശ്രമക്കെട്ടിടത്തിന് രണ്ടാമതൊരു നിലകൂടി പണിയിച്ചതു കൂടാതെ, പള്ളിമുറ്റത്ത് വലിയൊരു കുരിശുരൂപം സ്ഥാപിക്കുകയും, കാൽവരി കബറിടം പണിയിക്കുകയും ചെയ്തു.

വികാരി ഐക്കര ബ. വിൽഫ്രിഡച്ചൻ ആശ്രമത്തിനാവശ്യമുള്ള നെല്ലു ലഭിക്കുന്നതിനുവേണ്ടി ഒരു വയലും ഒരു തെങ്ങിൻപുരയിടവും വാങ്ങിച്ചു. ഇദ്ദേഹത്തിന്റെ കാലത്തുതന്നെ ഈ ആശ്രമം ഒരു പ്രിയോരാത്തായി ഉയർത്തപ്പെട്ടു. ഇദ്ദേഹം ഇവിടത്തെ പ്രഥമ പ്രിയോരായി നിയമിതനുമായി. മേല്പറഞ്ഞ വയലും പുരയിടവും 1955-ൽ വിറ്റു. അതിൽ 2500ക. ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളജുപണിക്കു നല്കപ്പെട്ടു.

1961 സെപ്റ്റംബർ 8-ാംനു ഈ ആശ്രമത്തിന്റെ രജതജൂബിലി വിവിധ പരിപാടികളോടെ ആഘോഷിക്കുകയുണ്ടായി.

**പ്രവർത്തനങ്ങൾ**

സാധുജനോദ്ധാരണാർഥം ഈ ആശ്രമത്തിന്റെ മേല്നോട്ടത്തിൽ ബ. കമീലോസച്ചന്റെ ഉത്സാഹത്താൽ ചെറിയ തോതിൽ ഒരു സോപ്പ് ഫാക്ടറിയും കയർ നിർമാണവും കുറെ നാളത്തേക്ക് നടത്തിയിരുന്നു. നിർധനരും ദരിദ്രരുമായ ആറേഴു കുടുംബക്കാർക്ക് താമസസൗകര്യത്തിനായി ഈ ആശ്രമത്തിൽനിന്ന് ഭൂമിയും വീടും ഇവിടെ സമീപം സൗജന്യമായി നല്കിയിട്ടുണ്ട്.

ബ. കൊർണേലിയൂസച്ചൻ ഇവിടത്തെ വികാരിയായിരിക്കയിൽ ഒരു എലിമെന്ററി സ്കൂൾ ഇവിടെ ആരംഭിക്കുകയും അടുത്ത വികാരി ചിറയ്ക്കൽ ബ. ആൽബനച്ചൻ അതു പൂർണമാക്കുകയും ചെയ്തു. അത് ഇന്നും നടന്നുപോരുന്നു.

www.malankaralibrary.com

## 5. തലോർ- ഉണ്ണിയീശോയുടെ ആശ്രമം

### പ്രാരംഭ നടപടികൾ

തലോറുള്ള അത്താണി പറമ്പിൽ ഒരു കുരിശുപള്ളി സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിനായി തെറ്റയിൽ ഇടുത്തൻ പൗലോസ് അന്തോണി തൃശൂർ മെത്രാനച്ചനെ സമീപിച്ചു. എന്നാൽ പ്രസ്തുത സ്ഥലത്ത് ഒരു കൊവേന്ത സ്ഥാപിക്കുന്നതായിരിക്കും കൂടുതൽ നന്ന് എന്നു മെത്രാനച്ചൻ അയാളെ ഉപദേശിച്ചു. അതനുസരിച്ച് ശ്രീ. അന്തോണി എൽത്തുരുത്തു പ്രിയോർ ആലപ്പാട്ടു ബ. ലെയോപ്പോൾദച്ചനെ കണ്ടു വിവരം ധരിപ്പിച്ചു. ആശ്രമസ്ഥാപനത്തിനായി അയാൾ ദാനം ചെയ്യാമെന്നു വാഗ്ദാനംചെയ്ത സ്ഥലത്തോടു ചേർന്ന് കുറച്ചു സ്ഥലം കൂടി ലഭിച്ചാലേ ആശ്രമസ്ഥാപനത്തിനു മതിയാവൂ എന്നറിഞ്ഞപ്പോൾ, 5¾ ഏക്കർ വിസ്തീർണ്ണമുള്ള അയൽപറമ്പുകൂടി ഒരു പ്രതിഫലവും കൂടാതെ ആശ്രമത്തിനുവേണ്ടി അയാൾ എഴുതിത്തന്നു.

പ്രസ്തുത സ്ഥലത്തുണ്ടായിരുന്ന ഒരു പീടിക താത്കാലിക കപ്പേളയായി രൂപാന്തരപ്പെടുത്തി അവിടെ 1925 ജനുവരി 1-ാംനു ഉണ്ണിയീശോയുടെ നാമത്തിൽ ഈ സ്ഥാപനം ഉദ്ഘാടനം ചെയ്തു. ദാനക്കാരനായ ശ്രീ. അന്തോണി തന്നെ 2000ക. ചെലവുചെയ്ത് നാലഞ്ചു മുറികളുള്ള ഒരു ചെറിയ കെട്ടിടവും കപ്പേളയോടു ചേർത്തു പണികഴിപ്പിച്ചു. 1925 ഓഗസ്റ്റ് 15 മുതൽ അച്ചന്മാർ ഇവിടെ സ്ഥിരതാമസം തുടങ്ങി.

1932-ൽ എൽത്തുരുത്ത് ആശ്രമാധിപനായി തിരഞ്ഞെടുക്കപ്പെട്ട ബ. സെറാഫിയോനച്ചന്റെ ശ്രദ്ധ തലോർക്കു തിരിഞ്ഞു. തന്മൂലം 1935 ഓഗസ്റ്റ് 29-ാംനു ആശ്രമക്കെട്ടിടത്തിനും 1936 ഓഗസ്റ്റ് 4-ാംനു പള്ളിക്കും ശിലാസ്ഥാപനം നിർവഹിച്ചു. അടുത്ത പ്രിയോർ പെരുമാലിൽ ബ. നിക്ലാവോസച്ചൻ കരിക്കമ്പള്ളി ബ. എവുസേബിയൂസച്ചനെ തലോർ ആശ്രമത്തിന്റെ പണികളുടെ മേല്നോട്ടം ഏല്പിച്ചു. അദ്ദേഹത്തിന്റെ മേല്നോട്ടത്തിൽ പണികൾ വേഗംതീർന്നു. 1937 ജൂലൈ 23-ാംനു പുതിയ കെട്ടിടം പ്രിയോർ ജനറാളച്ചൻ വെഞ്ചരിച്ചു.

### ആശ്രമസ്ഥാപനം

1938 ജാനുവരി 1-ാം തീയതി ഈ സ്ഥാപനം ഒരു കാനോനികാശ്രമമായി പ്രഖ്യാപിക്കപ്പെട്ടു. ഇവിടത്തെ ആദ്യത്തെ വികാരി ബ. എവുസേബിയൂസച്ചനായിരുന്നു.

ഈ ആശ്രമത്തിന്റെ കാരണഭൂതനും ദാനക്കാരനുമായ ശ്രീ. ഇടുത്തൻ അന്തോണി 1938 സെപ്റ്റംബർ 8-ാംനു ഭാഗ്യമരണം പ്രാപിച്ചു.

www.malankaralibrary.com

ആ ദിവസം പരേതനുവേണ്ടി പാട്ടുകുർബാന, ഒപ്പീസ് മുതലായവ ആശ്രമദൈവാലയത്തിൽ നടത്തുകയുണ്ടായി.

ഇവിടത്തെ ആശ്രമദൈവാലയത്തിന്റെ പണി 1939 ഒക്ടോബറിൽ ഒരുവിധം പൂർത്തിയായി. പ്രസ്തുതമാസം 15-ാംനു തൃശൂർ മെത്രാനച്ചൻ അതിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. പിന്നീടു വന്ന വികാരി ചെമ്മാഴം ബ. നോർബർട്ടച്ചൻ അൾത്താരകളെല്ലാം പുതുക്കിപ്പണിയിച്ചു. ഈ ദേവാലയത്തിന്റെ മുഖവാരം ഇന്നു കാണുന്ന രീതിയിൽ 1953-ൽ പൂർത്തിയാക്കിയത് പാലയ്ക്കൽ ബ. കുര്യച്ചനാണ്.

1950-ൽ ഈ ആശ്രമത്തിന്റെ രജതജൂബിലിയും 1952-ൽ മാർത്തോമ്മാശ്ലീഹായുടെ കേരളപ്രവേശനജൂബിലിയും ഇവിടെ വിവിധ പരിപാടികളോടെ കൊണ്ടാടി. തദവസരങ്ങളിൽ വളരെയധികം സാധുക്കൾക്ക് അന്നദാനം നല്കുകയുമുണ്ടായി.

കൊള്ളന്നൂർ ബ. ബെനീസിയച്ചന്റെ കാലത്ത് പള്ളിയുടെ ജനലുകൾക്കു ചില്ലിടുകയും ഊട്ടുമുറിക്കും ഉല്ലാസമുറിക്കുമായി ആശ്രമക്കെട്ടിടത്തിന്റെ തെക്കേ അറ്റത്ത് ഒരു കെട്ടിടം പണികഴിപ്പിക്കുകയും നെല്ലു സംഭരണത്തിനുവേണ്ടി ഒരു അറ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഇദ്ദേഹത്തിന്റെ പരിശ്രമഫലമായാണ് വിദ്യുച്ഛക്തിസൗകര്യങ്ങൾ ആശ്രമത്തിനു ലഭിച്ചതും. ഇതിനിടയ്ക്ക് ലത്തീൻ, സുറിയാനി പഠിക്കുന്ന യോഗാർഥികളെ ഒരു വർഷത്തേക്ക് (1953-'54) ഈ ആശ്രമത്തിൽ താമസിപ്പിച്ചിട്ടുണ്ട്.

1959 ഡിസംബർ മുതൽ ഇവിടെ പ്രിയോരായിരുന്ന എടാട്ടുകാരൻ ബ. ഉർബാനോസച്ചൻ പഴയ കക്കൂസും കുളിമുറികളും പൊളിച്ചുമാറ്റി ആശ്രമക്കെട്ടിടത്തോടു ചേർന്ന് പുതിയവ പണികഴിപ്പിച്ചു. അടുത്ത പ്രിയോർ ബ. ലാസറച്ചൻ, ആശ്രമക്കെട്ടിടത്തിന്റെ പല കേടുപാടുകളും തീർക്കുകയും പ്രധാന ബലിപീഠത്തിന്റെ മുകൾഭാഗം ചായമിട്ടു കമനീയമാക്കുകയും കല്ലുകൊണ്ടുള്ള ചെറിയ അൾത്താരകൾ രണ്ടും പൊളിച്ചുമാറ്റി മരംകൊണ്ടു പുതിയവ പണികഴിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഈ സ്ഥാപനത്തിന്റെ ഉന്നമനത്തിനായി പലതും പ്രവർത്തിച്ചിട്ടുള്ള ഒരു വന്ദ്യദേഹമാണ് 1948-ൽ ഇവിടെവച്ച് 75-ാമത്തെ വയസ്സിൽ നിര്യാതനായ ഒല്ലൂർ മേച്ചേരി ബ. യൗസേപ്പച്ചൻ.

www.malankaralibrary.com

## വിവിധ പ്രവർത്തനങ്ങൾ

### മിഷൻ പ്രവർത്തനം

നിരീശ്വര പ്രസ്ഥാനങ്ങളിലേക്കു വഴുതിവീഴുന്നതിൽനിന്ന് കത്തോലിക്കാ തൊഴിലാളികളെ തടയുന്നതിനുവേണ്ടി കോയിക്കര ബ. ജനസിയൂസച്ചന്റെയും ഉറുവത്ത് ബ. എയ്മാർഡച്ചന്റെയും മേല്നോട്ടത്തിൽ ഇവിടെ സമാരംഭിച്ചതും ഇന്നു തൃശൂർ രൂപത മുഴുവൻ പ്രവർത്തിക്കുന്നതുമായ "കാത്തലിക്ക് ലേബർ അസ്സോസിയേഷൻ" ഇവിടെ കാര്യമായി പ്രവർത്തിച്ചുവരുന്നു.

കൂടാതെ, സൊഡാലിറ്റി, ലീജിയൻ ഓഫ് മേരി, വിൻസെന്റ് ഡി പോൾ സഖ്യം, ക. മൂന്നാം സഭ, ബാലസഖ്യം എന്നീ ഭക്തസംഘടനകളും വളരെ നാളായി ഇവിടെ ഊർജിതമായി പ്രവർത്തിച്ചുവരുന്നു.

### വിദ്യാപ്രവർത്തനം

പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യമില്ലാതിരുന്ന ഈ പ്രദേശത്ത്, ബ. ലെയോപ്പോൾദച്ചന്റെ പ്രേരണയോടുകൂടെ ശ്രീ. ഇടുത്തൻ അന്തോണി 1925-ൽ സ്വന്തം ചെലവിൽ ഒരു സ്കൂൾ സ്ഥാപിച്ചു നടത്തിവന്നു. അധികം താമസിയാതെ പ്രസ്തുത സ്കൂളിന്റെ മാനേജ്മെന്റു ഈ ആശ്രമത്തിന് അദ്ദേഹം വിട്ടുതന്നു. 1942-ൽ വികാരി മണ്ണൂർ ബ. ഗ്രസ്യാനച്ചന്റെ പരിശ്രമഫലമായി ഇതൊരു മിഡിൽ സ്കൂളായി ഉയർത്തപ്പെട്ടു. കുറെക്കാലം ഇതിന്റെ ഹെഡ്മാസ്റ്ററായിരുന്ന പുന്നൂർ ബ. യൗസേപ്പ് ഏലിയാസച്ചൻ ഈ മിഡിൽസ്കൂളിനു വേണ്ടി രണ്ടു നിലയിലുള്ള ഒരു കെട്ടിടം പണികഴിപ്പിച്ചു. 1966-ൽ ബ. ലാസറച്ചന്റെ ഭരണകാലത്ത് ഒരു മൂന്നുനിലക്കെട്ടിടം യു.പി. സ്കൂളിന്റെ വടക്കുവശത്തായി പണിയിച്ചു. 1956 മുതൽ അടുത്തകാലത്ത് ഇവിടെ സ്ഥാപിതമായ തിരുകുടുംബമഠത്തിലെ കന്യാസ്ത്രീകളും ഇവിടത്തെ എൽ.പി. സ്കൂളിൽ അധ്യാപനം നടത്തിവരുന്നു. നമ്മുടെ ബ. അലീപ്പിയൂസച്ചൻ ഈ സ്കൂളിന്റെ ഹെഡ്മാസ്റ്ററായിരുന്നു. ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ ചക്കാലയ്ക്കൽ ബ. ബെല്ലർമീനച്ചനാണ്.

### വിഷവൈദ്യം

മാഞ്ഞൂരാൻ ബ. ആഞ്ചലൂസ് സഹോദരന്റെ മേല്നോട്ടത്തിൽ ഈ ആശ്രമത്തിൽ നേരത്തെതന്നെ വിഷചികിത്സ നടത്തിപ്പോന്നു. എന്നാൽ രോഗികളുടെ സൗകര്യാർഥം പ്രിയോർ ബ. ബെനീസിയച്ചൻ ഒരു കെട്ടിടം പണികഴിപ്പിച്ചു. പിന്നീട് ജെർമനിയിലെ "മിസ്സെരെയോർ"

www.malankaralibrary.com

സംഘടനയുടെ സഹായത്തോടെ, പ്രസ്തുത വൈദ്യശാല വിപുല പ്പെടുത്തുകയുണ്ടായി. ഇപ്പോൾ, പറമ്പി ബ. ഗ്രിഗരി സഹോദരനാണ് ഇവിടെ വിഷചികിത്സ വിദഗ്ധമായി നടത്തിക്കൊണ്ടിരിക്കുന്നത്.

**ദേഹവിയോഗങ്ങൾ**

15-3-1948-ൽ ഒല്ലൂർ മേച്ചേരി ബ. യൗസേപ്പച്ചനും (75)
21-1-1956-ൽ മണലൂർ ബ്രഹ്മകുളം ബ.യോഹന്നാൻക്രൂസച്ചനും (70)
10-9-1965-ൽ ഔട്ടത്തൂർ ചിറ്റിലപ്പിള്ളി ബ. കൊർണേലിയൂസച്ചനും (73)
29-1-1966-ൽ അഞ്ഞൂർ കിടങ്ങൻ ബ. ബർണ്ണവാ സഹോദരനും (57)
ഭാഗ്യമരണം പ്രാപിച്ച് ഇവിടെ സംസ്കരിക്കപ്പെട്ടിരിക്കുന്നു.

## 6. കുന്നംകുളം വിശുദ്ധ ഗീവർഗീസിന്റെ ആശ്രമം

### പ്രാരംഭ നടപടികൾ

തൃശൂർ ഡിസ്ട്രിക്ടിലെ ഒരു യാക്കോബായ കേന്ദ്രമായ കുന്നം കുളം പട്ടണത്തിനടുത്ത് പുത്തൻകൂറ്റു സഹോദരങ്ങളുടെ പുനരൈക്യം ലക്ഷ്യമാക്കി 1945-ൽ സമാരംഭിച്ചതാണ് ഈ ആശ്രമം. ഒരു കത്തോ ലിക്കാ സ്ഥാപനത്തിനുവേണ്ടി അന്ന് കുന്നംകുളത്തു സ്ഥലം ലഭിക്കുക പ്രായേണ പ്രയാസമായിരുന്നു. എങ്കിലും ഊക്കൻ ബ. യോഹന്നാന ച്ചന്റെയും പാവറട്ടി എടക്കുളത്തൂർ കുളത്തുങ്കൽ ശ്രീ. ചാക്കു തോമ സിന്റെയും സഹായത്തോടുകൂടെ കുറെ സ്ഥലം ഇവിടെ തീറുവാങ്ങാൻ സാധിച്ചു. ഇത് 1942 ജൂലൈ 14-ാംനു ആയിരുന്നു. പ്രസ്തുത സ്ഥല ത്തുണ്ടായിരുന്ന ഒരു പഴയ കെട്ടിടം നന്നാക്കി രണ്ടുനിലയാക്കി. അവിടെ താമസിച്ചുകൊണ്ട് കരിമറ്റം ബ. സിൽവേരിയൂസച്ചൻ ആശ്ര മസ്ഥാപനത്തിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചു.

1946 മെയ് 1-ാംനു ഈ ആശ്രമത്തിന് വിശുദ്ധ ഗീവർഗീസിന്റെ നാമത്തിൽ തൃശൂർ മെത്രാനച്ചൻ കല്ലിട്ടു. ബ. സെറാഫിയോനച്ചന്റെ മേല്നോട്ടത്തിൽ, അദ്ദേഹം തയ്യാറാക്കിയ പ്ലാൻ അനുസരിച്ചും മൂലമറ്റം ബ. മെല്ക്കിയോറച്ചന്റെയും കളപ്പുരയ്ക്കൽ ബ. ഹീഗോ അച്ചന്റെയും സഹായത്തോടെയും ആശ്രമത്തിന്റെ പണികൾ പുരോഗമിച്ചു. ഈ ആശ്രമത്തിന്റെ സ്ഥാപനത്തിനുവേണ്ട ചെലവു വഹിച്ചുകൊള്ളാമെന്ന് ഏറ്റിരുന്ന പാവറട്ടി കൊവേന്തയിൽനിന്ന് ഇതിലേക്ക് 12,000 രൂപയോളം ചെലവാക്കിയിട്ടുണ്ട്. ഇതിനു പുറമേ, മാന്നാനം, വാഴക്കുളം, അമ്പഴ

www.malankaralibrary.com

ക്കാട്, എൽത്തുരുത്ത്, പുളിംകുന്ന്, കുനമ്മാവ്, തേവര, മുത്തോലി, പൂഞ്ഞാർ, ആലുവ, കറുകുറ്റി, മണിമല, മുട്ടാർ എന്നീ ആശ്രമങ്ങളിലും നിന്ന് 13000 രൂപയോളം ദാനമായും ഇവിടെ ലഭിച്ചിട്ടുണ്ട്.

**ആശ്രമസ്ഥാപനം**

1948 മെയ് 1-ാംനു ഈ സ്ഥാപനം സഭയുടെ ഒരു കാനോനികാശ്ര മമായി പ്രഖ്യാപിക്കപ്പെട്ടു. ചമ്പക്കുളം വള്ളവന്ത്ര ബ. ഇഗ്നാസിയച്ചൻ ആണ് ഇവിടത്തെ ആശ്രമശ്രേഷ്ഠനായി നിയമിതനായത്. ആശ്രമ ത്തിന്റെ ഉദ്ഘാടനാവസരത്തിൽ അഭിവന്ദ്യ തൃശൂർ മെത്രാനച്ചൻ ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു: "കുന്നംകുളം താത്കാലിക ഭവനത്തിന്റെ ആശീർവാദം, ആശ്രമസ്ഥാപനത്തിന്റെ ശിലാസ്ഥാപനം, ആശ്രമത്തിന്റെ ഉദ്ഘാടനം ഇവയെല്ലാം നമ്മുടെ മെത്രാഭിഷേകത്തിന്റെ വാർഷികദിനങ്ങളിൽ നടത്തുന്നതിന് നമുക്കു സാധിക്കുകയും നമ്മുടെ നാമഹേതുകനായ വിശുദ്ധന്റെ നാമ ത്തിൻത്തന്നെ ആശ്രമം അറിയപ്പെടുന്നതിനിടയാവുകയും ചെയ്തതിൽ നമുക്ക് അതിയായ സന്തോഷവും സംതൃപ്തിയുമുണ്ട്. പുതിയ ആശ്ര മത്തിന് നമ്മുടെ സഹായസഹകരണങ്ങൾ എന്നും ഉണ്ടായിരിക്കുന്ന താണ്."

ആശ്രമപരിസരങ്ങളിൽ കത്തോലിക്കർ വളരെ കുറവാകയാൽ ആശ്രമദേവാലയത്തിൽ ആത്മപരിപാലനജോലി തീരെ കുറവാണ്. എന്നാൽ അടുത്തപ്രദേശങ്ങളിലുള്ള പള്ളികളിലും കന്യകാമഠങ്ങളിലും നിരന്തരം നമ്മുടെ ബ. അച്ചന്മാർ വൈദിക ശുശ്രൂഷകൾക്കായി പോകു ന്നത്, താരതമ്യേന വൈദികർ കുറവായ ഈ രൂപതയിൽ വലിയൊരു സഹായമാണ്.

1954 ഒക്ടോബർ 31-ാംനു ക്രിസ്തുരാജതിരുനാളും അമ. ശത വർഷജൂബിലിയും 1955 ഒക്ടോബർ 29, 30, 31 എന്നീ തീയതികളിൽ സഭയുടെ കാനോനികസ്ഥാപന ശതാബ്ദ ജൂബിലിയും വിവിധങ്ങ ളായ തിരുകർമങ്ങളോടും ഇതര പരിപാടികളോടുംകൂടെ സമംഗളം കൊണ്ടാടി.

1960 ജൂൺമാസത്തിൽ ബ. അത്തനാസീസച്ചന്റെയും 1966 ജൂൺമാ സത്തിൽ ബ. കമീല്ലോസച്ചന്റെയും ഗുരുപട്ട സുവർണജൂബിലിയും, 1967 ജൂൺമാസത്തിൽ കുറ്റിക്കാട്ടു ബ. തിമോത്തി അച്ചന്റെ വ്രതവാ ഗ്ദാന കനകജൂബിലിയും ഇവിടെ സാഡംബരം ആഘോഷിച്ചു.

www.malankaralibrary.com

1960 നവംബർ 25-ാംനു പുതിയ ഒരു ദൈവാലയത്തിനുള്ള ശിലാസ്ഥാപനം അഭിവന്ദ്യ മെത്രാനച്ചൻ നിർവഹിച്ചു. എങ്കിലും സാഹചര്യങ്ങളുടെ പ്രാതികൂല്യം നിമിത്തം പ്രസ്തുത പണി തുടങ്ങിയിട്ടില്ല.

## വിവിധ പ്രവർത്തനങ്ങൾ

### മിഷൻ പ്രവർത്തനം

ഈ ആശ്രമത്തിലെ മിഷൻപ്രവർത്തനത്തിന്റെ ചരിത്രം ആരംഭിക്കുന്നത് 1953-ലാണ്. അന്ന് ഇവിടെ പ്രിയോരായിരുന്ന പാലത്തുങ്കൽ ബ. ക്ലോദിയൂസച്ചന്റെയും പിൻഗാമികളുടെയും പരിശ്രമഫലമായി ചില മാനസാന്തരങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. അതിൽ, 1961-ൽ ഉണ്ടായ പാവറട്ടി ചൊവ്വല്ലൂർ ബ. അന്ത്രയോസച്ചന്റെ മാനസാന്തരം പ്രത്യേകം പ്രസ്താവ്യമാണ്. ആദ്യം ന. സഭാംഗമായിരുന്ന ഇദ്ദേഹം പില്ക്കാലത്ത് കത്തോലിക്കാസഭ ഉപേക്ഷിച്ച് വിവാഹിതനായി കുടുംബസമേതം ഇവിടെ അടുത്ത് ചൊവ്വല്ലൂർ താമസിച്ചുവന്നു. മരണാസന്നനായ സമയം, ഇദ്ദേഹത്തെ പ്രിയോർ ബ. അത്തനാസീസച്ചനും ഈ നാട്ടുകാരനായ എടക്കുളത്തൂർ ബ. സക്കേവൂസച്ചനും കൂടക്കൂടെ സന്ദർശിക്കുകയും ഉപദേശങ്ങൾവഴി കത്തോലിക്കാസഭയിലേയ്ക്കു പുനരാനയിക്കുകയും ചെയ്തു. തീർത്തും അധഃപതിച്ചിരുന്ന ഇദ്ദേഹം, അന്ത്യസമയം ഇവ്വിധം മാനസാന്തരപ്പെടാനും ദൈവമാതാവിന്റെ വിമലഹൃദയത്തിരുനാളിൽത്തന്നെ മരണംപ്രാപിക്കാനും ഇടയായത് അദ്ദേഹത്തിന് ആദ്യന്തം ഉണ്ടായിരുന്ന ദൈവമാതൃഭക്തിയാണെന്നു പറയാം. തെറ്റിനടന്നിരുന്ന കാലങ്ങളിൽപ്പോലും ഉത്തരീയം സദാ ധരിച്ചുകൊണ്ടും മുടക്കംകൂടാതെ ദിനന്തോറും ജപമാല കൂട്ടമായി ജപിച്ചുകൊണ്ടും പ്രതിവർഷം മേയ്മാസം 31 ദിവസവും സ്വവസതിയിൽ 'മാസവണക്കം' സാഘോഷം നടത്തിക്കൊണ്ടും പോന്നിരുന്നു എന്നത് പ്രസ്താവ്യമാണ്.

### ഗുഡ് ഷെപ്പേഡ്സ് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (Good Shepherd's Technical Institute)

1946-ൽ എൽത്തുരുത്തിൽ മുളയെടുത്ത ഈ സ്ഥാപനം 1948 ജൂണിൽ കുന്നംകുളത്തേക്കു മാറ്റപ്പെട്ടതാണ്. കാളിയാടൻ ബ. വെർജിലച്ചന്റെ നിസ്തന്ദ്ര പരിശ്രമവും ബ. സെറാഫിയോനച്ചന്റെ കെട്ടിടനിർമാണ ചാതുര്യവുമാണ് ഇതിനു കളമൊരുക്കിയത്. ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുരോഗതിയുടെ ചരിത്രത്തിൽ ഒരു നാഴികക്കല്ലായിരുന്നു

www.malankaralibrary.com

കുന്നംകുളത്തേക്കുള്ള ഈ മാറ്റം. ബ. പംക്രാസീസച്ചന്റെയും ബ. വെർജിലച്ചന്റെയും ശ്രമഫലമായി ഇലക്ട്രിക്കൽ, മെക്കാനിക്കൽ സെക്ഷനുകൾ ആരംഭിക്കുന്നതിനും ഇന്നുള്ള വർക്ഷോപ്പ് പണിയുന്നതിനും ഇടയായി. കൂടാതെ, ഒരു വർഷംകൊണ്ടു തീർന്നിരുന്ന കോഴ്സ്, രണ്ടുവർഷമായി വിപുലീകരിച്ചു. വിദ്യാർഥികളുടെ സംഖ്യ വർധിച്ചുകൊണ്ടിരുന്നതിനാൽ 1956-ൽ ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടം വിപുലീകരിക്കുകയും പല പുതിയ ഉപകരണങ്ങൾ ഉണ്ടാക്കുകയും ഡ്രൈവിംഗ് കോഴ്സുകൂടി ഏർപ്പെടുത്തുകയും ചെയ്തു.

1959 ഡിസംബറിൽ കേരളഗവർണർ ഡോക്ടർ രാമകൃഷ്ണറാവുവും, '61-ൽ ഐ.ഇ. ഡയറക്ടർ ഡോക്ടർ എം. വി. കേശവറാവുവും ഈ സ്ഥാപനം സന്ദർശിച്ച് സംതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്. 1960-ൽ കേരളഗവണ്മെന്റിൽനിന്ന് ഈ സ്ഥാപനത്തിന് സ്ഥിരമായ അംഗീകാരവും ലഭിച്ചു. 1962-ൽ വിദ്യാർഥികളുടെ താമസ സൗകര്യാർഥം നല്ലൊരു ഹോസ്റ്റൽകെട്ടിടവും പണിതീർത്തിട്ടുണ്ട്. 1958 മുതൽ ഈ ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരു അധ്യാപകൻ പുതുപ്പള്ളിപ്പറമ്പിൽ ന.ബ. അഗാപ്പിറ്റസച്ചനാണ്. അദ്ദേഹമാകട്ടെ, ഉപരിപഠനത്തിനായി കാരക്കുടി അഴകപ്പച്ചെട്ടിയാർ കോളജിൽ ചേർന്നു നാലുകൊല്ലം പഠനം നടത്തി എഞ്ചിനീയറിംഗിൽ ബി.ഇ. ബിരുദം നേടി വന്നിട്ടുള്ള ആളാണ്.

### 7. വരന്തരപ്പള്ളി - വിമലഹൃദയാശ്രമം

**പ്രാരംഭ നടപടികൾ**

വരന്തരപ്പള്ളിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന "കിഴക്കുംമുറി സമൂഹം" അവിടെ ഒരു ദൈവാലയത്തിന് ആരംഭമിട്ട് അടിത്തറ പണിതു. അപ്പോഴേക്കും സാമ്പത്തികസ്ഥിതി മോശമാകയാൽ പണി തുടരാൻ നിവൃത്തിയില്ലാതെവന്നു. ന. സഭ വക ഒരാശ്രമം ഉണ്ടായാൽ പള്ളിയും ആധ്യാത്മികമായ ഇതര സഹായങ്ങളും തങ്ങൾക്കു ലഭിക്കുമെന്ന പ്രതീക്ഷയോടുകൂടെ അവർ അതിനായി ശ്രമം തുടങ്ങി. സ്ഥലത്തെ വികാരി പറനിലം ബ. ജോസഫച്ചനും പാനികുളം ബ. ജോർജച്ചനും ഇതിനവരെ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്തു.

വരന്തരപ്പള്ളിയിൽ ഒരാശ്രമം സ്ഥാപിക്കുന്നതിനുവേണ്ടി 'കിഴക്കുംമുറി സമൂഹം' സമർപ്പിച്ച അപേക്ഷ പ്രിയോർ ജനറാൾ ബ. വിൻസെന്റച്ചൻ സ്വീകരിച്ച്, സ്ഥലം സന്ദർശിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിന്

www.malankaralibrary.com

അമ്പഴക്കാട്ട് പ്രിയോർ മണ്ണൂർ ബ. റമീജിയച്ചനെ ചുമതലപ്പെടുത്തി. പ്രിയോരച്ചൻ 1948 ജൂലൈ മാസത്തിൽ സ്ഥലം സന്ദർശിച്ച് അനുകൂലമായ റിപ്പോർട്ടു സമർപ്പിച്ചു. തന്മൂലം വരന്തരപ്പള്ളിയിൽ സഭവക ഒരാശ്രമം സ്ഥാപിക്കുന്നതിന് ആവശ്യമായ അനുവാദങ്ങൾ ജനറാളച്ചൻ സമ്പാദിച്ചു. പ്രസ്തുത ആശ്രമസ്ഥാപനത്തിനാവശ്യമായ ചെലവെല്ലാം അമ്പഴക്കാട്ടു കൊവേന്തയിൽനിന്ന് നിർവഹിച്ചുകൊള്ളാമെന്ന് അവിടത്തെ ആശ്രമസംഘം ഭരമേറ്റു.

സമൂഹത്തിന്റെ വക 2 ഏക്കർ 17½ സെന്റു സ്ഥലവും അവരുടെ ഉടമസ്ഥതയിലും മാനേജുമെന്റിലുമുള്ള ഒരു പ്രൈമറി സ്കൂളും ആശ്രമത്തിനായി അവർ ദാനം ചെയ്തു. പിന്നീട് അതോടു തൊട്ടുകിടന്നിരുന്ന എട്ടരയേക്കറോളം സ്ഥലം അമ്പഴക്കാട്ടു കൊവേന്തയിൽനിന്നു വിലയ്ക്കും വാങ്ങി. അധികം താമസിയാതെ ഇവിടെ ഒരു താത്കാലിക കപ്പേളയും രണ്ടുമൂന്നുപേർക്കു സ്ഥിരമായി താമസിക്കത്തക്ക സൗകര്യങ്ങളുള്ള ഒരു ചെറു കെട്ടിടവും 1951-ൽ പണികഴിപ്പിച്ചു. അതിൽ ഈന്തുംപ്ലാക്കൽ ന. ബ. സബീനൂസച്ചനും തേറാട്ടിൽ ബ. ഓലിവറച്ചനും വാസം ഉറപ്പിച്ചു. പ്രസ്തുത വർഷം ഓഗസ്റ്റ് 22-ന് തൃശൂർ മെത്രാനച്ചൻ ഈ കപ്പേളയും കെട്ടിടവും വെഞ്ചരിച്ചു. അന്നുതന്നെ പുതുതായി പണിയാൻ ഉദ്ദേശിച്ചിരുന്ന പള്ളിക്കും ആശ്രമക്കെട്ടിടത്തിനും അവിടുന്നു ശിലാസ്ഥാപനവും നിർവഹിച്ചു.

**ആശ്രമസ്ഥാപനം**

തലോർ പ്രിയോർ പാലയ്ക്കൽ ബ. കുര്യച്ചനാണ് കെട്ടിടങ്ങളുടെയും പള്ളിയുടെയും പ്ലാൻ തയ്യാറാക്കിയതും പണികളുടെയെല്ലാം മേല്നോട്ടം വഹിച്ചതും. 1954 ഓഗസ്റ്റ്മാസത്തോടുകൂടെ പണികൾ മിക്കവാറും തീരുകയും 22-ാംനു തൃശൂർ മെത്രാനച്ചൻ ഇതിന്റെ വെഞ്ചരിപ്പുകർമം നടത്തുകയും ചെയ്തു. അന്നുതന്നെയായിരുന്നു വരന്തരപ്പള്ളി ആശ്രമത്തിന്റെ കാനോനിക ഉദ്ഘാടനവും. പുതിയ ആശ്രമത്തിന്റെ ശ്രേഷ്ഠനായി നിയമിതനായത് എടാട്ടുകാരൻ ബ. ഉർബാനോസച്ചനാണ്.

ആശ്രമോദ്ഘാടനത്തോടുകൂടെ അമ്പഴക്കാട്ട് ആശ്രമത്തിന്റെ കീഴിൽ നിന്നു സ്വതന്ത്രമായെങ്കിലും ബാക്കിയുള്ള കെട്ടിടപ്പണികൾ തീർക്കുന്നതിനുള്ള ചെലവും കുറെ നിലം വാങ്ങുന്നതിനുവേണ്ടി 15,000 ക.യും അവിടെനിന്ന് ഈ ആശ്രമത്തിനു പിന്നീടു നല്കിയിട്ടുണ്ട്.

www.malankaralibrary.com

ഈ കാലങ്ങളിൽ അമ്പഴക്കാട്ട് ആശ്രമാധിപന്മാരായിരുന്ന ബ. ഗർവാസീസച്ചനും ബ. മലാക്കിയാസച്ചനും വളരെ ഉദാരമനസ്സോടെ ഈ ആശ്രമത്തിനുവേണ്ടി ബുദ്ധിമുട്ടിയിട്ടുണ്ട്.

1954 ജൂൺമാസം മുതൽ ദേവമാതാപ്രവിശ്യയിലെ ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ യോഗാർഥികളുടെ പരിശീലനഭവനം ഇവിടെയാണ്.

### വിവിധ പ്രവർത്തനങ്ങൾ

**മിഷൻ പ്രവർത്തനം**

വിസ്തൃതമായ വരന്തരപ്പള്ളി ഇടവകയിലും അയൽപള്ളികളിലും വൈദികശുശ്രൂഷകൾ നടത്തിക്കൊടുക്കുന്നതിൽ ഈ ആശ്രമാംഗങ്ങൾ എന്നും തത്പരരാണ്. കുട്ടികൾക്കു മതപഠനക്ലാസ്സുകൾ നടത്തുക, പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തിനൊരുക്കുക മുതലായവയും ഈ ആശ്രമത്തിൽ നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ, മണ്ണംപെട്ട, മുപ്ലിയം, നന്തിപുലം എന്നീ പള്ളികളുടെ വികാരിമാരായും ഈ ആശ്രമാംഗങ്ങൾ ജോലി നോക്കിയിട്ടുണ്ട്. ലൂർദുപുരം ഇടവക സ്ഥാപിതമായതും അവിടെ പൗരസ്ത്യതിരുസംഘത്തിൽനിന്നു ലഭിച്ച 35000ക. ഉൾപ്പെടെ 50,000ക. ചെലവുചെയ്ത് ഒരു പള്ളിയും പള്ളിമേടയും സിമിത്തേരിയും പണി തീർന്നതും ഈ ആശ്രമാംഗമായിരുന്ന ആലപ്പാട്ടു ബ. റെജിനാൾഡച്ചന്റെ പരിശ്രമഫലമായാണ്. ഇദ്ദേഹംതന്നെ മുപ്ലിയം പള്ളിയുടെ മുഖവാരവും നടപ്പുരയും വെള്ളാരംകുന്നിൽ ഒരു കപ്പേളയും പണിയിക്കുകയും പള്ളിക്കുണ്ടായിരുന്ന 1500ക.യുടെ ഋണബാധ്യത തീർത്ത് 5000ക. ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

**മറ്റു പ്രവർത്തനങ്ങൾ**

കിഴക്കുംമുറി സമൂഹത്തിൽനിന്ന് ഏറ്റുവാങ്ങിയ പ്രൈമറിസ്കൂൾ ഇന്നും ഈ ആശ്രമത്തിന്റെ മേല്നോട്ടത്തിൽ ഭംഗിയായി നടന്നുവരുന്നു.

വിൻസെന്റ് ഡി പോൾ, സൊഡാലിറ്റി എന്നീ ഭക്തസംഘടനകൾ ആദ്യംമുതല്ക്കേ ഇവിടെ പ്രവർത്തിച്ചുവരുന്നു.

### 8. ഇരിഞ്ഞാലക്കുട-ക്രൈസ്റ്റാശ്രമം

**ആശ്രമസ്ഥാപനം**

ഇരിഞ്ഞാലക്കുടയിൽ ന. സഭ വക ഒരു സ്ഥാപനം ഉണ്ടാകണമെന്ന തദ്ദേശവാസികളുടെ അപേക്ഷയനുസരിച്ച് 1951-ൽ ഇതിനടു

www.malankaralibrary.com

ത്തുള്ള പുല്ലൂരിൽ ഒരു സ്ഥാപനം ആരംഭിക്കുകയുണ്ടായി. ഈ സ്ഥാപനം അതിന്റെ ശൈശവാവസ്ഥയിൽ ആയിരിക്കുമ്പോഴാണ് നാട്ടുകാരുടെ നിർബന്ധപൂർവമായ അപേക്ഷയനുസരിച്ച് ഇരിഞ്ഞാലക്കുടയിൽ ഒരു കോളജുകൂടി സ്ഥാപിക്കാൻ അധികൃതർ തീരുമാനിച്ചത്. എന്നാൽ പുല്ലൂരിൽ അതിനു സൗകര്യമില്ലാതിരുന്നതിനാൽ, ഇരിഞ്ഞാലക്കുട നഗരാതിർത്തിയിലുള്ള മങ്ങാടിക്കുന്നാണ് അതിനായി അവർ തിരഞ്ഞെടുത്തത്. ആശ്രമത്തിന്റെ ആവശ്യം കോളജിനോടനുബന്ധിച്ചാകയാൽ, പുല്ലൂർ ഒരു ഉപസ്ഥാപനമായി തുടർന്നുകൊണ്ട് നേരത്തേ അവിടേക്കനുവദിച്ചിരുന്ന ആശ്രമം ഇരിഞ്ഞാലക്കുടയിലേക്കു മാറ്റുന്നതിന് ദെഫ്നിത്തോരിയിൽ നിന്ന് 1955 ജൂൺ 25-ാംനു അനുമതി ലഭിച്ചു. കോളജിനടുത്തുണ്ടായിരുന്ന ഒരു ചെറിയ വീട്ടിലാണ് ന. അച്ചന്മാർ ആദ്യം താമസിച്ചിരുന്നത്. പിന്നീട് കൊവേന്തക്കെട്ടിടം പണികഴിപ്പിച്ച് 1960-ൽ അതിൽ താമസം തുടങ്ങി. '60 ഒക്ടോബർ 10-ാംനു ഇതൊരു കാനോനികാശ്രമമായി പ്രഖ്യാപിക്കപ്പെട്ടു. ഒക്ടോ. 30-ാംനു ഇതിന്റെ ആഘോഷപൂർവകമായ ഉദ്ഘാടനവും നടന്നു. അന്നുതന്നെ ബ. മലാക്കിയാസച്ചൻ ഈ പുതിയ ആശ്രമത്തിന്റെ അധിപനായി ജോലിയേറ്റു.

ക്രൈസ്റ്റ് കോളജിനോടു തൊട്ട് പണിതീർക്കാൻ ഉദ്ദശിച്ചിരുന്ന ആശ്രമക്കെട്ടിടത്തിന് 1963 ഫെബ്രുവരി 17-ാംനു പ്രിയോർ ജനറാൾ ബ. മാവുരൂസച്ചൻ ശിലാസ്ഥാപനം നിർവഹിച്ചു. ഇതിന്റെ നിർമാണച്ചെലവ് മുഴുവൻ വഹിച്ചത്, പ്രവിശ്യാസംഘ നിശ്ചയാനുസരണം, അമ്പഴക്കാട്ടു കൊവേന്തയിൽനിന്നാണ്. പണി പൂർത്തിയായ പുതിയ ആശ്രമക്കെട്ടിടം 1964 ഓഗസ്റ്റ് 23-ാംനു പ്രിയോർ ജനറാളച്ചൻ വെഞ്ചരിച്ചു. 26-ാംനു ന. ബ. അച്ചന്മാർ ഇതിലേക്കു താമസം മാറ്റി, പഴയ കെട്ടിടം ഹോസ്റ്റലിനായി വിട്ടുകൊടുത്തു.

പ്രസിദ്ധ വിദ്യാപ്രവർത്തകനും ഈ കോളജിന്റെ മാനേജിംഗ് ബോർഡിലെ മെമ്പറുമായ ബ. വില്യം അച്ചന്റെയും ഇരിഞ്ഞാലക്കുടയിലെ സ്ഥാപനങ്ങൾക്കുവേണ്ടി വളരെ പ്രയത്നിച്ചിട്ടുള്ള ബ. സെറാഫ്യനച്ചന്റെയും സന്ന്യാസവ്രതവാഗ്ദാനത്തിന്റെ സുവർണജൂബിലി ഈ ആശ്രമത്തിൽ 1962 സെപ്റ്റംബർ 16-ാംനു ആഘോഷിച്ചു.

**ക്രൈസ്റ്റ് കോളജ്**

നാട്ടുകാർ ആവശ്യപ്പെട്ടതനുസരിച്ച് ഇരിഞ്ഞാലക്കുടയിൽ ഒരു കോളജ് സ്ഥാപിക്കണമെന്ന് പ്രവിശ്യാധികാരികൾക്ക് ആഗ്രഹമുണ്ടാ

www.malankaralibrary.com

യിരുന്നു. എങ്കിലും കോളജുസ്ഥാപനംവഴി നേരിടാവുന്ന സാമ്പത്തിക ബാധ്യതയെ ഭയന്ന് ഉടനേ ഇക്കാര്യത്തിനു മുതിരുകയുണ്ടായില്ല.

1955-ൽ പുല്ലൂരിൽ പുതിയ ഒരാശ്രമം പണിയുന്നതിനുള്ള ആലോചനയുണ്ടായപ്പോൾ, ഇരിഞ്ഞാലക്കുട പട്ടണത്തിലാണ് ന. സ്ഥാപനം വേണ്ടതെന്നും അതിനാവശ്യമായ എല്ലാവിധ സഹായസഹകരണങ്ങളും നല്കാമെന്നും പട്ടണത്തിലെ പൗരമുഖ്യർ പ്രവിശ്യാധികാരികളെ അറിയിച്ചു. ഇങ്ങനെ, കോളജുസ്ഥാപനക്കാര്യം ഒന്നുകൂടി സജീവമായി, എന്നല്ല തീരുമാനത്തിലെത്തി. അതോടെ ധനശേഖരാർഥം ഒരു കമ്മിറ്റി പൗരപ്രധാനികൾ ചേർന്ന് രൂപീവത്കരിച്ചു. പ്രവിശ്യാശ്രേഷ്ഠൻ ബ. ക്ലെമെൻസച്ചൻ വിളിച്ചുകൂട്ടിയ ആശ്രമശ്രേഷ്ഠന്മാരുടെ ഒരു യോഗം കോളജിനുവേണ്ടി ഒരു ലക്ഷം രൂപയോളം ആശ്രമങ്ങളിൽനിന്നു സംഭാവന നല്കാമെന്നു സമ്മതിച്ചു. ധനശേഖരക്കമ്മിറ്റി പട്ടണത്തിൽനിന്നും മറ്റുമായി 50,000ക. യോളം പിരിച്ചെടുത്ത് ഏല്പിച്ചു. ഇതിനു പുറമേ, സാമഗ്രികളായും സ്ഥാവരനിധികളായും 10,000ക. യോളം വരുന്ന ദാനങ്ങൾ വേറെയും നല്കി. ഇവിടുത്തെ പടിഞ്ഞാറേതും കിഴക്കേതുമായ പള്ളികളിൽനിന്നും ഗണ്യമായ സംഭാവനകൾ ലഭിച്ചിട്ടുണ്ടെന്നതും പ്രത്യേകം പ്രസ്താവ്യമാണ്. അന്നത്തെ വികാരിമാർ അക്കര ബ. ജോണച്ചനും കാളാശ്ശേരി ബ. തോമ്മസച്ചനും ഈ സ്ഥാപനകാര്യത്തിൽ പ്രത്യേക താത്പര്യം പ്രദർശിപ്പിച്ചിട്ടുണ്ട്.

നാട്ടുകാരിൽനിന്നു ലഭിച്ച സംഭാവനയ്ക്കും പുറമേ, 15000ക. യോളം പ്രവിശ്യാഭവനത്തിൽനിന്നെടുത്ത് 55 ഏക്കർ ഭൂമി പട്ടണത്തിന്റെ വടക്കുഭാഗത്ത് മങ്ങാടിക്കുന്നിൽ വാങ്ങി. കൂടാതെ, 17 ഏക്കറോളം മുൻസിപ്പാലിറ്റിയുടെ ശുപാർശയനുസരിച്ച് ഗവണ്മെന്റിൽനിന്നും ഈ സ്ഥാപനത്തിനു വിട്ടുതന്നിട്ടുണ്ട്.

കോളജുസ്ഥാപനാർഥം പരിശ്രമിച്ചവരുടെ കൂട്ടത്തിൽ കണ്ടംകുളത്തി ലോനപ്പൻ ഫ്രാൻസിസിന്റെ നാമം പ്രത്യേകം പ്രസ്താവ്യമാണ്. പ്രൊവിൻഷ്യാൾ ബ. ക്ലെമെന്റച്ചനും പുല്ലൂർ ഭവനത്തിന്റെ ശ്രേഷ്ഠനായിരുന്ന ബ. സെറാഫിയോനച്ചനും തേവര കോളജിൽ പ്രൊഫസറായിരുന്ന ചിറമ്മെൽ ബ. ഗബ്രിയേലച്ചനും ഈ കോളജിനുവേണ്ടി ആരംഭംമുതൽ പരിശ്രമിച്ചിട്ടുള്ളവരാണ്. ഇന്നുകാണുന്ന കോളജുകെട്ടിടത്തിന്റെ പ്രധാനശില്പി ആലുവ എഫ്.എ.സി.റ്റി.യിൽ പ്രധാന എഞ്ചിനീയറായ ശ്രീ. പോൾ പോത്തനാണ്. അദ്ദേഹം ഒരു സൗജന്യസേവനമായാണ് അതു നിർവഹിച്ചുതന്നത്. കോളജിനുള്ള അനുവാദം

www.malankaralibrary.com

1955 ജൂലൈ 15-ാംനു കേരള സർവകലാശാല സിണ്ടിക്കേറ്റിൽനിന്നു ലഭിച്ചു. കോളജിന്റെ പ്രധാന കെട്ടിടത്തിന് 1955 ഒക്ടോ. 24-ാംനു പ്രിയോർ ജനറാളച്ചൻ ശിലാസ്ഥാപനം നിർവഹിച്ചു. പണികളുടെയെല്ലാം ചുമതല വഹിച്ചത് ആദ്യം ബ. സെറാഫിയോനച്ചനും, അദ്ദേഹത്തെത്തുടർന്നു കാളിയാടൻ ബ. വേർജിലച്ചനും വടക്കേത്തല ബ. ദീസ്മാസച്ചനും ആണ്.

1956 ജൂൺമാസത്തോടുകൂടെ കെട്ടിടത്തിന്റെ ഒന്നാം നിലയുടെ പണി പൂർത്തിയായി. 17-ാംനു തൃശൂർ മെത്രാനച്ചൻ ഇതിന്റെ ആശീർവാദം നടത്തി. 18-ാം തീയതി പ്രീയൂണിവേഴ്സിറ്റി ക്ലാസ്സുകൾ ആരംഭിച്ചു. അന്ന് 250 വിദ്യാർഥികളും 16 അധ്യാപകരും ഉണ്ടായിരുന്നു. ബ. ഗബ്രിയേലച്ചൻ പ്രിൻസിപ്പാളായി നിയമിക്കപ്പെട്ടു.

ക്രമേണ കോളജിന്റെ ബാക്കികെട്ടിടങ്ങളും പണിതീർന്ന്, 1957 ഒക്ടോ. 13-ാം തീയതി കേരള ഗവർണർ ബി. രാമകൃഷ്ണറാവു ഇതിന്റെ ഔപചാരികോദ്ഘാടനം നിർവഹിച്ചു. പ്രസ്തുത വർഷം ജൂണിൽ പ്രധാന വിഷയങ്ങളിലെല്ലാം ഡിഗ്രികോഴ്സുകൾ ആരംഭിച്ചു. പിന്നീട് 1961 ജൂലൈ മാസത്തിൽ രണ്ടു വിഷയങ്ങളിൽ ബിരുദാനന്തര കോഴ്സുകൾ (എം.എസ്സ്സി. & എം.കോം) ഏർപ്പെടുത്തിയതോടുകൂടെ ഈ കോളജ് കേരളസർവകലാശാലയിലെ ഒന്നാംകിട സ്ഥാപനങ്ങളിൽ ഒന്നായിത്തീർന്നു.

1961-ലും 1962-ലുമായി വിദ്യാർഥികൾക്കുള്ള വിശ്രമമുറിയും, വർക്ക്ഷോപ്പും കോളജിലെ സമ്മേളനഹാളും നിർമിതങ്ങളായി.

1963 ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 4 വരെ തീയതികളിൽ ഓൾ ഇന്ത്യ കാത്തലിക് യൂണിവേഴ്സിറ്റി ഫെഡറേഷൻസ് നോർത്ത് കേരള റീജിയണൽ ക്യാമ്പ് ഈ കോളജിൽവച്ചു നടന്നു. മഹാന്മാരായ പലരും ഇതിൽ സംബന്ധിച്ചിരുന്നു. 1965 ഡിസം. 2-ാം തീയതി കേരള ഗവർണർ ശ്രീ. ഏ.പി. ജയിൻ ഈ കോളജിൽ സന്ദർശനം നടത്തി.

1967 ജനുവരി 26 മുതൽ അഞ്ചു ദിവസത്തേക്ക് ഈ കോളജിന്റെ ദശവത്സരാഘോഷം നടന്നു. ഇതു സംബന്ധിച്ച് പണി പൂർത്തിയാകാതിരുന്ന കോളജ്മതിലുകളും മറ്റും പൂർത്തിയാക്കി. പാർക്കിന്റെ തെക്കെ അറ്റത്ത് ഒരു ഫൗണ്ടനും സ്ഥാപിതമായി.

1965- ഫെബ്രുവരി മുതൽ ഇവിടത്തെ ആശ്രമത്തിന്റെ ശ്രേഷ്ഠനും കോളജിന്റെ മാനേജരുമായി യഥായോഗ്യം ജോലി നിർവഹിച്ചുകൊണ്ടു പോരുന്നത് വയോവൃദ്ധനായ പൊറത്തൂർ ബ. ജെരാർദച്ചനത്രേ.

www.malankaralibrary.com

## ഉപസംഹാരം

തിരുസഭ ലോകത്തിനു ചെയ്യുന്ന നിസ്തുല സേവനത്തിന്, വീരോചിതമായവിധം വിശുദ്ധിക്ക് സാക്ഷ്യംവഹിച്ചുകൊണ്ട്, ആക്കം കൂട്ടുകയാണ് സന്ന്യാസജീവിതധർമം. സഭയ്ക്ക് പ്രതിസന്ധിഘട്ടങ്ങൾ നേരിടേണ്ടിവന്നപ്പോഴെല്ലാം സന്ന്യാസികൾ മുന്നോട്ടുവരുകയും ആ വൈതരണികൾ വിജയപൂർവം നേരിടുന്നതിനു സഭയെ അങ്ങേയറ്റം സഹായിക്കുകയും ചെയ്തിട്ടുള്ളതിന് ചരിത്രം സാക്ഷിയാണ്.

കേരളസഭയും സന്ന്യാസജീവിതത്തെ എക്കാലത്തും മാനിക്കുകയും സന്ന്യസ്തരുടെ സേവനസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഒരു തെളിവാണെന്നു പറയാം, മാന്നാനം കുന്നിൽ മുളയെടുത്ത് കേരളത്തിലാകെ പടർന്നു പന്തലിച്ച കർമലസഭാ തരു. കേരളസഭയുടെ ഉന്നമനത്തിന് ഈ സന്ന്യാസസഭ നല്കിയിട്ടുള്ള സേവനം അതുല്യമാണെന്നു ഈ ചരിത്രം ഒന്നു ഓടിച്ചു വായിച്ചാൽ ഗ്രഹിക്കാവുന്നതാണ്. ഈ സന്ന്യാസ സമൂഹത്തിന്റെ ആസ്തികൃത്തിന് ധാരാളം ന്യായീകരണവും അതിൽ കാണാം.

ഈ സന്ന്യാസസമൂഹം കേരളസഭയ്ക്കു നല്കിയിട്ടുള്ള സേവനങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ, ഒരുപക്ഷേ, പെട്ടെന്ന് ഓർമയിൽ വരുന്നത് കഴിഞ്ഞ നൂറ്റാണ്ടിൽ കേരളസഭയെ പിടിച്ചു കുലുക്കിയ റോക്കോസ്-മേല്ലൂസ് ശീശ്മകളോടുള്ള പോരാട്ടത്തിൽ സഭ നല്കിയ നേതൃത്വമായിരിക്കാം. ഇങ്ങനെ ഒരു സഭ നേരത്തെതന്നെ കേരളത്തിൽ സ്ഥാപിതമായിരുന്നെങ്കിൽ 17-ാം നൂറ്റാണ്ടിന്റെ മധ്യഘട്ടത്തിൽ സഭയ്ക്കു വന്നുഭവിച്ച ആ തീരാനഷ്ടവും സഭയുടെ പിളർപ്പും ഇത്ര രൂക്ഷമാംവിധം സംഭവിക്കുമായിരുന്നില്ല എന്നും തോന്നാം.

ബാഹ്യമായി കേരള കർമലസഭയുടെ വലിയ നേട്ടം കഴിഞ്ഞ നൂറ്റാണ്ടിലെ ശീശ്മകളോടുള്ള പോരാട്ടവും സ്വജാതി മെത്രാന്മാരെ ലഭിക്കുന്നതിനുവേണ്ടി ചെയ്തിട്ടുള്ള ത്യാഗപൂർവകമായ പരിശ്രമങ്ങളും അക്കാര്യങ്ങളിൽ കൈവന്ന വിജയവും ആണെന്നു വിചാരിക്കാം. എങ്കിലും, ഇതിലും വലിയ സേവനമായി കണക്കാക്കാവുന്നത് കേരളസഭയുടെ ആന്തരിക നവീകരണത്തിനായി ഈ സഭ നല്കിയ മുതല്ക്കൂട്ടത്രേ. കേരളസഭയുടെ ദൂരവ്യാപകമായ ഭദ്രതയ്ക്കും കെട്ടുറപ്പിനും ആധ്യാത്മികപ്രബുദ്ധതയ്ക്കുമായി പല പരിപാടികളും സഭ സ്വീകരിച്ചിട്ടുണ്ട്. അവയിൽ പ്രഥമഗണനീയം, വിജ്ഞന്മാരും സുശിക്ഷിതരുമായ നല്ല വൈദികരെ ധാരാളമായി കേരളത്തിനു പ്രദാനം

www.malankaralibrary.com

ചെയ്യാൻവേണ്ടി ആരംഭകാലത്തു സ്ഥാപിച്ചിട്ടുള്ള സെമിനാരികളും സന്ന്യാസവൈദികർ അവിശ്രമം നടത്തിക്കൊണ്ടിരിക്കുന്ന ധ്യാന പ്രസംഗങ്ങളുമത്രേ.

സാധാരണക്കാർക്ക് മതകാര്യങ്ങളിൽ ഉണർവും പരിജ്ഞാനവും കൈവരാൻ സഭയുടെ നേതൃത്വത്തിൽ സ്ഥാപിതങ്ങളായ പള്ളിക്കൂടങ്ങളും വേദപാഠക്കളരികളും ഏറെ ഉപകരിച്ചിട്ടുണ്ട്. വേദപ്രചാരകാര്യത്തിലും പുനരൈക്യ പ്രസ്ഥാനത്തിലും സഭ മുൻകൈയെടുത്തു പ്രവർത്തിച്ചിട്ടുണ്ട്. കേരളത്തിലെ സുറിയാനിക്കാരുടെ പ്രേഷിതചൈതന്യം ഭാരതത്തിലാകെ ഒരു ശക്തിയായി ഇന്നു തീർന്നിട്ടുണ്ടെങ്കിൽ, അതിനു വിത്തു പാകിയത് കർമലാശ്രമങ്ങളാണെന്നു ന്യായമായും പറയാം. സുറിയാനി രൂപതകൾ തെക്കോട്ടും വടക്കോട്ടും വ്യാപിച്ചപ്പോൾ ആ പ്രദേശങ്ങളിലെ പ്രവർത്തനത്തിന് ഈ സഭ അങ്ങേയറ്റം സംഭാവന നല്കിയിട്ടുണ്ട്. കേരളത്തിനു പുറത്ത് പ്രേഷിതരംഗം തുറന്നുകിട്ടിയപ്പോൾ അവിടെയും സംഘാതമായി പ്രവർത്തിക്കുന്നതിന് ആദ്യമായി മുതിർന്നതും കർമല സഭയാണ്.

കേരളസഭയുടെയും കേരളത്തിന്റെതന്നെയും ബൗദ്ധികവും, സാംസ്കാരികവുമായ ഉന്നമനം ലാക്കാക്കി സഭ ഏറ്റെടുത്ത പ്രവർത്തനങ്ങൾ വളരെയാണ്. വിദ്യാഭ്യാസത്തിന്റെയും പ്രസിദ്ധീകരണത്തിന്റെയും കാര്യത്തിൽ സഭ, നേതൃത്വംതന്നെ നല്കിയിട്ടുണ്ടെന്നു പറയാം. ഇന്നത്തെ ആവശ്യങ്ങൾ പരിഗണിച്ച്, സാധുജനസേവനം, ആതുരസംരക്ഷണം തുടങ്ങിയ സാമൂഹികപ്രവർത്തനങ്ങളിൽ സഭയുടെ ശ്രദ്ധ പ്രത്യേകം പതിഞ്ഞിട്ടുണ്ട്.

ഇന്നത്തെ കേരളസഭയുടെയും കേരളത്തിന്റെതന്നെയും മുഖം പുതുക്കി പ്രതിഷ്ഠിക്കുന്നതിൽ സഭയുടെ പങ്ക് നിസ്തുലമാണ്. ഭാരതത്തിനാകെ സഭയുടെ സേവനം അത്യാവശ്യമായിരിക്കുന്ന ഈ സന്ദർഭത്തിൽ സഭയുടെ സേവനങ്ങൾ ചരിത്രത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തുന്ന ഈ ഗ്രന്ഥം യുവതലമുറയ്ക്ക് അഭിനിവേശം നല്കാതിരിക്കില്ലെന്നു പ്രതീക്ഷിക്കുന്നു. അതിന്, ഈ ഗ്രന്ഥം ആർക്കു പ്രതിഷ്ഠിതമായിരിക്കുന്നുവോ ആ ദൈവദാസനായ ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ തന്റെ സഭാംഗങ്ങളേവരും അദ്ദേഹത്തിന്റെ ചൈതന്യത്തോടെ വർത്തിച്ച് ഫലം പുറപ്പെടുവിക്കുന്നതിന് സഹായിക്കുമാറാകട്ടെ.

**'L.D.' S & M.**

www.malankaralibrary.com

# അനുബന്ധം - ഒന്ന്

## പ്രബന്ധങ്ങളും ലഘുഗ്രന്ഥങ്ങളും എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ള സഭാംഗങ്ങളുടെ പേരും അവരുടെ കൃതികളുടെ ലിസ്റ്റും ഇംഗ്ലീഷ് അക്ഷരമാലക്രമത്തിൽ

********

* 1. *Fr. Aaron,* ബ്രഹ്മകുളം, മണലൂർ
ഫാത്തിമാ മാതൃസമക്ഷം

2. *Fr. Abel,* പെരിയപ്പുറം, മുളക്കുളം.
a) നമ്മുടെ കുർബാന. b) പൂക്കാലം. c) ജൂബിലി ഗാനങ്ങൾ, d) ക്രിസ്മസ് ഗാനങ്ങൾ. e) കുരിശിന്റെ വഴി. f) സഹനത്തിന്റെ മധുരഗായകൻ.

* 3. *Fr. Abundius.* പാറയിൽ, തോട്ടക്കര.
a) മിശിഹായുടെ മൗതികശരീരം. b) ആധ്യാത്മിക ഗീത. c) സത്യാന്വേഷിയായ ന്യൂമാൻ. d) ക്രൈസ്തവാരാധന. e) ഇതുതന്നെയോ സ്വാതന്ത്ര്യം? f) ക്രിസ്തീയ പ്രതിഷ്ഠാ ജീവിതം. g) ദിവ്യസംസർഗം. h) ആബട്ട് മാർമിയോൻ. i) ജെർമൻ കത്തോലിക്കാ വേദോപദേശം (മൂന്നു ഭാഗങ്ങൾ)

* 4. *Fr. Aegidius,* കാപ്പിൽ, കോയിപ്പിള്ളിൽ, പുളിംകുന്ന്
a) ഈശോ എന്നെ സ്നേഹിക്കുന്നു. b) ചെറുപുഷ്പവത്സരം

5. *Fr. Albert,* നമ്പ്യാപറമ്പിൽ, വാഴക്കുളം.
a) *Ethics of R.M. Hare.* b) ധർമശാസ്ത്രവീഥിയിൽ.

* 6. *Fr. Alexander (Senior)* കട്ടക്കയം, പാലാ.
കുസുമ മകുടം

* 7. *Fr. Alexander (Junior)* കട്ടക്കയം, പാലാ.
a) മാർപാപ്പായുടെ ശ്രേഷ്ഠാധിപത്യാദരം. b) തിരുസിംഹാസനാദരം. c) കത്തോലിക്കസഭയും വിദ്യാഭ്യാസവും. d) ക്രിസ്തുനാഥചരിതം. e) വി. അലക്സാണ്ടറിന്റെ ചരിത്രം. f) യുക്തിവാദഖണ്ഡനം.

* 8. *Fr. Aloysius.* നേര്യമ്പറമ്പിൽ, തുരുത്തി.
a) വ്യാകുല വണക്കം. b) വ്യാകുലപാത.

www.malankaralibrary.com

* *9. Fr. Aloysius.* പെരുമാലിൽ, മാന്നാനം.
a) വ്യാകുല ധ്യാനങ്ങൾ. b) ഉത്തമമഠാധിപ. c) ബ്രദർ ആൻഡ്രേ.

* *10. Fr. Alphonse,* മുക്കാട്ട്, നെടുംകുന്നം.
മരിച്ചവരുടെ ഒപ്പീസ് (സുറിയാനി.)

* *11. Fr. Ambrose,* കച്ചാലിൽ, കോതനല്ലൂർ.
a) ജപമാല നിക്ഷേപം. b) കൊന്തസഭാക്രമം. c) തിരുകർമ ഗീതങ്ങൾ.

*12.* Fr. Anastasius, മാമ്പിള്ളി, ഞാറയ്ക്കൽ.
ആത്മീയമന്നാ.

* *13.* Fr. Angelus. പുളിക്കൽ, പുതുക്കാട്.
a) സന്മാർഗശാസ്ത്രം. b) വിശുദ്ധ യോഹന്നാൻ ബെർക്കുമാൻസിന്റെ ചരിത്രം. c) ഡോമിനിക്ക് സാവ്യോ.

*14.* Fr. Anselm, പെരുമാലിൽ, മാന്നാനം.
a) പ്രേഷിത ജീവൻ. b) മാർഗദീപം. c) പ്രാർഥനാമഞ്ജരി.
d) പ്രഥമ ദിവ്യകാരുണ്യസ്വീകരണം. e) വിശുദ്ധന്മാരുടെ ജീവചരിത്രം (1957-ൽ പരിഷ്കരിച്ചത്.)

*15.* Fr. Aurelius, കടമപ്പുഴ, കാഞ്ഞിരപ്പള്ളി.
a) മതവും ശാസ്ത്രവും. b) ഇതോ വായിക്കുന്നത്?
c) എം.സി.എസ്.എൽ. എന്തിന്?

* 16. Fr. Azarias, ചാലങ്ങാടി, മുഹമ്മ.
a) മരണഗീത. b) ഗാനദൂതൻ. c) ദിവ്യഗാനാമൃതം. d) അമ. മാതാ ചെറിയ ഒപ്പീസ്. e) സംഗീത സ്ലീവാപ്പാത. f) ധ്യാന ഗാനങ്ങൾ. g) ക്രിസ്തുരാജഗീത. h) ഗാനനിധി. (പരിഹാരം.) i) ഗാനനിധി (ക്രിസ്മസ്സ്.) j) സംഗീതമിത്രം. k) ഗാനപ്പു. l) Sacred Songs.

* *17* Fr. Bartholomew*,* പെരുമാലിൽ, മാന്നാനം.
*a) St. Thomas Christians of Malabar. b) Notes on Spiritual Life.*

* *18.* Fr. Basil, തളിയത്ത്, പുത്തമ്പള്ളി.
a) നൊവേന b) ദേവാലയഗീതങ്ങൾ.

* 19. Fr. Benedict, ചാത്തംപറമ്പിൽ, പുളിംകുന്ന്.
വേദോപദേശസംഗ്രഹം.

20. Fr. Benedict, നിരപ്പേൽ, ഇടമറ്റം.
വി. ബനദിക്തോസിന്റെ ചരിത്രം.

www.malankaralibrary.com

* 21. Fr. Bernard, ആലഞ്ചേരി, തുരുത്തി.
a) മാർത്തോമ്മാ ക്രിസ്ത്യാനികൾ (രണ്ടു ഭാഗങ്ങൾ.)
b) ക.നി. മൂ. സഭാചരിത്രം. c) തിരുഹൃദയഭക്തി.
d) വിശുദ്ധ കൊച്ചുത്രേസ്യാ ചരിത്രം. e) യാക്കോബായസഭ.
f) പീഡാനുഭവ ധ്യാനങ്ങൾ. g) സുകൃതമാർഗ്ഗദർശി.
h) St. Thomas Christians in Malabar.

* 22. Fr. Bonaventure, കൊച്ചുതറ, ചമ്പക്കുളം.
a) ആ ചെറുഗണം. b) വേദപാഠം.

* 23. Fr. Boniface, ആണ്ടുമാലിൽ, കുടമാളൂർ.
വി. ബൊനിഫാസിയുടെ ചരിത്രം

24. Fr. Britto, ചെത്തിമറ്റം, തോട്ടയ്ക്കാട്.
a) സ്നേഹസ്വരൂപൻ. b) ഒരു വിദുഷകൻ. c) ദൈവാസ്തിക്യം.
d) അടിസ്ഥാന തത്ത്വങ്ങൾ. e) സൃഷ്ടിയിൽനിന്ന് സ്രഷ്ടാവിലേക്ക്. f) അഞ്ചു കൈചൂണ്ടികൾ. g) ദൈവാസ്തിത്വവും ആധുനിക ശാസ്ത്രവും. h) ജോൺ ബെർക്കുമാൻസ്, ഒരു ജീവചരിത്രം. i) കൈവിളക്ക്, കത്തോലിക്കാ പ്രവർത്തനത്തിന്റെ. j) Consciousness & reality: An Indian approach to Metaphysics.

* 25. Fr. Brocard, പള്ളിവാതുക്കൽ, കാഞ്ഞിരപ്പള്ളി.
The Sacrifice of the Mass.

26. Fr. Brocard, കരിപ്പാൽ, ഇളങ്ങുളം
a) വിശുദ്ധ തോമസ് അക്വീനാസ്. b) ശോകാനുഭവം.
c) ആ വികൃതിയുടെ വിജയരഹസ്യം.

27. Fr. Callistus, മാളിയേക്കൽ, പുത്തൻചിറ.
a) ആത്മാവിന്റെ സ്നേഹഗാനം. b) ലീമയുടെ ഓമന. c) ആത്മാവിന്റെ പ്രേമഗാനം.

28. Fr. Cassian, കണ്ണങ്കുളം, അന്ത്യാളം.
a) ആത്മശരീര ശുദ്ധത. b) ദിവ്യകാരുണ്യസ്വീകരണം. c) ആത്മസമർപ്പണം.

* 29. Fr. Charles, തറപ്പേൽ പനച്ചിക്കൽ, ഭരണങ്ങാനം.
a) ദാവീദിന്റെ സങ്കീർത്തനങ്ങൾ. b) നമ്മുടെ കുർബാന. c) സന്ന്യാസവൃത്തി. d) ജ്ഞാനധ്യാനമിത്രം. e) പീഡാനുഭവ നാടകം. f) ജപാപ്പോസ്തൊലസഖ്യ മാർഗദർശി. g) മരിച്ചവരുടെ ശുശ്രൂഷക്രമം.

www.malankaralibrary.com

* 30. Fr. Cherubim, കിഴക്കേത്തയ്യിൽ, തുരുത്തി.
a) കൃപാനിധി. b) സ്ലീവാപ്പാത. c) ശിശുപാനം. d) തിരുവുറക്കൊഴിച്ചിൽ. e) അദ്ഭുത ലിലിപ്പുഷ്പമഞ്ജരി. f) പൂജക്രമങ്ങളുടെ സാരാർത്ഥം. g) ഒരുമണി ആരാധന. h) നന്മരണ സഹായം. i) നന്മരണ പ്രാർത്ഥനകൾ. j) വിസീത്തകൾ. k) ക്രിസ്തീയ വേദപഠനസംക്ഷേപം.

* 31. Fr. Chrysostom, തറവട്ടം, ഭരണങ്ങാനം.
a) ക.നി.മൂ. സഭയുടെ ചരിത്രം. b) കൂനമ്മാവു വിശുദ്ധ ഫിലോമിനായുടെ ആശ്രമം നഷ്ടപ്പെടാനുള്ള കാരണങ്ങൾ.

* 32. Fr. Cletus. മംഗലി, തുറവൂർ.
Vedantic Cosmogony.

* 33. Fr. Cyriac Elias, ചാവറ, കൈനകരി.
a) ആത്മാനുതാപം. b) നല്ല അപ്പന്റെ ചാവരുൾ. c) ജ്ഞാനപ്രജാഗരം. d) മരണവീട്ടിൽ പാടാനുള്ള പാന. e) ജ്ഞാന നവരത്നം. f) ധ്യാനസല്ലാപങ്ങൾ. g) തൂക്കാസാ. h) നാളാഗമങ്ങൾ, കത്തുകൾ.

34. Fr. Cyriac Elias, കണിച്ചായി, അമ്പഴക്കാട്.
സമീപനങ്ങൾ.

* 35. Fr. Cyriac Eliseus, പോരൂക്കര, ചമ്പക്കുളം.
a) നിത്യാരാധന. b) ദേവസഹായംപിള്ളയുടെ ചരിത്രം. c) മലയാളത്തിലെ ക.നി.മൂ. സഭയുടെ ചരിത്രം.

* 36. Fr. David, കൊള്ളന്നൂർ, മണലൂർ.
a) വേദാഗമചരിത്രം പഴയനിയമം. b) വേദാഗമചരിത്രം പുതിയ നിയമം. c) തിരുസഭാ ചരിത്രം.

37. Fr. Dismas, പടക്കേത്തല, പെരിങ്ങോട്ടുകര.
Students' Jand Book.

38. Fr. Dionysius, പള്ളിക്കാപ്പറമ്പിൽ, മുത്തോലപുരം.
മനസ്സാക്ഷിക്കച്ചേരി.

39. Fr. Egbert, ഇലയ്ക്കാട്ട്, പുളിങ്കുന്ന്.
ഈ പടം.

40. Fr. Emmanuel, ആണ്ടുമാലിൽ, കുടമാളൂർ.
a) വേദപുസ്തകം പുതിയ നിയമം. b) പഞ്ചഗ്രന്ഥി. c) പ്രാസംഗികൻ. d) സുഭാഷിതങ്ങൾ. e) ദിവ്യമാതൃക. f) നമ്മുടെ കർത്താവിന്റെ പീഡാനുഭവ പാത. g) പ്രേമാമൃതം.

www.malankaralibrary.com

* 41. Fr. Ephrem, കളപ്പുരയ്ക്കൽ, കൈനകരി.
അമലോദ്ഭവ വണക്കമാസം.

42. Fr. Fabian, കളത്തിൽ, പുളിങ്കുന്ന്.
a) The Liturgy of the St. Thomas Christians of Malabar. b) കേരളത്തിലെ പൗരസ്ത്യസുറിയാനി കത്തോലിക്കരുടെ കുർബാന. c) ശ്ലീഹന്മാരുടെ കുർബാന.

43. Fr. Florian, ഞാറക്കാല, നവനസ്രസ്, കുമരകം.
a) ബേസ്ലഹം. b) ഗ്രന്ഥത്തിലെ പശു. c) കാട്ടിലെ സ്വർഗം. d) പൊന്മാൻ. e) മിന്നാമിനുങ്ങ്. f) കണ്ണുനീർ. g) വാഴക്കുല. h) വേദപുസ്തകത്തിലെ കഥകൾ.

* 44. Fr. Francls Sales, പുതിയാപറമ്പിൽ, നെടുംകുന്നും.
The Golden Key.

* 45. Fr. Genesius, കോനിക്കര, കൊട്ടേക്കാട്.
a) ഫ്രൻസിസ്കൻ മൂന്നാംസഭയും ദണ്ഡവിമോചനങ്ങളും. b) വിശുദ്ധ അൽഫോൻസ് ലിഗോറി.

* 47. Fr. George, പാറപ്പുറം, ആമ്പല്ലൂർ.
a) പെരുന്നാൾ നമസ്കാരം (സുറിയാനി). b) ഊട്ടുമുറി നമസ്കാരം (സുറിയാനി.) c) റോക്കോസ് ശീശ്മയുടെ ചരിത്രം.

* 48. Fr. Gregory, കരിക്കമ്പള്ളി, എടത്വാ.
a) വിശുദ്ധ ഗ്രീഗോറിയോസിന്റെ ചരിത്രം. b) മാർത്തോമ്മാ ശ്ലീഹായുടെ ചരിത്രസംക്ഷേപം. c) ഒനോപ്രിയൂസിൻ ചരിത്രം. d) ശുദ്ധീകരണാത്മ ഭക്തി. e) പറഞ്ഞൊപ്പു ക്രാസ് (സുറിയാനി.)

49. Fr. Gregory, നീരാക്കൽ, മുട്ടുചിറ.
a) കത്തോലിക്കാ മത തത്ത്വങ്ങൾ. b) ചതുർവിധോത്തരീയങ്ങൾ. c) കുടുംബക്രമം. d) വിശുദ്ധ പുണ്യം. e) ബാലസംസ്കരണം. f) നീതികഥകൾ. g) ധ്യാനസഖി. h) വിശുദ്ധ അമ്മത്രേസ്യ i. ജീവചരിത്രം. വിശുദ്ധ അമ്മത്രേസ്യ ii. നൊവേന ധ്യാനങ്ങൾ. j) സത്യമതം എങ്ങനെ കണ്ടുപിടിക്കാം? k) മാതൃകാ കത്തോലിക്കൻ. l) വിശുദ്ധ അന്നാ അമ്മ. m) ക്രിസ്തുവിന്റെ ക്ഷണം. n) വി. മരിയഗൊരേത്തി.
o) പ്രസാദവര ജീവൻ. p) പരിശുദ്ധാത്മഭക്തി. q) അമൂല്യ സമ്പത്ത്. r) ഒരു പ്രത്യാഖ്യാനം. s) തി.സ. പൊതുസൂനഹദോസുകൾ. t) പ്രാചീന പാപ്പാധിപത്യം I&II. u) തുമ്പമൺവലിയപ്പൻ.

www.malankaralibrary.com

v) ആശ്വാസദായിനി. w) മാതൃധർമ്മം. x) ധ്യാനോപദേശങ്ങൾ. y) സ്തീത്വവും ആധ്യാത്മികത്വവും. z) പുണ്യശ്ലോകയായ മേറി സെലിൻ. aa) സന്ന്യാസ മുഴുവൻധ്യാനം. bb) സംക്ഷിപ്ത പീഡാനുഭവ ധ്യാനങ്ങൾ. cc) സുകൃതാനുഷ്ഠാനങ്ങൾ. dd) Pocket Prayer Book.

50. Fr. Jarold കിളിരൂർ, എടത്വാ.
a) കൊള്ളക്കാരൻ. b) 25 ഏകാങ്കങ്ങൾ.

* 51. Fr. Hillarion. വടക്കേൽ, പാലാ.
a) കത്തോലിക്കാ മതപഠനം 11 പുസ്തകങ്ങൾ. b) ധ്യാനാന്ത്യ ദിവസചിന്തകൾ.

52. Fr. Hillarion, മാളിയേക്കൽ, ചങ്ങനാശ്ശേരി.
കേരളത്തിലെ കർമ്മലാരാമം.

53. Fr. Hormice, പെരുമാലിൽ, മാന്നാനം.
a) സുവിശേഷത്തിലെ ഈശോ. b) സഹോദര സ്നേഹം.

* 54. Fr. Hyacinth, കുന്നുങ്കൽ, ആലപ്പുഴ.
a) തിന്മയിൽനിന്നു നന്മ. b) മിശിഹാ കർത്താവിന്റെ ചരിത്രം-പീഡാനുഭവം.

* 55. Fr. Ignatuis, മിത്രക്കാരി, ആലപ്പുഴ.
a) തിരുസഭാചരിത്രം. b) ശ്ലോകസംഗ്രഹം. c) വേദപുസ്തകം മാത്രമോ പ്രമാണം? d) മതത്തിന്റെ ആവശ്യകതയും സത്യമത ലക്ഷണങ്ങളും. e) പ്രോട്ടസ്റ്റന്റു നവീകരണവും ചരിത്രവും. f) മാസാദ്യ വെള്ളിയാഴ്ച ധ്യാനങ്ങൾ. g) സന്ധിനിയമങ്ങൾ.

56. Fr. Isidore, വടക്കൻ, പാലാ.
ആത്മാവലോകനം.

* 57. Fr. Jacob, ഐക്കര, ചേന്ദങ്കരി.
അദ്ഭുതകാശുരൂപം.

* 58. Fr. Jerome, മാപ്പിളപ്പറമ്പിൽ, കുറവിലങ്ങാട്.
a) കല്ദായസുറിയാനികുർബാന. b) സുറിയാനിഭാഷാ പ്രവേശിക.

* 59. Fr. John Berchmans, കോയിത്തറ, കോന്തുരുത്തി.
a) അനന്തസ്നേഹം. b) ചെറുപുഷ്പമഞ്ജരി. c) കുടുംബ പ്രതിഷ്ഠ. d) തിരുമണിക്കൂർ. e) രാത്രിയാരാധന. f) ചെറുപുഷ്പ നവനാൾ. c) My Spiritual Diary.

www.malankaralibrary.com

* 60. Fr. John of the Cross, ബ്രഹ്മകുളം, മണലൂർ.
a) നമ്മുടെ കുർബാന ക്രമം. b) ആരാധനാദിനം. c) നന്മരണ സഖി.

61. Fr. Jonas, തളിയത്ത്, പുത്തമ്പള്ളി.
The Synod of Diamper.

* 62. Fr. Joseph, കരിയാപുരയിടം, പൂഞ്ഞാർ.
ധ്യാനം.

* 63. Fr. Joseph Elias, ശങ്കൂരിക്കൽ, ഞാറയ്ക്കൽ.
ധ്യാനം.

64. Fr. Laetus, കുടകശ്ശേരി, നരിവേലി.
a) ഗുരൂത്തമൻ. b) സംഗീത ജപമാല. c) ബാലോപദേശം. d) പ്രശ്നങ്ങൾ.

65. Fr. Lambert, കുറ്റിക്കാട്ട്, കൊരട്ടി.
നന്മരണമിത്രം.

* 66. Fr. Leopold, ആലപ്പാട്ട്, കരാഞ്ചിറ.
a) പ്രാർഥനാമൃതം. b) അൾത്താരയിലെ ദിവ്യബലി. c) തിരുപ്പാതകൾ. d) കുടുംബപ്രതിഷ്ഠ. e) മെയ്മാസവണക്കം.

67. Fr. Laazar, ചിരിയങ്കണ്ടം, പാവറട്ടി.
a) മതതത്ത്വബോധിനി 11 പുസ്തകങ്ങൾ. b) മറിയത്തിന്റെ വിമലഹൃദയം. c) അന്ന് അവർ കണ്ട മേരി. d) എന്റെ ജപമാലപ്പുസ്തകം. e) നസ്രസിലെ വിനീത തച്ചൻ. f) പഴയ നിയമത്തിലെ മേരി. g) തിരുസഭാംബിക. h) പാരമ്പര്യസ്തവം. i) നമ്മുടെ ബലിയർപ്പണം. j) ബലിയും ബലിജീവിതവും. k) ദുഃഖിതർ ഭാഗ്യവാന്മാർ. l) തൊഴിലാളികളോട്. m) കത്തോലിക്കാ തൊഴിലാളി നേതാക്കൾ. n) ഗുപ്തരത്നം(പ്രഹസനം.) o) ജൂലിയസ് സീസർ. (പ്രഹസനം) p) തിരുസഭാചരിത്ര സംഗ്രഹം. q) കേരള സുറിയാനി സഭാചരിത്ര സംഗ്രഹം. r) എൽത്തുരുത്താശ്രമചരിത്രം. s) സംക്ഷിപ്ത ജീവചരിത്രങ്ങൾ:-9. 1. കല്ലൂക്കാരൻ ബ. ഗീവർഗീസച്ചൻ. 2. അക്കര ബ. പീയൂസച്ചൻ. 3. കോടങ്കണ്ടത്ത് ബ. ശെലസ്തീനോസച്ചൻ. 4. ആലപ്പാട്ട് ബ. ശെമോൻസ്തോക്കച്ചൻ. 5. ആലപ്പാട്ട് ബ. അൽബർത്തോസച്ചൻ. 5. പാട്ടത്തിൽ ബ. കുരിയാക്കോസച്ചൻ. 7. പെരഡായി ബ.അന്ത്രയോസ് സഹോദരൻ. 8.ചക്യത്തു ബ.

www.malankaralibrary.com

പൗലോസു സഹോദരൻ. 9. ശ്രീമാൻ വാച്ചാപറമ്പിൽ ജോബ്. t) Short History of St. Aloysius E.H. School, Elthuruth. u) A hand book on the method of teaching English. v) A brief note on English Grammar.

68. Fr. Lucius, കൊളത്തിനാൽ, ഭരണങ്ങാനം.
a) തൊഴിലാളി തുറുപ്പുചീട്ടോ? b) സ്നേഹവിപ്ലവം. c) മാർട്ടിൻ കുടുംബം.

69. Fr. Ludovic, കുനിയന്തോടൻ, തുരുത്തിപ്പുറം.
Daily Bread I&II.

* 70. Fr. Marcelline, ആലയ്ക്കാപ്പള്ളി, പാലാ.
a) ആത്മദീപം. b) അമലോദ്ഭവപ്രസ്താവന I&II. c) പ്രഥമ ദിവൈക്യം. d) മാലാഖമാരുടെ വണക്കമാസം. e) ദൈവചിത്തം. f) ദേവസ്നേഹബലി. g) സന്ന്യാസവ്രതങ്ങൾ. h) എളിമയുടെ അഭ്യാസം. i) വിശുദ്ധ മാലാഖാമാർ. k) പരമ പരിപാലകനായ ദൈവം.

* 71. Fr. Marian, ബ്രഹ്മകുളം, മണലൂർ.
The Divine Solace.

* 72. Fr. Mathias, ഈരാവേലി, ആമ്പല്ലൂർ.
ദൈവമാതാവിന്റെ നേർക്കുള്ള ഭക്തി.

* 73. Fr. Mathias. മാളിയമ്പുരയ്ക്കൽ, പുളിംകുന്ന്.
a) വിശുദ്ധ കൊച്ചുത്രേസ്യയുടെ കത്തുകൾ- b) ചാവറ കുരിയാക്കോസച്ചൻ.

74. Fr. Mathias, മുണ്ടോടൻ, പുത്തമ്പള്ളി
a) Arrival of the Portuguese in India & the St. Thomas Christians under Mar Jacob, 1498-1502
b) The 16th Centrury Traditions of Thomas Christians.

75. Fr. Maurus, വലിയപറമ്പിൽ, ചങ്ങനാശേരി.
a) കമ്മ്യൂണിസം അഥവാ സമഷ്ടിവാദം. b) സ്നേഹസ്വരൂപൻ. c) സന്ന്യാസജീവിതം,- ചരിത്രപശ്ചാത്തലത്തിൽ.
d) An aid to directors & Confessors.

76. Fr. Michael, കണ്ണങ്കുളം, കുറവിലങ്ങാട്.
a) വേദപാഠം. b) പ്രാർഥനായോഗനടപടി. c) അധ്യാത്മദീപം.

77. Fr. Nicholas, പെരുമാലിൽ, മാന്നാനം.
a) സ്വർഗവാതിൽ. b) വിശുദ്ധ അന്തോനീസിന്റെ അപ്പം.

www.malankaralibrary.com

* 78. Fr. Paul, കല്ലൂക്കാരൻ, ഒല്ലൂർ.
a) ദിവ്യപൂജ. b) സ്വർഗപാത. c) ഗൃഹസഖി. d) പരമാർഥഭക്തി. e) ആത്മസഖി. f) വ്യാകുലപങ്കപ്പാട്. g) ഫബിയോള. h) അഭഗ്നമുദ്ര. i) നിത്യസഹായം. j) വ്യാകുല പ്രസംഗം.

79. Fr. Paulinus, ജീരകത്ത്, കരുവനാൽ.
സത്യമതം ഒന്നുമാത്രം.

* 80. Fr. pius, അക്കര, ഒല്ലൂർ
ന.ക. പീഡാനുഭവമണിക്കൂർ.

81. Fr. Placid, പൊടിപാറ, കുടമാളൂർ.
a) അന്ത്യോക്യാപാത്രിയാർക്കീസ്. b) തത്ത്വപ്രകാശിക. c) തിരുസഭയും മാർപാപ്പായും. d) കൂനൻകുരിശിനുമുമ്പ്. e) എഫേസൂസ് സൂനഹദോസും മാർപാപ്പായും. f) നമ്മുടെ റീത്ത്. g) മാർപാപ്പായുടെ പരമാധികാരവും അപ്രമാദിത്വവും. h) പൗരസ്ത്യസഭകൾ.

* 83. Fr. Raphael, മാഞ്ഞൂരാൻ, ചക്കരക്കടവ്.
മാർത്തോമ്മാ നസ്രാണികളുടെ സത്യവിശ്വാസം.

84. Fr. Reynold, ചെമ്പകശ്ശേരി, പാലാ.
വിശുദ്ധ ഫ്രാൻസിസ് സാലെസ്.

85. Fr. Romeo Thomas, മണ്ണനാൽ, മറ്റക്കര.
ര) മാർപാപ്പായുടെ പരമാധികാരം. ര) മാർപാപ്പായുടെ അപ്രമാദിത്വവും അകത്തോലിക്കവാദങ്ങളും. ര) കേരളസുറിയാനിറീത്തും മലബാർ കുടിയേറ്റവും. c) Educational activities of the Syr. Car. Congregation of Malabar.

86. Fr. Rudolph, പവ്വത്തിൽ, കൈനകരി.
ആദർശബാലൻ.

* 87. Fr. Simon, പാട്ടശ്ശേരി, മാന്നാനം.
a) ശ്രീമൂലരാജചരിത്രം. b) ചരിത്രകഥകൾ. c) ദേവമാതവണക്കമാസ പാട്ടുകൾ. d) പീറ്റർ തോമസ്. e) രക്ഷാകവചം. f) തിരുസഭാവിജയം കാവ്യം 1&11. g) ബാലാദർശം, h) ബാലമിത്രം: വിശുദ്ധ ഡോൺബോസ്കോ. i) അദ്ഭുത ലൂർദ്.

* 88. Fr. Stephen, തയ്യിൽ, പാലാ.
a) തിരുഹൃദയവണക്കം. b) The Carmelites of the Syro-Chaldean Rite in Malabar from 1900.

www.malankaralibrary.com

89. Fr. Silas, വടക്കയിൽ, എറണാകുളം.
ബലിയർപ്പണം.
90. Fr. Sylvester, പുതുശ്ശേരി, എടാട്ട്.
Ramsa: An analysis & interpretation of the Chaldean Vespers.
91. Fr. Tarcis, കിഴക്കേക്കര, പാലാ.
a) ദൈവവിളി. b) ആധ്യാത്മിക പൂജ.
* 92. Fr. Thomas, പോരൂക്കര, ചമ്പക്കുളം.
സുറിയാനിഭാഷയുടെ മൂലപാഠങ്ങൾ.
93. Fr. Valerian, പ്ലാത്തോട്ടം, പ്രവിത്താനം.
a) ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ. b) ഒരു വീരസന്താനം. c) വജ്രജൂബിലിസ്മാരകം. d) Fr. Cyriac Elias Chavara. e) Retreat Conferences for Priests.
94. Fr. Victor, എടാട്ടുകാരൻ, മാള.
a) ആത്മദീപിക. b) മൻറേസാ. c) കനോസ മഗ്ദലേന. d) കനോസായിലെ ലില്ലിപ്പുഷ്പം. e) ശുദ്ധീകരാത്മാക്കൾ. f) My Companion.
95. Fr. Wolliam, നേര്യംപറമ്പിൽ, തുരുത്തി.
a) വിശുദ്ധരുടെ ജീവചരിത്രം. b) ദൈവസ്നേഹം. c) പ്രധാനപ്പെട്ട ക്രിസ്തീയ സഭകൾ. d) വിശുദ്ധ കുരിശിന്റെ യോഹന്നാൻ. e) മെത്രാഭിഷേക കർമം. f) മിശിഹായുടെ തിരുചരിത്രം. g) മിശിഹാനുകരണം. h) വിശുദ്ധ പത്താംപീയൂസ്. i) Syriac Grammar (Abrodged in 1957) j) Readings in Poetry.
* 96. Fr. Xavier, പുല്പറമ്പിൽ വാഴക്കുളം.
a) പൊതുജനധ്യാനം. b) നമ്മുടെ കുടുംബജീവിതക്കാർ. c) പ്രഥമദിവ്യകാരുണ്യസ്വീകരണസമ്മാനം. d) നമ്മുടെ ബാലികാബാലന്മാർ. e) നമ്മുടെ കുട്ടികൾ. f) കുടുംബപ്രാർഥന. g) കുട്ടികളുടെ കൈപ്പുസ്തകം. h) കുട്ടികളുടെ മന്നാ. i) യുവാക്കന്മാരുടെ കൈപ്പുസ്തകം. j) സ്ഥൈര്യലേപനം. k) വിവാഹവും വിവാഹിതരും. l) പൈശാചികോപദ്രവങ്ങളും, കാരണങ്ങളും, പ്രതിവിധികളും.
* 97. Fr. Zacharias Ephrem, കളത്തിൽ, പുളിങ്കുന്ന്.
ബാലശിക്ഷ.

www.malankaralibrary.com

* 98. Fr. Zacharias, നടുവിലേപ്പറമ്പിൽ, പുളിങ്കുന്ന്.
a) സാത്താന്റെ കൗശലങ്ങൾ. b) ജപമാല എന്റെ നിക്ഷേപം.
c) സന്ന്യാസ സമൂഹങ്ങളുടെ ഭരണം.

99. C.M.I. Central Curia, Ernakulam.
മരണഓർമ്മ (ന. ഫാദർ ഗ്രഗറിയാൽ വിരചിതം– 1961–1968ൽ)

N.B. ഇവയ്ക്കുപുറമേ, സഭാംഗങ്ങളിൽ ചിലർ ഒരു സന്ന്യാസി എന്ന പേരിലോ അജ്ഞാതപേരിലോ, ചില പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

C.M.I. Scholastics, Bangalore, Dharmaram College.
രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ.

C.M.I. Scholastics
യുവയോഗി അഥവാ വിശുദ്ധ ഗാബ്രിയെൽ പൊസേന്തി.

C.M.I. Novices, Ampalacat.
വിശുദ്ധ ജോൺ ബെർക്കുമാൻസിന്റെ ചരിത്രം.

C.M.I. Aspirants, Mannanam.
a) ദൈവികാഹ്വാനം. b) എനിക്ക് ദൈവവിളിയുണ്ടോ?

www.malankaralibrary.com

## അനുബന്ധം - രണ്ട്
## ഈ സഭാചരിത്രം രചിക്കുന്നതിന് ഉപയോഗിച്ചിട്ടുള്ള പുസ്തകങ്ങൾ, ലഘുഗ്രന്ഥങ്ങൾ, ലേഖനങ്ങൾ, റിക്കാർഡുകൾ മുതലായവയുടെ പട്ടിക


1. മലയാളത്തിലെ കല്ദായസുറിയാനി റീത്തിൽ ചേർന്ന ക.നി.മൂ. സഭയുടെ ചരിത്രസംക്ഷേപം. (1908)
   (ഫാദർ ബെർണാർദ് സി.ഡി.)
2. മലയാളത്തിലെ ക.നി.മു. സഭയുടെ 3 സ്ഥാപകപിതാക്കന്മാർ.
   (ഫാദർ കുരിയാക്കോസ് ഏലീശാ.)
3. മർത്തോമ്മാ ക്രിസ്ത്യാനികൾ. 2-ാം ഭാഗം.
   (ഫാദർ ബെർണാർദ് സി.ഡി.)
4. ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ.
   (ഫാദർ മത്യാസ് സി.ഡി.)
5. Servant of God, Father Cyriac Elias Chavara.
   (Fr. Valerian C.D.)
6. ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ.
   (ഫാദർ വലേരിയൻ സി.ഡി.)
7. കേരളത്തിലെ കർമലാരാമം
   (ഫാദർ ഹില്ലാരിയോൻ സി.ഡി.എം.എ.)
8. The Carmelite Congregation of Malabar (1931.)
9. The Syrian Carmelite Congregation of Malabar (1955.)
10. The Syrian Carmelite Congregation in Malabar
    (ഷെവലിയർ സി.ജെ. വർക്കി, എം.എ., കെ.എസ്.ജി.)
11. മാർ ളൂവീസ് ജീവിതവും കാലവും.
    (ശ്രീ ഐ.സി. ചാക്കോ.)
12. കേരളസഭാചരിത്രസംഗ്രഹം.
    (ഫാദർ ലാസർ, സി.ഡി., ബി.എ., എൽ.റ്റി)
13. കേരളത്തിലെ ക്രിസ്തുമതം.
    (ശ്രീ കെ.ഇ. ജോബ്, എം.എ., എൽ.റ്റി)
14. The educational activities of the Syrian Carmelite Congregation of Malabar.
    (ഫാദർ റൊമേയൊ തോമസ്, സി.ഡി., എം.എ.എൽ.റ്റി)

www.malankaralibrary.com

15. കർമല കുസുമം, കുടുംബദീപം, നസ്രാണിദീപിക, ദീപിക, കർമല സന്ദേശം എന്നിവയുടെ വിവിധലക്കങ്ങൾ.
16. പൊതുസംഘനിയമങ്ങൾ. പൊതുശ്രേഷ്ഠസംഘനിശ്ചയങ്ങൾ.
17. റോക്കോസ് ശീശ്മയുടെ ചരിത്രം (കയ്യെഴുത്ത്.)
18. പരിശുദ്ധ സിംഹാസനം, പേപ്പൽ പ്രതിനിധികൾ, അസാധാരണ സന്ദർശകർ, വൈദികമേലധ്യക്ഷന്മാർ എന്നിവരിൽനിന്നു കിട്ടിയിട്ടുള്ള കത്തുകളുടെ ഫയലുകൾ.
19. ചാവറ പ്രിയോരച്ചന്റെയും പോരൂക്കര പ്രിയോരച്ചന്റെയും നാളാഗമങ്ങൾക്കു പുറമേ വിവിധ ആശ്രമങ്ങളുടെയും സ്ഥാപനങ്ങളുടെയും നാളാഗമങ്ങൾ.
20. ഓരോരോ സ്ഥലങ്ങളിലുംനിന്ന് പ്രിയോർ ജനറാളച്ചന്റെ കല്പന അനുസരിച്ച് എഴുതി അയച്ചുതന്നിട്ടുള്ള ചരിത്രക്കുറിപ്പുകൾ.